# ബോധശാസ്ത്രം

# Awarology

*മരണം യാഥാർത്ഥ്യമല്ല എന്ന്*
*തെളിയിക്കുന്ന ശാസ്ത്രം*

# ബുദ്ധിയിൽ നിന്ന്
# മഹാബോധത്തിലേക്ക്

*മാനസിക ദുഃഖത്തെ പൂർണ്ണമായും*
*ഇല്ലാതാക്കാൻ കഴിവുള്ള പുസ്തകം*

By
**The Master**

**Nansen School of Awarology and Neutral Life**
4/4 14-A, Vadakottathara, Kottathara P.O., Palakkad Dt, Kerala.
Pin 678581
Tel : +91 9496 520 103, 9496 520 108
web: www.awarology.org

Malayalam

**BOUDHIYIL NINNU MAHABODATHILEKKU**

By **THE MASTER**

**Typesetting** : Sindhu Ramdas Palluruthy

Cover Design : JB Graphics, Koratty

First Edition : 20--

Reprint : 2017

Rs. 125/-

Copies : 1000

ISBN No :

Rights reserved to publishers

No Part of this book may be reproduced or transmitted in any form or by any means electronic or mechanical including photocopying or recording or by any information storage and retrieval system without permission in writing from Nansen School of Awarology and Neutral Life.

Publishers

**Nansen School of Awarology and Neutral Life**

4/414-A, Vadakottathara, Kottathara P.O.,

Palakkad Dt., Kerala. Tel : +91 9496 520 103, 9496 520 108

web: www.awarology.org

## അഭ്യർത്ഥന

ആന്തരീകവും കഠിനവുമായ പരീക്ഷണ നിരീക്ഷണങ്ങളുടെ വ്യക്തവും സംശയരഹിതവുമായ ഫലങ്ങളെ അനേക വർഷങ്ങളുടെ ആവർത്തനത്തിൽ സ്ഥിരീകരിച്ച് എഴുതപ്പെട്ട ഒരു പുസ്തകമാണ് ഇത്. യുക്തിയിൽ നിന്ന്, യുക്തിയിലൂടെ, യുക്തിക്ക് പിന്നിലേക്ക് ഉള്ള മനസ്സിന്റെ യാത്രയാണ് ഇതിലെ പ്രതിപാദ്യ വിഷയം. അതുകൊണ്ടു തന്നെ വിമർശനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും അപ്പുറമാണ് ഇതിലെ വിഷയം. ബോധത്തിന്റെ ഒരു പ്രത്യേക തലത്തിനു താഴെ നിൽക്കുന്നവർക്ക് ഇതിലെ വിഷയം മനസ്സിലായില്ല എന്ന് വന്നേക്കാം. ദയവുചെയ്ത് വിമർശിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യരുത്. ഇത് മനസ്സിലാക്കാൻ കഴിയുന്നവരിലേക്ക് ഈ പുസ്തകം കൈമാറുന്നത് ഒരു വലിയ പുണ്യമായിരിക്കും. സാധാരണ ഒരു പുസ്തകം വായിക്കുന്ന ലാഘവത്തോടെ ഈ പുസ്തകം കൈകാര്യം ചെയ്യരുത്. ത്രിമാന സിനിമ കണ്ണട ഉപയോഗിക്കാതെ കാണുന്നതു പോലെ കാര്യങ്ങൾ അവ്യക്തവും അബദ്ധജഡിലവുമായി തോന്നിയേക്കാം. ആത്മാർത്ഥതയോടും അർപ്പണ മനോഭാവത്തോടും എളിമയോടും സമീപിച്ചാൽ ഇതിലെ ആശയങ്ങൾ നിങ്ങൾക്ക് വഴങ്ങി കിട്ടും. മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിട്ടാൽ **നാൻസെൻ സ്കൂൾ ഓഫ് എവേയ്റോളജി**യുടെ സഹായം നിങ്ങൾക്ക് തേടാവുന്നതാണ്.

ഈ പുസ്തകത്തിലെ ചില ഭാഗങ്ങളിൽ ലോകത്ത് നിലവിലുള്ള ചില മതങ്ങളിലെ മിസ്റ്റിക് വചനങ്ങൾ ചേർത്തിട്ടുണ്ട്. നേരിട്ടോ അല്ലാതെയോ ജാതി -മത സ്വാധീനമില്ലാത്ത ഒരു മനുഷ്യൻ പോലും ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നില്ല എന്നതു കൊണ്ടാണ് ഇത്തരം ഒരു ഗതികേട് ഈ പുസ്തകത്തിന് വന്നത്. ഗഹനങ്ങളായ സത്യങ്ങൾ സ്വതന്ത്രമായി ആവിഷ്ക്കരിച്ചാൽ ബുദ്ധി തന്റെ സൂത്രം കൊണ്ട് അത് തള്ളിക്കളയും എന്നുള്ളതു കൊണ്ടാണ് അങ്ങിനെ ചെയ്തത്. അല്ലാതെ ആ വചനങ്ങളെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നതിന് വേണ്ടിയല്ല ഇവ ചേർത്തിരിക്കുന്നത്. അതിനാൽ വായനക്കാർ അവയെ ഗൗരവമായി കാണരുത് എന്ന് അപേക്ഷിക്കുന്നു. ജീവിത സത്യവും സ്വന്തം ആത്മാവിനെയും അന്വേഷിക്കുന്ന അന്വേഷകർക്കു വേണ്ടി മാത്രം എഴുതപ്പെട്ട ഒരു പുസ്തകമാണിത്. അല്ലാത്തവർ ഈ പുസ്തകത്ത അവഗണിക്കുക.

അക്കാഡമിക്, ആത്മീയ വിഷയങ്ങളുമായി ബോധശാസ്ത്രത്തിന് ബന്ധം കുറവായതിനാൽ ഇതിലെ ആശയങ്ങൾ മനസ്സിലാക്കാൻ വിഷമം നേരിട്ടേക്കാം. എന്നാൽ ആത്മാർത്ഥതയോടെ തന്റെ തന്നെ ആത്മാവിനെ അന്വേഷിക്കുകയും യാഥാർത്ഥ്യത്തിലേക്ക് സഞ്ചരിക്കാൻ തീരുമാനിക്കുകയും ചെയ്യുന്ന ഒരു അന്വേഷകന് തീർച്ചയായും ഇതിലെ കാര്യങ്ങൾ സ്കൂളിന്റെ സഹായം ഇല്ലാതെ തന്നെ മനസ്സിലാകും. മനസ്സ് ആത്മാവായി രൂപാന്തരം പ്രാപിച്ച് നിത്യാനന്ദമായ നിത്യതയിലേക്ക് ജഢീയ ബന്ധങ്ങൾ എന്നന്നേയ്ക്കുമായി ഉപേക്ഷിച്ച് പറന്നുയരാൻ വേണ്ടിയുള്ള പ്രയത്നം യാഥാർത്ഥ്യമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...........

The Master

## സമർപ്പണം

സമാധി,യോഗ,നിർവ്വാണ,നിത്യജീവൻ ഇവയെല്ലാം ആത്മാവിന്റെ സ്വാതന്ത്ര്യത്തിന് മിസ്റ്റിക്കുകൾ നൽകിയ പേരുകളാണ്. ഈ സത്യത്തെ അറിയുക അന്വേഷിക്കുക,കണ്ടെത്തുക എന്നെല്ലാം മതങ്ങളും ആത്മീയ അന്വേഷകരും യാതൊരുവിധ അടിസ്ഥാനവുമില്ലാതെ സമൂഹത്തിൽ വിളിച്ചു കൂവുകയാണ്. ആത്മാർത്ഥതയുള്ള ഒരു അന്വേഷകൻ അതിന് ഇറങ്ങി പുറപ്പെട്ടാൽ, അയാളുടെ ഭൗതിക ജീവിതത്തിന്റെ അന്ത്യം അതിദാരുണമായിരിക്കും. അതിൽ സംശയമില്ല. ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളോടും സന്തോഷങ്ങളോടും ജീവിച്ചിരുന്ന ഒരു കുടുംബനാഥൻ യാദൃശ്ചികമായി ആ സത്യം അന്വേഷിക്കേണ്ടി വന്നപ്പോൾ അയാൾക്ക് ഭൗതിക തലത്തിലുള്ളതെല്ലാം നഷ്ടപ്പെട്ടു, മാത്രമല്ല മതിഭ്രമം, ചൂഷണം, കൊലപാതകം, ആത്മഹത്യ, അധികാരമോഹം ഇവ നിലനിൽക്കുന്ന ഒരു അധമ ആത്മീയതയുടെ പിടിയിലാണ് താൻ ജീവിക്കുന്ന ലോകമെന്നും അയാൾ തിരിച്ചറിഞ്ഞു. അപ്പോഴാണ് സമൂഹം പഠിപ്പിക്കാതിരുന്ന, ബുദ്ധിമാന്മാരായ മിസ്റ്റിക്കുകളുടെ പ്രധാന തത്വശാസ്ത്രങ്ങൾ അനുഭവമായി വന്നത്. എന്നാൽ ആത്മാവിനെ അറിയുകയും അനുഭവിക്കുകയും ചെയ്തവന് ഒരു തിരിച്ചുപോക്ക് സാദ്ധ്യമല്ല. ആത്മാവിനെ സ്വതന്ത്രമാക്കുന്നതുവരെ അയാളുടെ ജീവിത യാത്ര ഏകമായി തുടർന്നേ പറ്റു. ......യഥാർത്ഥ ആത്മീയ അറിവ് പകർന്ന് കൊടുക്കാൻ ആവാത്ത വിധമാണ് അധമ ബോധം ഈ പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിച്ചിരിക്കുന്നത് എന്ന് അയാൾ മനസ്സിലാക്കി വന്നപ്പോൾ ഭൗതികജീവിതം അയാളെ കൈവിട്ടു കഴിഞ്ഞിരുന്നു. വരും തലമുറയ്ക്ക് ഇത്തരം ഒരു തെറ്റ് സംഭവിക്കരുത്. ഒന്നും നഷ്ടപ്പെടുത്താതെ ആത്മാവിനെ സ്വതന്ത്രമാക്കാൻ അവർക്കു കഴിയണം. അതിന് ശേഷിക്കുന്ന ജീവിതവും അർപ്പിക്കുന്നു.

The Master





### അദ്ധ്യായം- 1

## ബോധശാസ്ത്രം ഒരു ലഘുവിശദീകരണം

ജീവിതത്തിന്റെ ഏറ്റവും ഉയർന്ന യാഥാർത്ഥ്യം എന്തെന്ന് വിശദീകരിക്കുന്ന ഒരു ശാസ്ത്രമാണ് ബോധശാസ്ത്രം. ആത്മാവിനെ തൊട്ടറിഞ്ഞ ഒരു അന്വേഷകന്റെ ആന്തരീക അനുഭവം ആണിത്. മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വേർതിരിക്കുന്ന ഭൗതികമല്ലാത്ത ഏക ഘടകമാണ് അവബോധം അഥവാ ജാഗ്രത. ശാസ്ത്രീയമായി ഈ അവബോധത്തെ അഥവാ ജാഗ്രതയെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നതിനാലാണ് ഇതിന് ബോധശാസ്ത്രം എന്ന് പേരു നൽകിയത്. ഒരു യുക്തിക്കും തത്വശാസ്ത്രത്തിനും ഒരു അന്വേഷകന്റെ ആന്തരീക അനുഭവം തെറ്റാണെന്ന് വാദിക്കുവാനോ തെളിയിക്കുവാനോ കഴിയുകയില്ല. മാത്രവുമല്ല ഒരു അന്വേഷകൻ ശാസ്ത്രീയമായാണ് സത്യത്തെ അന്വേഷിക്കുന്നതെങ്കിൽ അതേ രീതി പിൻതുടരുന്ന ഏതൊരു വ്യക്തിക്കും അതേ അനുഭവം തന്നെ ഉണ്ടായേ പറ്റു. യഥാർത്ഥ ബോധം അഥവാ ആത്മാവ് എന്ന സ്ഥല-കാല അതീതമായ ഒരു യാഥാർത്ഥ്യം മനുഷ്യബുദ്ധിയിൽ നിന്ന് വളരെ വ്യത്യസ്തമാണ് എന്ന് തെളിയിക്കുകയാണ് ബോധശാസ്ത്രത്തിന്റെ ലക്ഷ്യം. യഥാർത്ഥ ബോധവുമായി മനുഷ്യബുദ്ധി അവബോധം മുഖേന ബന്ധപ്പെട്ടു നിൽക്കുന്നു. ഇത്തരം ഒരു ബന്ധപ്പെടൽ മറ്റു ജീവജാലങ്ങളുടെ ബുദ്ധിയിൽ കാണ്മാനില്ല. അല്ലെങ്കിൽ അതിന്റെ അളവ് വളരെ പരിമിതമായിരിക്കുന്നു.

യഥാർത്ഥ ബോധം എന്നത് അതിനിഗൂഢമായ രഹസ്യമാണെന്ന പുരാ ണങ്ങളുടെ തെറ്റായ വ്യാഖ്യാനവും മിസ്റ്റിക് സയൻസ് എന്ന സയൻസിൽ അടങ്ങിയിരിക്കുന്ന മിസ്റ്ററി അഥവാ ദുരൂഹതയും മനുഷ്യ ദൈവങ്ങളുടെ അഥവാ അവതാരങ്ങളുടെ വരവുമാണ് ഇത്തരം ഒരു തെറ്റിദ്ധാരണ ലോകത്ത് പടർന്ന് പിടിക്കാൻ കാരണമായത്. കൂടാതെ മനുഷ്യബുദ്ധിയുടെ അടിസ്ഥാന ഘടകമായ യുക്തിക്ക് കടന്ന് ചെല്ലാൻ പറ്റാതെ പോയതും അവബോധം വഴി ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന യഥാർത്ഥ ബോധത്തെക്കുറിച്ച് അന്വേഷിക്കാൻ കഴിയാതാക്കി. ഓരോ മനുഷ്യന്റെയും ആന്തരീക മനസ്സുമായി മാത്രം ബന്ധം സ്ഥാപിക്കാൻ കഴിവുള്ളതും എന്നാൽ ഭാഷയിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ പരസ്പരം അറിയാൻ കഴിയാത്തതുമായ ഒന്നിനെ

മനുഷ്യർക്ക് തിരിച്ചറിയാൻ കഴിയാതെ പോയത് അവന്റെ കുറ്റമാണെന്ന് പറയുക വയ്യ.

ആത്മാവിനെ തൊട്ടറിയാൻ പ്രകൃത്യാ ഭാഗ്യം ലഭിച്ച അനേകായിരം മിസ്റ്റിക്കുകൾ ഈ ലോകത്തിലൂടെ കടന്നു പോയിട്ടുണ്ട്. എന്നാൽ അവരിൽ ഭൂരിഭാഗം പേർക്കും മിസ്റ്റിക് ബുദ്ധിയിലേക്ക് വളരാൻ കഴിയാതെ പോകുകയും മിസ്റ്റിക് അവസ്ഥയിൽ അവരുടെ പാരമ്പര്യ ശ്രേണിയെ മറികടക്കാൻ കഴിയാതെ മനുഷ്യ ദൈവങ്ങളായി ചമഞ്ഞതും മനുഷ്യന്റെ ആത്മീയ തിരിച്ചറിവിലേക്കുള്ള യാത്രയെ പ്രതികൂലമായി ബാധിച്ചു. മാത്രവുമല്ല ഇത്തരം മിസ്റ്റിക് അവസ്ഥയിൽ ജനിച്ചവർ മനസ്സിന്റെ അതീന്ദ്രിയശക്തി, മിഥ്യാബോധം, അത്ഭുതങ്ങൾ, ദർശനങ്ങൾ, മന്ത്രങ്ങൾ, യന്ത്രങ്ങൾ, വിഗ്രഹങ്ങൾ, ചെമ്പുതകിട് മുതലായ തട്ടിപ്പ്, നുണ എന്നീ അധമ ശക്തികൾക്ക് അടിമപ്പെടുകയും ജനങ്ങളെ കബളിപ്പിച്ച് 'മഹാത്മ' ചമഞ്ഞ് യഥാർത്ഥ ബോധത്തെ തിരിച്ചറിയുന്നതിൽ നിന്ന് മനുഷ്യ രാശിയെ വീണ്ടും അകറ്റി നിർത്തുകയും ചെയ്തു. അതായത് യുക്തിയുടെ അഭാവത്താൽ ശാസ്ത്രജ്ഞർ യഥാർത്ഥ ബോധത്തെ ഉപേക്ഷിച്ചപ്പോൾ മിസ്റ്റിക്കുകളിൽ ഭൂരിഭാഗം പേരും തനിക്കു ലഭിച്ച പുണ്യം എന്തെന്നും അതിന്റെ ലക്ഷ്യം എന്തെന്നും ബുദ്ധി കൊണ്ട് തിരിച്ചറിയാൻ ശ്രമിക്കാതെ ആയിരക്കണക്കിന് അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും മന്ത്രവാദങ്ങളും ഹിപ്നോട്ടിക് പ്രാർത്ഥനകളും സമൂഹത്തിൽ സൃഷ്ടിക്കാൻ ഇടയാക്കുകയും ചെയ്തു കൊണ്ട് കടന്നു പോയി, ഫലമോ? ലോകജനത യഥാർത്ഥ ബോധത്തെ അന്വേഷിക്കുന്നതിനു പകരം ദുരാഗ്രഹങ്ങളിലും ആർത്തിയിലും സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടി അവബോധം ബുദ്ധിയിൽ എങ്ങിനെയെല്ലാം പ്രയോഗിക്കാമെന്ന ചിന്തയിൽ വളരുകയും അതിന്റെ ഫലമായി ആയിരക്കണക്കിന് ശാസ്ത്ര സാങ്കേതിക വിദ്യകളിലൂടെയും അന്ധവിശ്വാസങ്ങളിലൂടെയും സാമുദായിക നിയമങ്ങളിലൂടെയും സംസ്ക്കാരം എന്ന ഓമനപ്പേരിൽ അഹം എന്ന അഹങ്കാരത്തെ വളർത്തി വലുതാക്കി, ഹിംസയും പട്ടിണിയും കഷ്ടതകളും ദുരിതങ്ങളും കടക്കെണിയിലൂടെയുള്ള അടിമത്തവും മഹാരോഗങ്ങളും യുദ്ധവും ചരിത്രത്തിന്റെ എല്ലാ റെക്കോർഡുകളും ഭേദിച്ചു പുറത്തുവരികയും ചെയ്തു. യഥാർത്ഥ ബോധം മനസ്സിന്റെ അഗാധതലങ്ങളിലേക്ക് താണു പോകുകയും ചെയ്തു.

ബുദ്ധിയുടെ വളർച്ച തെറ്റെന്ന് ഇതിന് അർത്ഥമില്ല. മനുഷ്യന്റെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിൽ ബുദ്ധിയുടെ പങ്ക് വളരെ വലു



താണ്. എന്നാൽ അവബോധം എന്ന തിരിച്ചറിവ് വല്ലാതെ താഴ്ന്നു പോയാൽ ഒരു സമൂഹവും നിലനിൽക്കില്ല എന്ന സത്യം നാം മനസ്സിലാക്കണം. ഒരു ഉദാഹരണം ശ്രദ്ധിക്കുക. വെടിമരുന്നിന്റെ കണ്ടുപിടുത്തം, അവബോധം ഉപയോഗിച്ചുള്ള ബുദ്ധിയുടെ അസാധാരണമായ ഒരു മുന്നേറ്റമായിരുന്നു. എന്നാൽ അത് മനുഷ്യന് നൽകിയ പ്രയോജനവും അത് കൊന്നൊടുക്കിയ മനുഷ്യരുടെ എണ്ണവും അതുമൂലമുണ്ടായ സ്ത്രീകളുടെയും കുട്ടികളുടെയും നരക യാതനകളും ഒരു തരത്തിലും താരതമ്യം ചെയ്യാൻ കഴിയില്ല. ബോധം ഉയർന്ന ഒരു മനുഷ്യ സമൂഹത്തിനാണ് അത് ലഭിച്ചിരുന്നതെങ്കിൽ നരഹത്യ എന്ന ഭാഗം അതിൽ ഉണ്ടാകുമായിരുന്നില്ല. യുദ്ധം എന്ന വാക്കിന്റെ അർത്ഥം ആ ജനതയുടെ നിഘണ്ടുവിൽ വരുമായിരുന്നില്ല. ഈ ഉദാഹരണം സൂചിപ്പിക്കുന്നത് ബോധത്തിന്റെ വളർച്ച ബുദ്ധിയുടെ വളർച്ചയിൽ നിന്ന് വ്യത്യസ്തമാണെന്നും ബോധം വളരാത്ത ഒരു സമൂഹത്തിൽ ഏത് ശാസ്ത്രീയ സാമ്പത്തിക നേട്ടങ്ങളും പൈശാചികതയ്ക്കും തീരാദുരിതങ്ങൾക്കും മാത്രമെ സഹായമാകുകയുള്ളു എന്നാണ്. അല്ലെന്ന് തെളിയിക്കുവാൻ കഴിയുമോ? എന്ന് ആത്മാർത്ഥമായി ശ്രമിച്ചു നോക്കുക.

**ജനിക്കുക,ജീവിക്കുക,പ്രത്യുൽപ്പാദനം നടത്തുക, മരിക്കുക എന്ന ലക്ഷ്യങ്ങൾ മാത്രമെ മനുഷ്യന് പ്രകൃതി നൽകിയിരുന്നുള്ളുവെങ്കിൽ അവ-ബോധം എന്ന ദൈവീകമായ തിരിച്ചറിവ്, എന്ന ഘടകം ബുദ്ധിയോട് ബന്ധപ്പെടുത്തേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.** രണ്ടു കാലിൽ നിവർന്നു നടക്കുന്ന ഒരു മൃഗീയജീവിതം തന്നെ ധാരാളമായിരുന്നു. ഒരു ജീവിക്കും പരിണാമത്തിലൂടെ പ്രകൃതി അനാവശ്യമായി ഒരു ഘടകം കൂട്ടിച്ചേർത്തതായി ശാസ്ത്രം തെളിയിക്കുന്നില്ല. എന്നാൽ അവബോധം അഥവാ തിരിച്ചറിവിനെ തിരിച്ചറിയുന്ന ഈ ഘടകം എന്തിനു നൽകി എന്ന് ബുദ്ധിമാനായ അഹത്തിനു കണ്ടുപിടിക്കാൻ കഴിയാതെപോയി. അന്വേഷിക്കാൻ മടിയായ അഹത്തിന്റെ സൂത്രമാണിത്. ആഗ്രഹങ്ങളുടെ പൂർത്തീകരണമാണ് ജീവിതം, എന്ന അജ്ഞതയിൽ അത് നിലനിൽക്കുന്നു.

വളരെ വേദനാജനകമാണെങ്കിലും ആ സൂത്രത്തെയും അജ്ഞതയെയും ബുദ്ധിയിൽ നിന്ന് പുറത്ത് കൊണ്ടുവരിക മനുഷ്യ ജന്മത്തിന്റെ ലക്ഷ്യമാണ്. യഥാർത്ഥ ബോധത്തെ തിരിച്ചറിയുന്നതിനും അതിനെ വേദനകൾ നിറഞ്ഞ ജഢീയബന്ധങ്ങളിൽ നിന്ന് മോചിപ്പിച്ച് ഇനിയൊരു ജന്മം എടുക്കാതെ നിത്യാനന്ദമായ മോക്ഷത്തിലേക്ക് അഥവാ

നിത്യജീവനിലേക്ക് എന്നന്നേയ്ക്കുമായി യാത്രയാകുന്നതിന് ഒരു ശാസ്ത്രം വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് ഈ പുസ്തകത്തിന് ഉള്ളത്. ആത്മാവിന്റെ സ്വാതന്ത്ര്യം, നിർവ്വാണ, സമാധി, സ്വർഗ്ഗരാജ്യം, നിത്യജീവൻ എന്നിങ്ങനെയുള്ള വാക്കുകൾ യഥാർത്ഥത്തിൽ അർത്ഥ മാക്കുന്നത് എന്ത് എന്നുള്ള അന്വേഷണം ഈ പുസ്തകത്തിന്റെ മറ്റൊരു ലക്ഷ്യമാണ്.

ചരിത്രത്തിന്റെ ഏടുകളിൽ തപ്പിത്തടഞ്ഞാൽ നുണയും നേരും സങ്കൽപ്പവും കൂട്ടി കലർത്തി വിരലിൽ എണ്ണാവുന്ന മിസ്റ്റിക് ബുദ്ധിമാ ന്മാരുടെ പുസ്തകങ്ങൾ മാത്രമെ നമുക്ക് ബോധം ഉയർത്താൻ ആധാ രമായുള്ളു. അവ തന്നെ സ്വാർത്ഥതയുടെ കൂട്ടിച്ചേർക്കലിൽ നിന്ന് മുക്തമല്ല. അവയിൽ നിന്ന് പഠിക്കുകയായിരിക്കരുത്, നമ്മുടെ ലക്ഷ്യം. മറിച്ച് ബോധശാസ്ത്രം നൽകുന്ന ആത്മീയ അനുഭൂതികൾ മാനസിക വിഭ്രാന്തിയാണോ, തോന്നലുകളാണോ, സ്വപ്നങ്ങളാണോ, ദർശനങ്ങ ളാണോ എന്നും ഇവയിൽ നിന്ന് യഥാർത്ഥ ബോധത്തെ തിരിച്ചറിയാ നുള്ള ആധാര രേഖയായി താരതമ്യം ചെയ്യുവാനുള്ളവയായിരിക്കണം ഇത്തരം പുസ്തകത്തിലെ ചില ഭാഗങ്ങൾ എന്നും മനസ്സിലാക്കുക. അവ യിൽ കൊള്ളേണ്ടത് കൊള്ളാനും തള്ളേണ്ടത് തള്ളാനും നമുക്ക് ചങ്കൂറ്റം ഉണ്ടായിരിക്കണം. ഏത് മതത്തിന്റെ ഏത് ജാതിയിലുള്ള മിസ്റ്റിക് ബുദ്ധിജീവി പറഞ്ഞു എന്നതല്ല പ്രശ്നം, മറിച്ച് തന്റെ ആത്മീയ യാത്ര യിൽ തന്റെ അനുഭവത്തിലൂടെ ആത്മാവിനെ കണ്ടെത്താനും രക്ഷ പ്പെടുത്താനും ആരുടെ വചനങ്ങളാണ് യോജിക്കുന്നത് എന്ന് തിരിച്ച റിയാൻ നമുക്ക് കഴിയണം. ഭയം ഉള്ളവൻ ആത്മാവിനെ അന്വേഷിക്കു ന്നത് അവനും സമൂഹത്തിനും ആപത്താണ്.

താഴെ കൊടുത്തിരിക്കുന്ന മിസ്റ്റിക് വചനങ്ങൾ ശ്രദ്ധിക്കുക.

**''ദുഃഖങ്ങളിൽ കുലുങ്ങാത്തവനും സുഖങ്ങളിൽ താൽപ്പര്യമില്ലാ ത്തവനും രാഗം, ഭയം, കോപം ഇവയില്ലാത്തവനുമായ പുരുഷൻ സ്ഥിതപ്രജ്ഞനായ മുനി എന്നറിയപ്പെടുന്നു''**. (ഭഗവത് ഗീത)

**''എന്റെ നാമത്തെ പ്രതി ഭവനത്തേയോ, സഹോദരന്മാരെയോ, സഹോദരികളെയോ, പിതാവിനെയോ, മാതാവിനെയോ, മക്കളെ യോ, വയലുകളേയോ പരിത്യജിക്കുന്ന ഏതവനും നൂറിരട്ടി ലഭിക്കും. അവൻ നിത്യജീവൻ കരസ്ഥമാക്കുകയും ചെയ്യും''**. (ബൈബിൾ) ഈ മിസ്റ്റിക് വചനങ്ങൾ യുക്തിയിലൂടെ വിശകലനം ചെയ്താൽ സമൂഹവും കുടുംബങ്ങളും നില നിൽക്കില്ല. അതുകൊണ്ടാണ് സൂത്രക്കാരായ



ബുദ്ധിജീവികൾ ഇവയെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത്. എന്നാൽ ഏത് വചനങ്ങളും സ്വാർത്ഥതയിലും ദുരാഗ്രഹങ്ങളിലും നിലനിൽക്കുന്ന ബുദ്ധിക്ക് അവയിലൂടെ അല്ലാതെ വ്യാഖ്യാനിക്കാൻ കഴിയില്ല എന്ന സത്യം നാം മറന്നുപോകുന്നു. അതിനാൽ എല്ലാ വ്യാഖ്യാനങ്ങളും ഈ സ്വാർത്ഥതയേയും ദുരാഗ്രഹങ്ങളേയും വളരെ വിദഗ്ധമായി മറച്ചു പിടിക്കുന്നു. എത്രത്തോളം ഭംഗിയായി ഇവയെ മറച്ചു പിടിക്കാം എന്ന മത്സരത്തിൽ കോടിക്കണക്കിന് പുസ്തകങ്ങൾ രചിക്കപ്പെട്ടു. ചിലവ പര സ്പര വിരുദ്ധങ്ങളായി പോകുന്നതും കാണാം. ഈ പുസ്തകങ്ങൾ നാം ഇഷ്ടപ്പെടുന്നു. കാരണം നമ്മുടെ മനസ്സും ഈ സ്വാർത്ഥതയും ദുരാഗ്രഹങ്ങളും മറച്ചു പിടിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഈ പുസ്തകങ്ങൾക്ക് ഇത്രയധികം പ്രചരിക്കാൻ കഴിഞ്ഞത്. മുകളിൽ കൊടുത്തിരിക്കുന്ന മിസ്റ്റിക് വചനങ്ങൾക്ക് വിശദീകരണമോ വ്യാഖ്യാന ങ്ങളോ സാധ്യമല്ല. കാരണം അവ ഭാവനകളോ ചിന്തകളോ അല്ല. മറിച്ച് അവ ഒരു മിസ്റ്റിക് ബുദ്ധി ജീവിയുടെ ആത്മീയ വളർച്ചയുടെ അനുഭ വങ്ങളാണ്. ഈ അനുഭവങ്ങൾ ഭാഷയ്ക്ക് അതീതവുമാണ്. കാരണം ഭാഷ ദ്വന്ദ്വമാണ്. ഏകമായിപ്പോലും നിലനിൽപ്പില്ലാത്തതിനെ ദ്വന്ദ്വത കൊണ്ട് എങ്ങിനെ വിശദീകരിക്കാൻ കഴിയും. പക്ഷെ അതൊന്നും സ്വാർത്ഥ മനസ്സുകൾക്ക് ഒരു പ്രശ്നമല്ല. ഈ ഭൂമി പൊട്ടിത്തെറിക്കുന്ന തുവരെ അവർ ഈ വ്യാഖ്യാനങ്ങൾ തുടർന്നു കൊണ്ടേയിരിക്കും. കാരണം ചൂഷണമാണ് അവരുടെ ഏക ലക്ഷ്യം.

ഈ അനുഭവങ്ങളായ വചനങ്ങളെ നമ്മുടെ അനുഭവമാക്കി തീർക്കു ന്നതിനുള്ള തിരിച്ചറിവിലേക്ക് ബുദ്ധിയെ കൊണ്ടു വരിക എന്നതാണ് ബോധശാസ്ത്രത്തിന്റെ പ്രവർത്തന രീതി. തിരിച്ചറിവും അഥവാ അറിവും, ജ്ഞാനവും മനസ്സിന്റെ വളരെ വ്യത്യസ്തങ്ങളായ രണ്ട് അവ സ്ഥകളാണെന്ന് ബോധശാസ്ത്രം തെളിയിക്കുന്നു. ഈ തെളിവിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ബോധവും ബുദ്ധിയും രണ്ടാണ് എന്ന് നമുക്ക് ഓരോരുത്തർക്കും കണ്ടുപിടിക്കാൻ കഴിയുന്നു. അതിലേക്കുള്ള മനസ്സിന്റെ ശാസ്ത്രീയമായ യാത്രയാണ് ബോധശാസ്ത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിനാൽ ഇത് മനുഷ്യ ജീവിതത്തിന്റെ യഥാർത്ഥ ശാസ്ത്രമാണ്. മറ്റു ഭൗതിക ശാസ്ത്രങ്ങൾ മനുഷ്യന്റെ ജീവിത സൗകര്യങ്ങൾ മാത്രമെ വർദ്ധിപ്പിക്കുന്നുള്ളു. എന്നാൽ ബോധശാസ്ത്രം മനുഷ്യന്റെ ഭൗതിക ജീവിതത്തിലെ നിത്യാനന്ദത്തിനും മരണശേഷം യഥാർത്ഥ ബോധം എന്ന ആത്മാവിന്റെ ശാരീരിക മാനസിക ബന്ധ

നങ്ങളിൽ നിന്നും ജീവിതമെന്ന തീരാവേദനകളിൽ നിന്നും എന്നന്നേയ്ക്കുമായുള്ള മോചനത്തിന് സഹായകമാകുകയും ചെയ്യുന്നു.

ബോധശാസ്ത്രം എന്ത് എന്ന ചോദ്യത്തിന് അർത്ഥമില്ല. കാരണം യുക്തിയിലൂടെ മനസ്സിനെ മുന്നിലേക്ക് നയിച്ച് യുക്തിയില്ലായ്മയിലേക്ക് ചാടാനുള്ള ധൈര്യം മനസ്സിന് കൊടുക്കുക എന്നതാണ് ബോധശാസ്ത്രം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരുവന്റെ ജീവിതത്തെ തന്നെയാണ് ഈ ശാസ്ത്രം വിശകലനം ചെയ്യുന്നത്. നാം എല്ലാം പഠിച്ചു വളർന്നത്, ഈ പ്രപഞ്ചവും ഭൂമിയും അതിലെ ജീവജാലങ്ങളും മനുഷ്യരും ദൈവസൃഷ്ടിയാണ് എന്ന സങ്കൽപ്പങ്ങളിലാണ്. ബോധശാസ്ത്രം തെളിവുകൾ നിരത്തി അത് തെറ്റാണ് എന്ന് തെളിയിക്കുന്നു. **ജീവിതം നാം ചോദിച്ചു വാങ്ങിയതാണെന്ന് നമ്മുടെ ബുദ്ധിക്ക് തെളിയിക്കാൻ കഴിയുന്നില്ല. ജീവിതം നമുക്ക് തിരഞ്ഞെടുക്കുവാൻ കഴിഞ്ഞില്ല, ജീവിതം നമ്മിൽ സംഭവിച്ചതാണ്. എന്താണ് ഈ സംഭവത്തിനു പിന്നിലെ രഹസ്യം?** ദൈവം എന്നത് പൂർണ്ണതയുടെയും അതിബുദ്ധിയുടെയും പരമാനന്ദത്തിന്റെയും പ്രതീകമാണെന്ന് നമ്മുടെ ബുദ്ധി സമ്മതിക്കുന്നു. എന്നാൽ ആ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യ ശരീരത്തിൽ നാഢീവ്യൂഹമെന്ന തീരാവേദനയുടെ സംവിധാനം എങ്ങിനെ കടന്നു വന്നുവെന്ന് നമ്മുടെ ബുദ്ധിക്ക് കണ്ടുപിടിക്കാൻ കഴിയുന്നില്ല. അതിനാൽ കുബുദ്ധികളായ ചൂഷകർ നമ്മോട് പറയുന്നു-വേദനകൾ, ദുഃഖങ്ങൾ, ദുരിതങ്ങൾ നിങ്ങളുടെ ജീവിത്തിന്റെ ഭാഗമാണ് ! മറ്റൊരു കൂട്ടർ പറയുന്നു - മനുഷ്യർ പാപികളാണ്, ഇത്രയും വലിയ ദുരിതങ്ങൾ അനുഭവിക്കാൻ കാരണം അനുസരണക്കേടാണ്. ഇനിയും ഒരു കൂട്ടർ പറയുന്നു-ഇതെല്ലാം ദൈവത്തിന്റെ ഒരു നാടകമാണ്. ദുഃഖങ്ങളിലൂടെ ദൈവം മനുഷ്യനെ പരീക്ഷിച്ച് ശുദ്ധീകരിക്കുകയാണ്. ഒരു നാടക സംവിധായകന്റെ പ്രാധാന്യമാണോ ദൈവത്തിനുള്ളത്. ശുദ്ധീകരിച്ച് ദൈവം മനുഷ്യനെ കുരങ്ങു കളിപ്പിക്കുമോ? വീണ്ടും ഒരു കൂട്ടർ പറയുന്നു- നിങ്ങൾ ദൈവത്തെ ആരാധിക്കാൻ വേണ്ടിയാണ് ദൈവം നിങ്ങൾക്ക് തീരാദുരിതങ്ങൾ തന്നിരിക്കുന്നത്. ദേഹം അനങ്ങാതെ മറ്റുള്ളവരുടെ അദ്ധ്വാനത്തിന്റെ മുക്കാൽ പങ്കും ചൂഷണം ചെയ്തു ജീവിക്കുന്ന ഒരു കൂട്ടം സ്വാർത്ഥരായ പിശാചുക്കളുടെ കുബുദ്ധിയാണ് ഇതെല്ലാമെന്ന് തെളിയിക്കാൻ മനുഷ്യബുദ്ധിക്ക് കഴിയാതെ പോകുന്നത് വളരെ കഷ്ടമാണ്. അവബോധം എന്ന തിരിച്ചറിവ് ബുദ്ധിയിൽ നേരാംവണ്ണം പ്രയോഗിക്കാൻ കഴിയാത്തതിന്റെ പോരായ്മയാണ് ഇതിനെല്ലാം കാരണം. മനുഷ്യന്റെ ഈ അവസ്ഥ മാറിയെ പറ്റൂ. അല്ലെങ്കിൽ ഉത്പാദകൻ ദുരി



തങ്ങൾ താങ്ങാനാവാതെ നശിച്ചു പോകുകയും കങ്കാണിമാരേയും പലിശക്കാരേയും കമ്മീഷൻ ഏജന്റ്മാരേയും കരിഞ്ചന്തക്കാരേയും പണം ഇരട്ടിപ്പിക്കുന്നവരേയും കൊണ്ട് ഈ ഭൂമി നിറയുകയും മഹായുദ്ധങ്ങൾക്കും ദുരിതങ്ങൾക്കും അരാജകത്വത്തിനും ഭൂമി സാക്ഷിയാകുകയും ചെയ്യും. ഈ ഭൂമിയിൽ നിന്ന് മനുഷ്യവർഗ്ഗം എന്നന്നേയ്ക്കുമായി തുടച്ചു നീക്കപ്പെടുന്ന കാലം അതിവിദൂരമല്ല എന്ന് അറിയുക.

നിശ്ചലവും, നിഷ്കാമനും,നിഷ്ക്രിയനും,പരമാനന്ദസ്വരൂപനും സ്ഥല-കാലങ്ങളിൽ നിലനിൽക്കാത്തവനുമായ ഏക സത്യത്തിന്റെ സാന്നിദ്ധ്യം അവബോധമായി ബുദ്ധിയിൽ നിലനിന്നിട്ടും തിരിച്ചറിയാൻ കഴിയാത്ത അഹം എന്ന മനുഷ്യ അഹങ്കാരത്തിന് ഇനി എന്ത് പേരാണ് കൊടുക്കേണ്ടത് എന്നറിയില്ല! ആഗ്രഹങ്ങളും സ്വാർത്ഥതയും ബുദ്ധി എന്ന സൂത്രം കൊണ്ട് മറച്ചു പിടിച്ച് ദൈവത്തെപ്പോലും വിറ്റ് കാശാക്കി മാറ്റാൻ ശ്രമിക്കുന്ന ഈ സംസ്കാരത്തിന് എന്ത് പേരാണ് യോജിക്കുക?അതും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ബോധശാസ്ത്രം എന്നത് നമ്മുടെ ജീവിതം തന്നെയാണ്. അതിന്റെ പഠനകാലയളവ് ജീവിതാവസാനംവരെയാണ്. മരണ സമയത്ത് അവബോ ധം ഉണർന്നിരിക്കാനും ജീവിത കാരണങ്ങളെ അത് ഉപയോഗിച്ച് തുടച്ചുനീക്കി ഇനിയൊരു ജന്മം എടുക്കാൻ യഥാർത്ഥ ബോധത്തിന് അവസരം നൽകാതെ **'ഉണർന്നിരുന്ന് '**മരിക്കുവാൻ പ്രാപ്തമാക്കുക എന്നതാണ് ബോധശാസ്ത്രത്തിന്റെ പരമമായ ലക്ഷ്യം. **ജനന കാരണങ്ങൾ മരണ സമയത്ത് തുടച്ചു നീക്കിയാൽ പിന്നീട് ആത്മാവിന് മനുഷ്യ ജന്മമെടുക്കാൻ കഴിയില്ല**. നിത്യാനന്ദമായ നിത്യജീവനിലേക്ക് കടക്കാനും അതിന്റെ സ്രോതസ്സിൽ ലയിച്ചു ചേരാനും അതിനു കഴിയും. പക്ഷെ അതിലേയ്ക്കുള്ള ആത്മാവിന്റെ യാത്ര അത്ര എളുപ്പമല്ല. വേദനയും, ദുരിതങ്ങളും അതിനു വിലയായി നാം ഓരോരുത്തരും നൽകിയേ പറ്റൂ. അല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും തന്നെയില്ല. അതിന്റെ സൂചനയാണ് മേൽവിവരിച്ച മിസ്റ്റിക് വചനങ്ങളിൽ നാം കണ്ടത്. സത്യത്തെ പ്രാപിക്കാൻ ധാരാളം മാർഗ്ഗങ്ങൾ ഉണ്ട് എന്ന് പ്രചരിപ്പിക്കുന്നത് വെറും കബളിപ്പിക്കൽ മാത്രമാണ്. സത്യത്തിൽ നിലനിൽക്കുന്ന നമുക്കെങ്ങിനെ സത്യം കണ്ടെത്താൻ ആകും? സത്യത്തിലേക്ക് ഒരേ ഒരു മാർഗ്ഗം മാത്രമെയുള്ളു. അത് എന്ത് എന്ന് ഈ പുസ്തകം വായിച്ചു തീരുമ്പോൾ നിങ്ങൾക്ക് ബോദ്ധ്യമാകും. ഒരു ജീവിത കാലം മുഴുവനും നിങ്ങൾക്ക് യോഗ ചെയ്യാം, പ്രാർത്ഥിക്കാം,

പുണ്യപ്രവർത്തികൾ ചെയ്യാം, ധ്യാനിക്കാം, പ്രസംഗിക്കാം, ഉപവസിക്കാം, ഒരു പ്രത്യേക വിശ്വാസം വച്ചുപുലർത്താം, ദൈവത്തെ ആരാധിക്കാം എന്നാൽ പ്രത്യേകിച്ച് ഒന്നും സംഭവിക്കില്ല. ഇത് എന്തു കൊണ്ടാണെന്ന് വരുന്ന അദ്ധ്യായങ്ങളിൽ നിങ്ങൾക്ക് മനസ്സിലാകും. ഒരുവന് തന്റെ ജീവിതം അവനെ സംബന്ധിച്ച് ഗൗരവമുള്ളതാണ്. കാരണം ജീവിതം ചോദിച്ചു വാങ്ങിയതല്ല,സംഭവിച്ചതാണ്. ആ സംഭവത്തിൽ ഞാൻ എന്ന അഹത്തിന്റെ ഭാവം വെറും പൊള്ളയാണ്, വിഡ്ഢിത്തമാണ്. മരണത്തോടെ അഹം സുഷുപ്തിയിലേക്ക് പോകുന്നു. വീണ്ടും ശരീരം എടുക്കാൻ അത് കാത്ത് നിൽക്കുന്നു. ഇത് ആയിരക്കണക്കിന് ജന്മങ്ങളിലായി പല പേരുകളിൽ പല മതങ്ങളിൽ, പല ജാതികളിൽ തുടരും. പക്ഷെ തുടർച്ചയാണ് എന്ന് കണ്ടു പിടിക്കുവാനോ തെളിയിക്കുവാനോ അഹത്തിന്റെ ബുദ്ധിക്ക് കഴിയില്ല. അതിനാൽ ബുദ്ധി ഓരോ ജീവിതത്തിലും നിങ്ങളെ സൂത്രങ്ങൾ കൊണ്ട് കബളിപ്പിച്ചു കൊണ്ടിരിക്കും. അങ്ങിനെ കുഷ്ഠരോഗി പ്രധാനമന്ത്രിയാകും കള്ളൻ കോടീശ്വരനാകും കൃഷിക്കാരൻ വ്യവസായി ആകും. ജന്മങ്ങൾ മാറി വരും. പക്ഷെ വേദന അനുഭവിക്കുന്ന യഥാർത്ഥ ബോധം ഒന്നു തന്നെയായിരിക്കും. അത് തിരിച്ചറിയുന്നതിന് അവബോധം ഉപയോഗിച്ച് ബുദ്ധിയെ ഇന്ദ്രിയങ്ങളുടെ സൂക്ഷ്മ സ്ഥിത ജ്ഞാനം ഉപയോഗിച്ച് തന്നിൽ നിന്ന് പുറത്തേക്ക് വികസിപ്പിച്ചത് കൊണ്ട് കാര്യമില്ല. മറിച്ച് അവബോധം ഉപയോഗിച്ച് ബുദ്ധിയെ തന്നിലേക്കു തന്നെ വകസിപ്പിക്കണം. അപ്പോൾ മേൽവിവരിച്ച മിസ്റ്റിക് വചനങ്ങളും ജീവിതത്തിന്റെ രഹസ്യങ്ങളും പിടികിട്ടും. രക്ഷപ്പെടാൻ ശ്രമിക്കുക. ആത്മാവ് മാത്രമെ സത്യമായുള്ളു. അല്ലാത്തതെല്ലാം മിഥ്യയാണ്, നശ്വരമാണ്. പക്ഷെ ആ നശ്വരതയ്ക്കും മിഥ്യയ്ക്കും വേദനയുടെ യാഥാർത്ഥ്യമെന്ന സ്ഥലകാലത്തിന്റെ പിൻതാങ്ങലുകൾ ഉണ്ട്. അതിനാൽ ബുദ്ധിക്ക് വേദനയിൽ മരവിച്ചു നിൽക്കാമെന്നല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിയില്ല. വേദന സംഹാരികളായ രാസവസ്തുക്കൾ, മദ്യമായും പുകയിലയായും മയക്കു മരുന്നായും അലോപ്പതിയായും ഹോമിയോപ്പതിയായും ആയുർവ്വേദമായും ബുദ്ധി നിങ്ങൾക്ക് സമ്മാനിച്ചേക്കാം. പക്ഷെ അവ താൽക്കാലികങ്ങളാണ്. അവയുടെ സാന്നിദ്ധ്യം ബോധത്തെ വീണ്ടും വീണ്ടും മനസ്സിന്റെ ആഴങ്ങളിലേക്ക് താഴ്ത്തിക്കളയും. ആത്മഹത്യയും നിരാശയും മാത്രം ബാക്കിയാകും. ആത്മാർത്ഥതയോടെ തിരിച്ചറിയാൻ ശ്രമിക്കുക.

യഥാർത്ഥ ബോധം അഥവാ ആത്മാവ് എന്നത് സങ്കൽപ്പമോ ഭാവനയോ അല്ല എന്ന് ബുദ്ധി കൊണ്ട് തന്നെ തെളിയിക്കുന്ന ശാസ്ത്രമാണ് ബോധശാസ്ത്രം. യഥാർത്ഥ ബോധത്തിനും ബുദ്ധിക്കും ഇടയിൽ ഒരു പരിമാണ വ്യത്യാസം നിലനിൽക്കുന്നതു കൊണ്ടാണ് ബുദ്ധി ആത്മാവിനെ മനസ്സിലാക്കാത്തതും അംഗീകരിക്കാത്തതും. ലോകത്തിലെ ഒട്ടുമുക്കാൽ ആളുകളും ആത്മീയവാദികളും ദൈവവിശ്വാസികളും ആണെങ്കിലും ആത്മാവ്, ദൈവാനുഭൂതി എന്നൊക്കെ ഉത്ഘോഷിക്കുന്നത് മനസ്സിന്റെ **അതീന്ദ്രിയ ഭാവങ്ങളും വിഭ്രാന്തികളും ദർശനങ്ങളും സ്വപ്നങ്ങളും ബുദ്ധിയിലൂടെ വിശകലനം ചെയ്തു കൊണ്ടാണ്**. ഇവയെല്ലാം ബുദ്ധിയിൽ ഒളിഞ്ഞിരിക്കുന്ന ഭയത്തിന്റെയും സ്വാർത്ഥതയുടെയും ആഗ്രഹങ്ങളുടെയും സൂത്രങ്ങളാണ്. ഇവർ ബുദ്ധിപൂർവ്വം നിറം പിടിപ്പിച്ച നുണകൾ സമൂഹത്തിൽ പരത്തി അതിനെ സംഖ്യാബലവും പണവുമാക്കി മാറ്റുകയാണ്. ജീവിതത്തിലെ അനിശ്ചിതത്വങ്ങളായ ഭാഗ്യങ്ങളുടെയും നിർഭാഗ്യങ്ങളുടെയും ദുരന്തങ്ങളുടെയും കാരണങ്ങൾ കണ്ടുപിടിക്കാൻ ബുദ്ധിക്ക് കഴിയാതെ പോകുന്നതു കൊണ്ടാണ് ആത്മാവ്, ദൈവം എന്നൊക്കെ ഊഹിച്ച് മനുഷ്യർ പ്രാർത്ഥനാലയങ്ങളിൽ പോകുന്നത്. അല്ലാതെ അവയെക്കുറിച്ച് വ്യക്തമായ അറിവുള്ളതു കൊണ്ടല്ല. അതായത് കാരണങ്ങൾ അറിയാത്തതിനാൽ ബുദ്ധി ഉപയോഗിക്കുന്ന സൂത്രങ്ങളാണ് ഇവയെല്ലാം. ഒരു ഉദാരഹരണം ശ്രദ്ധിക്കുക. അവിചാരിതമായി കുറെ സമ്പത്ത് ഒരാളിൽ വന്നു ചേരുമ്പോൾ അയാളുടെ ബുദ്ധിക്ക് അതിന്റെ കാരണം കണ്ടുപിടിക്കാൻ കഴിയാതെ പോകും. അതിനെ ഭാഗ്യമെന്നും ദൈവാനുഗ്രഹമെന്നും സങ്കൽപ്പിച്ച് അയാൾ ദൈവത്തെ ആരാധിക്കുന്നു. ഇനി മറ്റൊരാൾക്ക് അപ്രതീക്ഷിതമായി ഒരു ദുരന്തം സംഭവിക്കുന്നു. കാരണം കണ്ടുപിടിക്കാൻ കഴിയാത്തതിനാൽ ബുദ്ധി അതിനെ നിർ ഭാഗ്യം എന്നും വിധി എന്നും കർമ്മഫലം എന്നും ദൈവകോപം എന്നും സങ്ക ൽപ്പിച്ച് അതിന് പരിഹാരത്തിനായി പ്രാർത്ഥിക്കുന്നു. സ്വാർത്ഥതയും ഭയവുമാണ് ദൈവമായി വേഷം മാറുന്നത്. ജീവിതം സംഭവിക്കുന്നതാണെന്ന് നാം എല്ലാം മറന്നു പോകുന്നു. അല്ലെങ്കിൽ ആ സത്യം അഹം നമ്മുടെ ബുദ്ധിയിൽ നിന്ന് മറച്ചു പിടിക്കുന്നു. അല്ലെങ്കിൽ അഹത്തിന് നിലനിൽക്കാൻ കഴിയില്ല. ആത്മാവിനെ അനുഭവിക്കാൻ കഴിയാത്ത ഒരാൾ ആത്മാവിനെക്കു റിച്ച് എന്ത് തന്നെ പറഞ്ഞാലും അതെല്ലാം അസത്യങ്ങളും നുണകളും അസംഭവ്യങ്ങളും ആയിരിക്കുമെന്ന് ആർക്കാണ് മനസ്സിലാക്കാൻ കഴിയാത്തത്?

ഭൗതികശാസ്ത്രത്തിൽ ആത്മാവിനെ പരസ്യമായി നിഷേധിച്ച, Determinism എന്ന അവസ്ഥ നിലനിന്നിരുന്ന ഒരു കാലം ഉണ്ടായിരു

ന്നു. എന്നാൽ അനിശ്ചിതത്വ സിദ്ധാന്തം കണ്ടുപിടിക്കപ്പെട്ടതോടെ Determinism-ത്തെ അവരും കൈവെടിഞ്ഞു. ഭൗതിക ശാസ്ത്രം ഒരു ആന്തരിക അനുഭവമല്ല. മറിച്ച് ഒരു ബാഹ്യ അനുഭവമാണ്. പഞ്ചേന്ദ്രിയങ്ങളിലൂടെ തന്നിൽ നിന്ന് അന്യമായതിനെ കണ്ടെത്തുകയും വിശദീകരക്കുകയുമാണ് അത് ചെയ്യുന്നത്. അതുകൊണ്ടാണ് സ്നേഹം, സന്തോഷം, ഭംഗി, വേദന എന്നീ ആന്തരിക അനുഭവങ്ങളെ പ്രതിപാദിക്കാനും അതിന്റെ സ്രോതസ്സ് കണ്ടെത്താനും ഭൗതിക ശാസ്ത്രത്തിന് കഴിയാതെ പോയത്. എന്നാൽ ഇവ നിലനിൽക്കുന്നില്ല എന്ന് വിശ്വസിക്കുവാൻ ആർക്കും കഴിയില്ലല്ലോ!

**ജീവിതം തിരിഞ്ഞെടുക്കാൻ നമുക്കാർക്കും കഴിഞ്ഞില്ല** ഇത് സൂചിപ്പിക്കുന്നത് നാം ജീവിക്കുന്നത് വെറും ഒരു സാധ്യതയിൽ മാത്രമാണ് എന്നാണ്. അതിനാൽ ഒരു ജന്മം തീർന്നാലും മറ്റൊരു ജന്മം നമുക്ക് മറ്റൊരു സാധ്യതയിൽ നീട്ടി തന്നാൽ വാങ്ങാതിരിക്കുവാൻ നമുക്ക് ആവില്ല. ഈ നഗ്നമായ സത്യം അറിയാത്തവരെപ്പോലെ നാം ജീവിക്കുന്നു. ഓർമ്മ വയ്ക്കുന്ന നാൾ മുതൽ മരണംവരെ സാങ്കൽപികവും നിലനിൽക്കാത്തതുമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഭാഗ്യ-നിർഭാഗ്യങ്ങളിലൂടെ നാം നെട്ടോട്ടം ഓടുകയാണ്. ആരോ നമ്മുടെ ബുദ്ധിയെ യഥാർത്ഥ സത്യത്തിൽ നിന്നു മറച്ചു പിടിക്കുന്നതായും നമുക്ക് അനുഭവപ്പെടുന്നു. കുടുംബത്തിലായാലും സമൂഹത്തിലായാലും നാം തന്നെ നിയമങ്ങൾ സൃഷ്ടിക്കുന്നു. ആ നിയമങ്ങൾ നാം തന്നെ ലംഘിക്കുന്നു എന്നിട്ട് നാം തന്നെ പശ്ചാത്തപിക്കുന്നു, ദുഃഖിക്കുന്നു. ഈ ദുഃഖം തടയാൻ ബുദ്ധി കൊണ്ട് നമുക്ക് കഴിയുന്നില്ല. **നിയമങ്ങളെ ലംഘിക്കുന്നവൻ ഹീനകർമ്മിയും പാലിക്കുന്നവൻ പുണ്യകർമ്മിയുമായി നമ്മുടെ ബുദ്ധി സങ്കൽപ്പിക്കുന്നു.** ഇതെല്ലാം ജീവിതത്തെ നീട്ടി കൊണ്ടുപോകാൻ ബുദ്ധി ഉപയോഗിക്കുന്ന സൂത്രങ്ങളാണ്. ഈ സൂത്രത്തിന്റെ രഹസ്യങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നതിനും ജീവിതം മനുഷ്യനിൽ എങ്ങിനെ സംഭവിക്കുന്നുവെന്നും അതിന്റെ ലക്ഷ്യവും ആവർത്തന സ്വഭാവങ്ങളും എന്തെല്ലാം എന്നും ഉച്ചനീചത്വങ്ങളും വേദനയും കഷ്ടതകളും ആത്മഹത്യയും ഭ്രാന്തും ക്രൂരകൃത്യങ്ങളും എന്തു കൊണ്ട് നിലനിൽക്കുന്നു എന്നുള്ള അന്വേഷണവും അവയുടെ വ്യക്തമായ ഉത്തരങ്ങളുടെ കണ്ടെത്തലുകളുമാണ് ബോധശാസ്ത്രത്തിന്റെ ഉത്ഭവത്തിന് കാരണമായത്.

ജീവിതം നമ്മുടെ സമ്മതം ഇല്ലാതെ നമുക്ക് നൽകപ്പെട്ടതാണ്. അത് ദൈവത്തിന്റെ സൃഷ്ടിയാണെന്ന് യുക്തിയിലൂടെ വാദിക്കുവാനും



സാധ്യമല്ല. കാരണം **ദൈവം എന്നത് പരിപൂർണ്ണ അറിവിന്റെയും പരമാനന്ദത്തിന്റെയും നിഷ്കാമ സ്നേഹത്തിന്റെയും ഉറവിടമാണെന്ന് നമ്മെ പഠിപ്പിച്ചിരിക്കുന്നു.** അത്തരം ഒരു പൂർണ്ണതയുടെ സൃഷ്ടിയിൽ വേദനയും രോഗങ്ങളും ദാരിദ്ര്യവും ഉച്ചനീചത്വങ്ങളും എങ്ങിനെ കടന്നുവെന്ന് ബുദ്ധിക്ക് യുക്തി-യുക്തമായി വിശദീകരിക്കുവാൻ കഴിയുന്നില്ല. എന്നാൽ നമ്മുടെ ബുദ്ധിയിൽ ആരോ ഒരു സൂത്രം സദാസമയവും പ്രയോഗിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ നാം മതവിശ്വാസികളായി മാറുന്നു. മതവിശ്വാസത്തിൽയുക്തി പ്രയോഗിക്കാൻ പാടില്ലല്ലോ! പക്ഷെ ഇത് നമ്മുടെ സത്യം അന്വേഷിക്കുന്നതിനുള്ള ഭീരുത്വം കൊണ്ടാണ്. ഈ ഭീരുത്വം ജന്മനാ നമുക്ക് ലഭിച്ചതാണ്. മതവിശ്വാസികൾ അല്ലാത്തവർ യുക്തിയിലൂടെ തീവ്രവാദികളാകുന്നു. അവർ കാർക്കശ്യ നിയമങ്ങൾ കൊണ്ട് സമൂഹത്തിന്റെ ഉച്ചനീചത്വങ്ങളും ദാരിദ്ര്യവും ഇല്ലാതാക്കാമെന്ന് വ്യാമോഹിക്കുന്നു. എന്നാൽ മതവിശ്വാസങ്ങളോ യുക്തിയുടെ പോരാട്ടമോ അല്ല ഉണ്ടാകേണ്ടത്. അവബോധം എന്ന ദൈവീകമായ തിരിച്ചറിവ് ബുദ്ധിയിൽ പ്രയോഗിക്കാൻ നാം പ്രാപ്തരാകണം. അതായത് മനുഷ്യന്റെ ബോധതലം ഉയരണം. യഥാർത്ഥമായ വിശ്വാസം,സ്നേഹം,അനുകമ്പ ഇവ എന്തെന്ന് ബോധം നമുക്ക് കാണിച്ചു തരും. അതിലൂടെ സമൂഹം മുന്നേറുമ്പോൾ ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം എന്തെന്ന് പിടികിട്ടും. അതിനാൽ ബോധോദയത്തിലേക്കാണ് മനുഷ്യബുദ്ധി വളരേണ്ടത്. ബോധം ഉയർന്ന ഒരു മനുഷ്യന്റെ ബുദ്ധി നേരായി മാത്രമെ പ്രവർത്തിക്കുകയുള്ളു. അതിന് നിയമങ്ങളുടെയും തോക്കുകളുടെയും ആവശ്യം ഇല്ല. ഓരോ മനുഷ്യനും **വഴിയും സത്യവും ജീവനും** ആകാൻ കഴിയും. ഒരുവന്റെ ബുദ്ധി ബോധോദയംവരെ ഉയരുമ്പോൾ ഭൗതിക ജീവിതത്തിൽ ബുദ്ധി ഒളിപ്പിച്ചിരുന്ന സൂത്രം പുറത്തു ചാടും. അതിനു പിന്നെ പിടിച്ചു നിൽക്കാൻ കഴിയില്ല. അവിടെ നിന്ന് ഒരു മനുഷ്യന്റെ ആത്മീയ ജീവിതം തുടങ്ങുന്നു. ബോധശാസ്ത്രം അതിനു വേണ്ടി മാത്രം നിലകൊള്ളുന്നു. അതിന്റെ പരമോന്നതമായ ലക്ഷ്യവും അതുതന്നെയാണ്.

**എന്റെ മനസ്സും എന്റെ ശരീരവും എന്റെ സമ്മതമില്ലാതെ അതിന് തോന്നിയ ഇടത്ത്, തോന്നിയ രീതിയിൽ ജന്മം എടുത്തിരിക്കുന്നു. അതിനാൽ അത് എന്റേതാകാൻ വഴിയില്ല. അതിൽ യുക്തിയില്ല. എന്റെ അനുവാദമില്ലാതെ ദുഃഖിക്കുകയും രോഗഗ്രസ്ഥമാകുകയും ചെയ്യുന്നു. എന്റെ ഭാഗ്യ-നിർഭാഗ്യങ്ങളെ മുൻകൂട്ടി അറിയാൻ എനിക്കു കഴിയുന്നില്ല.** ഈ നിസ്സഹായ അവസ്ഥയിൽ നിന്നാണ് ബോധശാസ്ത്രം

പഠിച്ചു തുടങ്ങേണ്ടത്. ഈ ശാസ്ത്രം വളരുന്നതും വികസിക്കുന്നതും സമൂഹത്തിൽ അല്ല,മറിച്ച് ഒരു മനുഷ്യന്റെ മനസ്സിലാണ്. സമൂഹം ബോധശാസ്ത്രത്തിന്റെ പ്രയോജനത്തെ മാത്രമെ പ്രതിഫലിപ്പിക്കുന്നുള്ളു. ഓരോരുത്തരുടെയും ബുദ്ധിക്കു മനസ്സിലാകുന്ന യുക്തിയിലൂടെ മാത്രമെ അത് മുന്നിലേക്ക് പോകുകയുള്ളു. സമാധി,നിർവ്വാണ, നിത്യജീവൻ,ആത്മാവിന്റെ മോക്ഷം ഇവ ഒരു വ്യക്തിയുടെ വ്യക്തിപരമായ കാര്യം മാത്രമാണ്. ഈ സത്യത്തെ മറച്ചുപിടിക്കാൻ മതങ്ങൾ ചില വിശ്വാസങ്ങൾ അഴിച്ചുവിട്ട് കൂട്ടത്തോടെ സ്വർഗ്ഗരാജ്യം പ്രാപിക്കാം എന്നും പ്രചരിപ്പിക്കുന്നു. അന്ത്യനാളും അന്ത്യവിധിയും അതിന്റെ സൂത്രങ്ങളായി നിലനിൽക്കുകയും ചെയ്യുന്നു. ഇത്തരം വിശ്വാസങ്ങളിലൂടെ, ഒരു വ്യക്തിയുടെ ബുദ്ധിക്ക് തന്റെ ആത്മാവിന്റെ അന്വേഷണമെന്ന കഷ്ടപ്പാടിൽ നിന്ന് രക്ഷപ്പെടാമല്ലോ! ആര് ആരെയാണ് കബളിപ്പിക്കുന്നത്?അവനവനെ തന്നെയാണ് അവനവൻ വഞ്ചിക്കുന്നത്. **ഓരോരുത്തരുടെയും ബുദ്ധി അവരവർക്ക് എതിരായാണ് സൂത്രം പ്രയോഗിക്കുന്നത്**,എന്നിട്ട് സ്വയം ബുദ്ധിമാനന്ന് അഹം അഹങ്കരിക്കുന്നു. വളരെ കഷ്ടമാണ് മനുഷ്യരുടെ അവസ്ഥ.

ബോധോദയം വരെ മാത്രമെ ബോധശാസ്ത്രത്തിന് ഒരു മനുഷ്യനിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളു. പിന്നീടുള്ള ആത്മീയ യാത്ര പൂർണ്ണജാഗ്രതയോടെയുള്ള ഒരു ജീവിതമാണ്. യഥാർത്ഥ ബോധത്തെ സദാസമയവും മനസ്സിൽ നിലനിർത്തി മരണംവരെ ജീവിതം ഒരു ആഘോഷമാക്കി ജീവിക്കുന്നു. നിഷ്കാമകർമ്മത്തിലൂടെ അയാൾ കർമ്മഫലത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. **ദുഃഖങ്ങളിൽ കുലുങ്ങാത്തവനും സുഖങ്ങളിൽ താൽപ്പര്യമില്ലാത്തവനും രാഗം,ഭയം,കോപം ഇവയില്ലാത്തവനായി** ഉയർന്ന ആന്തരിക ബുദ്ധിയിൽ സ്ഥിതപ്രജ്ഞനായ മുനിയായി മരണത്തെ ആനന്ദത്തോടെ സ്വീകരിക്കുന്നു. കാരണം മരണം എന്നത് അവന്റെ നിത്യജീവനിലേക്കുള്ള ഏക കവാടമാണ്. മരണത്തോടെ ആ കവാടം തുറക്കപ്പെടുകയും **ഉണർന്നിരുന്ന് മരിക്കുവാൻ പ്രാപ്തനാകുകയും ചെയ്യുന്നു**. കേൾക്കുമ്പോൾ എളുപ്പമെന്ന് തോന്നാമെങ്കിലും ഈ ആത്മീയ യാത്ര അത്ര എളുപ്പമല്ല. കാരണം ഭൂമിയിൽ ജീവിതം എടുത്തതിന് ചില കാരണങ്ങളുണ്ട്, അതിന് നഷ്ടപരിഹാരം കൊടുക്കേണ്ടതായിട്ടുണ്ട്. ആ നഷ്ടപരിഹാരം പണമായോ, പുണ്യകർമ്മമായോ കൊടുക്കാൻ കഴിയുമെന്ന് ആരും വ്യാമോഹിക്കേണ്ട. നിഷ്കാമകർമ്മിയായി സമൂഹത്തിൽ ജീവിക്കേണ്ടി വരുമ്പോൾ അനുഭവിക്കേണ്ടി വരുന്ന വേദനയും പീഢനങ്ങളുമാണ് ആ നഷ്ടപ



രിഹാരം. അതുകൊടുക്കുവാൻ നമ്മുടെ ഓരോരുത്തരുടെയും അഹത്തെ നാം പ്രേരിപ്പിക്കേണ്ടതായിട്ടുണ്ട്. വേദനയെ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ആളാണ് നമ്മുടെ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന അഹം എന്ന അഹങ്കാരം. സുഖലോലുപനും മടിയനും സ്വാർത്ഥനുമായ ആ അഹത്തെ നിശ്ചയധാർഢ്യം കൊണ്ട് കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. വേദനകളിൽ നിന്നും പീഢനങ്ങളിൽ നിന്നും നിഷ്കാമകർമ്മങ്ങളിൽ നിന്നും രക്ഷപ്പെടാൻ ആയിരക്കണക്കിന് സൂത്രവുമായി അത് നമ്മെ വഞ്ചിക്കുവാൻ തക്കം പാർത്തിരിക്കുകയാണ്. ജീവിതത്തെ തിരിച്ചറിയാൻ നമുക്ക് കഴിയണം. മനുഷ്യജന്മത്തിന്റെ പുണ്യവും മഹത്വവും സാധ്യതയും തിരിച്ചറിയാൻ നാം വളരെ വൈകിയിരിക്കുന്നു. **എന്റെ അനുവാദമില്ലാതെ ദുഃഖിക്കുകയും പ്രതികരിക്കുകയും പ്രതികാരം ചെയ്യുകയും ചെയ്യുന്ന മനസ്സാണ് എന്റേത് എന്ന് ഞാൻ അറിയുന്നു. അൽപ്പ സമയം കഴിയുമ്പോൾ ചെയ്തുപോയ തെറ്റിനെക്കുറിച്ചോർത്ത് പരസ്യമായോ രഹസ്യമായോ ഞാൻ പശ്ചാത്തപിക്കുന്നു**. അതായത് തെറ്റിനെക്കുറിച്ചുള്ള ഒരു കുറ്റബോധം നാം അറിയാതെ തന്നെ നമ്മുടെ മനസ്സിലേക്ക് കയറിവരുന്നു. ലോകത്തുള്ള ഒരു മൃഗവും താൻ ചെയ്തുപോയ തെറ്റിനെക്കുറിച്ചോർത്ത് പശ്ചാത്തപിക്കുന്നതായി ശാസ്ത്രം തെളിയിച്ചിട്ടില്ല. കാരണം അവബോധം എന്ന ദൈവീകമായ ഘടകം അവയുടെ ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നില്ല. അതായത് സസ്യങ്ങൾക്കും മൃഗങ്ങൾക്കും ബുദ്ധി ഉണ്ടെങ്കിലും ആത്മാവില്ല. അതിനാൽ ജനിക്കുകയും ജീവിക്കുകയും പ്രത്യുൽപ്പാദനം നടത്തുകയും ചെയ്യുന്ന കാലയളവിനുള്ളിൽ സസ്യങ്ങളും ജന്തുക്കളും അവയ്ക്ക് ഭൂമിയിൽ നിലനിൽക്കാൻ ആവശ്യമായവ മാത്രം തിരിച്ചറിയുന്നുള്ളു എന്ന് സാരം. അപ്പോൾ ഒരു കാര്യം വ്യക്തം. മനുഷ്യബുദ്ധിയിൽ തിരിച്ചറിവിനെ തിരിച്ചറിയുന്ന അവബോധം എന്ന ഒരു ഘടകം കൂടുതലായി **കൂട്ടിച്ചേർക്ക**പ്പെട്ടിരിക്കുന്നു. അത് ബുദ്ധിയുടെ ഘടകം ആയിരുന്നുവെങ്കിൽ എല്ലാ ജീവജാലങ്ങൾക്കും ആ ഘടകം ലഭിക്കുമായിരുന്നു. മനുഷ്യനു മാത്രം ലഭിച്ച ഈ ഘടകം അവന് ഒരു നിരീക്ഷകന്റെ പദവി ഈ ഭൂമിയിൽ നൽകുന്നു. തന്നെത്തന്നെ മാറി നിന്ന് നോക്കി കാണാൻ കഴിയുന്ന ഈ കഴിവിനെ **സാക്ഷിയാകൽ** എന്ന് ബോധശാസ്ത്രത്തിൽ പറയുന്നു. ഈ സാക്ഷിയാകൽ കഴിവ് നിസ്സാരമെന്ന് വിചാരിക്കരുത്. അതുകൊണ്ടാണ് മനുഷ്യർ പുതിയ പുതിയ സംഗതികൾ അറിയുന്നതിനും കാണുന്നതിനും അനുഭവിക്കുന്നതിനും വ്യഗ്രത കാട്ടുന്നത്. പ്രകൃതി മനോഹാരിതയും അൽഭുതങ്ങളും വൈചി

ത്ര്യങ്ങളും അവൻ കൗതുകത്തോടെ നോക്കി കാണുകയും ക്യാമറയിൽ പകർത്തി സൂക്ഷിച്ചു വയ്ക്കുന്നതും ഇതു കൊണ്ടാണ്. പഞ്ചേന്ദ്രിയങ്ങൾ ശരീരത്തിന് പുറത്തേക്ക് തുറന്നിരിക്കുന്നത് കൊണ്ടാണ് തന്നിൽ നിന്ന് അന്യമായതിനെ സാക്ഷി എന്നോണം നോക്കികാണാൻ അവൻ ഇഷ്ടപ്പെടുന്നത്. അത് അവനെ സന്തോഷിപ്പിക്കുകയും അമ്പരപ്പിക്കുകയും ഇക്കിളിപ്പെടുത്തുകയും ചെയ്യുന്നു. അതിനുവേണ്ടി എത്ര പണം ചിലവഴിക്കാനും ത്യാഗങ്ങൾ സഹിക്കുവാനും അവൻ തയ്യാറാകുന്നു. എന്നാൽ ഈ സാക്ഷിയാകലിന് പരമപ്രധാനമായ ഒരു ലക്ഷ്യം ഉണ്ടെന്ന് മനുഷ്യ ബുദ്ധിക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. തന്റെ വികാര-വിചാരങ്ങളെയും മനസ്സിനെയും സാക്ഷിയായി നോക്കി നിൽക്കാൻ പഠിച്ചാൽ ബുദ്ധിയെ അകത്തേക്ക് വികസിപ്പിക്കാമെന്ന സാധ്യതയും അവൻ കാണുന്നില്ല. ഈ കഴിവില്ലായ്മയെയാണ് മിസ്റ്റിക്കുകൾ അജ്ഞത എന്ന് വിളിക്കുന്നത്. ഈ അജ്ഞതയെ നീക്കം ചെയ്താൽ ബുദ്ധി അകത്തേക്ക് വികസിക്കുകയും യഥാർത്ഥ ബോധം എന്ന ആത്മാവിന് സാക്ഷിയാകാനും ആയിരം തേജസ്സുള്ള തന്റെ തന്നെ ആത്മാവിനെ **തൊട്ടറിയാനും** ആനന്ദ ലഹരിയിൽ ആറാടാനും കഴിയുമെന്നുള്ള സാധ്യത ബുദ്ധി തള്ളികളയുന്നു. ബോധശാസ്ത്രത്തിൽ സൈദ്ധാന്തികമായും പ്രായോഗികമായും പഠിപ്പിക്കപ്പെടുന്ന ഒരു വിഷയം ഈ ആന്തരിക സാക്ഷിയാകലാണ്.

നമ്മുടെ അനുവാദമില്ലാതെ മനസ്സിലേക്ക് കടന്നു വരുന്ന നെഗറ്റീവ് വികാരങ്ങളായ ലൈംഗിക ആസക്തി, പ്രതികാരം, വഞ്ചന, നുണ, ദുരാഗ്രഹങ്ങൾ, സ്വാർത്ഥത എന്നിവയെ ഒരു സാക്ഷിയായി മാറിനിന്ന് നോക്കാൻ പരിശീലിപ്പിക്കുകയും അങ്ങിനെ അവബോധം ഉപയോഗിച്ച് ബുദ്ധിയെ അതിന്റെ സൂത്രങ്ങളിൽ നിന്ന് സ്വതന്ത്രമാക്കുകയും ചെയ്യുമ്പോൾ മനസ്സ് സ്ഫടികം പോലെ തിളങ്ങുകയും യഥാർത്ഥ ജീവിതം എന്തെന്ന് അതിൽ പ്രതിഫലിക്കുകയും ചെയ്യുന്നു. ഇതിനെയാണ് ജ്ഞാനം എന്ന് മിസ്റ്റിക്കുകൾ വിളിക്കുന്നത്. അങ്ങിനെ ജ്ഞാനസ്വരൂപനായ യഥാർത്ഥ ബോധത്തെ അനുഭവിക്കാനും ആനന്ദലഹരിയിൽ മതിമറന്ന് നൃത്തം ചെയ്യാനും മനുഷ്യന് കഴിയുന്നു. ഈ സാക്ഷിയാകൽ നൽകുന്ന ആനന്ദം എത്ര വർണ്ണിച്ചാലും അത് തിരിച്ചറിയാത്ത ബുദ്ധിക്ക് മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടാണ്. കാര്യകാരണം ഇല്ലാത്ത പരമാനന്ദത്തെ ഭാവനയുടെ ഏഴ് അയലത്തു പോലും സങ്കൽപ്പിക്കാൻ കഴിയില്ല എന്നത് ഒരു ദുഃഖസത്യം മാത്രമാണ്.



ബോധശാസ്ത്രം ഒന്നിനേയും തെറ്റെന്നും ശരിയെന്നും വിധിക്കുന്നില്ല. അതാണ് ഈ ശാസ്ത്രത്തിന്റെ പ്രത്യേകത. ലോകത്തുള്ള ഏത് തത്വശാസ്ത്രം എടുത്താലും ഒന്ന് മറ്റൊന്നിന് എതിരായി നിൽക്കുന്നതു കാണാം. തെറ്റ്-ശരി എന്നത് അഹം നിലനിൽക്കുന്ന ബുദ്ധിയുടെ രണ്ടു വശങ്ങളാണ്. അതായത് ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ ഇവ പരസപരം കൂടിച്ചേർന്നിരിക്കുന്നു. ഒന്ന് മറ്റൊന്നിനെ ആശ്രയിച്ച് നിലനിൽക്കുന്നു. അതായാത് **മനുഷ്യജീവിതത്തിന്റെ എല്ലാ മൂല്യങ്ങളും ആപേക്ഷികങ്ങളാണെന്ന് സാരം**. ഒരു ഉദാഹരണം ശ്രദ്ധിക്കുക. ഒരു സർക്കാർ ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നു. സമൂഹം അംഗീകരിക്കാത്ത വളരെ നെഗറ്റീവായ ഒരു തിന്മയാണ് ഇത്. എന്നാൽ ബോധശാസ്ത്രം അതിനെ തെറ്റായി കാണുന്നില്ല. മറിച്ച് കൈക്കൂലി വാങ്ങിയാൽ അത് പുണ്യമായ തന്റെ സ്വന്തം ജന്മത്തിൽ നിലനിൽക്കുന്ന ആത്മാവിന്റെ സ്വാതന്ത്ര്യത്തെ അഥവാ നിത്യജീവനെ അഥവാ നിർവ്വാണയെ അഥവാ പരമാനന്ദ അവസ്ഥയെ എങ്ങിനെ ബാധിക്കുന്നുവെന്നും സ്വന്തം ജീവിതത്തിൽ പിന്നീടുള്ള അതിന്റെ പ്രതിപ്രവർത്തനം എന്തായിരിക്കുമെന്നും മാത്രമെ ബോധശാസ്ത്രം യുക്തി-യുക്തമായി ചൂണ്ടി കാണിക്കുന്നുള്ളു. യുക്തിയിൽ നിൽക്കുന്ന മനുഷ്യബുദ്ധിക്ക് താൻ ചെയ്യുന്ന ഏത് ഹീനപ്രവൃത്തികളും നല്ലതാക്കാനും നല്ല പ്രവൃത്തികളെ മോശമാക്കാനും കഴിയുമെന്നുള്ള സാധ്യത മനസ്സിലാക്കണം. കാരണം യുക്തി ആപേക്ഷികമാണ്. ആപേക്ഷികമായതിൽ സത്യത്തിന്റെ absolute അവസ്ഥ നിലനിൽക്കുകയില്ല എന്ന് ശാസ്ത്രം തെളിയിക്കുന്നു. ബുദ്ധി അടിസ്ഥാന ആഗ്രഹത്തിന്റെ സ്വാർത്ഥതയിലും ആർത്തിയിലും ജനിക്കുകയും നിലനിൽക്കുകയും ചെയ്യുന്നതിനാൽ അഹം എന്ത് ചിന്തിച്ചാലും ചെയ്താലും അതിനെ ന്യായീകരിക്കാൻ അത് സൂത്രങ്ങൾ പ്രയോഗിക്കുമെന്ന് തിരിച്ചറിയുക. ബോധശാസ്ത്രം ഒന്നിനേയും അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നില്ല. അതിനാൽ സമൂഹത്തിന്റെ നിലനിൽപ്പിനേയോ **പുരോഗതി**യേയോ ഇത് ബാധിക്കുന്നില്ല. തിന്മയെ തെറ്റായി കാണാത്തതു പോലെ തന്നെ നന്മയെ ശരിയായും കാണുന്നില്ല. മനുഷ്യബുദ്ധിയെ കബളിപ്പിക്കാൻ അഹം കണ്ടു പിടിച്ച സൂത്രങ്ങളാണ് നന്മ,തിന്മ,പാപം,പുണ്യം,വഞ്ചന, അനുകമ്പ ഇവയെല്ലാം. ഒളിഞ്ഞും തെളിഞ്ഞും ഉള്ള അഹത്തിന്റെ ചൂഷണ രീതികളാണ് ഇവ. നാം എല്ലാം പരസ്പരം ചൂഷണം ചെയ്യുകയും ചൂഷണത്തിന് വിധേയരാകുകയും ചെയ്യുന്നവരാണ്. കാരണം നമ്മിലെ സ്വാർത്ഥതയും ആഗ്രഹങ്ങളുമാണ് ഇവയുടെ അന്തർലീനമായ കാരണങ്ങൾ.

സംസ്കാരം ഉണ്ടെന്ന് ഭാവിക്കുന്ന നാം മൃഗങ്ങളേക്കാൾ ക്രൂരരും സംസ്കാര ശൂന്യരുമാണ്. ഏറ്റവും പവിത്രമായി നാം സങ്കൽപ്പിക്കുന്ന അച്ഛൻ,അമ്മ,മക്കൾ എന്ന ബന്ധത്തിൽ പോലും പരസ്പരം ചൂഷണ മനോഭാവമാണ് നിലനിൽക്കുന്നത്. അങ്ങിനെ അല്ല എന്ന് തെളിയിക്കാൻ നമുക്കാവില്ല. അത്രയ്ക്ക് വ്യക്തമാണ് ഇന്ന് മനുഷ്യ സമൂഹത്തിന്റെ ജീവിത അവസ്ഥ.

സമൂഹത്തിൽ നിലനിൽക്കുന്ന നന്മയും തിന്മയും പശ്ചാത്താപവും അനുകമ്പയും എല്ലാം ബുദ്ധിയുടെ സൂത്രങ്ങളാണ്. സ്വന്തം ആത്മാവിനെ കണ്ടെത്താനും രക്ഷപ്പെടുത്താനുമുള്ള അഹത്തിന്റെ മടിയും, ഊർജ്ജം ഇല്ലായ്മയും സ്വാർത്ഥതയും സുഖ ലോലുപതയുമാണ് ഈ സൂത്രങ്ങളിലൂടെ ബുദ്ധി മറച്ചു പിടിക്കുന്നത്. അതുകൊണ്ടാണ് തനിക്ക് ഉണ്ടാകുന്ന എല്ലാ നന്മകളുടെയും (ജീവിതത്തിന്റെ പൊസിറ്റീവ് വശങ്ങളായ സന്തോഷങ്ങൾ) കാരണം താനും തന്റെ ബുദ്ധിയും പ്രയത്നവും; എല്ലാ തിന്മകളുടെയും ദുരിതങ്ങളുടെയും കാരണം മറ്റുള്ളവരും അവരുടെ കുബുദ്ധിയുമാണെന്ന് നാമെല്ലാം പരസ്പരം സമർത്ഥിക്കുന്നത്. മനുഷ്യ സംസ്കാരം ഉയർത്തി പിടിക്കുന്ന ഉയർന്ന മൂല്യങ്ങളാണ് പശ്ചാത്താപം,അനുകമ്പ,കരുണ,ദയ, സ്നേഹം,ആത്മാർത്ഥത. എന്നാൽ ഇവയിൽ എല്ലാം സ്വാർത്ഥതയും ആഗ്രഹങ്ങളും ബന്ധങ്ങളിലെ ബന്ധനങ്ങളും ഒളിപ്പിച്ചു വച്ച് വളരെ തന്മയത്വത്തോടു കൂടി സമൂഹത്തിൽ പരസ്പരം പ്രയോഗിക്കാൻ എല്ലാ മനുഷ്യരും പ്രേരിപ്പിക്കപ്പെടുന്നു. ഫലമോ? ആത്മാവിന്റെ സ്വാതന്ത്ര്യം എന്നന്നേയ്ക്കുമായി നശിപ്പിക്കപ്പെടുന്നു. ദുഃഖങ്ങളും ദുരിതങ്ങളും വിധിയായി ഒരു കൂട്ടർ സ്വീകരിക്കുമ്പോൾ മറ്റൊരു കൂട്ടർ അതിനെ എങ്ങിനെ സന്തോഷമാക്കി മാറ്റാമെന്ന് ചിന്തിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. **മനുഷ്യബുദ്ധിയിൽ അവബോധം നിലനിൽക്കുന്നിടത്തോളം കാലം ബുദ്ധിക്ക് യുക്തി കൈവിടാൻ കഴിയില്ല. ബുദ്ധിയിൽ യുക്തി നിലനിൽക്കുന്നിടത്തോളം കാലം മനുഷ്യന്റെ ദുഃഖങ്ങൾക്ക് അവസാനം ഉണ്ടാകില്ല.** കാരണം യുക്തിയാണ് ദുഃഖം. കാര്യകാരണങ്ങളിൽ ജീവിതത്തെ തളയ്ക്കാൻ എല്ലാവരും അനുവദിക്കുന്നു. എന്നാൽ ജീവിതം യുക്തി-യുക്തമല്ല എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല . എന്തുകൊണ്ട് ജനിച്ചു? എന്നതിന് ഉത്തരം കണ്ടുപിടിക്കാൻ ബുദ്ധിക്ക് കഴിയാത്തിടത്തോളം കാലം എന്തു കൊണ്ട് ദുഃഖവും മരണവും വരുന്നുവെന്ന് വിശദീകരിക്കാനും കഴിയില്ല! ഇതും ഒരു യുക്തി -യുക്തമായ ചിന്തയാണ്.



ഒരു മനുഷ്യന്റെ തിരിച്ചറിവ് യുക്തിയായി നിലനിൽക്കുന്നിടത്തോളം അവന്റെ ബുദ്ധി അജ്ഞതയിൽ മറഞ്ഞിരിക്കുന്നു. അറിവ്,എന്ന് ആന്തരിക അനുഭവമാകുന്നുവോ അന്ന് അവന്റെ ബുദ്ധി ജ്ഞാനത്തിലേക്ക് വളരുന്നു. നൂറു വർഷം നീന്തലിന്റെ പാഠങ്ങൾ യുക്തിയിലൂടെ പഠിച്ചാലും വെള്ളത്തിൽ വീണാൽ താഴ്ന്ന് പോകും. എന്നാൽ നീന്തൽ എന്ന അറിവ് അനുഭവമായി വളർന്ന ഒരാളിൽ,ഒരു യുക്തിക്കും അയാളുടെ അറിവ് തെറ്റാണെന്ന് തെളിയിക്കാൻ കഴിയില്ല. ഇതിനു സമാനമാണ് യഥാർത്ഥ അറിവ്. ശാസ്ത്രീയമായി എങ്ങിനെ ആലോചിച്ചാലും രണ്ട് ചക്രമുള്ള സൈക്കിൾ നേരെനിൽക്കില്ല. മാത്രമല്ല, അതിന്റെ പെഡൽ ഉപയോഗിച്ച് ചക്രം കറക്കിയാൽ സൈക്കിൾ നേരെ സഞ്ചരിക്കില്ല എന്ന് സൈക്കിൾ അറിഞ്ഞുകൂടാത്ത പത്ത് പേരെക്കൊണ്ട് തെളിയിക്കാനും കഴിയും. എന്നാൽ സൈക്കിൾ ബാലൻസ് അനുഭവമായി വളർന്ന ഒരാളിന്റെ മുമ്പിൽ നേരത്തെ സൂചിപ്പിച്ച ശാസ്ത്രീയ അറിവ് തെറ്റാണെന്ന് വരുന്നു. ബോധശാസ്ത്രം ഈ മാർഗ്ഗമാണ് അവലംബിക്കുന്നത്. ആത്മാവിനെ കുറിച്ച് വേദാന്തങ്ങളും വിശുദ്ധ ഗ്രന്ഥങ്ങളും മിസ്റ്റിക് തത്വശാസ്ത്രങ്ങളും എന്തെല്ലാം പറഞ്ഞാലും അത് അനുഭവമാകാത്തിടത്തോളം കാലം മനുഷ്യബുദ്ധി സൂത്രത്തിൽ അതിനെ നിഷേധിച്ചു കൊണ്ടിരിക്കും. എല്ലാവരും പരസ്പരം സൂത്രങ്ങളാണ് പ്രയോഗിക്കുന്നതെങ്കിൽ ആരും ആർക്കും എതിരാകില്ലല്ലോ. എന്നാൽ **സൂത്രങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മതങ്ങളെ വ്യത്യസ്തങ്ങളായി നിലനിർത്തുകയും പരസ്പരം വൈരാഗ്യം സൃഷ്ടിക്കുകയും ചെയ്യുന്നു.**

അത്ഭുതം, അതീന്ദ്രിയ ശക്തി, ഹിപ്നോട്ടിസം, ഹോളിസ്റ്റിക് ഹീലിങ്, ഇസോട്ടറിസം, യോഗതെറാപ്പി, ഒക്കൾട്ടിസം ഇവയെല്ലാം മനുഷ്യരുടെ മാനസിക തലങ്ങളിൽ മാത്രം നിലനിൽക്കുന്നവയാണ്. ഇവയെ ബോധശാസ്ത്രം ബുദ്ധിയുടെ യുക്തി ഉപയോഗിച്ച് തന്നെ തള്ളിക്കളയുന്നു. മനസ്സിന്റെ നെഗറ്റീവും പൊസിറ്റീവും ആയ അനുഭവങ്ങളാണ് **ആത്മാവിന്റെ നിത്യജീവന് അഥവാ സ്വാതന്ത്ര്യത്തിന് പ്രധാന തടസം.** കർമ്മങ്ങൾ പൊസിറ്റീവ്, നെഗറ്റീവ് പരിധികളിൽ ദോലനം ചെയ്യുന്ന പ്രതിഭാസത്തെയാണ് നാം ജീവിതം എന്ന് വിളിക്കുന്നത്. ഈ ദോലനത്തിന്റെ പ്രധാന സൂത്രധാരൻ മനസ്സാണ്. **മനസ്സ് എന്നത് ഓർമ്മ,ബുദ്ധി,പഞ്ചേന്ദ്രിയങ്ങളുടെ സൂക്ഷ്മ സ്ഥിത ജ്ഞാനം ഇവ കൂടി ചേർന്നതാണ്.** ഈ മനസ്സിനെ നിസംഗതയിൽ കൊണ്ടുവരുക എന്നതാണ്

ബോധശാസ്ത്രത്തിന്റെ ഉദ്ദേശം. മനസ്സ് നിസംഗമാകുമ്പോൾ മനസ്സിന്റെ ദോലനത്തിന്റെ ആവൃത്തി കുറയുന്നു. ഇത് മനസ്സിന് പിന്നിലുള്ള ആത്മാവിനെ മനസ്സിനു മീതെ കൊണ്ടുവരാൻ സഹായിക്കുന്നു. ഇതിനെയാണ് **യഥാർത്ഥ ബോധത്തെ ഉയർത്തുക** എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. യഥാർത്ഥ ബോധത്തെ ഉയർത്തുവാനോ താഴ്ത്തുവാനോ കഴിയില്ല. കാരണം അത് ഉള്ളതാണ്, ജനന-മരണങ്ങൾക്ക് അതീതമാണ്. അതിന് ആദിയും അന്ത്യവും ഇല്ല. അത് പരമാർത്ഥ ജ്ഞാനമാണ്. ഇനി ഒന്നും അറിയാൻ ബാക്കിയില്ല എന്ന അറിവാണ്. മനസ്സിന്റെ ദോലനത്തിന്റെ ആവൃത്തി കുറയുമ്പോൾ യഥാർത്ഥ ബോധം മനസ്സിന് മുകളിലേക്ക് ഉയരുന്നതായി അനുഭവപ്പെടുകയാണ്. സത്യത്തിൽ മനസ്സിന്റെ അജ്ഞത കൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നത് പുറത്തേക്കു വരുന്ന അവസ്ഥയാണിത്. അതുകൊണ്ടാണ് ഈ പ്രതിഭാസത്തിന്റെ ആരംഭത്തെ നാം ബോധോദയം (ബോധത്തിന്റെ ഉദയം) അഥവാ Enlightenment എന്ന് വിളിക്കുന്നത്. ഈ ബോധോദയം സംഭവിക്കാൻ മനസ്സിനെ പാകപ്പെടുത്തുന്ന രീതിയാണ് ബോധശാസ്ത്രത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. വളരെ ചെറിയ ക്ലാസ് മുതൽ കുട്ടികളെ ഇത് പഠിപ്പിച്ചു തുടങ്ങിയാൽ മാത്രമെ ജീവിതാന്ത്യത്തോടെ ഇത് സംഭവിക്കാനുള്ള സാദ്ധ്യത തെളിയുകയുള്ളു. **ജീവനെ ബോധം സൃഷ്ടിച്ചതല്ല. മറിച്ച് ബോധം ജീവനെ സങ്കൽപ്പിച്ചതാണ്.** അതിന് സ്വാർത്ഥതയിൽ അടിയുറച്ച ലക്ഷ്യങ്ങളുമുണ്ട്. കാര്യകാരണ കർമ്മഫലങ്ങളായ സന്തോഷങ്ങളും ദുഃഖങ്ങളുമാണ് അത് തിരഞ്ഞെടുത്തത്. എന്നാൽ നാം അതിനെ തള്ളിക്കളയാൻ അവബോധം ഉപയോഗിച്ച് ബുദ്ധിയെ പ്രേരിപ്പിക്കുന്നു. അപ്പോൾ കാര്യകാരണ കർമ്മങ്ങൾ നിഷ്കാമകർമ്മത്തിലേക്ക് വഴുതി മാറുന്നു. ഇത് കാര്യകാരണങ്ങളെ നശിപ്പിക്കുകയും കാരണമില്ലാത്ത ജീവിതം അതായത് നിഷ്കാമ ജീവിതം സംഭവിക്കുകയും ചെയ്യുന്ന ഈ അവസ്ഥയെയാണ് പരമാനന്ദ അവസ്ഥ എന്ന് പറയുന്നത്. മനസ്സ് അതിന്റെ എല്ലാ ദുഃഖങ്ങളിൽ നിന്നും എന്നന്നേയ്ക്കുമായി കരകയറുന്നു. ജീവിതം സ്വപ്നങ്ങളേയും നൈമിഷിക സന്തോഷങ്ങളേയും വിട്ടകന്ന് യാഥാർത്ഥ്യത്തെ മുഖാമുഖം കാണുന്നു. ജീവിതം സങ്കൽപ്പിച്ച് സംഭവിപ്പിച്ചതാണെന്ന് നമ്മുടെ ബുദ്ധി അംഗീകരിക്കുന്നു. അപ്പോൾ ശത്രുക്കളും മിത്രങ്ങളും ഒന്നായി അനുഭവപ്പെടുന്നു. സഹജീവികളെല്ലാം സഹോദരങ്ങളായും മക്കളായും അനുഭവപ്പെടുന്നു. മറ്റുള്ളവരെ സ്നേഹിക്കുന്നതിനു പകരം നാം സ്വയം സ്നേഹമായി മാറുന്നു. നന്മ ചെയ്യുന്നതിനു പകരം സ്വയം നന്മയായി



മാറുന്നു. അഹിംസ എന്ന ഏറ്റവും ഉയർന്ന ബുദ്ധി മനസ്സിൽ സംഭവിക്കുന്നു. അപ്പോൾ അനുഭവിക്കുന്ന ആനന്ദാനുഭൂതി വർണ്ണനാതീതമായിരിക്കും. ഇതാണ് ബോധം നൽകിയ അവബോധം എന്ന ദാനത്തിന്റെ യഥാർത്ഥ ലക്ഷ്യം. മാനസിക തലത്തിൽ നിൽക്കുന്ന ജീവിതത്തെ പരമാനന്ദാവസ്ഥയായ ന്യൂട്രൽ ലൈഫിലേക്ക് അത് നയിക്കുന്നു. ആത്മാവിന്റെ സ്വാതന്ത്ര്യത്തിന്റെ അഥവാ നിത്യജീവന്റെ ആദ്യ പകുതി ഇതിലൂടെ സംഭവിക്കുന്നു. അതായത് ആത്മീയ ജീവിതത്തിലേക്കുള്ള ബോധം ഉദിക്കുന്നു. മിസ്റ്റിക് അവസ്ഥയിൽ ജനിച്ചവരും ആത്മീയ അന്വേഷകരും ബോധോദയത്തെ ആത്മീയ ജീവിതത്തിന്റെ അവസാനമായി കണക്കാക്കുകയും സമാധിയായും യോഗയായും നിത്യജീവനായും തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. ചില അപക്വങ്ങളായ മിസ്റ്റിക് ഗ്രന്ഥങ്ങളിലും ഈ തെറ്റുകൾ കാണാം. അതുകൊണ്ടാണ് തിന്മയിൽ നിലനിൽക്കുന്ന പ്രകൃതി,അതീന്ദ്രിയത്വമുള്ള മിസ്റ്റിക് അവസ്ഥ സംഭവിക്കാൻ സഹായിക്കുന്നതും അത്തരം മിസ്റ്റിക്കുകൾ മനുഷ്യ ദൈവങ്ങളായി മാറി സമൂഹത്തെ തെറ്റായ ആത്മീയതയിലും ആത്മീയ അഹങ്കാരം എന്ന സുതാര്യമായ സൂത്രത്തിലും അഹത്തെ നിലനിർത്തി സമൂഹത്തിൽ ആചാരങ്ങൾ എന്ന പേരിൽ ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും തെറ്റായ ആത്മീയ അന്വേഷണവും പ്രചരിപ്പിക്കുന്നതും. ആത്മാവിന്റെ സമാധിക്കും യോഗയ്ക്കും നിത്യജീവനും നിഷ്ക്രിയീകരിക്കൽ അഥവാ Passivation എന്ന രണ്ടാം പകുതിയിലൂടെ മാത്രമെ സാദ്ധ്യമാകുവെന്ന് ബുദ്ധിയുള്ള മിസ്റ്റിക്കുകളുടെ വചനങ്ങളിൽ നിന്ന് കണ്ടെത്താൻ ഇവർക്കു കഴിയാതെ പോയി. അടിസ്ഥാന ആഗ്രഹത്തിൽ നിലനിൽക്കുന്ന ജീവിതത്തെ മുഖാമുഖം കാണുന്നത് രണ്ടാം പകുതിയിലാണ്. ശാരീരിക വേദന എന്ന യാഥാർത്ഥ്യത്തെ എന്നന്നേയ്ക്കുമായി തള്ളിക്കളയുന്ന രീതിയാണ് നിഷ്ക്രിയീകരിക്കൽ. ബോധശാസ്ത്രത്തിന്റെ ഈ കണ്ടെത്തലുകൾ അപൂർവ്വമായ ഒന്നാണ്.

✦✦✦✦

## അദ്ധ്യായം - 2

# യഥാർത്ഥ ബോധവും പ്രപഞ്ചത്തിന്റെ ഉത്പത്തിയും

പ്രപഞ്ചത്തിന്റെ ഉത്പത്തിയെക്കുറിച്ച് ഭൗതിക ശാസ്ത്രത്തിന് വ്യക്തവും പൂർണ്ണവുമായ സിദ്ധാന്തങ്ങളില്ല. എന്നാൽ ബോധശാസ്ത്രം പ്രപഞ്ചോൽപത്തിയെ എങ്ങിനെയാണ് വിശകലനം ചെയ്യുന്നതെന്ന് നോക്കുക.

പ്രപഞ്ചോത്പത്തിയെ കുറിച്ച് അന്വേഷിക്കുന്നതിന് മുമ്പ് നാം നമ്മുടെ പരിമിതികളെ തിരിച്ചറിയേണ്ടതുണ്ട്. അഞ്ച് ഇന്ദ്രിയങ്ങൾ ശരീരത്തിന് പുറത്തേക്ക് തുറന്നിരിക്കുന്ന ഒരു ബോധസംവിധാനമാണ് മനുഷ്യൻ. അവബോധം എന്ന തിരിച്ചറിവിനെ തിരിച്ചറിയുന്ന ഒരു ഘടകവും മനുഷ്യ ബുദ്ധിയുടെ ഒരു ഭാഗവുമായി ബന്ധം നിലനിൽക്കുന്നതിനാൽ മറ്റു ജീവജാലങ്ങളിൽ നിന്ന് മനുഷ്യൻ ഒരു സാക്ഷിയുടെ പദവിയിലേക്ക് അല്ലെങ്കിൽ Observer-ന്റെ അവസ്ഥയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ഈ ഘടകം ബുദ്ധിയെ യുക്തി-യുക്തമായി ചിന്തിക്കുവാനും തിരിച്ചറിയുവാനും സഹായിക്കുന്നു. എന്നാൽ ഇന്ദ്രിയങ്ങളുടെ സൂക്ഷ്മ-സ്ഥിത ജ്ഞാനം വളരെ പരിമിതമായതിനാൽ പ്രപഞ്ചത്തെ സൂക്ഷ്മമായി പരിശോധിക്കാൻ മനുഷ്യ ബുദ്ധിക്ക് കഴിയാതെ പോകുന്നു. ഉദാഹരണത്തിന് ആയിരക്കണക്കിന് വ്യത്യസ്ത ആവൃത്തിയുള്ള വൈദ്യുത കാന്തിക തരംഗങ്ങൾ പ്രപഞ്ചത്തിൽ നിലനിൽക്കുന്നു. എന്നാൽ കണ്ണിന് നേരിട്ട് തിരിച്ചറിയാൻ കഴിയുന്നത് വെറും ഏഴു നിറങ്ങളെ മാത്രമാണ്. പക്ഷെ ബുദ്ധി തന്റെ തിരിച്ചറിവ് ഉപയോഗിച്ച് നേരിട്ടല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ ഇവയെ കണ്ടെത്തുകയും അവയെ ജീവിത സൗകര്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിനും പരിമിതികളുണ്ട്. ഈ ഉദാഹരണം സൂചിപ്പിക്കുന്നത് പ്രകൃതി മനുഷ്യന് തന്റെ രഹസ്യങ്ങൾ അറിയുന്നതിന് ഇന്ദ്രിയങ്ങളെയും ബുദ്ധിയെയും ഒരു പരിധിയിൽ കവിഞ്ഞ് വിലക്കിയിരിക്കുന്നു എന്നാണ്. **ഇതിന്റെ പ്രധാന കാരണം പ്രപഞ്ചവും അതിലെ പദാർത്ഥങ്ങളും ചതുർമാന പരിമാണത്തിൽ സ്ഥല- കാലത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നതാണ്.** അതായത് ചതുർമാനസ്ഥല-കാലത്തിന് അപ്പുറമായ ഒരു പരിമാണത്തെക്കുറിച്ച് മനുഷ്യ ബുദ്ധിക്ക് ഇന്ദ്രിയ ജ്ഞാനമില്ല എന്നർത്ഥം. ഈ അറിവിന്റെ പരിമിതിക്കു കരണം പരിമാണ വ്യത്യാസമാണ്. ഈ പരിമാണ വ്യത്യാസത്തെ ഉൾക്കൊണ്ടു വേണം നാം പ്രപഞ്ച ഉത്പത്തിയെ വിശകലനം ചെയ്യാൻ ശ്രമിക്കേണ്ടത്.



മനുഷ്യബുദ്ധിയുടെ യുക്തി-യുക്തമായ അറിവ് ആപേക്ഷികമായതിനാൽ അതിന്റെ കണക്കു കൂട്ടലുകൾ ഏതു കാലഘട്ടത്തിലും തിരുത്തപ്പെട്ടേക്കാം. ഈ തിരുത്തലുകളിലൂടെയാണ് ഭൗതിക ശാസ്ത്രം മുന്നിലേക്ക് നീങ്ങുന്നതും. ബോധശാസ്ത്രം അറിവിനെ രണ്ടായി തരം തിരിച്ചിരിക്കുന്നു. 1. ആപേക്ഷികമായ അറിവ് അഥവാ വിവരങ്ങൾ 2. യഥാർത്ഥമായ അറിവ് അഥവാ അനുഭവമാകുന്ന അറിവ്. അതായത് ഭൗതിക ശാസ്ത്രത്തിന്റെ അറിവുകൾ വെറും വിവരങ്ങൾ മാത്രമാണ്. അത് ഒരു വ്യക്തിയുടെ അനുഭൂതിയുടെ തലത്തിലേക്ക് ഉയരുന്നില്ല. എന്നാൽ യഥാർത്ഥ അറിവ് ഒരു മനുഷ്യന്റെ അനുഭൂതിയോ, അനുഭവമോ ആയിരിക്കും. അതിനാൽ സത്യത്തിനോട് കൂടുതൽ അടുത്തു നിൽക്കുന്നത് ഇത്തരം അറിവുകൾ ആയിരിക്കും. മനസ്സിന്റെ അനുഭൂതി തലത്തിൽ നിൽക്കുന്ന ഈ അറിവിനെ 'നിലനിൽക്കുന്നതല്ല' എന്ന **അനുഭവം** ആക്കി മാറ്റുന്നതിനെയാണ് മിസ്റ്റിക്കുകൾ ജ്ഞാനം എന്ന് വിളിക്കുന്നത്. ഒരു വ്യക്തിയുടെ ആന്തരിക മനസ്സിൽ കേന്ദ്രീകരിക്കപ്പെട്ടതും അനുഭവമായി നിലനിൽക്കുന്നതുമായ ഒന്നിനെ ഭാഷകൊണ്ടോ മറ്റു ഭൗതിക മാർഗ്ഗങ്ങളിലൂടെയോ മറ്റൊരാളിലേക്ക് പകർത്താൻ കഴിയാതെ പോകുന്നു. ബോധശാസ്ത്രത്തിലെ അറിവുകൾ സത്യത്തോട് കൂടുതൽ അടുത്തു നിൽക്കുന്നുവെങ്കിലും യുക്തിയുടെ അപര്യാപ്തത മൂലം അതിലേക്കുള്ള യാത്ര അത്ര എളുപ്പമല്ല. അതിനാൽ പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ബോധശാസ്ത്രത്തിന്റെ നിഗമനങ്ങൾ ഒരു അന്വേഷകന്റെ ആന്തരിക അനുഭൂതിയുടെ യുക്തി-യുക്തമായ ആവിഷ്ക്കാരമാണ്. അത് ഭൗതിക ശാസ്ത്രത്തോട് നൂറു ശതമാനവും നീതി പുലർത്തണമെന്നില്ല. പക്ഷെ സത്യത്തിന്റെ അളവ് ഈ ആന്തരിക അറിവിൽ വളരെ കൂടുതലായിരിക്കും. ഇത്തരം ഒരറിവിലേക്ക് ആർക്കും എത്തിച്ചേരാം. എന്നാൽ ബോധശാസ്ത്രത്തിന്റെ തത്വങ്ങളും അച്ചടക്കവും കർശനമായും അയാൾ പാലിക്കേണ്ടതുണ്ട് എന്ന് മാത്രം. ഇത്തരം ഒരു അവസ്ഥ ഭൗതിക ശാസ്ത്ര പഠനത്തിലില്ല.

സ്ഥല-കാലവും പ്രപഞ്ചവും ഉണ്ടാകുന്നതിനു മുമ്പ് ഇവിടം വെറും ശൂന്യത മാത്രമായിരുന്നു. ശൂന്യത എന്നത് ഒന്നും ഇല്ലാത്ത അവ

സ്ഥയോ സ്ഥലമോ അല്ല. ഏകദേശം നാം ഗാഢനിദ്രയിൽ ഉണർന്നിരിക്കുന്ന അവസ്ഥയാണിത്. ഇത് ബുദ്ധിയുടെ ഒരു അറിവല്ല,തികച്ചും ഒരു **അനുഭവമാണ്**. അതായത് ശരീരം ഇല്ലാതെ ഉണർന്നിരിക്കുന്ന ബോധാവസ്ഥ. മനുഷ്യ ബുദ്ധി ക്ക് ഒരു തരത്തിലും മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ. എന്നാൽ ഇത് ഭാവനയോ മനസ്സിന്റെ വിഭ്രാന്തിയോ അല്ല. ബോധശാസ്ത്രത്തിന്റെ സഹായത്താൽ ഇത് വളരെ എളുപ്പത്തിൽ കണ്ടു പിടിക്കാം. വേദന,സന്തോഷം ഇവ അനുഭവമാണ്,ബുദ്ധിക്ക് അത് തിരിച്ചറിയാം, പക്ഷെ ഒരുതരത്തിലും ഒരാളുടെ വേദന മറ്റൊരാളിലേക്ക് അതേ അളവിൽ സംവേദനം ചെയ്യാൻ ബുദ്ധിക്ക് കഴിയില്ല. ഏതാണ്ട് അതേ അവസ്ഥയാണ് മേൽ വിവരിച്ചത്.

ഈ ബോധാവസ്ഥ സ്ഥല-കാലങ്ങൾക്ക് അതീതവും, പരമാനന്ദവുമാണ്. ഗാഢനിദ്രയിൽ മാനസിക,ശാരീരിക ദുഃഖങ്ങൾ ഉണ്ടാകില്ല എന്നത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ഇത്തരം ഒരു പരമാനന്ദ അവ സ്ഥ മാത്രമെ പ്രപഞ്ച സൃഷ്ടിക്ക് മുമ്പ് ഉണ്ടായിരുന്നുള്ളു. എന്നാൽ അത്തരം ഒരു പരമാനന്ദാവസ്ഥയെക്കാൾ കൂടുതൽ സന്തോഷകരമായ അവസ്ഥ മാംസത്തിൽ ഉണ്ടാകാം എന്ന അത്യാഗ്രഹം,ഒരു ചിന്തയായി ബോധത്തിൽ കടന്നു കൂടി. ഇത് ഒരു വലിയ അറിവില്ലായ്മയായിരുന്നു. ഈ അറിവില്ലായ്മ എന്ന ചിന്തയാണ് പ്രപഞ്ച സൃഷ്ടിക്കും അതുവഴി മനുഷ്യ ജന്മത്തിനും കാരണമായത്. വളരെ വിചിത്രമെന്ന് തോന്നാമെങ്കിലും ഇന്ന് നിലവിലുള്ള അപൂർണ്ണമെങ്കിലും പുരാതനമായ ചില മിസ്റ്റിക് ഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിനാധാരമായ തെളിവുകൾ ലഭ്യമാണ്.

അങ്ങിനെ പരിമാണത്തിന് അതീതമായ അഥവാ ബഹുപരിമാണങ്ങൾ ഉള്ളതോ, പരിമാണം ഇല്ലാത്തതോ ആയ ഒരു ഏക സത്യം സ്ഥല-കാല ഊർ ജ്ജത്തിന്റെ സൃഷ്ടിക്കു കാരണമായി. സ്ഥല-കാല ഊർജ്ജങ്ങൾ മൂന്ന് ഘടകങ്ങളായി മനുഷ്യ ബുദ്ധിക്ക് അനുഭവപ്പെടുന്നുവെങ്കിലും ഇവ പരസ്പരം വേർതിരിക്കാൻ ആവാത്തതാണ്. ഇവ മൂന്നും ബോധത്തിന്റെ പ്രക്ഷേപണങ്ങളാണ്. ഇവയിൽ ഏത് ആദ്യം ഉണ്ടായി എന്നത് പ്രസക്തമല്ല. ഇവയ്ക്ക് ഒരുമിച്ചു മാത്രമെ നിലനിൽപ്പുള്ളു എന്ന് മനുഷ്യബുദ്ധി തിരിച്ചറിയുന്നു. അങ്ങിനെ പരമാനന്ദാവസ്ഥ എന്ന കാരണമില്ലാത്ത സന്തോഷം, കാര്യകാരണത്തോടു കൂടിയ സന്തോഷ



മാകാൻ കഴിവുള്ള പ്രപഞ്ച സൃഷ്ടിക്ക് കാരണമായി. യഥാർത്ഥ ബോധത്തെ ഈ സ്ഥല-കാല ഊർജ്ജം മറച്ചു പിടിച്ചിരിക്കുന്നു. അതായത് നശ്വരമായത് അനശ്വരതയെ മറച്ചുപിടിച്ചിരിക്കുന്നു.

ബോധം സങ്കൽപ്പങ്ങൾകൊണ്ട് സ്ഥലകാലത്തെ സൃഷ്ടിച്ച് അതിൽ ശക്തമായ ഒരു ഊർജ്ജപ്രവാഹം അനുഭവമാക്കിയുണ്ടായിരിക്കാം. ഈ ഊർജ്ജത്തെ ബോധശാസ്ത്രം ബുദ്ധിയുടെ ഒരു അളവായി കണക്കാക്കുന്നു. എന്നാൽ ഈ ബുദ്ധി സ്ഥല-കാലത്തിൽ പരിമിതമാണ്. ഈ ഊർജ്ജം ഉയർന്ന താപനിലയിൽ ആയിരുന്നതിനാൽ പദാർത്ഥ കണികകൾക്ക് രൂപപ്പെടാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ സ്ഥല-കാലത്തിൽ ഈ ഊർജ്ജം പരക്കാൻ തുടങ്ങിയപ്പോൾ താപനില താഴുകയും അടിസ്ഥാന പദാർത്ഥ കണികകൾ രൂപപ്പെടാൻ തുടങ്ങുകയും ചെയ്തിട്ടുണ്ടാകാം. ഈ കണികകളെ ബുദ്ധിയുടെ ചെറു യൂണിറ്റായി ബോധശാസ്ത്രം കണക്കാക്കുന്നു. ഈ കണികകൾ ലഘു ആറ്റങ്ങളും,തന്മാത്രകളുമായി രൂപപ്പെടാൻ തുടങ്ങിയപ്പോൾ ബുദ്ധി വർദ്ധിക്കാൻ തുടങ്ങി. ഇവിടെ നിന്നാണ് ബുദ്ധിയുടെ പരിണാമം അരംഭിക്കുന്നത്. ബോധശാസ്ത്രം പ്രപഞ്ച പരിണാമത്തെ ബുദ്ധിയുടെ പരിണാമമായി കണക്കാക്കുന്നു. യഥാർത്ഥത്തിൽ ബുദ്ധിയാണ് പദാർത്ഥങ്ങളുടെ രൂപത്തിൽ പരിണാമത്തിന് വിധേയമായത്. **ബുദ്ധിയുടെ ഈ പരിണാമം ആറ്റങ്ങളുടെയും,തന്മാത്രകളുടെയും വ്യത്യസ്തതയ്ക്കും സങ്കീർണ്ണതയ്ക്കും അനുപാതമായി കാണുന്നു. എന്നാൽ പദാർത്ഥങ്ങളുടെ പിണ്ഡവുമായും വ്യാപ്തവുമായും നേരിട്ട് യാതൊരു ബന്ധമില്ലാതെയും നിലനിൽക്കുന്നു.** അങ്ങിനെ പദാർത്ഥകണികകളുടെ വ്യത്യസ്തതയ്ക്കും സങ്കീർണ്ണതയ്ക്കും അനുസരിച്ച് ബുദ്ധി കത്തിജ്വലിക്കുന്ന നക്ഷത്രങ്ങളായും ഗ്രഹങ്ങളായും ഉപഗ്രഹങ്ങളായും മറ്റു പ്രപഞ്ച ശക്തികളായും നിലനിൽക്കാൻ തുടങ്ങി. ബുദ്ധിയുടെ പരിണാമം സമയത്തിൽ മുന്നിലേക്ക് പോയി. **പ്രപഞ്ചത്തിലെ ഓരോ പദാർത്ഥവും തങ്ങളുടെ നിലനിൽപ്പിന് ആധാരമായ ബുദ്ധിയുള്ളവയായി തീർന്നു.** ഉദാ: – ഒരു ആറ്റത്തിന്റെ നിലനിൽപ്പിന് ആവശ്യമായ ബുദ്ധി അതിൽ വികസിപ്പിച്ചിരിക്കുന്നു.

ഭൂമിയെപ്പോലുള്ള ഗ്രഹങ്ങൾ ഒരു പ്രത്യേക അവസ്ഥയിൽ രൂപപ്പെട്ടപ്പോൾ ജീവന്റെ ഉത്ഭവത്തിന് ആവശ്യമായ പ്രാണവായുവും ജലവും അതിൽ സൃഷ്ടിക്കപ്പെട്ടു (പരിണമിച്ചു). ബുദ്ധിയുടെ പരിണാ

മങ്ങൾക്കു പിന്നിൽ അജ്ഞതയിൽ നിലനിൽക്കുന്ന ഒരു ബോധമാണെന്ന് ഓർക്കണം. ഈ ബോധത്തെ ബോധശാസ്ത്രത്തിൽ അധമ ബോധം അഥവാ സഹജാവബോധം (doomed consciousness) എന്ന് പറയുന്നു. വേദന അനുഭവമായി ഈ ബോധതലത്തിൽ വന്നതു കൊണ്ടാണ് ഇതിനെ അധമ ബോധം എന്ന് വിളിക്കുന്നത്. പരമാനന്ദാവസ്ഥ ഒഴിച്ച് യഥാർത്ഥ ബോധത്തിന്റെ മറ്റെല്ലാ ഗുണങ്ങളും ഈ അധമബോധത്തിന് ഉണ്ട് എന്ന് മനസ്സിലാക്കുക. ബോധം എന്തെന്നും അതിന്റെ ഗുണങ്ങളും പ്രത്യേകതകളും എന്തെന്നും ബുദ്ധിക്ക് ഒരിക്കലും കണ്ടുപിടിക്കാൻ കഴിയില്ല,കാരണം പരിമാണവ്യത്യാസം തന്നെ (dimensional difference). ബുദ്ധിയുടെ പരിണാമത്തിലൂടെ പ്രപഞ്ചവും,അതിലെ പ്രതിഭാസങ്ങളും ഭൂമിയെപ്പോലുള്ള തിരഞ്ഞെടുക്കപ്പെട്ട ഗ്രഹങ്ങളുടെ അവസ്ഥയും അതിലൂടെ ജീവനും സൃഷ്ടിക്കപ്പെട്ടു. മനുഷ്യനിലേക്കുള്ള പരിണാമമായിരുന്നു അധമ ബോധത്തിന്റെ അന്തിമ ലക്ഷ്യം. ജീവ പരിണാമത്തിന്റെ അവസാനത്തെ കണ്ണി ആയിരിക്കണം മനുഷ്യൻ. കാരണം മനുഷ്യനിലാണ് നിലനിൽപ്പിന്റെ അടിസ്ഥാന ആഗ്രഹം (fundamental desire/ fd) എന്ന സ്വാർത്ഥ സന്തോഷത്തിന്റെ പൂർത്തീകരണം.

എന്താണ് ബോധത്തിൽ കടന്നു കൂടിയ അടിസ്ഥാന ആഗ്രഹം? **തിരിച്ചറിവിനെ തിരിച്ചറിയുന്ന അവ- ബോധം എന്ന യഥാർത്ഥ ബോധത്തിന്റെ ഒരു ഗുണം ഉപയോഗിച്ച് ലൈംഗിക സുഖം എന്ന പരമാനന്ദത്തിനും മീതെയുള്ള ഒരു സന്തോഷത്തെ മാംസത്തിൽ അനുഭവിക്കുക എന്ന ഒരു തെറ്റായ സ്വാർത്ഥ ചിന്തയാണ് അടിസ്ഥാന ആഗ്രഹം.** അതായത് ബോധശാസ്ത്ര പ്രകാരം പ്രപഞ്ചവും അതിലെ ചരാചരങ്ങളും മനുഷ്യനിലേക്കുള്ള പരിണാമത്തിന്റെ വിവിധ പടവുകൾ മാത്രമാണ്.

പദാർത്ഥങ്ങളുടെ അടിസ്ഥാന ഘടകമാണ് ബുദ്ധി എന്ന് സൂചിപ്പിച്ചുവല്ലോ. ഈ ബുദ്ധി ഓരോ വസ്തുവിന്റെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ആറ്റങ്ങളുടെയും തന്മാത്രകളുടെയും ഘടനയിലും സങ്കീർണ്ണതയിലും മാറ്റം വരുത്തിയാൽ **അതിന് ആനുപാതികമായി ബുദ്ധിയും വർദ്ധിച്ചു കൊണ്ടിരിക്കും.** പ്രകൃതിയിൽ ഇത് തനിയെ നടക്കും. എന്നാൽ ബോധവും മനുഷ്യബുദ്ധിയും അവബോധം മുഖേന ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ മനു



ഷ്യന് പദാർത്ഥങ്ങളുടെയോ,ഊർജ്ജത്തിന്റെയോ,'**ഘടന**'യിൽ കൃത്രിമമായി മാറ്റം വരുത്തി അവയുടെ ബുദ്ധി കൃത്രിമമായി വർദ്ധിപ്പിക്കുവാൻ കഴിയും. അതാണ് നാം ഇന്നു കാണുന്ന എല്ലാ ശാസ്ത്ര, സാങ്കേതിക വിദ്യയും. പക്ഷെ ഇതെല്ലാം അടിസ്ഥാന ആഗ്രഹത്തിന്റെ ഉത്പന്നങ്ങളാണെന്ന് നാം മറക്കരുത്.

കാര്യകാരണങ്ങളിൽ ബുദ്ധി നിലനിൽക്കുന്നതിനാൽ മനുഷ്യബുദ്ധിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായി,യുക്തി നിലനിൽക്കുന്നു. ഈ പ്രത്യേകത മറ്റു ജീവജാലങ്ങൾക്കോ,പദാർത്ഥങ്ങൾക്കോ ഇല്ല. കാരണം അവയുടെ ബുദ്ധി അവബോധം മുഖേന ബോധവുമായി ബന്ധപ്പെട്ടു നിൽക്കുന്നില്ല. അതിനാൽ അവയെല്ലാം അനസ്യൂതമായി മാറുകയും സഹജ വാസനയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. അതായത് പദാർത്ഥങ്ങളുടെയും ജീവജാങ്ങളുടെയും ബുദ്ധി അടയ്ക്കപ്പെട്ടതും കൽപ്പിതവുമാണ്. അതിനാൽ അവയെല്ലാം ഓരോ രീതിയിൽ മാത്രമെ നിലനിൽക്കുകയുള്ളു. അനസ്യൂതമായ മാറ്റത്തിന് ആയിരക്കണക്കിന് വർഷങ്ങൾ വേണ്ടിവരും. സസ്യങ്ങളും മൃഗങ്ങളും പദാർത്ഥങ്ങളിൽ നിന്ന് വളരെ ഉയർന്ന ബുദ്ധിയുള്ളവരാണെങ്കിൽ പോലും അവയ്ക്ക് ജനിക്കുക,വളരുക,പ്രത്യുൽപ്പാദനം നടത്തുക,മരിക്കുക എന്നതിന് ആവശ്യമായ ബുദ്ധിയും അതിനോട് ബന്ധപ്പെട്ട തിരിച്ചറിവും മാത്രമെയുള്ളു.

എന്നാൽ മനുഷ്യനിൽ ബുദ്ധി രണ്ടായി തിരിഞ്ഞിരിക്കുന്നതായി അനുഭവപ്പെടുന്നു. 1. മറ്റുജീവികളെപ്പോലെ ശരീരം ജനിക്കുന്നതിനും വളരുന്നതിനും ശരീരത്തിന്റെ ആന്തരിക പ്രവർത്തനം നടത്തുന്നതിനും പ്രത്യുൽപ്പാദനം നടത്തുന്നതിനും മരിക്കുന്നതിനും ആവശ്യമായ അടഞ്ഞ ബുദ്ധി അല്ലെങ്കിൽ സഹജാവബോധം (programmed intelligence) 2. മസ്തിഷ്കം എന്ന നാഢീവ്യൂഹ സംവിധാനത്തിന്റെ ഏതോ ഒരു ഭാഗത്തിന് ബോധവുമായി ബന്ധപ്പെട്ടു നിൽക്കുവാനുള്ള കഴിവിൽ നിന്ന് ലഭിച്ച വിവേക ബുദ്ധി. മനുഷ്യബുദ്ധിയിലെ രണ്ടാമത്തെ ബുദ്ധിയുടെ വികാസമാണ് മറ്റു ജീവജാലങ്ങളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്ന പ്രധാന ഘടകം. ഇതാണ് മനുഷ്യ ജന്മത്തിന്റെ പുണ്യവും അനുഗ്രഹവും. എന്നാൽ ഈ ബുദ്ധിയുടെ വികസനത്തെ തിരിച്ചറിയാനും അതിന്റെ യഥാർത്ഥ സാദ്ധ്യത എന്തെന്ന് കണ്ടെത്താനും മനുഷ്യൻ ഇതുവരെ ശ്രമിച്ചിട്ടില്ല. അതായത് മനുഷ്യ ബുദ്ധി

യുടെ ഒരു ഭാഗത്തിന് ബോധവുമായി നേരിട്ട് ബന്ധപ്പെടാനുള്ള കഴിവുണ്ട്. അങ്ങിനെ ബന്ധപ്പെടുമ്പോൾ ബോധം അവബോധമായി മാറുന്നു. ഇതുകൊണ്ട് മനുഷ്യബുദ്ധിയുടെ ഒരു ഭാഗത്തിന് തിരിച്ചറിവിനെ തിരിച്ചറിയാൻ കഴിയുന്നു. തിരിച്ചറിവ് ബുദ്ധിയാണെങ്കിൽ അതിനെ തിരിച്ചറിയാൻ മനുഷ്യ ബുദ്ധിക്കു കഴിയുന്നു. അതായത് **ഞാൻ ബുദ്ധിമാനാണ്,എനിക്ക് ചിന്തിക്കാൻ കഴിയും** എന്ന് ബുദ്ധി തന്നെ തിരിച്ചറിയുന്ന അവസ്ഥ. ഈ തിരിച്ചറിവ് മൂലം ബുദ്ധിക്ക് തിരിച്ചറിയാൻ കഴിയുന്ന ബോധത്തെ, ബോധശാസ്ത്രം യഥാർത്ഥ ബോധം എന്ന് വിളിക്കുന്നു. ഇതിനെയാണ് ആത്മാവ് എന്ന് മിസ്റ്റിക്കുകൾ വിളിക്കുന്നത്. മറ്റു ജീവജാലങ്ങളുടെയും പദാർത്ഥങ്ങളുടെയും ചേതനയായി അധമ ബോധം നിലനിൽക്കുമ്പോൾ മനുഷ്യന്റെ ബുദ്ധിയുടെ ഒരു ഭാഗത്തിന് യഥാർത്ഥ ബോധമായ (pure consciousness or real consciousness) ദൈവീകതയുമായി ബന്ധപ്പെട്ടു നിൽക്കാൻ കഴിയുന്നു. ഇത് എങ്ങിനെയാണ് മനുഷ്യജന്മത്തിന്റെ പുണ്യവും ശാപവുമാകുന്നത് എന്ന് വരുന്ന അദ്ധ്യായങ്ങളിൽ വ്യക്തമാക്കും. മേൽപ്പറഞ്ഞ ബുദ്ധിയുടെ ഈ പുണ്യം നിഷേധിക്കുവാൻ യുക്തിക്കു കഴിയില്ല. കാരണം തനിക്ക് തിരിച്ചറിവില്ല എന്ന് ഏതെങ്കിലും സ്വബോധമുള്ള മനുഷ്യൻ സമ്മതിക്കുമോ? അതായത് മനുഷ്യൻ ആത്മീയ ജീവിയാണെന്നും ആത്മാവ് ഒരു യാഥാർത്ഥ്യമാണെന്നും ഒരു തരത്തിലും നിഷേധിക്കുവാൻ കഴിയാത്ത സത്യമാണ്.

ബുദ്ധിയുടെ ഏറ്റവും അടിസ്ഥാന ഗുണമാണ് വളഞ്ഞ ആകൃതിയിലുള്ള ചലനം (motion in curved path). അതായത് ബുദ്ധി dynamic ആണെന്ന് അർത്ഥം. അതുകൊണ്ട് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും വളഞ്ഞ പാതയിൽ ചലിച്ചു കൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിന് നിശ്ചലം എന്ന ഒരവസ്ഥയില്ല. വളഞ്ഞ ചലനത്തിന്റെ സൂക്ഷ്മാവസ്ഥയാണ് ദോലനം അഥവാ പ്രകമ്പനം. ബുദ്ധി പ്രവർത്തിക്കുന്നത് പ്രകമ്പനത്തിലൂടെയാണ്. പൊസിറ്റീവ് നെഗറ്റീവ് എന്നീ രണ്ടു ദിശകളിൽ ബുദ്ധി എല്ലായ്പ്പോഴും സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അതായത് ബുദ്ധിക്ക് നിഷ്പക്ഷം അഥവാ നിഷ്കാമം എന്നൊരു സ്വതസിദ്ധമായ അവസ്ഥയില്ല. ബുദ്ധി നിഷ്കാമത്തിലേക്കോ,നിശ്ചലതയിലേക്കോ നീങ്ങിയാൽ വസ്തുബോധം നഷ്ടപ്പെടും. മറ്റു ജീവജാലങ്ങളുടെ ബുദ്ധി അടഞ്ഞതും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതുമാണ്. ആയതിനാൽ അവയ്ക്ക് പ്രത്യുൽപ്പാദനങ്ങളിലൂടെ നശിക്കാതെ നിലനിൽക്കുവാൻ



കഴിയുന്നു. എന്നാൽ മനുഷ്യബുദ്ധിയുടെ രണ്ടാമത്തെ ഭാഗത്തിന് യഥാർത്ഥ ബോധവുമായി ബന്ധപ്പെട്ടു നിൽക്കാൻ കഴിയും. അതിനാൽ ദേഹത്തെ ചൂണ്ടി കാണിച്ച് അത് ഒരു വ്യക്തി ബോധം രൂപപ്പെടുത്തുന്നു.ഈ വ്യക്തിബോധം മരണംവരെ നിലനിന്നാൽ മരണശേഷവും അത് പുതിയ ദേഹത്തെ വീണ്ടും സ്വീകരിക്കും. അങ്ങിനെ ജനന-മരണ അനുഭവങ്ങളിൽ ബോധം എന്നും വേദന അനുഭവിച്ചു കൊണ്ടിരിക്കും. ഈ പ്രോഗ്രാമിൽ മാറ്റം വരുത്താനും അതിലൂടെ ജനന-മരണങ്ങൾ ബോധത്തിന്റെ ഭ്രമമാണെന്ന് തിരിച്ചറിഞ്ഞ് അതിൽ നിന്ന് എന്നന്നേയ്ക്കുമായി രക്ഷപ്പെടാനും കഴിയും. എന്നാൽ മറ്റു ജീവജാലങ്ങൾക്ക് ഇത് കഴിയില്ല. അധമബോധത്തിന് മാത്രമെ അത്തരം ഒരു നീക്കം സാദ്ധ്യമാകുകയുള്ളു. പ്രപഞ്ച ജീവാനുഭവങ്ങളുടെ കാരണം ഈ അധമബോധമാണ്. അതിനാൽ ബോധത്തെക്കുറിച്ചുള്ള ഗഹനമായ പഠനങ്ങൾ ഇവയുടെ യഥാർത്ഥ കാരണങ്ങളെയും അവസ്ഥകളെയും തുറന്നു കാട്ടാൻ സഹായിക്കും. അതിലൂടെ ഒരു പക്ഷെ മനുഷ്യന് പ്രപഞ്ച പ്രതിഭാസങ്ങളെയും ജീവനെയും നിയന്ത്രിക്കാനും കഴിഞ്ഞെന്നു വരാം.

മനുഷ്യൻ അത്തരം ഒരു അഴിച്ചു പണി നടത്തി പ്രോഗ്രാമിൽ മാറ്റം വരുത്തി ജനന-മരണങ്ങളിൽ നിന്ന് രക്ഷപ്പെടണമെന്ന് എന്തുകൊണ്ട് ബോധശാസ്ത്രം പറയുന്നു എന്ന് ഇനിയുള്ള അദ്ധ്യായത്തിൽ നിന്ന് വ്യക്തമാകും. പ്രപഞ്ച സൃഷ്ടിയും അതിലെ ചരാചരങ്ങളുടെ ഉത്ഭവവും മനുഷ്യന്റെ ജീവിതവും സ്ഥല-കാലങ്ങളിലെ വെറും സംഭവങ്ങൾ മാത്രമാണ്. ഈ സംഭവങ്ങ ൾക്ക് ഒരു സാക്ഷിയായി നിലനിൽക്കാമെന്നല്ലാതെ മനുഷ്യന് കാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല. പ്രപഞ്ചവും അതിലെ ചരാചരങ്ങളും ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ദ്രിയങ്ങളുടെ പരിമിതമായ അറിവു കൊണ്ട് നാം അതിനെ തിരിച്ചറിയില്ല എന്നേയുള്ളു. ഉദാ:-ഭൂമി അതിവേഗം സ്വന്തം അച്ചുതണ്ടിൽ കറങ്ങുകയും സൂര്യനു ചുറ്റും വലം വയ്ക്കുകയും ചെയ്യുകയാണ്, എന്നാൽ നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അത് അനുഭവപ്പെടുന്നില്ല, നേരിട്ടല്ലാത്ത ചില യുക്തിയിലൂടെ നാം അത് കണ്ടെത്തുകയും മനസ്സിലാക്കുകയും ചെയ്യുകയാണ്. പ്രപഞ്ചത്തിന്റെ അനസ്യൂതമായ മാറ്റം അഥവാ ഒഴുക്കിൽ മനുഷ്യജീവിതവും ജനനം മുതൽ മരണംവരെ ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുകയാണ്. അതായത് മനുഷ്യജീവിതം ഒരു അനിശ്ചിതത്വ പ്രവാഹമാണെന്ന് ഇത് തെളിയിക്കുന്നു. എന്നാൽ ബുദ്ധി,ഓർമ്മ,പഞ്ചേന്ദ്രിയങ്ങൾ മൂലമുള്ള അറിവ് ഇവ മൂന്നും

കൂടിച്ചേർന്ന് മനസ്സ് അഥവാ അഹം അഥവാ വ്യക്തിബോധം എന്ന നിഴലിന് രൂപം നൽകിയിരിക്കുന്നതിനാൽ ഓരോ മനുഷ്യനും ഓരോ വ്യക്തിയാണെന്നും,ഒരു പ്രത്യേക പേരിന്റെയും ജാതിയുടെയും മത വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും ഉടമയാണെന്നും വെറുതെ സങ്കൽപ്പിക്കുകയാണ്. അതായത് നശ്വരതയെ സദാസമയവും മറന്നു കൊണ്ടിരുന്നാൽ മാത്രമേ സൃഷ്ടി യാഥാർത്ഥമായി അനുഭവപ്പെടുക യുള്ളൂ. ജനനം മുതൽ മരണംവരെ ജീവിതം സ്വപ്നങ്ങളിലും പ്രതീ ക്ഷകളിലും സങ്കൽപ്പങ്ങളിലും തള്ളിനീക്കുകയാണ്. പ്രപഞ്ച ഉത്പത്തി യുടെയും മനുഷ്യജന്മത്തിന്റെയും കാരണവും അർത്ഥവും ഗ്രഹിക്കാൻ ശ്രമിക്കാതെ അഹം അതിന്റെ സ്വതസിദ്ധമായ സ്വാർത്ഥതയിലും അഹ ങ്കാരത്തിലും താൻ ഒരു യഥാർത്ഥ വ്യക്തിയാണെന്ന സങ്കൽപ്പത്തിൽ ജീവിക്കുകയാണ്. അതിനുവേണ്ട എല്ലാ ഒത്താശകളും മതങ്ങളിലൂ ടെയും ശാസ്ത്രങ്ങളിലൂടെയും ലഭിക്കുന്നു. **മതങ്ങൾ അശാസ്ത്രീയ മായ വിശ്വാസങ്ങളിലൂടെയും ശാസ്ത്രം അസ്ഥിരമായ ആപേക്ഷിക യുക്തി കൊണ്ടും ജീവിതത്തെ സദാസമയവും കബളിപ്പിച്ചു കൊണ്ടി രിക്കുന്നു.** പ്രപഞ്ച ഉത്പത്തിയുടെ കാരണവും മനുഷ്യജീവിതത്തിന്റെ വ്യാമോഹങ്ങളും ഇതിൽ നിന്ന് വ്യക്തമാകുന്നു.

ബുദ്ധിയുടെ പരിണാമ പ്രക്രിയയിൽ മൂന്ന് അത്ഭുത പ്രതിഭാസ ങ്ങളാണ് നാം കാണുന്നത്. 1. പദാർത്ഥ തന്മാത്രകളുടെ സങ്കീർണ്ണത വർദ്ധിച്ച് ജീവകോശങ്ങൾ രൂപപ്പെട്ടത്. 2. ജീവകോശങ്ങൾക്ക് ചലന ശേഷിയുള്ള അവയവങ്ങൾ ലഭിച്ചത്. 3. മനുഷ്യബുദ്ധിയുടെ ഒരു ഭാഗ ത്തിന് ബോധത്തെ അവ-ബോധമായി സ്വീകരിക്കുവാനുള്ള കഴിവു ലഭിച്ചത്.

അവബോധം ബുദ്ധിയുടെ ഒരു ഘടകമല്ല. അങ്ങിനെ ആയിരു ന്നുവെങ്കിൽ എല്ലാ ജീവജാലങ്ങൾക്കും തിരിച്ചറിവിനെ തിരിച്ചറിയാൻ കഴിയുമായിരുന്നു. എന്നാൽ മനുഷ്യ ശരീരത്തിലെ നാഢീവ്യൂഹമെന്ന ഭാഗവുമായി അവ-ബോധത്തിന്റെ സഹായത്തോടെ യഥാർത്ഥ ബോധത്തെ തിരിച്ചറിയാൻ കഴിഞ്ഞു എന്നുള്ളത് മനുഷ്യനു മാത്രം ലഭിച്ച പുണ്യമാണ്. ഇതിലൂടെ ശരീരത്തെ വേദനയുടെയും മനസ്സിനെ ദുഃഖത്തിന്റെയും മാദ്ധ്യമമായി മാറ്റി എന്നത് അതിന്റെ ശാപവുമാണ്.

✦✦✦✦



## അദ്ധ്യായം – 3

# ജീവിതമെന്ന മിഥ്യയും സത്യവും

**ജീവിതമെന്ന മിഥ്യ:-**

ജീവിതത്തിന് വ്യക്തമായ ഒരു നിർവ്വചനം അസാധ്യമാണ്. ഭൗതിക അർത്ഥത്തിൽ ജീവിതം മിഥ്യയും നശ്വരവുമാണ്,എന്നാൽ ആത്മീയ അർത്ഥത്തിൽ സത്യവുമാണ്. വെള്ളവും വെളിച്ചെണ്ണയും പോലെ ഇത് രണ്ടും പരസ്പരം കൂട്ടിച്ചേർക്കാൻ പറ്റാത്തതാണ്, എന്നിട്ടും മനുഷ്യർ ഈ പാഴ്വേല ജീവിതാവസാ നംവരെ ചെയ്തു കൊണ്ടിരിക്കുന്നു. ഇത് വല്ലാത്ത ഒരു ഗതികേടാണ്.

ജീവിതം സംഭവിച്ചതാണെന്ന് നമ്മുടെ ബുദ്ധിക്ക് എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയും. എന്നാൽ അത്രയും ആഴത്തിലേക്ക് ചിന്തി ക്കുവാനും അത് അനുഭവജ്ഞാനത്തിന്റെ തലത്തിൽ കൊണ്ടുവരു വാനും നാം ശ്രമി ക്കുന്നില്ല. അത്തരം ഒരു അനുഭവജ്ഞാനത്തിലേക്ക് ഉയരാൻ നമ്മെ ആരോ തടയുന്നതു പോലെ നമുക്ക് അനുഭപ്പെടു ന്നു. ഏഴ്-എട്ട് വയസ്സ് പ്രായമാകുമ്പോൾ മുതലാണ് നാം നമ്മെ തിരി ച്ചറിയാൻ തുടങ്ങുന്നത്. ഒരു പ്രത്യേക പേരിൽ, ഒരു പ്രത്യേക മത ത്തിൽ,ഒരു പ്രത്യേക ജാതിയിൽ,ഒരു പ്രത്യേക കുടുംബാന്തരീക്ഷത്തിൽ നാം ജീവിച്ചിരിക്കുന്നതായി അറിയുന്നു. അന്ന് മുതൽ മരണംവരെ **'ഞാൻ'**എന്ന അഹത്തിൽ ഒരു വ്യക്തി എന്ന അഹങ്കാരത്തിൽ, എന്റേതും ഞാനും മാത്രമാകുന്ന ഒരു സ്വകാര്യ ലോകത്തിൽ പണ ത്തിന്റെയും പദവിയുടെയും സ്വാർത്ഥ മോഹങ്ങളുടെയും ലഹരിയിൽ ജീവിതം തീർക്കാൻ ശ്രമിക്കുന്നു. നമുക്ക് ഒരു ജീവിതമെ ഉണ്ടായിരു ന്നുള്ളുവെങ്കിൽ ഇങ്ങനെയൊക്കെ ജീവിച്ചാൽ മതിയായിരുന്നു. അതി നുശേഷം നാം ജനിക്കുന്നില്ലല്ലോ? **ഇവിടെയാണ് ജീവിതം ഒരു രഹ സ്യമായും ഗൂഢാലോചനയായും മാറുന്നത്**.

ലോകത്തുള്ള സകല മതങ്ങളും ആചാരങ്ങളും സംസ്കാരങ്ങളും പരിശോധിച്ചാൽ യഥാർത്ഥ ജീവിതവുമായി യാതൊരുവിധ ബന്ധങ്ങ ളുമില്ലാത്ത ധാരാളം കാര്യങ്ങൾ അവ പഠിപ്പിക്കുന്നതായും അടിച്ചേൽപ്പി ക്കുന്നതായും നമുക്ക് തിരിച്ചറിയാൻ കഴിയും. ബുദ്ധിയുടെ തിരിച്ച റിവ് ഉപയോഗിച്ച് പലപ്പോഴും നാം ഇതിനെ പരസ്യമായും രഹസ്യ

മായും ചോദ്യം ചെയ്യുമെങ്കിലും വ്യക്തമായ ഉത്തരം സമൂഹത്തിൽ നിന്നും നമ്മുടെ ബുദ്ധിയിൽ നിന്നും ലഭിക്കാത്തതിനാൽ നാം ജീവിതത്തെ അവഗണിക്കുന്നു അല്ലെങ്കിൽ ജീവിതത്തെ മരണംവരെ വലിച്ചിഴയ്ക്കുന്നു.

ഇന്ന് ലോകത്ത് നിലവിലുള്ള ഒരു മതവും ആത്മാവിനെയും അതിന്റെ മരണമില്ലായ്മയേയും ബോധശാസ്ത്രം വിശകലനം ചെയ്യുന്ന രീതിയിലോ, തെളിയിക്കുന്ന രീതിയിലോ സമൂഹത്തിൽ പഠിപ്പിക്കുന്നില്ല. എന്നാൽ പ്രമുഖ മതങ്ങൾക്ക് ആധാരമായ മതഗ്രന്ഥങ്ങൾ പരിശോധിച്ചാൽ അവിടവിടെയായി വളരെ വ്യക്തമായും സംശയാതീതമായും നേരിട്ടും അല്ലാതെയും ഈ സത്യം ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നതായി കാണാം. എന്നിട്ടും എന്തേ മതപണ്ഢിതന്മാരും വിശ്വാസികളും ഇത് മനസ്സിലാക്കാത്തത്? ഇവിടെയാണ് ജീവിതം ഒരു ഗൂഢാലോചനയും രഹസ്യവുമാണെന്ന് ബോധശാസ്ത്രം പറയുന്നത്. ലോകത്തുള്ള പ്രധാനപ്പെട്ട മതഗ്രന്ഥങ്ങൾ ഒട്ടും തന്നെ മനുഷ്യന്റെ ഭൗതിക ജീവിതത്തെ അനുകൂലിക്കുന്നില്ല എന്നുമാത്രമല്ല അത് നശ്വരമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. രണ്ട് വ്യത്യസ്തങ്ങളായ മിസ്റ്റിക് വചനങ്ങൾ ശ്രദ്ധിക്കുക. **''നീ ലോകം മുഴുവനും നേടിയാലും നിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിലാൽ,നേടിയ ലോകം കൊണ്ട് നിനക്ക് എന്ത് പ്രയോജനം'' (ബൈബിൽ)** .

**''മനുഷ്യൻ എങ്ങിനെ കീറിയ വസ്ത്രങ്ങൾ വെടിഞ്ഞു അപരങ്ങളായ പുതിയവ സ്വീകരിക്കുന്നുവോ അതുപോലെ ആത്മാവ് ജീർണ്ണിച്ച ദേഹങ്ങൾ വെടിഞ്ഞ് വേറെ ദേഹങ്ങൾ കൈക്കൊള്ളുന്നു''**(ഭഗവത് ഗീത).

ഈ രണ്ട് മിസ്റ്റിക് വചനങ്ങളും സൂചിപ്പിക്കുന്നത് ആത്മാവ് മരിക്കാത്തതാണെന്നും അത് നശ്വരമായ ശരീര ബന്ധത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെട്ടില്ല എങ്കിൽ വീണ്ടും മറ്റു ശരീരങ്ങൾ എടുക്കുമെന്നുമാണ്. ഈ വചനങ്ങൾക്ക് ഒരു വ്യഖ്യാനമോ,മുഖപ്രസംഗമോ,വിശദീകരണമോ ആവശ്യമില്ല. എന്നാൽ ഈ മതങ്ങൾ പഠിപ്പിക്കുന്നവരും അത് വിശ്വസിക്കുന്നവരും ജീവിതത്തിൽ എപ്പോഴെങ്കിലും എന്താണ് ഈ ആത്മാവ്? തനിക്ക് ഈ ആത്മാവിനെ തിരിച്ചറിയാനും അനുഭവിക്കുവാനും കഴിയുമോ? **ആത്മാവിനെ സ്വതന്ത്രമാക്കിയില്ല എങ്കിൽ ഇനിയും ശരീരം എടുക്കേണ്ടി വരുമെന്നും ശരീരം തനിക്കു തിരഞ്ഞെടുക്കാൻ സാദ്ധ്യമല്ല എന്നും മനസ്സിലാക്കുന്നുണ്ടോ?** വളരെ വ്യക്തവും പച്ചയുമായ സത്യങ്ങൾ നാം എത്ര ലാഘവത്തോടെയാണ് കാണുന്നതെന്നും അതിന് നാം ജീവിതത്തിൽ എന്ത് പ്രാധാന്യമാണ് കൊടുത്തിട്ടുള്ളത് എന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല എങ്കിൽ ജീവിതം നമ്മെ നോക്കി വിഡ്ഢി എന്ന് വിളിക്കുന്നത് മറച്ചു പിടിക്കാൻ നാം ഒരുപാട് ബുദ്ധിമുട്ടേണ്ടി വരും.



ഇത്രയും ലളിതമായ ആത്മാവ് എന്ന സത്യം അനുഭവ ജ്ഞാനത്തിലേക്ക് വളരാൻ നമ്മെ തടസ്സപ്പെടുത്തുന്നത് എന്താണ്? അതിന്റെ പിന്നിൽ പ്രവൃത്തിക്കുന്നത് ആരാണ് എന്ന് കണ്ടെത്താൻ ഒന്നു പരിശ്രമിച്ചു നോക്കാം. വളരെ ലളിതമാണ് ആത്മാവ് എന്ന സത്യം നമ്മിൽ നിലനിൽക്കുന്നുണ്ട് എന്ന് തിരിച്ചറിയാൻ. നമുക്ക് തിരിച്ചറിവില്ല എന്ന് സ്വബോധം ഉള്ള ആരും അംഗീകരിക്കില്ല. അങ്ങിനെ പറയാൻ കഴിയുന്നവനെയാണ് നാം ഭ്രാന്തൻ എന്ന് വിളിക്കുന്നത്. **എന്നെ തന്നെ ഞാൻ തിരിച്ചറിയുന്നത് ഏതു ഘടകം ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നതു കൊണ്ടാണോ,ആ ഘടകത്തെയാണ് ആത്മാവ് എന്ന് വിളിക്കുന്നത്.** ഈ ഘടകം ഇല്ലാത്ത ഒരു ജീവിയും ആത്മീയ ജീവിയല്ല. അപ്പോൾ ഒരു കാര്യം വ്യക്തമാണ്. ഈ ഭൂമിയിൽ മനുഷ്യനല്ലാതെ മറ്റൊരു ജീവിക്ക് ആത്മാവ് ഉണ്ടെന്ന് തെളിയിക്കാൻ നമുക്ക് കഴിയില്ല. ഇത്ര യും ലളിതമായ ഈ ജീവിത സത്യം നമുക്ക് തിരിച്ചറിയാൻ കഴിയില്ല,അല്ലെങ്കിൽ ഇതുവരെ തിരിച്ചറിഞ്ഞില്ല എന്ന് ആർക്ക് പറയാൻ കഴിയും? ആർക്കും കഴിയില്ല,എന്നാൽ നാം ആ കഴിവ് നേടാത്തവരെപ്പോലെ,മൃഗത്തിനു തുല്യമായി അല്ലെങ്കിൽ മൃഗത്തേക്കാൾ മോശമായി ജീവിക്കുന്നു.

ബോധശാസ്ത്രത്തിലൂടെ ഒരു മനുഷ്യ ജന്മത്തെ മനസ്സിലാക്കാൻ ശ്രമിച്ചു നോക്കാം. സാധ്യവും അസാധ്യവുമായ ആയിരക്കണക്കിന് ആഗ്രഹങ്ങളിലൂടെയാണ് ഒരു മനുഷ്യൻ തന്റെ ജീവിതത്തെ നയിക്കുന്നത്. അതിനാൽ വാർദ്ധക്യം മൂലമുള്ള സ്വാഭാവികമായ മരണക്കിടക്കയിൽ കിടക്കുന്ന ഒരാളുടെ മനസ്സിൽ പൂർത്തീകരിക്കാൻ ആകാത്ത ആഗ്രഹങ്ങളും ആകാംഷയും ഉണ്ടായിരിക്കും. എല്ലാ ആഗ്രഹങ്ങളും അഭിലാഷങ്ങളും തീർത്ത് മരണക്കിടക്കയിൽ കിടക്കുന്ന ഒരാളെ നമുക്ക് കാണാൻ കഴിയില്ല. അതായത് ഏതൊരു മനുഷ്യനും വൃദ്ധനായി സ്വാഭാവിക മരണത്തിലേക്ക് കടക്കുമ്പോൾ അയാളുടെ മനസ്സിൽ അനേകം പൂർത്തീകരിക്കാനാവാത്ത ആഗ്രഹങ്ങൾ ഉണ്ടായിരിക്കും. അടിസ്ഥാന ആഗ്രഹത്തിന്റെ (വായു, വെള്ളം, ആഹാരം, പാർപ്പിടം) വികല

മായ (perverted) രൂപഭേദങ്ങളാണ് ഈ ആഗ്രഹങ്ങൾ എന്ന് നമുക്കറിയാം. ആഗ്രഹം ആണ് പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ഉത്ഭവ കാരണം എങ്കിൽ, ആ കാരണം മരണ സമയത്ത് വീണ്ടും നിലനിൽക്കുന്നതിനാൽ ആ മനസ്സും അതിന്റെ ബന്ധനത്തിൽ നിൽക്കുന്ന യഥാർത്ഥ ബോധവും (ആത്മാവ്) വീണ്ടും ജനിക്കും എന്നത് ഉറപ്പാണ്. അത് യുക്തി -യുക്തവുമാണ്. മരണത്തോടെ മനസ്സും അതിലെ ആഗ്രഹങ്ങളും **മറ്റേതോ പരിമാണത്തിലേക്കു കടക്കുന്നു എന്നേയുള്ളു.** ഭൂമിയിൽ ജീവിച്ചിരിക്കുന്ന രണ്ട് വ്യക്തികൾ (സ്ത്രീയും പുരുഷനും) ചില പ്രത്യേക ആഗ്രങ്ങളോടെ പരസ്പരം ലൈംഗിക ബന്ധത്തിൽ ഏർപ്പെടുമ്പോൾ അവരുടെ ആഗ്രഹങ്ങളും സ്വാർത്ഥതയും ഏത് രീതിയിലുള്ളതാണോ അതിനോട് ട്യൂൺ ചെയ്യാൻ കഴിവുള്ള ആഗ്രഹങ്ങളിൽ മരിച്ചു പോയ ഒരു മനസ്സ് ആ വ്യക്തികളിൽ പുത്രനോ,പുത്രിയോ ആയി ജനിക്കാൻ ഇടയാകുന്നു. അങ്ങിനെ നോക്കിയാൽ ഒരു വ്യക്തി രണ്ട് ജീവിത തലത്തിലുള്ള ആഗ്രഹങ്ങളുടെ ആകെ തുകയാണെന്ന് വരുന്നു. അതായത് മനുഷ്യൻ ജന്മം **ചോദിച്ചു** വാങ്ങുന്നതാണ്, ഒരു കാരണവുമില്ലാതെ സംഭവിക്കുന്നതല്ല. പക്ഷെ മനുഷ്യബുദ്ധിക്ക് ഈ ചോദിച്ചുവാങ്ങൽ തിരിച്ചറിയാൻ കഴിയാത്തതു കൊണ്ട് ജീവിതം താൻ ചോദിച്ചു വാങ്ങിയതല്ല എന്ന് ബുദ്ധി സമർത്ഥിക്കുന്നു. ദുഃഖവും ദുരിതവും വേദനയും മാത്രമായ ഒരു ജീവിതം ബുദ്ധിയുള്ളവൻ ചോദിച്ചു വാങ്ങില്ല എന്ന് അധമബോധം അറിയുന്നതു കൊണ്ടാണ് **മുൻ ജന്മങ്ങളിലെ ഓർമ്മ പിൻജന്മങ്ങളിൽ പ്രത്യക്ഷപ്പെടാത്ത രീതിയിൽ ആക്കിയത്.** അതായത് സ്വാർത്ഥതയും ആഗ്രഹങ്ങളുമാണ് തന്റെ ജനന കാരണമെന്ന് ബുദ്ധി മനപൂർവ്വം മറച്ചു പിടിക്കാൻ ശ്രമിക്കുന്നതു പോലെ നമുക്ക് അനുഭവപ്പെടുന്നു. ജീവിതം എന്തു കൊണ്ടാണ് നാം ചോദിച്ചു വാങ്ങുന്നത്? **പരമാനന്ദത്തിനും മീതെയുള്ള സന്തോഷം ലൈംഗിക ബന്ധത്തിലൂടെ അനുഭവിക്കുവാൻ സാദ്ധ്യമാണ് എന്ന് നാം തെറ്റായി ധരിച്ചിരിക്കുന്നത് കൊണ്ടാണ് ജീവിതം എല്ലാവരും ചോദിച്ചു വാങ്ങുന്നത്. ലൈംഗികതയാണ് ജീവിതത്തിന്റെ അടിസ്ഥാനം എന്ന് മനശാസ്ത്രത്തിന് തെളിയിക്കാൻ കഴിഞ്ഞത് ഈ സത്യം നിലനിൽക്കുന്നത് കൊണ്ടാണ്.**

എല്ലാ സമൂഹങ്ങളും ഒരു വ്യക്തിയുടെ യഥാർത്ഥ ജീവിതമായി കാണുന്നത് അയാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുമ്പോഴാണ്. ഒരു സ്ത്രീയുടെ അവസ്ഥയും ഇതു തന്നെയാണ്. സ്ത്രീ ഒരു പടി കൂടി മുന്നിലേക്ക് കടക്കുന്നു. ഒരു സ്ത്രീയുടെ ജീവിതം യാഥാർത്ഥ്യ



മാകുന്നത് അവൾ ഒരു കുഞ്ഞിനു ജന്മം നൽകുമ്പോഴാണ്. അപ്പോൾ ജനനം മുതൽ വിവാഹം കഴിക്കുന്നതുവരെ ഒരു വ്യക്തി യഥാർത്ഥ ജീവിതം നയിക്കുന്നില്ല, അതിനു വേണ്ടിയുള്ള തയ്യാറെടുപ്പ് മാത്രമാണ് നടത്തുന്നത്. ജീവതത്തിന്റെ ഈ തലങ്ങളിൽ ഒന്നും ആത്മാവിന് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. അതായത് ഒരു പുരുഷനും സ്ത്രീയും അവരുടെ വിവാഹംവരെ തങ്ങളുടെ യഥാർ ത്ഥ ബോധത്തെയൊ (ആത്മാവിനെയൊ),അവബോധത്തെയൊ തിരിച്ചറിയാൻ ശ്രമിക്കുന്നില്ല അല്ലെങ്കിൽ ഇത്തരം തിരിച്ചറിവിനുള്ള പഠനങ്ങളൊ,സംവിധാനങ്ങളൊ ഒരു സമൂഹത്തിലും നിലനിൽക്കുന്നില്ല. എന്നാൽ കർശനമായ മതപഠനങ്ങൾ മിക്ക സമൂഹങ്ങളിലും കാണാം. അവ വെറും പ്രഹസനങ്ങളായി നിലനിൽക്കുന്നു. കാരണം, പഠിപ്പിക്കുന്നവനും പഠിക്കുന്നവനും ഒരേ തട്ടിൽ നിൽക്കുന്നവർ തന്നെ. വസ്ത്രത്തിലും ഭാവത്തിലും അൽപ്പം വ്യത്യാസം ഉണ്ടാകുമെന്നേയുള്ളു. സ്വാർത്ഥതയും ആഗ്രഹങ്ങളുടെ നിലനിൽപ്പും രണ്ട് കൂട്ടരിലും തുല്യമാണ്. വിവാഹം,കുടുംബജീവിതം ഇവ എങ്ങിനെ സമാധാനപരവും ഐശ്വര്യ സമ്പൂർണ്ണവും വിജയപ്രദവുമാക്കാം എന്നെല്ലാമാണ് അത്തരം മതപഠന ക്ലാസുകളിൽ പഠിപ്പിക്കുന്നത്. അത് തെറ്റാണെന്ന് പറയുക വയ്യ. കാരണം സമൂഹം നിലനിൽക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മിസ്റ്റിക് വചനങ്ങൾ കണ്ടില്ലെന്ന് നടിക്കേണ്ടി വരും.

**"ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് നിങ്ങൾ വിചാരിക്കരുത് സമാധാനമല്ല,വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്. എന്തെന്നാൽ,ഒരുവനെ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും മരുമകളെ അമ്മായി അമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. സ്വന്തം കുടുംബത്തിൽ പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ. എന്നെക്കാൾ അധികം പിതാവിനെയൊ മാതാവിനെയൊ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം പുത്രനെയൊ പുത്രിയെയൊ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല. സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അത് നഷ്ടപ്പെടുത്തും. എന്നെപ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് നേടും".** [ഇവിടെ *അത്* എന്നതു കൊണ്ട് **നിത്യജീവനാണ്** അർത്ഥമാക്കുന്നത് എന്നത് വ്യക്തം].

ഈ മിസ്റ്റിക് വചനങ്ങളെ വ്യാഖ്യാനിക്കുകയൊ വിശദീകരിക്കുകയൊ ചെയ്യേണ്ട ആവശ്യമില്ല. സ്പടികം പോലെ വ്യക്തമായാണ്

അതിൽ ജീവിതത്തെ വരച്ചു കാട്ടിയിരിക്കുന്നത്. ആയിരക്കണക്കിന് വർഷങ്ങളിൽ ഈ വചനങ്ങൾ കാണാതെയും പഠിക്കാതെയും നമുക്ക് ജീവിക്കാൻ കഴിഞ്ഞില്ലെ? ഇനിയും അത് എത്രനാൾ കഴിയും?........

അങ്ങിനെ പരമാനന്ദത്തെക്കാൾ (കാരണമില്ലാത്ത സന്തോഷം) വലിയ സന്തോഷമായ ലൈംഗിതകയിലൂടെയുള്ള സന്തോഷത്തിലേക്ക് പ്രവേശിക്കുന്ന രണ്ട് വ്യക്തികളുടെ ജീവിതം സൂക്ഷിച്ച് നോക്കുക. വിവാഹം കഴിഞ്ഞ് ആദ്യ രാത്രിയിൽ സ്വർഗ്ഗീയ ലഹരിയിൽ പരമാനന്ദത്തെക്കാൾ വലിയ സന്തോഷം പങ്കിട്ട്,അനുഭവിച്ച് നേരം വെളുക്കുമ്പോൾ അവബോധം എന്ന തിരിച്ചറിവ് പുരുഷന്റെയും സ്ത്രീയുടെയും ബുദ്ധിയിലേക്ക് ഒരു പുതിയ തിരിച്ചറിവ് നൽകുന്നു. അതിനെയാണ് നാം possessiveness അഥവാ സ്വാർത്ഥതാപൂർണ്ണമായ നിർബന്ധ ബുദ്ധി എന്നു പറയുന്നത്. കഴിഞ്ഞ രാത്രിയിലെ സന്തോഷം ജീവിതം അവസാനിക്കുന്നതു വരെ തനിക്കു ലഭിക്കണം എന്ന ആർത്തിയുടെ സന്ദേശം പുരുഷനും സ്ത്രീയും മനസ്സിലേക്ക് ശക്തമായി അയക്കുന്നു. അതൊടെ ആദ്യ രാത്രിയിലെ സന്തോഷം അവസാനിക്കുന്നു. എത്ര ശ്രമിച്ചിട്ടും ആ സന്തോഷം തിരികെ വരുന്നില്ല. അത് എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടെന്നു പിന്നീടുള്ള ജീവിതത്തിൽ നിന്ന് എല്ലാവരും മനസ്സിലാക്കുന്നു.

ഇത് ആരുടെയും കുറ്റമോ പോരായ്മയോ അല്ല. ജന്മസിദ്ധമാണ് ഈ പ്രതിഭാസം. ആദ്യ രാത്രിയിലെ സന്തോഷം പിന്നീട് ഒരിക്കലും മനസ്സിന് ലഭിക്കുന്നില്ല. ലൈംഗിക സന്തോഷം അനുഭവിക്കാൻ രണ്ട് ഘടകങ്ങൾ ആവശ്യമാണ്, 1. തിരിച്ചറിവിനെ തിരിച്ചറിയുന്ന ഒരുവന്റെ അവബോധം അഥവാ ആത്മാവ്, 2. ന്യാഢീവ്യൂഹം. ഇവ രണ്ടും ഇല്ലാതെ ലൈംഗിക സുഖം അനുഭവിക്കുക സാദ്ധ്യമല്ല. മൃഗങ്ങൾക്ക് നാഢീവ്യൂഹം ഉണ്ട്, പക്ഷെ അവബോധം ഇല്ല. അതിനാൽ പ്രത്യൂൽപ്പാദനത്തിന്റെ ഉൾപ്രേരണയായി മാത്രമെ ലൈംഗികത ഇവയിൽ നിലനിൽക്കുന്നുള്ളു. പല മൃഗങ്ങളിലും ലൈംഗികത വേദനാ ജനകമെന്നു പോലും തോന്നിപ്പിക്കുന്ന രീതിയിലാണ് അവരുടെ പെരുമാറ്റം എന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും.

ലൈംഗിക സുഖം സന്തോഷമായി തിരിച്ചറിയാൻ അവബോധം വേണം. എന്നാൽ ആ അവബോധം തന്നെ ബുദ്ധിയിൽ അതിന് എതിരായി നില കൊള്ളുന്നു. അവബോധത്താൽ ബുദ്ധി തന്റേതെന്ന് മാത്രം (possessiveness) ചിന്തിക്കുന്നതോടുകൂടി ലൈംഗിക സന്തോഷം നശി



പ്പിക്കപ്പെടുന്നു. ഈ പോരായ്മ തിരിച്ചറിഞ്ഞ സമൂഹം വിവാഹ ബന്ധങ്ങൾക്ക് കർശനമായ നിബന്ധനകൾ ഏർപ്പെടുത്തി. മാത്രവുമല്ല പ്രത്യുൽപ്പാദനം മറ്റൊരു ബാധ്യതയിലേക്ക് മനുഷ്യ ജീവിതത്തെ തളയ്ക്കുകയും ചെയ്തു. അങ്ങിനെ ജീവിതം എടുത്താൽ പൊങ്ങാത്ത ഒരു ഭാരമായി മാറുന്നു. അടിസ്ഥാന ആഗ്രഹം എന്ന ലൈംഗിക സുഖം ജീവിതത്തിൽ നിഷേധിക്കപ്പെട്ടാൽ അതിന്റെ മറുവശമാണ് ദുഃഖങ്ങളും ദുരിതങ്ങളും വേദനകളും പ്രാരബ്ധങ്ങളും. പിന്നീടുള്ള ജീവതത്തിൽ ലൈംഗിക ബന്ധം വെറും ബാദ്ധ്യതയായി മാറുന്നു. അങ്ങിനെ ജീവിതം എന്ന ലക്ഷ്യം പരാജയപ്പെടുന്നു എന്നു മാത്രമല്ല,പ്രാരബ്ധങ്ങളും ദുരിതങ്ങളും ക്രമാതീതമായി വർദ്ധിക്കുകയും അവ മനസ്സിന്റെ പരിധികൾ ലംഘിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് മിസ്റ്റിക്കുകൾ ജീവിതം ദുഃഖമാണ് എന്ന് തറപ്പിച്ചു പറഞ്ഞത്. അല്ല എന്ന് തെളിയിക്കാൻ നമുക്ക് കഴിയില്ല.

പിന്നീടുള്ള ജീവിതം വെറും വിട്ടുവീഴ്ചയായി (compromise) മാറുന്നു. സ്ത്രീയും പുരുഷനും വിട്ടുവീഴ്ചയ്ക്കു തയ്യാറാകുന്നു. അല്ലെങ്കിൽ ജീവിതം ആത്മഹത്യയിലേയ്ക്കും ഭ്രാന്തിലേക്കും അക്രമത്തിലേക്കും പോകുമെന്നു നാം ഓരോരുത്തരും തിരിച്ചറിയുന്നു. നുണകളും ആത്മ വഞ്ചനയും പരസ്പര വഞ്ചനയും ജീവിതത്തിന്റെ ഭാഗമായി മാറുന്നു. മനസ്സിൽ ഒന്ന് ചിന്തിക്കുകയും അതിന് നേർ വിപരീതം ചെയ്യുവാൻ കഴിവുള്ള കൗശലക്കാരായി മാറുകയും ചെയ്യുന്നു നമ്മൾ. അങ്ങിനെ ജീവിതം മാനസിക സംഘർഷത്തിലും ശാരീരിക വേദനയിലും മരണംവരെ വലിച്ചിഴയ്ക്കപ്പെടുന്നു. അതിനിടയിൽ കുറെ ആഗ്രഹങ്ങളും മോഹങ്ങളും ബാക്കിയാകുകയും ചെയ്യുന്നു. ഇതിനെയാണ് നാം ജീവിതം എന്ന് വിളിക്കുന്നത്, അല്ലെങ്കിൽ ജീവിതം എന്ന് വിളിക്കാൻ സമൂഹം നമ്മെ പഠിപ്പിക്കുന്നത്. ഈ ജീവിതം ഒരു അർത്ഥമില്ലായ്മയാണ്. ഇതിൽ അവബോധവും അതിലൂടെ പ്രവർത്തിക്കുന്ന ബുദ്ധിയും പരാജയപ്പെടുന്നു. ഈ അർത്ഥത്തിൽ ഈ ജീവിതം മിഥ്യയും പരാജയവും തന്നെയാണ്. എന്നാൽ ഈ മിസ്റ്റിക് വചനം ശ്രദ്ധിക്കുക.

**''തന്നെ സ്വയം ഉദ്ധരിക്കുക, തന്നെ തളർത്തരുത്, താൻ തന്നെയാണ് തന്റെ ബന്ധുവും,താൻ തന്നെയാണ് തന്റെ ശത്രുവും''**. താൻ എന്നാൽ **ആത്മാവ്**. അതായത് ഒരുവന്റെ ആത്മാവ് തന്നെയാണ് അവന്റെ ബന്ധു വും ശത്രുവും. ഒരുവൻ തന്റെ ജീവിതത്തെ നിത്യത

യിലേക്കും പരമാനന്ദത്തിലേക്കും നയിക്കുമ്പോൾ ആത്മാവ് (തിരിച്ചറിവ്) അവന്റെ ബന്ധുവായി മാറുന്നു. എന്നാൽ നൈമിഷിക സന്തോഷത്തിലേക്കും സ്വാർത്ഥതയിലേക്കും തന്റേത് എന്ന് മാത്രം സങ്കൽപ്പിക്കുന്ന ജീവിതത്തിലേക്കും നയിക്കുമ്പോൾ ആത്മാവ് അവന്റെ ശത്രുവായി മാറുന്നു എന്നാണ് ഈ മിസ്റ്റിക് വചനം സൂചിപ്പിക്കുന്നത്. ജീവിതം യാഥാർത്ഥ്യമായി അനുഭവപ്പെടുമ്പോൾ ദുഃഖം അതിന്റെ അനിഷേധ്യ ഘടകമായി നിലനിൽക്കുന്നു. സന്തോഷം വല്ലപ്പോഴും വരുന്ന വിരുന്നുകാരനായും. ജീവിതം നശ്വരമാണെന്ന് അനുഭപ്പെടുമ്പോൾ അത് നിത്യമായ പരമാന്ദമായി മാറുന്നു.

ഒരു അടിസ്ഥാന ആഗ്രഹത്താൽ ജന്മം എടുക്കുന്ന മനുഷ്യൻ എല്ലാം തന്റേത് ആയിരിക്കണമെന്ന സ്വാർത്ഥ ബുദ്ധിയാകുന്ന അജ്ഞതയായി നിലനിൽക്കുന്നത് തികച്ചും സ്വാഭാവികമായ കാര്യമാണ്. അതായത് ദുഃഖങ്ങളും വേദനകളും ദുരിതങ്ങളും മനുഷ്യന്റെ സ്വാഭാവിക അവസ്ഥയാണ് എന്ന് ഇത് തെളിയിക്കുന്നു. **ആഗ്രഹങ്ങളെ ഒരിക്കലും ശാരീരിക മാനസിക സന്തോഷങ്ങളാക്കി മാറ്റാൻ കഴിയില്ല എന്നാണ് നമ്മുടെ ഇന്നത്തെ ജീവിത രീതിയും സംസ്ക്കാരങ്ങളും സൂചിപ്പിക്കുന്നത്.** അജ്ഞതയിൽ ജനിച്ച ബുദ്ധിയെ വീണ്ടും അജ്ഞതയിലേക്ക് നയിക്കുന്നതിനു വേണ്ടി അവബോധം ബുദ്ധിയിൽ നാം സദാസമയവും പ്രയോഗിച്ചു കൊണ്ടിരിക്കുന്നു. അതു കൊണ്ടാണ് ആയിരക്കണക്കിന് നിയമങ്ങളും ആചാരങ്ങൾ എന്ന പേരിലുള്ള ജീവിത രീതികളും മനുഷ്യ ജീവിതത്തെ ആവരണം ചെയ്തത്. ഈ ആവരണത്തിന് യുക്തിയുടെയും വിശ്വാസത്തിന്റേയും പിൻബലം ഉള്ളതിനാലാണ് ഇത് ഭേദിച്ച് ഒരു മനുഷ്യന് പുറത്തു വരുവാനോ യഥാർത്ഥ ജീവിതത്തെ തിരിച്ചറിയുവാനോ ആത്മാവിനെ കണ്ടെത്താനോ കഴിയാതെ പോകുന്നത്. അതിനാൽ ആത്മാവ് ജീവനെ മാറിമാറി എടുത്തു കൊണ്ടിരിക്കുന്നു. കാരണം ഏതെങ്കിലും ഒരു ജന്മത്തിൽ ബുദ്ധി തന്നിൽ നിലനിൽക്കുന്ന ആത്മാവിന്റെ സാന്നിദ്ധ്യം കണ്ടെത്തുകയും അതിനെ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുമെന്നുള്ള **പ്രതീക്ഷ ആത്മാവിൽ നിലനിൽക്കുന്നു.**

താഴെ കൊടുക്കുന്ന മിസ്റ്റിക് വചനം ശ്രദ്ധിക്കുക. **"ജീവികൾ ജനനത്തിനു മുമ്പ് അവ്യക്തമായ അവസ്ഥയോടു കൂടിയവയാണ്. വ്യക്തമായ മദ്ധ്യം ജീവിത കാലമായവയും, അവ്യക്തമായ മരണാനന്തര സ്ഥിതിയുള്ളവയും തന്നെയാണ്. അതിൽ എന്തിന് വിലപിക്കണം".** ഈ വചനം സൂചിപ്പിക്കുന്നത് ജീവിതത്തിന്റെ മൂന്നു ഘട്ടങ്ങളെയാണ്.



അതായത് ജനനത്തിനു മുമ്പും മരണത്തിനു ശേഷവും അവ്യക്തത നിലനിൽക്കുന്നു,അതായത് ബുദ്ധി നിലനിൽക്കാത്ത അവസ്ഥ. എന്നാൽ മദ്ധ്യം എന്ന ജീവിതാവസ്ഥ വ്യക്തമാണ്. ബുദ്ധി നിലനിൽക്കുന്ന അവസ്ഥയാണത്. ഈ ബുദ്ധി നിലനിൽക്കുമ്പോൾ മാത്രമെ ദുഃഖങ്ങളിൽ നിന്ന് ആത്മാവിനെ രക്ഷിക്കാൻ മാർഗ്ഗമുള്ളു. അതിനാൽ **മനുഷ്യബുദ്ധിയിലേക്ക് ജനിക്കുക, വളരുക എന്നതാണ് ജീവന്റെ ലക്ഷ്യം എന്നു വരുന്നു.** പക്ഷെ മനുഷ്യബുദ്ധി ലഭിച്ചു കഴിയുമ്പോൾ ആ ബുദ്ധിക്ക് ആത്മാവിനെ തിരിച്ചറിയാൻ കഴിയാതെ പോകുന്നതിന് വ്യക്തമായ ചില കാരണങ്ങൾ ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഒരേഒരു ജന്മം കൊണ്ടു തന്നെ ബുദ്ധി ആത്മാവിനെ തിരിച്ചറിയുമായിരുന്നു.

ജീവജാലങ്ങളുടെ പരിണാമം ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. അഞ്ച് ഇന്ദ്രിയങ്ങളിൽ ഒന്നുപോലും അകത്തേക്ക് തുറക്കാതെ എല്ലാം ശരീരത്തിനു വെളിയിലേക്ക് തുറന്നിരിക്കുന്നു. ഉദാഹരണത്തിന്, കണ്ണുകൾ തുറന്നാൽ ശരീരത്തിനു വെളിയിലുള്ളവ നമുക്കു കാണാൻ കഴിയും എന്നാൽ ആ കണ്ണുകളെ ശരീരത്തിനകത്തേയ്ക്ക് തുറക്കാൻ കഴിയില്ല. കണ്ണുകൾ അടച്ചാൽ ഇരുട്ടു മാത്രമാണ് നമുക്ക് അനുഭവപ്പെടുക. അല്ലെങ്കിൽ ആത്മാവിനെ തിരിച്ചറിയാൻ ആറാമതൊരു ഇന്ദ്രിയം പരിണാമത്തിലൂടെ വികസിച്ചില്ല. എന്നാൽ ഇന്ദ്രിയത്തിനു പകരം മനുഷ്യ ബുദ്ധിയുടെ ഒരു ഭാഗം അവബോധവുമായി ബന്ധപ്പെടുത്തി എന്നതുമാത്രമാണ് മറ്റു മൃഗങ്ങളിൽ നിന്ന് മനുഷ്യനെ വ്യത്യസ്തനാക്കിയത്. **ഈ അവബോധം ബുദ്ധിയിൽ ഗുണത്തേക്കാൾ ഏറെ ദോഷമാണ് സൃഷ്ടിച്ചത്.** അത് ബുദ്ധിയെ യുക്തി-യുക്തമായി ചിന്തിക്കുവാൻ പ്രേരിപ്പിച്ചു. അതിന്റെ യഥാർത്ഥ ഉദ്ദേശം ബുദ്ധി അവബോധം ഉപയോഗിച്ച് തന്റെ ജനന കാരണമായ യഥാർത്ഥ ബോധത്തെ (ആത്മാവ്) തിരിച്ചറിയുക എന്നതായിരുന്നു. പക്ഷെ ഈ ഭാഗം ബുദ്ധിയിൽ നിന്ന് അടിസ്ഥാന ആഗ്രഹവും അതിന്റെ സ്വാർത്ഥതയും മറച്ചു പിടിച്ചു,ഇന്നും മറച്ചു പിടിച്ചു കൊണ്ടിരിക്കുന്നു. ജീവിതാവസാനം വരെ അത് തുടരുകയും ചെയ്യുന്നു. തന്റെ തന്നെ സ്വാർത്ഥതയാണ് ഇത് മറച്ചു പിടിക്കുന്നതെന്ന് ബുദ്ധിക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. വെള്ളത്തിൽ കിടക്കുന്ന മത്സ്യത്തിന് വെള്ളം അനുഭവജ്ഞാനമായി വരണമെങ്കിൽ അതിനെ കരയിൽ എടുത്തിടണം, പക്ഷെ ഈ അനുഭവജ്ഞാനം മത്സ്യത്തിന് ഉണ്ടാകുമ്പോൾ അതിന് ജീവൻ തന്നെ നഷ്ടമാകുന്നു. അതുപോലെ **സ്വാർത്ഥതയും ആഗ്രഹങ്ങളുമാണ് തന്റെ ജീവിതത്തെ ദുരിതത്തിലും വേദനയിലും താഴ്ത്തുന്നത് എന്ന് തിരി**

**ച്ചറിയണമെങ്കിൽ ഈ സ്വാർത്ഥതയിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും പുറത്തു വരണം. പക്ഷെ അത് മനുഷ്യന്റെ മരണ കാരണമാകുന്നു. കാരണം ജന്മം എടുത്തതിന്റെ കാരണങ്ങളാണ് പിൻവലിക്കപ്പെടുന്നത്. അത് മരണത്തെ സ്വയം സ്വീകരിക്കുന്നതിനു തുല്യമാണ്.** ഇത് സാധാരണ രീതിയിൽ ഒരു മനുഷ്യനെ സംബന്ധിച്ച് അസാദ്ധ്യമാണ്. ഈ സത്യം വ്യക്തമാക്കുന്ന ഒരു മിസ്റ്റിക് വചനം ശ്രദ്ധിക്കുക, **സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അത് (നിത്യജീവൻ) നഷ്ടപ്പെടുത്തും എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുക്കുന്നവൻ അത് (നിത്യജീവൻ) കണ്ടെത്തും.**

മേൽ വിവരിച്ച മിസ്റ്റിക് വചനങ്ങളും ജീവിത അവസ്ഥയും സൂചിപ്പിക്കുന്നത് മനുഷ്യജന്മം രക്ഷപ്പെടാൻ കഴിയാത്ത, തീരാദുഃഖത്തിന്റെയും വേദനയുടെയും വിഷമവൃത്തമാണ് എന്നാണ്. എല്ലാം നശ്വരമെന്ന് യുക്തി കൊണ്ടും അനുഭവം കൊണ്ടും തിരിച്ചറിയാൻ കഴിയുമെങ്കിലും ആ നശ്വരതയ്ക്ക് യാഥാർത്ഥ്യത്തിന്റെ പിൻബലമുണ്ടെന്നുള്ളത് നിഷേധിക്കാനാവാത്ത സത്യമാണ്. അതിനാൽ ജീവിതം നശ്വരമാണെന്നു പഠിപ്പിക്കുന്നതിലോ പ്രസംഗിക്കുന്നതിലോ അർത്ഥമില്ല. **നാഡീവ്യൂഹങ്ങൾ നൽകുന്ന ശാരീരിക വേദനകളും നിയന്ത്രിക്കാൻ കഴിയാത്ത വികാരങ്ങളുടെ തീവ്രതയിൽ അനുഭവിക്കുന്ന മാനസിക വേദനകളും യാഥാർത്ഥ്യമല്ല എന്നു തെളിയിക്കാൻ ഒരു തത്വശാസ്ത്രത്തിനും സിദ്ധാന്തത്തിനും പുണ്യഗ്രന്ഥങ്ങ ൾക്കും കഴിയില്ല.** അതായത് ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്കോ അഥവാ നിർവ്വാണ,നിത്യജീവൻ,സമാധി എന്നീ യാഥാർത്ഥ്യത്തിലേയ്ക്കോ മനുഷ്യ ജീവതത്തെ നയിക്കുന്നതിന് ഇന്നു ലോകത്തിൽ നിലവിലുള്ള ഒരു സംവിധാനത്തിനും കഴിയില്ല എന്നർത്ഥം. ആത്മീയത എന്നത് ചൂഷണ ഉപാധിയായി ഈ ഭൂമി നശിക്കുംവരെ നിലനിൽക്കും. അതിൽ സംശയമില്ല.

ഈ സമസ്യയ്ക്ക് ഒരു പരിഹാരം ഉണ്ടാകണം. പ്രകൃതി വെറുതെ മനുഷ്യനെ ദുഃഖത്തിലിട്ടു വലിച്ചിഴക്കാൻ വേണ്ടി മാത്രമാണ് അവബോധം എന്ന തിരിച്ചറിവിനെ തിരിച്ചറിയുന്ന ഘടകം ബുദ്ധിയുമായി ബന്ധപ്പെടുത്തിയത് എന്ന് വിശ്വസിക്കാനാവില്ല. കാരണം അത്തരം ഒരു തോന്ന്യാസം നാം പരിണാമത്തിൽ കാണുന്നില്ല. അത് പ്രകൃതിയുടെ ഒരു രീതിയുമല്ല. നമ്മുടെ അറിവില്ലായ്മയാണ് ജീവിതം ലക്ഷ്യമില്ലാത്തതും വേദനാജനകവുമായ മിഥ്യയായി തെറ്റിദ്ധരിക്കപ്പെടാൻ ഇടനൽകുന്നത്.



ബോധശാസ്ത്രത്തിലെ കണ്ടെത്തലുകൾ ജീവിതത്തെ യഥാർത്ഥ ലക്ഷ്യത്തിലേക്കുള്ള ചൂണ്ടു പലകയായും ജീവിതത്തെ ആവരണം ചെയ്തു നിൽ ക്കുന്ന അറിവില്ലായ്മ എന്ന വേദനാജനകമായ മിഥ്യയെ നീക്കം ചെയ്യുന്ന സത്യങ്ങളുടെ അവസാനത്തെ വാക്കായും നിലനിൽക്കുന്നു. വിട്ടുവീഴ്ചയും അനുരഞ്ജനവും ഇല്ലാത്ത മാർഗ്ഗങ്ങളാണ് ബോധശാസ്ത്രത്തിന്റെ അടിത്തറ. യഥാർത്ഥ സത്യം അഥവാ ആത്മാവ് വിട്ടു വീഴ്ചയ്ക്ക് തയ്യാറല്ല എന്നതാണ് ഇതിന്റെ കാരണം.

ജീവിതം സ്വാർത്ഥതയിലും ആഗ്രഹങ്ങളിലും നിലനിൽക്കുന്നതിനാൽ തന്റെ ആഗ്രഹ സാദ്ധ്യതയ്ക്ക് എന്തു വിട്ടുവീഴ്ചയും ചെയ്യാൻ അത് തയ്യാറാകുന്നു. അതുകൊണ്ടാണ് ആത്മീയത പോലും കച്ചവട വസ്തുവായി ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നത്. സ്വാർത്ഥത എന്ന മടിയും സുഖലോലുപതയും ഊർജ്ജമില്ലായ്മയുമാണ് ഇതിനെല്ലാം കാരണം. അതിനാൽ മറ്റുള്ളവരുടെ അദ്ധ്വാന ഫലം തന്റെ ബുദ്ധി കൊണ്ട് എങ്ങിനെ കൈക്കലാക്കാമെന്ന് നാം ഓരോരുത്തരും ചിന്തിക്കുന്നു. ഫലമോ? പരസ്പരം ചൂഷണം ചെയ്തും ചെയ്യപ്പെട്ടും മനുഷ്യസമൂഹം ദുഃഖങ്ങളിലൂടെയും, ദുരിതങ്ങളിലൂടെയും അനിശ്ചിതത്വത്തിലൂടെയും മുന്നിലേക്കു പോകുന്നു. **ചൂഷകരും അതിന് ഇരയാകുന്നവരും ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാതെ ഒരുപോലെ ദുഃഖങ്ങളുടെയും വേദനകളുടെയും പല അവസ്ഥകളിൽ ജീവിതം തള്ളി നീക്കുന്നു.**

തോൽവി മാത്രമുള്ള കളിയായി ജീവിതം മാറാനുള്ള ഒരു പ്രധാന കാരണം മതങ്ങളും സമൂഹങ്ങളും പ്രചരിപ്പിക്കുന്ന തെറ്റായ സത്യമാണ്. ഈ പ്രപഞ്ചവും അതിലെ സകല സൃഷ്ടിയും അതിമാനുഷികമായ ഒരു ശക്തിയുടെ അഥവാ ദൈവമെന്ന് നാം ഓമനപ്പേരിട്ടു വിളിക്കുന്ന ഒരു സർവ്വ വ്യാപിയും, ശക്തിയുടെ ഉറവിടവുമായ ഒന്നിന്റെ സൃഷ്ടിയാണ് എന്നതാണ്. യാതൊരു തെളിവുകളും നിരത്തിവയ്ക്കാൻ കഴിയാതിരുന്നിട്ടും ബുദ്ധി വിശ്വാസമെന്ന പേരിൽ ഈ ധാരണ സത്യമായി നിലനിർത്തുന്നു. ബുദ്ധി തന്റെ യുക്തിക്കു തന്നെ എതിരായാണ് ഈ വിശ്വാസം നിലനിർത്തുന്നത്. അതിന്റെ രസകരമായ വശം ദൈവം എന്നത് പരിപൂർണ്ണനും സർവ്വശക്തനും പരമാനന്ദവും പൂർണ്ണസ്നേഹവും എല്ലാറ്റിന്റെയും ഉറവിടവുമാണെന്നു വാദിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ബുദ്ധി,ശരീരത്തിന്റെ ഓരോ അണുവിലും നിലനിൽക്കുന്ന വേദനയുടെ സംവിധാനമായ നാഡീവ്യൂഹം എന്തു കൊണ്ട്

സൃഷ്ടിക്കപ്പെടുന്നു എന്ന് വിശദീകരിക്കുന്നില്ല. പരിപൂർണ്ണനും പരമാനന്ദവുമായ ഒരു ശക്തിയുടെ സൃഷ്ടിയിൽ വേദന വരുന്നത് യുക്തമല്ല. എന്നാൽ ആദി പാപം,കർമ്മ ഫലം,ദൈവം മനുഷ്യനാൽ ആരാധിക്കപ്പെടാൻ ആഗ്രഹിക്കുന്നു എന്നിങ്ങനെ കുറെ മുടന്തൻ ന്യായങ്ങളല്ലാതെ വ്യക്തമായി സൃഷ്ടിയുടെ പരമപ്രധാനമായ ഈ വൈകല്യത്തെ വിശദീകരിക്കാൻ ബുദ്ധിക്കു കഴിയുന്നില്ല.

**''നന്മയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നാൽ തിന്മയാണല്ലോ മൊത്തം ചെയ്തുപോകുന്നത് ''.**

**''പിന്നെ ആർ നിയോഗിച്ചിട്ടാണ്,പ്രേരിപ്പിച്ചിട്ടാണ് ഈ പുരുഷൻ ഇച്ഛിക്കാതെയും നിയോഗിക്കപ്പെട്ടതുപോലെയും പാപം അനുഷ്ഠിക്കുന്നത് ''.**

മേൽ ഉദ്ധരിച്ച മിസ്റ്റിക് വചനങ്ങൾ സൂചിപ്പിക്കുന്നത് തിന്മ മനുഷ്യന്റെ ജന്മ വാസനയാണ് എന്നാണ്. നന്മസ്വരൂപനായ ദൈവത്തിന്റെ സൃഷ്ടിയിൽ നിയന്ത്രിക്കാൻ കഴിയാത്ത തിന്മ എങ്ങിനെ കടന്നു കൂടി എന്ന് കണ്ടെത്താൻ ഒരു ബുദ്ധിക്കും ചരിത്രത്തിലുടനീളം കഴിഞ്ഞിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. അതിനാൽ ബോധശാസ്ത്രം ഈ തെളിവുകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ മനുഷ്യജന്മത്തെ വ്യക്തമായി നിർവ്വചിക്കുന്നു. അതായത് **മനുഷ്യജന്മം തിന്മയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്,അത് പരമാനന്ദ സ്വരൂപനായ ദൈവത്തിന്റെ സൃഷ്ടി അല്ല**. മനുഷ്യൻ പ്രകൃതിയുടെ ഒരു ഭാഗമായതിനാൽ പ്രകൃതിയും തിന്മയുടെ ഒരു ഭാഗമാണെന്ന് അനുമാനിക്കാം. ഒന്ന് മറ്റൊന്നിനെ കൊന്നു തിന്ന് നിലനിൽക്കുന്ന ഇക്കോ വ്യൂഹം തന്നെ അതിന് ഉദാഹരണമാണ്. പ്രകൃതിദത്തമായ ഈ സംവിധാനത്തിൽ അഹിംസ പ്രസംഗിച്ചാൽ അത് ഉൾക്കൊള്ളാൻ മനുഷ്യബുദ്ധിക്കു കഴിയില്ല എന്നു നാം മനസ്സിലാക്കണം. നാം തന്നെ ഹിംസയിൽ ജനിച്ചിരിക്കെ അഹിംസ എങ്ങിനെ നമ്മുടെ സ്വഭാവമാകും? പരസ്പരം ഇണകളെ കിട്ടിക്കഴിയുമ്പോൾ ഒരു ജന്മം മുഴുവനും മക്കൾക്കു വേണ്ടി ജീവിച്ച,സ്വന്തം മാതാപിതാക്കളെ തള്ളിക്കളയുകയും നിഷേധിക്കുകയും അവരുടെ പേരിലുള്ള സ്വത്തുക്കൾ തന്റെ സ്വാർത്ഥ ലാഭത്തിന് ഉപയോഗിക്കാൻ കിട്ടുന്നതിന് അവരുടെ അകാല മരണം കാത്തിരിക്കുകയും ചെയ്യുന്ന മക്കൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ എന്തു നന്മയാണ് ഉള്ളത് ? **മറ്റുള്ളവരുടെ അദ്ധ്വാഫലങ്ങൾ അതീന്ദ്രിയ ശക്തി കൊണ്ടോ,ആത്മീയ സൂത്രങ്ങൾ കൊണ്ടോ കൈക്കലാക്കി പാവപ്പെട്ടവനെ സഹായിക്കുന്ന ഒരു സമൂഹത്തിൽ ആത്മീയത എങ്ങിനെ വളരാനാണ് ? ആത്മാവ് എങ്ങിനെ സ്വതന്ത്രമാക്കപ്പെടും.**



പാപം അഥവാ തിന്മ നിയോഗിക്കപ്പെട്ടവനെ പോലെയാണ് നാമെല്ലാം ചെയ്തു പോകുന്നത്. അത് ഭൗതിക മാർഗ്ഗത്തിലൂടെ പരസ്യമായും ആത്മീയ മാർഗ്ഗമെന്ന സൂത്രത്തിലും ആണെന്നതല്ല പ്രശ്നം. നമുക്ക് സാധാരണ ജീവിതത്തിൽ തിന്മയും പാപവും മാത്രമെ ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും കഴിയുകയുള്ളു. ഇത് ഒരു വലിയ ജീവിത സത്യമാണ്. നിഷേധിക്കാനാകാത്ത ജീവിത സത്യം. അതായത് തിന്മ ചെയ്യാൻ നമുക്ക് പ്രത്യേക പരിശീലനമോ, അറിവോ വേണ്ട എന്നർത്ഥം. നന്മ,അനുകമ്പ,കരുണ,സ്നേഹം എന്നീ ജീവിതത്തിന്റെ ഉയർന്ന മൂല്യങ്ങൾ പോലും സൂത്രം ഉപയോഗിച്ച് തിന്മയാക്കി മാറ്റാൻ മനുഷ്യ ജീവിക്കു മാത്രമെ കഴിയുകയുള്ളു. മൃഗങ്ങൾ തിന്മ ചെയ്യുന്നത് അവയുടെ നിലനിൽപ്പിനു വേണ്ടി മാത്രമാണ്. കാരണം അങ്ങിനെയാണ് അവയെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യ രക്തം കുടിച്ച് ജീവിക്കാൻ വിധിക്കപ്പെട്ട കൊതുകിനെ നാം തല്ലി കൊല്ലുന്നു. അതായത് തന്റെ ആഹാരം തേടിപ്പോൾ വധിക്കപ്പെടുന്ന അവസ്ഥ. ഇതിൽ കൊതുക് എന്ന ജീവി നിരപരാധിയാണ്. എന്നാൽ മനുഷ്യരോ,ഒരു പടി കൂടി തിന്മയിൽ മുന്നിലേക്കു കടക്കുന്നു. നന്മയുടെ മറവിൽ പോലും അവർ തിന്മകൾ ചെയ്യുന്നു. അങ്ങിനെ മറ്റുള്ളവരെയും സ്വയവും കബളിപ്പിക്കുന്നു.

അതായത് **തിന്മകൾ നൈസർഗികമായും നന്മ അവബോധം എന്ന തിരിച്ചറിവും ഉപയോഗിച്ച് ബുദ്ധിപൂർവ്വവും ചെയ്യാൻ വിധിക്കപ്പെട്ടവനാണ് മനുഷ്യൻ**.ദിനപത്രങ്ങൾ നിത്യേന സൂചിപ്പിക്കുന്നത് തിന്മയുടെ പുതിയ രീതികളും തന്ത്രങ്ങളും നന്മയുടെ പേരിലുള്ള തട്ടിപ്പുകളുമാണ്.

ഇതിൽ നിന്നെല്ലാം ആത്മാവിന്റെ രക്ഷപ്പെടൽ എത്രയോ സങ്കീർണ്ണവും ബുദ്ധിമുട്ടേറിയതുമാണെന്ന് നമുക്ക് മനസ്സിലാക്കാം. സാധാരണ ജീവിതം കൊണ്ട് നമുക്ക് **യഥാർത്ഥ തിന്മയിലേക്കും** അതുവഴി ആത്മാവിന്റെ നിത്യാനന്ദത്തിലേക്കും കടക്കുവാൻ കഴിയില്ല എന്നു സാരം. അവബോധം എന്ത് എന്ന് മനസ്സിലാക്കുവാനും അതിനെ ബുദ്ധിയിലൂടെ ഉയർത്തുവാനും അതുവഴി ബുദ്ധിയെ തന്നെ ശുദ്ധിയും വ്യക്തതയുമുള്ള ഒന്നാക്കി മാറ്റി ആത്മാവിന്റെ സാന്നിദ്ധ്യം അനുഭവജ്ഞാനമായി അറിയാനും നാം കഠിനമായ രീതിയിലൂടെ പരിശ്രമിക്കേണ്ടിയിരിക്കു

ന്നു. ജീവിതത്തെ ആഗ്രഹങ്ങളിൽ നിന്നും എല്ലാം തന്റേതെന്ന സ്വാർത്ഥ തയിൽ നിന്നും രക്ഷിക്കാൻ നാം ബോധപൂർവ്വം തയ്യാറാകണം. ബോധ ശാസ്ത്രത്തെ അറിയുകയും അതിലെ വിട്ടു വീഴ്ചയില്ലാത്ത നിയമ ങ്ങൾ പാലിക്കുകയും അതിലെ ടെക്നിക്കുകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്താലെ ബോധം ഉയരുകയും ബുദ്ധി തെളിയുകയും ചെയ്യുകയുള്ളു. ബുദ്ധിയുടെ ഈ വ്യക്തത എന്ന സംഭ വികലിനെയാണ് മിസ്റ്റിക്കുകൾ ബോധോദയം അഥവാ enlightenment എന്ന് വിളിക്കുന്നത്. അത്തരം ഒരു ബോധോദയത്തിലേക്ക് മനുഷ്യ സമൂഹം വളർന്നാൽ മാത്രമെ യഥാർത്ഥ നന്മ എന്തെന്നും അതിൽ ജീവിക്കാൻ എത്രമാത്രം അറിവ് നമുക്ക് ഉണ്ടാകണം എന്ന് മനസ്സിലാകുകയുള്ളൂ. അതിന് ബോധം ഉയരാതെ നിവൃത്തിയില്ല. തത്വ ശാസ്ത്രങ്ങൾക്കോ,മതഗ്രന്ഥങ്ങൾക്കോ,ശാസ്ത്രത്തിനോ ഒരു പരിധി വരെ സഹായം നൽകാമെന്നല്ലാതെ ബുദ്ധിയെ അവബോധം ഉപയോ ഗിച്ച് വികസിപ്പിക്കേണ്ടത് നാം ഓരോരുത്തരും തന്നെയാണ്. അതിന് ബാഹ്യശക്തികൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

വിശ്വാസം, ധ്യാനം, ഉപവാസം, പ്രാർത്ഥന, ദാനധർമ്മങ്ങൾ, പു ണ്യപ്രവൃത്തികൾ, കപടബ്രഹ്മചര്യം വിവിധ യോഗാരീതികൾ ഇവയെല്ലാം നന്മയിലേക്കും ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്കുമുള്ള മാർഗ്ഗങ്ങളാ ണെന്ന് നാം പഠിച്ചുവച്ചിരിക്കുന്നു. അത് പല രീതിയിലും പ്രായോഗിക മാക്കുകയും ചെയ്യുന്നു. എന്നാൽ ലോകം അനുദിനം തിന്മയിൽ നിന്ന് തിന്മയിലേക്ക് കൂപ്പു കുത്തുന്നു എന്നു മാത്രമല്ല,തിന്മയുടെ കാണാപ്പുറ ങ്ങളിലേക്ക് അത് പോകുകയും ചെയ്യുന്നു എന്ന് ഇന്ന് ലോകത്തിന്റെ അവസ്ഥ സൂക്ഷ്മമായി പഠിക്കുന്ന ആർക്കും വ്യക്തമാകും. അതിനാൽ മേൽപറഞ്ഞ രീതികൾ എല്ലാം ശുദ്ധ കളവും തട്ടിപ്പും വഞ്ചനയുമാ ണെന്നല്ലെ സൂചിപ്പിക്കുന്നത്? അല്ലെങ്കിൽ അവ സത്യമായ മാർഗങ്ങ ളാണ് എന്ന് വാദിച്ചാൽ,മനുഷ്യനെ നന്മയിലേക്കു നയിക്കാൻ അവ ശക്ത മല്ല എന്നല്ലെ വ്യക്തമാക്കുന്നത്? ദുരാഗ്രഹങ്ങളുടെയും സ്വാർത്ഥതയു ടെയും മറവിലുള്ള വ്യാഖ്യാനങ്ങളിലൂടെ അവയെ പ്രാവർത്തികമാക്കാൻ ശ്രമിച്ചതു കൊണ്ടാണ് അങ്ങിനെ സംഭവിച്ചത്. അതിനാൽ ബോധ ശാസ്ത്രം വ്യക്തമായി പറയുന്നു. ആത്മാവിന്റെ സ്വാതന്ത്ര്യത്തിനും നിത്യജീവനും നിർവ്വാണയ്ക്കും സമാധിക്കും ഒരേ ഒരു മാർഗ്ഗം മാത്രമെ ഉള്ളു,അതിൽ വിട്ടുവീഴ്ചകൾ ഇല്ല. അത് **പരമമായ സത്യം പോലെ ഏകമാണ്**. ദ്വന്ദത അതിൽ പ്രായോഗികമല്ല. യഥാർത്ഥ ആത്മീയതയ്ക്ക്



പടവുകൾ ഇല്ല. അനേക മാർഗ്ഗങ്ങളുണ്ടെന്നും അവയെല്ലാം ആത്മാ വിന്റെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുമെന്നും അന്ധമായി വിശ്വസിപ്പിച്ച് ബുദ്ധി നമ്മെ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. **നമ്മുടെ സൃഷ്ടി തിന്മ യിൽ ആയതിനാൽ തിന്മ പഠിപ്പിക്കാനും വിശ്വസിപ്പിക്കാനും പ്രചരി പ്പിക്കാനും കഠിനാദ്ധ്വാനം വേണ്ട**. കാരണം നമ്മിൽ ഒളിഞ്ഞിരിക്കുന്ന ആഗ്രഹങ്ങൾ, സ്വാർത്ഥത എന്നീ സൂത്രങ്ങൾ തന്നെയാണ് മറ്റുള്ളവർ നന്മയായും ആത്മീതയായും പ്രചരിപ്പിക്കുന്നതും അതുമൂലം നമ്മെ ചൂഷണം ചെയ്യുന്നതും. നാം ഇഷ്ടപ്പെടുന്നതു തന്നെ മറ്റൊരാൾ പറ യുകയും പ്രവർത്തിക്കുകയും ചെയ്താൽ അയാളെ അല്ലെങ്കിൽ അയാൾ പ്രതിനിധീകരിക്കുന്ന സംവിധാനത്തെ വിശ്വസിക്കുക വളരെ എളുപ്പമാണ്. എന്നാൽ **സത്യം കർക്കശവും ലംഘിക്കാനാവാത്ത നിയ മങ്ങളിൽ അധിഷ്ഠിതവും നമ്മുടെ ജീവിതത്തിന് എതിരുമാണെങ്കിൽ നമ്മുടെ ബുദ്ധി പലവിധ സൂത്രങ്ങൾ കൊണ്ട് അതിനെ തെറ്റാണെന്ന് തെളിയിക്കാനും തള്ളിക്കളയാനും പ്രേരിപ്പിക്കുന്നു**. ഈ ചതിയെ നാം തിരിച്ചറിയണം. അതിന് ബുദ്ധിയെ മാറി നിന്ന് വീക്ഷിക്കാനും അതിന്റെ ചിന്തകളെയും ചെയ്തികളെയും ഒരു സാക്ഷി എന്നോണം നോക്കി കാണാനും നമുക്കു കഴിഞ്ഞെങ്കിലെ സ്വന്തം ബുദ്ധിയുടെ സൂത്രം നമുക്കു പിടികിട്ടുകയുള്ളു. നാം തന്നെ ആ സൂത്രക്കാരായിരിക്കെ നമ്മെ തന്നെ സാക്ഷിയാക്കി,നമ്മെ തന്നെ ശ്രദ്ധിക്കാൻ നമ്മുടെ ബുദ്ധിക്ക് വളരെ ബുദ്ധിമുട്ടാണ്. മാത്രമല്ല,അത് വേദനാജനകവുമാണ്. ഞാൻ തിന്മയുടെ സന്താനമാണെന്നും തിന്മയിലാണ് ഞാൻ ജനിച്ചതെന്നും സ്വയം സ്വീകരിക്കാൻ നമുക്കു കഴിയില്ല. അതു കൊണ്ടാണ് നാം സദാസ മയവും മറ്റുള്ളവരെ വിധിച്ചുകൊണ്ടിരിക്കുന്നത്. ഇതും സാക്ഷിയാകൽ തന്നെയാണ്. പക്ഷെ തന്നിൽ നിന്ന് അന്യമാണെന്നു മാത്രം. അതു കൊണ്ടാണ് മറ്റുള്ളവരെ വിധിക്കുന്നതും അവിശ്വസിക്കുന്നതും കടുത്ത പാപങ്ങളാണെന്ന് ബുദ്ധിയുള്ള മിസ്റ്റിക്കുകൾ പറഞ്ഞത്.

ബോധശാസ്ത്രം ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന വിഷയം ഈ സാക്ഷിയാകൽ പരിശീലിപ്പിക്കുന്നതിലാണ്. വളരെ നിസ്സാ രമെന്ന് തോന്നാമെങ്കിലും അവനവന് എതിരായി സാക്ഷിയായി നിൽക്കുക വളരെ വേദനാജനകമാണ്. അത് അംഗീകരിക്കാൻ നമ്മുടെ ബുദ്ധി തയ്യാറാകില്ല. അതിന്റെ ആവശ്യകത ആത്മാവിന്റെ സ്വാതന്ത്ര്യ ത്തിന് അത്യന്താപേക്ഷിതമാണെന്ന് ബുദ്ധി യുക്തി-യുക്തമായി മന സ്സാലാക്കിയാൽ പോലും വീണ്ടും അതിൽ നിന്ന് രക്ഷപ്പെടാൻ തന്ത്ര ങ്ങൾ മെനഞ്ഞു കൊണ്ടിരിക്കും.

ഭൂമിയിലെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ, അതിലെ മുക്കാൽ ഭാഗം ജനങ്ങളും സ്വയം പര്യാപ്തരല്ല എന്നു കാണാം. ജീവന്റെ അടിസ്ഥാന ആവശ്യമായ ജലം, ആഹാരം, വസ്ത്രം,പാർപ്പിടം ഇവ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നിഷേധിക്കപ്പെട്ടവരാണ്. നിത്യവൃത്തിക്കു വകയില്ലാത്തവൻ നിത്യജീവൻ അന്വേഷിക്കുന്നത് എങ്ങിനെ? ഇത്തരം ഒരു അവസ്ഥ മനുഷ്യന്റെ വിധി ആയിരുന്നില്ല. ഒരു ഗൂഢാലോചന ഇതിനു പിന്നിൽ പ്രവർ ത്തിക്കുന്നതു കൊണ്ടാണ്,ആത്മാവിനെ അന്വേഷിക്കാൻ മനുഷ്യനു കഴിയാതെ പോകുന്നത്. എന്നാൽ സ്വയം പര്യാപ്തതയിലും ആത്മീയ അന്വേഷണം ഉണ്ടാകണമെന്നില്ല.,കാരണം സുഭിക്ഷതയിൽ മനുഷ്യൻ മടിയന്മാരും അലസരും ആകുന്നു. ഈ അലസത അവരെ കൂടുതൽ നീചന്മാരും സ്വാർത്ഥരും ദുഷ്ടന്മാരുമാക്കുന്നു. കർമ്മ നിരതമായ കോശങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ട മനുഷ്യശരീരം അലസതയിൽ നിലനിർത്തിയാൽ മനസ്സിന് മത്തു പിടിക്കുകയും ഭ്രാന്തനാകുകയും ചെയ്യും. മനസ്സ് ധാരാളം വൈകൃതങ്ങൾക്ക് വിധേയമാകുകയും ജീവിതം ആത്മഹത്യയിലേക്കും അരാജകത്വത്തിലേക്കും വഴുതി മാറുകയും ചെയ്യും. മദ്യത്തിനും മയക്കു മരുന്നിനും അമിത ലൈംഗികതയ്ക്കും അടിമയാകുന്നവരെ ശ്രദ്ധിച്ചാൽ ഇതു ബോദ്ധ്യമാകും. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. **ഒരു മനുഷ്യൻ തന്റെ ജീവിത കാലഘട്ടത്തിനുള്ളിൽ ബോധം ഉയർത്തുകയും അങ്ങിനെ ആത്മാവിനെ അനുഭവിക്കുകയും ചെയ്യാത്തിടത്തോളം കാലം അവൻ സ്വയം പര്യാപ്തനോ ദരിദ്രനോ ആയാലും അവന്റെ ജീവിതം ദുഃഖങ്ങളും നിരാശയും നിറഞ്ഞതായിരിക്കും.** അതുകൊണ്ടാണ് മനുഷ്യ സമൂഹത്തിൽ കടുത്ത ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നത്. ലോകരാഷ്ട്രങ്ങളും സർക്കാരുകളും വ്യക്തികളും കടക്കെണിയിൽ അകപ്പെടുകയും ആത്മാവിനെ അന്വേഷിക്കാനും അനുഭവിക്കാനും സാഹചര്യമില്ലാതെ മനുഷ്യർ മരണത്തിനിരയാകുകയും ചെയ്യുന്നു. മറ്റൊരു കൂട്ടർ ലാഭക്കൊതിയുടെ ഭ്രാന്തു പിടിച്ച് നൈമിഷിക സുഖങ്ങളുടെ പിന്നാലെ ഓടി ജീവിതത്തെ അതിരുവിട്ട ലൈംഗികതയുടെയും മയക്കുമരുന്നുകളുടെയും അടിമയാക്കി ആത്മാവിനെ നഷ്ടപ്പെടുത്തുന്നു. എന്തായാലും ആത്മീയ അന്വേഷണത്തിനുള്ള ഒരു സാഹചര്യവും ഇന്നു ലോകത്തു നിലനിൽക്കുന്നില്ല. അതിനു വേണ്ട എല്ലാ കരുക്കളും അടിസ്ഥാന ആഗ്രഹവും എല്ലാം തന്റേതാകണമെന്ന സ്വാർത്ഥതയും നീക്കിയിരിക്കുന്നു. ജീവിതത്തിൽ ഒരു പോരായ്മ എകിലും ഉണ്ടെന്ന് തോന്നുന്നവന് ആ പോരായ്മ നികത്താനല്ലാതെ



ആത്മാവിനെ അന്വേഷിക്കാൻ കഴിയുമൊ?

മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് ലോകത്തുള്ള എല്ലാ പ്രാർത്ഥനക ളുടെയും അടിസ്ഥാനം ഭൗതിക ആവശ്യങ്ങളാണെന്നു കാണാം. ആരാധനാലയങ്ങൾ ആളുകളെ കൊണ്ട് നിറയുന്നത് തങ്ങളുടെ ജീവിതത്തിൽ ആവശ്യമായ ഭൗതിക ആവശ്യങ്ങൾ നേടുന്നതിനു വേണ്ടിയാണ്. അതുകൊണ്ടാ ണ് പ്രകൃതിയുടെ സൃഷ്ടികർത്താവിനെ അവർ **ദൈവമായി** ആരാധിക്കുന്നത്. പ്രപഞ്ചത്തെയും മനുഷ്യനെയും ദൈവമാണ് സൃഷ്ടിച്ചതെങ്കിൽ തീർച്ചയായും ആ ദൈവത്തിനല്ലെ മനുഷന്റെ സങ്കടങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളു. അതായത് അജ്ഞത ബാധിച്ച അധമബോധത്തെയാണ് (doomed consciousness){ഇതിനെ സാത്താനെന്നോ പിശാചെന്നോ ഒക്കെ മിസ്റ്റിക്കുകൾ വിളിക്കുന്നു} നാമെല്ലാം ദൈവമായി അംഗീകരിക്കുന്നതും പ്രാർത്ഥിക്കുന്നതും. അതായത് സ്വാർത്ഥത,സ്വാർത്ഥതയോട് പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥനയുടെ ഫലം എന്തായിരിക്കും? മറ്റൊരു സ്വാർത്ഥത. പല മതങ്ങളുടെയും പ്രാർത്ഥനയിൽ ഞങ്ങളുടെ സ്വാർത്ഥത നീക്കി തരേണമേ എന്നു പറയുന്ന ഭാഗങ്ങളുണ്ട്. കടുവയെ കിടുവ പിടിച്ചെന്ന അവസ്ഥയാണിത്. സ്വാർത്ഥത നീക്കണമെന്ന് സ്വാർത്ഥതയോടു തന്നെ പ്രാർത്ഥിച്ചാൽ അതിന്റെ ഫലം എന്തു തന്നെയായാലും സ്വാർത്ഥതയിൽ നിന്നുള്ള മോചനം ആയിരിക്കുകയില്ല എന്ന് നൂറ് ശതമാനവും ഉറപ്പാണ്.

നൂറു ഭക്തന്മാർ അഞ്ച് പേരെ ജോലിക്ക് ആവശ്യമുള്ള ഒരു സ്ഥാപനത്തിൽ ജോലി കിട്ടാൻ പ്രാർത്ഥിക്കുമ്പോൾ അതിൽ ഏറ്റവും നിഷ്കളങ്കൻ നൂറാമനായും ഏറ്റവും കൂടുതൽ സൂത്രക്കാർ ഒന്നു മുതൽ അഞ്ചുവരെ ക്രമത്തിൽ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. ഇതിനെ നാം പരിശ്രമത്തിന്റെയും ബുദ്ധിയുടെയും ദൈവാനുഗ്രഹത്തിന്റെയും ആകെ തുകയായി വ്യാഖ്യാനിക്കുന്നു. ഇതിൽ പരിശ്രമവും ബുദ്ധിയും, ആഗ്രഹത്തിന്റെയും സ്വാർത്ഥതയുടെയും രണ്ട് വ്യത്യസ്ത പേരുകളാണ്. കാരണം പരിശ്രമവും ബുദ്ധിയും അവർ ഉപയോഗിച്ചത് സ്വാർത്ഥ താൽപ്പര്യമായ ജോലി സമ്പാദിക്കുവാനാണ്. കുറഞ്ഞ ജോലി ഭാരവും നിയമങ്ങൾ കൈകാര്യം ചെയ്യാനുള്ള അധികാരവും അതിരു കവിഞ്ഞ വരുമാനവുമാണ് അവരെ കൂടുതൽ സൂത്രക്കാരാക്കിയത്. ബാക്കി 95 ഭക്തന്മാരെ ദൈവം അനുഗ്രഹിച്ചില്ല. കാരണം അവർ സ്വാർത്ഥതയിലും ആഗ്രഹത്തിന്റെ തീവ്രതയിലും പിന്നോക്കം പോയി

രുന്നു. അപ്പോൾ നാം ആരാധിക്കുന്ന **ദൈവം** സ്വാർത്ഥതയേയും ആഗ്രഹങ്ങളെയുമാണ് പ്രോത്സാഹിപ്പിക്കുന്നത് എന്നു തെളിയുന്നു.

**അപ്പോൾ ദൈവം ആരാണെന്നും അതിന്റെ യഥാർത്ഥ പേര് എന്തെന്നും നമുക്കു പിടികിട്ടുന്നു.** സ്വാർത്ഥതയുടെയും ആഗ്രഹങ്ങളുടെയും തീവ്രത കുറഞ്ഞവർ സ്വയം തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ അടിമവ്യവസ്ഥയിൽ ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാകുന്നു. ഇവരാണ് അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും,സ്വർഗ്ഗരാജ്യം ഇവരുടേതാണെന്നു പറയുന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥം ഇതാണ്. സ്വന്തമായി ജോലി ചെയ്യുന്നവന് ജോലി ഭാരം കൂടുതലാണെങ്കിലും ബോധത്തെ ഉയർ ത്താനും ആത്മാവിനെ അനുഭവിക്കാനും അവന് ആദ്യത്തെ അഞ്ചു പേരെക്കാൾ എളുപ്പമാണ്. കാരണം സ്വാർത്ഥതയുടെയും ആഗ്രഹങ്ങളുടെയും ആപേക്ഷികമായ കുറവു തന്നെ.

എന്നാൽ ലോക ജനസംഖ്യയിൽ വെറും അഞ്ചു ശതമാനമോ പത്തു ശതമാനമോ വരുന്ന മേൽപ്പറഞ്ഞ അഞ്ചു പേരെ പോലുള്ളവരുടെ സ്വാർത്ഥതയും ആഗ്രഹങ്ങളും ആഹങ്കാരവുമാണ് മറ്റുള്ളവരുടെയും അവനവന്റെ യും ആത്മീയ അന്വേഷണത്തിന് തുരങ്കം വയ്ക്കുന്നത്. അവരാണ് ഈ ലോകം ഭരിക്കുന്ന അധമ ബോധത്തിന്റെ കിങ്കരന്മാർ. ഈ ലോകത്തെ തിന്മയിൽ നിന്ന് തിന്മയിലേക്ക് നയിക്കുന്നവർ അത്തരക്കാരാകുന്നു.

ജോലി സ്ഥിരത, ഉയർന്ന വരുമാനം, ജോലി എടുക്കാതെ എങ്ങിനെ പണമുണ്ടാക്കാം എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഈ അഞ്ചുപേരുടെയും വർഗ്ഗത്തിനുള്ളതാണ്. അവരാണ് ഈ ലോകത്തെ ഭരിക്കുന്നത്. **ദൈവം** അനുഗ്രഹിക്കുന്നത് അവരെ മാത്രമാണ്,കാരണം **ദൈവത്തിന്** അവരെക്കൊണ്ട് ആവശ്യമുണ്ട്. അവർ പുതിയ പുതിയ സൂത്രങ്ങളും തിന്മകളും കണ്ടു പിടിക്കും. അത് നന്മയായി പ്രചരിപ്പിക്കും, പ്രായോഗികമാക്കും. അതിനാൽ ഒരു മനുഷ്യനും ആത്മാവിനെ കണ്ടെത്താനോ, രക്ഷപ്പെടുത്താനോ കഴിയില്ല. മനുഷ്യ മനസ്സുകളിലൂടെയല്ലാതെ മറ്റൊരു മാദ്ധ്യമത്തിൽ കൂടിയും തിന്മയും പൈശാചികതയും ദുഷ്ടതയും ക്രൂരതയും നിലനിൽക്കുന്നതായി ഭൂമിയിൽ കാണുന്നില്ല. എന്നാൽ തനിക്ക് ബോധം ഉണ്ടെന്ന് അവൻ ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇവിടെയാണ് ജീവിതത്തിന്റെ വൈചിത്ര്യം ഇരിക്കുന്നത്.



ഈ അഞ്ചു പേരുടെ പത്തു ശതമാനം വരുന്ന കൂട്ടമാണ് ഭൂമിയിൽ നിയമങ്ങളും നിയന്ത്രണ രേഖകളും യുദ്ധവും കൊണ്ടു വരുന്നത്. കാരണം ഇതെല്ലാം അവരുടെ വരുമാന മാർഗ്ഗങ്ങളാണ്. കൈ നനയാതെ മീൻ പിടിക്കാം. അദ്ധ്വാനിക്കാതെ ഭക്ഷിക്കാം. അവരുടെ പക്കൽ അധികാരവും ആയുധങ്ങളും തന്ത്രങ്ങളും ഉണ്ട്. അവർ ഈ ലോകത്തെ തിന്മയിലൂടെ മാത്രമെ നയിക്കുകയുള്ളൂ. കാരണം **ആഗ്രഹങ്ങളും സ്വാർത്ഥതയും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ഉള്ളവരുമാണ് ഇവർ.** ഇവരെയാണ് നാം ബ്യൂറോക്രാറ്റുകൾ എന്നും മൾട്ടി നാഷണൽ കമ്പനികളെന്നും അന്താരാഷ്ട്ര പണമിടപാടുകാർ എന്നെല്ലാം വിളിക്കുന്നത്.

അതായത് ഈ പ്രപഞ്ചത്തെയും മനുഷ്യരെയും സൃഷ്ടിച്ചതും ലോകം പകിട്ട് അതിർത്തികൾ നിശ്ചയിച്ച് സ്വാർത്ഥതയിലും തിന്മയിലും ഭരിക്കുന്നതും ഒരേ **'ഒരാൾ'** തന്നെ, **അധമബോധം**. അത് തിരിച്ചറിയുന്നതും മനുഷ്യൻ തന്നെ, മറ്റു ജീവജാലങ്ങൾ നിസ്സഹായരാണ്. അത് തിരിച്ചറിയാൻ മനുഷ്യന് കഴിയുമെങ്കിൽ അത് പരിഹരിക്കാനും മനുഷ്യനു കഴിയും. കാരണം അവ-ബോധം എന്ന യഥാർത്ഥ ബോധം അഥവാ ആത്മാവ് മനുഷ്യ ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അത് തിരിച്ചറിയുന്ന ഒരു ശതമാനം നന്മയുള്ളവർ ഈ ഭൂമിയിൽ നിലനിൽക്കുന്നു. അല്ലെങ്കിൽ ഈ ഭൂമി ചാമ്പലായി നശിച്ചു പോകേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ആ നന്മയുള്ള ഹൃദയങ്ങളിൽ ബോധശാസ്ത്രം എത്തണം. അവർ തങ്ങളുടെ ആത്മാവിനെ തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്തു കഴിഞ്ഞാൽ മനുഷ്യരാശി മറ്റൊരു പരിണാമത്തിലേക്ക് കടക്കും. ബോധം ഉയർന്ന ഒരു ജനത യഥാർത്ഥ ആത്മീയത കണ്ടെത്തും. അവരുടെ നിസ്വാർത്ഥതയുടെയും നിഷ്കാമത്തിന്റെയും യഥാർത്ഥ സ്നേഹത്തിന്റെയും മുന്നിൽ അധമബോധത്തിന് പിടിച്ചു നി ൽക്കാൻ കഴിയില്ല. നിയമങ്ങളും ആചാരങ്ങളും സംസ്കാരങ്ങളും അവരുടെ സാന്നിദ്ധ്യം കൊണ്ട് താനെ മാറി മറിയും. തിന്മയിൽ നിലനിൽക്കുന്ന സംസ്ക്കാരങ്ങൾ തകർന്ന് വീഴും. തിന്മയ്ക്ക് കാട്ടുതീ പോലെ ലോകത്തെ വിഴുങ്ങാമെങ്കിൽ ഉയർന്ന ബോധത്തിൽ നിലനിൽക്കുന്ന നന്മയ്ക്ക് ആ തീ കെടുത്താനും കഴിയും-കഴിയണം. എന്നാൽ യഥാർത്ഥ നന്മയെ ആപേക്ഷിക നന്മകൊണ്ട് മറച്ചുപിടിച്ച് ബുദ്ധി ആത്മാവിനെ നശിപ്പിക്കുന്നത് എങ്ങിനെ എന്നു നോക്കാം.

സുഖമില്ലാതെ കിടക്കുന്ന അമ്മയ്ക്ക് മരുന്നു വാങ്ങാൻ ചില്ലിക്കാശു പോലുമില്ലാതെ വിഷമിച്ച കുട്ടി എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് അന്വേ

ഷിച്ച് പുറത്തേക്കിറങ്ങി. വളരെ ചെറിയ കുട്ടി ആയതിനാൽ അവന് ജോലിയെടുത്തോ മറ്റ് രീതിയിലോ പണമുണ്ടാക്കാൻ അറിയില്ലായിരുന്നു. തന്റെ മുന്നിൽ കണ്ട ഒരു മാവിലേക്ക് കല്ലെടുത്ത് അവൻ എറിയാൻ തുടങ്ങി. ഈ മാങ്ങ വിറ്റെങ്കിലും മരുന്ന് വാങ്ങാനുള്ള പണം ഉണ്ടാക്കുക എന്നതായിരുന്നു ലക്ഷ്യം. ആദ്യത്തെ ഏറ് കൊണ്ടത് ഒരാളുടെ നെറ്റിയിലായിരുന്നു. ചോര വാർന്നൊഴുകിയ അയാൾ കുട്ടിയെ കടന്നു പിടിച്ചു. അവനെ അടിക്കാൻ പോകുന്നതിനു മുമ്പ് അയാൾ ഒരു നിമിഷം ചിന്തിച്ചു. കാരണം,അയാൾ സമൂഹത്തിലെ നീതിമാനായ ഒരു വ്യക്തിയായിരുന്നു. അയാൾ ഇങ്ങനെ ചിന്തിച്ചു,കുട്ടിയെ തല്ലിയാൽ അത് മറ്റു പല പ്രശ്നങ്ങൾക്കും ഇടയാകും. അതിനാൽ ബുദ്ധിമാനായ അയാൾ ഒരു സൂത്രം പ്രയോഗിച്ചു. അയാൾ തന്റെ പോക്കറ്റിൽ നിന്ന് 10-രൂപ എടുത്ത് കുട്ടിക്ക് കൊടുത്തിട്ട് ഒന്നും മിണ്ടാതെ കടന്നു പോയി. നിഷ്ക്കളങ്കനായ ബാലൻ ഉടൻ തന്നെ അടുത്ത കല്ലെടുത്തു. അവൻ ചിന്തിച്ചു,ഇതു പോലെ ഒരാൾക്കിട്ടു കൂടി എറിഞ്ഞാൽ തനിക്കാവശ്യമായ പണം ലഭിച്ചേക്കാം. എതിരെ വന്ന ആളുടെ നെറ്റി ലക്ഷ്യമാക്കി അവൻ എറിഞ്ഞു. മുറിവേറ്റ അയാൾ കുട്ടിയെ പൊതിരെ തല്ലി. പക്ഷെ കുട്ടിക്ക് കാര്യം മനസ്സിലായില്ല. തന്റെ ആവശ്യം വലുതായതിനാൽ അവൻ വീണ്ടും പലരേയും എറിഞ്ഞു. എല്ലാവരും അവനെ തല്ലുക മാത്രമെ ചെയ്തുള്ളു. അവസാനം നിഷ്കാമനായ (Neutral) ഒരു മനുഷ്യന് ഏറ് ഏറ്റു. അയാൾ കുട്ടിയെ അടുത്തേക്ക് വിളിച്ചു ചോദിച്ചു. നീ എന്തിനാണ് എറിഞ്ഞത്? നിഷ്ക്കളങ്കനായ ബാലൻ സംഭവിച്ചതെല്ലാം കേൾപ്പിച്ചു. അയാൾ തന്റെ കീശയിൽ നിന്ന് 100-രൂപയുടെ ഒരു നോട്ടെടുത്ത് അവനു നീട്ടി. കുട്ടി അയാളോടു പറഞ്ഞു ഈ പണം എനിക്കോ എന്റെ അമ്മയ്ക്കോ തിരിച്ചു തരാൻ സാദ്ധ്യമല്ല,പിന്നെങ്ങിനെ ഞാൻ ഇതു വാങ്ങും. അയാൾ കുട്ടിയോട് അവൻ ചെയ്ത തെറ്റ് എന്തെന്ന് വിശദീകരിച്ചു കൊടുക്കുകയും താൻ നൽകിയ പണം അവന്റെയും അമ്മയുടെയും അവകാശമാണെന്നും പറഞ്ഞു. അതെങ്ങിനെയെന്ന് കുട്ടി ചോദിച്ചു. അയാൾ പറഞ്ഞു: **സത്യം തിരിച്ചറിയുന്നതിനു മുമ്പ് നീയും ഞാനും ജീവിക്കുന്ന ഈ സമൂഹത്തിൽ നിന്ന് പലിശയായും കമ്മീഷനായും ഡിവിഡന്റായും കൈക്കൂലിയായും അമിത ലാഭമായും ആത്മാർത്ഥതയില്ലാതെ പണിയെടുത്തും സമ്പാദിച്ച താണ് ഈ പണം**. എന്നെപ്പോലുള്ളവർ അങ്ങനെ ചെയ്തതു കൊണ്ടാണ് നീയും നിന്റെ അമ്മയും ദരിദ്രരായത്. അതിനാൽ ഈ പണം ദാനമോ എന്റെ നന്മയോ ആയി നീ കണക്കാക്കേണ്ട,നിന്റെയും



നിന്റെ അമ്മയുടെയും അവകാശമാണ്. സന്തോഷമായി വാങ്ങുക. എന്നിട്ട് അയാൾ ഒരു ഉപദേശവും കൊടുത്തു. **തിന്മ ചെയ്യുന്നവനെക്കാൾ ഏറെ സൂക്ഷിക്കേണ്ടത് നന്മ ചെയ്യുന്നവനെയാണ്. അവനാണ് നിന്നെ ഈ തിന്മ ചെയ്യാൻ പ്രേരിപ്പിച്ചത്. നിന്നോട് തിന്മ ചെയ്യുന്നവൻ നിന്റെ ശരീരത്തെ മാത്രമെ നശിപ്പിക്കുന്നുള്ളു, അവനെ ഭയപ്പെടേണ്ട. എന്നാൽ നന്മ ചെയ്യുന്നവൻ ശരീരത്തെ മാത്രമല്ല നിന്റെ ആത്മാവിനെയും നശിപ്പിക്കും, അവനെ സൂക്ഷിക്കണം (ബൈബിൾ)**. ഇതൊരു മിസ്റ്റിക് വചനമാണ്.

ബോധശാസ്ത്രം നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. അധമബോധം അതിന്റെ സർവ്വ ശക്തിയും ഉപയോഗിച്ച് അതിനെ തടയുമെന്നത് തീർച്ചയാണ്. എങ്കിലും ബോധത്തിന് ഉയരാതിരിക്കാൻ കഴിയില്ല. അതിനാണ് പ്രകൃതി മനുഷ്യനിൽ അവബോധം കൂട്ടി ചേർത്തത്. അത് തിന്മ വളരാൻ ഉപയോഗപ്പെടുത്തിയത് സ്വാർത്ഥതയും ആഗ്രഹങ്ങളും ആണെങ്കിൽ; നന്മയിലേക്ക് വളർത്താൻ കഴിവുള്ള നിസ്വാർത്ഥരും,നന്മയുള്ളവരും ഭൂമിയിൽ ശേഷിക്കുന്നുണ്ടാകും. അവരുടെ ഹൃദയങ്ങളിൽ ബോധശാസ്ത്രം മുട്ടുക തന്നെ ചെയ്യും.

### ജീവിതം എന്ന സത്യം

ജീവിതം ദുഃഖവും വേദനയുമാണെന്ന് നാം ദിവസവും അനുഭവിച്ചു കൊണ്ടിരിക്കുന്നു. അത് അങ്ങിനെ ആയിരിക്കാനാണ് ബോധം നൽകപ്പെട്ടത് എന്ന് വിശ്വസിക്കാൻ തെളിവുകളില്ല. ബോധം നൽകപ്പെട്ടത് ജീവിതം സന്തോഷവും സുഖവും ദേഹത്തിൽ അനുഭവിക്കാനാണെന്ന് വ്യക്തമാണ്. എന്നാൽ ഫലത്തിൽ ബോധം കൊണ്ട് മൃഗങ്ങളേക്കാൾ കൂടുതൽ ദുഃഖവും വേദനയും അനുഭവിക്കുകന്ന അവസ്ഥയാണ് മനുഷ്യരുടേത്. ബോധത്തിന് സാക്ഷിയായി മാറാനുള്ള കഴിവുണ്ട്. പക്ഷെ ആഗ്രഹങ്ങളുടെ കൂട്ടമായ വ്യക്തിത്വമാണ് സാക്ഷിയാകുന്നതിന്റെ ഏക തടസ്സം. പക്ഷെ ഇത് ആര് തിരിച്ചറിയും? മനുഷ്യബുദ്ധി തന്നെ തിരിച്ചറിഞ്ഞേ പറ്റൂ. ഓരോ വ്യക്തിയും അത് തിരിച്ചറിയണം. കാരണം ഇത് സംവേദനം ചെയ്യപ്പെടാവുന്ന ബാഹ്യമായ ഒരറിവല്ല. തീർത്തും ആന്തരികമായ ഒരു ജ്ഞാനമാണ്. അതായത് അനുഭവം എന്ന തിരിച്ചറിയൽ (experienced understanding). താൻ ഒരു ആത്മീയ ജീവിയാണ് എന്ന് മനുഷ്യർ ഒരു ജീവിത കാലഘട്ടത്തിൽ എപ്പോൾ തിരിച്ചറിയുന്നുവോ അപ്പോഴാണ് അവൻ തന്റെ ആത്മീയ ജീവിതം ആരംഭിക്കുന്നത്. ആ ജീവിതത്തെയാണ് യഥാർത്ഥ ജീവിതം

അഥവാ സത്യത്തിലേക്കുള്ള ജീവിതം എന്ന് പറയുന്നത്. അതിന് ബോധോദയം(Enlightenment) സംഭവിക്കണം. എത്ര വർഷം കൊണ്ട്? എപ്പോൾ? എങ്ങിനെ? എന്തു കൊണ്ട് ബോധോദയം സംഭവിക്കും എന്നുള്ള എല്ലാ ചോദ്യങ്ങളും അഹം എന്ന അഹങ്കാരത്തിന്റെ തട്ടിപ്പു കളാണ്. ബോധോദയം സംഭവിക്കാൻ ഒരു നിമിഷം പോലും വേണ്ട. എന്നാൽ ഒരായിരം ജന്മങ്ങൾ കഴിഞ്ഞാലും അത് സംഭവിക്കണം എന്നില്ല.

എന്നിൽ ബോധോദയം സംഭവിക്കാൻ ഞാൻ ചോദ്യങ്ങൾ ചോദി ക്കുന്നത് മറ്റൊരാളോട് ! നാം ആത്മീയതയിലേക്ക് ഉയരാൻ ചോദ്യ ങ്ങൾ ചോദിക്കുമ്പോൾ, നമ്മുടെതായ സ്വാർത്ഥതയുടെ ഉത്തരം നാം ഒളിപ്പിച്ചു വയ്ക്കും. ഗുരുവിന്റെ ഉത്തരം തന്റെ ഉത്തരവുമായി യോജിക്കുമെങ്കിൽ ഗുരു യഥാർ ത്ഥമായവൻ അല്ലെങ്കിൽ തട്ടിപ്പുകാ രൻ. കുട്ടികളെപ്പോലെ ചോദ്യങ്ങൾ ചോദിക്കാൻ ഒരു ബുദ്ധിമാനു കഴി യണം. കുട്ടികളുടെ ചോദ്യങ്ങൾക്ക് അവരുടെ മനസ്സിൽ ഒളിപ്പിച്ചുവച്ച ഉത്തരം ഉണ്ടാവുകയില്ല. യാതൊരുവിധ ഉത്തരവും മനസ്സിൽ ഇല്ല എന്നു റപ്പുള്ള ചോദ്യത്തിന്റെ ഉത്തരം അന്വേഷിക്കുന്നവനേ ആത്മാവിനെ അനുഭവിക്കുകയും കണ്ടെത്തുകയും ചെയ്യുകയുള്ളു. അല്ലാത്തവർ സൂത്രങ്ങൾ കൊണ്ട് ജന്മം അവസാനിപ്പിക്കും. വിചിത്രമാണ് നമ്മുടെ ബുദ്ധിയുടെ സൂത്രം. ഒരുവന്റെ ബോധോദയത്തിന് അവൻ തന്നെ യാണ് എതിരുനിൽക്കുന്നത്. എന്നിട്ട് ബോധോദയം അന്വേഷിച്ച് ആശ്ര മങ്ങളിലും കാട്ടിലും ദേവാലയങ്ങളിലും ഹിമാലയത്തിലും ഒക്കെ അലഞ്ഞുതിരിയുന്നു. അതുമല്ലെങ്കിൽ ഭൗതിക ജീവിതത്തിൽ ബോധോദയം ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ എന്ന് അന്വേഷിക്കുന്നു. **സ്വാർത്ഥതയും ആഗ്രഹങ്ങളും കൈവെടിയാതെ ബോധോദയം സംഭ വിക്കുവാൻ മാർഗ്ഗം ഉണ്ടോ എന്നാരായുന്നു**.

നാം ഓരോരുത്തരും തിന്മയുടെ സന്തതികളാണെന്നും ജീവിത ത്തിലെ എല്ലാ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും കാരണം തന്റെ തന്നെ സ്വാർത്ഥതയും ആഗ്രഹങ്ങളും ആണെന്ന് ഒരുവൻ തന്റെ അനുഭവ ജ്ഞാനത്തിലൂടെ എന്ന് അംഗീകരിക്കുന്നുവോ അന്ന് അവന് ബോധോ ദയം സംഭവിച്ചിരിക്കും. അതി ൽ ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും ആവശ്യമില്ല. ഒരുവൻ തന്റെ അന്തരാത്മാവിലേക്ക് ഇറങ്ങുകയും ആത്മാ വിനെ അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇത്.

മാനസിക വിഭ്രാന്തിയും (hysteria) അതീന്ദ്രിയ തട്ടിപ്പുകളും മന്ത്ര വാദ വും സെൽഫ് ഹിപ്നോട്ടിസവും ദർശനവും സ്വപ്നങ്ങളും



ബോധോദയ അനുഭവമാണ് എന്ന് പ്രചരിപ്പിക്കുകയും അത് ഉണ്ടാക്കി കൊടുക്കുകയും ചെയ്യുന്ന ഒരു തലമുറയിലാണ് നാം ജീവിക്കുന്നത് എന്ന് മനസ്സിലാക്കണം. അദ്ധ്വാനിക്കാതെ പണം സമ്പാധിക്കുകയും സേവനത്തിന്റെയും ആത്മീയതയുടെയും പേരിൽ ആഢംബര ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു സമൂഹം നമുക്കു പിന്നിലുണ്ട് എന്ന് നാം അറിയണം. ജന്മനാ ദുർബലരായ നാം ഇത്തരം മയക്കു തന്ത്രങ്ങളിൽ പെടാനുള്ള സാദ്ധ്യത വളരെ ഏറെയാണ്. ഈ നൂറ്റാണ്ടിൽ ഏറ്റവും ശക്തമായത് രോഗശാന്തി പ്രാർത്ഥനകളും ദുരന്ത നിർമ്മാർജ്ജന മ ന്ത്രങ്ങളുമാകുന്നുവെന്ന് വ്യക്തമാകുന്നു.

**ഒരു മനുഷ്യ ശരീരം എന്നത് രണ്ട് വ്യക്തികളുടെ (അച്ഛന്റേയും അമ്മയുടേയും) ലൈംഗിക കോശങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രോഗ്രാം ചെയ്ത തന്മാത്രകളുടെ (ജീനുകൾ) സംയോഗം മൂലം വള രുന്ന ഒരു സംവിധാനമാണ്**. അതായത് മനുഷ്യ ശരീരം ഒരു വളർച്ച യാണ്. വളർച്ച എന്നാൽ ജനിക്കുക,ജീവിക്കുക,പ്രത്യുൽപ്പാദനം നടത്തു ക,മരിക്കുക. ഈ നാല് സംഭവങ്ങളുടെ പൂർത്തീകരണമാണ് മനുഷ്യ ജന്മം. അതിനാവശ്യമായ ബുദ്ധി (intelligence),സിക്താണ്ഡം (zy-gote) എന്ന സംയോജിത ഏകകോശത്തിൽ മുൻകൂട്ടി വച്ചിരിക്കുന്നു. അതിൽ എന്തെങ്കിലും മാറ്റം പൊസിറ്റീവായി വരുത്താൻ മനുഷ്യ ബുദ്ധിക്ക് കഴിയില്ല. എന്നാൽ നെഗറ്റീവായി അതിനെ വികലമാക്കാൻ കഴിവുള്ള ആയിരക്കണക്കിന് വിഷമയമായ വസ്തുക്കൾ മനുഷ്യ ബുദ്ധി കണ്ടു പിടിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഈ ജീനു കൾ എന്നാൽ രാസതന്മാത്രകളാണ്. ഒരു മനുഷ്യൻ എങ്ങനെ വളരണ മെന്നും ഏതെല്ലാം രോഗങ്ങൾക്ക് വിധേയനാകണമെന്നും തീരുമാനി ക്കുന്നതിൽ ഈ ജീനുകൾക്ക് പങ്കുണ്ട്. ശരീരം വളർന്ന്,തളർന്ന് മരി ക്കുന്നതുവരെ ഇവ അനസ്യൂതമായി പ്രവർത്തിച്ചു കൊണ്ടിരിക്കും. എന്നാൽ വളർച്ചയുടെ മദ്ധ്യഘട്ടത്തിൽ മസ്തിഷ്ക്കം രൂപപ്പെടുകയും ബാഹ്യ ബുദ്ധിയായി ഇത് പ്രവർത്തിക്കുകയും ചെയ്യുന്നു. സിക്താ ണ്ഡം,ഒരു ശിശു ശരീരമായി രൂപം പ്രാപിക്കുന്നതുവരെ മസ്തിഷ്ക്ക മല്ല വളർച്ചയെ നിയന്ത്രിക്കുന്നത്. എന്നാൽ ശിശു പൂർണ്ണ വളർച്ച പ്രാപിച്ച് ഭൂമിയിൽ പിറന്നു വീഴുമ്പോഴാണ് ഈ മസ്തിഷ്ക്കം തന്റെ പ്രവർത്തനം ആരംഭിക്കുന്നത്. അതായത് ഒരു ഏകകോശം മനുഷ്യ ജീവിയായി ജനിക്കുന്നതിന് മസ്തിഷ്ക്കം ആവശ്യമില്ല എന്നർത്ഥം. ഭൂമി യിൽ പിറന്നു വീഴുന്ന ഒരു മനുഷ്യ ജീവിയുടെ മസ്തിഷ്ക്കം പിന്നീട് അവബോധവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ തക്കവണ്ണം വളരാൻ

തുടങ്ങുന്നു. അതിനാൽ മസ്തിഷ്കം സ്വതന്ത്രമായാണ് ശരീര പ്രവർത്തനങ്ങൾ നടത്തുന്നത് എന്ന് തെളിയിക്കാൻ ബുദ്ധിമുട്ടാണ്. കാരണം മസ്തിഷ്കം എങ്ങിനെ പ്രവർ ത്തിക്കുന്നു എന്നു കണ്ടു പിടിക്കാൻ ഒരുപക്ഷെ കഴിഞ്ഞേക്കാം. **എന്നാൽ മനുഷ്യ മസ്തിഷ്ക്കം മാത്രം ഞാൻ എന്നും എന്റേതെന്നും പറയുന്നത് എന്തുകൊണ്ടാണെന്ന് തെളിയിക്കാൻ എളുപ്പമല്ല.** അപ്പോൾ മസ്തിഷ്ക്കത്തെ ഉപയോഗിച്ച് ഞാൻ എന്നും എന്റേതെന്നും പറയാൻ ഒരു ഘടകം കൂടിയേ തീരു. അത് മാംസമായിരിക്കാനും പാടില്ല. ഞാൻ മാംസമാണെന്ന് പറഞ്ഞാൽ എല്ലാ മാംസമുള്ള ജീവികളും ഞാൻ എന്നും എന്റേതെന്നും മനുഷ്യരെപ്പോലെ പറയുമായിരുന്നു.

മേൽ വിവരിച്ചതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. ഒരു മനുഷ്യന്റെ ജീവിതം രണ്ട് രീതിയിലാണ് നടത്തപ്പെടുന്നത്. 1. ജനിതക തന്മാത്രകളായ ജീനുകളിൽ അടങ്ങിയിരിക്കുന്ന പ്രോഗ്രാം അനുസരിച്ച്. 2. മനുഷ്യ മസ്തിഷ്ക്കം അവബോധവുമായി ബന്ധപ്പെട്ട് നിൽക്കുന്നതിനാൽ അഞ്ച് ഇന്ദ്രിയങ്ങളുടെ സൂക്ഷ്മ നിശ്ചിത ജ്ഞാനം (perceptions) വിശകലനം ചെയ്യാൻ കഴിയുകയും അത് മനസ്സ് എന്ന ഒരു വ്യക്തിബോധത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. ബുദ്ധി,ഓർമ്മശക്തി, പഞ്ചേന്ദ്രിയങ്ങളുടെ സൂക്ഷ്മ നിശ്ചിത ജ്ഞാനം ഇവ മൂന്നും കൂടി ചേർന്ന് അവബോധത്തിൽ പ്രവർത്തിക്കുമ്പോഴാണ് മനസ്സ് രൂപം പ്രാപിക്കുന്നത്. അതായത് മനസ്സിന് സ്വതന്ത്രമായി നിലനിൽപ്പില്ല. അതിനാൽ അഹം (ego) എന്ന അഹങ്കാരമായി, ഒരു വ്യക്തിയായി, ഒരു പേരോടു കൂടി സമൂഹത്തിൽ നിലനിൽക്കുന്നു. ഈ മനസ്സ് ഒരു നിഴലാണെങ്കിലും ഇത് സ്വാഭാവികമായ ജീവിതത്തെ എങ്ങനെയെല്ലാമോ സ്വാധീനിക്കുകയും ബാധിക്കുകയും ചെയ്യുന്നു. മനസ്സിനെക്കുറിച്ച് പഠിക്കുവാനോ അതിന്റെ ആഴങ്ങളിലേക്ക് പോകുവാനോ നമുക്ക് കഴിയില്ല. കാരണം യഥാർത്ഥ ബോധം (ആത്മാവ്) ഒരു വസ്തുവോ, ഊർജ്ജമോ, ജീവനോ അല്ല. സ്വപ്നങ്ങളുടെയും ചിന്തകളുടെയും തോന്നലുകളുടെയും ശീലങ്ങളുടെയും വാസനകളുടെയും മിഥ്യാധാരണകളുടെയും പൊങ്ങച്ചത്തിന്റെയും അഭിമാനത്തിന്റെയും അതീന്ദ്രിയ ശക്തികളുടെയും സാഹസികതകളുടെയും അനിയന്ത്രിതമായ ഒഴുക്കാണ് മനസ്സിനെ നിലനിർത്തുന്നത്. ശാരീരിക രോഗങ്ങളിൽ 80%-വും മനസ്സിന്റെ വൈകല്യമാണെന്ന് ബോധോദയത്തിലേക്ക് ഉയരുന്ന ഒരാൾക്ക് കണ്ടെത്താൻ കഴിയും. ഭാക്കി 20%-വും ജനിതക കാരണങ്ങളായ ജീനുകളുടെ പ്രവർത്തനം കൊണ്ടാണ്. ബോധത്തിന്റെ താഴ്ന്ന തട്ടുകളിൽ



നിൽക്കുന്ന മനസ്സുകളുടെ ഉടമകളെ രോഗങ്ങൾ തീരാവ്യാധികളായി പിൻതുടർന്ന് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റി കൊണ്ടിരിക്കും. ഇത് മനസ്സിന്റെ ഭയവും തന്നോടു തന്നെയുള്ള അവിശ്വാസം കൊണ്ടുമാണ് സംഭവിക്കുന്നത്. താൻ ഒരു വ്യക്തിയാണെന്നും താനാണ് ജീവിതത്തെ നിയന്ത്രിക്കുന്നതെന്നും തനിക്ക് ജീവിതത്തെ എങ്ങിനെ വേണമെങ്കിലും മാറ്റാമെന്നും മറിക്കാമെന്നും ഇത്തരം മനുഷ്യർ അഹങ്കരിക്കുന്നു. ജീവിതം തന്റെ ആഗ്രഹങ്ങളുടെ സംഭവിക്കലാണെന്നും (happening) താൻ ഒരു കർമ്മിയല്ലെന്നും (doer) ഇവരുടെ ബുദ്ധിക്ക് കണ്ടെത്താൻ കഴിയാതെ വരുന്നു. എല്ലാ പ്രവൃത്തികളുടെയും കർതൃത്വം ഇവർ സ്വന്തം വ്യക്തിത്വത്തിൽ ആരോപിച്ചു കൊണ്ടിരിക്കും. ജീവിതത്തെ അനിശ്ചിതത്വം വേട്ടയാടുമ്പോൾ ഇത്തരക്കാർ പൊസിറ്റീവ് ആയവയെ ഭാഗ്യം എന്നും ദൈവാനുഗ്രഹമെന്നും നെഗറ്റീവ് ആയവയെ ദുർവിധിയെന്നും നിർഭാഗ്യമെന്നും സങ്കൽപ്പിക്കുന്നു. ഇങ്ങനെ ജീവിതം മൊത്തം താനും തന്റെ അഹവുമാണെന്ന് ഇവർ തെറ്റിദ്ധരിക്കുന്നു. ഇത്തരക്കാരാണ് മനുഷ്യരിൽ 99%വും. അതിനാൽ ഇവരുടെ രോഗങ്ങൾ മിക്കവാറും മാനസികമായിരിക്കും.,അത് മാസ് ഹിപ്നോട്ടിസം കൊണ്ടും മന്ത്രങ്ങളും തന്ത്രങ്ങളും കൊണ്ടും ഭേദപ്പെട്ടേക്കാം. അത്തരം ഭേദപ്പെടലിൽ ശാസ്ത്രീയത ഇല്ല. വിശ്വാസമാണ് നിലനിൽക്കുന്നത്. മാനസിക തലത്തിൽ നിലനിൽക്കുന്ന രോഗങ്ങളാണ് ഇങ്ങനെ നീക്കം ചെയ്യപ്പെടുന്നത്. **"നിന്റെ വിശ്വാസം നിന്നെ പൊറുപ്പിക്കും"**(ബൈബിൾ) എന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥം ഇതാണ്. അവിടെ രോഗമല്ല പൊറുപ്പിക്കുന്നത്,നഷ്ടപ്പെട്ടുപോയ ആത്മവിശ്വാസത്തെ തിരിച്ചു കൊണ്ടുവരികയാണ് ചെയ്യുന്നത്. എന്നാൽ യഥാർത്ഥമായ ഒരു രോഗം ബാധിച്ച (കാൻസർ പോലുള്ള മാരകമായ രോഗങ്ങൾ) ഒരാളെ ഇത്തരത്തിൽ ഭേദമാക്കുവാൻ കഴിയില്ല. മാത്രവുമല്ല എന്തൊക്കെ ചെയ്താലും വിശ്വസിക്കാത്ത ഒരാളെയും ഇത്തരത്തിൽ ഭേദമാക്കാൻ സാദ്ധ്യമല്ല. അതായത് മാനസിക തലത്തിൽ രോഗം ബാധിക്കുന്ന ഒരു ശരീരം മാത്രമെ ഇത്തരം സൂത്രങ്ങൾ കൊണ്ട് ഭേദമാക്കുവാൻ കഴിയുകയുള്ളു. രോഗം ഭേദമാക്കുന്ന മരുന്നുകളും മന്ത്രങ്ങളും ഉപയോഗിക്കുന്നവരും അത് നൽകുന്നവരും തമ്മിൽ ബോധതലത്തിൽ ചെറിയ ഒരു വ്യത്യാസമേ യുള്ളു,ആത്മാവിനെ കണ്ടെത്തുന്നതിലും അതിനെ അനുഭവിക്കുന്നതിലും ഇരു കൂട്ടരും പരാജയപ്പെടുന്നു എന്ന് തെളിവുകൾ വ്യക്തമാക്കുന്നു. ഒരുവന്റെ ബോധം ബോധോദയംവരെ എത്തിയിട്ടുണ്ടോ എന്ന് ബോധശാസ്ത്രത്തിലൂടെ എളുപ്പത്തിൽ കണ്ടു പിടിക്കാം. അതിനുള്ള

മാർഗ്ഗങ്ങൾ അതിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഓരോരുത്തർക്കും തന്നിൽ തന്നെ കണ്ടു പിടിക്കുകയും ചെയ്യാം, തികഞ്ഞ ആത്മാർത്ഥത വേണം എന്നേയുള്ളു.

രോഗശാന്തി മന്ത്രങ്ങളും ജൈവോർജ്ജ ഹീലിങ്ങുകളും മറ്റ് ഹോളിസ്റ്റിക് തെറാപ്പികളും മാനസിക തലത്തിൽ മാത്രം നിലനിൽക്കുന്നവയാണ്. എന്നാൽ ഇവയ്ക്കെല്ലാം മനുഷ്യർ ഒരു ആത്മീയ പരിവേഷം നൽകി സ്വയം കബളിപ്പിക്കപ്പെടുകയും മറ്റുള്ളവരെ കബളിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ ഭൂരിഭാഗം പേരും പണം തട്ടിയെടുക്കാൻ ശ്രമിക്കുന്നു, ചിലർ പുണ്യവും! എന്തു തന്നെയായാലും ഇത്തരം രോഗശാന്തി രീതികൾ ബോധത്തെ ഉയർത്തുന്നതിനു പകരം തളർത്തുന്നതായാണ് അനുഭവപ്പെടുന്നത്. കാരണം മനുഷ്യർ ചില പ്രത്യേക വിശ്വാസങ്ങളിലും രീതികളിലും ആചാരങ്ങളിലും മുറുകെ പിടിച്ച് വ്യത്യസ്ത സ്വഭാവ വൈകൃതങ്ങളിലേക്ക് (perversion) പോകുന്നു. യഥാർത്ഥ ആത്മീയത എന്നത് മാനസിക തലത്തിൽ അല്ല നിലനിൽക്കുന്നത്. അത് മനസ്സിന്റെ പിന്നിലേക്കുള്ള യാത്രയാണ് എന്ന് നാം മനസ്സിലാക്കുന്നില്ല. എന്നാൽ ബോധോദയംവരെയുള്ള യാത്രയ്ക്ക് മനസ്സ് ആവശ്യമാണെന്ന് നാം അറിയണം. മനസ്സിനെ ബോധോദയംവരെ എത്തിക്കാൻ കുറെ യുക്തിയും ആവശ്യമാണ്. ബുദ്ധിക്ക് യുക്തിയല്ലാത്തതൊന്നും മനസ്സിലാക്കുവാനുള്ള കഴിവും ഇല്ല. യുക്തിയിലൂടെ സഞ്ചരിക്കുന്ന മനസ്സ് എന്ന് യുക്തിയെ കൈവിടു ന്നുവോ അന്ന് ബോധോദയം സംഭവിച്ചിരിക്കും. ബോധശാസ്ത്രം ഇതിനുള്ള അറിവാണ് നൽകാൻ ശ്രമിക്കുന്നത്.

ഒരു സാധാരണക്കാരനെ ആത്മീയതയിൽ നിന്നും ബോധത്തിന്റെ ഉയർ ച്ചയിൽ നിന്നും അധമബോധം എങ്ങിനെ തടയുന്നു എന്നാണ് മേൽ വിവരിച്ചത്. എന്നാൽ ഒരു ആത്മീയ അന്വേഷകനെ അടിസ്ഥാന ആഗ്രഹങ്ങളും സ്വാർത്ഥതയും എങ്ങിനെ അവന്റെ ആത്മീയ യാത്രയെ തടയുന്നു എന്ന് നോക്കുക. ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ പ്രത്യേകത ആത്മീയ ഗുരുക്കന്മാരുടെ വർദ്ധനവാണ്. ലോകത്തിന്റെ കിഴക്കൻ രാജ്യങ്ങളിലാണ് ഈ ഗുരുക്കന്മാർ ഏറ്റവും അധികം പ്രത്യക്ഷപ്പെടുന്നത്. അതിന് ചരിത്രപരമായ ചില കാരണങ്ങളും ഉണ്ട്. ആരാണീ ആത്മീയ ഗുരുക്കന്മാർ?

ബോധോദയം അഥവാ enlightenment എന്നത് മനസ്സിൽ ബോധം ഒരു പ്രത്യേത തലത്തിൽ എത്തുന്നതിനെയാണ് അർത്ഥമാക്കുന്നത്. ഈ ബോധതലത്തിൽ എത്തുന്ന ഒരാൾക്ക് മാനസിക തലത്തിൽ നിൽക്കുന്ന ജീവിതത്തിന്റെ രഹസ്യം ഏറെക്കുറെ പിടികിട്ടും. ജീവിതത്തിന്റെ മിക്കവാറും സങ്കീർണ്ണ വശങ്ങളുടെയും പൊരുൾ തിരിച്ചറിയുവാൻ കഴിയും. ബുദ്ധിയുടെ എല്ലാ ചോദ്യങ്ങൾക്കും അന്തരാത്മാവിൽ നിന്ന് ഉത്തരങ്ങൾ തനിയെ ഉത്ഭവിക്കും. അതിനാൽ അത്തരം ആളിന്റെ മനസ്സിൽ ചോദ്യങ്ങൾ സംശയങ്ങ ളായി നിലനിൽക്കില്ല. താൻ ഒരു ആത്മീയ ജീവിയാണെന്നും അതു പോലെ തന്നെ മറ്റുള്ളവരും അത്തരത്തിലുള്ളവരാണെങ്കിലും അവർ അത് അറിയുന്നില്ല എന്ന് ഇയാൾ മനസ്സിലാക്കുന്നു. ഇതിനെ മിസ്റ്റിക് സ്റ്റേറ്റ് അഥവാ മിസ്റ്റിക് അവസ്ഥ എന്ന് പറയുന്നു. പാശ്ചാത്യർ ഇതിനെ പരിശുദ്ധ ആത്മാവിന്റെ എഴുന്നള്ളൽ എന്നാണ് പറയുക. ഈ അവസ്ഥ പ്രകൃതിദത്തമായി ഒരു വ്യക്തിയിൽ സംഭവിക്കുന്നതാണ്, നേടുന്നതല്ല. ഭൂമിയിൽ വന്നിട്ടുള്ള 99% മിസ്റ്റിക്കുകളിലും മിസ്റ്റിക് അവസ്ഥ സംഭവിച്ചതാണ്. അനേക ജന്മങ്ങളുടെ പുണ്യങ്ങളും ശരിയായ ജനിതക ശ്രേണിയും ഒത്തുവരുമ്പോൾ സംഭവിക്കുന്ന ഒരു അമാനുഷിക പ്രതിഭാസമാണ് മിസ്റ്റിക് അവസ്ഥ. ഇവർ മിക്കവാറും ബ്രഹ്മചാരികൾ ആയിരിക്കുമെങ്കിലും യഥാർത്ഥ ബ്രഹ്മചാരികൾ ആയിരിക്കുകയില്ല. ലൈംഗിക ആസക്തി മനസ്സിന്റെ വളരെ ആഴത്തിൽ പോകുകയും അതിനാൽ മനസ്സ് ബോധത്തിന്റെ ഏതോ ഒരു അവസ്ഥയിൽ എത്തുകയും ചെയ്യുന്നു. ഇത് ഒരു അതീന്ദ്രിയത്വത്തിലേക്ക് മനസ്സിനെ നയിക്കുന്നതിനാൽ മനുഷ്യദൈവങ്ങളായി ഇവർ അംഗീകരിക്കപ്പെടുന്നു. ഇവർ കുട്ടികളെപ്പോലെ നിഷ്ക്കളങ്കരും ഭൗതിക വസ്തുക്കളോടും സമ്പത്തിനോടും ആർത്തി കുറഞ്ഞവരും ആയിരിക്കും. അതിനാൽ ആർക്കും ഇവരെ ചൂഷണം ചെയ്യാൻ കഴിയും. എന്നാൽ ഈ മിസ്റ്റിക് അവസ്ഥ ലഭിച്ചവർക്ക് തങ്ങളുടെ ജനിതക ശ്രേണിയെ മറികടക്കാൻ കഴിവുണ്ടെങ്കിലും ബുദ്ധി കുറവായിരിക്കുന്നതിനാൽ അതിന് കഴിയുകയില്ല. അതായത് മനസ്സിന് ഒരു പൂർണ്ണ സാക്ഷിയാകാൻ കഴിയില്ല എന്നർത്ഥം. മാത്രവുമല്ല തനിക്ക് സംഭവിച്ച ബോധോദയം കൊണ്ട്,തന്റെ ബുദ്ധിയെ ഒരു പൂർണ്ണ സാക്ഷിയാക്കേണ്ടത് എങ്ങിനെയെന്നും അതിലൂടെ ആത്മാവിനെ എങ്ങിനെ രക്ഷപ്പെടുത്താമെന്നും ഇവർക്ക് സ്വയം കണ്ടുപിടിക്കാൻ കഴിയാതെ വരുന്നു. കാരണം അവർ ആത്മീയ അന്വേഷകൻ ആയിരുന്നില്ല. ഒരു പ്രത്യേക പ്രായത്തിൽ അത് സംഭവിച്ചതാണ്,പ്രകൃതിയുടെ തിരഞ്ഞെടുപ്പാണ് അത്. ആത്മീയ അന്വേഷകൻ അല്ലാത്തതിനാൽ തനിക്ക് എന്താണ് സംഭവിച്ചത് എന്ന് തിരിച്ചറിയാൻ അവർക്ക്

കഴിയാതെ പോകുന്നു. ഇവർ അല്പം നിസ്വാർത്ഥരും സ്നേഹമുള്ള വരും അനുകമ്പയുള്ളവരും ആയിരിക്കും.

എന്നാൽ ആത്മജ്ഞാനം ഉള്ളിൽ നിറഞ്ഞു നിൽക്കുന്നതിനാൽ ഏതു ചോദ്യത്തിനും ആത്മീയമായ ഒരു ഉത്തരം ഇവർക്ക് നൽകാൻ കഴിയും. പക്ഷെ ബുദ്ധിയെ ആത്മീയതയിലേക്ക് വികസിപ്പിക്കാൻ കഴിയില്ല. കൂടാതെ സ്നേഹം അനുകമ്പ കാരുണ്യം എന്ന ജീവിതത്തിന്റെ ഉയർന്ന ആപേക്ഷിക മൂല്യങ്ങൾ മനസ്സിൽ നിലനിൽക്കുന്നതിനാൽ വലിയ വലിയ പ്രസ്ഥാനങ്ങൾ പടുത്തുയർത്തുവാനും ആതുരാലയങ്ങളും അനാഥാലയങ്ങളും സംഘടിപ്പിക്കുവാനും സമൂഹത്തിന് നന്മ ചെയ്യാനും അവർ ജീവിതം ഉഴിഞ്ഞു വയ്ക്കുന്നു. അതായത് ഭൗതികതയുടെ ആപേക്ഷികത ആത്മീയതയുടെ ആപേക്ഷിതയായി മാറുന്നു. അതിനാൽ ഇവരെ മറ്റുള്ളവർ നന്നായി മുതലെടുക്കുന്നു. ഇവരുടെ അതീന്ദ്രിയ ശക്തികൾ സാധാരണ മനസ്സുകളെ ആകർഷിക്കുകയും ധാരാളം പണം ഇവരുടെ കൈകളിലേക്ക് ഒഴുകുകയും ഈ പണത്തിന്റെ കുറച്ചുഭാഗം സമൂഹ നന്മയ്ക്കായി ഇവർ ഉപയോഗിക്കുകയും ചെയ്യുന്നു. സമൂഹം അതുമൂലം ഒരുവിധം സന്തുലിതാവസ്ഥയിലേക്ക് വരുന്നു. അതായത് നന്മയുടെ മൂല്യം സമൂഹത്തിന് നഷ്ടപ്പെട്ടിട്ടില്ല എന്ന് ഇവർ സമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നു. എന്നാൽ ഇവരെ ഗുരുക്കന്മാരായി മനുഷ്യർ തെറ്റിദ്ധരിക്കുന്നു. ഒരു ആത്മീയ അന്വേഷകൻ ഇവരുടെ സ്വാധീനത്തിൽപെടാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഇത്തരം ഗുരുക്കന്മാർക്ക് അവരുടെ ആത്മാവിനെ തന്നെ നിർവ്വാണയിലേക്കോ, നിത്യജീവനിലേക്കോ എത്തിക്കുവാൻ കഴിയുകയില്ല. മാത്രമല്ല ഒരു ആത്മീയ അന്വേഷകന് അവന്റെ ആത്മാവിനെ ലക്ഷ്യത്തിൽ എത്തിക്കാൻ ഇവരിൽ നിന്നും ഒന്നും ലഭിക്കുകയുമില്ല. ഭൗതികമായാലും ആത്മീയമായാലും അഹം (മനസ്സ്) ആഗ്രഹങ്ങൾ തന്നെയാണ്. മരണ സമയത്ത് ആഗ്രഹങ്ങൾ ഏത് രീതിയിൽ മനസ്സിൽ നിന്നാലും ആത്മാവ് ശരീരത്തെ എന്നന്നേയ്ക്കുമായി വെടിയുകയില്ല. സത്കർമ്മങ്ങളുടെ ഫലം അനുഭവിക്കുവാൻ അത് തിരിച്ചു വന്നേ പറ്റു. അതിനാൽ ഇത്തരം ഗുരുക്കന്മാരുടെ പ്രധാന തത്വശാസ്ത്രം ആതുര സേവനവും പരസ്പര സഹായവും ആയിരിക്കും. എന്നാൽ ഈ നന്മ ആപേക്ഷികമാണെന്ന് തിരിച്ചറിയാൻ അവർക്ക് കഴിയുകയില്ല. മാത്രവുമല്ല സമാധി,യോഗ,നിത്യജീവൻ,മോക്ഷം,നിർവ്വാണ ഇവയെക്കുറിച്ച് ആധികാരികമായി സംസാരിക്കുകയുമില്ല.



എന്നാൽ **ഒരു ആത്മീയ അന്വേഷകന് ബോധോദയംവരെ എത്താൻ കഴിഞ്ഞാൽ അയാൾ ബുദ്ധിമാനായിരിക്കും**. അയാളുടെ ബുദ്ധി തെളിയുകയും ആത്മീയതയിലൂടെ യഥാർത്ഥ ബ്രഹ്മചര്യം മരണംവരെ ശ്രദ്ധയോടെ കാത്തു സൂക്ഷിക്കുകയും മരണ സമയത്ത് ആഗ്രഹങ്ങൾക്ക് എതിരെ ഒരു പൂർണ്ണ സാക്ഷിയായി നിൽക്കാൻ അയാൾ ബുദ്ധിയിൽ പ്രാപ്തി നേടുകയും അങ്ങിനെ ആത്മാവിനെ അതിന്റെ അടിസ്ഥാന ആഗ്രഹങ്ങളിൽ നിന്ന് മോചിപ്പിച്ച് എന്നന്നേക്കുമായി നിത്യാനന്ദമായ നിത്യജീവനിലേക്ക് അഥവാ മോക്ഷത്തിലേയ്ക്ക് ഉണർത്തുകയും ചെയ്യുന്നു. അതായത് അയാൾ ഉണർന്നിരുന്ന് മരിക്കുന്നു. ഇത്തരം മിസ്റ്റിക്കുകളെ മിസ്റ്റിക് ഇന്റലിജന്റ് എന്ന് പറയാം. ഇവർ യഥാർത്ഥ ഗുരുക്കന്മാരായിരിക്കും. ശ്രീ ബുദ്ധൻ ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്. ചെറുപ്പക്കാരനായ രാജകുമാരൻ, എല്ലാ സൗഭാഗ്യങ്ങളോടു കൂടി ജീവിച്ചിരുന്ന മനുഷ്യൻ, ഒരു ദിവസം വാർദ്ധക്യത്തെക്കുറിച്ചും മരണത്തെക്കുറിച്ചും അറിയാൻ ഇടയാകുന്നു. അത് അദ്ദേഹത്തെ വല്ലാതെ ദുഃഖിപ്പിച്ചു. അതിന്റെ കാരണം അന്വേഷിച്ച് വീടുവിട്ടിറങ്ങി 12 വർഷത്തോളം സത്യത്തെ ബുദ്ധികൊണ്ട് അന്വേഷിച്ചു. കണ്ടെത്താൻ കഴിയാതെ വന്ന അദ്ദേഹം എല്ലാ അന്വേഷണങ്ങളും ഉപേക്ഷിച്ച് വീട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചു. അപ്പോൾ അത് സംഭവിച്ചു! അദ്ദേഹത്തിന് ബോധോദയം ഉണ്ടായി. അന്നുമുതൽ മരണംവരെ അദ്ദേഹം ഉണർന്നിരുന്ന് തന്നെ ജീവിക്കാൻ ശ്രമിച്ചു. അതിലൂടെ അദ്ദേഹം തന്റെ ബുദ്ധി വികസിപ്പിക്കുകയും മിസ്റ്റിക് ഇന്റലിജന്റ് ആകുകയും ചെയ്തു. അദ്ദേഹത്തിലൂടെ പലരും ബോധോദയം പ്രാപിക്കുകയും മോക്ഷത്തിലേയ്ക്ക് ഉണരുകയും ചെയ്തു എന്ന് ചരിത്രം സാക്ഷ്യം നൽകുന്നു. ഏറ്റവും അടുത്ത കാലത്ത് ജീവിച്ചിരുന്ന രമണ മഹർഷി മറ്റൊരു ഉദാഹരണമാണ്. മിസ്റ്റിക് അവസ്ഥ സംഭവിച്ചതിനു ശേഷം മിസ്റ്റിക് ബുദ്ധിയിലേക്ക് വളർന്ന അപൂർവ്വം മിസ്റ്റിക്കുകളിൽ ഒരാളാണ് അദ്ദേഹം. മനസ്സിന്റെ അതീന്ദ്രിയത്വം മനഃപൂർവ്വം നിയന്ത്രിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവ ചരിത്രം തെളിയിക്കുന്നു.

യഥാർത്ഥ ഗുരു ഒരു അന്വേഷകനെ പെട്ടെന്ന് സ്വീകരിക്കുകയില്ല. കാരണം അന്വേഷകനെ സ്വീകരിക്കുന്നതുകൊണ്ട് ഗുരുവിന് പ്രത്യേകിച്ച് നേട്ടമൊന്നുമില്ല. എന്നാൽ കോട്ടം സംഭവിക്കാൻ ഇടയുണ്ട്, മാത്രവുമല്ല യഥാർത്ഥ ഗുരു ജാഗ്രത് എന്ന നശ്വരതയിൽ നിന്ന് ഉണർന്നവനായതിനാൽ മറ്റുള്ളവരിൽ നിന്ന് ഒന്നും പ്രതീക്ഷിക്കുകയില്ല. യഥാർത്ഥ ആത്മീയ അന്വേഷകന് ഒരു ഗുരുവിന്റെ ആവശ്യം തന്നെ

യില്ല. നിർഭയത്വവും ഉറച്ച തീരുമാനം എടുക്കുവാനുള്ള കഴിവും ഉണ്ടെങ്കിൽ ഏതൊരാത്മാവും നിത്യതയിലേക്ക് പറന്നുയരും. ആത്മാവ് സ്വയം പര്യാപ്തമാണ്. ബോധത്തിന്റെ ഒരു പ്രത്യേക തലത്തിന് മുകളിൽ വന്നു കഴിഞ്ഞാൽ പിന്നീട് രക്ഷപ്പെടുവാനുള്ള വഴി ബോധം തന്നെ പറഞ്ഞു തരും. ആരുടെയും സഹായം ആവശ്യമില്ല. അഹത്തിന്റെ ഭീരുത്വമാണ് സഹായം ആവശ്യപ്പെടുന്നത്. ഒരുതരത്തിൽ മനസ്സിന്റെ സൂത്രവും കൂടിയാണ് ഇത്. അതു കൊണ്ടാണ് ശ്രീ ബുദ്ധൻ പറഞ്ഞത്: **നിന്റെ ആത്മാവിന് ഞാനാണ് തടസ്സമെങ്കിൽ എന്റെ തല വെട്ടി മുന്നിലേക്ക് പോകാൻ മടിക്കേണ്ട** എന്ന്.

മനുഷ്യജന്മം ലഭിക്കുക എന്നതു പുണ്യം തന്നെയാണ്. കാരണം ലൈംഗീക സുഖം എന്ന അടിസ്ഥാന ആഗ്രഹം മൂലമാണ് നാം ജനിച്ചതെന്നും ജീവിത കാലം മുഴുവനും ഈ ആഗ്രഹം നിലനിൽക്കുന്നുവെന്നും മറ്റെല്ലാ ആഗ്രഹങ്ങളും സ്വാർത്ഥ താൽപ്പര്യങ്ങളും ബന്ധങ്ങളും എല്ലാം തന്നെ ലൈംഗിക ആസക്തിയോട് അഗാധമായി ബന്ധപ്പെട്ടു നിൽക്കുന്നുവെന്നും നാം മനസ്സിലാക്കുന്നു. എന്നാൽ **എപ്പോൾ,എങ്ങിനെ നാം ഈ ആഗ്രഹത്തിന് ആദ്യമായി അടിമയായി? എന്ന് നമ്മുടെ ബുദ്ധിക്കു കണ്ടുപിടിക്കാൻ കഴിയുന്നില്ല. ജീവിത യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവിലൂടെ ലഭിക്കുന്ന ഒരു അനുമാനമായി മാത്രമെ ബുദ്ധിക്ക് ഇതിനെ കണക്കാക്കാൻ കഴിയുകയുള്ളു.** മരണ സമയം ഈ ആഗ്രഹം നിലനിൽക്കുന്നതായി നാം മനസ്സിലാക്കുന്നു. അതിനാൽ വീണ്ടും ജനിക്കുമെന്നും നാം അറിയുന്നു. എന്നാൽ ജീവിതം നാഢീവ്യൂഹ വ്യവസ്ഥ മൂലം തീരാദുരിതമാണെന്നു നാം തിരിച്ചറിയുന്നതിനാൽ **ശരീരം വീണ്ടും വീണ്ടും എടുക്കുന്ന അവസ്ഥ മതിയാക്കിയേ പറ്റു. അതാണ് ബുദ്ധി.** അങ്ങിനെ ആത്മാവ് മാംസം എടുക്കുന്ന അവസ്ഥ അവസാനിച്ചില്ലെങ്കിൽ വേദനയുടെ ഒരു തുടർക്കഥയായി ജീവിതം നിലനിൽക്കും.

ജീവിതത്തിന്റെ ഒരു സാധ്യത കൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. ലൈംഗിക സുഖം തീർച്ചയായും പരമാനന്ദത്തിനു മീതെയുള്ള ആനന്ദമാണെന്ന് സങ്കൽപ്പിച്ചാൽ തന്നെ,ആ സന്തോഷം ആദ്യ രാത്രിയിലേതു പോലെ തന്നെ ജീവിതാവസാനംവരെ തുടരുകയാണെങ്കിൽ വേദനയുടെ ജീവിതത്തിന് എന്തെങ്കിലും അർത്ഥം ഉണ്ടാകുമായിരുന്നു. അതും ഏതാനും ദിവസങ്ങൾ കൊണ്ടോ,ആഴ്ചകൾ കൊണ്ടോ നഷ്ടപ്പെട്ടു പോകുന്നു. ഒരു ജീവിതകാല ദൈർഘ്യവുമായി തട്ടിച്ചു



നോക്കുമ്പോൾ **ഒരു നിമിഷം പോലും** ആകുന്നില്ല ആദ്യ രാത്രിയിലെ ആനന്ദം. പിന്നെ എന്തിനു നാം ജീവിതം വീണ്ടും ആഗ്രഹിക്കണം. എന്നാൽ ആഗ്രഹം സ്വാർത്ഥതയായതിനാൽ അത് ആ സ്വാർത്ഥതയെ സംരക്ഷിക്കാൻ അനേകം സൂത്രം ബുദ്ധി കൊണ്ട് മെനഞ്ഞെടുക്കും. അങ്ങിനെ ജീവിതത്തിന് താൽക്കാലികമായി ലക്ഷ്യമുണ്ടാക്കി മരണം വരെ തള്ളി നീക്കും. അതിൽ ഏറ്റവും വലിയ സൂത്രമാണ് മക്കളും അവരുടെ ഭാവിക്കു വേണ്ടിയുള്ള ജീവിതവും. ഒരു വ്യക്തി ആദ്യ രാത്രിയിൽ അനുഭവിക്കുന്ന ലൈംഗിക സുഖം മനുഷ്യന് അനുവദിക്കപ്പെട്ട ലൈംഗിക സുഖത്തിന്റെ വെറും അഞ്ചോ പത്തോ ശതമാനമാണ് എന്നറിയുമ്പോഴാണ് എല്ലാം തന്റേതാകണമെന്ന സ്വാർത്ഥതയുടെ (possessiveness) മുഖം നാം തിരിച്ചറിയുന്നത്. ഈ സ്വാർത്ഥത നാം ജനിച്ചതിനു ശേഷം കൂട്ടി ചേർക്കപ്പെട്ടതാണെങ്കിൽ എന്തെങ്കിലും തന്ത്രങ്ങൾ ഉപയോഗിച്ച് നമുക്ക് തള്ളിക്കളയാമായിരുന്നു. എന്നാൽ ശരീരത്തിലെ കോടാനുകോടി കോശങ്ങളിൽ രാസ തന്മാത്രയായി ജനനം മുതൽ മരണംവരെ നിലനിൽക്കുന്ന രീതിയിൽ ഈ സ്വാർത്ഥതയെ അടുക്കി വച്ചിരിക്കുന്നു. അതായത് ഒരു തരത്തിലും മനുഷ്യ ജീവിതം സന്തോഷകരമാകാതിരിക്കാൻ സ്വാർത്ഥത അതിന്റെ ശക്തി പരമാവധി മനുഷ്യ ജീവിതത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഈ തെളിവുകളുടെയും യാഥാർത്ഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ ജീവിതം ദുഃഖവും ദുരിതവും വേദനയുമാണെന്നും അതിൽ നിന്ന് രക്ഷപ്പെടാൻ വളരെ ബുദ്ധിമുട്ടാണെ ന്നും മനസ്സിലാക്കിക്കൊണ്ട് കിട്ടിയ അവസരം പാഴാക്കാതെ രക്ഷപ്പെടുക. യഥാർത്ഥത്തിൽ മനുഷ്യജന്മം പുണ്യവും സത്യവും തന്നെയാണ്. **ജീവിതം സത്യമാകുന്നത് ഒരുവൻ തന്റെ ആത്മാവിനെ കണ്ടെത്തുകയും അനുഭവിക്കുകയും അതിനെ മോക്ഷാവസ്ഥയിലേയ്ക്ക് ഉണരാൻ പ്രേരിപ്പിക്കുമ്പോൾ മാത്രമാണ്.** ആത്മാവിനെ അന്വേഷിക്കുന്ന ഒരു അന്വേഷകൻ, ജീവിതത്തിന്റെ ഏത് തട്ടിൽ നിന്നാലും ആത്മാവിനെ രക്ഷപ്പെടുത്തണമെന്ന ഉറച്ച തീരുമാനം എടുത്താൽ അതിനെ തടയാൻ ഒരു ശക്തിക്കും കഴിയുകയില്ല. അതാണ് ഭൂമിയിൽ ജനിച്ചു,മരിച്ച മിസ്റ്റിക് ബുദ്ധിമാന്മാരുടെ ജീവിതം സൂചിപ്പിക്കുന്നത്. അവരെ ദൈവമായി ആരാധിക്കാൻ അഹം നമ്മെ പഠിപ്പിക്കുന്നു. **അതിബുദ്ധിയുടെ സൂത്രമാണിത്. ആരാധിച്ചാൽ അനുകരിക്കേണ്ട ബാദ്ധ്യതയിൽ നിന്നും അഹത്തിന് ഒഴിഞ്ഞു നിൽക്കാം. ആരാധനയുടെ പിന്നാമ്പുറമാണിത്.** അവരെ ദൈവമായല്ല ആരാധിക്കേണ്ടത്. തന്റെ ആത്മീയ അന്വേഷണത്തിൽ തളർന്നു പോകുന്ന അവസര

ത്തിൽ അവരുടെ ജീവിത രീതിയും വാക്കുകളുമാണ് നമുക്കു ധൈര്യം പകരാനുള്ള ഏക സ്രോതസ്, അല്ലാതെ ലോകത്തു ജീവിച്ചിരിക്കുന്നതഏും മരിച്ചു പോയവരുമായ മഹാന്മാരെയും പുണ്യവാന്മാരെയും പിൻതുടരരുത്. കാരണം അവർ സൂത്രക്കാരാണ്. ആത്മീയ അഹങ്കാരത്തിൽ നമ്മെ അവർ തെറ്റായി നയിക്കും.

**ഭയം**

ഭയം, തീരുമാനം എടുക്കാനുള്ള ചങ്കൂറ്റമില്ലായ്മ-ഇത് രണ്ടുമാണ് സത്യമായ ജീവിതമാർഗ്ഗം തിരഞ്ഞെടുക്കാൻ എല്ലാവരെയും തടയുന്ന ഘടകങ്ങൾ. എന്തു കൊണ്ടാണ് നാം ഭയപ്പെടുന്നതെന്നും തീരുമാനമെടുക്കുവാനുള്ള ചങ്കൂറ്റം ഇല്ലാതാകുന്നതെന്നും വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. ഭയത്തെ നാം ശരിയായി തിരിച്ചറിയേണ്ടതുണ്ട്. ബോധശാസ്ത്രം നിങ്ങളെ അതിന് സഹായിക്കുന്നു. മതപണ്ഡിതരും ശാസ്ത്രജ്ഞരും നിർവചിക്കുന്നതുപോലെയൊ,സമൂഹത്തിൽ നാം പഠിച്ചു വളർന്ന സിദ്ധാന്തങ്ങൾപോലെയൊ അല്ല ബോധശാസ്ത്രത്തിൽ നാം ഭയത്തെ കാണുന്നത്. യഥാർത്ഥ ഭയം എന്തെന്ന് നാം കണ്ടെത്തേണ്ടതുണ്ട്. ഭയം ഒരു ചിന്തയാണ്. എന്നാൽ ആ ചിന്ത മനസിലേക്ക് തനിയെ വരുന്നതാണ്. അറിവു കൊണ്ടോ,ബുദ്ധി കൊണ്ടോ അതിനെ തടയാനാവില്ല. എന്നാൽ അടിച്ചമർത്താം,ധൈര്യം എന്ന മറ്റൊരു ചിന്ത കൊണ്ട് മറച്ചു പിടിക്കാം. ഭയം എന്ന വികാരത്തിനു മുമ്പിൽ മനുഷ്യന്റെ ചെറുത്തു നിൽപ്പ് വെറും പൂജ്യമാണ്. ഭയം ഒരു **ഹോർമോൺ പ്രവർ ത്തനമാണ്**. ഒരു വികാരം ഹോർമോൺ പ്രവർത്തനമാണെങ്കിൽ അതിനെ തടയാൻ ആവില്ല. മനുഷ്യന്റെ ഓരോ കോശങ്ങളിലും ഭയം പ്രോഗ്രാം ചെയ്തു വച്ചിരിക്കുന്നു. അതു കൊണ്ട് ഒരാൾ തനിക്കു ഭയമില്ല എന്നു പറഞ്ഞാൽ അത് ശുദ്ധ കളവാണ്. ഹോർമോണുകൾ രാസവസ്തുക്കളാണ്, ഒരു സാഹചര്യത്തിൽ അത് പെട്ടെന്ന് ഉത്പാദിപ്പിക്കപ്പെട്ടാൽ ഭയപ്പെടാതിരിക്കാൻ ആർ ക്കും കഴിയില്ല. ഭയത്തെക്കുറിച്ച് സിദ്ധാന്തങ്ങൾ രൂപീകരിച്ചവരുടെ ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും.

ഭയത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനു മുമ്പ്, മനസ്സ് എന്ന നിഴൽ എങ്ങിനെ നിലനിൽക്കുന്നുവെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. കാരണം ഭയം മനസ്സിലാണ് ഉണ്ടാകുന്നത്. ശരീരം അതിനോട് പ്രതികരിക്കുക മാത്രമെ ചെയ്യുന്നുള്ളു. ഞെട്ടുക, ഹൃദയമിടിപ്പു കൂടുക, വിയർക്കുക, ബോധം നഷ്ടപ്പെടുക ഇതെല്ലാം ഭയത്തെ പ്രതിഫലിപ്പിക്കുന്ന



ശരീരത്തിന്റെ രീതികളാണ്. ചിലപ്പോൾ തിരിച്ചറിവ് തന്നെ എന്നന്നേയ്ക്കുമായി മറഞ്ഞു പോയേക്കാം. ഭ്രാന്ത് അങ്ങിനെയാണ് സംഭവിക്കുക. ഭയത്തെ അതിജീവിക്കുക അത്ര എളുപ്പമല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഭയമാണ് ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നത്. ഭയത്തിനും ആഗ്രഹങ്ങൾക്കും ബോധവുമായി ബന്ധപ്പെട്ടുനിൽക്കുന്ന മസ്തിഷ്ക്കത്തിന്റെ ഭാഗത്തെപ്പോലും നശിപ്പിക്കാനുള്ള കഴിവുണ്ട്. അതു കൊണ്ടാണ് മാനസിക ആഘാതങ്ങൾകൊണ്ട് ഭ്രാന്തനായിപ്പോകുന്നത്. ബോധം ജീവനല്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. മസ്തിഷ്ക്കത്തിന് ഭൗതികമായി ഏൽക്കുന്ന ക്ഷതം കൊണ്ട് ഭ്രാന്തുവരുന്നത് വിശദീകരിക്കുവാൻ കഴിയും എന്നാൽ മാനസികമായ ഒരു ചിന്ത ക്ഷതമായി മാറുന്നത് എങ്ങനെ? അങ്ങനെ ഉണ്ടാകുന്ന ഭ്രാന്ത് എങ്ങനെ വിശദീകരിക്കും? ഇതിൽ നിന്നും 'ഞാൻ' എന്നും 'എന്റേത്' എന്നും ചിന്തിക്കുന്നവൻ മസ്തിഷ്ക്കവും അത് വഹിക്കുന്ന ജീവനും അല്ല എന്ന് തെളിയിക്കുന്നു.

മനസ്സ് എന്നത് ചിന്തകളുടെ തനിയെ ഉള്ള പ്രവാഹത്തിന്റെ സ്രോതസ്സാണ്. ഉണർന്നിരിക്കുമ്പോൾ നാം അറിയാതെ തന്നെ നൂറു കണക്കിന് ചിന്തകൾ മനസ്സിലൂടെ തനിയെ കടന്നു പോകുന്നു. സാധാരണ ഗതിയിൽ ഏകദേശം സെക്കന്റിൽ 12 ചിന്താചിത്രങ്ങൾ കടന്നു പോകുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനെ ബോധശാസ്ത്രത്തിൽ STR (Spontaneous thought rate) എന്നു പറയുന്നു. ഈ ചിന്തകൾ മനസ്സിനെ ഒരു പ്രകമ്പന (vibration) അവസ്ഥയിൽ നിലനിർത്തുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനസ്സ് എന്ന് നാം പറയുന്നത് പ്രകമ്പനത്തിൽ നിൽക്കുന്ന ഒരു സംവിധാനത്തെയാണ്. ഈ പ്രകമ്പനം പൂജ്യമായാൽ മനസ്സ് ഇല്ല എന്നു പറയാം. അടിസ്ഥാന ആഗ്രഹവും (fundamental desire or fd) അതിന്റെ സ്വാർത്ഥതയുമാണ് ഈ പ്രകമ്പനങ്ങളുടെ സ്രോതസ്സും ഉദ്പാദകനും (generator). ഈ പ്രകമ്പനങ്ങൾ ബോധത്തെ മനസ്സായി അഥവാ ആത്മാവിയി മാറ്റുന്നു. പ്രകമ്പനങ്ങൾ ഇല്ലെങ്കിൽ ശുദ്ധബോധം മാത്രം ബാക്കി. ആത്മാവിലാണ് അടിസ്ഥാന ആഗ്രഹം നിലനിൽക്കുന്നത്. അതിനാൽ അടിസ്ഥാന ആഗ്രഹം നീക്കം ചെയ്യാതെ ആത്മാവിന് തന്റെ പ്രകമ്പനത്തെ ഇല്ലാതാക്കാൻ സാധ്യമല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. മരണ സമയത്ത് അടിസ്ഥാന ആഗ്രഹത്തെ നീക്കം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ബോധത്തിന്റെ പ്രകമ്പിത ഭാഗം അങ്ങനെതന്നെ നിലനിൽക്കും കാരണം

ആത്മാവും ദേഹവും രണ്ട് സംഭവങ്ങളാണ്. ബോധത്തിന്റെ പ്രകമ്പിതഭാഗം തന്റെ പ്രകമ്പത്തോട് യോജിക്കുന്ന ശരീരത്തിനുവേണ്ടി കാത്തിരിക്കുന്നു.

ചിന്തകൾ പ്രകമ്പനമായും പ്രകമ്പനം മനസ്സായും മസ്തിഷ്ക്കത്തോട് ബന്ധപ്പെട്ട് നിലനിൽക്കുന്നു. ഈ പ്രകമ്പനത്തിന് ആനുപാതികമായി ശരീരത്തിൽ ഹോർമോൺ പ്രവർത്തനം നടക്കുന്നു. ഇതിനെ നിയന്ത്രിക്കാൻ ബുദ്ധിക്കു കഴിയില്ല. കാരണം ബുദ്ധി മനസ്സല്ല. മനസ്സിന്റെ സ്വീകർത്താവാ ണെന്ന് (receiver ) ഓർക്കണം. മനസ്സ് പല സമയങ്ങളിൽ **പല വലിപ്പം** (variable size) സ്വീകരിക്കുന്ന ഒരു സംവിധാനമാണ്. അതായത് ചിന്തകളുടെ എണ്ണം ഒരു സെക്കന്റിൽ 12-നേക്കാൾ കൂടുതൽ വർദ്ധിക്കുമ്പോൾ പ്രകമ്പനം കൂടുകയും മനസ്സ് **വലുതാകുകയും** അതുപോലെ ചിന്തകൾ കുറയുമ്പോൾ ചെറുതാകുകയും ചെയ്യുന്നു. മനസ്സിന് സ്ഥിരമായ ഒരു വലിപ്പം ഇല്ല എന്നർത്ഥം. മനസ്സിന്റെ വലിപ്പം കൂടുന്തോറും അത് കൂടുതൽ ശക്തിയായി നെഗറ്റീവ് ഹോർമോൺ പ്രവർത്തനം നടത്തുന്നു. അതുപോലെ വലിപ്പം കുറയുമ്പോൾ നെഗറ്റീവ് ഹോർമോൺ കുറയുകയും ചെയ്യും. അതിനാൽ പ്രകമ്പന നിരക്ക് കൂടുന്തോറും മനസ്സ് കൂടുതൽ യാഥാർത്ഥ്യമാകുന്നു. പ്രകമ്പനം കൂട്ടുക എന്നതാണ് മനസ്സിന് കൂടുതൽ യാഥാർത്ഥ്യത്തോടെ നിലനിൽക്കാനുള്ള ഏക മാർഗ്ഗം. (മനുഷ്യ മനസ്സിന്റെ mood change-നു കാരണം ഇതിൽ നിന്നും വ്യക്തമാകുന്നു.) അതിന് ബുദ്ധി, ഓർമ്മ, ഇന്ദ്രിയ കൂട്ടുകെട്ട് ഇവയെ തന്ത്രപൂർവ്വം മനസ്സ് ഉപയോഗിക്കുകയും ഒരു വ്യക്തിയുടെ പരിവേഷമണിഞ്ഞ് നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ പ്രകമ്പനം എന്തെങ്കിലും കാരണവശാൽ കുറഞ്ഞുപോയാൽ മനസ്സ് കടുക് മണിയോളം **ചെറുതായി** പോകുകയും മനസ്സ് ബോധമായി മാറാൻ തുടങ്ങുകയും ചെയ്യും. ഈ സാദ്ധ്യത മനസ്സ് ഒരിക്കലും അനുവദിക്കുകയില്ല. മാത്രമല്ല മനസ്സിന്റെ അധീനതയിലാണ് ശരീരവും ഇന്ദ്രിയങ്ങളും ബുദ്ധിയും ഓർമ്മയും. അതിനാൽ മനസ്സ് ഇവയെ കാര്യക്ഷമമായി തന്റെ നിലനിൽപ്പിന് വേണ്ടി ഉപയോഗിക്കുകയും ചെയ്യും.

മനസ്സിന്റെ പ്രകമ്പനത്തെ കൂട്ടുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഭയം. ഭയം ഉള്ള ഒരാളുടെ മനസ്സ് വളർന്ന് വലുതാകുന്നു. അതായത് ബോധം കുറഞ്ഞ് പോകുന്നു. അയാളുടെ ബുദ്ധിയും ഓർമ്മശക്തിയും ഇന്ദ്രിയങ്ങളും ശരിയാംവണ്ണം പ്രവർത്തിക്കില്ല. അതു



കൊണ്ടാണ് ഭയം കൂടുതലുള്ള സമയത്ത് ബുദ്ധിമോശവും ഓർമ്മക്കുറവും വെപ്രാളവും മനുഷ്യർ കാണിക്കുന്നത്. ജനനം മുതൽ മരണംവരെ ഈ ഭയത്തെ നിലനിർത്തുക എന്നതാണ് മനസ്സിന്റെ തന്ത്രം. **ഞാൻ,എന്റെ എന്നെല്ലാം ഓമനിച്ചു പറയുന്ന നമ്മുടെ മനസ്സ് തന്നെ നമുക്ക് എതിരായി നിന്നു കൊണ്ട് നമ്മെ ജീവിതകാലം മുഴുവനും ഭയപ്പെടുത്തുന്നു എന്നതാണ് ഇതിലെ രസകരമായ വശം. ഞാൻ** എന്ന് കൂട്ടിച്ചേർത്ത് നാം എന്തെല്ലാം പൊങ്ങച്ചങ്ങളും നേട്ടങ്ങളുമാണ് അഭിമാനത്തോടെ മറ്റുള്ളവരുടെ മുമ്പിൽ വിളമ്പുന്നത് എന്നോർക്കണം. ആ ഞാൻ എന്ന മനസ്സ് എന്നെ ഭയപ്പെടുത്തി കൊണ്ട് എന്നെന്നും നിലനിൽക്കുകയും അതുമൂലം ടെൻഷനിലും വേദനകളിലും ദുഃഖങ്ങളിലും രോഗങ്ങളിലും ജീവിതത്തെ തള്ളിനീക്കേണ്ട ഗതികേട് വരുത്തിവയ്ക്കുകയും ചെയ്യുകയാണെന്ന് ഓർക്കണം. അവബോധം എന്ന ദൈവീകമായ ഘടകം ഉള്ളതു കൊണ്ടാണ് നാം ഈ ഭയത്തെ ഒരു വിധം അതിജീവിക്കുന്നത്. സമൂഹ ജീവിയായി ബന്ധങ്ങളിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും ഏകാന്തതയും ഒറ്റപ്പെടലും മനുഷ്യന് സഹിക്കാൻ ആകാത്തതും ഭയം മൂലമാണ്. അതിനാൽ അവ-ബോധം ഉയർത്തേണ്ടത് ജീവിതത്തിന്റെ എത്ര പ്രധാനപ്പെട്ട ആവശ്യമാണെന്ന് നാം അറിയേണ്ടതുണ്ട്. ബോധം ഉയരുന്തോറും ഭയം കുറയുന്നതായി നമുക്ക് അനുഭവപ്പെടുന്നു. ബുദ്ധി ഒരു സാക്ഷിയായി നിൽക്കാൻ, ഉയർന്ന ബോധം സഹായിക്കുന്നു. ഈ സാക്ഷിയാകൽ ഒരു അനുഭവജ്ഞാനമാണ്. ബോധം ഉയരുമ്പോൾ മനസ്സ് ചെറുതാകുന്നു, അതായത് STR കുറയുന്നതായി അനുഭവപ്പെടുന്നു. അപ്പോൾ ഭയവും ചെറുതായെ പറ്റു. മനസ്സ് ചെറുതായാൽ ആത്മാവ് രക്ഷപ്പെടും. അതുകൊണ്ടാണ് മനസ്സ് ബോധം ഉയർത്തുന്നതിനെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുന്നത്.

ചിന്തകളുടെ പ്രകമ്പന നിരക്ക് വർദ്ധിപ്പിക്കാൻ മനസ്സ് സദാസമയവും നമ്മെ പല കാരണങ്ങൾ കാണിച്ച് ഭയപ്പെടുത്തി കൊണ്ടിരിക്കും. സ്കൂളിൽ നിന്ന് മക്കൾ വരാൻ 10-മിനിറ്റു വൈകിയാൽ ആദ്യം മനസ്സിലേക്ക് കടന്നു വരുന്ന ചിന്ത ഏതെങ്കിലും വണ്ടിയുടെ അടിയിൽപ്പെട്ടുപോയോ എന്നാണ്. അതിനു പകരം കുട്ടി പാട്ടും പാടി കളിച്ചുല്ലസിച്ച് സന്തോഷത്തോടെ നടന്നു വരുന്നത് കൊണ്ടാണ് താമസിക്കുന്നത് എന്ന് എന്തു കൊണ്ട് മനസ്സ് നമുക്കു പറഞ്ഞു തരുന്നില്ല? കാരണം വ്യക്തമാണ്. മനസ്സിന് നിലനിൽക്കണം. അത് ദുഃഖവും ദുരി

തവും വേദനയുമാണെന്നും അതിന്റെ ചിന്തകളെല്ലാം പൈശാചികമാണെന്നും നാം എന്തു കൊണ്ട് തിരിച്ചറിയുന്നില്ല? ഈ തിരിച്ചറിവു നമ്മിൽ സംഭവിച്ചാൽ മാത്രമെ മനസ്സിനെ എന്നന്നേയ്ക്കുമായി നാം തള്ളിക്കളയേണ്ട ആവശ്യകത അറിയുകയുള്ളു. അതിനു പകരം മനസ്സും അതിലെ ഭയപ്പെടുത്തലുകളും നിലനിൽക്കാൻ നാം എല്ലാ ഒത്താശകളും അറിവില്ലായ്മ കൊണ്ട് ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഒരു ഉദാഹരണം ശ്രദ്ധിക്കുക: പേടിപ്പെടുത്തുന്ന യക്ഷിക്കഥ ടി.വി-യിൽ കാണാൻ രാത്രി 10-മണിക്ക് ശേഷം ഉറക്കം ഇളച്ചിരിക്കുന്നു, എന്നിട്ട് അതിലെ ഭാഗങ്ങൾ സ്വപ്നം കണ്ട് ഞെട്ടിത്തെറിച്ച് കരയുകയും വിയർക്കുകയും ചെയ്യുന്നു. മനസ്സിന്റെ സൂത്രം എത്രയ്ക്ക് ഗംഭീരമാണെന്ന് മനസ്സിലാക്കുക. അത് കാണുവാനുള്ള ആകാംഷ ആരാണ് നൽകുന്നത്? അത് കണ്ടില്ലായിരുന്നുവെങ്കിൽ എത്ര സുഖമായി ഉറങ്ങാമായിരുന്നു. മനസ്സ് എത്ര ശാന്തവും പ്രകമ്പന രഹിതവും ആകുമായിരുന്നു. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് വളർന്നു വരുന്ന കുട്ടികളെയാണ്.

അപ്പോൾ ഭയം, മനസ്സിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനമാണെന്ന് നാം കണ്ടു. ഈ അറിവിൽ നിന്നു വേണം ഭയത്തെ നാം മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്. ഭയം മനസ്സിന്റെ നിലനിൽപ്പിന് ഒഴിച്ചു കൂടാൻ ആവാത്തതാണെങ്കിൽ അതിനെ ഇല്ലാതാക്കാൻ ആർക്കും കഴിയില്ല. തിരിച്ചറിവ് അഥവാ അവ-ബോധം ഭയത്തെ ഇല്ലാതാക്കാൻ ആവശ്യപ്പെടുന്നു, മനസ്സിന് അത് കേൾക്കാതിരിക്കാൻ ആവില്ല. അല്ലെങ്കിൽ ജീവിതം ദുസ്സഹമായി തീരും. അതിനാൽ മനസ്സ് ധൈര്യം എന്ന മറ്റൊരു ചിന്ത കൊണ്ടുവരുന്നു. ഭയത്തെ മറച്ചു പിടിക്കുവാനുള്ള സൂത്രമാണ് ധൈര്യം. മനസ്സിന്റെ മറ്റൊരു പ്രവർത്തന രീതി ഇവിടെ വ്യക്തമാകുന്നു. അടിസ്ഥാന ആഗ്രഹം നിലനിൽക്കുന്നിടത്തോളം കാലം മനസ്സ് തിന്മയിൽ തന്നെയാണ്. തിന്മയിലാണ് അത് ജന്മം എടുത്തതും നിലനിൽക്കുന്നതും. എല്ലാ തിന്മകളുടെയും ഉറവിടവും ആകെ തുകയുമാണ് മനസ്സ്. ഈ തിന്മകൾ എല്ലാം മറച്ചുപിടിക്കാൻ അവയ്ക്കെതിരായ നന്മ കൊണ്ടു വരുന്നു. അതുകൊണ്ടാണ് ബോധശാസ്ത്രം നന്മയെയും തിന്മയെയും അംഗീകരിക്കാത്തത്. ഒന്നിനെ മറച്ചു പിടിച്ച് മറ്റൊന്നിനെ പ്രേക്ഷണം ചെയ്യുന്ന സൂത്രമാണിത്. അതായത് മനസ്സ് അഥവാ ജീവിതം പൊസിറ്റീവ്, നെഗറ്റീവ് പരിധികളിൽ ധോലനം ചെയ്യുന്ന ഒരു പെൻഡുലത്തിന് സമാനമാണ്. ഇവ രണ്ടിനേയും സമന്വയിപ്പിക്കുന്ന



ഒരു കേന്ദ്രത്തെക്കുറിച്ച് മനസ്സിന് അറിയില്ല. ഭയം, സ്വാഭാവികതയും ധൈര്യം മനസ്സിന്റെ അഭിനയവും തന്ത്രവുമാണ്. ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. പാമ്പുകളെ എല്ലാവർക്കും ഭയമാണ്. കാരണം ഒരു നിമിഷത്തെ അശ്രദ്ധ മരണത്തിന് കാരണമാകും. പാമ്പുകളെ കഴുത്തിലും ദേഹത്തിലും ചുറ്റി നടക്കുന്ന പാമ്പാട്ടികൾക്ക് പാമ്പിനെ ഭയമാണോ? ഭയമാണ്, വിഷ പല്ലുകൾ അടർത്തിക്കളയാത്ത പാമ്പിനെ അവർക്കും ഭയമാണ്. അതവരുടെ പ്രവൃത്തികളിൽ നിന്ന് വ്യക്തമാകും. എന്നാൽ പണം, പ്രശസ്തി എന്ന മോഹങ്ങളുടെ അറിവില്ലായ്മയിൽ അവർ സാഹസികത കാണിക്കുകയും ഭൂരിഭാഗം പാമ്പാട്ടികളും പാമ്പു കടിയേറ്റു മരിക്കുകയും ചെയ്യുന്നു. പത്ത് കൊല്ലം അവർ പാമ്പുകളെ ഭയത്തോ ടെ സൂക്ഷിച്ച് കൈകാര്യം ചെയ്ത് പണവും പ്രശസ്തിയും സമ്പാധിച്ചിട്ടുണ്ടാകാം. 11-ാം കൊല്ലം അബദ്ധം പിണയുകയും പാമ്പുകടിയേറ്റ് മരിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ സംബന്ധിച്ച് അയാൾ ധീരനാണ്. എന്നാൽ ആ ധീരത സ്വാർത്ഥ താൽപ്പര്യത്തിന്റെ പ്രേരണയാണെന്നും നാം അറിയണം. അത് യഥാർത്ഥ ധൈര്യമല്ല.

അതായത് പണവും പ്രശസ്തിയും മനുഷ്യരെ താൽക്കാലികമായി ഉന്മത്തരാക്കും. ഈ ഉന്മാദത്തിൽ പുറപ്പെടുവിക്കുന്ന ഹോർമോണുകൾ സാഹസികതയ്ക്ക് പ്രേരണ നൽകും. അതിനെ മറ്റുള്ളവർ യഥാർത്ഥ ധൈര്യമായി തെറ്റിദ്ധരിക്കും. ആറ്റിൽ വീണ കുഞ്ഞിനെ രക്ഷിക്കാൻ നീന്തൽ അറിയാത്ത അമ്മ ചാടും,ചിലപ്പോൾ രക്ഷിച്ചെന്നുംവരാം,അത് യഥാർത്ഥ ധീരതയല്ല. വെറും ഹോർമോൺ പ്രവർത്തനമാണ്. ഈ ധൈര്യത്തിന് നാം അവാർഡുകൾ സമ്മാനിക്കും. അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെഗറ്റീവ് ഹോർമോണുകളുടെ സാന്നിദ്ധ്യവും അളവുമാണ് അത്തരം സന്ദർഭങ്ങളെ അതിജീവിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത്. അതിന് യഥാർത്ഥ ധൈര്യവുമായി യാതൊരു ബന്ധവുമില്ല.

ബോധോദയം സംഭവിക്കുന്ന സമയം രമണ മഹർഷിക്ക് 16 വയസ്സായിരുന്നു പ്രായം. ഒരു ബ്രാഹ്മണനായ ആ കുട്ടി തിരുവണ്ണാമലയിൽ മൂർഖൻ പാമ്പുകളും രാജവെമ്പാലയും ചീറ്റ പുലികളും ആനകളും ഉള്ള കാട്ടിൽ ഒരു ഗുഹയിൽ ധ്യാനത്തിലിരുന്നു. പലപ്പോഴും വിഷസർപ്പങ്ങൾ അദ്ദേഹത്തിന്റെ ദേഹത്തുകൂടി ഇഴഞ്ഞു പോകുമായിരുന്നു. പട്ടിയെ ആട്ടുന്നതു പോലെ ചീറ്റ പുലിയെ അദ്ദേഹം ആട്ടിയോടിക്കുമായിരുന്നു എന്ന് ചരിത്രം പറയുന്നു. ഇതിനെ ധൈര്യം

എന്നല്ല പറയുക,ഭയത്തിന് സാക്ഷിയായി നിൽക്കുക എന്ന പ്രകൃതിയാണിത്. ബ്രാഹ്മണനായ ആ കുട്ടിയുടെ മനസ്സിൽ ഭയം ഉണ്ടായിരുന്നു, അത് ജന്മ സിദ്ധവുമായിരുന്നു. എന്നാൽ ബോധം സാക്ഷിയായി നിന്ന് ജീവൻ നശ്വരമാണ് എന്ന് അനുഭവപ്പെടുത്തിയപ്പോൾ, ആ ഭയത്തിന് ശരീരത്തിൽ ഹോർമോൺ പ്രവർത്തനം നടത്താൻ കഴിയാതെ പോയി. അതുകൊണ്ട് ശരീരം വിറച്ചില്ല, ഹൃദയമിടിപ്പ് കൂടിയില്ല, വിയർത്തില്ല. പക്ഷെ ആ കുട്ടിക്ക് ഭയം ഉണ്ടായിരുന്നു. ബോധശാസ്ത്രത്തിലൂടെ ഭയത്തിന് സാക്ഷിയാകാൻ നമുക്ക് ഓരോരുത്തർക്കും കഴിയും. ദൃഢനിശ്ചയവും അറിവും പരിശീലനവും ആവശ്യമാണ്. ഭയത്തെ മുഖാമുഖം കൊണ്ടു വന്ന് അതിന് സാക്ഷിയായി നിന്ന് അതിജീവിക്കുവാൻ നമുക്ക് കഴിയണം,ആർക്കും കഴിയും സംശയം വേണ്ട.

മനുഷ്യൻ കൂട്ടമായി പാർക്കുന്ന പട്ടണങ്ങളിലേയോ ഗ്രാമങ്ങളിലേയോ വീടുകളിൽ ഇരുന്ന്,ഭയത്തെ എങ്ങിനെ അതിജീവിക്കാം എന്ന് യുക്തി-യുക്തമായ വാദപ്രതിവാദങ്ങളിലൂടെ പുസ്തകമെഴുതി സമൂഹത്തെയും അവനവനെത്തന്നെയും വഞ്ചിക്കാം,പണവും പ്രശസ്തിയും സമ്പാധിക്കാം. പക്ഷെ ഭയത്തിനു **സാക്ഷിയാകാൻ കഴിയില്ല**. ഭയത്തെ മറച്ചു പിടിക്കാം,നോബൽ സമ്മാനവും വാങ്ങാം. ഭയം,ഭയമായിത്തന്നെ മരണംവരെ മനസ്സിൽ നിലനിൽക്കും. ഒന്നും സംഭവിക്കുകയില്ല. **ഞാൻ ദൈവീകതയാൽ ധീരനാണ്,നിങ്ങൾ എന്റെ ചുറ്റും തോക്കുമായി കാവൽ നിൽക്കുക,എന്നിൽ നിന്നും ധൈര്യം ഊർജ്ജമായി നിങ്ങളിലേക്ക് ഒഴുകും** എന്നു പറയുന്ന വ്യാജ ഗുരുക്കന്മാരുടെ ലോകമാണിത്.

ധനം,പ്രശസ്തി മുതലായ ആഗ്രഹങ്ങളുടെ പ്രേരണ ഇല്ലാതെയും ഭൗതികമായ ഒരു നേട്ടവും പ്രതീക്ഷിക്കാതെയും നിഷ്കാമനായി,ഭയത്തെ മുഖാമുഖം കാണുന്നതിന് ഏകാന്തമായ വിജന പ്രദേശങ്ങളിൽ ഒറ്റയ്ക്കു താമസിക്കണം. അപകടങ്ങൾ പതിയിരിപ്പുണ്ട്,എന്നറിഞ്ഞാലും നശ്വരതയെ ധ്യാനിച്ച് ആയുധങ്ങൾ കൂടെ കൊണ്ടുപോകാതെ ഇരുട്ടിനെ അഭിമുഖീകരിക്കണം എന്നിട്ട് മനസ്സ് എങ്ങിനെ ഭയത്തിനോട് പ്രതികരിക്കുന്നുവെന്ന് ഒരു സാക്ഷിയായി നോക്കി നിൽക്കണം. ഇതും ഒരുതരം ധ്യാനം തന്നെയാണ്. ഭയം ഭയമായി നിങ്ങളുടെ മനസ്സിൽ നെഗറ്റീവ് ഹോർമോണുകൾ ഉത്പ്പാദിപ്പിക്കും. നശ്വരതാബോധം കൊണ്ട് ആ ഹോർമോണുകളെ അതിജീവിക്കണം. ഹൃദയമിടിപ്പ് വർദ്ധിച്ചേക്കാം,വിയർത്തേക്കാം,ഉറങ്ങാൻ കഴിയാതെ മരിച്ചു പോകുമെന്നു തോന്നുന്ന രീതിയിൽ ശരീരം തളർന്ന് പോയേക്കാം.



നശ്വരതയിൽ വിശ്വസിച്ച്,ജീവിതം നശ്വരമാണ് എന്ന് ഉറപ്പിച്ച് മനസ്സിനെ സാക്ഷിയായി നിൽക്കാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുക,ഭയത്തിൽ നിന്ന് എന്നന്നേയ്ക്കുമായി രക്ഷപ്പെടും. ബോധശാസ്ത്ര ടെക്നിക്കുകൾ മനസ്സിന്റെ സമനില തെറ്റാതെ സൂക്ഷിക്കുന്നു. ഈ പരീക്ഷണം കഴിയുമ്പോൾ ഭയം അനുഭവജ്ഞാനമായി മനസ്സിനെ കീഴടക്കും. പിന്നീടൊരിക്കലും ഭയം ശരീരത്തിൽ ഹോർമോൺ പ്രവർത്തനം നടത്തില്ല. ഈ പരീക്ഷണം അതിജീവിച്ചാൽ നിങ്ങൾ മറ്റൊരു മനുഷ്യനായി തീരും. ബോധശാസ്ത്രത്തിലൂടെ ആർക്കും ഇതു സാധിക്കും, risk എടുക്കാൻ തയ്യാറാകണം. എന്തിനു വേണ്ടി? യാതൊരു ഭൗതിക നേട്ടവും ഇല്ലാത്ത ആത്മീയതയ്ക്കു വേണ്ടി. ആത്മാവിനെ തൊട്ടറിയുന്നതിനും അനുഭവിക്കുന്നതിനും വേണ്ടി. ഇതോടു കൂടി മനസ്സിന്റെ പ്രകമ്പനാവൃത്തി വല്ലാതെ കുറഞ്ഞു പോകും. മനസ്സ് ഒരു സാക്ഷിയാകാൻ പഠിച്ചു കഴിഞ്ഞിരിക്കും. പ്രകമ്പനം കുറഞ്ഞ മനസ്സിൽ ആത്മീയ ചൈതന്യം തെളിഞ്ഞു വരും. ബോധോദയത്തിലേക്കുള്ള വാതിൽ തുറന്നു കിട്ടും.

**ഇതോടു കൂടി മനസ്സ് ആനാവശ്യമായ യുക്തിയെ കൈവെടിയും ഭയത്തെക്കുറിച്ചുള്ള ചോദ്യങ്ങളും അപ്രത്യക്ഷമാകും. ഭയത്തെ മുഖാമുഖം കണ്ടവനോട് അഹത്തിന് ചോദ്യങ്ങൾ ചോദിക്കാനാവില്ല**. അപ്പോൾ ഉത്തരത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. സാഹസികതയുടെ അഹങ്കാരം ഉണ്ടാകില്ല. അപകട മരണം സംഭവിക്കുകയുമില്ല. ബോധം നൂറു പടികൾ ഒരുമിച്ചു ചവിട്ടി കയറും. പിന്നീട് ധീരതയെക്കുറിച്ചുള്ള പുസ്തകത്തിന്റെ ആവശ്യവും ഇല്ല. ഭീരുക്കളാണ് ധീരതയെക്കുറിച്ചുള്ള പുസ്തകങ്ങൾ വാങ്ങി വായിക്കുന്നത്. മനശാസ്ത്രം പഠിച്ചിട്ടുള്ളവർ മിക്കവരും ഭീരുക്കളായിരിക്കുവാനുള്ള കാരണം ഇതാണ്. അവർ ഭീരുത്വമെന്ന സ്വാഭാവിക ചിന്തയെ ബുദ്ധിയുടെ ധൈര്യമെന്ന കൃത്രിമ യുക്തിചിന്ത കൊണ്ട് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നു. സൂത്രങ്ങളുടെ നൂറുകണക്കിന് മുഖങ്ങൾ അഹത്തിൽ നമുക്കു കാണാം. അഹത്തിന് എല്ലാത്തിനെയും ഭയമാണ്. **കാരണം, അതിനറിയാം നിലനിൽപ്പില്ലാത്ത ദേഹം കൊണ്ട് എന്നെന്നും നിലനിൽക്കുന്ന ബോധത്തെ മറച്ചു പിടിക്കുകയാണ്**. അപസർപ്പക നോവലുകളും യക്ഷിക്കഥകളും ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നതിന്റെ രഹസ്യം ഇതാണ്. ഭയം മനസ്സിന്റെ പ്രകമ്പന നിരക്ക് വർദ്ധിപ്പിക്കുന്നതിനാൽ മനസ്സ് വലുതാകുകയും മനസ്സിന്റെ നിലനിൽപ്പ് യാഥാർത്ഥ്യമാകുകയും ചെയ്യും. STR കുറയുമ്പോൾ മനസ്സ് ചെറുതാകുകയും ജീവിതം വിരസതയായി അനുഭവ

പ്പെടുകയും ചെയ്യുന്നു. എന്നാൽ ഇത് പരമാനന്ദാവസ്ഥയിലേക്കുള്ള നീക്കമാണ് എന്ന് നാം അറിയുന്നില്ല.

ഭയത്തെ ഒറ്റയടിക്ക് അതിജീവിക്കാൻ ശ്രമിക്കരുത്. പടിപടിയായി മനസ്സിനെ ഭയപ്പെടുത്തണം. അങ്ങിനെ ആത്മവിശ്വാസം സാവധാനം നേടണം. ഒരു ജീവിതകാലമെന്ന എഴുപത്,എൺപത് വർഷക്കാലം നമ്മുടെ മുമ്പിലുണ്ട്.അതിനുള്ളിൽ ജീവിതം അതിനുള്ള അവസരം ഒരുക്കും. ആ അവസരങ്ങളെ ബുദ്ധിപൂർവ്വം സ്വീകരിക്കുക. അപകട അവസ്ഥയെ സ്വീകരിക്കാൻ മനസ്സ് സാധാരണ രീതിയിൽ തയ്യാറാകില്ല. അതുകൊണ്ടാണ് എന്തിനോടും നാം ആദ്യം **ഇല്ല, സാദ്ധ്യമല്ല** എന്നൊക്കെ പറയുന്നത്. നെഗറ്റീവാണ് മനസ്സ് ഏറെ ഇഷ്ടപ്പെടുന്ന പതികരണം. പ്രകമ്പനങ്ങൾ നിലനിർത്താൻ ജീവിതം നെഗറ്റീവാകുന്നതാണ് അതിനിഷ്ടം. അതുകൊണ്ടാണ് നന്മ ചെയ്യാൻ മനസ്സ് ഏറെ ആലോചിക്കുന്നത്. തിന്മചെയ്യാൻ മനസ്സിന് ആലോചിക്കേണ്ട ആവശ്യമേ ഇല്ല. നാം ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും നമ്മുടെ സ്വാർത്ഥതയ്ക്ക് അനുകൂലമായും മറ്റൊരാൾക്ക് എതിരുമായിരിക്കും. അത് അയാൾ തിരിച്ചറിയാതിരിക്കാൻ നാം സംഭാഷണത്തിലൂടെയും പ്രവൃത്തികളിലൂടെയും ധാരാളം സൂത്രങ്ങൾ പ്രയോഗിക്കുന്നു. ഈ സൂത്രങ്ങളെ നാം വിളിക്കുന്ന പേരാണ് മര്യാദകൾ, സംസ്ക്കാരം, അന്തസായ പെരുമാറ്റം എന്നൊക്കെ. ആ മര്യാദകളുടെ പിന്നിലുള്ള ചിന്തകൾ അത്രയ്ക്ക് അന്തസ്സുള്ളവയായിരിക്കില്ല എന്ന് നമുക്കുപോലും കണ്ടെത്താൻ പ്രയാസമായിരിക്കും. ജീവിതകാലം മുഴുവനും വ്യക്തിത്വവും ശരീരവും നമ്മുടെ സ്വന്തമാണെന്ന് നമ്മെക്കൊണ്ട് മനസ്സ് ചിന്തിപ്പിക്കുന്നു. എന്നാൽ മരണം സംഭവിക്കുമ്പോൾ **ഞാൻ** എന്ന മനസ്സ് എവിടെയാണെന്നും ശരീരത്തിന് എന്ത് സംഭവിച്ചുവെന്നും **എനിക്ക്** കണ്ടുപിടിക്കാൻ കഴിയുന്നില്ല. 'ഞാൻ' എന്നത് മനസ്സല്ല, ശരീരമല്ല എന്ന് നാം ജീവിച്ചിരിക്കെതന്നെ തിരിച്ചറിയേണ്ടതുണ്ട്. **ഞാൻ നശിക്കാത്ത ബോധമാണ്.**

ഭയം എന്തെന്നും അതിന്റെ പ്രാധാന്യം എന്തെന്നും അതിനെ എങ്ങിനെ മറികടക്കാമെന്നും നാം അറിഞ്ഞു കഴിഞ്ഞു. സത്യമായ ജീവിതത്തിലേക്ക് കടക്കാൻ ആവശ്യമായ രണ്ടാമത്തെ ഘടകമാണ് ഉറച്ച തീരുമാനം. ഉറച്ച തീരുമാനം എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം മനസ്സിനൊ ബുദ്ധിക്കൊ അറിയില്ല. അതുകൊണ്ടാണ് തീരുമാനം എടുക്കുകയും മാറുകയും വീണ്ടും എടുക്കുകയും ചെയ്യാൻ മനസ്സിന് ഒരു ലജ്ജയും



ഇല്ലാത്തത്. അടിസ്ഥാന ആഗ്രഹവും അതിന്റെ സ്വാർത്ഥതയുമാണ് ഉറച്ച തീരുമാനങ്ങളെ ഇളക്കുന്ന ഘടകങ്ങൾ. ഇളകിയ മണ്ണിൽ വീടിന്റെ അടിത്തറ പണിയുന്നവരാണ് നാമെല്ലാം. കാറ്റും മഴയും വരുമ്പോൾ അത് തകർന്ന് പോകും. എന്നാൽ ഉറച്ച പാറയിൽ അടിത്തറ ഘടിപ്പിച്ചാൽ ഭൂമി കുലുങ്ങിയാൽ പോലും ആ വീട് തകരില്ല. അതുപോലെ സദാസമയവും വലുതാകുകയും ചെറുതാകുകയും ചെയ്യുന്ന മനസ്സിലാണ് നാം ഉറച്ച തീരുമാനങ്ങൾ എടുക്കുന്നത്. എന്നാൽ ആത്മാവിനെ തൊട്ടുനിൽക്കുന്ന തീരുമാനങ്ങൾ മാത്രമെ നിലനിൽക്കുകയുള്ളു എന്ന് നാം അറിയുന്നില്ല.

വിശ്വാസം എന്ന തട്ടിപ്പ് മനസ്സ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഈ ഉറച്ച തീരുമാനത്തിന്മേലാണ്. ഒരു ജീവിത കാലം മുഴുവനും നാം എല്ലാവരേയും വിശ്വസിക്കുന്നതായി അഭിനയിക്കുന്നു. ഭർത്താവ് ഭാര്യയെയും ഭാര്യ ഭർത്താവിനെയും കുട്ടികൾ മാതിപിതാക്കളെയും മാതാപിതാക്കൾ കുട്ടികളെയും വിശ്വസിക്കുന്നു. സ്നേഹിതരും അയൽവാസികളും പരസ്പരം വിശ്വസിക്കുന്നു. കാമുകൻ കാമുകിയെയും ഒരു അപരിചിതൻ മറ്റൊരു അപരിചിതനെയും ചിലപ്പോൾ വിശ്വസിച്ചെന്ന് വരാം. എന്നാൽ സമൂഹത്തിൽ നിലനിൽക്കുന്ന ഈ വിശ്വാസം മനസ്സിന്റെ താൽക്കാലിക അവസ്ഥയാണെന്നും ഇത് പെട്ടെന്ന് മാറിപ്പോകുന്നതാണെന്നും നാം മനസ്സിലാക്കുന്നില്ല. എല്ലാ മതങ്ങളുടെയും പ്രധാന തത്വങ്ങൾ ഈ വിശ്വാസത്തിൽ പടുത്തുയർത്തപ്പെട്ടവയാണ്. എന്നാൽ യഥാർത്ഥ ഭയമില്ലായ്മയിൽ നിന്നാണ് യഥാർത്ഥ വിശ്വാസം പുറപ്പെടുന്നതെന്നും ഈ യഥാർത്ഥ വിശ്വാസം ഉറച്ച തീരുമാനത്തിന്റെ ഉത്പന്നമാണെന്നും നാം അറിയുന്നില്ല. ഭയത്തെ ധൈര്യം എന്ന ചിന്ത കൊണ്ട് എങ്ങിനെ മറച്ചു പിടിക്കുന്നുവോ അതുപോലെ തന്നെയാണ് വിശ്വാസം കൊണ്ട് ഭയത്തെയും മറച്ചു പിടിക്കുന്നത്. അതിനാൽ കൂടുതൽ ഭയം വരുമ്പോഴാണ് വിശ്വാസം നഷ്ടപ്പെടുന്നതും തീരുമാനത്തിൽ നിന്നും വ്യതിചലിക്കേണ്ടതായി വരുന്നതും. വിശ്വാസം ചിന്തയായി നിലനിൽക്കുന്നിടത്തോളം കാലം,അത് അടിസ്ഥാമില്ലാത്തതും അന്ധവുമായ വിശ്വാസമായിരിക്കും. കാരണം ചിന്ത മനസ്സിന്റെ വെറും പ്രകമ്പനങ്ങൾ മാത്രമാണ്,അത് ഏതു നിമിഷവും മാറിപ്പോകാം,ചിന്തകളിൽ ബുദ്ധിക്ക് യാതൊരു സ്വാധീനവുമില്ല. സ്വാധീനമുണ്ടെന്നുള്ളത് അധമ മനസ്സിന്റെ തോന്നൽ മാത്രമാണ്. അത് ആപേക്ഷികവുമാണ്. തനിയെ,മനസ്സിൽ ഉയർന്നു വരുന്നതാണ് ചിന്തകൾ.

ഒരു പിതാവ് തന്റെ മകനെ വിശ്വസിക്കുന്നു. ആ വിശ്വാസം സ്വാർത്ഥതാൽപര്യത്തിൽ നിന്നുള്ള ഭയത്തിൽ നിന്നാണ് വരുന്നത്. അതായത് വാർദ്ധക്യകാലത്ത് തന്നെ ഇവൻ സംരക്ഷിക്കും സ്നേഹിക്കും എന്ന സ്വാർത്ഥതയുടെ ഭയത്തിൽ നിന്നാണ് ഈ ചിന്ത പിതാവിൽ വരുന്നത്. അതാണ് മകനോടുള്ള വിശ്വാസമായി മാറുന്നത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനം സ്വാർത്ഥ ലാഭമാണ്. പിതാവ് ഈ വിശ്വാസത്തിൻപുറത്ത് തന്റെ അദ്ധ്വാനവും സകല സമ്പാദ്യവും മകന്റെ നന്മയ്ക്കായി ചെലവഴിക്കുന്നു. മകൻ നല്ല നിലയിൽ എത്തുന്നു, എന്നാൽ മകന് ഒരു ഇണയെ കിട്ടിക്കഴിയുമ്പോൾ സ്വാഭാവികമായും വൃദ്ധനായ പിതാവിനെ അവഗണിക്കേണ്ടി വരും. കാരണം ജീവിതത്തിന്റെ ഭൗതിക ലക്ഷ്യം തന്നെ ലൈംഗിക ആസക്തിയാണ്. പ്രായാധിക്യം കൊണ്ട് ബുദ്ധി നേരാംവണ്ണം പ്രവർത്തിക്കാത്ത പിതാവ് മകന്റെ സ്വതന്ത്ര ജീവിതത്തിന് സ്വാഭാവികമായും തടസ്സമായേക്കാം. അപ്പോൾ പുത്രന് പിതാവിനെ അവഗണിക്കേണ്ടതായി വരും. മകൻ കൂടുതൽ നിസ്സഹായനാകുന്നു. സ്ത്രീ-പുരുഷ ബന്ധം പരസ്പര അടിമത്വം സൃഷ്ടിക്കുന്നതിനാൽ ഈ അവഗണനയുടെ ഭാരം പിതാവിന് താങ്ങാവുന്നതായിരിക്കില്ല. ഇവിടെ പിതാവിന് മകനോട് അന്നുവരെ ഉണ്ടായിരുന്ന വിശ്വാസം തകർന്നു പോകുന്നു. കാരണം പിതാവിന്റെ വിശ്വാസം സ്വാർത്ഥ താൽപര്യങ്ങളിൽ നിന്നുള്ളതായിരുന്നു. അതിനാൽ ആ സ്വാർത്ഥത അതീവ ദുഃഖവും വേദനയും അനുഭവിക്കുന്നു. മനസ്സ് വലുതാകുന്നു. ജീവിതം നരകമായി മാറുന്നു. അതുകൊണ്ടാണ് സമൂഹം ഇന്ന് വൃദ്ധരെക്കുറിച്ച് ഏറ്റവും കൂടുതൽ വിലപിക്കുന്നത്. എന്നാൽ തന്റെ മാതാപിതാക്കളോടും ഈ വിശ്വാസവഞ്ചനതന്നെയാണ് പിതാവും കാണിച്ചതെന്ന് അയാൾ മറന്നു പോകുന്നു. ആത്മാവിനെ അനുഭവിക്കാൻ ശരിയായ ഓർമ്മശക്തി (right memory) ആവശ്യമാണെന്ന് മിസ്റ്റിക്കുകൾ പറഞ്ഞതിന്റെ അർത്ഥം ഇതാണ്. പുസ്തകത്തിൽ വായിച്ചു പഠിച്ച ഒരു വിവരം ഓർമ്മിക്കുന്നതിനെയല്ല മിസ്റ്റിക്കുകൾ ശരിയായ ഓർമ്മ എന്ന് പറയുന്നത്. ജീവിത യാഥാർത്ഥ്യങ്ങളെ മനസ്സിൽ സൂക്ഷിക്കുകയും അത് ആത്മാവിന്റെ അഥവാ യഥാർത്ഥ ബോധത്തിന്റെ ഉയർച്ചയ്ക്ക് സഹായകമാക്കുകയും ചെയ്യുന്നതിനെയാണ് ശരിയായ ഓർമ്മ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. മനുഷ്യവർഗ്ഗം നിലനിൽക്കുന്നിടത്തോളം കാലം ഇത്തരം വിശ്വാസവും വിശ്വാസവഞ്ചനകളും നിലനിൽക്കും. ഇതിന് പരിഹാരമുണ്ടെന്ന് അഹം പ്രസംഗിക്കുമെങ്കിലും സത്യത്തിൽ ഇതിനു പരിഹാരമില്ല. മനുഷ്യൻ തന്റെ ജന്മകാ



രണമായ അടിസ്ഥാന ആഗ്രഹത്തെയും അതിന്റെ സ്വാർത്ഥതയേയും തിരിച്ചറിയാത്ത കാലത്തോളം ഇതിന് പരിഹാരമില്ല.

കർമ്മം,നിഷ്കാമ (Non-doer action or Pratyahara) മാകുമ്പോഴെ **യഥാർത്ഥ വിശ്വാസം മനുഷ്യനിൽ സംഭവിക്കുകയുള്ളു.** കർമ്മം ചെയ്യുന്നതിനു മുമ്പേ അതിന്റെ ഫലവും ഇരട്ടിപ്പും കണക്കുകൂട്ടുകയും ആ ഫലത്തെ മുൻനിർത്തി കർമ്മത്തെ ബുദ്ധിയുടെ സൂത്രങ്ങളിലൂടെ കടത്തിവിട്ട് പരമാവധി സ്വാർത്ഥ ലാഭം ഉണ്ടാക്കാൻ ശ്രമിക്കുന്ന ഒരു തലമുറയോട് നിഷ്കാമ കർമ്മം പറയുന്നതിൽ അർത്ഥമില്ല. വളരെ ചെറുപ്പത്തിൽ തന്നെ ബോധശാസ്ത്ര രീതിയിലൂടെ കുട്ടികളിൽ നിഷ്കാമകർമ്മത്തിന്റെ വിത്തുകൾ പാകിയെങ്കിലെ അവൻ തന്റെ ആത്മാവിനെ കണ്ടെത്തുന്ന ജീവിത സന്ദർഭത്തിൽ നിഷ്കാമ കർമ്മത്തിലേക്ക് വരികയുള്ളു. **അല്ലാത്ത മനസ്സുകളിൽ നിഷ്കാമ കർമ്മം ശുദ്ധ വിഡ്ഢിത്തവും ബുദ്ധിയില്ലായ്മയും കടന്ന സാഹസവുമായി അനുഭവപ്പെടും.**

**തന്നെതന്നെ വിശ്വാസം ഇല്ലാത്ത മനസ്സിന് നിഷ്കാമ കർമ്മം ഉൾക്കൊള്ളാൻ കഴിയില്ല.** അതിനു കാരണം അതിന്റെ അടിസ്ഥാന ഭയം തന്നെ. മരണ ഭയത്തിൽ നിന്നാണ് മനസ്സിൽ ഭയം ഉടലെടുക്കുന്നത്. മനസ്സ് മരിക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം നശ്വരതയെ സദാസമയവും മറന്നുകൊണ്ടിരിക്കുന്നു. എന്നാൽ ശരീരം പ്രകൃതിദത്തമായ ഒരു വളർച്ചയായതിനാൽ അതിന്റെ കാലപരിധി കഴിയുമ്പോൾ മരിച്ചേ മതിയാകു. ഈ സത്യം മനസ്സിന് അറിയാമെങ്കിലും അത് ജീവിതത്തിൽ ഒരിക്കലും ഓർക്കുകയില്ല. അതുകൊണ്ടാണ് വൃദ്ധർ പോലും മരണത്തെ ഭയക്കുന്നത്. **'കീറിയ വസ്ത്രങ്ങൾ മാറ്റുന്ന ബോധത്തിന്റെ അവസ്ഥയാണ് മരണം'** എന്ന അറിവ് അനുഭവജ്ഞാനത്തിലൂടെ മനസ്സിലേക്ക് വരാത്തതാണ് ഇതിനു കാരണം.

**ഫലം ഇച്ഛിക്കാതെയും പൊന്നും കല്ലും കരിക്കട്ടയും തമ്മിൽ വ്യത്യാസം കാണാതെയും** മനസ്സ് നിലനിൽക്കുന്ന അവസ്ഥയെയാണ് നിഷ്കാമം എന്ന് പറയുന്നത്. ഫലം ഇച്ഛിച്ചില്ലെങ്കിൽ താൻ എങ്ങിനെ നിലനിൽക്കുമെന്ന് എത്ര ആലോചിച്ചാലും മനസ്സിന് ഉത്തരം കണ്ടെത്താൻ സാദ്ധ്യമല്ല. എന്നാൽ ഒരു ശരീരത്തിൽ എത്രനാൾ നിലനിൽക്കും എന്നു ചോദിച്ചാൽ മനസ്സിന് മറുപടി തരാൻ കഴിയുകയുമില്ല. കാരണം ജീവിതം അത്രയ്ക്ക് അനിശ്ചിതത്വം (uncertainity) നിറഞ്ഞതാണ് എന്ന് തിരിച്ചറിയുന്നു. ബോധശാസ്ത്രം തെളിയിക്കുന്നത് നിഷ്കാമ

കർമ്മം ചെയ്ത് ഈ ഭൂമിയിൽ പരമാനന്ദമായി ജീവിക്കുവാൻ ഒട്ടും ഭയപ്പെടേണ്ട എന്നാണ്. എന്നാൽ ബോധത്തെ നാം സത്യമായി വിശ്വസിക്കണം. ആത്മാവ് (ബോധം)എന്ന നശിക്കാത്ത പാറയിൽ ഉറപ്പിച്ചതായിരിക്കണം ആ വിശ്വാസം.

ഒരു വാടക കൊലയാളി ഒരാളെ കൊല്ലാമെന്ന് ഏറ്റെടുത്താൽ, അയാളെ കൊന്നിരിക്കും എന്നുള്ളത് ഉറപ്പാണ്. പൂർണ്ണ അബോധത്തിൽ സ്വാർത്ഥ ബുദ്ധിയുടെ യുക്തിയിൽ എടുക്കുന്ന ഉറച്ച തീരുമാനമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അതുപോലെ പൂർണ്ണ ബോധത്തിൽ ബുദ്ധിയുടെ യുക്തിക്ക് അതീതമായെടുക്കുന്ന ഉറച്ച തീരുമാനമാണ് യഥാർത്ഥ വിശ്വാസം. യഥാർത്ഥ ബോധവും അഥവാ ആത്മാവും അതിന്റെ മോചനവുമാണ് ആ തീരുമാനത്തിന്റെ പിന്നിലുള്ള ഏക ലക്ഷ്യം. ലക്ഷ്യം വ്യക്തമാണെങ്കിൽ മാർഗ്ഗം പ്രശ്നമേയല്ല. വാടക കൊലയാളിയുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. കൊല്ലേണ്ട ആളെ കൊല്ലാൻ അയാൾ എന്ത് ഹീന കൃത്യവും ചെയ്യും. അതുപോലെ ആത്മാവിനെ സ്വതന്ത്രമാക്കുക എന്ന ലക്ഷ്യം പ്രാപിക്കാൻ എന്തു ത്യാഗവും എന്തു വേദനയും എന്തു കഷ്ടപ്പാടും സന്തോഷത്തോടെ ഏറ്റെടുക്കും.

ജീവിതത്തിൽ ഒരിക്കലെങ്കിലും ഒരു പരീക്ഷണമായി പോലും നിഷ്കാമകർമ്മം ചെയ്തു നോക്കാൻ നാം ശ്രമിക്കാറില്ല. കാരണം അതെങ്ങിനെയെന്ന് നമ്മുടെ അക്കാഡമിക് വിഷയങ്ങൾ പഠിപ്പിക്കുന്നില്ല. സ്നേഹം,ദയ,അനുകമ്പ,കാരുണ്യം എന്നിങ്ങനെയുള്ള ജീവിതത്തിന്റെ ഉയർന്ന മൂല്യങ്ങൾപോലും ആപേക്ഷികമായി ചെയ്യാൻ പഠിപ്പിക്കുന്ന മതങ്ങളും സമൂഹവും ആത്മാവിനെ വളർത്തുന്നതിനു പകരം നശിപ്പിക്കുകയല്ലെ ചെയ്യുന്നത്?

നിഷ്കാമകർമ്മത്തിന് ആവശ്യമായ വിശ്വാസത്തെ ആത്മവിശ്വാസം എന്നാണ് നാം വിളിക്കുക. ആത്മാവിൽ ഉറച്ച വിശ്വാസം എന്നാണീ വാക്കിന്റെ അർത്ഥം. തന്റെ അദ്ധ്വാന ഫലം എത്ര കുറവാണെങ്കിലും എത്ര കൂടുതലാണെങ്കിലും ശരീരത്തെ ആരോഗ്യകരമായി നിലനിർത്താൻ പര്യാപ്തമായ ആഹാരം കഴിച്ച് ജീവിക്കാമെന്ന് ഉറപ്പുള്ളവന് മക്കളെയോ,ഭാര്യയെയോ,സ്നേഹിതരെയോ,ബന്ധുക്കളെയോ ആശ്രയിക്കാതെ ജീവിക്കാം. കാരണം തന്റെ ജീവിതം, ആത്മാവിനെ രക്ഷപ്പെടുത്താനാണെന്നുള്ള ഉറച്ച വിശ്വാസം തന്നെ അയാളെ രക്ഷിച്ചു കൊള്ളും. എന്തെന്നാൽ **ആത്മാവ് സ്വയം സമ്പൂർണ്ണവും പൂർണ്ണ**



**ബുദ്ധിയും പൂർണ്ണ ജ്ഞാനവും സ്വയം പര്യാപ്തവുമാണ്.** അതിനു തനിയെ പ്രവർത്തിക്കാൻ കഴിയും. എന്നാൽ മനസ്സിനു പ്രവർത്തിക്കണമെങ്കിൽ അടിസ്ഥാന ആഗ്രഹമെന്ന ചിന്തകളുടെ ഉൽപ്പാദകൻ വേണം. അങ്ങിനെയെങ്കിൽ എന്തു കൊണ്ട് ആത്മാവിന് സ്വയം പ്രവർത്തിച്ച് രക്ഷപ്പെട്ടു കൂടാ എന്നൊരു ചോദ്യം മനസ്സ് (ego) ഉന്നയിക്കും. ഉത്തരം വളരെ ലളിതമാണ്. മനസ്സിന്റെ ഭയവും അതു മൂലമുള്ള പ്രകമ്പനങ്ങളും ഒരു പ്രത്യേക പരിധിവരെ കുറയേണ്ടതുണ്ട്. അങ്ങിനെ കുറയുമ്പോഴാണ് ബോധോദയം സംഭവിക്കുന്നത്. അതായത് ബോധോദയം സംഭവിച്ച മനസ്സിൽ ബോധം ഒരു പ്രത്യേക അവസ്ഥയിൽ ഉയർന്നു നിൽക്കുന്നതായി അനുഭവപ്പെടും. ഈ അവസ്ഥയിൽ ബോധം തിരിച്ചറിവായി ബുദ്ധിയെ നിയന്ത്രിക്കാൻ തുടങ്ങും. അപ്പോൾ ജീവിതം സംഭവിക്കുന്നതാണെന്നും ആത്മാവാണ് ആ സംഭവങ്ങളുടെ കാരണമെന്നും നാം തിരിച്ചറിയും. അതിൽ നിന്ന് ബോധം സ്വയംപര്യാപ്തമാണെന്ന് നമുക്ക് ബോദ്ധ്യമാകുകയും ചെയ്യും. ഇതിനെ മുനി എന്ന അവസ്ഥ എന്നും പറയുന്നു. ഈ അവസ്ഥയിൽ മനസ്സ് നിഷ്കാമകർമ്മത്തിന് തയ്യാറാകുന്നു. അതിന്റെ ഭയം കുറയുന്നു.

എന്താണീ നിഷ്കാമ കർമ്മം? കർമ്മം ചെയ്യുമ്പോൾ മനസ്സ് കർമ്മത്തിൽ മാത്രം നൂറു ശതമാനവും മുഴുകുകയും പൂർണ്ണ ആത്മാർത്ഥതയോടു കൂടി കർമ്മം ചെയ്യുകയും ചെയ്യുന്ന അവസ്ഥയാണത്. ആ സമയം മനസ്സ് ഒരു സാക്ഷിയായി മനസ്സിന്റെ തന്നെ പ്രകമ്പനങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കും. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ഫലം ഇച്ഛിക്കാത്ത ഏത് അവസ്ഥയിലായിരുന്നുവോ അതേ അവസ്ഥയിൽ പ്രവൃത്തി പൂർത്തിയാക്കുമ്പോഴും നിലനിൽക്കും. **പ്രതിഫലം കുറഞ്ഞു പോയി എന്നുള്ള വ്യാകുലതയൊ,പ്രതിഫലം കിട്ടിയില്ല എന്ന ദുഃഖമോ മനസ്സിന്റെ പ്രകമ്പനത്തെ വർദ്ധിപ്പിക്കുകയില്ല. ഇതിനെയാണ് നിഷ്കാമ കർമ്മം എന്ന് പറയുന്നത്.** കർമ്മം മൂലമുള്ള ശാരീരിക വേദനകളൊ അതിന്റെ ഫലത്തെക്കുറിച്ചുള്ള ആകാംഷയൊ അയാ ളെ ബാധിക്കുന്നില്ല. കർമ്മം നടന്നു,ഫലം ചോദിക്കാൻ ആളില്ലാത്ത അവസ്ഥ. അതായത് കാരണം (cause) മാത്രം നിലനിൽക്കുന്നു,ഫലം (effect) കാരണത്തോട് ബന്ധിക്കുന്നില്ല. ഫലം കാരണത്തോടുകൂടി ബന്ധിച്ചില്ലെങ്കിൽ കാരണത്തിനു പിന്നീട് നിലനിൽക്കാനോ,വിപുലീകരിക്കാനോ (multiply) കഴിയില്ല. ഫലം കൂടാതെ കാരണത്തിനു നിലനിൽപ്പില്ലാതെ വരുമ്പോൾ ആത്മാവിനെ ബന്ധിക്കാൻ ആഗ്രഹങ്ങൾക്ക് കഴിയാതെ വരും. കാരണം ആഗ്രഹങ്ങൾ മനസ്സിൽ നിലനിൽക്കുന്നത് കാരണ-

ഫല (cause and effect) ബന്ധിയായാണ് എന്നോർക്കണം. അതായത് ആത്മാവ് എന്നെന്നേയ്ക്കുമായി ജഢില ബന്ധങ്ങളിൽ നിന്ന് പരമാനന്ദത്തിലേക്ക് പറന്നുയരും.

നൂറു ശതമാനം ആളുകളും സ്വാർത്ഥതയിലും ആഗ്രഹങ്ങളിലും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ **നിഷ്കാമകർമ്മത്തിന്റെ ഇച്ഛിക്കാത്ത ഭൗതിക ഫലം പതിന്മടങ്ങ് വലുതായിരിക്കുമെന്ന് നാം അറിയുന്നില്ല**. ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. ഒരു കൽപ്പണിക്കാരൻ നിഷ്കാമ കർമ്മിയാണെങ്കിൽ അയാൾ ആത്മാർത്ഥത കൊണ്ട് മറ്റുള്ളവർ എട്ടു മണിക്കൂർ പണിയെടുക്കുമ്പോൾ ഇയാൾ പത്തു മണിക്കൂർ പണിയെടുക്കുന്നു. മറ്റുള്ളവർ സ്വാർത്ഥരായതിനാൽ എട്ടു മണിക്കൂർ പണി കൊണ്ട് ആയിരം കട്ടകൾ അടുക്കിവയ്ക്കുന്നുവെങ്കിൽ മറ്റെയാൾ ആയിരത്തി അഞ്ഞൂറു കട്ടകൾ നിരത്തുന്നു. ഈ ആത്മാർത്ഥത മനസ്സിലാക്കുന്ന ഉടമസ്ഥൻ ഇയാളെ ഒരിക്കലും മറക്കില്ല. കാരണം അയാളുടെ ലാഭം വർദ്ധിച്ചിരിക്കുന്നു. അതിനാൽ അയാളെ ഉയർന്ന ജോലികൾ ഏൽപ്പിക്കാൻ ഉടമസ്ഥൻ തയ്യാറാകുന്നു. പുതിയതും വ്യത്യസ്തവുമായ അവസരങ്ങൾ നിഷ്കാമകർമ്മിയെ തേടിയെത്തുകയും അയാളുടെ പക്കൽ പണം വർദ്ധിക്കുകയും ചെയ്യുന്നു. ശരീരത്തിന്റെ നിലനിൽപ്പിന് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ആവശ്യങ്ങൾ അയാൾക്കില്ലാത്തതിനാൽ മറ്റുള്ളവരെ അപേക്ഷിച്ച് പണം ഇയാളിൽ വർദ്ധിക്കുന്നു. കടങ്ങൾക്കും അമിതലാഭത്തിനും വിധേയമാകാത്തതിനാൽ ബാദ്ധ്യതയുള്ള ഒരു കോടി ആസ്തിയുള്ളവനേക്കാൾ തത്വത്തിൽ കൊടീശ്വരനായിരിക്കും യാതൊരു ബാദ്ധ്യതയുമില്ലാതെ ആയിരം രൂപ മിച്ചമുള്ള നിഷ്കാമകർമ്മി. ആസ്തിയുണ്ടെങ്കിൽ ബാദ്ധ്യതയും കടവും ആകാമെന്നു ബുദ്ധി എല്ലാവരേ യും ഉപദേശിക്കുന്നു. ഇതൊരു സൂത്രമാണെന്ന് ആരും അറിയുന്നില്ല. ആസ്തി പെട്ടെന്ന് പണമാക്കാൻ കഴിയില്ല എന്നും അങ്ങിനെ പണമാക്കിയാൽ അതിന്റെ യഥാർത്ഥ വിലയുടെ പകുതിപോലും ലഭിക്കുകയില്ല എന്നുമുള്ള സത്യം ബുദ്ധി മറച്ചുപിടിക്കുന്നു. മാത്രവുമല്ല, ബാദ്ധ്യതയും കടവും STR വർദ്ധിപ്പിക്കുന്നത് തടയാൻ ബുദ്ധിക്കു കഴിയുന്നുമില്ല. സെറിബ്രൽ ഹെമറേജ് എന്ന ആപൽക്കരമായ രോഗത്തിന്റെ കാരണം ഇതാണെന്നും ധനികരുടെ മരണം വിലയിരുത്തിയാൽ മനസ്സിലാകും. എന്നാൽ നൂറു രൂപ യാതൊരു ബാദ്ധ്യതയുമില്ലാതെ മിച്ചമുള്ളവന്റെ മനസ്സിന്റെ പ്രകമ്പനങ്ങൾ വളരെ കുറവായതിനാൽ **ബോധം വളരെ**



**ഉയർന്നു നിൽക്കുകയും ആപത്തുകളും രോഗങ്ങളും ഒഴിഞ്ഞു പോകുകയും ചെയ്യുന്നു**. ഇതും ഇയാളുടെ വരുമാനത്തെ ഇരട്ടിപ്പിക്കുന്നു. സമ്പാദിക്കുന്നതിനു തുല്യമാണ് ഉള്ളത് നഷ്ടപ്പെടാതിരിക്കുന്നത് എന്ന സത്യം മനസ്സിലാക്കുക. പത്തു കോടി കടം വാങ്ങുകയും പതിനഞ്ചു കോടിയുടെ ആസ്തി ഉണ്ടായിരിക്കുകയും ചെയ്യുന്നവനേക്കാൾ ബുദ്ധിമാനാണ് പത്തു രൂപ സമ്പാദിക്കുകയും അത് ബാധ്യതയില്ലാതെ നിലനിർത്തുകയും ചെയ്യുന്നവൻ. കാരണം പതിനഞ്ചു കോടിയുടെ ആസ്തി കടം മൂലം വിൽക്കേണ്ടി വന്നാൽ അതിന്റെ പകുതി പോലും മൂല്യം കിട്ടുകയില്ല. കടം വന്നവന്റെ ആസ്തിക്ക് (demand) ആവശ്യം കുറവായിരിക്കും. അതായത് അയാൾ തെണ്ടിയെക്കാൾ പിന്നിലായിപ്പോകുന്നു. എന്നാൽ തെണ്ടിയാകാനും വയ്യ. **പണത്തിന്റെ കെണിയാണിത്**. പരിഹാരം ഒളിച്ചോട്ടവും ആത്മഹത്യയുമാണ്. ഇത് തിരിച്ചറിയണമെങ്കിൽ ബോധം ഉയരണം അല്ലെങ്കിൽ മനസ്സ് ചോദ്യങ്ങൾ കൊണ്ട് മനസ്സിന്റെ പ്രകമ്പന അവസ്ഥ വർദ്ധിപ്പിക്കുകയും അബോധത്തിൽ നിലനിർത്തുകയും സ്വയം വിഡ്ഢിയാകുകയും ചെയ്യും.

ഒരു നിശ്ചിത വരുമാനമുള്ള സ്ഥിരജോലിക്കാരനും നിഷ്കാമ കർമ്മം എങ്ങിനെ പരിശീലിക്കാമെന്നു നോക്കാം.

ശാസ്ത്രീയമായി പറഞ്ഞാൽ, ജീവിതം ദുഃഖമാകുന്നതും അതിൽ മാനസിക വേദനയും ദുരിതങ്ങളും നിറയുന്നതും മനസ്സിന്റെ പ്രകമ്പന നിരക്ക് വർദ്ധിക്കുന്നതു കൊണ്ടാണ്. ഈ പ്രകമ്പന നിരക്കിനെ നിയന്ത്രിക്കാൻ ബുദ്ധിക്ക് സ്വതസിദ്ധമായ കഴിവില്ല. യുക്തികൊണ്ട് എത്ര തന്നെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചാലും മനസ്സ് ദുഃഖത്തിൽ നിന്ന് കരകയറില്ല. കാരണം **ദുഃഖം ഒരു ഹോർമോൺ പ്രവർത്തനമാണ് എന്ന് ആരും മനസ്സിലാക്കുന്നില്ല**. ഹോർമോൺ യാഥാർത്ഥ്യങ്ങളായതിനാൽ അതിന്റെ പ്രവർത്തന വീര്യം കുറയുന്നതുവരെ ദുഃഖം നാം അനുഭവിക്കാൻ ബാദ്ധ്യസ്ഥരാകുന്നു. അതുപോലെ തന്നെ കാരണങ്ങളോടു കൂടിയ സന്തോഷവും ഒരു ഹോർമോൺ പ്രവർത്തനം തന്നെയാണ്. അതായത് STR വർദ്ധിക്കുവാൻ ഒരു കാരണം ഉണ്ടായാൽ ദുഃഖം വർദ്ധിക്കുകയും STR കുറയാൻ ഒരു കാരണം ഉണ്ടായാൽ സന്തോഷമായി അനുഭവപ്പെടുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കി വേണം നിഷ്കാമ കർമ്മത്തെ പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടത്.

മടിയും അലസതയും തന്റെ പ്രവൃത്തിയുടെ അഥവാ **ജോലിയുടെ പോരായ്മകളും കുറവുകളും തന്റെ വരുമാനത്തെ ബാധിക്കുകയില്ല എന്നുള്ള അറിവില്ലായ്മയാണ് സ്ഥിരവരുമാന ജോലിയുള്ള ആളുടെ നിഷ്കാമ പ്രവൃത്തിയെ ഏറ്റവും കൂടുതൽ ബാധിക്കുന്നത്**. മാത്രവുമല്ല വരുമാനത്തിന്റെ പത്തിരട്ടിയോളം പണം ആവശ്യമായി വരുന്ന അവന്റെ ആഗ്രഹങ്ങളുടെ കുത്തനെയുള്ള ഉയർച്ചയും കൈക്കൂലി വാങ്ങുന്നതിനും മറ്റ് അവിഹിത മാർഗ്ഗങ്ങളിൽ പണം ഉണ്ടാക്കുന്നതിനും അവനെ പ്രേരിപ്പിക്കുന്നു. ഒരുവന്റെ STR വർദ്ധിക്കുവാനും മനസ്സിന്റെ നിലനിൽപ്പിന്റെ ശക്തി വർദ്ധിപ്പിക്കുവാനും മനസ്സു തന്നെ കണ്ടെത്തുന്ന സൂത്രമാണ് ഇതെന്നു മനസ്സിലാക്കാത്തിടത്തോളം നിഷ്മകാമകർമ്മം ഇത്തരക്കാർക്ക് അസാദ്ധ്യമാകുന്നു. കുടുംബത്തിനും മക്കൾക്കും ഭാര്യക്കും വേണ്ടിയാണ് താനിത് ചെയ്യുന്നതെന്ന് മനസ്സ് സദാസമയവും അവനെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കും. ഒരു മനുഷ്യന്റെ ആത്മാവിനെ നശിപ്പിക്കുവാൻ കുടുംബ ബന്ധങ്ങളെ മനസ്സ് ആയുധമാക്കുന്ന രീതിയാണിത്.

സന്യാസിയെ ആക്രമിച്ച കൊള്ളക്കാരനായ വാത്മീകിയോട് സന്യാസിചോദിച്ച ചോദ്യം ഇന്നും മനുഷ്യനു മനസ്സിലാകാതെ നിലനിൽക്കുന്നു. നീ ചെയ്യുന്ന കർമ്മഫലം നിന്റെ ഭാര്യയും കുട്ടികളും അനുഭവിക്കേണ്ടി വരുമോ എന്ന് ഭാര്യയോട് നീ പോയി ചോദിക്കുക എന്ന സന്യാസിയുടെ വാക്കു കേട്ട് വാത്മീകി ഭാര്യയോടു ചോദിച്ചു, ഇതിന്റെ യാഥാർത്ഥ്യം എന്തെന്ന്. ഭാര്യ വ്യക്തമായി പറഞ്ഞു, "അവനവന്റെ കർമ്മത്തിന് അവനവൻ തന്നെ ഫലം അനുഭവിക്കണം". ഇടിവെട്ടേറ്റവനെപ്പോലെ വാത്മീകി സ്തംഭിച്ചു പോയി. ഒരു ജീവിത സത്യം അനുഭവജ്ഞാനമായി ആ മനുഷ്യന്റെ ഉള്ളിലേക്ക് പാഞ്ഞു കയറി. ഈ കഥ സത്യമാണോ മിഥ്യയാണോ എന്നതല്ല പ്രശ്നം. ഇത് ഒരു മിസ്റ്റിക് അറിവാണ്, ഈ അറിവിലേക്ക് ആർക്കും എപ്പോൾ വേണമെങ്കിലും എത്താം. പക്ഷെ മനസ്സിന്റെ സൂത്രം ഉപയോഗിച്ച് ജീവിതത്തെ നീട്ടി കൊണ്ടു പോകുന്നത് നാം അറിയാത്തതാണ് നമ്മുടെ പ്രശ്നം.

ഇത്തരം അറിവുകൾ ശാസ്ത്രീയമായി കുട്ടികളെ പഠിപ്പിച്ചിരുന്നുവെങ്കി ൽ ഇന്നു സമൂഹം എത്ര വ്യത്യസ്തമായിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതെയുള്ളു. തന്റെ ആത്മാവ് തന്റേതു മാത്രമാണെന്നും ദുഃഖങ്ങൾ അനുഭവിക്കുന്നത് ആ ആത്മാവാണെന്നും ഉള്ള അറിവ് അനുഭവജ്ഞാനത്തിലേക്ക് വരുന്നവന് എല്ലാ ബന്ധങ്ങളും തന്റെ



നിഷ്കാമ കർമ്മത്തിന്റെ ഭാഗങ്ങളായേ അനുഭവപ്പെടുകയുള്ളു. അല്ലാതെ ബന്ധങ്ങൾ തന്റെ ആത്മാവിനെ നശിപ്പിക്കുന്ന ഘടകമാകാൻ അവൻ അനുവദിക്കില്ല.

കൽപ്പിക്കപ്പെട്ട ജോലി പൂർണ്ണ ആത്മാർത്ഥതയോടും കൽപ്പിക്കപ്പെട്ട സമയത്തേക്കാൾ രണ്ടു മണിക്കൂർ കൂടുതലും ചെയ്യാൻ പാകപ്പെടുത്തിയ മനസ്സിൽ STR കുത്തനെ താഴ്ന്നു പോകുന്നു. കർമ്മഫലത്തിന്റെ സാമ്പത്തിക ഭാഗം സ്ഥിരമായതിനാൽ അഹം നിങ്ങളെ വിഡ്ഢിയെന്നും ബുദ്ധിഹീനനെന്നും വിളിക്കുകയും മറ്റുള്ളവരാൽ അവഹേളിക്കപ്പെടുകയും എതിർപ്പുകൾ ഉണ്ടാവുകയും ചെയ്തേക്കാം. ഇതെല്ലാം ബോധത്തിന്റെ ഉയർച്ചയെയും ആത്മാവിന്റെ രക്ഷപ്പെടലിനെയും തടയുന്ന സ്വതസിദ്ധമായ അവസ്ഥകളാണെന്നു തിരിച്ചറിയണം. കാരണം മനസ്സ് ഒരിക്കലും നശിക്കാൻ ആഗ്രഹിക്കുന്നില്ല. 750 കോടി മനസ്സുകളിൽ ഒന്നുപോലും നഷ്ടപ്പെടുന്നതും അത് സഹിക്കില്ല. മനസ്സ് എന്നും എവിടെയും അടിമ തന്നെയാണ്. രണ്ട് തരം മനസ്സുണ്ട് 1. ഒരു വ്യക്തിത്വമെന്ന മനസ്സ് 2. സമൂഹത്തിന്റെ മൊത്തമായ മനസ്സ്. രണ്ടും നിഴൽപോലെ യാഥാർത്ഥ്യമല്ലെങ്കിലും യാഥാർത്ഥ്യത്തിന്റെ ശക്തി അവയ്ക്കുണ്ട്, വ്യക്തിയുടെ മനസ്സ് സമൂഹ മനസ്സുമായി ഏറ്റുമുട്ടുമ്പോഴെല്ലാം ഈ ശക്തി എല്ലാവർക്കും മനസ്സിലാകും. അതായത് മനസ്സിനെ നിലനിൽക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് രണ്ട് മനുഷ്യജീവനെങ്കിലും വേണം. അതുകൊണ്ടാണ് ഏകാന്തതയിൽ നിലനിൽക്കാൻ ശ്രമിക്കുമ്പോൾ മനസ്സ് താൽക്കാലികമായി ഇല്ല എന്ന് അനുഭവപ്പെടുന്നത്.

നിഷ്കാമകർമ്മം പരിശീലിക്കാൻ തുടങ്ങുന്നതോടെ STR വല്ലാതെ കുറയുകയും അവബോധം മനസ്സിന് മുകളിലേക്ക് ഉയരുകയും ബുദ്ധിക്ക് വ്യക്തത കൂടുകയും ചെയ്യുന്നു. ഇത് തന്നെത്തന്നെ സാക്ഷിയായി നിന്നു നോക്കു വാനും അതുമൂലം ആഗ്രഹങ്ങളെ രണ്ടായി കാണുവാനും തുടങ്ങുന്നു.

1. ജീവിതവും കുടുംബവും നിലനിർത്താനാവശ്യമായ ആഗ്രഹങ്ങൾ,
2. ആഢംബര ജീവിതത്തിന്റെ ആഗ്രഹങ്ങൾ. ഇതിൽ രണ്ടാമത്തെ കൂട്ടം ആഗ്രഹങ്ങളെ മനസ്സ് സാവധാനം തള്ളിക്കളയാൻ തുടങ്ങുന്നു. ഇത് മനസ്സിന് അസാധാരണമായ ഒരു സുഖവും ശാന്തിയും പ്രധാനം ചെയ്യുന്നു. ഇത് വരുമാനം കൂട്ടുകയും ഭൗതിക ജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യുന്നു. സാമ്പത്തിക നില പൊസിറ്റീവാകാൻ തുടങ്ങുന്നു.

കടങ്ങളിൽ നിന്ന് മനസ്സ് മനഃപൂർവ്വം ഒഴിവാകാൻ ശ്രമിക്കുന്നു. കാരണം STR-ന്റെ വർദ്ധനവിൽ കടം വലിയൊരു ഘടകമാണ് എന്ന് തിരിച്ചറിയുന്നു. അതുകൊണ്ടാണ് സമൂഹത്തിന്റെ അഹം (collective ego) കടങ്ങൾ സമൂഹത്തിന്റെ ഒഴിവാക്കാനാവാത്ത ഘടകമായി നിലനിർത്തുന്നത്. സ്വന്തം മനസ്സ് മാത്രമല്ല സമൂഹ മനസ്സും ഒരുവന്റെ ആത്മാവിന് എതിരാണ് എന്ന് തിരിച്ചറിയുമ്പോഴാണ് നാം പകച്ചു പോകുന്നത്. അതുകൊണ്ടാണ് ആത്മാവിനെ സംബന്ധിച്ച് പ്രപഞ്ച സൃഷ്ടിയും മനുഷ്യനും ജീവിതവും തിന്മയാലാണ് സംഭവിച്ചതെന്ന് ബോധശാസ്ത്രം തെളിവുകൾ നിരത്തി വാദിക്കുന്നത്.

നിഷ്കാമകർമ്മത്തിലേക്ക് ഒരുവൻ നീങ്ങാൻ തുടങ്ങുമ്പോൾ ആദ്യം എതിർക്കുന്നത് സ്വന്തം ഭർത്താവോ ഭാര്യയോ മാതാ-പിതാക്കളോ മക്കളോ ആയിരിക്കും. അതിനാലാണ് ബന്ധങ്ങൾക്ക് അഹം വലിയ പ്രാധാന്യം കൊടുക്കുന്നത്. ഈ പറഞ്ഞത് ആർക്കും പരീക്ഷിച്ചു നോക്കാവുന്നതാണ്. അതുകൊണ്ടാണ് ബന്ധങ്ങളുടെ സങ്കീർണ്ണത കുറഞ്ഞിരിക്കുന്നത് ആത്മാവിന്റെ രക്ഷയ്ക്ക് നല്ലതാണെന്ന് ബുദ്ധിയുള്ള മിസ്റ്റിക്കുകൾ പറഞ്ഞത്. ആഢംബര ജീവിതം ഭൗതികമാണ്. അത് ഒരുവന്റെ അജ്ഞതയുമാണ്. ആ ജീവിതത്തിന് തുരങ്കം വയ്ക്കുന്ന എന്തും ആ അജ്ഞത എതിർക്കും. അതിനാൽ ഭാര്യ,ഭർത്താവിനെയോ ഭർത്താവ് ഭാര്യയെയോ ശത്രുവായി കാണേണ്ട ആവശ്യമില്ല. സ്നേഹം കൊണ്ടും ആത്മാർത്ഥത കൊണ്ടും സാവധാനം കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. ചിലപ്പോൾ വിജയിക്കാൻ കഴിയും. ഒരുവന്റെ ജീവിതം തന്നെയാണ് ആത്മീയ അന്വേഷണം. ജീവിതത്തിൽ നിന്ന് വിട്ടു നിൽക്കുന്ന ആത്മീയത കബളിപ്പിക്കലാണ്,തട്ടിപ്പാണ്. അതിനാൽ സമൂഹം,ഒരുവന്റെ ആത്മീയത ഇരിക്കുന്നത് ദേവാലയങ്ങളിലും പ്രാർത്ഥനാലയങ്ങളിലും ചില സംഘടനകളിലുമാണെന്ന് വരുത്തി തീർക്കുന്നു. ജീവതത്തിൽ നിന്നും പുറത്ത് ആത്മീയത അന്വേഷിക്കുന്നവന്, ജീവിതത്തെ തന്നെ ആത്മീയതയ്ക്കു വേണ്ടി കുരുതി കൊടുക്കേണ്ട ആവശ്യമില്ലല്ലോ. ഒരുവൻ തന്റെ ജീവിതത്തെ പൂർണ്ണ ആത്മാവോടും മനസ്സോടും ശരീരത്തോടും സ്വീകരിക്കുകയും അതിലെ ദുഃഖങ്ങളും ദുരിതങ്ങളും ആത്മാവിനെ രക്ഷപ്പെടുത്താൻ സന്തോഷത്തോടെ,ഉപയോഗപ്പെടുത്താൻ തയ്യാറാകുമ്പോഴുമാണ് ജീവിതം ആത്മീയമാകുന്നതും പരമാനന്ദത്തിലേക്കും ആത്മീയ അന്വേഷണത്തിലേക്കും നീങ്ങുന്നതും. ഭൗതിക ലക്ഷ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നവർക്ക് ദേവാലയങ്ങളും,



പ്രാർത്ഥനാലയങ്ങളും അത്യാവശ്യമാണ്. മനസ്സിന്റെ എല്ലാ അതീന്ദ്രിയ തട്ടിപ്പുകളും അരങ്ങേറുന്നതും അത്തരം സ്ഥലങ്ങളിലാണ്. ഭൗതിക നേട്ടങ്ങളാണ് ജീവിതം എന്ന് ചിന്തിക്കുന്നവർക്ക് ഇപ്പോൾ ലോകത്ത് നിലവിലുള്ള ആത്മീയതയും വിശ്വാസവും വളരെ ചേർന്നതാണ്. അതിൽ യാതൊരുവിധ തെറ്റുകളുമില്ല. എന്നാൽ നശ്വരമായ ഭൗതികതയിൽ നിന്ന് യഥാർത്ഥത്തിൽ നിലനിൽപ്പുള്ള തന്റെ ആത്മാവിനെ പരമാനന്ദത്തിലേക്കും നിത്യജീവനിലേക്കും സമാധിയിലേക്കും നിർവ്വാണയിലേക്കും നയിക്കണമെന്ന് ആഗ്രഹിക്കാതിരുന്നാൽ മതി. ഒരാത്മീയ ജീവിയായ മനുഷ്യന് ആത്മാവിനെ അന്വേഷിക്കാതിരിക്കാൻ സാദ്ധ്യമല്ല എന്ന് ആരറിയുന്നു?

നിഷ്കാമകർമ്മം ഏറ്റവും എളുപ്പമായി ചെയ്യാൻ കഴിയുന്നത് സ്ഥിര വരുമാനമുള്ളവനും സ്ഥിരം ജോലിക്കാരനുമാണ്. അതിനാൽ നിഷ്കാമകർമ്മം അവർക്ക് വളരെ ബുദ്ധിമുട്ടായി അനുഭവപ്പെടുന്നു. കാരണം താൻ മറ്റൊരാളുടെ ഗുണത്തിനു വേണ്ടിയാണ് ജോലി എടുക്കുന്നതെന്നും അതുകൊണ്ട് തനിക്ക് പ്രത്യേകിച്ച് നേട്ടമില്ലെന്നും അവരുടെ ബുദ്ധി സദാസമയവും അവരെ ബോദ്ധ്യപ്പെടുത്തി കൊണ്ടിരിക്കുന്നു. എന്നാൽ **കർമ്മം ചെയ്യാൻ വേണ്ടി മാത്രം വിധിക്കപ്പെട്ട ഒരു ശരീരത്തിന്റെയും മനസ്സിന്റെയും ഉടമയാണ് താനെന്ന് അവർ അറിയുന്നില്ല**. അതിനാൽ കർമ്മത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയോ അതിൽ നിന്ന് ആത്മാർത്ഥതയെ പിൻവലിക്കുകയോ ചെയ്താൽ ജീവിതം തീരാദുഃഖമായി അനുഭവപ്പെടുന്നത് ഇവർ മനസ്സിലാക്കുന്നില്ല.

അടിസ്ഥാന ആഗ്രഹം എന്ന ലൈംഗിക ആസക്തി പരമാനന്ദം നൽകുന്ന ന്യൂട്രൽ ഊർജ്ജത്തെ കാർന്നുതിന്നുന്ന രോഗമാണ്. സ്വാർത്ഥത, അലസത, മടി ഇതെല്ലാം അതിന്റെ ഭാഗമായി ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നു. നിഷ്കാമകർമ്മത്തിന് ഇത് വളരെ തടസം സൃഷ്ടിക്കുന്നു. അതിനാൽ കർമ്മം ചെയ്യുന്നതിന് കൃത്രിമമായ ഒരു ഉത്തേജനം ആവശ്യമാണ്. ഈ **ഉത്തേജനമാണ് പണം നൽകുന്നത്.** സാമ്പത്തിക നേട്ടം ഇല്ലാത്ത ഏതു കർമ്മം ചെയ്യാനും മനുഷ്യൻ മടിക്കുന്നതിന്റെ കാരണം ഇതാണ്. ഇതൊരു വല്ലാത്ത അവസ്ഥയാണ്. മനുഷ്യ ശരീരം മൊത്തം കർമ്മ നിരതമായ കോശങ്ങൾ കൊണ്ട് നിർമ്മിക്കുകയും കർമ്മം ചെയ്യാൻ ഒരു ഉത്തേജനം ആവശ്യമായി വരികയും ചെയ്യുക. കഴുതയുടെ മുന്നിൽ ഒരു വടിയിൽ പുല്ല് കെട്ടിവെച്ച്

അതിനെ നടത്തിക്കൊണ്ടു പോകുന്ന അവസ്ഥ. പണം,അഥവാ കറൻസി എന്നത് മനുഷ്യ മനസ്സിന്റെ ഒരു വലിയ കണ്ടുപിടുത്തമാണ്. എന്നാൽ ജീവിതത്തെ ഭൗതികതയിൽ തളച്ചിടാനുള്ള ഒരു സൂത്രം ഇതിൽ ഒളിഞ്ഞിരിക്കുന്നത് ആരും മനസ്സിലാക്കുന്നില്ല. മരണംവരെ പണം സമ്പാദിക്കണമെന്നല്ലാതെ മറ്റൊന്നിനെക്കുറിച്ചും മനുഷ്യ മനസ്സിനു ചിന്തിക്കാനാവില്ല. ആത്മീയ ജീവിയായ മനുഷ്യൻ ഭൗതികമായി ജീവിക്കാൻ ശ്രമിക്കുന്നതാണ് എല്ലാ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും കാരണം എന്നറിയണം.

സ്ഥിരവരുമാനക്കാരായ ബ്യൂറോക്രാറ്റുകൾ നിഷ്കാമ കർമ്മത്തിലേയ്ക്ക് വന്നാൽ ഈ ലോകത്തിന്റെ മുഖച്ഛായ തന്നെ മാറിപ്പോകും. തിന്മയുടെ സൃഷ്ടിയായ ഈ ഭൂമി പറുദീസ സങ്കൽപ്പത്തിലേക്ക് ഉയരും. ആത്മീയതയുടെ വളർച്ച അഥവാ ബോധത്തിന്റെ **'ഉയർച്ച'** വളരെ വേഗത്തിൽ നടക്കും,ബോധശാസ്ത്രം മനുഷ്യരാശിയുടെ ഏറ്റവും വലിയ ശാസ്ത്രമായി അംഗീകരിക്കപ്പെടും. കോടിക്കണക്കിന് മനുഷ്യർ പട്ടിണി കിടക്കുന്ന ഒരു ലോകത്ത് കോടിക്കണക്കിന് സമ്പത്ത് ശൂന്യാകാശത്തു കൊണ്ടുപോയി കത്തിച്ചു കളയുകയും ഒരു ശൂന്യാകാശയുദ്ധത്തിനുള്ള കോപ്പുകൾ തയ്യാറാക്കുകയും ചെയ്യില്ല. അതിനുപകരം ആ കോടികൾ മനുഷ്യ സമത്വത്തിനു വേണ്ടി ചെലവഴിക്കുകയും അതിലൂടെ എന്നെന്നും ശൂന്യാകാശത്തു മാത്രം ശരീരമില്ലാതെ പറന്നു നടക്കുന്ന,ഉണർന്നിരിക്കുന്ന ഒരു ബോധമായി മാറുന്നതിന് മനുഷ്യൻ പരിശ്രമിക്കാൻ തുടങ്ങുകയും ചെയ്യും. നശിക്കാൻ കഴിയാത്ത ആത്മാവിന് ശൂന്യതയിൽ പറന്നു നടക്കാൻ കോടികൾ വേണ്ട,വെറും നിഷ്കാമ കർമ്മം മാത്രം മതി. എന്നാൽ തിന്മയാകുന്ന അഹത്തിന് തന്റെ ശരീരമാകുന്ന വേദനയുടെ മാദ്ധ്യമമായ ദേഹത്തെ ശൂന്യാകാശത്തു താങ്ങി നിറുത്താൻ കോടാനുകോടി രൂപ ആവശ്യമാണ്. ഫലമോ? ശൂന്യാകാശത്തു **'നീന്തി'** തിരിച്ചു ഭൂമിയിൽ വരുമ്പോൾ സ്ട്രെച്ചറിൽ പൊക്കിയെടുത്ത് ആശുപത്രിയിൽ കൊണ്ടു പോകണം. ഈ പമ്പരവിഡ്ഢിത്തത്തിന് എന്തു പേരാണോ യോജിക്കുന്നത്.

സമ്പത്ത് ബോധത്തെ ഒരിക്കലും ഉയർത്തില്ല അത് ബോധത്തെ താഴ്ത്തുകയെ ചെയ്യുകയുള്ളു. അതുകൊണ്ടാണ് ധനികൻ സ്വർഗ്ഗരാജ്യം കടക്കുന്നത്,സൂചിക്കുഴയിൽ കൂടി ഒട്ടകം കടന്നു പോകുന്നതിനെക്കാൾ ബുദ്ധിമുട്ടാണ് എന്ന് ബുദ്ധിമാനായ മിസ്റ്റിക് പറഞ്ഞത്. എന്നാൽ സമ്പത്ത് ബുദ്ധിയെ ഉയർത്തുന്നു. അതായത് മനുഷ്യ ബുദ്ധി



എന്നത് മനസ്സിന്റെ പ്രകമ്പന നിരക്കിന് നേർ അനുപാതത്തിലാണ്. ഭൗതിക ബുദ്ധി എന്ന് ബോധശാസ്ത്രം പറയുന്നത് വിവര ശേഖരണത്തെ അല്ല. അക്കാഡമിക് വിഷയങ്ങളും ശാസ്ത്ര സാങ്കേതിക കണ്ടുപിടുത്തങ്ങളും വിവര ശേഖരണമാണ്. പ്രപഞ്ച ശക്തിയെക്കുറിച്ചുള്ള യുക്തി-യുക്തമായ വിവരശേഖരണത്തെയാണ് ശാസ്ത്രം എന്ന് പറയുന്നത്. എന്നാൽ,അത്തരക്കാർ ബുദ്ധിമാന്മാർ ആകണമെന്നില്ല. ഒരു പണ്ഡിതൻ/ശാസ്ത്രജ്ഞൻ ഒരുപാട് വിവരങ്ങൾ ശേഖരിക്കുകയും കണ്ടെത്തുകയും ചെയ്യുകയും എന്നാൽ ദരിദ്രനായിരിക്കുകയും ചെയ്താൽ അയാളെ വിഡ്ഢിയായി ബോധശാസ്ത്രം കണക്കാക്കുന്നു. സമ്പത്തിനെ കുന്നുകൂട്ടാനുള്ള കഴിവിനെയാണ് ബുദ്ധിയുടെ അളവായി ബോധശാസ്ത്രം കണക്കാക്കുന്നത്. അയാളുടെ മനസ്സിന്റെ പ്രകമ്പന നിരക്ക് STR വളരെ കൂടുതലായിരിക്കും. അതിനാൽ ധനികൻ മാനസികമായി ഏറ്റവും കൂടുതൽ പീഡിതനുമായിരിക്കും. ഭയം അയാളിൽ ക്രമാതീതമായി വർദ്ധിക്കുന്നു. അയാൾ ധീരനായി സമൂഹത്തിൽ പ്രത്യക്ഷപ്പെടാനും അംഗീകരിക്കപ്പെടാനും ആഗ്രഹിക്കുന്നു. അതിനാൽ ധനികൻ അധികാര മോഹിയായിരിക്കും. തിരിച്ചു പറയുകയാണെങ്കിൽ അധികാര മോഹി ധനികനുമായിരിക്കും.

ഒരു ബിസിനസ്സുകാരന് അഥവാ കച്ചവടക്കാരന് നിഷ്കാമകർമ്മിയാകാൻ കഴിയുമോ എന്ന് നോക്കാം. കച്ചവടം എന്നത് ഒരു മനസ്ഥിതിയാണ് അല്ലെങ്കിൽ മാനസികാവസ്ഥയാണ്. അതിനാൽ ഭൗതിക ജീവിതം നയിക്കുന്ന നാമെല്ലാം കച്ചടവടക്കാർ തന്നെയാണ്. നമ്മുടെ മനസ്സ് ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നതും കച്ചവടത്തെയാണ്. ഉത്പാദകനും ഉത്പാദനത്തിന് മേൽനോട്ടം വഹിക്കുന്നവനും ഉത്പന്നം വിറ്റഴിക്കുന്നവനും കച്ചവടക്കാരാണ്. ഒരു കച്ചവടക്കാരനിൽ നിഷ്കാമകർമ്മം എങ്ങിനെ നിലനിൽക്കുന്നു എന്ന് നോക്കുന്നതിനു മുമ്പ് കച്ചവടത്തിന്റെ പ്രധാന സൂത്രധാരനായ കറൻസി അഥവാ പണം എന്ന സൂത്രത്തെക്കുറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്.

ആദിമ മനുഷ്യ സമൂഹത്തിൽ ബാർട്ടർ സിസ്റ്റം എന്ന ഒരു സംവിധാനമാണ് നിലനിന്നിരുന്നത്. തേങ്ങയ്ക്കു പകരം മാങ്ങ എന്നതാണ് അതിന്റെ അടിസ്ഥാന തത്വം. ഭൂട്ടാൻ എന്ന രാജ്യത്ത് ബ്രൊക്പ്പകൾ എന്ന വർഗ്ഗക്കാരുടെ ഇടയിൽ ഇപ്പോഴും ഈ രീതി നിലനിൽക്കുന്നു. എന്നാൽ ബുദ്ധി വർദ്ധിച്ചു തുടങ്ങിയതോടെ ബോധം അഥവാ ആത്മാവ് അഥവാ നിഷ്ക്കളങ്കത മനസ്സിന് അടിയിലേക്ക് താഴ്ന്ന്

പോകാൻ തുടങ്ങി. ബുദ്ധി എന്നാൽ സൂത്രം എന്നാണ് ശരിയായ അർത്ഥം. യുക്തിയാണ് അതിന്റെ അടിസ്ഥാനം. കൂട്ടത്തിൽ ബുദ്ധി കൂടിയ മനുഷ്യർ കറൻസി അഥവാ നാണയം കണ്ടുപിടിച്ചു. മനുഷ്യജീവിതത്തിന് വളരെ സഹായകമായ ഒരു കണ്ടുപിടുത്തമാണ് ഇത്. എല്ലാ കണ്ടുപിടുത്തങ്ങളും നന്മയിൽ നിന്നാണ് വരുന്നതെങ്കിലും അതിന് ഇന്ന് കാണുന്ന തിന്മയുടെ ഉപയോഗം അദ്ദേഹം തന്റെ ഭാവനയി ൽ പോലും കണ്ടുകാണാൻ സാദ്ധ്യതയില്ല. അവബോധം എന്ന തിരിച്ചറിവി നെ ബുദ്ധിയിൽ പ്രയോഗിച്ച് എന്തിനെയും തിന്മയാക്കി മാറ്റുന്നു. അങ്ങിനെ നന്മയെ തിന്മ അടിച്ചമർത്തുന്നു. പ്രപഞ്ചവും മനുഷ്യജന്മവും തിന്മയിൽ സൃഷ്ടിക്കപ്പെട്ടു എന്നതിന്റെ വ്യക്തമായ തെളിവാണിത്. അടിസ്ഥാന ആഗ്ര ഹം എന്ന സ്വാർത്ഥതയാണ് ഇതിന് കാരണം. അതിനാൽ കറൻസിയും തിന്മയിലേക്ക് പോയി. സൗകര്യം എന്ന നന്മ മനുഷ്യജന്മത്തിന് വലിയ ബാദ്ധ്യതയാകുകയും ആത്മാവ് സാമ്പത്തിക അടിമത്തം എന്ന വലിയൊരു അടിമത്തത്തിന് ഇരയാകുകയും ചെയ്തു. മനുഷ്യൻ അവബോധം എന്ന ആത്മീയ ഗുണമായ തിരിച്ചറിവ് ഉള്ള ജീവിയാണോ എന്ന് സംശയിപ്പിക്കും വിധം മൃഗത്തേക്കാൾ അധമനായ ഒരു ജീവിയായി താഴ്ത്തപ്പെട്ടു പോയി.

നന്മതിന്മകളെ വേർതിരിച്ച് കറൻസി എങ്ങിനെയാണ് തിന്മയിലൂടെ ഉപയോഗിക്കപ്പെട്ടത് എന്ന് നോക്കുക. ഒരു വസ്തുവിന്റെ മൂല്യം അതിന്റെ ആവശ്യകത അനുസരിച്ച് വർദ്ധിപ്പിക്കാമെന്നതാണ് കറൻസിയുടെ ഏറ്റവും മോശമായ വശം. അതായത് അഞ്ച് രൂപ മൂല്യമുള്ള ഒരു വസ്തുവിന്റെ ആവശ്യം കൂടുകയും വസ്തു ദുർലഭമാകുകയും ചെയ്താൽ അതിന്റെ വില എത്രയായിരിക്കണമെന്നത് അത് കൈവശമുള്ള ഒരു വ്യക്തിക്ക് തീരുമാനിക്കാം. അങ്ങിനെ കരിഞ്ചന്ത എന്ന സ്വാർത്ഥ സമ്പദ്വ്യവസ്ഥ സമൂഹത്തിൽ നിലനിൽക്കാൻ തുടങ്ങി. പലിശ,കമ്മീഷൻ,ലാഭവിഹിതം എന്നിങ്ങനെയുള്ള കറൻസിയുടെ ഇനിയുള്ള സൂത്രങ്ങളാണ് ലോകത്ത് കങ്കാണിമാർ ഇടനിലക്കാർ പണമിടപാടുകാർ എന്നിവരുടെ ഉത്ഭവത്തിനു കാരണം. ലോകജനസംഖ്യയിൽ വെറും അഞ്ച് ശതമാനം പോലും വരാത്ത ഇവരാണ് ലോകത്തെ നയിക്കുന്ന അധമ ശക്തികൾ അഥവാ മൾട്ടിനാഷണൽ കമ്പനികൾ. ഇത്തരത്തിലുള്ള ആളുകളുടെ ജോലി കർമ്മമായി കണക്കാക്കാൻ കഴിയില്ല. ഇവരെ കൈകാര്യം ചെയ്യുന്നവർ എന്നർത്ഥമുള്ള Manipulators എന്ന് വിളിക്കാം. ഇവർ എന്ത് തന്നെ ചെയ്താലും അത് നിഷ്കാമകർമ്മം ആവില്ല. ഇവർ കർമ്മം ചെയ്യാത്തവരാണ്. കർമ്മം ചെയ്യാൻ പ്രകൃത്യാ വിധിക്കപ്പെട്ടവർ കർമ്മം ചെയ്യാതിരിക്കുകയും സമൂഹത്തിലെ ആയിരക്കണക്കിന് ആത്മാക്കളുടെ രക്ഷപ്പെടലിനെ തടയുകയും ചെയ്യുന്ന ഇവർ ശപിക്കപ്പെട്ടവരാണ്. അധമബോധത്തിന്റെ പ്രതീകങ്ങളാണ് ഇവർ. അധമരായ ഇവരുടെ പ്രവൃത്തികൾ എല്ലാം പൈശാചികവും രഹസ്യവുമായിരിക്കും. അവരുടെ കർമ്മഫലത്തെക്കുറിച്ച് ബോധശാസ്ത്രത്തിന് യാതൊരറിവുമില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. മനുഷ്യ സൃഷ്ടിയുടെ അടിസ്ഥാനമാണ് കർമ്മനിരതമായ കോശങ്ങളുള്ള ശരീരം എന്നത്. ശരീരം കൊണ്ട് തന്റെയോ, മറ്റുള്ളവരുടെയോ ജീവിത്തിന് ആവശ്യമായ ഒരു വസ്തു നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ നിലനിർത്തുകയോ ചെയ്യുന്നതിനെയാണ് ബോധശാസ്ത്രം യഥാർത്ഥ കർമ്മം എന്ന് വിളിക്കുന്നത്. അതായത് ജീവിതം തന്നെയാണ് ഒരുവന്റെ കർമ്മവും. പൗരാണിക ഗ്രന്ഥങ്ങളിലെ കർമ്മഫല രീതികളുമായി ഇതിന് യാതൊരു ബന്ധവുമില്ല. ജീവിതത്തെ സഹായിക്കുന്നതും പരിപോഷിപ്പിക്കുന്നതുമായ ഏതൊരു പ്രവൃത്തിയും കർമ്മഫലമായി കണക്കാക്കുന്നില്ല. ഉത്പ്പാദകന്റെ കൈയ്യിൽ നിന്നും ഒരാവശ്യ വസ്തു ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുന്ന കച്ചവടക്കാരൻ ന്യായമായ ലാഭം മാത്രമെ എടുക്കുന്നുള്ളുവെങ്കിൽ നിഷ്കാമകർമ്മം അവന് എളുപ്പമാണ്. കാരണം വസ്തുക്കൾ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് എത്തിക്കുക എന്നത് കർമ്മം തന്നെയാണ്. തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം ലാഭം എടുക്കുന്നവൻ കർമ്മയോഗി തന്നെയാണ്. യോഗ സംഭവിക്കാൻ ആവശ്യമായ നിഷ്കാമകർമ്മം അത്തരം കച്ചവടക്കാർക്ക് സാദ്ധ്യമാണ്. എന്നാൽ അമിത ലാഭം എടുക്കുന്നവൻ മാനിപ്പുലേറ്ററിന്റെ ഗണത്തിൽ വരുന്നു.



കായിക അദ്ധ്വാനത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള കച്ചവട രീതിയിലും ലാഭ-നഷ്ടങ്ങൾക്ക് സാക്ഷിയാവാൻ കഴിയുന്ന കച്ചവടക്കാരൻ തന്റെ ആത്മാവിനെ അനുഭവിക്കുകയും കച്ചവടത്തിൽ നഷ്ടം വരുത്താത്ത സ്ഥായിയായ ബുദ്ധിയുള്ളവനായിരിക്കുകയും ചെയ്യും. ഒരു തരത്തിലും മറ്റുള്ളവർക്ക് ഇത്തരക്കാരെ പറ്റിക്കാൻ കഴിയില്ല. കാരണം ബോധം ഉയർന്ന ഇത്തരം കച്ചവടക്കാരൻ ലാഭ-നഷ്ടങ്ങൾ മുൻകൂട്ടി കാണാൻ കഴിവുള്ളവനായിരിക്കും. മാത്രമല്ല വിശ്വസ്തനായിരിക്കുന്നതിനാൽ മറ്റുള്ളവർ ഇയാളെ കൂടുതൽ വിശ്വസിക്കുകയും ഈ വിശ്വാസം അയാളെ എല്ലായ്പ്പോഴും നഷ്ടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും.

ഒരു മനുഷ്യന്റെ നിസ്സഹായാവസ്ഥ അല്ലെങ്കിൽ വസ്തുക്കളുടെ ദൗർ ലഭ്യം മുതലെടുത്തു പണമുണ്ടാക്കുന്നത് ഏത് വ്യക്തിയായാലും എതു സംവിധാനമായാലും ഏതു നിയമമായാലും യഥാർത്ഥ ബോധത്തെ (ആത്മാവിനെ) ചവിട്ടി താഴ്ത്തുകയാണ് ചെയ്യുന്നത്. അത് കൽപ്പിക്കപ്പെട്ട വേലയായാലും അതിന് കൂട്ടു നിന്നാലും നിഷ്കാമകർമ്മം സാദ്ധ്യമല്ല. **നിയമം നിങ്ങളെ പാപം ചെയ്യിക്കുന്നു** എന്ന മിസ്റ്റിക് വചനം ഇവിടെ അർത്ഥവത്താകുന്നു. **യുക്തി കൊണ്ടുള്ള ന്യായീകരണം മാനസിക തലത്തിൽ മാത്രമെ നിലനിൽക്കു ന്നുള്ളു, ആത്മീയ തലത്തിന്റെ നിയമങ്ങൾ കർക്കശങ്ങളും ലംഘിക്കാനാവാത്തതുമാണ്.** അതിനെ ബുദ്ധിയും യുക്തിയും കൊണ്ട് മറച്ചു പിടിച്ച് അഹത്തിൽ സാമർത്ഥ്യക്കാരനായും ആത്മാവിൽ ദരിദ്രനായും ജീവിക്കേണ്ടി വരും. ഭീരുത്വവും അലസതയും മടിയും ഊർജ്ജക്കുറവും ആത്മാവിൽ വിശ്വാസമില്ലായ്മയുമാണ് മനുഷ്യരെ അധമ ബുദ്ധിയിൽ നിന്നും വീണ്ടും അധമ ബുദ്ധിയിലേക്ക് താഴ്ന്ന് പോകുവാൻ പ്രേരിപ്പിക്കുന്നത്. അതിനാൽ അവബോധമെന്ന ദൈവീക ഗുണം വഹിക്കുന്ന കോട്ടും സൂട്ടും ധരിച്ച വെറും മൃഗമായി,മൃഗീയതയെ മറച്ചു പിടിച്ചു ജീവിക്കേണ്ട ഗതികേടു വരുന്നു.

ജീവിതം സംഭവിക്കുന്നതാണ്. ഒരു വ്യക്തി തിരഞ്ഞെടുക്കുന്നതല്ല. എന്നാൽ ആ സംഭവത്തിനു പിന്നിലെ കാരണം അടിസ്ഥാന ആഗ്രഹമാണ് എന്ന് തിരിച്ചറിയാൻ കഴിയാതെ,ഇന്ദ്രിയ പ്രേരണകൾക്കനുസൃതമായി തിരഞ്ഞെടുപ്പിലൂടെ (choosing) ജീവിതം നിലനിർത്തി,വീണ്ടും വീണ്ടും ജനിക്കു ന്നതിനെയാണ് ജീവിതം എന്ന് പറയുന്നത്. ഈ അടിസ്ഥാനത്തിൽ ജീവിതം മിഥ്യ തന്നെയാണ്. ആഹാരവസ്തുക്കൾ,വസ്ത്രങ്ങൾ,ഇണകൾ,സമൂഹത്തിലെ സ്ഥാനമാനങ്ങൾ എന്നുവേണ്ട ഭൗതിക ജീവിതത്തിലെ എല്ലാം നാം തിരഞ്ഞെടുക്കുന്നു. ഈ തിരഞ്ഞെടുപ്പ് ആത്മാവിന്റെ രക്ഷപ്പെടലിന് ഒരു വലിയ തടസ്സമാണെന്ന് ആരും മനസ്സിലാക്കുന്നില്ല. തിരഞ്ഞെടുക്കാൻ കഴിയാതിരുന്ന ജീവിതത്തിന്റെ പോരായ്മ അഹം ഈ തിരഞ്ഞെടുപ്പിലൂടെ പൂർത്തീകരിക്കുകയാണ്. തിരഞ്ഞെടുപ്പ് ആത്മാവിനെതിരെ ഒരു പാപമാ ണെന്ന് ഉയർന്ന മിസ്റ്റിക് ബുദ്ധിമാന്മാർ അവരുടെ ജീവിതം കൊണ്ട് തെളിയിച്ചിരിക്കുന്നു.

എന്നാൽ അവബോധം എന്ന തിരിച്ചറിവ് ബുദ്ധിയിൽ പ്രയോഗിച്ച് അടിസ്ഥാന ആഗ്രഹത്തെ സ്വയം തിരിച്ചറിഞ്ഞ് അതിനെ മനസ്സിൽ നിന്ന് തുടച്ചു നീക്കി ശുദ്ധബോധത്തെ മനസ്സിൽ നിന്ന് സ്വതന്ത്ര



മാക്കാൻ ജീവിതം ഉപയോഗപ്പെടുത്തുമ്പോൾ ജീവിതം സത്യമാകുകയും ആത്മീയമാകുകയും ചെയ്യുന്നു. ഇതാണ് മനുഷ്യ ജന്മത്തിന്റെ പൊരുൾ.

**ഒരു മനുഷ്യന്റെ ആകെ ജീവിതം ആഗ്രഹങ്ങളാൽ നയിക്കപ്പെടുന്നതു കൊണ്ടാണ് മനുഷ്യ ജീവിതം തിന്മയിലാണ് സംഭവിച്ചതെന്ന് ബോധശാസ്ത്രം യുക്തി-യുക്തമായി സമർത്ഥിക്കുന്നത്.** ഈ അഗ്രഹങ്ങൾ കൂട്ടിച്ചേർത്താൽ ലൈംഗിക ആസക്തിയാണ് ഇതിന്റെ ഉറവിടം എന്ന് കണ്ടെത്താൻ കഴിയുന്നു. ശരീരത്തിൽ നാഡീവ്യൂഹമെന്ന വേദനയുടെ സംവിധാനം നിലനിൽക്കുന്നതിനാൽ ശരീരം ഒരു തികഞ്ഞ (Perfect) സംവിധാനമാണെന്ന് കണക്കാക്കുവാൻ യുക്തിയില്ല. കാരണം ബോധം പൂർണ്ണതയാണ്. അതിനാൽ അടിസ്ഥാന ആഗ്രഹത്തിന്റെ അറിവില്ലായ്മ തന്നെയാണ് പൂർണ്ണതയെ അപൂർണ്ണമാക്കുന്നതിന് കാരണമെന്ന് ബോധശാസ്ത്രം തിരിച്ചറിയുന്നു.

നന്മ-തിന്മകളിലാണ് ഒരു മനുഷ്യജീവിതം മുന്നിലേക്ക് പോകുന്നത്. തിന്മ എന്ന് ബോധശാസ്ത്രം പറയുന്നത് മോശമായ പ്രവൃത്തി എന്ന അർത്ഥത്തിലല്ല. **ആഗ്രഹങ്ങളെ അടിസ്ഥാനമാക്കി എന്തു പ്രവൃത്തി ചെയ്താലും അതിനെ തിന്മ എന്ന് പറയുന്നു.** ഈ തിന്മയെ അവബോധം തിരിച്ചറിയുമ്പോഴാണ് നന്മ സംഭവിക്കുന്നത്. തിന്മ അധമബോധ ബുദ്ധിയാണെങ്കിൽ നന്മ ബോധപൂർവ്വമായ ബുദ്ധിയാണ്. ബോധം എന്നത് അനുകമ്പയും സ്നേഹവും കരുണയുമാണ്,നന്മയ്ക്ക് സ്ഥായിയായ നിലനിൽപ്പില്ല. കാരണം ബോധം ബുദ്ധിയുടെ ഒരു ഘടകമല്ല. അത് തീർത്തും സ്വതന്ത്രവും നിഷ്കാമവുമാണ് (Neutral). ഒരുവന്റെ തിരിച്ചറിവ് ഉയരുമ്പോൾ മാത്രമെ അവനിൽ നിന്ന് നന്മ പുറപ്പെടുകയുള്ളു. ഇത് തിന്മയെ മറച്ചുപിടിക്കാൻ സ്വാർത്ഥത ഉപയോഗപ്പെടുത്തുന്നു. കാരണം തിന്മ മാത്രം സമൂഹത്തിൽ നിലനിന്നാൽ അടിസ്ഥാന ആഗ്രഹത്തെ നിലനിർത്താനാകില്ല. സമൂഹം നശിപ്പിക്കപ്പെടും. അതിനാൽ സമൂഹത്തെ സമതുലിതാവസ്ഥയിൽ നിലനിർത്താൻ നന്മ കൂടിയെ തീരൂ,അല്ലെങ്കിൽ സമൂഹം അരാജകത്വത്തിലേക്ക് വഴുതിമാറും,നശിക്കുകയും ചെയ്യും.

മൂന്നു കാരണങ്ങൾ കൊണ്ടാണ് മനുഷ്യർ നന്മ ചെയ്യുന്നത്. 1. നന്മയുടെ പ്രതിഫലം പതിന്മടങ്ങ് നന്മയാണെന്നുള്ളതു കൊണ്ട്. അതായത് ഒന്നിന് പത്തിരട്ടി ലഭിക്കുമെന്ന തെറ്റായ ചിന്ത കൊണ്ട് 2. തിന്മ ചെയ്യുവാനുള്ള ധൈര്യം ലഭിക്കാൻ, അഥവാ അഹന്തയിൽ ജീവിക്കുവാനുള്ള ധൈര്യം ലഭിക്കാൻ 3. മോക്ഷം എന്നതൊന്നുണ്ടെങ്കിൽ അത്

കിട്ടിക്കൊള്ളട്ടെ എന്നു കരുതി. ഇത് മൂന്നും ആഗ്രഹങ്ങൾ തന്നെ, ഏതൊന്നിന്റെ അടിസ്ഥാനം ആഗ്രഹമാകുന്നുവോ അത് തിന്മ തന്നെയാണ്. തിന്മയെക്കുറിച്ചുള്ള ബോധം നന്മയെ കൊണ്ടുവരുന്നു. അതായത് ജീവിതത്തിന്റെ എല്ലാ പൊസിറ്റീവ്-നെഗറ്റീവ് പോസറ്റീവ് നെഗറ്റീവ് വികാരങ്ങളും ആഗ്രഹത്താൽ നിലനിൽക്കുന്നതിനാൽ തിന്മ തന്നെയാണ്.

**മനുഷ്യന് ഒരു ജീവിതമേയുള്ളു. അത് ആത്മീയമാണ്. എന്നാൽ അതിനെ ഭൗതികമാക്കാൻ ശ്രമിക്കുന്നതാണ് ജീവിതത്തിന്റെ ദുരിതങ്ങളുടെ കാരണം** എന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥം ഇവിടെ വ്യക്തമാകുന്നു. തിന്മയിൽ സംഭവിക്കുകയും നിലനിൽക്കുകയും ചെയ്യുന്ന ജീവിതത്തെ ആത്മാവിന്റെ സ്വാതന്ത്ര്യമെന്ന യഥാർത്ഥ ആത്മീയ ജീവിതത്തിലേക്ക് നയിക്കണമെങ്കിൽ അവബോധത്തിന്റെ അഥവാ തിരിച്ചറിവിന്റെ സഹായത്തോടെ ബുദ്ധിയിൽ ഭയത്തെ അതിജീവിക്കാനും ആത്മാവിൽ ഉറച്ച വിശ്വാസത്തോടെ തീരുമാനമെടുക്കാൻ മനസ്സിനെ പ്രേരിപ്പിക്കേണ്ടിയുമിരിക്കുന്നു. അനുഭവ ജ്ഞാനത്തിലൂടെ (experienced understanding) യല്ലാതെ യുക്തിയിൽ നിലനിൽക്കുന്ന ബുദ്ധിയെ അത്തരത്തിൽ പ്രേരിപ്പിക്കാൻ സാദ്ധ്യമല്ല. അതിനാൽ അടിസ്ഥാന ആഗ്രഹം എന്തു വില കൊടുത്തും ഈ ശ്രമത്തെ തടയുമെന്നുള്ളത് ഉറപ്പാണ്. പൊസിറ്റീവ് ചിന്തയും മനസ്സിന്റെ പ്രകമ്പനം തന്നെയാണ്,അതിനാൽ അവയ്ക്ക് പരസ്പരം മാറാൻ ഒരു ബുദ്ധിമുട്ടുമില്ല. കാരണം ചിന്തകൾക്ക് മനസ്സിന്റെ ആപേക്ഷിക തലത്തിനു വെളിയിൽ ഒരു നിലനിൽപ്പും ഇല്ല. **ബോധം ഉയരുന്ന ഒരു മനുഷ്യനിൽ നന്മ ചിന്തയായും പ്രവൃത്തിയായുമല്ല നിലനിൽക്കുന്നത്. തിരിച്ചറിവെന്ന ശുദ്ധ ബോധമായി തന്നെയാണ് നിലനിൽക്കുന്നത്.** അതുകൊണ്ട് ഓരോരുത്തർക്കും സ്വയം സത്യമായും നന്മയായും മാറാം. അത്തരത്തിലുള്ള ആൾ ചെയ്യുന്ന കർമ്മത്തെ നന്മ എന്നല്ല പറയുക, നിഷ്കാമകർമ്മം എന്നാണ് പറയുന്നത്. അതിലൂടെ അയാൾ നയിക്കുന്ന ജീവിത്തെ ന്യൂട്രൽ ലൈഫ് എന്നും പറയുന്നു. ആ വ്യക്തി ആ കർമ്മ ഫലങ്ങൾക്ക് അതീതനായി നിലനിൽക്കുന്നു. ഒരു ഉദാരഹരണം ശ്രദ്ധിക്കുക.

സമൂഹത്തിൽ ധാരാളം നിസ്സഹായരായ വൃദ്ധരും അനാഥകുട്ടികളും നിലനിൽക്കുന്നു,അവരെ സഹായിക്കുന്നതിനെ നാം അനുകമ്പ,charity എന്നൊക്കെ വിളിക്കുന്നു. അവർ ഒറ്റയ്ക്കൊറ്റയ്ക്ക് സമൂഹത്തിന്റെ സഹായം ആവശ്യപ്പെടുമ്പോൾ അവർ തെണ്ടികളായി.



എന്നാൽ ഒരു സംഘടനയുടെ കീഴിൽ ആകുമ്പോൾ തെണ്ടൽ സംഘടിതമാകുമെന്നേയുള്ളു. അതായത് അവർ ഒറ്റയ്ക്ക് സഹായം ആവശ്യപ്പെടുന്നതിനു പകരം ഒരു സംഘടനയുടെ കീഴിൽ സഹായം ആവശ്യപ്പെടുമെന്നേയുള്ളു. അതുകൊണ്ട് നേട്ടം സംഘാടകർക്കാണ്. പിച്ചച്ചട്ടിയിൽ കൈയിട്ടുവാരി സമൂഹത്തിൽ മാന്യമായി ജീവിക്കാം. മറ്റു വ്യത്യാസങ്ങളില്ല,സമൂഹത്തിൽ ഇത്തരം നിരാലംബരുടെ എണ്ണം കൂടിക്കൂടി വരുകയും ചെയ്യുന്നു. എന്നാൽ ഇവരുടെ എണ്ണം അനാഥത്വത്തിന്റെ വർദ്ധനവല്ലേ സൂചിപ്പിക്കുന്നത് ? സമൂഹം അനാഥത്വം എന്ന ഈ തിന്മയെ വർദ്ധിപ്പിക്കുന്നു എന്നല്ലെ ഇതിനർത്ഥം? ഇവരെ സഹായിക്കുന്നതിന്റെ പേരിൽ നിലനിൽക്കുന്ന സംഘടനകൾ അവരുടെ അദ്ധ്വാനഫലത്തിൽ നിന്നാണ് ചാരിറ്റി ചെയ്തിരുന്നതെങ്കിൽ തീർച്ചയായും നിഷ്കാമരും ബോധം ഉയർന്നവരും ആകുമായിരുന്നു. മാത്രവുമല്ല ഈ അനാഥരുടെ സംഖ്യ വർദ്ധിക്കുന്നതിന് എതിരായി അവർ മനുഷ്യ സമൂഹത്തിന്റെ ബോധം ഉയർത്താൻ പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു. കാരണം അദ്ധ്വാനഫലം കൊണ്ട് ചാരിറ്റി ചെയ്യുക എളുപ്പമല്ല. അതായത് ദീനാനുകമ്പ (charity) അത്ര എളുപ്പമല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. സമൂഹം അതിന്റെ ബോധമാണ് ഉയർത്തുന്നതെങ്കിൽ തീർച്ചയായും ഒരു അനാഥക്കുട്ടിയും സമൂഹത്തിൽ ജനിക്കുകയില്ല. കാരണം തങ്ങൾക്കു തന്നെ ജീവിക്കാൻ മാർഗ്ഗമില്ലാത്ത ഒരു സമൂഹത്തിൽ തങ്ങളിലൂടെയുണ്ടാകുന്ന കുട്ടികൾക്ക് എങ്ങിനെ ജീവിക്കാൻ കഴിയും എന്ന് പാവങ്ങൾക്ക് ചിന്തിക്കാൻ കഴിയുമായിരുന്നു. അല്ലെങ്കിൽ സമൂഹം ഇവരെ അങ്ങിനെ ചിന്തിക്കാൻ നിർബന്ധമായും പ്രേരിപ്പിക്കുമായിരുന്നു. അതിനുപകരം ലൈംഗിക വേഴ്ച ജീവിതത്തിന്റെ അർത്ഥവും ഒരു വ്യക്തിയുടെ ജീവിതം പൂർണ്ണമാകുന്നത് കുട്ടികൾ ജനിക്കുമ്പോഴാണെന്നും സമൂഹം പഠിപ്പിച്ചാൽ,ഇങ്ങനെയുള്ള ജനസംഖ്യാവർദ്ധനവ് സ്വാർത്ഥതയിലും പരിമിതിയിലും നിലനിൽക്കുന്ന സമൂഹത്തിൽ സാമ്പത്തിക പരാധീനത സൃഷ്ടിക്കും. അതുകൊണ്ടാണ് അനാഥകൾ ഉണ്ടാകുന്നതും മക്കൾക്ക് വൃദ്ധ മാതാപിതാക്കളെ ഉപേക്ഷിക്കേണ്ടി വരുന്നതും എന്ന് നാം മനസ്സിലാക്കണം. അനാഥരായ വൃദ്ധന്മാരെ ബോധം ഉയർന്ന മക്കൾ എന്തു വില കൊടുത്തും സംരക്ഷിച്ചിരിക്കും. ഓരോ അനാഥ കുട്ടിയെയും ബോധം ഉയർന്ന സമൂഹത്തിലെ ഓരോ കുടുംബങ്ങളും ദത്തെടുക്കും. കാരണം അവർ സ്വയം പര്യാപ്തരും നിഷ്കാമകർമ്മികളും പരമാനന്ദം അനുഭവിക്കുന്നവരുമായിരിക്കും. അപ്പോൾ അനാഥ കുട്ടികളുടെ എണ്ണം അത്തരം സമൂഹത്തിൽ

കുറയുകയും ഒരു സ്ത്രീയും ഭ്രൂണഹത്യയിലേയ്ക്കു നയിക്കപ്പെടാതിരിക്കുകയും ചെയ്യും. ഭ്രൂണത്തെ ഉത്പാദിപ്പിക്കാൻ പ്രേരിപ്പിക്കുകയും ഭ്രൂണഹത്യ പാപമാണെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നത് വളരെ ഉയർന്ന സൂത്രമാണ് (super trick). അപ്പോൾ അത് പ്രചരിപ്പിക്കുന്നവർ ആരാണെന്നും ദീനാനുകമ്പയുടെ സൂത്രം എന്താണെന്നും നമുക്കു തിരിച്ചറിയാൻ കഴിയും. അവരുടെ സ്വാർത്ഥ ലക്ഷ്യങ്ങളും വളരെ വ്യക്തമാകും. സമൂഹത്തിലെ പാപ-പുണ്യങ്ങൾ തിന്മയിൽ നിന്നാണ് വരുന്നത്. അതിനാലാണ് പാപ-പുണ്യങ്ങളുടെ പേരിൽ തിന്മ എക്കാലവും പിടിച്ചു നിൽക്കുന്നത്. ദേഹം അനങ്ങാതെ മറ്റുള്ളവരുടെ അദ്ധ്വാന ഫലം കൈയ്യിട്ടു വാരി തിന്നുന്ന ഒരു കൂട്ടം മനുഷ്യരാണ് തിന്മയെ നന്മയുടെ പേരിൽപോലും തിന്മയായി തന്നെ നിലനിർത്തുന്നത്.

ചാരിറ്റി ഇവിടെയാണ് സൂത്രമായി മാറുന്നത്. യഥാർത്ഥ ചാരിറ്റി എന്നത് ഒരുവൻ തന്റെ അദ്ധ്വാനഫലം അനാഥർക്കും ബലഹീനർക്കും നേരിട്ട് പങ്കുവയ്ക്കുമ്പോഴും മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാൻ പ്രേരണ നൽകുമ്പോഴുമാണ്. അല്ലാതെ സമൂഹത്തിന്റെ സംഭാവന വാങ്ങിയായിരിക്കരുത്. അപ്പോൾ മാത്രമെ ആ ചാരിറ്റി ചെയ്യുന്ന ജനങ്ങളുടെ ബോധം ഉയരുകയുള്ളു. അത്തരത്തിലുള്ള സമൂഹത്തിലെ ഓരോ കുടുംബവും ഒരു അനാഥയെയെങ്കിലും സംരക്ഷിച്ചിരിക്കും. എന്നാൽ മാത്രമെ ഒരു കുടുംബത്തിന്റെ ബോധവും സമൂഹത്തിന്റെ ബോധവും ഉയരുകയുള്ളു. കാരണം അനുകമ്പ ദൈവീക ഗുണമാണെന്ന് ഓരോ കുടുംബത്തിനും അറിയാൻ കഴിയണം. അങ്ങിനെയുള്ള കുടുംബങ്ങൾ ചേർന്ന സമൂഹം അനാഥകളുടെ സൃഷ്ടി തടയാൻ ബാദ്ധ്യസ്ഥമാകും. മാത്രമല്ല അനാഥകളെ സംരക്ഷിക്കുന്നതിലൂടെ വൃദ്ധരായ മാതാപിതാക്കളെ എന്തു ത്യാഗം ചെയ്തും സംരക്ഷിക്കാനുള്ള നന്മ മനുഷ്യരിൽ ഉണ്ടാകും. ഇതാണ് ബോധത്തോടു കൂടിയ ചാരിറ്റി. ബോധം സമൂഹത്തെ സ്വയംപര്യാപ്തതയിലേക്കു നയിക്കും. ഒരാൾ തന്റെ അദ്ധ്വാനഫലം കൊണ്ട് ഒരു അനാഥയെ സംരക്ഷിക്കുന്നതിനേക്കാൾ (ചാരിറ്റി) ശ്രേഷ്ഠമല്ല മറ്റൊരാളുടെ പോക്കറ്റിലെ കാശുവാങ്ങി ആയിരും പേർക്ക് ചാരിറ്റി ചെയ്യുന്നത് എന്ന് മനസ്സിലാക്കുക. അപ്പോൾ അനുകമ്പ കാണിക്കുന്നവനും അത് സ്വീകരിക്കുന്നവനും ഈ സ്വയംപര്യാപ്തതയിലൂടെ ആത്മാവിനെ തിരിച്ചറിയാൻ പ്രാപ്തനാകുകയും ചെയ്യുന്നു.

സമൂഹം തിന്മയിൽ നിന്ന് തിന്മയിലേക്ക് പോകുന്നുവെന്നാണ് ഇവരുടെ എണ്ണത്തിന്റെ വർദ്ധനവ് സൂചിപ്പിക്കുന്നത്. എന്നിട്ടും സമൂഹ നന്മയും സംസ്കാരവും പ്രസംഗിക്കുന്നവർ,ബോധത്തിൽ എത്ര താഴ്ന്ന



വർ എന്നറിയുക. ഇന്ന് പത്രങ്ങൾ നിവർത്തിയാൽ അത്തരം വിശുദ്ധന്മാരുടെയും വിശുദ്ധകളുടെയും ഫോട്ടോകൾ കാണാം. വലിയ ദീനാനുകമ്പയുടെ വാർത്തയും. യാതൊരു മാനദണ്ഡവുമില്ലാതെ കരം പിരിക്കുന്ന ഒരു സമൂഹത്തിൽ മനുഷ്യ നന്മയ്ക്കായി ഉപയോഗിക്കുന്ന തുകയുടെ എൺപതു ശതമാനം **നന്മ**യുടെ പേരിൽ തിന്മ ചെയ്യുന്നവർക്കായി ചിലവഴിക്കേണ്ടി വരുന്നു. അത്തരം സമൂഹത്തിൽ **വിശുദ്ധന്മാരും പുണ്യവതികളും മഹാത്മാക്കളും** ധാരാളം പ്രത്യക്ഷപ്പെടുകയും സ്വാർത്ഥത നിറഞ്ഞ സമൂഹം അവർക്ക് പാരിതോഷികങ്ങളും സ്ഥാനമാനങ്ങളും നൽകി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യും. കരത്തിനു (Tax) പുറമെ സമ്പാദ്യവും പോരാഞ്ഞ് കടവും വാങ്ങി അത്തരം മഹാത്മാക്കൾക്കും ഗുരുക്കന്മാർക്കും വിഗ്രഹങ്ങൾക്കും നൽകുന്നു. ഇതിൽ കൂടുതൽ എന്താണ് മനുഷ്യൻ ആത്മീയതയ്ക്കുവേണ്ടി ചെയ്യേണ്ടത്? അതിനാൽ അത്തരം മഹാത്മാക്കളേയും വിശുദ്ധന്മാരേയും ദേവന്മാരേയും ദേവികളേയും അവരുടെ വിഗ്രഹങ്ങളേയും കൊണ്ട് ലോകം ഇന്ന് നിറഞ്ഞു കവിഞ്ഞിരിക്കുന്നു. അതിന്റെ പേരിൽ എത്രയോ മനുഷ്യക്കുരുതികൾ നാം കണ്ടു കഴിഞ്ഞു. അടിസ്ഥാന ആഗ്രഹത്തിൽ നിലനിൽക്കുന്ന അധമ ബോധത്തിന്റെ ഒരു ഗൂഢാലോചനയാണിത്. അതിൽ നിരപരാധികളായ അദ്ധ്വാനവർഗ്ഗം വീണുപോകുന്നതാണ് ഏറെ കഷ്ടം. രാപകൽ കഷ്ടപ്പെട്ട് സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്ന ഈ പാവങ്ങൾ തങ്ങളുടെ ചില്ലിക്കാശുകൾ അനേകം നാളുകൾ കൂട്ടിവച്ചാണ് ഇത്തരം തെറ്റായ വിശുദ്ധർക്കും ദേവന്മാർക്കും ദേവികൾക്കും ഗുരുക്കന്മാർക്കും നന്മ പ്രവൃത്തികൾക്കും ഉദാരമായി ദാനം ചെയ്യുന്നത്. എണ്ണിയാലൊടുങ്ങാത്ത പോരായ്മകളുള്ള ജീവിതത്തിന്റെ സ്വാർത്ഥ താത്പര്യങ്ങൾ രക്ഷിക്കണമേ എന്ന പ്രാർത്ഥനയാണ് ഇവരുടെ തെറ്റായ ആത്മീയതയ്ക്ക് പ്രേരണയാകുന്നത്.

ഇന്നത്തെ അധമ ആത്മീയതയ്ക്കുവേണ്ടി പണം നൽകുന്നവർ ഒരു കാര്യം ശ്രദ്ധിച്ചാൽ മതിയായിരുന്നു. തങ്ങൾ മുടക്കുന്ന മുതലും പലിശയും ആത്മീയതകൊണ്ട് തിരിച്ചുകിട്ടിയില്ലെങ്കിലും അതിന് തുല്യമായ സമാധാനാവും സന്തോഷവും ശാരീരിക സുഖവും ഇത്തരം ആത്മീയതയിലൂടെ ലഭിക്കുന്നുണ്ടോ? എന്ന് കണക്കുകൾ കൂട്ടി നോക്കിയാൽ മതിയായിരുന്നു. അതുപോലും കിട്ടാതിരുന്നിട്ടും വീണ്ടും അത്തരം അത്മീയതയുടെ പുറകെ പോകുന്നത് ബുദ്ധിയുള്ള ഒരു ജനതയുടെ രീതിയല്ല.

**നിഷ്കാമകർമ്മത്തെ ഏറെ സഹായിക്കുന്ന മിച്ച ധനമാണ് ഇങ്ങനെ അറിവില്ലായ്മയിൽ നഷ്ടപ്പെടുന്നത്.** മാത്രവുമല്ല ഈ നഷ്ടം അവരെ കടക്കെണിയിൽ വീഴ്ത്തുകയും ചെയ്യുന്നു. കടം നില നിൽക്കുന്ന ഒരു മനസ്സിന്റെ STR ക്രമാധീതമായി വർദ്ധിക്കുകയും ആത്മാവ് എന്നന്നേയ്ക്കുമായി ഇതിന്റെ പ്രകമ്പനങ്ങളാൽ മറയ്ക്കപ്പെ ടുകയും ചെയ്യുന്നു. അതുകൊണ്ടാണ് കടം വാങ്ങാനും കൊടുക്കു വാനും ഓരോ മനുഷ്യനേയും സമൂഹം ഏറെ പ്രേരിപ്പിക്കുന്നതും മോഹന വാഗ്ദാനങ്ങൾ നൽകി പ്രലോഭിപ്പിക്കുന്നതും. രാജ്യങ്ങളും വ്യക്തികളും കടക്കെണിയിൽ പെടുന്നത് ഈ മോഹങ്ങളുടെ മായാവ ലയത്തിലാണ്. ഇത് തിന്മയെ നിലനിർത്താനുള്ള സംഘടിത അഹത്തിന്റെ (collective ego) ഉയർന്ന സൂത്രങ്ങളിൽ (Super tricks) ഒന്നാണ്. ഇതിൽ നിന്ന് രക്ഷപ്പെടുക അത്ര എളുപ്പമല്ല.

### കടം എന്ന ശാപം

കടം വാങ്ങുന്നതും കൊടുക്കുന്നതും തെറ്റാണ്. ബോധം ഉയർന്ന ഒരു സമൂഹം ഇത് അനുവദിക്കില്ല. കടം കൊടുക്കുന്നത് സഹായവും കടം വാങ്ങുന്നത് ആശ്വാസവുമാണെന്ന് ധരിക്കരുത്. രണ്ടും തിന്മയാ ണ്. STR-ന്റെ വർദ്ധനവും അതുമൂലമുള്ള പ്രാരബ്ധങ്ങളും മാനസിക പിരിമുറുക്കവും രണ്ട് കൂട്ടരിലും നിലനിൽക്കുന്നു. അടിസ്ഥാന ആഗ്ര ഹത്തെ നിറവേറ്റാൻ കഴിയാത്ത ഒരു മനസ്സിനെ ദുഃഖങ്ങളിലേക്കും മാന സിക സംഘർഷങ്ങളിലേക്കും നയിച്ച് ആത്മഹത്യ ചെയ്യിക്കുന്നതിൽ കട ത്തിനുള്ള പങ്ക് അത്ഭുതാവഹമാണ്. അഭിമാനമെന്ന സ്വാർത്ഥതയുടെ അറിവില്ലായ്മയിൽ നിലനിൽക്കുന്ന ഒരു മനുഷ്യന്റെ അഭിമാന ക്ഷതം എന്ന ഭയം കടക്കെണിയിലൂടെ വർദ്ധിപ്പിക്കുകയും അതിൽ നിന്ന് രക്ഷ പ്പെടാനുള്ള പഴുതുകൾ അടയ്ക്കുകയും ചെയ്യുന്നു. ഒരു മനസ്സിനും ഭയത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല. ഭയം നിലനിന്നാൽ ഉറച്ച തീരു മാനം എടുക്കാനും മനസ്സിന് ശക്തി ലഭിക്കില്ല. അതിനാൽ ആത്മീയ ജീവിയായി ജനിച്ച മനുഷ്യൻ കടക്കെണിയിൽ ജീവിതം തുലയ്ക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ നിന്ന് കടം വാങ്ങുമ്പോൾ രണ്ട് ആത്മാക്കളും അന്ധകാരത്തിലാകുന്നു. ഒരുവന് പണം തിരികെ കിട്ടാതെ ഭ്രാന്ത് പിടിക്കുന്നു. മറ്റെയാൾ തിരികെ കൊടുക്കാൻ കഴി യാതെ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നു. പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളും അതിലെ ജീവനക്കാരും തിന്മ തന്നെയാണ് ചെയ്യുന്ന ത്. പക്ഷെ കൽപ്പിക്കപ്പെട്ട തിന്മയാണെന്ന് മാത്രം. ഏത് വേഷം കെട്ടി



യാലും തിന്മ, തിന്മ തന്നെയാണ്. ന്യായീകരണം മനസ്സിന്റെ സാന്ത്വനം മാത്രമാണ്. ഈ ഭൂമി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് തിന്മയിൽ ആണെ ങ്കിലും അവബോധം ഉപയോഗിച്ച് ബുദ്ധി കൊണ്ടും ശരീരം കൊണ്ടും പ്രയത്നിച്ച് ജീവിക്കുവാൻ ആവശ്യമായ സാഹചര്യം ഭൂമിയിൽ ഉണ്ട്. അലസതയും മടിയും ഊർജ്ജം ഇല്ലായ്മയുമാണ് മനുഷ്യനെ പ്രയ ത്നങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

താൻ തിന്മയിലാണ് ജനിച്ചതെന്നും നന്മയിലേക്ക് വളരാൻ അവ ബോധം സഹായിക്കുമെന്നും മനസ്സിലാക്കാനും സ്വീകരിക്കുവാനും കഴി വുള്ള ഏതൊരു വ്യക്തിക്കും ജീവിതം പരമാനന്ദമായി അനുഭവപ്പെ ടും. കാരണം അത്തരം ഒരേഒരു ചിന്ത മതി മനസ്സിന്റെ STR കുത്തനെ താഴ്ത്തിക്കളയുന്നതിന്. അതുകൊണ്ടാണ് എല്ലാ മനുഷ്യരുടെയും അഹം ഇത് അംഗീകരിക്കാത്തതും സമ്മതിക്കാത്തതും. അതിനാൽ വ്യക്തിത്വം (personality) എന്ന മുഖംമൂടി വച്ച് താൻ നല്ലവനാണെന്നും ഒരു തിന്മയും തെറ്റും ഇല്ലാത്തവനാണെന്നും മറ്റുള്ളവരെ ബോധിപ്പി ക്കാൻ സദാസമയവും പ്രയത്നിച്ചു കൊണ്ടിരിക്കുന്നത്. ഈ പ്രയത്നം അവനെ നുണയനാക്കുകയും അവന്റെ STR ഓരോ പ്രവൃത്തിയിലും ക്രമാതീതമായി വർദ്ധിക്കുന്നതിന് സഹായമാകുകയും ചെയ്യുന്നു. ഒരു നുണയെ മറച്ചുപിടിക്കാൻ പല നുണകൾ ആവശ്യമായതിനാൽ ബുദ്ധി അബോധത്തിലേക്ക് സഞ്ചരിക്കുന്നു. ഒരു തത്വശാസ്ത്രത്തിലും ടെക്നി ക്കുകൾക്കും പ്രാർത്ഥനയ്ക്കും ഉപവാസത്തിനും അത്തരം ഒരാളെ ബോധത്തിൽ ഉയർത്താൻ കഴിയില്ല.

## അദ്ധ്യായം - 4

# ബ്രഹ്മചര്യം എന്ന പരമാനന്ദവും ബ്രഹ്മാസ്ത്രവും

ഈ പുസ്തകത്തിന്റെ മറ്റ് അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്ന ജീവിത സത്യങ്ങളും ലക്ഷ്യങ്ങളും അനുഭവജ്ഞാനത്തിലേക്ക് കൊണ്ടു വരുന്ന പ്രായോഗികമായ രീതിയാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളട ക്കം. അതിനാൽ ഈ അദ്ധ്യായത്തെ പിൻതാങ്ങുന്ന തെളിവുകളാണ് മറ്റെല്ലാ അദ്ധ്യായങ്ങളും. ഒരു ആത്മീയ അന്വേഷകനെ സംബന്ധിച്ച് ലോകത്ത് ഇന്ന് നിലവിലുള്ള എല്ലാ ആത്മീയ അറിവുകളും വെറും വിവരങ്ങൾ മാത്രമാണ്. അറിവിന് അനുഭവമാകാൻ കഴിയില്ല. അതു കൊണ്ടാണ് ഇന്ന് നിലവിലുള്ള ആത്മീയതയിൽ ആത്മാവ് യഥാർത്ഥ അനുഭവമായും ജീവിത സത്യമായും മാറാതെ പോയത്. ഈ അദ്ധ്യാ യത്തെ തള്ളിക്കളയാൻ അഹം ആയിരക്കണക്കിന് യുക്തിയുടെ സൂത്ര ങ്ങൾ ആത്മീയ അന്വേഷകനിൽ പ്രയോഗിക്കും. അത് ഭൂമിയുടെ ഗ്രാവി റ്റിക്ക് സമാനമായ ഒരു പ്രതിഭാസമാണ്. പ്രപഞ്ചസഷ്ടിയുടെയും മനുഷ്യ ജന്മത്തിന്റെയും കാരണങ്ങളെയും ജീവിതത്തിന്റെ ഏറ്റവും പ്രധാന പ്പെട്ട അടിസ്ഥാനത്തെയുമാണ് ബ്രഹ്മചര്യത്തിലൂടെ ചോദ്യം ചെയ്യുന്ന ത്. ഇത് ഈ രീതിയിൽ ആയിരിക്കുന്നത് ഒരു പക്ഷെ ലോകചരിത്ര ത്തിൽ തന്നെ ആദ്യമായിട്ടായിരിക്കും.

ലോകത്തിലെ എല്ലാ മിസ്റ്റിക് ഗ്രന്ഥങ്ങളും വിശുദ്ധ ഗ്രന്ഥങ്ങളും ഫലത്തിൽ മനുഷ്യന്റെ ജീവിതത്തിനു മുന്നിൽ നൂറു ശതമാനവും പരാ ജയപ്പെട്ടിരിക്കുന്നു എന്ന് ആത്മഹത്യയുടെയും പട്ടിണി മരണങ്ങളു ടെയും തീരാവ്യാധികളുടെയും ഭീകര പ്രവർത്തനങ്ങളുടെയും യുദ്ധ ങ്ങളുടെയും വർദ്ധനവ് സൂചിപ്പിക്കുന്നു. എന്നിട്ടും ലജ്ജയില്ലാതെ മനു ഷ്യൻ ലോകസമാധാനത്തെക്കുറിച്ചും മത-രാഷ്ട്രീയ തത്വശാസ്ത്ര മൂല്യ ത്തെക്കുറിച്ചും വീമ്പടിക്കുകയും വലിയ വലിയ സമ്മേളനങ്ങൾ വിളിച്ചു കൂട്ടി സ്വയം അപഹാസ്യനാകുകയും ചെയ്യുന്നു. ആത്മീയ അന്വേഷ കർ ഗുരുക്കന്മാരെ തേടി ആകാശവും കടലും താണ്ടി ബഹുദൂരം സഞ്ച രിക്കുന്നു. എന്തിനു വേണ്ടി ? സ്വന്തം ലൗകിക ആസക്തി മറച്ചു പിടി ക്കുന്നതിനും അതിലൂടെ സംഭവിച്ച വേദനയുടെ മാംസപിണ്ഢം ഭൂമി യിൽ എന്നെന്നും നിലനിർത്തുന്നതിന് വ്യാജഗുരുക്കന്മാരുടെ ഒത്താ ശകൾക്കുവേണ്ടിയും. യഥാർത്ഥ ബ്രഹ്മചര്യം കണ്ടെത്താത്ത ഒരു അന്വേ



ഷകനും ലക്ഷ്യം കാണുകയില്ല. മനസ്സിന്റെ അതീന്ദ്രിയത്വത്തിലും മയക്കു മരുന്നുകളിലും മദ്യത്തിലും സ്വർഗ്ഗ രാജ്യവും പറുദീസയും സമാധിയും നിത്യജീവനും ഒക്കെ കണ്ടെത്താം എന്നിട്ട് സ്വയം നശിക്കാം.

ബ്രഹ്മചര്യം ഒരേ സമയം ഒരു ബ്രഹ്മാസ്ത്രവും പരമാനന്ദാവ സ്ഥയും തന്നെയാണ്. ബ്രഹ്മം എന്തു കാരണത്താൽ രൂപപ്പെട്ടുവോ ആ കാരണത്തെ നിശേഷം നശിപ്പിക്കുന്നതിനാൽ ബ്രഹ്മചര്യം ബ്രഹ്മാസ്ത്രം തന്നെയാണ്. ബുദ്ധിയുള്ള ഒരു മനുഷ്യനും സമ്മതിച്ചു തരാത്ത ഒരു അനശ്വരമായ സത്യമാണ് ബ്രഹ്മചര്യം. ഏറെ അജ്ഞ തയും തെറ്റിദ്ധാരണകളും നിലനിൽക്കുക യും സമൂഹം വളരെ ഗൗര വത്തോടുകൂടി കാണുകയും ചെയ്യുന്ന ഒരു സത്യമാണ് ഇത്. നശ്വര മായ ഭൗതിക ജീവിതം യാഥാർത്ഥ്യമെന്ന് സങ്കൽപ്പിക്കുന്ന അഹം എന്ന അഹങ്കാരമാണ് ബ്രഹ്മചര്യത്തെ നിഷേധിക്കുന്ന ഏക ദുശ്ശാഠ്യം. ഇത് ആരുടെയും കുറ്റമല്ല. തിന്മയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സ്വതസി ദ്ധമായ ദുശ്ശാഠ്യമാണിത്. ദുശ്ശാഠ്യത്തെ ഇല്ലാതാക്കിയവനെ ദുശ്ശാഠ്യം എന്തെന്ന് മനസ്സിലാകുകയുള്ളൂ. ദുശ്ശാഠ്യത്തിൽ നിൽക്കുന്ന ഒരുവന് താൻ ദുശ്ശാഠ്യത്തിലാണ് നിൽക്കുന്നതെന്ന് കണ്ടുപിടിക്കാൻ വളരെ ബുദ്ധിമുട്ടാണ്.

ബുദ്ധി എന്ന മസ്തിഷ്ക്ക ഭാഗമാണ് ജ്ഞാനത്തെ അനുഭവത്തി ലേക്ക് നയിക്കേണ്ടത്. എന്നാൽ ഈ ഭാഗം മനസ്സിന്റെ വളരെ പ്രധാന പ്പെട്ട ഒരു ഘടകമായതിനാൽ മനസ്സിന്റെ അഥവാ അഹത്തിന്റെ ഇഷ്ട ങ്ങൾ അനുസരിച്ചെ ഇത് പ്രവർത്തിക്കുകയുള്ളു. അതുകൊണ്ടാണ് ജ്ഞാനം അനുഭവമാകാനുള്ള വഴി ദുർഘടമാകുന്നത്.

ദുശ്ശാഠ്യമായ മനസ്സുകൊണ്ട് ദുശ്ശാഠ്യത്തെ നീക്കം ചെയ്യണമെന്ന് വന്നാൽ കാര്യങ്ങൾ കുഴഞ്ഞു പോകും. അതായത് കള്ളനെക്കൊണ്ടു തന്നെ കള്ളനെ നശിപ്പിക്കണം. അതിന് ഒരിക്കലും കള്ളൻ നിന്നു തരി കയില്ല. അത് മിക്കവാറും അസാദ്ധ്യവുമാണ്. ദുശ്ശാഠ്യത്തെ നശിപ്പിക്കാൻ ഒരു ഇന്ദ്രിയം ഇല്ലെന്നു മാത്രമല്ല ദുശ്ശാഠ്യത്തെ വീണ്ടും പരിപോഷിപ്പി ക്കുന്ന ഘടകമായി ഇന്ദ്രിയങ്ങളും അവയുടെ സൂക്ഷ്മ സ്ഥിത ജ്ഞാനവും നിലനിൽക്കുന്നു എന്നതാണ് രണ്ടാമത്തെ ബുദ്ധിമുട്ട്.

മനസ്സിന്റെ മൂന്നാമത്തെ ഘടകമാണ് ഓർമ്മ. ശരിയായ രീതിയിൽ ഈ ഓർമ്മ പ്രവർത്തിക്കാത്തത് കൂനിന്മേൽ കുരു എന്ന അവസ്ഥ സൃഷ്ടിക്കുന്നു. ഒരു ഉദാഹരണം ശ്രദ്ധിക്കുക. ഒരാൾ നമുക്ക് ഒരു നന്മ ചെയ്താൽ അത് എളുപ്പം മറക്കുകയും കഴിയുമെങ്കിൽ നന്ദികേട്

കാണിക്കുകയും ചെയ്യും. എന്നാൽ ഒരാൾ നമ്മെ ഉപദ്രവിച്ചാൽ മരണംവരെ അത് ഓർമ്മയിൽ സൂക്ഷിക്കുകയും അവസരം ലഭിച്ചാൽ പ്രതികാരം ചെയ്യുകയും ചെയ്യും. അതായത് പ്രതികാരം എന്ന ദുശ്ശാഠ്യത്തെ നാം ഏറെ ഇഷ്ടപ്പെടുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇഷ്ടമുള്ളത് നാം ഏറെ ഓർക്കുന്നു. പ്രതികാരം ദേഷ്യം ഇവ രണ്ടും STR-നെ വർദ്ധിപ്പിക്കുന്നതിൽ ഏറ്റവും ഉയർന്ന ഘടകങ്ങളാണ്. അതിനാൽ ശരീരത്തിൽ നെഗറ്റീവ് ഹോർമോണുകൾ ഉത്പ്പാദിപ്പിക്കാൻ ഇവയ്ക്ക് പെട്ടെന്ന് കഴിയും. ഈ ഹോർമോണുകൾ അവബോധവുമായുള്ള ബുദ്ധിയുടെ ബന്ധം താൽക്കാലികമായി നശിപ്പിച്ചു കളയുകയും ക്രൂരകൃത്യങ്ങളും കൊലപാതകങ്ങളും മനുഷ്യർ ചെയ്തുപോകുകയും ചെയ്യുന്നു. ഇരുട്ടിൽ നാം ഒരു പ്രവൃത്തിചെയ്യുന്നതുപോലെയാണ് ദുശ്ശാഠ്യം പ്രവൃത്തിക്കുന്നത്. ഇരുട്ടിൽ നാം എന്താണ് ചെയ്യുന്നതെന്ന് കാണുന്നില്ലല്ലോ. പ്രതികാരം ദേഷ്യം പോലുള്ള വികാരങ്ങൾ ചില രാസവസ്തുക്കളെ പുറപ്പെടുവിക്കുകയും ഈ രാസവസ്തുക്കൾ അവബോധമെന്ന വെളിച്ചം നഷ്ടപ്പെടുത്തുകയും ചെയ്യുമ്പോഴാണ് ദുശ്ശാഠ്യം നമ്മെക്കൊണ്ട് ക്രൂരകൃത്യങ്ങളും കൊലപാതകങ്ങളും ആത്മഹത്യകളും ചെയ്യിപ്പിക്കുന്നത്. അവബോധത്തിന്റെ അസാന്നിദ്ധ്യം ബുദ്ധിയെ മൃഗീയതയിൽ എത്തിക്കുന്നു. പിന്നീട് ഹോർമോണുകളുടെ ശക്തികുറയുമ്പോൾ അവ-ബോധം ബുദ്ധിയുമായി ബന്ധപ്പെടുകയും ചെയ്യുന്നു. അതിനാൽ പശ്ചാത്തപിക്കുകയും ചെയ്തു പോയ തെറ്റിന്റെ കാഠിന്യം തിരിച്ചറിയുകയും ചെയ്യുന്നു. നെഗറ്റീവ് ഹോർമോണുകളുടെ പ്രവർത്തനമാണ് അവബോധത്തെ താൽക്കാലികമായി അപ്രത്യക്ഷമാക്കാൻ ഇടയാക്കുന്നത്. അതിനാൽ നെഗറ്റീവ് ഹോർമോണുകളുടെ പ്രവർത്തനത്തെ നിയന്ത്രിച്ചാൽ മാത്രമെ ദുശ്ശാഠ്യത്തിൽ നിന്ന് ജീവിതം സ്ഥായിയായ ബോധത്തിലേക്ക് വരികയുള്ളു. അതിനാൽ നെഗറ്റീവ് ഹോർമോണുകളുടെ പ്രവർത്തനത്തെ ബോധശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ ശ്രമിക്കണം. ജീവശാസ്ത്രപരമായ ഹോർമോണുകളുടെ പഠനവുമായി ഇതിന് കാര്യമായ ബന്ധമൊന്നുമില്ല.

മനസ്സിലേക്ക് തനിയെയോ കാര്യകാരണത്തോടു കൂടിയോ കടന്നുവരുന്ന ഒരു ചിന്തയ്ക്ക് ചില നെഗറ്റീവ് ഹോർമോണുകളെ ഉത്പ്പാദിപ്പിക്കാൻ കഴിയുമെന്നുള്ളതാണ് മനസ്സിന്റെ അഥവാ വ്യക്തിബോധമായി മാറിയ ബോധത്തിന്റെ പ്രത്യേകത. ഈ ഹോർമോണുകൾ നെഗറ്റീവ് രാസവസ്തുക്കളായതിനാൽ മനസ്സിനെ സംബന്ധിച്ച് അത് അനുഭവങ്ങളെ സൃഷ്ടിക്കുന്നു. ഈ അനുഭവങ്ങൾ തിരിച്ച് മനസ്സിലേക്ക്



യാഥാർത്ഥ്യത്തിന്റെ ചിന്തകളായി പ്രേക്ഷണം ചെയ്യുന്നു. അതിന് പാരമ്പര്യ ഘടകങ്ങളായ ജീനുകൾക്ക് വലിയ സ്വാധീനമുണ്ട്. ആത്മാവിന്റെ അന്വേഷണത്തിലേക്കും അതിന്റെ അനുഭവജ്ഞാനത്തിലേക്കുമുള്ള മനസ്സിന്റെ പ്രയാണത്തിന് ഈ പാരമ്പര്യ ജീനുകളെ മറികടക്കേണ്ടതായി വരുന്നു. മിസ്റ്റിക് അവസ്ഥ സംഭവിക്കുന്ന ഉയർന്ന ബോധമുള്ള മിസ്റ്റിക്കുകൾക്ക് പോലും മറികടക്കാൻ കഴിയാത്ത ഒരു ലക്ഷ്മണ രേഖയാണിത്. അതുകൊണ്ടാണ് തിന്മ വളർന്നു കൊണ്ടേയിരിക്കുന്നത്. നിങ്ങൾ ഏത് വാക്ക് ഉച്ചരിച്ചാലും അത് അസഭ്യമാക്കി തരാം എന്ന് പറയുന്ന ഭ്രാന്തനു തുല്യമാണ് ഈ പാരമ്പര്യ ജീനുകൾ.

പാരമ്പര്യ ജീനുകളുടെ പിൻബലത്തോടുകൂടി മനസ്സിൽ ഉണ്ടാകുന്ന ഒരു ചിന്ത നെഗറ്റീവ് ഹോർമോണുകളെ പുറപ്പെടുവിക്കുമ്പോൾ മനുഷ്യൻ അന്ധനായി പോകുന്നുവെങ്കിൽ അവനെ കൊലകുറ്റത്തിന് തൂക്കുമരത്തിൽ കയറ്റുന്നതിൽ അർത്ഥമില്ല. തൂക്കുമരത്തിൽ കയറാൻ ആളുകൾ വർദ്ധിക്കുമെന്നല്ലാതെ ഒന്നും സംഭവിക്കുകയില്ല. നീതി നിർവ്വഹണം പോലും ഒരു ജോലിയായി കരുതുന്ന സമൂഹത്തിന് ഇതല്ലാതെ മറ്റൊരു പോംവഴിയും ഇല്ല എന്നുള്ളത് സത്യം തന്നെയാണ്.

ശരീരത്തിൽ മറ്റൊരു തരം ഹോർമോൺ പ്രവർത്തനം ഉണ്ട്. പൊസിറ്റീവ് ഹോർമോൺ പ്രവർത്തനം. ശരീരത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമായ ഹോർമോണുകൾ ശരീരം തന്റെ ബുദ്ധി കൊണ്ട് തനിയെ ഉത്പ്പാദിപ്പിക്കുന്നു. ഇവയെയാണ് പൊസിറ്റീവ് ഹോർമോൺ പ്രവർത്തനം എന്ന് പറയുന്നത്. ഉദാ:- ആഹാരം കഴിക്കേണ്ട സമയമാകുമ്പോൾ ചില എൻസൈമുകളുടെ പ്രവർത്തനം വഴി വിശപ്പ് അനുഭവപ്പെടുന്നത് ഒരു ഹോർമോൺ പ്രവർത്തനമാണ്. തിന്മ നെഗറ്റീവ് ഹോർമോൺ പ്രവർത്തനമാണെങ്കിൽ നന്മ പൊസിറ്റീവ് ഹോർമോൺ പ്രവർത്തനമാണെന്ന് തെറ്റിദ്ധരിക്കരുത്. നെഗറ്റീവ് ഹോർമോണുകളുടെ അഭാവത്തിൽ STR കുറയുകയും അവബോധം ബുദ്ധിയുമായി ബന്ധപ്പെടുകയും ചെയ്യുമ്പോഴാണ് നന്മ സംഭവിക്കുന്നത്. നന്മ താൽക്കാലികമായ ഒരു ഉയർന്ന ബോധാവസ്ഥയാണ്. അത് പ്രവൃത്തിയിലൂടെ പ്രകടിപ്പിക്കുന്നത് കൊണ്ടാണ് നന്മ പ്രവൃത്തിയായി തെറ്റിദ്ധരിക്കുന്നത്. അതുകൊണ്ട് ഒരാൾ നന്മയുടെ താൽക്കാലിക ബോധാവസ്ഥയിൽ ഒരു നന്മ പ്രവൃത്തി ചെയ്യുന്നുവെന്ന് വിചാരിക്കുക. ഉദാ:- ഒരു രോഗിക്ക് അനുകമ്പയുള്ള ഒരാൾ കുറെ മരുന്നുകൾ വാങ്ങി കൊടുക്കുന്നു എന്ന് സങ്കൽപ്പിക്കുക. പിന്നീട് ഈ രോഗി നന്മ

ചെയ്ത ആളോട് നന്ദികേട് കാണിക്കുമ്പോഴോ ഉപദ്രവിക്കുമ്പോഴോ അതുമല്ലെങ്കിൽ തിരിച്ചൊരു സഹായം ചെയ്യാൻ മടിക്കുമ്പോഴോ നന്മ ചെയ്ത ആൾക്ക് അപരനോട് വല്ലാത്ത വെറുപ്പും വിദ്വേഷവും തോന്നുന്നു. ഇവനെ സഹായിക്കരുതായിരുന്നു എന്ന് മനസ്സിൽ തോന്നുന്നു. അതായത് അയാളുടെ യഥാർത്ഥ ബോധത്തിൽ നിന്നുള്ള ഒരു പ്രവൃത്തി ആയിരുന്നില്ല ആ നന്മ. അവബോധത്തിന്റെ സാന്നിദ്ധ്യത്തിൽ മനസ്സിൽ STR കുറഞ്ഞപ്പോൾ താൽക്കാലികമായി ബോധം ഉയരുകയും താൻ നന്മയാണ് ചെയ്യുന്നതെന്ന് തെറ്റിദ്ധരിക്കുകയും പിന്നീട് ബോധം താഴുമ്പോൾ ആ നന്മ തെറ്റായിപ്പോയി എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ നിഷ്കാമ കർമ്മി അഥവാ നിസ്സംഗൻ ആർക്കും നന്മ ചെയ്യുന്നില്ല. അയാൾ സ്ഥായിയായി ഉയർന്ന ബോധത്തിൽ മനസ്സിന് സാക്ഷിയായി നിൽക്കുന്നതിനാൽ ചെയ്യുന്നതെന്തും മറ്റുള്ളവർക്ക് നന്മയായെ ഭവിക്കുകയുള്ളു. അയാളെ കൊണ്ട് തിന്മ ചെയ്യിക്കാൻ സാദ്ധ്യമല്ല.

അതു കൊണ്ടാണ് ന്യൂട്രൽ ലൈഫിൽ എത്തുന്നവർ സ്വയം വഴിയും സത്യവും ആകുന്നത്. അയാളെ മനസ്സിലാക്കുന്ന ആരും നിർവ്വാണ കരസ്ഥമാക്കും. അത്തരം ഒരാളെ സമൂഹത്തിൽ കാണുവാനോ കണ്ടാൽ തന്നെ പിൻതുടരുവാനോ സാധാരണ അഹത്തിന് കഴിയുകയില്ല. കാരണം അഹം ഏറ്റവും കൂടുതൽ വെറുക്കുന്ന ആളാണ് അദ്ദേഹം. അയാളുടെ മുന്നിൽ അഹത്തിന് പിടിച്ചു നിൽക്കാൻ കഴിയില്ല. അഹം നശിപ്പിക്കുവാൻ കഴിവുള്ള ആളാണ് അദ്ദേഹം. അത്തരത്തിലുള്ള ഒരാൾ നന്മ ചെയ്യുകയോ നന്മയ്ക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുകയോ ചെയ്യുകയില്ല. മറിച്ച് അയാൾ സ്വയം നന്മയായി മാറുകയാണ്. പ്രവൃത്തി മാത്രമെ നിലനിൽക്കുന്നുള്ളു. അതിന്റെ ഫലം ആവശ്യപ്പെടാൻ ആളില്ലാത്ത അവസ്ഥ. വേലയുടെ കൂലി വിളിച്ചു നൽകേണ്ട അവസ്ഥ അയാൾ സൃഷ്ടിക്കുന്നു. കൂലി ലഭിച്ചാലും ഇല്ലെങ്കിലും അയാളുടെ STR- ന് മാറ്റം വരുന്നില്ല. ശരീരത്തിന് സമൂഹത്തിൽ നിലനിൽക്കാൻ ആവശ്യമായ മിനിമം ആഗ്രഹങ്ങളുടെ STR മാത്രമെ അയാളിൽ മരണംവരെ നിലനിൽക്കുകയുള്ളു. (ഇത് ഏകദേശം ഒരു മന്ദബുദ്ധി അഥവാ ജന്മനാ വിഡ്ഢിയായ ഒരാളുടെ അവസ്ഥയ്ക്ക് തുല്യമാണ്. സമൂഹത്തിൽ അത്തരം ആളുകൾ ധാരാളമായുണ്ട്. ഇവരെ ബുദ്ധിയുള്ളവർ ചൂഷണം ചെയ്യുന്നു. ഇത്തരക്കാരെ കൊണ്ട് കഠിനമായി പണിയെടുപ്പിച്ച് എന്തെങ്കിലും കൊടുത്ത് അവരെ വഞ്ചിക്കുന്നു. പക്ഷെ വിഡ്ഢി അഥവാ മന്ദബുദ്ധി അവിടെ ഒരുതരം



നിഷ്കാമ പ്രവൃത്തി തന്നെയാണ് ചെയ്യുന്നത്. പക്ഷെ അയാൾ ജ്ഞാനം കൊണ്ടല്ല നിഷ്കാമനായത്, മറിച്ച് ജന്മനായാണ്. അതിനാൽ മോക്ഷത്തിലേക്ക് ഉണരാൻ അയാൾക്ക് കഴിയുകയില്ല).

യഥാർത്ഥ ബ്രഹ്മചര്യം എന്നാൽ തിന്മയുടെ ഹോർമോണുകളെ നശിപ്പിക്കുക എന്നാണ് അർത്ഥം. അല്ലാതെ ലൈഗീക ഹോർമോണുകളെ ഇല്ലാതാക്കലോ അടിച്ചമർത്തലോ അല്ല. എല്ലാ ചിന്തകളുടെയും ഉത്പാദകൻ അടിസ്ഥാന ആഗ്രഹമായ ലൈംഗിക ആസക്തി ആയതിനാൽ ലൈംഗിക ഹോർമോണുകളെ തനിയെ പ്രവൃത്തിക്കുവാൻ അനുവദിക്കാതിരുന്നാൽ മാത്രമെ എല്ലാ നെഗറ്റീവ് ഹോർമോണുകളുടെയും ഉത്പാദനം ശരീരത്തിൽ നിയന്ത്രിക്കാൻ കഴിയുകയുള്ളു എന്നതാണ് ബോധശാസ്ത്രത്തിന്റെ കണ്ടെത്തൽ. അതിനാൽ യഥാർത്ഥ ബ്രഹ്മചര്യം എങ്ങിനെ?എപ്പോൾ? ശരീരത്തിൽ പ്രയോഗിക്കണമെന്നും അതിന് ശരീരത്തിന്റെ സ്വതസിദ്ധമായ പ്രതിപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും കണ്ടെത്തേണ്ടതുണ്ട്. അത് മാത്രമല്ല പ്രായോഗിക തലത്തിൽ ഇതെത്തുമ്പോൾ ഭൗതിക ജീവിതത്തെ ഇത് ബാധിക്കുമോ ഇല്ലയോ എന്നെല്ലാമുള്ള ധാരാളം കാര്യങ്ങൾ അനുഭവജ്ഞാനത്തിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു. അത്തരം കണ്ടെത്തലുകളുടെ ശാസ്ത്രീയമായ അടിസ്ഥാനത്തിലാണ് യഥാർത്ഥ ബ്രഹ്മചര്യവും അതിന്റെ അനുഭൂതികളും ഇവിടെ വിവരിക്കുന്നത്.(കാര്യങ്ങൾ കുറച്ചു കൂടി വ്യക്തമാകുന്നതിന് വ്യക്തിബോധത്തിൽ നിന്ന് മഹാബോധത്തിലേക്ക് എന്ന പുസ്തകം വായിക്കുക.)

സമൂഹത്തിൽ വളരെ പ്രചാരമുള്ള പദമാണ് ബ്രഹ്മചര്യം. നല്ലൊരു ശതമാനം പുരോഹിതരും സന്യാസിനി-സന്യാസികളും ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരാണ്. എന്നാൽ അവർ യഥാർത്ഥ ബ്രഹ്മചാരികളായിരിക്കണമെന്നില്ല. ബോധശാസ്ത്രത്തിൽ അതിന് വ്യക്തമായ രൂപരേഖകളും അനുഭവജ്ഞാനവും ബാഹ്യമായ അളവുകോലുകളും ഉണ്ട്. ഇവ ശാസ്ത്രീയമായതിനാൽ ആർക്കും ഇതിനെ കബളിപ്പിക്കാൻ ആവില്ല. സമൂഹത്തിൽ ബ്രഹ്മചര്യം ഒരുതരം അഭിനയമാണ്. അതുകൊണ്ടാണ് ബ്രഹ്മചാരികൾ വൈകൃതത്തിനും ഹോർമോൺ തകരാറുകൾ മൂലമുള്ള ധാരാളം രോഗങ്ങൾക്കും മാനസിക പിരിമുറുക്കങ്ങൾക്കും അടിമയാകുന്നത്. ഇവയെ പ്രാർത്ഥന എന്ന സെൽഫ് ഹിപ്നോട്ടിസത്തിലൂടെ അവർ അതിജീവിക്കാൻ വൃഥാ ശ്രമിക്കുന്നു. A Text Book Of Awarology-എന്ന ഗ്രന്ഥത്തിൽ ഇവ ശാസ്ത്രീയമായി തന്നെ അവ

തരിപ്പിക്കുന്നുണ്ട്. എങ്കിലും സാധാരണക്കാർക്ക് യഥാർത്ഥ ബ്രഹ്മചാരികളെ മനസ്സിലാക്കുന്നതിന് ചില രീതികൾ ഇവിടെ വിവരിക്കുന്നു.

യഥാർത്ഥ ബ്രഹ്മചാരി ബോധോദയം സംഭവിച്ച ആളായിരിക്കും. അതായത് അയാൾ തന്റെ ആത്മാവിനെ അനുഭവ ജ്ഞാനത്തിലൂടെ അറിഞ്ഞവനും പരമാർത്ഥ ജ്ഞാനം ലഭിച്ചവനും ആയിരിക്കും. യഥാർത്ഥ ബ്രഹ്മചാരികളുടെ ഏറ്റവും വലിയ പ്രത്യേകത മറ്റുള്ളവരെ അപേക്ഷിച്ച് ഭയം വളരെ കുറഞ്ഞ ആളായിരിക്കും എന്നതാണ്. പക്ഷെ ഇത് കണ്ടുപിടിക്കാൻ വളരെ ബുദ്ധിമുട്ടാണ്. കാരണം തനിക്ക് ഭയം ഇല്ല എന്ന് നുണ പറയുന്നവരാണ് നാം എല്ലാം. എന്നാൽ രണ്ടാമത്തെ പ്രത്യേകത മറച്ചു പിടിക്കാൻ ആവാത്തതാണ്. അതായത് എത്ര തീവ്രമായ പ്രകോപനങ്ങൾ ഉണ്ടായാലും അയാൾ ദേഷ്യപ്പെടുകയോ അസഹിഷ്ണുത കാട്ടുകയോ ചെയ്യില്ല. ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കണം എന്ന മിസ്റ്റിക് വചനം അയാളിൽ പ്രായോഗികമാകുന്നു. പ്രകോപനങ്ങൾക്കു നേരെ ഒരു സാക്ഷിയായി നിസ്സംഗനായി പുഞ്ചിരി തൂകി നിൽക്കുന്ന ഒരാൾ യഥാർത്ഥ ബ്രഹ്മചാരി ആകുന്നു. ഇത് ഒരു മനുഷ്യനും അഭിനയിക്കുവാനോ അനുകരിക്കുവാനോ കഴിയില്ല. കാരണം തീവ്രമായ പ്രകോപനങ്ങൾ എന്നാൽ കഠിനമായ ശാരീരിക വേദന കടുത്ത അപമാനം രക്ത ബന്ധങ്ങളുടെ വേർപിരിയൽ, ധനനഷ്ടം എന്നിവയാണ്. ഇവയോട് മനസ്സും ശരീരവും ശക്തമായി പ്രതികരിക്കുമെന്നുള്ളത് ഉറപ്പാണ്. ആ പ്രതികരണത്തിന് സാക്ഷിയാകണമെങ്കിൽ, സാക്ഷിയാകൽ പൂർണ്ണമായി സംഭവിച്ചവനായിരിക്കണം. (അതായത് ബോധോദയം സംഭവിച്ചവൻ) അതിന് ബ്രഹ്മചര്യം അത്യന്താപേക്ഷിതമാണ്. എന്നാൽ മിസ്റ്റിക് അവസ്ഥയിൽ എത്തിയ ആളാണെങ്കിൽ ബ്രഹ്മചര്യം സംഭവിച്ചവരെപ്പോലെ പ്രത്യക്ഷത്തിൽ കാണുമെങ്കിലും അയാളുടെ ലൈംഗിക ആസക്തി മനസ്സിന്റെ വളരെ ആഴത്തിലേക്ക് പോകുന്നു. അതുകൊണ്ട്. ഇതിനെ deep perversion എന്ന് പറയുന്നു. ഇത്തരത്തിലുള്ള ഒരാൾ ആത്മീയ അഹങ്കാരത്തിലേക്ക് പോകുകയും അതീന്ദ്രിയ ശക്തികൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യദൈവങ്ങൾ ആകുന്ന എല്ലാ മിസ്റ്റിക്കുകളും ഈ ഗണത്തിൽ പെടുന്നു. എന്നാൽ അവബോധത്തിന്റെ സഹായത്താൽ ബുദ്ധിയിലൂടെ ബോധോദയം സംഭവിച്ച ആളാണെങ്കിൽ ബ്രഹ്മചര്യം വർഷങ്ങളോളം ശ്രദ്ധയോടെ നിലനിർത്തേണ്ടി വരും. പരമാർത്ഥ ജ്ഞാനം പൂർത്തിയാകുമ്പോൾ യഥാർത്ഥ ബ്രഹ്മചര്യം സംഭവിക്കുന്നു. യഥാർത്ഥ ബ്രഹ്മചര്യം സംഭവിച്ചു കഴിഞ്ഞാൽ പ്രകോപനങ്ങൾക്കു നേരെ പൂർണ്ണ



സാക്ഷിയായി നിൽക്കാൻ അയാൾക്കു കഴിയുന്നു. എങ്കിലും അയാൾ തന്റെ ബോധം മരണംവരെ ഉയർത്തുകയും പൂർണ്ണ സാക്ഷിയാകലിന് സദാസമയവും പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ആ പരിശ്രമത്തിനെയാണ് നാം നിഷ്കാമ കർമ്മം, പ്രത്യാഹാര എന്നൊക്കെ പറയുന്നത്. മിസ്റ്റിക് അവസ്ഥയും മിസ്റ്റിക് ബുദ്ധിയും തമ്മിലുള്ള വ്യത്യാസം Awarology എന്ന പുസ്തകത്തിൽ നിന്ന് മനസ്സിലാക്കാൻ ശ്രമിക്കുക.

സന്യാസി-സന്യാസിനികളോട് അടുത്തിടപഴകി നോക്കുക. അവർ എത്ര യ്ക്ക് മുൻകോപക്കാരും അസഹിഷ്ണുക്കളും പ്രകോപനങ്ങളിൽ പെട്ടെന്ന് പ്രതികരിക്കുന്നവരും ആണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. സാധാരണ ഒരു മനുഷ്യനെക്കാൾ അക്ഷമരായിരിക്കും അവർ. കാരണം ബ്രഹ്മചര്യം പരിശീലിക്കാൻ ശ്രമിക്കുമ്പോൾ നിരാശയും ലൈംഗിക വൈകൃതവും ഉണ്ടാകുന്നു. ഇത് രണ്ടും സാധാരണക്കാർക്ക് കുറവായതിനാൽ (കാരണം അവർ ബ്രഹ്മചാരികൾ അല്ലാത്തതിനാൽ) അവർ ആദ്യത്തെ കൂട്ടരെക്കാളും ക്ഷമിക്കുന്നവരും സഹിക്കുന്നവരും ആയിരിക്കും. അതുകൊണ്ടാണ് ഇത്തരം സന്യാസ സഭകൾ 17-18 വയസ്സ് പ്രായമുള്ള കുട്ടികളെ സന്യാസത്തിന് പ്രേരിപ്പിക്കുന്നത്. ഈ പ്രായത്തിൽ അവരുടെ ലൈംഗികത അപക്വമായിരിക്കും. പ്രകൃതിദത്തമായ ഭാഗിക ബ്രഹ്മചാരികളുമായിരിക്കും ഇവർ. അതിനാൽ സമൂഹത്തിന് നന്മ ചെയ്യാനും സമൂഹത്തെ സേവിക്കാനും സ്നേഹിക്കാനും ഇവർ വെമ്പൽ കൊള്ളുന്നു. കൂടാതെ ചില വിശുദ്ധന്മാരുടെ ജീവിത കഥ ഇവരെ വഴി തെറ്റിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. ഇത് നിരോധിക്കേണ്ടതാണ്. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ തിരിച്ചറിയാൻ കഴിയാത്ത പ്രായത്തിൽ സന്യാസത്തിന് പ്രേരിപ്പിക്കുന്നത് കുട്ടികളുടെ യഥാർത്ഥ ആത്മീയ ജീവിതത്തിനും ബോധത്തിന്റെ ഉയർച്ചയ്ക്കും മോക്ഷത്തിലേക്കുള്ള ഉണർച്ചയ്ക്കും തടസ്സമാണ്. ലൈംഗിക വൈകൃതവും അനിയന്ത്രിത ആസക്തിയും അനുഭവിക്കുന്ന ഒരാത്മാവും രക്ഷപ്പെടുകയില്ല. അവരിൽ ക്രിമിനൽ വാസനകൾ വർദ്ധിക്കുന്നതിനാൽ സമൂഹത്തിൽ തിന്മയും വർദ്ധിക്കുന്നു.

**വളരെ സാവധാനം അവബോധം ഉപയോഗിച്ച് ബുദ്ധിയെ മെരുക്കി ലൈംഗിക വൈകൃതത്തിലേക്കും അനിയന്ത്രിത ആസക്തിയിലേക്കും മനസ്സ് തെന്നി മാറാൻ അനുവദിക്കാതെ നൂൽപ്പാലത്തിൽ എന്ന പോലെ വസ്തുനിഷ്ഠതയിലൂടെ അനുഭവജ്ഞാനത്തിലേക്ക് മനസ്സിനെ കൊണ്ടുവന്നാൽ മാത്രമെ യഥാർത്ഥ ബ്രഹ്മചര്യം ലഭിക്കു**

**കയുള്ളു.** യാതൊരുവിധ അച്ചടക്ക നടപടികൾക്കും മനസ്സ് ഈ സമയം വിധേയമാകാൻ പാടില്ല. ശാരീരികമായും മാനസികമായും സ്വയം പര്യാപ്തതയുള്ള മനസ്സുകൾക്കെ ഇത് കഴിയുകയുള്ളു. ജീവിത പ്രാരാബ്ധങ്ങളിൽ നിന്ന് ഒളിച്ചോടി സന്യാസിയാകാൻ ശ്രമിക്കുന്നത് ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും. ഇന്നുള്ള പത്രവാർത്തകൾ പലതും ഇതിന് സാക്ഷ്യം നൽകുന്നു.

വിവാഹം കഴിക്കാത്ത അവസ്ഥയല്ല ബ്രഹ്മചര്യം എന്ന് പറയുന്നത്. ലൈംഗിക ആസക്തിയുടെ ശക്തമായ ഒരു പ്രകോപനം കാഴ്ചയിലൂടെയോ കേൾവിയിലൂടെയോ സ്പർശനത്തിലൂടെയോ മനസ്സിലേക്ക് കടക്കുമ്പോൾ അടിവയറ്റിൽ നിന്ന് ഒരു ആന്തൽ, തീ കോരി ഇടുന്നതു പോലെയുള്ള അനുഭവം വരാത്ത ഒരു വ്യക്തിയെയാണ് യഥാർത്ഥ ബ്രഹ്മചാരി എന്ന് പറയുന്നത്. ലൈംഗിക ഹോർമോണുകളുടെ ശക്തമായ പ്രവർത്തനമാണ് തീ കോരി ഇടുന്നതു പോലെയുള്ള അനുഭവത്തിനു കാരണം. ഇത്തരം പ്രവർത്തനം നടക്കുമ്പോൾ ഒരാൾ വളരെ ശാന്തനും ഒന്നും അറിയാത്തവനെപ്പോലെ ഇരിക്കുന്ന ആളുമായിരിക്കും. ബാഹ്യമായ യാതൊരു പ്രകടനവും ഇത് കാഴ്ചവയ്ക്കില്ല. എന്നാൽ ഈ ഹോർമോൺ പ്രവർത്തനം തനിയെ നടക്കുന്നതിനാൽ ആർക്കും ഓർഗാസത്തിൽ നിന്ന് ഒരുകാരണവശാലും രക്ഷപ്പെടാൻ കഴിയുകയില്ല. എത്രയൊക്കെ നിയന്ത്രിച്ചാലും സ്വയംഭോഗമായും സംഭോഗമായും സ്വപ്നത്തിലൂടെയും ഇത് സംഭവിക്കുന്നു. ശരീരത്തിന്റെ ഒരു സുരക്ഷാ സംവിധാനമാണിത്. ബോധശാസ്ത്രത്തിന്റെ ഈ അറിവു പ്രകാരം വിവാഹം ചെയ്യാത്ത പ്രായപൂർത്തിയായവരും വിവാഹം കഴിച്ചവരും സന്യാസി-സന്യാസിനികളും ഒരേ തട്ടിൽ വരുന്നു. ഓർഗാസം എന്ന ശാരീരിക പ്രവർത്തനം എല്ലാവരിലും ഒരുപോലെ തന്നെ, എന്നാൽ രീതികൾക്ക് വ്യത്യാസമുണ്ടെന്നേയുള്ളു. ഈ കാരണം കൊണ്ടാണ് ആയിരക്കണക്കിന് സന്യാസി-സന്യാസിനികൾ ഈ ലോകത്ത് നിലനിന്നിട്ടും ബോധോദയം ഉള്ള ഒരു വ്യക്തിപോലും രൂപപ്പെടാത്തത്. ബ്രഹ്മചര്യത്തെക്കുറിച്ചുള്ള ഈ അറിവില്ലായ്മ മറച്ചു പിടിക്കാൻ ആതുര സേവനം വിദ്യാഭ്യാസ കച്ചവടം തപസ് ധ്യാനം പ്രാർത്ഥന മുതലായവ നടത്തി ജീവിതം അബോധത്തിൽ തള്ളി നീക്കാൻ ശ്രമിക്കുന്നു. അപ്പോൾ അവർ കോപിഷ്ഠരും ക്ഷമിക്കാത്തവരും അസഹിഷ്ണുക്കളും ആകുന്നതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. 30 വയസ്സിനു ശേഷമുള്ള ഒരു വ്യക്തിയെയും ഇത്തരം സന്യാസത്തിന് പ്രേരിപ്പിക്കാൻ കഴിയില്ല. അപ്പോൾ ഇത് ഒരു തരം പൗരാവകാശ ലംഘനം തന്നെയാണ്. പാവപ്പെട്ടവരാണ് ഇതിൽ കൂടുതലും പെട്ടുപോകുന്നത്. ഏകദേശം 30 വയസ്സിനു ശേഷം ഒരു വ്യക്തി സന്യാസി ആകാൻ തീരുമാനിച്ചാൽ അയാളെ തടയുവാൻ ഒരു ശക്തിക്കും കഴിയില്ല. പ്രകൃത്യാ സന്യാസം സംഭവിക്കുന്നവരെ സംബന്ധിച്ച് പ്രായം ഒരു ഘടകമല്ല. അയാൾ തീർച്ചയായും ആത്മാവിനെ തിരിച്ചറിയാൻ തുടങ്ങിയവനായിരിക്കും. അയാൾക്ക് ശരിയായ മാർഗ്ഗ നിർദ്ദേശം ലഭിച്ചാൽ സമൂഹത്തിന് ഒരു മിസ്റ്റിക്കിനെ തീർച്ചായും ലഭിക്കും. ഒരു ലക്ഷം പേരടങ്ങുന്ന ഒരു സമൂഹത്തിൽ ഒരു മിസ്റ്റിക്കെങ്കിലും ഉണ്ടെങ്കിൽ ആ സമൂഹത്തിന്റെ ആകെ ബോധം വളരെ പെട്ടെന്നു തന്നെ ഉയരാൻ തുടങ്ങുന്നു. അങ്ങിനെ തിന്മയിൽ ജനിച്ച മനുഷ്യൻ സാവധാനം യഥാർത്ഥ നന്മയിലേക്ക് നീങ്ങാൻ തുടങ്ങും.



വിവാഹം കഴിച്ചവർക്കും പരസ്പര സമ്മത പ്രകാരം ഇത്തരം ഒരു അവസ്ഥയിലേക്ക് വളരാനും യഥാർത്ഥ ബ്രഹ്മചര്യത്തിൽ എത്താനും കഴിയും. എന്നാൽ ലൈംഗിക അവയവങ്ങൾ തളർന്നു പോകുന്നതിന് മുൻപായിരിക്കണം എന്നു മാത്രം. ലൈംഗിക അവയവങ്ങൾ പ്രായം കൊണ്ടു തളർന്നു കഴിഞ്ഞാൽ ലൈംഗിക ഹോർമോൺ മറ്റു രീതികളിൽ പ്രവർത്തിക്കാൻ തുടങ്ങുന്നു. പിന്നീട് അവയെ കണ്ടെത്താനും നിയന്ത്രിക്കാനും കഴിയുകയില്ല. ശരീരത്തിന്റെയും മനസ്സിന്റെയും അടിസ്ഥാന പ്രവർത്തനം എന്ന് കരുതപ്പെടുന്ന ഈ ലൈംഗിക ആസക്തിയെ ബ്രഹ്മചര്യത്തിലൂടെ സാക്ഷിയായി നിന്ന് ഹോർമോൺ പ്രവർത്തനത്തെ ഇല്ലാതാക്കി കൊണ്ട് എന്തു നേട്ടമാണ് ജീവിതത്തിന് ഉണ്ടാകുക എന്ന ചോദ്യം നാം എല്ലാം ചോദിക്കും. പ്രകോപ നങ്ങൾ മൂലമുള്ള തിന്മയുടെ വികാരങ്ങൾ ഇല്ലാതായേക്കാം,കോപം ശമിച്ചേക്കാം,ക്ഷമയുള്ളവനായേക്കാം. പക്ഷെ അതിന് ഇത്രയും വലിയ ഒരു സുഖ ത്തെ ബലി കൊടുക്കണമോ? എന്ന് സാധാരണ മനുഷ്യരും ബുദ്ധിജീവികളും ചിന്തിച്ചേക്കാം. നിത്യജീവൻ,സമാധി,നിർവ്വാണ എന്നൊക്കെ പറയുന്നത് ഒരു തരം മാനസിക അവസ്ഥയല്ലെ? ഒരു തരം വിഭ്രാന്തിയല്ലെ? എന്നൊക്കെ ചിന്തിച്ചേക്കാം. എന്നാൽ ബോധശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ വളരെ അത്ഭുതാവഹമാണ്.

യഥാർത്ഥ ബ്രഹ്മചര്യം എന്നത് മാനസിക തലത്തിൽ നിന്ന് നോക്കിയാൽ ഒരു പരമാനന്ദമായ സന്തോഷമാണ്. ഒരു പുരുഷനും സ്ത്രീയും ആദ്യ രാത്രിയിൽ അനുഭവിക്കുന്ന അനുഭൂതിയേക്കാൾ പതിനായിരം മടങ്ങ് ആനന്ദമാണ് അത് നൽകുന്നത് എന്ന് പറഞ്ഞാൽ ഇതൊരു പച്ചക്കള്ളമാണെന്ന് എല്ലാവരും പറയും. കാരണം ഇത് മനസ്സിലാ

ക്കാനോ പകർന്നു കൊടുക്കുവാനോ മാർഗ്ഗങ്ങളില്ല. സന്തോഷം ദുഃഖം ഇവ അനുഭവിക്കുന്നത് മനസ്സാണെന്ന് നാം തെറ്റിദ്ധരിക്കുന്നു. തിരിച്ചറിവ് എന്ന യഥാർത്ഥ ബോധമാണ് ഇത് അനുഭവിക്കുന്നത്. ഈ ബോധം യുക്തിക്ക് അതീതമായതിനാൽ ഇവയെ പകർന്നു കൊടുക്കാൻ സാദ്ധ്യമല്ല. ഇത് മാനസിക തലത്തിൽ നിൽക്കുന്ന ഒരു വിവരമല്ല. ചില ബാഹ്യമായ തെളിവുകൾ നൽകാം. ഒരു മരണാനുഭവത്തിലൂടെ ബ്രഹ്മചര്യത്തിലേക്കും ബോധോദയത്തിലേക്കും എത്തിയ വെറും പതിനാറു വയസ്സുള്ള രമണ മഹർഷി ഒരു അമ്പലത്തിന്റെ ഭൂഗർഭ മുറിയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ധ്യാനത്തിൽ മുഴുകി. വിശപ്പും ദാഹവും മാത്രമല്ല ശരീരം മുഴുവനും പ്രാണികൾ കടിച്ചു പറിച്ചു. രക്തവും പഴുപ്പും പുറത്തേക്ക് ഒഴുകി. ഇതൊന്നും ആ ബാലൻ അറിഞ്ഞില്ല. പട്ടിണിമൂലം അവശനായ കുട്ടിയെ ആരോ കണ്ടെത്തുകയും ഭക്ഷണവും ചികിത്സയും നൽകിയെന്ന് ചരിത്രം പറയുന്നു. ഈ ചരിത്രത്തിന് 100 വർഷത്തെ പഴക്കം പോലുമില്ല. അതിനാൽ വിശ്വസിക്കാതിരിക്കാനും തള്ളിക്കളയാനും സാദ്ധ്യമല്ല. ബ്രഹ്മചര്യത്തിന്റെ അതീന്ദ്രിയ അനുഭൂതിയാണ് കുട്ടിയെ ശാരീരിക വേദനയിൽ നിന്നുപോലും അകറ്റി നിർത്തിയത്.

എന്തു കൊണ്ടാണ് യഥാർത്ഥ ബ്രഹ്മചര്യം അതീന്ദ്രിയ അനുഭൂതിയായി മാറുന്നത്? ഇത്രയും ആനന്ദമായ ഇതിനെ എന്തുകൊണ്ട് ആളുകൾ തിരിച്ചറിയുന്നില്ല? സ്വീകരിക്കുന്നില്ല? ഈ ചോദ്യങ്ങൾ ഇത് വായിക്കുന്ന ആരുടെ മനസ്സിലും ഉയരും. ഉത്തരം ലളിതമായി പറഞ്ഞാൽ ദുശ്ശാഠ്യം, തെറ്റായ ബുദ്ധി,തെറ്റായ ഓർമ്മ, തെറ്റായ ഇന്ദ്രിയ സൂക്ഷ്മസ്ഥിതജ്ഞാനം, ഹോർമോണുകൾ, എൻസൈമുകൾ, ജനിതക കണികകൾ എന്ന രാസപദാർത്ഥങ്ങളുടെ പ്രവർത്തനങ്ങൾ, ഇവയെല്ലാം ഈ ദുശ്ശാഠ്യത്തെ പിൻതാങ്ങുകയും ഇതിൽ നിന്ന് രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും അടയ്ക്കുകയും ചെയ്യുന്നു. യഥാർത്ഥ ബ്രഹ്മചര്യം എന്ന അസാധാരണമായ ആനന്ദാനുഭൂതി അനുഭവിക്കാൻ ഭാഗ്യം ലഭിച്ച ഒരേഒരു ജീവവർഗ്ഗമായ മനുഷ്യന് അത് കഴിയാതെ പോകുന്നത് കഷ്ടമാണ്. മേൽപ്പറഞ്ഞ തടസ്സങ്ങൾ നാം ഉദ്ദേശിക്കുന്നതു പോലെ അത്ര നിസ്സാരങ്ങളല്ല. അതുകൊണ്ടാണ് ഇതിന്റെയെല്ലാം ഏക പരിഹാരമായ സാക്ഷിയാകൽ എന്ന പ്രതിഭാസം അത്ര എളുപ്പമല്ലാതാകുന്നത്. തനിക്ക് ലഭിച്ച അതീന്ദ്രിയ അനുഭൂതി ഒരു മിസ്റ്റിക്കിന് പറയാൻ കഴിയില്ല. ബ്രഹ്മചര്യം എന്ന പരമാനന്ദാവസ്ഥയെ മറികടക്കാൻ ലോകത്തുള്ള ഒരു സുഖങ്ങൾക്കും കഴിയില്ല എന്ന് അവർ അറിയുന്നു. സ്വർണ്ണവും കരിക്കട്ടയും കല്ലും വ്യത്യസ്ത വസ്തുക്കളായി കാണാൻ അവരുടെ പരമാനന്ദാവസ്ഥ അവരെ അനുവദിക്കുന്നില്ല. എന്നാൽ അവരുടെ അനുകമ്പയാണ് മറ്റുള്ളവരുമായി ഇടപഴകാൻ അവരെ അനുവദിക്കുന്നത്.



ഈ അതീന്ദ്രിയ അനുഭൂതി ജന്മനാ ലഭിയ്ക്കുന്നവരെ മിസ്റ്റിക് അവസ്ഥ സംഭവിച്ചവരെന്നും; പരമാർത്ഥ ജ്ഞാനത്തിലൂടെ ഇത് നേടുന്നവനെ മിസ്റ്റിക് ഇന്റിലജന്റ് എന്നും പറയുന്നു. മിസ്റ്റിക് അവസ്ഥ സംഭവിച്ചവർക്ക് ഈ അനുഭൂതിയുടെ കാരണം അറിയാത്തതിനാൽ ഇവർ ആചാരങ്ങളും അനുഷ്ടാനങ്ങളും പ്രാർത്ഥനകളും ഉപവാസങ്ങളുമുള്ള അധമ ആത്മീയതയെ സൃഷ്ടിക്കുന്നു. ഇവരെയാണ് ഗുരുക്കന്മാരായും ആൾദൈവങ്ങളായും ഇന്നും എപ്പോഴും മനുഷ്യർ ആരാധിക്കുന്നത്. ഇത്തരം ഗുരുക്കന്മാർ മോക്ഷത്തെക്കുറിച്ചും മുക്തിയെക്കുറിച്ചും അജ്ഞരായിരിക്കും. എന്നാൽ ശ്രീബുദ്ധനെപ്പോലെ പരിശ്രമത്തിലൂടെ ഇത്തരം അതീന്ദ്രീയ അനുഭൂതിയിലെത്തിയവർ പരമാർത്ഥ ജ്ഞാനത്തിലെത്തുകയും നശ്വരതയെ അനുഭവിക്കുകയും ചെയ്യുന്നു. അവർ അതിലൂടെ അനുഭൂതിയെ നിഷേധിക്കുകയും മുക്തിയിലേക്കും നിർവ്വാണയിലേയ്ക്കും സ്വന്തം ബോധത്തെ ഉണർത്തുകയും മറ്റുള്ളവരെ ഉണർത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

രണ്ടു തരം ഊർജ്ജങ്ങൾ മനുഷ്യ ശരീരത്തിൽ പ്രവർത്തിക്കുന്നതായി ബോധശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. ഭൗതിക ഊർജ്ജം എന്നും നിഷ്കാമ ഊർജ്ജം അഥവാ വീര്യം അഥവാ ന്യൂട്രൽ ഊർജ്ജം എന്നും ഇവയെ വിളിക്കുന്നു. ഇതിൽ ആദ്യത്തേത് ഭൗതിക ശാസ്ത്രം വ്യക്തമായി തെളിയിച്ചിട്ടുള്ളതും നമുക്ക് പരിചിതവുമായ ഊർജ്ജമാണ്. എന്നാൽ നിഷ്കാമ ഊർജ്ജം എന്നു പറയുന്നത് വളരെ നിഗൂഢമായ ഒരു ഊർജ്ജമാണ്. ഈ ഊർജ്ജത്തെക്കുറിച്ച് ശാസ്ത്രത്തിന് പ്രത്യേക ഒരറിവുള്ളതായി കാണുന്നില്ല. പുരാണങ്ങളിലും അപക്വമായ ആശയങ്ങൾ കൂട്ടിച്ചേർക്കപ്പെട്ട മിസ്റ്റിക് പുസ്തകങ്ങളിലും കാണുന്ന ഒരു ഊർജ്ജവുമായും ഇതിന് ബന്ധമില്ല. അങ്ങിനെ ബന്ധപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യരുത്. കാരണം ഇത് ഏതൊരു മനുഷ്യന്റെയും അനുഭവ തലത്തിൽ മാത്രം നിലനിൽക്കുന്ന ഒരു ഊർജ്ജമാണ്. അതിന്റെ യഥാർത്ഥ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റു ഗുണങ്ങളെക്കുറിച്ചും മനസ്സിന് യാതൊരുവിധ അറിവും ഇല്ലാത്തതു കൊണ്ടാണ് ന്യൂട്രൽ ഊർജ്ജം എന്ന വാക്ക് ഉപയോഗിച്ചത്. ഊർജ്ജം എന്നതും തെറ്റായ പ്രയോഗം തന്നെയാണ്. മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ

ന്യൂട്രൽ ഊർജ്ജം എന്ന് അതിനെ വിളിക്കുന്നു. ശരീരത്തിലും മനസ്സിലും ഈ ഊർജ്ജം എങ്ങിനെ നിലനിൽക്കുന്നുവെന്നും പ്രവർത്തിക്കുന്നുവെന്നും വിശദീകരിക്കാൻ സാദ്ധ്യമല്ല. ഇതിനെ അനുഭവിക്കാൻ കഴിയുമെന്നുള്ളതു കൊണ്ട് ഇത് യാഥാർത്ഥ്യം തന്നെ എന്ന് ആർക്കും തെളിയിക്കാം. യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെ മാത്രമെ ഈ ഊർജ്ജം ശരീരത്തിൽ നിലനിൽക്കുകയുള്ളു.

ലൈംഗിക സുഖം എന്നത് ഒരു വ്യക്തിയിൽ മാത്രം കേന്ദ്രീകരിച്ചുള്ള ഒരു സുഖമാണ്. ഇത് ഹോർമോണുകളുടെ പ്രവർത്തനം വഴി ലൈംഗിക അവയവങ്ങളുടെ പേശികളുടെ ചില പ്രത്യേക ചലനവും മർദ്ദവും മൂലം അനുഭവിക്കുന്ന ഒരു അനുഭൂതിയാണ്. ഇതിന്റെ പരിസമാപ്തിയാകുന്ന ഓർഗാസത്തിൽ എത്തുമ്പോൾ മനസ്സ് ഒരു തരം ഉന്മാദാവസ്ഥ പ്രാപിക്കുന്നു. ഈ ഉന്മാദത്തിന്റെ ഉത്തുംഗ ശൃംഗമാണ് അടിസ്ഥാന ആഗ്രഹത്തിന്റെ ലക്ഷ്യം. പക്ഷെ ഒരു മനുഷ്യന് സാധാരണ ഗതിയിൽ എത്താവുന്ന ഉന്മാദത്തിന്റെ പരിധി ആകെ സാദ്ധ്യമായ ഉന്മാദത്തിന്റെ വെറും 5 മുതൽ 10% വരെയാണ്. അതുപോലെ തന്നെ ഉന്മാദം നിലനിൽക്കേണ്ട സമയം മണിക്കൂറുകളാണ്. എന്നാൽ ഏതാനും സെക്കന്റുകൾ മാത്രമെ ഇത് രണ്ട് പേരിലും നിലനിൽക്കുകയുള്ളു. പുരുഷന് 3 മുതൽ 15 മിനിറ്റും സ്ത്രീകൾക്ക് ഏകദേശം 26 മുതൽ 30 മിനിറ്റുമാണ് ഓർഗ്ഗാസം സംഭവിക്കാൻ എടുക്കുന്ന സമയം. അതായത് രണ്ട് അപാകതകളാണ് ഇവിടെ നിലനിൽക്കുന്നത്. 1. ഉന്മാദാവസ്ഥ മണിക്കൂറുകൾക്ക് പകരം ഏതാനും സെക്കന്റുകൾ, 2. സംഭോഗ വേളയിൽ ഓർഗ്ഗാസത്തിന് എടുക്കുന്ന സമയം രണ്ട് പേരിലും വ്യത്യസ്തമായിരിക്കുന്നു. 3 മിനിറ്റും 26 മിനിറ്റും. ഒരേസമയം നടക്കേണ്ടത് വളരെ ദീർഘിച്ച് ഇടവേളകളിൽ നടക്കുന്നു. ഈ രണ്ട് കാരണങ്ങളാണ് ആകെ ലൈംഗിക സുഖത്തിന്റെ വെറും 5%മാണ് സാധാരണ മനുഷ്യൻ അനുഭവിക്കുന്നത് എന്ന് കണ്ടെത്താൻ കാരണം. ഇങ്ങനെ ഒരു വ്യതിയാനം പ്രകൃതിദത്തമല്ല. അവബോധം എന്ന തിരിച്ചറിവ് ബുദ്ധിയിൽ നിലനിൽക്കുന്നതാണ് പ്രശ്നം സൃഷ്ടിച്ചത്. ഈ തിരിച്ചറിവ് ഈ സുഖത്തെ തന്റേതു മാത്രമായിരിക്കണമെന്ന സ്വാർത്ഥതയ്ക്ക് വഴി മാറി കൊടുക്കുന്നു. അവബോധമാണ് ഈ ഉന്മാദം തിരിച്ചറി ഞ്ഞ് അനുഭവിക്കുന്നതെങ്കിലും അതേ അവബോധം തന്നെ ബുദ്ധിയെക്കൊണ്ട് ഈ സുഖത്തെ സ്വാർത്ഥ താൽപര്യമാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. **വല്ലാത്തൊരു അവസ്ഥയാണിത്. അതായത് മനുഷ്യവംശം മുഴുവനും ലൈംഗിക വൈകൃതത്തിനും അമിതമായ ആസക്തിക്കും അടിമയാകുന്നു.** അങ്ങിനെ മനുഷ്യജന്മം ആകെ തിന്മയിൽ ആയിപ്പോകുന്നു. ഭാര്യ-ഭർതൃ ബന്ധം പരസ്പരം അടിമത്വം സൃഷ്ടിക്കുന്നതും മരുമകൾ അമ്മായി അമ്മയ്ക്കെതിരാകുന്നതും മക്കൾ വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാത്തതും കുടുംബ ഛിദ്രങ്ങളും ഇതു മൂലം സംഭവിക്കുന്നു. ഇതിന് ഭൗതിക തലത്തിൽ ഒരു പരിഹാരവുമില്ല. നിയമങ്ങൾ കൊണ്ട് അടിച്ചമർത്താമെന്നല്ലാതെ കാര്യമായ പ്രയോജനമില്ല. അടിച്ചമർത്തപ്പെട്ട വികാരങ്ങൾ മറ്റു രീതിയിൽ സമൂഹത്തിൽ പ്രതിഫലിക്കും. കാരണം കണ്ടു പിടിക്കാൻ കഴിയാത്ത പ്രശ്നങ്ങളായി അവ നിലനിൽക്കും. എൻട്രോപി എന്ന തെർമോ ഡൈനാമിക് സിദ്ധാന്തം പോലെ ഇത് വർദ്ധിച്ചു കൊണ്ടേയിരിക്കും. വിട്ടുവീഴ്ച മനോഭാവത്തിലൂടെ കുറെ തിന്മകളെ മറച്ചു പിടിക്കാം. എന്നാൽ അത് സ്ഥിരമായ പരിഹാരമല്ല. അതായത് ഭൗതിക ജീവിതം നാം ഓരോരുത്തരും ഈ നിസ്സാരമായ സന്തോഷത്തിന് അടിയറവു വയ്ക്കുകയും ജീവിതത്തിന്റെ അർത്ഥം ഇതാണെന്ന് പൊങ്ങച്ചം പറയുകയും ചെയ്യുന്നു. എന്നാൽ നമുക്ക് അവകാശപ്പെട്ട പരമാനന്ദത്തെ തള്ളിക്കളയുകയും ചെയ്യുന്നു.



സാക്ഷിത്വത്തിലൂടെ സ്ത്രീക്കും പുരുഷനും ഈ ലൈംഗിക ഹോർമോണുകളെ നിയന്ത്രിക്കാം ഇല്ലാതാക്കാം. യഥാർത്ഥ ബ്രഹ്മചര്യം അങ്ങിനെയാണ് പരിശീലിക്കാൻ ആരംഭിക്കുന്നത്. നമ്മുടെ നാട്ടിൽ ഇതിന് വളരെ സൗകര്യമുണ്ട്. റോഡിന്റെ ഇരുവശത്തും സ്ത്രീകളുടെയും പുരുഷന്മാരുടെയും അർദ്ധ നഗ്ന ശരീരത്തിന്റെ പരസ്യ ബോർഡുകളും സിനിമാ പോസ്റ്ററുകളും ഈ സാക്ഷിത്വത്തെ ഏറെ സഹായിക്കും. വിവാഹം കഴിച്ചവർ സംഭോഗവും വിവാഹം കഴിക്കാത്തവർ സ്വയം ഭോഗവും നിർത്തുക. എന്നിട്ട് യാത്ര ചെയ്യുമ്പോൾ ഈ വലിയ ബോർഡുകളിലെ അർദ്ധ നഗ്ന ചിത്രങ്ങൾ നോക്കുക. അടിവയറ്റിൽ ഉണ്ടാകുന്ന ആന്തലിനെ മനക്കണ്ണുകൊണ്ട് ശ്രദ്ധിക്കുക. ഉയർന്ന ബോധത്തിൽ ഇരുന്നു കൊണ്ട് തയ്യാറെടുപ്പോടു കൂടി ഇതിനെ പരിശീലിക്കുക. ബോധത്തിൽ ഉണർന്നിരിക്കുമ്പോൾ ഈ ആന്തലിന്റെ ശക്തി കുറയുന്നതായും ചിലപ്പോൾ ഇല്ലാതാകുന്നതായും അനുഭവപ്പെടും. എന്നാൽ ഇത് അത്ര എളുപ്പമല്ല എന്ന് മനസ്സിലാകും. 18 വയസു മുതൽ 60 വയസുവരെ പ്രായമുള്ളവർക്ക് ഈ വിറ്റ്നസിങ്ങ് പരിശീലിക്കാം. എന്നാൽ 14 ദിവസത്തിൽ കൂടുതൽ ഓർഗാസത്തിൽ നിന്ന് മാറി നിൽക്കാൻ കഴിയില്ല എന്ന് ആദ്യമായി മനസ്സിലാകും. പക്ഷെ പതിനാല് ദിവസം നീണ്ട ഇടവേളയിലെ ഓർഗാസത്തിന് അസാധാരണമായ ഉന്മാദം ഉണ്ടാകുമെന്നുള്ളതാണ് അതിന്റെ പ്രത്യേകത. മന

സ്സിന്റെ STR കൂടുതൽ ഉള്ളവർക്ക് വിറ്റ്നസിങ്ങ് സാദ്ധ്യമല്ല. കാരണം അവരുടെ മനസ്സ് സമ്പത്തിന്റെയോ, പ്രതികാരത്തിന്റെയോ, കച്ചവടത്തിന്റെയോ ആഢംബര വസ്തുക്കളുടെയോ പിന്നാലെയായിരിക്കും. അവരിൽ ലൈംഗികത വൈകൃതമായി നിലനിൽക്കുന്നു. അതിനാൽ ചിലരിൽ ആസക്തി തന്നെ മറഞ്ഞു പോയിരിക്കും. ലൈംഗിക ഹോർമോണുകൾ ഉത്പ്പാദിപ്പിക്കപ്പെട്ടെന്നും വരില്ല.

**ലൈംഗിക ആസക്തി ഇല്ലാത്ത ഒരു മനുഷ്യൻ മാനസികനില തെറ്റിയ ഒരാളാണ്.** അതായത് Normal അല്ല എന്നർത്ഥം. എന്നാൽ സാധാരണ മനുഷ്യരെപ്പോലെ ജോലി എടുക്കുകയും ജീവിക്കുകയും ചെയ്യും. അത്തരത്തിലുള്ള ഒരു മനുഷ്യന് തന്റെ ബോധത്തെ ഉയർത്തുവാനോ,മോക്ഷത്തിലേക്ക് ഉണരുവാനോ,ബോധത്തെ സാക്ഷാത്ക്കരിക്കാനോ അത്രയ്ക്ക് എളുപ്പമല്ല. മോക്ഷത്തെ സംബന്ധിച്ച് ലൈംഗിക ആസക്തി വളരെ അത്യന്താപേക്ഷിതമാണ്, കാരണം ആഗ്രഹങ്ങളുടെയും ഭയത്തിന്റെയും തായ്‌വേര് ഇവിടെയാണ്. ഈ വേര് നശിക്കാതെ ശാഖകൾ നശിക്കുകയില്ല. ഈ വേര് മനസ്സിന്റെ വളരെ ആഴത്തിലേക്ക് പോകുന്നവരെയാണ് Erotic എന്ന് പറയുന്നത്. ഇവരിൽ ലൈംഗിക ഹോർമോണുകൾ ഉൽപ്പാദിപ്പിക്കപ്പെടുകയില്ല. ഇവർ അക്രമികളും ക്രിമിനൽ വാസനയുള്ളവരുമായിരിക്കും. ഓർഗാസവും സംഭവിക്കുവാൻ സാദ്ധ്യത കുറവാണ്. ഈ രോഗം പരിഹരിക്കുക അത്ര എളുപ്പമല്ല. ഒരു ജന്മം തന്നെ കഴിയേണ്ടി വരും ഇവരുടെ ആത്മാവിന് രക്ഷപ്പെടു ന്നതിന്. വളരെ വിചിത്രമായ കണ്ടെത്തലല്ലെ എന്ന് തോന്നിയേക്കാം. പക്ഷെ യാഥാർത്ഥ്യമാണ്. ആർക്കും സ്വയം ഇവയെല്ലാം തെളിയിക്കാം. ഭാവനയോ ഊഹങ്ങളോ അല്ല.

അങ്ങിനെ ലൈംഗിക ഹോർമോണുകളെ നിയന്ത്രിക്കുന്നതിന് വിറ്റ്ന സിങ്ങ് പരിശീലിക്കുന്ന ഒരാളിൽ ക്രമേണ ലൈംഗിക ഉന്മാദം തന്നിൽ തന്നെ കേന്ദ്രീകരിക്കുന്നതായി അനുഭവപ്പെടാൻ തുടങ്ങും. അതായത് ഓർഗാസത്തിന് ഒരു ഇണയെ ആവശ്യമില്ല എന്ന അവസ്ഥ വരും. വിവാഹം കഴിക്കാത്തവരിൽ സ്വയംഭോഗ വാസന കുറയാൻ തുടങ്ങും. ഈ സമയം അസാധാരണമായ ഒരു ഊർജ്ജം ഉള്ളിൽ നിറയുന്നതായും ഹൃദയ ഭാഗത്ത് വല്ലാത്തൊരു സുഖം അനുഭവപ്പെടുകയും എല്ലാവരോടും ഒരു പ്രത്യേക സ്നേഹം തോന്നുന്നതായും മനസ്സിലാകും. മാനുഷിക ബന്ധങ്ങൾക്കും മൂല്യങ്ങൾക്കും മര്യാദയുള്ള പെരുമാറ്റങ്ങൾക്കും വലിയ പ്രാധാന്യം കൊടുക്കും.സദാസമയവും പ്രസന്നവദനനായി ഊർജ്ജസ്വലനായി കാണപ്പെടും. ശരീരത്തിനും



മുഖത്തിനും ഒരു തിളക്കം അനുഭവപ്പെടുകയും ചെയ്യും. ഇതിനു കാരണം ന്യൂട്രൽ ഊർജ്ജമാണ്. എന്നാൽ പതിനാല് ദിവസത്തിൽ കൂടുതൽ ഇത് നിലനിൽക്കില്ല. നിയന്ത്രിക്കാനാകാത്ത ഒരു സുഖമായി ഓർഗാസം സംഭവിക്കുകയും സാക്ഷിത്വം അസാദ്ധ്യമാകുകയും ചെയ്യുന്നു. കുറച്ചു ദിവസത്തേക്ക് മൃഗീയ വാസനകളും ഭയവും തലപൊക്കുന്നതായും അവയെ നിയന്ത്രിക്കാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കുകയും ചെയ്യും. വീണ്ടും നിഷ്കാമ ഊർജ്ജം ഉയരാൻ തുടങ്ങുകയും ഈ പ്രക്രിയ ആവർത്തിക്കുകയും ചെയ്യുന്നു. ഈ പരിശീലനം ചിലപ്പോൾ വർഷങ്ങളോളം വേണ്ടി വന്നേക്കാം. ഉറച്ച തീരുമാനം എടുക്കാനുള്ള മനസ്സിന്റെ കഴിവിനെ ആശ്രയിച്ചിരിക്കും ഇതിന്റെ ഫലവും.

മനസ്സിന് ഒരു പ്രത്യേകതയുണ്ട്. ശീലമില്ലാത്ത ഒരു കാര്യം മനസ്സ് ആദ്യം തിരസ്ക്കരിക്കുന്നു. എന്നാൽ അവബോധം ബുദ്ധിയെ സദാസമയവും പ്രേരിപ്പുക്കുകയാണെങ്കിൽ കുറെ ആവർത്തനം കഴിയുമ്പോൾ മനസ്സ് തിരസ്ക്കരിച്ചതിനെ സ്വീകരിക്കുന്നു, അംഗീകരിക്കുന്നു. മനസ്സിന്റെ ഈ അംഗീകാരത്തിന് ക്ഷമയോടെ നാം കാത്തിരിക്കണം. എപ്പോൾ?എങ്ങിനെ?എന്ന് നമുക്ക് കണ്ടുപിടിക്കാൻ കഴിയില്ല. കാരണം മനസ്സ് ഒരു ബോധസംവിധാനമാണ്. ഒരു **നിയമവും പാലിക്കാത്ത ഒരു Entity ആണ് ബോധം എന്ന് മനസ്സിലാക്കുക**. അതു കൊണ്ടാണ് ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നതാണെന്നു പറയുന്നത്. തീർച്ചയായും ഒരു ദിവസം അത് സംഭവിക്കും. സാക്ഷിയാകൽ ഒരു സംഭവമായി നിങ്ങളുടെ മനസ്സ് സ്വീകരിക്കും. അന്ന് മാത്രമെ സാക്ഷിത്വം എന്തെന്ന് നിങ്ങൾക്കറിയാൻ കഴിയു. മനസ്സ് ബോധമായി മാറുന്നത് നിങ്ങൾ അനുഭവിക്കുന്നു. അന്ന് മുതൽ ലൈംഗിക ഹോർമോണുകളെ നിങ്ങളുടെ മനസ്സിന് യഥേഷ്ടം നിയന്ത്രിക്കുവാനുള്ള കഴിവു ലഭിക്കുന്നു. ഈ സന്ദർഭത്തിൽ മനസ്സ് മുഴുവനും ഒരു തരം ഉന്മാദം കൊണ്ട് നിറയുന്നു. **ഭോഗം മനസ്സ് ഏറ്റെടുക്കുന്നു.** മനസ്സു കൊണ്ട് ഓർഗാസത്തിൽ എത്താനുള്ള ഒരു കഴിവ് നിങ്ങൾക്ക് ലഭിക്കുന്നു. ഇത് വളരെ വിചിത്രമായ ഒരു അവസ്ഥയാണ്. **ഇതിനെ മനഭോഗമെന്ന് പറയുന്നു.** ഇത്തരം ഒരവസ്ഥയെക്കുറിച്ച് ലോകം അറിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. ഇത് ഒരു തരം മാനസിക വിഭ്രാന്തിയാണെന്നോ വൈകൃതമാണെന്നോ ഇത് അനുഭവിക്കാത്തവർ ചിന്തിച്ചേക്കാം. എന്നാൽ അങ്ങിനെയല്ല എന്ന് ബോധശാസ്ത്രത്തിന് തെളിയിക്കാൻ കഴിയും. ഇത്തരത്തിലുള്ളവർ വളരെ ക്ഷമാശീലനും കോപിക്കാത്തവനും എന്തും സഹിക്കുന്നവനും തിരഞ്ഞെടുക്കാത്തവനും സ്നേഹമുള്ളവനും ആയിരിക്കും. **ജീവിത**

**ത്തിന്റെ ഉയർന്ന മൂല്യങ്ങൾ മനസ്സിന് അഭിനയിക്കാൻ കഴിയില്ല എന്ന സത്യമാണ് ഇതിന്റെ തെളിവ്.** തിന്മയെയും നന്മയെയും മറച്ചുപിടിക്കാൻ കഴിയുമെന്ന് ബോധശാസ്ത്രം തെളിയിച്ചിട്ടുണ്ട്.

അങ്ങിനെ ലൈംഗിക ആസക്തി ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് എന്നന്നേയ്ക്കുമായി രക്ഷപ്പെടുന്നു. വിവാഹം കഴിച്ചവരിൽ രണ്ട് പേർക്കും ഈ അവസ്ഥ വന്നില്ലെങ്കിൽ കുടംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമെന്നത് ഉറപ്പാണ്. ഒരാൾ തന്റെ മനസ്സു കൊണ്ട് അന്തരംഗത്തിൽ ഓർഗാസം അനുഭവിക്കുകയും അത് ആദ്യ രാത്രിയെക്കാളും പതിനായിരം മടങ്ങ് ഉന്മാദം നൽകുകയും ചെയ്താൽ അയാൾക്ക് ഇണയെ ആവശ്യമില്ലാതെ വരും. എന്നാൽ ഇണ ഇയാളെ ആഗ്രഹിക്കുകയും ചെയ്യുന്നു. അയാളെ സംബന്ധിച്ച് സംഭോഗം വേദനാജനകമാകുന്നു. ഇത് കുടുംബജീവിതത്തെ സാരമായി ബാധിക്കുന്നു. ഇത്തരം ഒരു അവസ്ഥയിൽ എത്തുന്ന ഒരാൾ ഒരിക്കലും തന്റെ ഇണയെ വെറുക്കുകയോ ഉപദ്രവിക്കുകയോ ചെയ്യില്ല. എന്നാൽ മുമ്പത്തേക്കാൾ അധികം സ്നേഹിക്കും. കാരണം ഒരുവന്റെ ഉള്ളിൽ തനിയെ ഉന്മാദം ഉയർന്നുവന്നാൽ ഈ ലോകം അയാൾക്കു വളരെ മനോഹരമായി അനുഭവപ്പെടും. അയാളുടെ നെഗറ്റീവ് സ്വഭാവമെല്ലാം കുറയാൻ തുടങ്ങുന്നു. ക്രമേണ അയാൾ സാക്ഷിയായി വളരുകയാണ്. ഈ വളർച്ച മരണം വരെ തുടരും. മനസ്സ് പൂർണ്ണ ബോധമായി പരിണമിക്കുകയാണ്.

ഈ മാനസിക ഓർഗാസം അഥവാ മനഭോഗം ഒരു ഓർഗാസത്തിൽ തന്നെയാണ് എത്തുന്നതെന്ന് മനസ്സിലാക്കുക. ഇതു മൂലം നിഷ്കാമ ഊർജ്ജം നഷ്ടപ്പെടുന്നു. എന്നാൽ കാലയളവ് ദീർഘിക്കുന്നതു കൊണ്ട് ഇയാളിൽ ജീവിതത്തിന്റെ ഉയർന്ന മൂല്യങ്ങൾ നിലനിൽക്കുന്നതായി അനുഭവപ്പെടുന്നു. കൂടാതെ സാധാരണക്കാരിൽ നിന്ന് ബോധതലം കുറച്ച് ഉയർന്നു നിൽക്കുന്നതിനാൽ ബുദ്ധിയും കാര്യക്ഷമതയും കൂടുതലായിരിക്കുകയും ജീവിതത്തിൽ വിജയിക്കുകയും ചെയ്യുന്നു. കഷ്ടതകളും ജീവിത പ്രാരാബ്ധങ്ങളും കുറയുന്നു. കാരണം താൻ തന്നെ ഉന്മാദമായിരിക്കെ മറ്റു സന്തോ ഷങ്ങൾക്കു വേണ്ടി പണം ചിലവഴിക്കാനും ഭൗതിക വസ്തുക്കൾ കരസ്ഥമാക്കാനും ഇയാളുടെ ബുദ്ധി അനുവദിക്കുകയില്ല. അതായത് ഇയാളുടെ സമ്പത്ത് ബാദ്ധ്യതപ്പെടാതെയും നശിക്കാതെയും നിലനിൽക്കുന്നു.

ഇത് മനസ്സിന്റെ തന്നെ ഉയർന്ന തലം മാത്രമാണെന്ന് അറിയുക. ഈ ഉന്മാദത്തിൽ നിന്ന് രക്ഷപ്പെടുക എളുപ്പമല്ല. ഈ ഉന്മാദം വളരെ



ശക്തമായതിനാൽ മനസ്സിനെ ഒരു പൂർണ്ണ സാക്ഷിയാകുന്നത് തടയുകയും ചെയ്യുന്നു. ഇത് യഥാർത്ഥ ബ്രഹ്മചര്യം അല്ല. ലൈംഗിക ഹോർമോണുകൾ മറ്റൊരു രീതിയിൽ ഉത്പാദിപ്പിക്കപ്പെടുന്നതു കൊണ്ടാണ് മനഭോഗം നിലനിൽക്കുന്നത് എന്ന് മനസ്സിലാക്കണം. കണ്ണുകൾ അടച്ച് സ്വസ്ഥമായി ഇരിക്കുമ്പോഴോ കിടക്കുമ്പോഴോ ആവശ്യാനുസരണം ഈ ഉന്മാദം കൊണ്ടുവരാം. എത്ര സമയം വേണമെങ്കിലും നിലനിർത്താനും ഇത്തരത്തിലുള്ള ഒരാൾക്ക് കഴിയുന്നു. എന്നാൽ അയാൾ ലൈംഗിക ഉന്മാദത്തിലാണെന്ന് മറ്റുള്ളവർക്ക് കണ്ടുപിടിക്കാൻ കഴിയില്ല. മാത്രവുമല്ല തന്റെ ഇഷ്ടം പോലെ ഇതിനെ നിയന്ത്രിക്കാനും ഇയാൾക്കു കഴിയുന്നു. അസാധാരണമായ ആനന്ദം നീട്ടാമെന്നല്ലാതെ ഓർഗാസത്തിൽ നിന്ന് രക്ഷപ്പെടാൻ ഇയാൾക്ക് കഴിയില്ല. അതായത് നേരത്തെ സൂചിപ്പിച്ച രണ്ട് പോരായ്മകളും ഇവിടെ പരിഹരിക്കപ്പെട്ടതായി കാണുന്നു. 1. ലൈംഗിക ഉന്മാദം സെക്കന്റുകളിൽ നിന്ന് മണിക്കൂറുകളിലേക്ക് നീട്ടാം. 2. ഓർഗാസ സമയം 3 മിനിറ്റിൽ നിന്നോ 26 മിനിറ്റിൽ നിന്നോ എത്ര വേണമെങ്കിലും വർദ്ധിപ്പിക്കുകയും ആവർത്തിപ്പിക്കുകയും ചെയ്യാം. ബോധം ജാഗ്രത്തിലേക്ക് ഉണർന്നതിന്റെ ലക്ഷ്യമാണ് ഇവിടെ നിറവേറ്റപ്പെടുന്നത്. അതുകൊണ്ടാണ് ഈ അവസ്ഥയിൽ നിന്ന് മനുഷ്യമനസ്സിനെ മോചിപ്പിക്കാൻ പ്രയാസമാണ് എന്ന് പറയുന്നത്. മിസ്റ്റിക് അവസ്ഥ സംഭവിച്ചവർ മിക്കവാറും ഇത്തരം സുഖങ്ങൾക്ക് അടിമയാകുന്നു. അതുകൊണ്ടായിരിക്കണം അവർ ബ്രഹ്മചാരികളായി കാണപ്പെടുന്നത്. ബ്രഹ്മചര്യം പ്രകൃത്യാ സംഭവിക്കുകയാണ് ഇവിടെ ചെയ്യുന്നത്. എന്നാൽ അത് യഥാർത്ഥ ബ്രഹ്മചര്യമല്ല. വിറ്റ്നസിങ്ങിലൂടെ മനഭോഗത്തിൽ എത്തുന്നതിനു പകരം പ്രകൃത്യാ മനഭോഗത്തിൽ എത്തുന്നവരാണിവർ, അതായത് ലൈംഗിക സുഖം ഒരു വ്യക്തിയിൽ മാത്രം കേന്ദ്രീകരിക്കുന്ന അവസ്ഥ. ഈ അർത്ഥത്തിലാണ് ബ്രഹ്മചര്യം പരമാനന്ദമാണെന്ന് പറയുന്നത്. എന്നാൽ ഇത് യഥാർത്ഥ ബ്രഹ്മചര്യമല്ല. പ്രപഞ്ചകാരണമായ തിന്മയുടെ പൂർത്തീകരണമാണിത്. അതിനാൽ ഇത്തരം ആളുകൾ സമൂഹത്തിൽ വളരെ ഉയർന്ന ആഢംബരങ്ങളിലും സമ്പന്നതകളിലും ജീവിക്കുന്നു. ഇവരിൽ അതീന്ദ്രിയ ശക്തി പ്രകടമാകുന്നു. ആത്മാവിനെ സ്വതന്ത്രമാക്കാനുള്ള പൂർണ്ണ സാക്ഷിത്വത്തിലേക്ക് നയിക്കുവാനുള്ള ബുദ്ധി ഇവർക്ക് വികസിപ്പിക്കാൻ കഴിയണമെന്നില്ല. കാരണം നിഷ്കാമ ഊർജ്ജത്തിന്റെ അഭാവം തന്നെ. തിന്മയുടെ നെഗറ്റീവ് ഹോർമോൺ കുറവു കാരണം ലൈംഗിക വൈകൃതം ഇല്ല എന്നു മാത്രം. പക്ഷെ ഭൗതിക ജീവിതം ഇയാൾക്കെ

തിരെ തിരിഞ്ഞേക്കാം. പീഢനങ്ങൾ സ്വന്തം കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഇയാളെ തേടി എത്തിയേക്കാം. കാരണം ആത്മാവ് ഒരു പ്രത്യേക തലത്തിൽ എത്തിയിരിക്കുന്നു. അതിന് രക്ഷപ്പെടാനുള്ള അവസരം വന്നിരിക്കുന്നു. അതിനാൽ ആത്മാവ് സ്വയം പ്രവർത്തിക്കാൻ തുടങ്ങും. അപ്പോൾ അയാൾക്ക് മനസ്സിലാകും ജീവിതം തന്റെ നിയന്ത്രണത്തിലല്ല എന്നും അത് സംഭവിക്കുന്നതാണെന്നും. ഈ അറിവ് അയാളെ നിഷ്കാമകർമ്മം ചെയ്യാൻ പ്രേരിപ്പിക്കും. എന്നാൽ നിഷ്കാമകർമ്മത്തിന് വേണ്ട ഊർജ്ജം മനഭോഗത്താൽ നശിപ്പിക്കപ്പെടുന്നതു കൊണ്ട് ഇത് അസാദ്ധ്യമാകുന്നു. പാരമ്പര്യ ജീനുകൾ ഉൽപാദിപ്പിക്കുന്ന രാസപദാർത്ഥങ്ങളെ അതിജീവിക്കാനുള്ള നിഷ്കാമ ഊർജ്ജവും; വിറ്റ്നസിങ്ങിന് ആവശ്യമായ അത്രയ്ക്ക് ആന്തരിക ബുദ്ധിയും വികസിപ്പിക്കാൻ കഴിയാതെ പോകുന്നു. നിസ്വാർത്ഥത, നന്മ, സ്നേഹം, അനുകമ്പ എന്നിവ ഇവരെ ആത്മീയ അഹങ്കാരത്തിലേക്ക് നയിക്കുകയും സ്വയം മനുഷ്യദൈവമെന്ന് ഇവർ അംഗീകരിക്കുകയും മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. **ഇവിടെ മിസ്റ്റിക് ബുദ്ധിയുള്ളവർ മാത്രമെ രക്ഷപ്പെടുകയുള്ളു.** അവരുടെ ആത്മാവിന് രക്ഷപ്പെടാതിരിക്കാൻ കഴിയില്ല. ഇത്തരം ഒരു അവസരം ഏത് ജന്മത്തിലാണ് കിട്ടുക എന്നത് മുൻകൂട്ടി നിശ്ചയിക്കുക സാദ്ധ്യമല്ല. കാരണം ആത്മാവ് (വ്യക്തിബോധം) നിഷ്കാമമാണ്. എന്നാൽ അത് തിരിച്ചറിവുമാണ്. തിരിച്ചറിവു മനസ്സിൽ വല്ലാതെ ഉയർന്നതിനാൽ അയാൾക്ക് ദുശ്ശാഠ്യത്തിലേക്ക് തിരിച്ചു പോകാൻ സാദ്ധ്യമല്ല. അതിനാൽ അയാൾ തന്റെ അടുത്ത ശ്രമം ആരംഭിക്കുന്നു. മനഭോഗം മൂലമുള്ള ലൈംഗിക ഉന്മാദത്തിനു നേരെ സാക്ഷിത്വം ശക്തമാക്കുന്നു. അതെങ്ങിനെ എന്ന ചോദ്യത്തിന് ഉത്തരം എളുപ്പമല്ല. മിസ്റ്റിക് ബുദ്ധിയിൽ വളർന്ന ഒരാൾ അത് കണ്ടുപിടിച്ചിരിക്കും. കാരണം അടിസ്ഥാന ആഗ്രഹമായ ലൈംഗിക ആസക്തിയുടെ ഹോർമോണുകൾ ഏത് ഉന്മാദാവസ്ഥ സൃഷ്ടിച്ചാലും ആത്മാവ് സ്വതന്ത്രമാക്കപ്പെടുകയില്ല. ഓർഗാസത്തെ സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. പേശികളുടെ ഒരു തരം സങ്കോചവും അതുമൂലമുള്ള ചില സ്രവങ്ങളുടെ താഴേക്കുള്ള തള്ളലുമാണത്.

ശരീരത്തിന്റെ നിലനിൽപ്പിനാവശ്യമായ നാല് ദ്വാരങ്ങളാണ് മൂക്ക്, വായ, മലദ്വാരം,മൂത്രദ്വാരം. ഇവയിൽ രണ്ടെണ്ണം സുഷുമ്ന നാഢിയുടെ മുകളറ്റ ത്തും രണ്ടെണ്ണം താഴെയുമാണ്. ശ്വാസം പ്രാണനെയും, ആഹാരം ശരീരത്തെയും പിൻതാങ്ങുന്ന ഘടകങ്ങളാണ്. ഇവ രണ്ടും



ഇല്ലെങ്കിൽ ബുദ്ധിയും ശരീരവും നിലനിൽക്കില്ല. വിസർജ്യാവയവങ്ങൾ വയറിനു താഴെയും സുഷുമ്ന നാഢിയുടെ താഴത്തെ അറ്റത്തുമാണ്. ലൈംഗിക ഹോർമോണുകൾ ഈ ഭാഗത്ത് ഉത്പ്പാദിപ്പിക്കപ്പെടുകയും ലൈംഗിക സുഖം ഇവിടെ അനുഭവപ്പെടുകയും ചെയ്യുന്നു. അതുമൂലമുള്ള സ്രവങ്ങൾ പുരുഷന്മാരിൽ ഓർഗാസത്തിലൂടെ പുറത്തേക്ക് പോകുന്നത് മൂത്രദ്വാരത്തിൽ കൂടിയാണ്. അതിനാൽ നിഷ്കാമ ഊർജ്ജം നശിപ്പിക്കപ്പെടുന്നത് ഈ ഭാഗത്തുവച്ചാണ് എന്ന് നമുക്ക് മനസ്സിലാക്കാം. ബോധശാസ്ത്ര സൂത്രങ്ങൾ ഉപയോഗിച്ച് ഈ ഊർജ്ജത്തെ മുകളിലേക്ക് ഉയർത്താൻ കഴിയും.

ഒരു പ്രത്യേക സ്ഥലത്ത് ചമ്രം പടഞ്ഞിരുന്ന് ജപങ്ങളും ആവർത്തന പ്രാർത്ഥനകളും ഉരുവിടുന്നത് അദ്ധ്വാനിക്കാൻ മനസ്സില്ലാത്തവരും സ്വാർത്ഥരുമാണ്. അങ്ങിനെ ഇരിക്കുമ്പോൾ ചില മാനസിക വിഭ്രമങ്ങൾ ഉണ്ടായേക്കാം. അവയെ ആത്മീയ അനുഭവമായി തെറ്റിദ്ധരിക്കുന്നതും. ഇത് മനസ്സിന്റെ അതീന്ദ്രിയ സൂത്രങ്ങൾ തന്നെയാണ്. വലിയ വായിൽ ചില പ്രാർത്ഥനാമന്ത്രങ്ങൾ ആവർത്തനത്തിൽ വിളിച്ചു കൂവുന്നതും മനസ്സിനെ ഒരു തരം ഹിപ്നോട്ടിക് അവസ്ഥയിൽ എത്തിക്കുകയും അവ നൽകുന്ന മാനസിക വിഭ്രമങ്ങളും തോന്നലുകളും യാഥാർത്ഥ്യമെന്ന് സങ്കൽപ്പിക്കുന്നതും അവ ആത്മീയ അനുഭവങ്ങളായി തെറ്റിദ്ധരിപ്പിക്കുകയും മനസ്സിന്റെ മേൽപ്പറഞ്ഞ അതീന്ദ്രിയ സൂത്രങ്ങൾ തന്നെയാണ്. അന്ധൻ ആനയെ വർണ്ണിക്കുന്നതിന് സമാനമായ വിഡ്ഢിത്തമാണിത്. ഇല്ലാത്ത രോഗങ്ങൾ അശാസ്ത്രീയവും അമിതവുമായ ആഹാര രീതികളിലൂടെ ശരീരത്തിൽ ക്ഷണിച്ചു വരുത്തി പ്രാണായാമവും യോഗയും രോഗശാന്തി പ്രാർത്ഥനയും നടത്തി പരിഹരിക്കാൻ ശ്രമിക്കുന്ന ഒരു തലമുറയോട് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല.

ലൈംഗിക ഹോർമോണുകൾ നൽകുന്ന ആസക്തിക്ക് നിസ്സംഗതയും വതുനിഷ്ഠതയും കൊണ്ട് സാക്ഷിയാകുമ്പോൾ ബോധം ഉയരുകയും നെഗറ്റീവ് വികാരാനുഭവങ്ങൾ തന്നെ ബാധിക്കുന്നില്ല എന്ന് മനസ്സിലാക്കുകയും ചെയ്യും. **ഇത് തന്നെയാണ് യഥാർത്ഥ ബ്രഹ്മചര്യവും.** ഇത് സംഭവിക്കുന്നതിന് ബോധത്തെ ബുദ്ധി ഉപയോഗിച്ച് സാക്ഷിയാക്കി നിർത്തേണ്ടതിനും ആവശ്യമായ ജ്ഞാനവും വസ്തുനിഷ്ഠതയും ഒരു മനുഷ്യൻ തന്റെ നിശ്ചയ ധാർഢ്യം കൊണ്ടും ഭയമില്ലായ്മ കൊണ്ടും ഉണ്ടാക്കി എടുത്തേപറ്റു. മനസ്സിന്റെ ഒരു തരത്തിലുള്ള തട്ടിപ്പും

ഇവിടെ വിലപ്പോവുകയില്ല. അങ്ങിനെ നിഷ്കാമ ഊർജ്ജം മുകളിലേക്ക് ഉയരുവാൻ തുടങ്ങുമ്പോൾ നെഗറ്റീവ് ഹോർമോണുകളുടെ ഉത്പാദനം അതിനു നേർ ആനുപാതികമായി കുറയുകയും മനഭോഗത്തിൽ നിന്ന് മനസ്സ് എന്നന്നേയ്ക്കുമായി വേർപെടുകയും വിശദീകരിക്കാനാവാത്ത ഒരു പ്രതിഭാസത്തിലൂടെ ഈ ഊർജ്ജം മേൽവയറ് ഹൃദയം എന്നീ ഭാഗങ്ങളിൽ കൂടി തൊണ്ടയുടെ ഭാഗത്ത് എത്തുന്നതായി അനുഭവപ്പെടുകയും ചെയ്യുന്നു. ഇത് സുഷുമ്ന നാഡിയുടെ ഇരുവശങ്ങളിൽക്കൂടി മുകളിലേക്ക് വളഞ്ഞ് തിരിഞ്ഞ് ഒഴുകുന്ന ഒരു തരം ശക്തിയായി ചില പുരാണ പുസ്തകങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത് വളരെ തെറ്റായതും ബുദ്ധിയെ കബളിപ്പിക്കുന്നതുമായ അറിവുകളാണ്. ഇത് ശക്തിയോ ഭൗതിക ഊർജ്ജമോ അല്ല. ഇത് മുകളിലേക്ക് ഉയരുന്ന ഒരനുഭവം ഒരു തരത്തിലും വിശദീകരിക്കാനാവാത്തതുമാണ്. മനസ്സിൽ ഇത് പ്രതിഫലിക്കുന്നത് ഒരു ഭൗതിക ഊർജ്ജാനുഭവമായിട്ടല്ല. എന്നാൽ മനസ്സിന്റെ STR കുത്തനെ താഴ്ന്ന് പോകുന്നതായി അനുഭവപ്പടുന്നു. ഈ അനുഭവപ്പെടലും ശരിയല്ല. കാരണം മനസ്സ് ബുദ്ധിക്കു സാക്ഷിയായി നിൽക്കുകയും ആ സാക്ഷിത്വം ശക്തവുമാകുമ്പോൾ യഥാർത്ഥ ബോധം ബുദ്ധിയിൽ നിന്ന് വേർപെട്ട് നിൽക്കുന്ന അനുഭവവുമാണ്. ഇതാർക്കും സാദ്ധ്യമാണ്. മനസ്സിന്റെ അതീന്ദ്രിയ ശക്തികൾക്കപ്പുറമാണ് ഇതിന്റെ നിലനിൽപ്പ്. അസാധാരണമായ ഒരു നിശ്ശബ്ധതയും ഏകാന്തതയും മനസ്സിന് അനുഭവപ്പെടുന്നു. ശരീരം ജീവൻ ആയിരിക്കുന്നിടത്തോളം ബുദ്ധിയും അത് ഉൾപ്പെട്ട മനസ്സും കൽപ്പിക്കപ്പെട്ട അതിന്റെ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകും. പ്രകൃതിദത്തമായ പ്രതിഭാസങ്ങളെ മനസ്സു കൊണ്ട് തടസ്സപ്പെടുത്തിയാൽ ശരീരത്തിന്റെയും മനസ്സിന്റെയും പ്രവർത്തനങ്ങൾ വികലമായി പ്രവർത്തിക്കുമെന്ന് മനസ്സിലാക്കുക. രോഗങ്ങളും മാനസിക വൈകല്യങ്ങളും പ്രതിഫലിക്കും. മനസ്സിനെ നിയന്ത്രിക്കുക എന്നത് വെറും തോന്നലാണ്. മനസ്സ് സാക്ഷിയാകുമ്പോൾ നിയന്ത്രിക്കപ്പെടുന്നു എന്ന് തോന്നുകയാണ്. ഇന്നത്തെ രീതിയിലുള്ള ധ്യാനം കൊണ്ട് മനസ്സിനെ നിയന്ത്രിക്കാൻ കഴിയുമെന്നത് ശുദ്ധ തട്ടിപ്പും ചൂഷണ മാർഗ്ഗവുമാണ്.

യഥാർത്ഥ ബ്രഹ്മചര്യം മൂലം മനസ്സിൽ നിലനിൽക്കുന്ന പരമനന്ദം മനസ്സിന്റേതല്ല എന്ന് തെളിയിക്കുന്നത് mood change ഇല്ല എന്ന് മനസ്സിലാകുമ്പോഴാണ്. സാധാരണ മനുഷ്യമനസ്സിൽ സംഭവിക്കുന്ന എല്ലാ സന്തോഷ സന്താപങ്ങളും mood change-ൽ നിന്നാണ് വരുന്നത്. അത് കാര്യ-കാരണ സഹിതവുമായിരിക്കും. ഈ ന്യൂട്രൽ ഊർജ്ജം



മസ്തിഷ്കത്തിൽ എത്തു മ്പോൾ ബോധം പൂർണ്ണ സാക്ഷിയാകുകയും 24-മണിക്കൂറും ഉണർന്നിരിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെ ഉണർന്നിരുന്ന് ഉറങ്ങുന്ന അവസ്ഥ എന്ന് പറയുന്നു. അത് മനസ്സിന്റെ പ്രകമ്പനങ്ങളുടെ താൽക്കാലികമായ പിൻവാങ്ങലാണ്. ഉറക്കത്തെ ശ്രദ്ധിച്ചാൽ രണ്ട് കാര്യങ്ങൾ വ്യക്തമാകും. ഒന്നാമത്തേത് സ്വപ്നം കണ്ടുകൊണ്ട് അബോധത്തിലുള്ള ഉറക്കം. ഈ ഉറക്കത്തിൽ മനസ്സിന്റെ STR സ്വപ്നങ്ങളായി പ്രത്യക്ഷപ്പെടുകയും ഉണർന്നിരിക്കുമ്പോഴുള്ള അതേ അവസ്ഥ തന്നെ നാം അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ സ്വപ്ന ലോകത്ത് ആയിരിക്കുമെന്നേയുള്ളു. രണ്ടാമത്തേത് STR നിലനിൽക്കാത്ത ഗാഢനിദ്ര. ഏതാനും മിനിറ്റുകളെ ഇത്തരത്തിലുള്ള നിദ്ര മനുഷ്യനിൽ നിലനിൽക്കുന്നുള്ളു എന്ന് മനശാസ്ത്രം പറയുന്നു. ഇതാണ് യഥാർ ത്ഥമായ ഉറക്കം. ഈ ഉറക്കത്തിൽ മനസ്സ് മറ്റേതോ പരിമാണത്തിലേക്ക് താത്ക്കാലികമായി തെന്നി മാറുകയാണ്. ശരീരത്തിലെ രോഗങ്ങളും പോരായ്മകളും ഇല്ലാതാക്കുന്നത് ഈ സമയത്താണെന്ന് കാണാം. അതുകൊണ്ടാ ണ് എല്ലാ മരുന്നുകളിലും ഉറക്കത്തെ സഹായിക്കുന്ന രാസവസ്തുക്കൾ ചേർത്തിരിക്കുന്നത്. ഈ ഗാഢനിദ്രയിൽ STR പൂജ്യമാണെന്ന് കാണാം. മരണത്തിനോട് സമാനമായ ഒരവസ്ഥയാണിത്. ഓർമ്മ ശക്തിയാണ് തുടർന്ന് ജീവിക്കാനുള്ള അഹത്തെ തുടർച്ചയാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതും അഹം തുടർന്ന് വളരുന്നതും. ഉണർന്നിരുന്ന് ഉറങ്ങുന്ന അവസ്ഥയായ ധ്യാനത്തിൽ ബോധം പൂർണ്ണ അവബോധത്തിൽ നിലനിൽക്കുകയും STR പൂജ്യത്തിന് വളരെ സമീപം എത്തുകയും ചെയ്യുന്നു. ശരീരത്തിൽ ജീവൻ നിലനിർത്തുന്നതിനാവശ്യമായ അഹം മാത്രമെ STR ആയി നിലനിൽക്കുകയുള്ളു. അതിനാലാണ് ഈ അവസ്ഥയെ ഉണർന്നിരുന്ന് ഉറങ്ങുന്ന അവസ്ഥ എന്ന് പറയുന്നത്. **ഇതിനെയാണ് പരമാനന്ദാവസ്ഥ എന്ന് പറയുന്നത്.** ഈ അവസ്ഥയിൽ എത്തുന്ന ഏതൊരു മനുഷ്യനും ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിന്നും രക്ഷ നേടുകയും ഏകാന്തത ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഇയാളുടെ ജീവിത കർമ്മങ്ങളെയാണ് നിഷ്കാമ കർമ്മം എന്ന് പറയുന്നത്. ഈ അവസ്ഥയെ പ്രത്യാഹാര അഥവാ non-attachment എന്നും പറയുന്നു. ഇത്തരത്തിലുള്ള ഒരാൾ ആത്മാവിനെ പൂർണ്ണമായും **തിരിച്ചറിയുകയും അനുഭവിക്കുകയും** ചെയ്യുന്നു. ബോധശാസ്ത്ര രീതികളിലൂടെ ആർക്കും ഈ അവസ്ഥയിൽ എത്തിച്ചേരാം. ഇതിൽ രഹസ്യങ്ങളോ സൂത്രങ്ങളോ ഒന്നും തന്നെയില്ല. താൻ മനസ്സല്ല, ശരീരവുമല്ല. ശുദ്ധ തിരിച്ചറിവ് ആണെന്ന്

അയാൾ അറിയുന്നു. അതു തന്നെയാണ് തന്റെ ആത്മാവെന്നും. തിന്മയുടെ ഒരു സൂത്രവും ഇയാളിൽ വിലപ്പോകില്ല. അതിനാൽ ആന്തരിക ഉന്മാദത്തെയും ഓർഗാസത്തെയും ശക്തമായി വിറ്റിനസ് ചെയ്യുകയും ഒരു ദിവസം ബോധോദയം പൂർണ്ണമാകുകയും അതോടെ യഥാർത്ഥ ബ്രഹ്മചര്യത്തിൽ എത്തുകയും ചെയ്യുന്നു. തുടർച്ചയായ 90 ദിവസമാണ് ഹോർമോൺ പൂർണ്ണമായി നിറുത്തുന്നതിന് ആവശ്യമെന്ന് ബോധ ശാസ്ത്രം കണ്ടെത്തിയിരിക്കുന്നത്. അതായത് ചിലപ്പോൾ രണ്ടോ മൂന്നോ വർഷം ശക്തമായ വിറ്റ്നസിങ്ങ് പരിശീലിക്കേണ്ടി വരും. കാരണം മനസ്സ് തന്റെ ഉയർന്ന ഉന്മാദത്തെ വിടാൻ ഒരിക്കലും അനുവദിക്കുകയില്ല. പര സഹായമോ സ്വന്തം ലൈംഗിക അവയവങ്ങളുടെ സഹായമോ ആവശ്യമില്ലാത്ത ഈ സുഖം മനസ്സ് പെട്ടെന്ന് ഉപേക്ഷിക്കില്ല. കണ്ണുകളടച്ച് മനസ്സിലേക്ക് തൃഷ്ണയോടെ നോക്കിയാൽ മതി. ഇതിൽ നിന്നും രക്ഷപ്പെടാൻ ചിലപ്പോൾ അസാദ്ധ്യമെന്ന് പോലും തോന്നിപ്പോകും. പക്ഷെ കഴിയും. തീർച്ചയായും കഴിയും. മനസ്സ് നിഷ്കാമ കർമ്മത്തിലേക്ക് വരും. അതിലൂടെ നിഷ്കാമ ജീവിതം ആരംഭിക്കുകയും ചെയ്യും. മനോഹരമാണ് ആ ജീവിതം. പരമാനന്ദ അവസ്ഥ എന്തെന്ന് അറിയും. പക്ഷെ അറിയാൻ ഒരു ആൾ ഉണ്ടാവില്ല എന്ന് മാത്രം. അങ്ങിനെ യഥാർത്ഥ ബ്രഹ്മചര്യം സംഭവിക്കുകയും മനസ്സ് ഓർഗാസത്തിൽ നിന്നും ലൈംഗിക ഹോർമോണുകളുടെ ഉത്പാദനത്തിൽ നിന്നും എന്നന്നേയ്ക്കുമായി രക്ഷപ്പെ ടുകയും ചെയ്യുന്നു. എന്നാൽ ലൈംഗികത നിലനിൽക്കുകയും ചെയ്യുന്നു. പക്ഷെ മനസ്സ് ഒരു സാക്ഷിയായതിനാൽ അതിന് ഹോർമോണുകളെ ഉത്പാദിപ്പിക്കാൻ കഴിയാതെ വരുന്നു. വളരെ മനോഹരമായ ഒരു ജീവിതമാണ് ഇത്. ഇതിൽ എത്താതെ എത്ര വർണ്ണിച്ചിട്ടും കാര്യമില്ല. നീന്തൽ അറിയാവുന്നവനെ നീന്തൽ അറിയാത്തവൻ മനസ്സിലാക്കുന്നതുപോലെ ഇരിക്കും ഇത്.

ആഹാരത്തിലൂടെ ലഭിക്കുന്ന ഗ്ലൂക്കോസ് ഓക്സിജനുമായി ചേർന്ന് കോശങ്ങളിൽ വച്ച് പ്രവർത്തിക്കുമ്പോൾ ഊർജ്ജവും കാർബൺ ഡൈ ഓക്സൈഡും ഉണ്ടാകുന്നു എന്ന് ജീവശാസ്ത്രം തെളിയിച്ചിരിക്കുന്നു. ഈ ഊർജ്ജമാണ് ശാരീരിക പ്രവൃത്തികൾക്കും മാനസിക വ്യാപാരങ്ങൾക്കും ഉപയോഗിക്കുന്നതായി കണക്കാക്കപ്പെടുന്നത്. ഒരാൾ തനിക്ക് പരിചയമുള്ള കായിക പ്രവൃത്തിയിൽ ഏർപ്പെടുമ്പോൾ ഇടയ്ക്കിടെ വെള്ളവും ആഹാരവും കഴിക്കുമെന്നല്ലാതെ അയാളുടെ ജോലിക്ക് ഊർജ്ജം ഒരു തടസമാകുന്നില്ല. അങ്ങിനെ 8



മണിക്കൂറോ 10 മണിക്കൂറോ അതിൽ കൂടുതലോ അയാൾക്ക് പ്രവൃത്തി ചെയ്യാൻ കഴിയുന്നു. അത് കഴിയുമ്പോൾ അയാൾ സുഖമായി ഉറങ്ങുന്നു. കാരണം ലൈംഗിക ആസക്തി ഇത്തരം സന്ദർഭത്തിൽ വളരെ കുറവായിരിക്കുമെന്ന് മാത്രമല്ല ഭോഗത്തിനുള്ള അവസരം ഉണ്ടാക്കാതെ ശരീരം പെട്ടെന്ന് ഉറക്കത്തിലേക്ക് കടക്കുകയും ചെയ്യുന്നു. പിറ്റേദിവസം ഏറ്റവും അധികം കാര്യക്ഷമമായി ജോലി ചെയ്യാൻ സാധിക്കുകയും ചെയ്യുന്നു. ഇത് ഒരു അനുഭവമാണ്. എന്നാൽ ഓർഗാസം എന്ന ശാരീരിക പ്രവർത്തനം സ്വയംഭോഗത്തിലൂടെയോ സംഭോഗത്തിലൂടെയോ രണ്ടോ മൂന്നോ പ്രാവശ്യം ഒരു ദിവസം നടത്തുന്ന ഒരാൾക്ക് എഴുന്നേറ്റ് നിൽക്കാനുള്ള ഊർജ്ജം ഇല്ലാതാവുകയും കോപം,വെറുപ്പ്,വിദ്വേഷം,പക,പ്രതികാരം എന്നിങ്ങനെയുള്ള അധമ വികാരങ്ങൾക്ക് അടിമയാകുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഒന്നും നിയന്ത്രിക്കാൻ കഴിയാത്ത ഒരു മാംസ പിണ്ഡമായി ശരീരം അയാൾക്ക് അനുഭവപ്പെടുന്നു. കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും ദുരിതങ്ങളും ദുഃഖങ്ങളും ഭ്രാന്തും ആത്മഹത്യയും എല്ലാം വളരെ നിസ്സാരമായ ഭൗതിക കാരണങ്ങളിൽ നിന്നാണ് ഉണ്ടാകുന്നതെന്ന് നമുക്ക് കണ്ടെത്താൻ കഴിയും. ചെറുപ്പക്കാരിലെ മദ്യപാനവും പുകവലിയും ആത്മഹത്യ പ്രവണതയും അക്രമ വാസനയും നിരാശയും മടിയും ഉദാസീനതയും സ്വയംഭോഗത്തിൽ നിന്നാണ് ഉണ്ടാകുന്നത്. എന്നാൽ ആഹാരം ജലം ഇവയുടെ അളവിൽ വ്യത്യാസം വരുന്നുമില്ല. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. ആഹാരം നൽകിയ ഊർജ്ജമല്ല ഓർഗാസത്തിനായി ഉപയോഗിക്കപ്പെട്ടത്. മറിച്ച് ഏതോ നിഗൂഢമായ ഒരു ഊർജ്ജമായിരുന്നു അത്. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ ആഹാരത്തിൽ നിന്ന് ഊർജ്ജം ലഭിച്ചിട്ടും ഒന്നും ക്ഷമിക്കാനും സഹിക്കാനും കഴിയാതെ കോപിക്കുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും നിരാശയിലും ദുഃഖത്തിലും ആകേണ്ട കാര്യം ഉണ്ടാകുമായിരുന്നില്ല. അതായത് തിന്മയുടെ വികാരങ്ങളെയോ അതുണ്ടാക്കുന്ന ഹോർമോണുകളേയോ നിയന്ത്രിക്കാൻ ആഹാരത്തിൽ നിന്നുള്ള ഊർജ്ജം സഹായിക്കുകയില്ല എന്ന് മാത്രമല്ല തിന്മ പ്രവൃത്തികളിൽ ഈ ഊർജ്ജം ഉപയോഗിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേ കത. വാശിയും വൈരാഗ്യവും പ്രതികാര ചിന്തയും ഉള്ളവന് വിശപ്പ് കുറയുന്നതായി കാണുന്നു. എന്നാൽ അവരുടെ കായിക ശക്തിക്ക് കുറവ് വരുന്നില്ലതാനും. വളരെ കായിക ബലം കുറഞ്ഞവർ നിസ്സാരമായി കൊലപാതകങ്ങൾ ചെയ്യുന്നതായി നമുക്കു പത്രങ്ങളിൽ

നിന്ന് അറിയാൻ കഴിയുന്നു. അതായത് അധമ വികാരങ്ങൾക്കും ഓർഗാസത്തിനും കാരണമാകുന്നത് ആഹാരത്തിൽ നിന്നുള്ള ഊർജ്ജ മല്ല എന്നും ഇത് കാണിക്കുന്നു.

ആഹാരവുമായി നേരിട്ട് ബന്ധമില്ലാത്ത ഈ ന്യൂട്രൽ ഊർജ്ജം ഒരു തരം തൃഷ്ണയെ സൃഷ്ടിക്കുന്നതായി കാണാം. ഒരുതരം അഭി നിവേശം ഒരു തരം ആർത്തി. ഒരു ദിവസം മുഴുവനും ലൈംഗിക ചിന്ത യിൽ മുഴുകുന്ന മനസ്സിന് ഈ സുഖം യാഥാർത്ഥ്യമായി അനുഭവിക്കു ന്നത് ഓർഗാസത്തിന് മുമ്പ് അഞ്ചോ പത്തോ മിനിറ്റും ഓർഗാസത്തിൽ ഏതാനും സെക്കന്റുകളും മാത്രമാണ്. അതുകൊണ്ടാണ് ഇതിനെ നൈമിഷിക സുഖം എന്ന് പറയുന്നത്. ഈ സുഖം ഒന്നിൽ കൂടുതൽ പ്രാവശ്യം ആവർത്തിക്കാൻ ശരീരത്തിനും മനസ്സിനും വളരെ ബുദ്ധിമു ട്ടാണ്. മാത്രമല്ല ഒരു ഓർഗാസത്തിനു മുമ്പുള്ള മാനസികാവസ്ഥ വീണ്ടും അതേപടി പുനഃസ്ഥാപിക്കപ്പെടുന്നത് ഏകദേശം 14 ദിവസത്തിന് ശേഷമാണെന്ന് ബോധശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. അപ്പോൾ ദിവ സവും ഭോഗത്തിൽ ഏർപ്പെടുന്ന മനുഷ്യരുടെ മാനസികാവസ്ഥയെ ക്കുറിച്ചും അധമ വികാരങ്ങളെക്കുറിച്ചും കൂടുതൽ പറയേണ്ട ആവശ്യ മില്ലല്ലോ. തിന്മയിൽ നിന്ന് നന്മയിലേക്ക് വളരാൻ ആവശ്യമായ ബോധം ഉയർത്താൻ അവബോധത്തിനോ ബുദ്ധിക്കോ കഴിയാതെ പോകുന്നു. തിന്മയിൽ ജീവിതം നിലനിൽക്കാനാവശ്യമായ ഒരു മിനിമം അവബോ ധമെ ബുദ്ധിയുമായി പ്രവൃത്തിക്കുകയുള്ളു. **അതുകൊണ്ടാണ് യഥാർത്ഥ ജീവിതത്തിന്റെയും ആത്മാവിന്റെയും ഉയർന്ന മൂല്യങ്ങ ളായ സ്നേഹം ദീനാനുകമ്പ,കരുണ, ആത്മാർത്ഥത, ധൈര്യം, യഥാർത്ഥ വിശ്വാസം ഇതെല്ലാം ബന്ധങ്ങളുടെ ബന്ധനങ്ങൾ നില നിർത്താൻ ആവശ്യമായ ആപേക്ഷിക സ്നേഹമായും അനുകമ്പ യായും കരുണയായും ഒക്കെ മാറ്റപ്പെടുന്നത്.** അത്തരം സ്നേഹ ത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് സ്വാർത്ഥതയും ആഗ്രഹങ്ങളും തന്നെയാണ്. മനസ്സിന്റെ ആപേക്ഷിക തലത്തിലുള്ള ബുദ്ധിയിലാണ് ഇത്തരം മൂല്യങ്ങൾ നിലനിൽക്കുന്നത്. **അത് തിന്മയെ നന്മയായി ബുദ്ധി തെറ്റിദ്ധരിപ്പിക്കുകയാണ്.** കാരണം ജീവിതത്തിന്റെ ഉയർന്ന മൂല്യങ്ങ ളായ നിഷ്കാമ സ്നേഹത്തിലേക്കും കരുണയിലേക്കും അനുകമ്പയി ലേക്കും വളരാൻ ആവശ്യമായ നിഷ്കാമ ഊർജ്ജം ഒട്ടും തന്നെയില്ല. ഈ അർത്ഥത്തിൽ ഭൗതിക ജീവിതം ഒരു തരം ജയിൽ വാസം തന്നെ യാണ്. തിരിച്ചറിവെന്ന ആത്മാവ് നിലനിൽക്കുന്നതിനാൽ അതിനെ



സ്വതന്ത്രമാക്കാൻ ബുദ്ധി ഇടയ്ക്കിടെ ഓർമ്മപ്പെടുത്തുകയും എന്നാൽ ബോധം ഉയർത്താനുള്ള നിഷ്കാമ ഊർജ്ജം സദാസമയവും നശിപ്പി ക്കപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ ജീവിതം പ്രാര ബ്ധമായും ദുരിതങ്ങൾ നിറഞ്ഞതായും മാറുന്നു. മോചനം അത്ര എളു പ്പമല്ല.

ഊർജ്ജത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെ വിശകലനം ചെയ്താൽ, ജീവിതം മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. ഭൗതിക ഊർജ്ജം ശരീരത്തിന്റെ കായിക പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും ഹോർമോൺ പ്രവർത്തനങ്ങൾക്കും ഇവയെ എല്ലാം ഏകോപിപ്പിക്കു ന്നതിനും പ്രധാന പങ്ക് വഹിക്കുന്നു. ആഹാരവും ജലവും ഓക്സിജ നുമാണ് ഈ ഊർജ്ജത്തെ ഉത്പാദിപ്പിക്കുന്നത്. എന്നാൽ യതാർത്ഥ ബ്രഹ്മചര്യത്തിൽ നിന്നു മാത്രം പുറപ്പെടുന്ന ഊർജ്ജമാണ് ന്യൂട്രൽ ഊർജ്ജം അഥവാ നിഷ്കാമ ഊർജ്ജം. ഓർഗാസം എന്ന പേശിപ്ര വർത്തനം മൂലം ലഭിക്കുന്ന സുഖമാണ് ഈ ഊർജ്ജത്തിന്റെ ഭൗതിക ലക്ഷ്യം. ഇതിന്റെ ആത്മീയ സാദ്ധ്യത മനുഷ്യന് അറിയില്ല. എന്നാൽ ഈ പേശിപ്രവർത്തനത്തിലൂടെ മനസ്സ് ഈ സുഖം വളരെ നൈമിഷിക മായി അനുഭവിക്കുകയും അതിനാൽ ഈ നിഷ്കാമ ഊർജ്ജം പൂർണ്ണ മായും നഷ്ടപ്പെടുകയും അതിനു ശേഷം ശരീരവും മനസ്സും ബോധം കുറഞ്ഞ ഒരു മൃഗീയ അവസ്ഥയിലേക്ക് താഴ്ത്തപ്പെടുകയും ചെയ്യു ന്നു. ശരീരത്തിൽ നിലനിൽക്കുന്ന ഈ ഊർജ്ജത്തിന്റെ അടിസ്ഥാന ത്തിൽ മനുഷ്യരെ മൂന്നായി തരം തിരിക്കാം. ജന്മനാ ശരീരത്തിൽ ഒളി പ്പിക്കപ്പെട്ടിരിക്കുന്ന ഈ ന്യൂട്രൽ ഊർജ്ജാവസ്ഥ ഒരു പ്രതിഭാസമാ ണ്. 1. ഭൗതിക ജീവിതമെന്ന ആഗ്രഹത്തിലും ലക്ഷ്യങ്ങളിലും ഒരു സമൂ ഹജീവിയെന്ന ബോധത്തോടെ നിയമങ്ങൾ പാലിക്കാൻ ശ്രമിച്ചു കൊണ്ട് നിയമത്തിനു വേണ്ടി ജീവിക്കുന്ന ഒരു തരം മനുഷ്യരെ സൃഷ്ടിക്കു ന്നു. ഇവരെ നാം സാധാരണക്കാർ എന്ന് പറയുന്നു. സമ്പന്നരും ദരി ദ്രരും വിദ്യാസമ്പന്നരും ഈ കൂട്ടത്തിൽ വരുന്നു. 2.ലൈംഗിക ആസക്തി സാഹചര്യങ്ങളുടെ പ്രേരണ കൊണ്ട് ശക്തമായ Perver- sion-ലേക്ക് പോകുകയും ഓർഗാസം വളരെ ദീർഘമായ വേളകളിൽ സംഭവിക്കുകയും ചെയ്യുന്ന ഒരു കൂട്ടം അധമബോധത്തിൽ ജീവിക്കുന്ന മനുഷ്യരാണ് രണ്ടാമത്തെ കൂട്ടർ. ഇവർ അന്തർമുഖരും മാനസിക നില ആന്തരികതയിൽ തെറ്റിയവരും ആയിരിക്കും. അതിനാൽ സാധാരണ മനുഷ്യരെപ്പോലെ പെരുമാറുമെങ്കിലും പ്രതികാരം, ആത്മഹത്യ, വഞ്ച

ന, കൊലപാതകം, ക്രൂരത എന്നിവയിൽ താൽപ്പര്യം ഉള്ളവരായിരിക്കും. കാരണം ന്യൂട്രൽ ഊർജ്ജം സാധാരണക്കാരെക്കാൾ കൂടുതലായിരിക്കും ഇവരിൽ. പക്ഷെ ആ ഊർജ്ജം ദുശ്ശാഠ്യമായി നിലനിൽക്കുന്നതിനാൽ ഇവരിൽ ഒരുതരം നൈമിഷിക ധൈര്യം ഭയമില്ലായ്മ ഇവ കാണപ്പെടുന്നു. അതുകൊണ്ട് ഇത്തരം അധമ പ്രവൃത്തികൾ ചെയ്യാൻ ഇടയാകുന്നു. ഇവരെ neurotic or erotic എന്ന് പറയുന്നു. ലോകത്തിൽ തിന്മ,ക്രൂരത ഇവ ശക്തമായി നിലനിൽക്കുന്നത് ഇവരിലൂടെയാണ്. 3.ബ്രഹ്മചര്യം പ്രകൃതിദത്തമായി സംഭവിക്കുന്നതിലൂടെ ന്യൂട്രൽ ഊർജ്ജം ഹൃദയഭാഗത്തേക്ക് ഉയർന്നവരാണ് മൂന്നാമത്തെ കൂട്ടർ. ഇത് പ്രകൃത്യാ നടക്കുന്ന ഒരു പ്രതിഭാസമാണ്. ന്യൂട്രൽ ഊർജ്ജം അറിവിന്റെ മങ്ങിയ വെളിച്ചത്തിൽ നിലനിൽക്കുന്നതിനാൽ ഭാഗികമായി നിഷ്കാമ കർമ്മികളും നിഷ്കളങ്കരും സ്വാർത്ഥത വളരെ കുറഞ്ഞവരും അനുകമ്പയുള്ളവരും ആയിരിക്കും. ഇവരെയാണ് നാം മിസ്റ്റിക് അവസ്ഥയിൽ ജനിച്ചവർ എന്ന് പറയുന്നത്. ഇവരിലൂടെയാണ് തിന്മയെ compensate- ചെയ്ത് നന്മ ഭൂമിയിൽ നിലനിർത്തുന്നത്. മനുഷ്യദൈവങ്ങളായി മാറുന്ന ഇവർ ഒരർത്ഥത്തിൽ കൊലപാതകികൾക്കും ക്രൂരന്മാർക്കും തുല്യർ തന്നെയാണ്. ആത്മാവിനെ നിത്യതയിലേക്കും പരമാനന്ദത്തിലേക്കും നിർവ്വാണയിലേക്കും കടത്താൻ കഴിവുള്ളവരാണെങ്കിലും ബുദ്ധിയെ തിരിച്ചറിവിന്റെ ആപേക്ഷികമായ മൂല്യങ്ങൾ (സ്നേഹം,ദയ,അനുകമ്പ) കൊണ്ട് മറച്ചു പിടിക്കുന്നതിനാൽ ബുദ്ധിയെ വികസിപ്പിക്കാൻ ഇവർക്ക് കഴിയാതെ പോകുന്നു. ആ അർത്ഥത്തിലാണ് ഇവർ ആത്മഹത്യ ചെയ്യുന്നവർക്കും കൊലപാതകികൾക്കും തുല്യമാകുന്നത്. ഇവർ സമൂഹത്തെ ഏറെ തെറ്റിദ്ധരിപ്പിക്കുന്നു. ആത്മാവിനെ കണ്ടെത്തുന്നതിൽ നിന്നും അവയെ മോചിപ്പിക്കുന്നതിൽ നിന്നും ഇവർ മനുഷ്യരെ തടയുന്നു. Dogmatism എന്ന സാമൂഹിക അനീതി ഇവരിൽ നിന്നാണ് രൂപം കൊള്ളുന്നത്. എന്നാൽ അനുഭവജ്ഞാനത്തിലേക്കും അതുമൂലം ബുദ്ധിയുടെ ആന്തരിക വികാസത്തിനും നിഷ്കാമ ഊർജ്ജത്തിന്റെ മുകളിലേക്കുള്ള ഉയർച്ചയും ഇവർ നശിപ്പിച്ചു കളയുന്നു. ബോധശാസ്ത്രം വളരെ ഗൗരവത്തോടെ കാണുന്ന ഒരു പ്രശ്നമാണ് ഇത്. ആത്മാവിന്റെ സ്വാതന്ത്ര്യത്തിനും നിത്യതയ്ക്കും ഇവർ ഏൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ്. ഒരു മനുഷ്യൻ അറിവില്ലായ്മയിൽ വളർന്നാൽ അയാളെ സാവധാനം അറിവിലേയ്ക്ക് കൊണ്ടുവരാം. എന്നാൽ തെറ്റായതിനെ ശരിയാണെന്ന് ധരിക്കുന്നവരിൽ ആന്തരിക ബുദ്ധിയുടെ വികാസം അസാദ്ധ്യമാകും. അവർ ദുശ്ശാ



ഠ്യക്കാരായി ആത്മാവിനെ എതിർത്തു കൊണ്ടിരിക്കും. ഇത് പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകും. ആത്മീയതയുടെ പേരു പറഞ്ഞ് അടിസ്ഥാന ആഗ്രഹത്തെയും ഭൗതിക ജീവിതത്തെയും ഇവർ മറച്ചു പിടിക്കാൻ ശ്രമിക്കുന്നു. ഇരുട്ടിൽ തപ്പി നടക്കുന്ന ഒരാളെ വെളിച്ചം ഉപയോഗിച്ച് നേരായ മാർഗ്ഗത്തിൽ കൊണ്ടുവരാം. എന്നാൽ കണ്ണുകൾ അടച്ചു പിടിച്ച് ഇരുട്ടെന്ന് പറയുന്നവനെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല.

മനുഷ്യ മനസ്സിനെ പരമാർത്ഥജ്ഞാനത്തിലേക്ക് നയിക്കുന്ന ഊർജ്ജമാണ് നിഷ്കാമ ഊർജ്ജം. ഇത് ബോധശാസ്ത്രത്തിന്റെ വലിയൊരു കണ്ടെത്തലാണ്. ആപേക്ഷിക തലംവരെ മാത്രമെ മനസ്സും അതിന്റെ ഭാഗമായ ബുദ്ധി യും പ്രവർത്തിക്കുകയുള്ളു. അതിനപ്പുറം പോകാൻ കഴിയില്ല എന്ന് Theory of relativity തെളിയിക്കുന്നു. കാരണം ഇന്ദ്രിയങ്ങളുടെ സൂക്ഷ്മ സ്ഥിത ജ്ഞാനം ആപേക്ഷികമായാണ് നിലനിൽക്കുന്നത്. മനസ്സിന്റെ ഈ ആപേക്ഷിക തലം തന്നെ വളരെ പരിമിതമാണ്. അതിനാൽ വിവരങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുന്നതിനും യുക്തിയെ ഒരു തുടർച്ചയായി മുന്നിലേക്കു നയിക്കുന്നതിനും മാത്രമെ ഈ ആപേക്ഷിക തലത്തിൽ നിലനിൽക്കുന്ന മനസ്സിന് കഴിയുകയുള്ളു. ജീവിതത്തിന്റെ ഉയർന്ന മൂല്യങ്ങളായ പരമാനന്ദം നിഷ്കാമ സ്നേഹം നിഷ്കാമ കർമ്മം ഇതൊന്നും ബുദ്ധിക്കോ മനസ്സിനോ മനസ്സിലാക്കാനും അനുഭവിക്കുവാനും അത്ര എളുപ്പമല്ല. പരമാർത്ഥജ്ഞാനത്തെ മനസ്സിലാക്കുക എന്ന് പറയുന്നതിൽ അർത്ഥമില്ല. കാരണം എല്ലാം മനസ്സിലാക്കുന്നത് മനസ്സാണ്. എന്നാൽ പരമാർത്ഥജ്ഞാനം അതിനു പിന്നിലേക്ക് തന്നെ പോകുന്ന ഒരു പ്രതിഭാസമാണ്. ഇത് അറിവ് എന്ന ബുദ്ധിയുടെ യുക്തികൊണ്ടുള്ള വിവരശേഖരണമല്ല. ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. ഭീകര ദൃശ്യങ്ങളും ശബ്ദങ്ങളും ഉള്ള ഒരു സിനിമ ഉപയോഗിച്ച് ഒരാളെ ഭയപ്പെടുത്താം. തിയറ്ററിൽ വച്ച് ബോധം കെടുത്താം. ചിലപ്പോൾ കൊല്ലുകയും ചെയ്യാം. (ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.) എന്നാൽ മറ്റേതെങ്കിലും ദൃശ്യങ്ങളോ ശബ്ദങ്ങളോ ഉപയോഗിച്ച് ഒരാളുടെ മനസ്സിലെ ഭയം ഇല്ലായ്മ ചെയ്യാൻ മനുഷ്യബുദ്ധിക്ക് കഴിയുകയില്ല. കാരണം ബുദ്ധി ഭയം തന്നെയാണ്. ഭയം ഒരു വികാരമാണ്. അത് നെഗറ്റീവ് ഹോർമോൺ പ്രവർത്തനവും അനുഭവവുമാണ്. അതുകൊണ്ടാണ് ശരീരം അത് ബാഹ്യമായി പ്രകടിപ്പിക്കുന്നത്. കുറെ നാളു

കൾക്ക് ശേഷം ഇയാൾക്കൊരു അസാധാരണമായ **അനുഭവം** ഉണ്ടാകുന്നു എന്ന് വിചാരിക്കുക. ഭീകര ദൃശ്യങ്ങളും ശബ്ദങ്ങളും ഉള്ള സിനിമ കണ്ടിട്ടും കേട്ടിട്ടും അയാൾക്ക് ഭയം തോന്നുന്നില്ല. ഇത്തരം ഒരവസ്ഥ സംജാതമായാൽ ആ വ്യക്തിക്ക് ഈ അവസ്ഥയെ ഒരു **അനുഭവം** എന്ന് പറയാനാവില്ല. എന്തോ ഒന്ന് നേരത്തെ മനസ്സിൽ നിലനിന്നിരുന്നു. ഇപ്പോൾ അത് ഇല്ല. ഇല്ല എന്നത് ഒരനുഭവമല്ല. അതായത് ശരീരം അനുഭവിക്കുന്ന എല്ലാ വേദനകളും, ഭയവും അനുഭവങ്ങളാണ്. അത് ഇല്ല എന്നത് അനുഭവമല്ല. അതൊരവസ്ഥയാണ്. ഈ അവസ്ഥയെയാണ് പരമാർത്ഥജ്ഞാനം അഥവാ അനുഭവജ്ഞാനം എന്ന് പറയുന്നത്. അതിനാൽ ഇത് യുക്തിയല്ല. അവസ്ഥയാണ്. സംവേദനം ചെയ്യാൻ കഴിയുകയുമില്ല. **ഇനി അറിയാനും അനുഭവിക്കാനും ഒന്നും ബാക്കിയില്ല എന്ന അനുഭവത്തെയാണ് പരമാർത്ഥ ജ്ഞാനം എന്നു പറയുന്നത്.** എന്നാൽ ഭയം യുക്തിയിലൂടെ സംവേദനം ചെയ്യപ്പെടാൻ കഴിയും. ലൈംഗിക ആസക്തി ഉൾപ്പെടെ എല്ലാ നെഗറ്റീവ് വികാരങ്ങളും ഇന്ദ്രിയങ്ങൾ കൊണ്ടും യുക്തി കൊണ്ടും ഓർമ്മപ്പെടുത്തലുകൾ കൊണ്ടും ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് സംവേദനം ചെയ്യാൻ കഴിയും. എന്നാൽ ഇവ നിലനിൽക്കാത്തവയാണെന്നും ഇല്ലാത്തവയാണെന്നും ഉള്ള ജ്ഞാനം സംവേദനം ചെയ്യാൻ കഴിയുകയില്ല എന്നതുമാണ് ഏറെ രസകരമായ വസ്തുത. ഇതാണ് പരമാർത്ഥ ജ്ഞാനം. അപ്പോൾ ഒരു ശാസ്ത്രജ്ഞനോ ഒരു പണ്ഢിതനോ ഒരു തത്വജ്ഞാനിക്കോ ഇത്തരം ഒരവസ്ഥയിൽ എത്താൻ എത്രമാത്രം ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കുക.

**തെണ്ടികളും വേശ്യകളും ദരിദ്രരും സത്യം കണ്ടെത്തിയാലും പണ്ഢിതർക്ക് ഇത് കണ്ടെത്താൻ കഴിയില്ല** (ബൈബിൾ) എന്ന മിസ്റ്റിക് വചനം ഇവിടെ അർത്ഥവത്താകുന്നു. കാരണം പണ്ഢിതന് ഒരിക്കലും തന്റെ യുക്തി കൈവെടിയാൻ കഴിയുകയില്ല. യുക്തിയുടെ പിന്നിൽ അടിസ്ഥാന ആഗ്രഹവും സ്വാർത്ഥതയും ഒളിപ്പിച്ചുവച്ചിരിക്കുന്നു. **ജീവിതത്തിന്റെ ഉയർന്ന മൂല്യങ്ങളും അതിന്റെ ലക്ഷ്യമായ സമാധി, നിർവ്വാണ, നിത്യജീവൻ** എന്നിങ്ങനെയുള്ള അവസ്ഥ കൈവരിക്കണമെങ്കിൽ നിഷ്കാമ ഊർജ്ജം കൂടിയേ തീരു. അതിലേക്കുള്ള മാർഗ്ഗം വിട്ടുവീഴ്ചയില്ലാത്തതാകുന്നു. നിയമങ്ങൾക്കും യുക്തിക്കും, അറിവിനും അനുഭവത്തിനും അതീതമാണ് സത്യമെന്ന് തിരിച്ചറിയുക. ഈ നിഷ്കാമ ഊർജ്ജം മനസ്സിൽ ശേഖരിച്ച് ഒരു പ്രത്യേത അളവ് എത്തുമ്പോൾ



മാത്രമെ പരമാർത്ഥജ്ഞാനം അനുഭവമായി മാറുകയുള്ളു. അല്ലാതെ നിത്യവും സ്വയംഭോഗവും സംഭോഗവും ചെയ്യുന്ന ഒരു മനുഷ്യൻ യോഗ, മെഡിറ്റേഷൻ, പ്രാർത്ഥന, ഉപവാസം എന്നീ പേരുകളിൽ എന്തെല്ലാം കാണിച്ചു കൂട്ടിയാലും ആത്മാവിനെ സംബന്ധിച്ച് ഒന്നും സംഭവിക്കുകയില്ല. ശരീരത്തെ പീഢിപ്പിക്കുവാനും പുണ്യ പ്രവൃത്തികളുടെ പേരിൽ മാനസികമായി അൽപ്പം സന്തോഷം ലഭിക്കുന്നതിനും മാത്രമെ ഇത് സഹായകമാകുകയുള്ളു. ആതുര സേവനവും ദീനാനുകമ്പയും ഏകാന്തമായ തപസ്സും ആത്മാവിനെ ഉയർത്തുന്നതിൽ ഒരു പങ്കും വഹിക്കുകയില്ല. നൂറു ശതമാനം ഉറപ്പ്. എന്നാൽ സമൂഹത്തിന് പ്രയോജനം ഉണ്ടാകാം. വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും dogmatism- ത്തിന്റെയും പേരിൽ മേൽപ്പറഞ്ഞവ നിഷേധിക്കാമെങ്കിലും നഷ്ടം അവനവനു തന്നെയാണ്. ഏത് മതഗ്രന്ഥങ്ങളും അവയുടെ മിസ്റ്റിക് വചനങ്ങളും താഴ്ന്ന ബോധതലത്തിലെ ആപേക്ഷിക യുക്തിയിലൂടെ നോക്കിയാൽ, തിന്മ ചെയ്യാനുള്ള പ്രേരണയും ജീവിതം അതാണെന്ന തെറ്റിദ്ധാരണയും മാത്രമെ നൽകുകയുള്ളു.

നിഷ്കാമ ഊർജ്ജം ശേഖരിച്ച്, താഴ്ന്ന ബോധത്തിന്റെ സാധാരണ യുക്തി-യുക്തമായ ജീവിതത്തിൽ നിന്ന് ബോധത്തെ ഉയർത്തിയാൽ യുക്തി-യുക്തമായ പരമാർത്ഥജ്ഞാനം ലഭ്യമാകും. ഇത് വെറും ഒരു ശാസ്ത്ര സത്യമാണ്, മതസിദ്ധാന്തമോ കണ്ടുപിടുത്തമോ അല്ല. ഭൗതിക ജീവിതവുമായി ഇതിന് യാതൊരു ബന്ധവുമില്ല. അതിനെ ന്യായീകരിക്കുന്ന ചില മിസ്റ്റിക് വചനങ്ങൾ ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത് വായനക്കാർക്ക് താരതമ്യം ചെയ്യാനുള്ള ഒരു സൗകര്യത്തിനു വേണ്ടിയാണ്. അല്ലാതെ ആ മിസ്റ്റിക് വചനങ്ങൾ മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുകയോ,ആ മതഗ്രന്ഥങ്ങളെ അനുകൂലിക്കുകയോ ചെയ്യുന്നതല്ല. മനസ്സ് താഴ്ന്ന ബോധതലമാണ്, തിന്മയാണ് അതിന്റെ അടിസ്ഥാനം. അതിന് തിന്മയല്ലാതെ സ്വതസിദ്ധമായ മറ്റൊരു കഴിവില്ല. ജീവിതത്തെ പല വീക്ഷണ കോണുകളിൽ കൂടി കാണാനാണ് സമൂഹം നമ്മെ പഠിപ്പിക്കുന്നത്. അതായത് സത്യത്തിലേക്ക് പല മാർഗ്ഗങ്ങളിലൂടെ എത്താം എന്നാണ് അവ അർത്ഥമാക്കുന്നത്. എന്നാൽ ബോധശാസ്ത്രം തെളിവുകൾ നിരത്തി വാദിക്കുന്നു,ജീവിതത്തിനും അതിന്റെ യഥാർത്ഥ ലക്ഷ്യമായ സത്യത്തിലേക്കും പരമാനന്ദാവസ്ഥയിലേക്കും നിത്യജീവനിലേക്കും **ഒരേഒരു മാർഗ്ഗമേയുള്ളു,അത് യഥാർത്ഥ ബ്രഹ്മചര്യമാണ്.** അതല്ലാത്ത എല്ലാ വീക്ഷണങ്ങളും തട്ടിപ്പും സൂത്രവും

ചൂഷണവും സ്വാർത്ഥതയുമാണ്. ഏതു സാധാരണക്കാരനും ഇതു മനസ്സിലാക്കാം, ശാസ്ത്രജ്ഞാനം ആവശ്യമില്ല. അവനവന്റെ ഉള്ളിൽ ഇരിക്കുന്നതിനെയാണ് അറിയാൻ ശ്രമിക്കുന്നത്. അതിനുള്ള അധി കാരം അവനിൽ മാത്രം നിക്ഷിപ്തമാണ്. തന്നെത്തന്നെ അന്വേഷിക്കുക എന്ന് രമണ മഹർഷി ശക്തമായി പഠിപ്പിച്ചതിന്റെ സാരം ഇതാണ്.

നിഷ്കാമ ഊർജ്ജം മനുഷ്യ മനസ്സിനെ ആപേക്ഷിക തലത്തിൽ നിന്ന് ഉയർത്തുന്നതിനാൽ ഇവിടെ ഒരപകടം പതിയിരിക്കുന്നു. നിഷ്കാമ ഊർജ്ജത്തിന്റെ വർദ്ധനവ് കൊണ്ട്,ബോധോദയ തലംവരെ ഉയരുന്ന മനസ്സിനെ ഈ ഊർജ്ജം അതീന്ദ്രിയ ശക്തിയിലേക്ക് തള്ളി വിടാനുള്ള സാദ്ധ്യത നിലനിർത്തുന്നു. അവബോധം ഉപയോഗിച്ച്,ബു ദ്ധിയിലൂടെ നിഷ്കാമ ഊർജ്ജം ശേഖരിക്കുന്ന ഒരാൾക്ക് ഈ അവസ്ഥ വരില്ല. പക്ഷെ അത്തരം മിസ്റ്റിക്കുകൾ വളരെ അപൂർവ്വമായേ ഈ ലോകത്തു വന്നിട്ടുള്ളു. എന്നാൽ പ്രകൃത്യാലുള്ള തെരഞ്ഞെടുപ്പുമൂലം ബോധോദയം സംഭവിക്കുന്ന ഒരു വ്യക്തിക്ക് ബ്രഹ്മചര്യം തനിയെ സംഭ വിക്കുകയും നിഷ്കാമ ഊർജ്ജം മനസ്സിൽ വർദ്ധിക്കുവാൻ തുടങ്ങുകയും ചെയ്യും. ഈ ഊർജ്ജത്തെ തിരിച്ചറിയാനുള്ള ബുദ്ധി യില്ലാത്തവരാണെങ്കിൽ തീർച്ചയായും അയാൾ അതീന്ദ്രിയ ശക്തിയി ലേക്ക് വഴുതി വീഴും. അതിനാൽ ഈ നിഷ്കാമ ഊർജ്ജം അവരുടെ ആത്മാവിനെ നിത്യജീവനിലേക്ക് അഥവാ ജീവൻമുക്തിയിലേക്ക് നയി ക്കുകയില്ല എന്നു മാത്രമല്ല,അവരെ തേടി വരുന്ന മറ്റുള്ളവർക്കും അതു കഴിയാതെ പോകും. ഈ നിഷ്കാമ ഊർജ്ജത്തിന്റെ വർദ്ധനവു കൊണ്ട് അതീന്ദ്രിയ ശക്തിയിലേക്ക് വളരുന്ന ഇവരുടെ മനസ്സ് സ്വയം ദൈവമായി സങ്കൽപ്പിക്കും. ഇതിനെയാണ് ആത്മീയ അഹം (spiritual ego) എന്ന് പറയുന്നത്. ഇത്തരത്തിലുള്ള ആയിരക്കണക്കിന് മിസ്റ്റി ക്കുകൾ ഭൂമിയിൽ വന്നു പോയിട്ടുണ്ട്. ഇവരെ വിശുദ്ധന്മാരായും മനു ഷ്യദൈവങ്ങളായും നാം ആരാധിക്കുന്നു. ഈ മനുഷ്യദൈവങ്ങൾ സമൂ ഹത്തെ ആത്മീയമായി വളരെ തെറ്റായി നയിക്കുന്നു. അങ്ങിനെ മനു ഷ്യർ ഇവരെ അവതാരങ്ങളായി ആരാധിക്കുകയും ചെയ്യുന്നു. സമൂഹ ത്തിന് ഇവരെ കൊണ്ട് പ്രയോജനം ഉണ്ടാകുന്നു,ആതുരാലയങ്ങളും അനാഥമന്ദിരങ്ങളും വലിയ പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കുകയും അവർ ഏതു മതത്തിലാണോ ജനിച്ചത്,ആ മതക്കാർ അവരെ നന്നായി ചൂഷണം ചെയ്യുകയും ചെയ്യുന്നു. ഇതും തിന്മ എന്ന അടിസ്ഥാന ആഗ്ര ഹത്തിന്റെ മറ്റൊരു മുഖമാണ്. തിന്മ വർദ്ധിക്കുമ്പോൾ നന്മ ചെയ്യാൻ



വരുന്ന അവതാരങ്ങളായി ഇവരെ ജനം കണക്കാക്കുകയും ചെയ്യു ന്നു. അത് ശരിയുമാണ്. നന്മ-തിന്മകൾ ഏകദേശം സംതുലനം പ്രാപി ക്കുകയും ചെയ്യുന്നു. **ആത്മീയ അന്വേഷകരാണ് ഇവരുടെ ഏറ്റവും വലിയ ഇര**. അത്തരക്കാർ വളരെ വേഗം ഇവരുടെ അതീന്ദ്രിയ ത്വത്തിന്റെ കുരുക്കിൽ വീഴുകയും സേവനങ്ങൾക്കായി ജീവിതം ഉഴിഞ്ഞു വയ്ക്കുകയും ചെയ്യുന്നു. പട്ടിണിയും ദുഃഖങ്ങളും പ്രകൃതി ദുരന്തങ്ങളും ദൈവമാണ് സൃഷ്ടിക്കുന്നതെന്ന തെറ്റായ ധാരണയാണ് ഇത്തരം അന്വേഷകരെ ഇവരുടെ അടുത്ത് എത്തിക്കുന്നത്. ദൈവ മാണ് സൃഷ്ടികർമ്മം നടത്തിയതെങ്കിൽ മനുഷ്യനായി അവതരിക്കുന്ന ദൈവത്തിനു മാത്രമല്ലെ ആ ദുഃഖവും വേദനയും അകറ്റാൻ കഴിയുക യുള്ളു എന്ന സാമാന്യ യുക്തിയാണ് ഇതിന്റെ പിന്നിൽ. എന്നാൽ ബോധശാസ്ത്ര പ്രകാരം അധമബോധമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ച തെങ്കിൽ ഈ മനുഷ്യ ദൈവങ്ങൾ പിന്നെ ആരായിരിക്കണമെന്ന് വ്യക്ത മാക്കേണ്ടതില്ലല്ലോ? കൂടുതലും സ്ത്രീകളായ അന്വേഷകരാണ് ഇതി ൽ കുടുങ്ങുന്നത്.കാരണം അവർക്ക് യുക്തി കുറവാണ്. പട്ടിണിയും ദുഃഖങ്ങളും ഉച്ചനീചത്വങ്ങളും മനുഷ്യൻ തന്നെയാണ് ഈ ഭൂമിയിൽ സൃഷ്ടിക്കുന്നത്. അല്ലാതെ മറ്റു ജീവജാലങ്ങളോ ഭൂമിക്കു പുറത്തുള്ള ഗ്രഹങ്ങളിൽ നിന്നുള്ള ജീവികളോ ദൈവമോ അല്ല. **ഒരു വിഭാഗം തീവ്ര മായ തിന്മയുളളവർ ഇവ സൃഷ്ടിക്കുന്നു. തീവ്രത കുറഞ്ഞ തിന്മയു ള്ളവർ സേവകരായി ഇതിനെ പരിഹരിക്കാൻ ശ്രമിക്കുന്നു. അതാണ് ഇതി ന്റെ രഹസ്യം. മഹാബോധമെന്ന യഥാർത്ഥ ബോധത്തിന് ഇതു മായി യാതൊരു ബന്ധവുമില്ല**. പ്രകൃതി ദുരന്തങ്ങൾക്കും വ്യക്തിപര മായ ദുരന്തങ്ങൾക്കും കാരണം അധമബോധമാണ്. നിഷ്കാമഊർജ്ജം ശേഖരിക്കാൻ കഴിയുന്ന മിസ്റ്റിക്കിന് മാത്രമെ ഇതിന്റെ രഹസ്യം പിടി കിട്ടുകയുള്ളു. ആർക്കും ഇത് സാധിക്കുകയും ചെയ്യും. പ്രകൃതി ദുര ന്തങ്ങൾ അധമബോധത്തിന്റെ പ്രവർത്തനങ്ങളാണ്. ബോധശാസ്ത്ര ത്തിലൂടെയുള്ള അന്വേഷണത്തിൽ നിന്ന് ഒരുപക്ഷെ പ്രകൃതി ദുരന്ത ങ്ങളെപ്പോലും നിയന്ത്രിക്കാൻ ആവശ്യമായ മിസ്റ്റിക് അറിവ് മനുഷ്യന് ഒരു നാൾ കിട്ടിയെന്നു വരാം. 500 കൊല്ലങ്ങൾക്ക് മുമ്പ് ചന്ദ്രനിൽ നട ക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ മനുഷ്യന് കഴിയുമായിരുന്നില്ല. എന്നാൽ ഇന്ന് അത് യാഥാർത്ഥ്യമായിരിക്കുന്നു എന്ന് പറയപ്പെടുന്നു. ഭൗതിക തലത്തിൽ നിന്ന് ആത്മീയ തലത്തിലേക്ക് ജീവിതത്തെ തിരിച്ചു വിടണം. അപ്പോൾ പട്ടിണിയും ദുഃഖങ്ങളും സമൂഹത്തിൽ നില

നിൽക്കില്ല. ആൾദൈവങ്ങളും അവതാരങ്ങളും അപ്രത്യക്ഷമാകും. കാരണം അവർക്ക് നന്മ ചെയ്യാനുള്ള അവസരം ഭൂമിയിൽ ഇല്ലാതെ വരുന്നു. മൃഗങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായി ഉയർന്ന ആത്മീയ ജീവിയായി മനുഷ്യൻ മാറുന്നു.

അടിസ്ഥാന ആഗ്രഹത്തിന്റെ സ്വാർത്ഥത ആത്മീയ വേഷമണിഞ്ഞ്, സ്വതസിദ്ധമായി ബോധത്തിൽ ഉയർന്ന മനുഷ്യനെ വീണ്ടും ഭൂമിയിൽ പിടിച്ചു നിറുത്തുന്ന സൂത്രമാണ് അതീന്ദ്രിയ ശക്തി, അല്ലെങ്കിൽ മനസ്സിന്റെ അതീന്ദ്രിയ തട്ടിപ്പ്. എന്താണീ അതീന്ദ്രിയ ശക്തി? ഇന്ദ്രിയങ്ങളുടെ അസാധാരണമായ കഴിവ് എന്നാണ് ഇതിനർത്ഥം. മനുഷ്യജന്മത്തെ തിന്മയിൽ തന്നെ തളച്ചിടാനുള്ള അടിസ്ഥാന ആഗ്രഹത്തിന്റെ നിഗൂഢമായ ഒരു തന്ത്രമാണിത്. ഈ കടമ്പ കടക്കാൻ നിഷ്കാമ ഊർജ്ജം മാത്രം പോരാ,ബുദ്ധിയും ആവശ്യമാണ്. **പരമാർത്ഥജ്ഞാനമാണ് നിങ്ങളെ സ്വതന്ത്രമാക്കുന്നത്, പരമാർത്ഥജ്ഞാനം യോഗ തന്നെ** എന്ന മിസ്റ്റിക് വചനങ്ങൾ ഇതിനു സാക്ഷ്യം നൽകുന്നു.

ഇന്ദ്രിയങ്ങളുടെ ചില അമാനുഷികമായ ചലന വേഗത,ഹിപ്നോട്ടിസം,മന്ത്രജപങ്ങളുടെ മായികാവലയം,യന്ത്രങ്ങളുടെ (വിഗ്രഹം,ഏലസ്,ചെമ്പുതകിടുകൾ,മുത്തുമണികൾ കോർത്ത ചരട്) സ്വാധീനത്തിലുള്ള അന്ധവിശ്വാസം, ബ്ലാക്ക് മാജിക്ക്, ചാത്തൻ സേവകൾ, ഭാവി പ്രവചനം, ഭൂതകാല പ്രവൃത്തികളെക്കുറിച്ചുള്ള അറിവ്,ജാതകം, നക്ഷത്രഫലം, യാഗങ്ങൾ, പൂജകൾ,പ്രാർത്ഥന കൊണ്ടുള്ള രോഗശാന്തി ശുശ്രൂഷകൾ ഇവയെല്ലാം മനസ്സിന്റെ അതീന്ദ്രിയ ശക്തിയിൽ പെടുന്നു. നിഷ്കാമ ഊർജ്ജം അഥവാ ന്യൂട്രൽ എനർജി,ഒരു പ്രത്യേക അളവിനു താഴെ നിൽക്കുന്ന സാധാരണ മനുഷ്യരുടെ മനസ്സ് വളരെ ലോലമായിരിക്കും. ഭയം, നിരാശ, പ്രശ്നങ്ങൾ, രോഗങ്ങൾ ഇവരുടെ കൂടെപ്പിറവികളായിരിക്കും. സാധാരണ ജനങ്ങളിൽ മുക്കാൽ ഭാഗവും വിദ്യാഭ്യാസം കുറഞ്ഞവരും അപകർഷതാബോധമുള്ളവരും ആകുന്നു. ഇവരുടെ ബുദ്ധിക്ക് അവബോധത്തെ ഉപയോഗിച്ച് കാര്യങ്ങൾ അപഗ്രഥിച്ച് മനസ്സിലാക്കാൻ എളുപ്പമായിരിക്കില്ല. അതിനാൽ ഇവരുടെ മനസ്സ് ചില വിശ്വാസങ്ങളിൽ തളയ്ക്കപ്പെടാൻ വളരെ എളുപ്പമാണ്. ചില അഭ്യസ്ഥവിദ്യരും ഈ ഗണത്തിൽ വരാറുണ്ട്. പാരമ്പര്യമായ ഭയമാണ് ഇതിന് പ്രധാന കാരണം. ഇത്തരക്കാർ നിഷ്കാമ ഊർജ്ജം അധികമുള്ള മിസ്റ്റിക് അവസ്ഥയിലെ ആൾദൈവങ്ങളുടെ അടുത്തു വന്നാൽ ഒരു തരം ഹിപ്നോട്ടിക്ക് മയക്കത്തിൽ പെട്ടുപോകും. മകുടി ഊതുന്ന



പാമ്പാട്ടിയുടെ പിന്നാലെ പാമ്പുകൾ എന്നതുപോ ലെ ഇവരെ ഏതു രീതിയിലും കൈകാര്യം ചെയ്യാനും മേൽ പറഞ്ഞ മിസ്റ്റിക്കിനു കഴിയും. ഒരു തരം മാനസിക സുഖവും പിരിമുറുക്കത്തിൽ നിന്നുള്ള വിടുതലും ഇത്തരക്കാർക്ക് താൽക്കാലികമായി ലഭിക്കുന്നു. അതിനാൽ ആളുകൾ ഇവരെ ദൈവത്തിന്റെ അവതാരമായി സങ്കൽപ്പിച്ച് തങ്ങളുടെ സമ്പാദ്യവും അദ്ധ്വാനവും വാഗ്ദാനം ചെയ്യുന്നു. ഇത്തരക്കാരുടെ ബുദ്ധി അതോടെ അടഞ്ഞു പോകുകയും ചെയ്യുന്നു. ഒരുതരം ബ്രെയിൻ വാഷിങ്ങാണ് ഇവിടെ നടക്കുന്നത്. ഇത്തരം ബുദ്ധിയെ അവബോധമുപയോഗിച്ച് പിന്നീട് വികസിപ്പിക്കാൻ കഴിയാതെ വരുന്നു. ഇതിനെയാണ് dogmatism എന്ന് പറയുന്നത്. തങ്ങളും തങ്ങളുടെ ഗുരുവും പറയുന്നതാണ് ശരി,ബാക്കിയുള്ളതെല്ലാം തെറ്റ്,എന്ന് ഇവർ മുൻകൂട്ടി തീരുമാനിക്കുന്നു. ഒരു ജനതയുടെ ബോധം ഉയരുന്നതിനും ആത്മീയ അന്വേഷണത്തിനും അതിന്റെ ലക്ഷ്യമായ മോക്ഷത്തിലേക്കുള്ള ഉണർവ്വിനും ഈ അതീന്ദ്രിയത്വം ശക്തമായ തടസ്സമുണ്ടാക്കുന്നു. ഇതിന്റെ പിന്നിലും തിന്മ തന്നെയാണ് പ്രവർത്തിക്കുന്നത്. മിസ്റ്റ്ക് അല്ലാത്തവരും ഈ അതീന്ദ്രിയത്വം ഉപയോഗിക്കാറുണ്ട്. അവർ തട്ടിപ്പുകാരും സ്വാർത്ഥരും ധനമോഹികളുമാണ്. പൈശാചിക മനുഷ്യർ എന്നവരെ വിളിക്കാം. അവരിൽ അധമബോധം നേരിട്ട് തന്നെ പ്രവർത്തിക്കുന്നു. അത്രയ്ക്ക് താഴെയായിരിക്കും അവരുടെ അവബോധം എന്നാൽ അവർക്ക് ആപേക്ഷികമായി ബുദ്ധി കൂടുതലായിരിക്കും.

യഥാർത്ഥ ആത്മീയതയെ തളർത്തുന്ന മറ്റൊരു തട്ടിപ്പാണ് അത്ഭുതങ്ങൾ. ചില മതഗ്രന്ഥങ്ങളും മിസ്റ്റിക് അവസ്ഥയിൽ ഉള്ളവരും അത്ഭുതത്തെ ആത്മീയതയുടെ ഒരു ആയുധമായി ഉപയോഗിക്കുന്നു. ചൂഷണത്തിന്റെ മറ്റൊരു വശമാണിത്. കൈകൊണ്ടുള്ള ഗോഷ്ഠി കൊണ്ടോ മന്ത്ര ജപങ്ങൾ കൊണ്ടോ വെള്ളം വീഞ്ഞാകുകയോ പാൽ-പായസമാകുകയോ അന്തരീക്ഷത്തിൽ നിന്ന് പണമോ പൂജാദ്രവ്യങ്ങളോ ലഭിക്കുകയില്ല. പ്രകൃതിയിൽ അത്തരമൊരു പ്രതിഭാസവുമില്ല. ഏതൊരു വസ്തുവും മറ്റൊരു വസ്തുവായി മാറുന്നതിന് പിന്നിൽ വ്യക്തമായ ഒരു പ്രക്രിയ ഉണ്ടാകും. കാരണം കൊണ്ട് സൃഷ്ടിക്കപ്പെട്ട പ്രപഞ്ചവും മനുഷ്യനും കാരണങ്ങൾ കൊണ്ട് മാത്രമെ പ്രവർത്തിക്കുകയുള്ളു. പരിണാമം വളരെ സാവധാനവും ക്രമാനുഗതവുമായി നടക്കുന്ന ഒരു പ്രക്രിയയാണ്. അതിനു കാരണങ്ങൾ ഉണ്ട്. അതുകൊണ്ട് കാരണങ്ങളിൽ നിലനിൽക്കുന്ന പ്രപഞ്ചത്തിൽ കാരണമില്ലാതെ ഒന്നും സംഭവിക്കുന്നി

ല്ല. മനുഷ്യബുദ്ധി വളരെ പരിമിതമായതിനാലാണ് കാരണങ്ങൾ കണ്ടുപിടിക്കാൻ കഴിയാതെ പോകുന്നത്. ഒന്ന് മറ്റൊന്നായി പെട്ടെന്ന് മാറ്റാൻ കഴിയുന്നത് ബ്ലാക്ക് മാജിക്കാണ്. അത് സൂത്രമാണെന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്. ആത്മീയാന്വേഷണത്തിന്റെ മൂന്നാമത്തെ ശത്രുവാണ് ഊർജ്ജം ഒഴുക്കൽ. ഒരു മിസ്റ്റിക് അവസ്ഥയിലുള്ള വ്യക്തിയുടെ അടുത്തു ചെന്നാൽ അയാളിൽ നിന്ന് അഗോചരമായ ഒരു ഊർജ്ജം ഒഴുകി അന്വേഷകന്റെ ഉള്ളിൽ കയറുന്നു. അങ്ങിനെ അന്വേഷകന് ആത്മാവിനെ അനുഭവിക്കാൻ കഴിയുന്നു. ശുദ്ധ നുണയും തട്ടിപ്പുമാണിത്. കാരണം ഇത് ആത്മാവിനെ അനുഭവിക്കലല്ല. മറിച്ച് മനസ്സിന്റെ അതീന്ദ്രിയത്വം എന്ന മയക്കു മരുന്നിന്റെ അനുഭൂതിയാണ്. ഊർജ്ജ മേഖലകളെക്കുറിച്ചും ഊർജ്ജ ചാലനത്തെക്കുറിച്ചും ഭൗതിക ശാസ്ത്രം വ്യക്തമായി സിദ്ധാന്തങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അവ യുക്തി-യുക്തമായി തെളിയിച്ചിട്ടുമുണ്ട്. അത്തരത്തിലുള്ള ഒരു ഊർജ്ജ ചാലനവുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഇങ്ങനെ ഒരു പ്രതിഭാസം ഉണ്ടായിരുന്നുവെങ്കിൽ അതിനെ ശാസ്ത്രീയമായി അപഗ്രഥിച്ച് ലോകത്തിലുള്ള എല്ലാ മനുഷ്യർക്കും ആത്മാവിനെ അനുഭവിക്കാനുള്ള ശാസ്ത്രമായി വികസിപ്പിച്ച് നിത്യാനന്ദത്തിലേക്കും നിത്യജീവനിലേക്കും എത്രയും പെട്ടെന്ന് കടക്കുവാനുള്ള കമ്പ്യൂട്ടറൈസ്ഡ് പദ്ധതി മൾട്ടി നാഷണൽ കമ്പനികൾ തയ്യാറാക്കുമായിരുന്നു. അഹം തന്റെ കുതന്ത്രങ്ങൾ എത്ര മാത്രം വിപുലീകരിച്ചാണ് അടിസ്ഥാന ആഗ്രഹവും സ്വാർത്ഥതയും തിന്മയും ഈ ഭൂമിയിൽ നിലനിർത്തുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഇത്തരം മിസ്റ്റിക്കുകൾ ചക്രവർത്തിമാരെപ്പോലും വെല്ലുവിളിക്കുന്ന ആഢംബരത്തിലും സുഖ-സൗകര്യങ്ങളിലുമാണ് ജീവിച്ചതെന്ന് അറിയുമ്പോഴാണ് ഇത്തരം വിശ്വാസങ്ങളുടെ മൂഢത്വം വ്യക്തമാകുന്നത്.

ശരീരത്തിന് ചുറ്റുമുള്ള പല വർണ്ണങ്ങളിലുള്ള തേജോവലയം ആണ് അടുത്ത തടസ്സം. പ്രാണിക് ഹീലിങ്ങ്, ഹോളിസ്റ്റിക് ഹീലിങ്ങ്, പ്രയർ ഹീലിങ്ങ് അങ്ങിനെ പോകുന്നു മറ്റൊരു തരം അന്ധതകൾ. ഈ പ്രപഞ്ചവും ഭൂമിയും അതിലെ പ്രതിഭാസങ്ങളും വളരെ സങ്കീർണ്ണമാണ്. കാരണം അവ നശ്വരമാണ്. സ്വന്തം ദേഹം ഉൾപ്പെടെ എല്ലാം സ്വയം ഉണ്ടായി നിലനിന്ന് മറയുന്നതായാണ് നമ്മുടെ അനുഭവം. നമ്മുടെ ബുദ്ധിപോലും ഓരോ നിമിഷവും വാർദ്ധിക്യത്തിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അതുപയോഗിച്ച് നമുക്ക് എന്താണ് പഠിക്കുവാൻ കഴിയുക. **അതു പഠിക്കുവാനും കണ്ടെത്തുവാനുമല്ല നാം ജനിച്ചത്. നശ്വരതയിൽ എന്ത് സത്യമാണ് നാം അന്വേഷിക്കുക. നാം ബോധമാണെന്നും അല്ലാതെ ജീവനല്ല എന്നും മനസ്സിലാക്കുക. അവബോധം ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന സുവർണ്ണാവസരം ഉപയോഗിച്ച് ബുദ്ധിയെ തിരിച്ചറിവിലേക്ക് നയിക്കുകയും അവബോധമായി താഴ്ന്നു പോയ ബോധത്തെ (ആത്മാവിനെ) രക്ഷപ്പെടുത്തുകയുമാണ് വേണ്ടത്. അതിനുപകരം തന്നിൽ നിന്ന് അന്യമായ ജീവനെയും അതിനെ നിലനിർത്തുന്ന പ്രപഞ്ചത്തെയും അറിയാൻ നാം ശ്രമിക്കുന്നു.** നിരീക്ഷണം എന്നത് അവബോധത്തിന്റെ നൈസർഗ്ഗിക ഗുണമാണ്. നിരീക്ഷണവും സാക്ഷിത്വവും ബോധത്തിന്റെ സ്വഭാവികമായ പ്രത്യേകതകളാണ്. പുറമെ ഉള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നതിനെ നിരീക്ഷണം എന്നും തന്നെത്തന്നെ അന്വേഷിക്കുന്നതിനെ സാക്ഷിത്വം എന്നും പറയുന്നു. നീരീക്ഷണം തിന്മ നിലനിൽക്കാൻ സഹായകമാണെന്ന് ബോധശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. ബുദ്ധി ഉപയോഗിച്ച് അവബോധം കൊണ്ട് പുറത്തുള്ളതിനെ നിരീക്ഷിച്ചാൽ അനന്തമായ പ്രതിഭാസങ്ങൾ കണ്ടെത്താൻ കഴിയുമായിരിക്കാം. പക്ഷെ അവയൊന്നും മനുഷ്യന് പരമാനന്ദവും നിത്യജീവനും മോക്ഷാവസ്ഥയും നൽകില്ല. മറിച്ച് അൽപ്പം ജീവിത സൗകര്യവും പട്ടിണിയും കഠിനമായ ദാരിദ്ര്യവും ദുഃഖവും ദുരിതവും അരാജകത്വവും യുദ്ധവും മാത്രമെ സമ്മാനിക്കുകയുള്ളു. അല്ലെന്ന് തെളിയിക്കാൻ കഴിഞ്ഞ അഞ്ഞൂറ് കൊല്ലത്തെ ചരിത്രമെടുത്ത് നോക്കിയാൽ പോലും സാദ്ധ്യമല്ല. എന്നാൽ മനുഷ്യബുദ്ധി കണ്ടെത്താത്ത ഒരു സാദ്ധ്യത നിലനിൽക്കുന്നുണ്ട്. അവബോധം ബുദ്ധിയിൽ പ്രയോഗിച്ച് സ്വന്തം മനസ്സിന് സാക്ഷിയായി നിന്നാൽ തിന്മയുടെ ഹോർമോണുകൾ നിലയ്ക്കുകയും ശരീരം തന്റെ നിലനിൽപ്പിനാവശ്യമായ പൊസിറ്റീവ് ഹോർമോണുകൾ മാത്രം പ്രവർത്തിപ്പിച്ച് പൂർണ്ണ ആരോഗ്യത്തോടും മാനസികമായ സന്തോഷത്തിലും മരണംവരെ നിലനിൽക്കുകയും മരണ സമയത്ത് അടിസ്ഥാന ആഗ്രഹത്തെ തള്ളിക്കളഞ്ഞ് ശുദ്ധ ബോധമായി ശരീരം ഉപേക്ഷിച്ച് നിത്യജീവനിലേക്കോ അഥവാ നിർവ്വാണയിലേക്കോ അഥവാ മോക്ഷത്തിലേക്കോ ഉണരുകയും ചെയ്യും. അതായത് **ഉണർന്നിരുന്ന്** മരിക്കും. ഇത് വളരെ ലളിതമായി ചെയ്യാവുന്ന കാര്യമാണ്. ഇത്രയും നിസ്സാരമായ ജീവിതത്തിന് അതീന്ദ്രിയത്വവും അത്ഭുതങ്ങളും മന്ത്രവാദങ്ങളും കൂടോത്രവും ജാതകവും ഊർജ്ജം ഒഴുക്കലും രോഗശാന്തി മന്ത്രങ്ങളും തട്ടിപ്പും ചതിയും ഒന്നും ആവശ്യമില്ല. **യഥാർത്ഥ ബ്രഹ്മചര്യം മാത്രം മതി**. ഒരു വ്യക്തിക്ക് സൗകര്യമുള്ളപ്പോൾ ബ്രഹ്മചര്യത്തിലേക്ക്

കടന്നാൽ മതി. അതിനുവേണ്ടി ബ്രഹ്മചര്യം എന്ന തട്ടിപ്പിലൂടെയുള്ള സന്യാസവും പ്രാർത്ഥനകളും ആവശ്യമില്ല. **യഥാർത്ഥ ബ്രഹ്മചര്യത്തിൽ നിന്ന് ലഭിക്കുന്ന നിഷ്കാമ ഊർജ്ജവും അതുമൂലമുള്ള നിഷ്കാമ കർമ്മവും മാത്രം മതി.** ഭൗതിക ജീവിതം എന്ന് വഴിമുട്ടുന്നുവോ അത് തീരാദുഃഖമാണെന്ന് എന്ന് തിരിച്ചറിയുന്നുവോ ആത്മഹത്യ മാത്രമാണ് ഇനി ഏക പോംവഴി എന്ന് എപ്പോൾ ചിന്തിക്കുന്നുവോ അന്ന് യഥാർത്ഥ ബ്രഹ്മചര്യത്തിലേക്ക് ആത്മാർത്ഥതയോടെ കടന്നാൽ മതി. ജീവിതം മിഥ്യയാണെന്നും ജീവൻ നശ്വരമാണെന്നും അപ്പോൾ മനസ്സിലാകും. അവനവന്റെ ആത്മാവിൽ നിന്നാണ് തീരുമാനം വരേണ്ടത്. അല്ലാതെ അഹത്തിൽ നിന്നല്ല. എന്നാൽ മാത്രമെ ഭയത്തെ അതിജീവിച്ച് തീരുമാനം തീരുമാനമായി നിലനിൽക്കുകയുള്ളു.

മനുഷ്യശരീരവും മനസ്സും കർമ്മ നിരതവും കർമ്മങ്ങൾക്കടിമയും ആകുന്നു. അവനവന് വിധിക്കപ്പെട്ട കർമ്മങ്ങൾ നിഷ്കാമമായി ചെയ്യാതെ കർമ്മഫലത്തിൽ നിന്ന് പുറത്തു കടക്കാൻ സാദ്ധ്യമല്ല. **കർമ്മയോഗത്തോടു കൂടി ജ്ഞാനയോഗവും ഉണ്ടാകണം.** എന്നാൽ മാത്രമെ,ജീവിതം നിത്യാനന്ദവും നശിക്കാത്തതും ആകുകയുള്ളു. യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെ നിഷ്കാമ ഊർജ്ജവും അതിലൂടെ നിഷ്കാമ കർമ്മവും സംഭവിക്കണം. എന്നാൽ ഓർഗാസത്തിലൂടെ നിഷ്കാമ ഊർജ്ജം ദിവസവും മനുഷ്യർ നശിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നറിയുക. വിധിക്കപ്പെട്ട കർമ്മം തട്ടിപ്പിലൂടെ ചെയ്ത്, ദുരാഗ്രഹത്തോടെ പണവും പ്രശസ്തിയും ആഢംബരവസ്തുക്കളും സ്വന്തമാക്കാൻ വെമ്പൽ കൊള്ളുന്ന അഹത്തിനു മുന്നിൽ എല്ലാം പരാജയപ്പെടുന്നു. അഹത്തിൽ ഒരു ചെറിയ ആഗ്രഹമെങ്കിലും ഇല്ലാതെ കർമ്മം ചെയ്യാനാവില്ല. എങ്കിലും നിഷ്കാമ ഊർജ്ജം ഉയരുമ്പോൾ ഇത് സാദ്ധ്യമാകുമെന്ന് മനസ്സിലാകും. പക്ഷെ ഓർഗാസത്തെ തടയാതെ ഈ ഊർജ്ജം നിലനിർത്താനാവില്ല. നിസ്വാർത്ഥതയും യഥാർത്ഥ നന്മയും നിലനിൽക്കുന്നവരിൽ ഓർഗാസത്തിന്റെ കാലയളവ് വളരെ നീണ്ടതായിരിക്കുമെന്ന് കണ്ടെത്താൻ കഴിയും. അതിനാൽ ഒരു നിസ്വാർത്ഥ മഹാത്മാവോ,സന്യാസി-സന്യാസിനിയോ ഉയർന്നു വന്നാലും നിത്യ ജീവനിലേക്ക് എത്താൻ കഴിയാതെ വരും. എന്നാൽ ലോകത്തിന് അവർ ധാരാളം നന്മകൾ ചെയ്യും. യഥാർത്ഥ ബ്രഹ്മചര്യം എന്തെന്ന് അവർക്കറിയില്ല. അത്തരം ഒരു ബ്രഹ്മചര്യം ഇന്നുവരെയും കണ്ടു പിടിക്കപ്പെട്ടതായി തെളിവുകളില്ല. **പുരുഷൻ സ്ത്രീയെയും സ്ത്രീ പുരുഷനെയും അറിയാതിരിക്കുന്നതാണ് ബ്രഹ്മചര്യം എന്ന് നാം തെറ്റായി പഠിച്ചുവച്ചിരിക്കുന്നു.** അല്ലെങ്കിൽ സമൂഹമെന്ന അഹം അങ്ങിനെ പഠിക്കാനാണ് നമ്മെ പ്രേരിപ്പിച്ചിരിക്കുന്നത്. നയിക്കുന്നവനും നയിക്കപ്പെടുന്നവനും അന്ധൻ. ആയിരക്കണക്കിനു വർഷങ്ങളായി ബ്രഹ്മചര്യത്തെ ആരും ചോദ്യം ചെയ്തിട്ടില്ല. ബുദ്ധിയുള്ളവരുടെ ശ്രദ്ധ മുഴുവനും ശാസ്ത്രത്തിലും ടേക്നോളജിയിലും ആണ്. അതിനാൽ ശാസ്ത്രം വല്ലാതെ പുരോഗമിച്ചിരിക്കുന്നു. വെറും ജീവിത സൗകര്യങ്ങൾ മാത്രം വർദ്ധിപ്പിക്കാൻ കഴിവുള്ള ശാസ്ത്രത്തിന് ആത്മാവിനെ കണ്ടെത്താൻ കഴിയുകയില്ലല്ലോ! അതിനാൽ ആത്മാർത്ഥതയുള്ള ആത്മീയ അന്വേഷകൻ അല്ലെങ്കിൽ അന്വേഷക ആത്മീയ ജീവിതത്തിനൊടുവിൽ depression, frustration, പ്രമേഹം,മാനസിക രോഗം, വാർദ്ധ്ക്യ സഹജമല്ലാത്ത രോഗങ്ങൾ ഇവ അകാലത്തിൽ പിടിപെട്ടു മരിക്കുന്നു. അറിവില്ലായ്മയാണിതിനു കാരണം. അതിനാൽ ശരിയായ ഒരു ആത്മീയ അന്വേഷകൻ യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെയും നിഷ്കാമ കർമ്മത്തിലൂടെയും ജീവിക്കണം. അഹം സൃഷ്ടിക്കുന്ന അസംഖ്യം തടസങ്ങളെ വസ്തുനിഷ്ഠത കൊണ്ട് ഇല്ലാതാക്കണം. ഇതിനാവശ്യമായ നിഷ്കാമ ഊർജ്ജം നാളുകൾ ചെല്ലുന്തോറും യഥാർത്ഥ ബ്രഹ്മചര്യത്തിൽ നിന്ന് ലഭിച്ചു കൊണ്ടിരിക്കും. അങ്ങിനെ മനസ്സ് ഉയർന്ന ബോധോദയത്തിൽ എത്തുമ്പോൾ ഈ ഊർജ്ജം ആത്മാവിനെ അനുഭവജ്ഞാനമായി നൽകുന്നു. അവിടെ നിന്നാണ് യഥാർ ത്ഥ ആത്മീയ ജീവിതം ആരംഭിക്കുന്നത്. പിന്നീട് ഒരു തിന്മയ്ക്കും അധമശക്തിക്കും അഹത്തിനും ആത്മാവിന്റെ വളർച്ചയെ തടയാൻ കഴിയില്ല. **ആത്മാവ്, ആത്മാവിൽ തന്നെ പൂർണ്ണമായും സ്വയം പര്യാപ്തവുമാണ്.** അത് അതിന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം ബുദ്ധിയിൽ സദാസമയവും ഉപദേശിച്ചു കൊണ്ടിരിക്കും. ഇതിനെയാണ് ബോധജീവിതം അഥവാ ഉണർന്ന ജീവിതം (life in Awareness) എന്ന് പറയുന്നത്. മനസ്സും ബുദ്ധിയും അവബോധത്തിന്റെ ദാസനായി പ്രവർത്തിക്കുന്നു. തിന്മയുടെ ഒരു ഹോർമോണും ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുകയില്ല. കാരണം അവയുടെ എല്ലാത്തിന്റെയും തായ്‌വേരായ ലൈംഗിക ഹോർമോണിനെയാണ് ശരീരം സാക്ഷിത്വത്തിലൂടെ നശിപ്പിച്ചു കളഞ്ഞത്. **ജീവിതം അടിസ്ഥാന ആഗ്രഹം മൂലമുള്ള ഒരു സംഭവമാണെന്ന് അന്ന് മനസ്സ് തിരിച്ചറിയും. ജീവന്റെ അടിസ്ഥാന കാരണവും ഇതു തന്നെയെന്ന് മനസ്സ് കണ്ടെത്തും.** കാരണത്തെ കണ്ടെത്തിയാൽ അജ്ഞത നിലനിൽക്കില്ല. മറയ്ക്കപ്പെട്ടത് തുറന്നു കാണിക്കപ്പെടുന്നതോടെ ആത്മാവ് മുക്തി നേടുന്നു.

തിന്മയാണ് മനുഷ്യജന്മം എന്ന് ആരും തെറ്റിദ്ധരിക്കരുത്. **ജീവന്റെ തിന്മയോട് ബോധം ബന്ധപ്പെടുന്നതാണ് മനുഷ്യ ജീവിതം, എന്നാണ് ബോധശാസ്ത്രം സമർത്ഥിക്കുന്നത്. ഈ തിന്മയെ എന്നന്നേയ്ക്കുമായി നശിപ്പിക്കുന്ന ബ്രഹ്മാസ്ത്രമാണ് യഥാർത്ഥ ബ്രഹ്മചര്യം.** ഈ ബ്രഹ്മചര്യത്തിന് അല്ലാതെ മറ്റൊരു ആയുധത്തിനും തിന്മയെ കീഴടക്കാൻ സാദ്ധ്യമല്ല. അതാണ് തിന്മ നേടിയിരിക്കുന്ന വരം. അതിനാൽ ഇന്നുവരെ യഥാർത്ഥ ബ്രഹ്മചര്യം എന്തെന്ന് ഒരു വേദഗ്രന്ഥങ്ങളും വ്യക്തമാക്കിയതായി കാണുന്നില്ല. അല്ലെങ്കിൽ മനസ്സിലാകുന്നില്ല. എന്നാൽ ബോധശാസ്ത്രം തെളിവുകളും യുക്തിയും അനുഭവജ്ഞാനവും നിരത്തിവെച്ച് മനുഷ്യ ജീവിതത്തെ അതിന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും മോചിപ്പിക്കാൻ യഥാർത്ഥ ബ്രഹ്മചര്യം എന്ന ബ്രഹ്മാസ്ത്രത്തെ ഉപദേശിക്കുന്നു. ആർക്കും ആ അസ്ത്രം സ്വയം അവനവനിൽ നിർമ്മിക്കാം. മനസ്സു കൊണ്ടു തൊടു ത്തു വിടാം. ഹോർമോണുകൾ,പാരമ്പര്യ ഘടകങ്ങളായ ജീനുകൾ എന്നീ രാസയാഥാർത്ഥ്യങ്ങളെ **ചാമ്പലാക്കി** ആത്മാവ് ഭൗതിക ജീവിതത്തെനശ്വരമെന്ന് അനുഭവിക്കും. അന്ന് ആത്മാവ് തന്റെ പുണ്യം എന്തെന്ന് തിരിച്ചറിയും. നിലനിൽക്കാത്തതും നന്ദികെട്ടതുമായ ബന്ധങ്ങൾക്കും നൈമിഷിക സുഖത്തിനും ഓരോ മനുഷ്യനും നൽകുന്ന വില സ്വന്തം ആത്മാവിന്റെ സ്വാതന്ത്ര്യവും അതിന്റെ പരമാനന്ദവുമാണെന്ന് തിരിച്ചറിയാൻ ഇനിയും വൈകരുത്.



### അദ്ധ്യായം– 5

## മോക്ഷം ജീവൻമുക്തി, നിത്യജീവൻ എന്നിവയിലേക്കുള്ള ആത്മാവിന്റെ ഉണർവ്വ്

ജീവിതം ഭൗതികമാണെന്ന് തെറ്റിദ്ധരിക്കുന്നവരും ജീവിതം യഥാർത്ഥത്തിലുള്ള അനുഭവമാണ് എന്ന് സങ്കൽപ്പിക്കുന്നവരും നിത്യജീവൻ, മോക്ഷം, ജീവൻമുക്തി എന്നിങ്ങനെ അർത്ഥമാക്കുന്ന ആത്മാവിന്റെ പരമാനന്ദവും സ്വാതന്ത്ര്യവും എന്തെന്ന് അറിയുന്നില്ല. എന്നാൽ ആത്മീയത എല്ലാ മനുഷ്യരും തിരിച്ചറിയുകയും ചെയ്യുന്നു. ആത്മാവിന്റെ സ്വാതന്ത്ര്യം എന്നത് ജീവന്റെ ലക്ഷ്യമല്ല മറിച്ച് മനുഷ്യജീവിതം ആത്മാവിനെ സ്വതന്ത്രമാക്കാൻ സംഭവിച്ച പുണ്യമാണ്. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ തിരിച്ചറിവിനെ തന്നെ തിരിച്ചറിയാൻ കഴിവുള്ള അവബോധത്തെ പ്രകൃതി മനുഷ്യ ബുദ്ധിയുമായി ബന്ധിപ്പിക്കുമായിരുന്നില്ല. ദുഃഖങ്ങളും വേദനകളും തിരിച്ചറിയാനും അവ ജീവിതത്തിന്റെ ഭാഗമാണെന്ന് ചിന്തിക്കുവാനും സന്തോഷത്തെ അന്വേഷിക്കുവാനുമാണ് അവബോധം നൽകപ്പെട്ടത് എന്ന് വിശ്വസിക്കുന്നവൻ പമ്പരവിഡ്ഢിയാണ്. പ്രപഞ്ചത്തെയും തന്റെ സൃഷ്ടിയെയും അവൻ വളരെ നിസ്സാരമായി കാണുന്നു. ജനിക്കുകയും വാസനകൾക്കും ഇച്ഛകൾക്കും അനുസരിച്ച് ജീവിക്കുകയും പ്രത്യുൽപ്പാദനം നടത്തുകയും മക്കളെ വളർത്തി ഒന്നുകിൽ അവരെ അവഗണിച്ച് അല്ലെങ്കിൽ തന്റെ പൂർത്തീകരിക്കാൻ ആവാത്ത ആഗ്രഹങ്ങൾ അവരിൽ അടിച്ചേൽപ്പിച്ച് അവരെ വെറും വസ്തുക്കളായി കണക്കാക്കി വളർത്തുകയും ചെയ്യുന്നതാണ് ജീവിതം എന്ന് നാം തെറ്റിദ്ധരിക്കുന്നെങ്കിൽ മൃഗങ്ങളേക്കാൾ താഴെയുള്ള ജീവിതം തന്നെ ധാരാളമായിരുന്നു. കാരണം മൃഗങ്ങൾ നമ്മെക്കാൾ ഒരുപടികൂടി മുന്നിൽ നിൽക്കുന്നു. ഏതൊരു ജീവിയും തന്റെ കുഞ്ഞുങ്ങൾ ആഹാരം തേടാൻ പ്രായമാകുമ്പോൾ അവരെ പൂർണ്ണമായും സ്വതന്ത്രമാക്കുന്നു. എന്നാൽ നാം മരണം വരെ പരസ്പരം ബന്ധങ്ങളുടെ ബന്ധനങ്ങളിൽ ജീവിക്കുന്നു. സ്വതന്ത്രമായി ജീവിക്കുവാൻ മക്കളും മാതാപിതാക്കളും പരസ്പരം അനുവദിക്കാറില്ല. **ആത്മാവിന്റെ സ്വാതന്ത്ര്യത്തിന്, സ്വാർത്ഥതയുടെ ഭയമെന്ന വികാരത്തിന്റെ തടസമാണിത്.** ഈ തടസം നീക്കാൻ നമുക്ക് കഴിയണമെങ്കിൽ ബോധം വളരെ

ഉയരേണ്ടിയിരിക്കുന്നു. **ബുദ്ധിയാണ് ബോധമെന്നു ധരിക്കുകയും ബോധത്തെ തിരിച്ചറിവായ ആത്മാവാണെന്ന് മനസ്സിലാക്കാൻ കഴിയാതേയും ഇരിക്കുന്ന ഒരു സമൂഹത്തിന് ഇത് സാദ്ധ്യമല്ല.**

സ്വന്തം സ്വാർത്ഥത മറച്ചു പിടിച്ച് ഉത്തരവാദിത്തത്തിന്റെയും നല്ല ഭാവിയുടെയും പേരപറഞ്ഞ് മാതാപിതാക്കളും അദ്ധ്യാപകരും സമൂഹവും കുട്ടികളെ വൈകൃതങ്ങളിലേക്കും അറിവില്ലായ്മയിലേക്കുമാണ് നയിക്കുന്നതെന്ന് അവർ അറിയുന്നില്ല. കുട്ടികളിലും ബോധം നിലനിൽക്കുന്നുവെന്ന് മാതാപിതാക്കൾക്കും സമൂഹത്തിനും കണ്ടെത്താൻ കഴിയുന്നില്ല. ഏതു സൂത്രമാണോ താൻ പ്രയോഗിക്കുന്നത് അതേ സൂത്രം മക്കൾ തിരിച്ചു പ്രയോഗിക്കുമ്പോൾ അവിടെ ദുഃഖവും വേദനയും മാനസിക പിരിമുറുക്കവും ഉടലെടുക്കുന്നു. ഇതിന് ഭൗതിക തലത്തിൽ പരിഹാരമില്ല. അതിനാൽ നിരാലംബരും അവഗണിക്കപ്പെട്ടവരുമായ വൃദ്ധരും അനാഥ കുട്ടികളും സമൂഹത്തിൽ വർദ്ധിച്ചു കൊണ്ടേയിരിക്കും. ഇതുമൂലമുണ്ടാകുന്ന രോഗങ്ങൾക്കും മാനസിക വിഭ്രാന്തികൾക്കും ക്രമ സമാധാന ലംഘനങ്ങൾക്കും ഡോക്ടറോടും സൈക്യാട്രിസ്റ്റിനോടും സാമൂഹ്യ ക്ഷേമകരോടും ചോദ്യങ്ങൾ ചോദിച്ചതു കൊണ്ട് കാര്യമില്ല. അവരും ഇതേ അവസ്ഥയിൽ തന്നെ നിലനിൽക്കുന്നവരാണ്. അവരുടെ ഉപജീവനമാർഗ്ഗമാണ് സമൂഹത്തിലെ അവരുടെ സ്ഥാനങ്ങളെന്ന് തിരിച്ചറിഞ്ഞാൽ നാം കബളിപ്പിക്കപ്പെടുകയില്ല.

സ്വന്തം ആത്മാവിലേക്ക് ഇറങ്ങി സ്വയം സ്നേഹമായും കരുണയായും അനുകമ്പയായും മാറി നേക്കുക. മക്കളും സമൂഹവും സ്വയം തിരുത്തപ്പെടുന്നതു കാണാം. അനുഭവിക്കാം.തിരിച്ചറിയാം. സ്വന്തം മനസ്സിന്റെ കാപട്യവും സൂത്രങ്ങളും സ്വാർത്ഥതയും തിരിച്ചറിയുക. അപ്പോൾ മക്കളും ഭാര്യയും സമൂഹവും അത് തിരിച്ചറിയാൻ തുടങ്ങും. താൻ മാത്രമാണ് ശരിയെന്ന് നമ്മെക്കൊണ്ട് ചിന്തിപ്പിക്കുന്നത് അടിസ്ഥാന ആഗ്രഹവും അതിന്റെ സ്വാർത്ഥതയുമാണെന്ന് തിരിച്ചറിഞ്ഞ് കൊണ്ടേയിരിക്കുക. മനസ്സിനെ സദാസമയവും അങ്ങിനെ ചിന്തിക്കാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുക. പണം ധൂർത്തടിക്കരുതെന്ന് ഉപദേശിക്കുന്ന അച്ഛനും അമ്മയും കുടുംബത്തിന്റെ നന്മയുടെ പേരു പറഞ്ഞ് പണം ധൂർത്തടിക്കുന്നത് കാണുന്ന മകനോ മകളോ ബുദ്ധിയിൽ അത് മനസ്സിലാക്കിയില്ലെങ്കിലും പ്രവൃത്തിയിൽ അവർ ധൂർത്തടിക്കുന്നതും അത് മറച്ചു പിടിക്കുന്നതും മാതാ-പിതാക്കളുടെ തിന്മ അവരുടെ ബോധത്തിലൂടെ മക്കളുടെ ബോധവുമായി ഒരു പ്രതിപ്രവർത്തനം നടത്തുന്നതു കൊണ്ടാണ് എന്ന് അറിയുക. വളരെ അധികം കോപത്തോടെ **നീ എന്തിനാണ് എന്നോട് ദേഷ്യത്തോട് പെരുമാറുന്നത്** എന്ന് പറയുന്ന അച്ഛൻ വിഡ്ഢിയാണ്. അയാൾ അനിയന്ത്രിതമായി തന്റെ തന്നെ കോപത്തെ പുറത്തു കൊണ്ടുവരുവാൻ മകനെ കാരണമാക്കി എടുക്കുകയാണ്. സാമാന്യ ബുദ്ധിക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഒന്നാണിത്.



ജീവിതം ഓരോ വ്യക്തിയുടെയും മനസ്സിൽ നടക്കുന്ന സംപ്രേക്ഷണം മാത്രമാണെന്ന് മനസ്സിലാക്കുക. സിനിമ പോലെ തന്നെ ഏത് പ്രേക്ഷണവും മിഥ്യയാണ്. സിനിമയിലെ ഒരു കഥാപാത്രം ദുഃഖിക്കുന്നു എന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത് അതിന്റെ പിന്നിൽ പ്രവർത്തിച്ച സംവിധായകനും സിനിമ നിർമ്മിച്ചവരും പ്രൊജക്ടറും പ്രകാശവുമാണ്. അതുപോലെ അടിസ്ഥാന ആഗ്രഹവും അതിന്റെ സ്വാർത്ഥതയുമാണ് നാം ജനിക്കുവാനും ജീവിക്കുവാനും മരിക്കുവാനും ഇടയാക്കുന്നത്. അതിനാൽ ഫിലിം,പ്രൊജക്ടർ, പ്രകാശം ഇവ നിലനിൽക്കുന്നിടത്തോളം കാലം എപ്പോൾ വേണമെങ്കിലും കഥാപാത്രങ്ങളെ സംപ്രേക്ഷണം ചെയ്യാൻ കഴിയുന്നതുപോലെ അടിസ്ഥാന ആഗ്രഹവും സ്വാർത്ഥതയും നിലനിൽക്കുന്നിടത്തോളം ജീവിതം പല രീതിയിൽ പല ശരീരങ്ങളിലായി സംപ്രേക്ഷണം ചെയ്തു കൊണ്ടിരിക്കും. അപ്പോൾ സംപ്രേക്ഷണം അവസാനിപ്പിക്കണമെങ്കിൽ ആഗ്രഹവും സ്വാർത്ഥതയും നശിപ്പിച്ചുകളയേണ്ടിയിരിക്കുന്നു.

സിനിമയിലെ കഥാപാത്രങ്ങൾ വേദനയും ദുഃഖവും സന്തോഷവും അഭിനയിക്കുകയാണെങ്കിൽ,ജീവിതത്തിൽ ഓരോ വ്യക്തിയും അത് യാഥാർത്ഥ്യമായി അനുഭവിക്കുകയാണ്. ഇവിടെ ബോധം തന്നെയാണ് വേദന അനുഭവിക്കുന്നത്. കാരണം അതാണല്ലോ സംപ്രേക്ഷണം ചെയ്യാൻ വേണ്ടി പ്രവർത്തിക്കുന്നത്. തിയറ്ററുകളിൽ മുഴങ്ങുന്ന വേദനയുടെ ശബ്ദവും സ്ക്രീനിൽ പതിയുന്ന നിഴലും ഫിലിമിൽ നിന്നും പ്രൊജക്ടറിൽ നിന്നും വരുന്ന വെറും സിഗ്നലുകൾ മാത്രമാണ്. അതുപോലെ അടിസ്ഥാന ആഗ്രഹങ്ങളിലും സ്വാർത്ഥതയിലും നിലനിൽക്കുന്ന ആത്മാവിൽ നിന്നാണ് ശബ്ധവും കാഴ്ചയും വികാരങ്ങളും വരുന്നത്. അത് ജ്ഞാനേന്ദ്രിയങ്ങൾ സംപ്രേക്ഷണം ചെയ്യുന്നു എന്നേയുള്ളു. അപ്പോൾ സിനിമ സംഭവിക്കാൻ തിയറ്ററും സ്ക്രീനും സ്പീക്കറും വെളിച്ചവും വേണമെ ന്നതുപോലെ തന്നെ ജീവിതം സംഭ

വിക്കാൻ ശരീരവും മനസ്സും വേണം. എന്നാൽ മാത്രമെ ആത്മാവിന് വേദനിക്കുവാനും ദുഃഖിക്കുവാനും കഴിയുകയുള്ളു. അതുകൊണ്ടാണ് മനുഷ്യനിലെ പ്രത്യുൽപ്പാദനം വളരെ ഗൗരവമേറിയ ഒന്നാണ് എന്ന് ബോധശാസ്ത്രം സമർത്ഥിക്കുന്നത്. ഒരാത്മാവിന് വേദനിക്കുവാനും ദുഃഖിക്കുവാനും ഉള്ള അവസരം ഒരുക്കി കൊടുക്കലാണ് പ്രത്യുൽപ്പാദനത്തിലൂടെ നാം ഓരോരുത്തരും ചെയ്യുന്നത്. എന്നാൽ ആ വേദനയിലൂടെ സഞ്ചരിക്കുന്ന ആത്മാവിന്റെ വേദന അകറ്റാനും നിത്യജീവനിലേക്കും മോക്ഷത്തിലേക്കും ഉണരാനും മാതാപിതാക്കൾ സഹായിക്കുന്നുവെങ്കിൽ പ്രത്യുൽപ്പാദനം ന്യായീകരിക്കാമായിരുന്നു. ആത്മാവിൽ നിന്ന് സ്വാർത്ഥത നീക്കാതെ ജീവിതമെന്ന സംപ്രേക്ഷണം അവസാനിപ്പിക്കാൻ കഴിയില്ല. ഫിലം ആകുന്ന ശരീരം നശിപ്പിച്ചതു കൊണ്ടോ (ആത്മഹത്യ) നശിച്ചതു കൊണ്ടോ (സ്വാഭാവിക മരണം) കാര്യമില്ല. കാരണം നെഗറ്റീവ് ഫിലിം ഉള്ളിടത്തോളം അതിൽ നിന്നും കോപ്പികൾ എത്രവേണമെങ്കിലും ഉണ്ടാക്കാം. ജീവിതത്തിന്റെ വളരെ ലളിതമായ ഒരു അനുഭവജ്ഞാനമാണ് മേൽ വിവരിച്ചത്. മനസ്സിലാക്കാൻ ശ്രമിച്ചു നോക്കുക.

യഥാർത്ഥ ബോധം, ജീവനിൽ ആത്മാവും തിരിച്ചറിവുമായി നിലനിൽക്കുന്നു. ബോധത്തെ അനുഭവം കൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്. കാരണം ബോധത്തിൽ നിന്നാണ് മനസ്സ് രൂപം കൊണ്ടത്. കാരണം ബോധത്തിൽ നിന്നാണ് മനസ്സ് രൂപം കൊണ്ടത്. സൃഷ്ടിയുടെ ഏറ്റവും വലിയ പ്രത്യേകതയാണിത്. **സൃഷ്ടിക്കപ്പെട്ട വസ്തുവിന് സൃഷ്ടിയുടെ കാരണം കണ്ടെത്താൻ കഴിയാതെപോകുന്നു**. കാരണം സൃഷ്ടി വെറും പ്രക്ഷേപണമാണ്,മനസ്സ് യുക്തിയാണ്,യുക്തിക്ക് ആപേക്ഷിക സിദ്ധാന്തത്തിന് അപ്പുറം പോകുവാൻ സാദ്ധ്യമല്ല എന്ന് ഭൗതിക ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. അതിനാൽ ബോധശാസ്ത്രം തിരിച്ചറിവിനെ തന്നെ ആത്മാവായി അഥവാ യഥാർത്ഥ ബോധമായി സങ്കൽപ്പിക്കുന്നു. ബുദ്ധി ജീവന്റെ പ്രത്യേകതയായി നിലനിൽക്കുകയും തിരിച്ചറിവിനെ തിരിച്ചറിഞ്ഞ് ജീവിതത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നിടത്തോളം കാലം മനുഷ്യനെ സംബന്ധിച്ച് തിരിച്ചറിവും ബുദ്ധിയും ഒന്നാണെന്ന് അനുഭവപ്പെട്ടു കൊണ്ടിരിക്കും. അല്ലെന്നു തെളിയിക്കാൻ സാദ്ധ്യമല്ല. ഒരു മനുഷ്യനും തന്റെ തിരിച്ചറിവ് നിഷേധിക്കാനാവില്ല. അനുഭവങ്ങൾ ഇല്ല എന്ന അനുഭവത്തിലൂടെ മാത്രമെ ബുദ്ധിക്ക് ആത്മാവിനെ തിരിച്ചറിയാൻ കഴിയുകയുള്ളു.



ഒരു റോബോട്ടിന് ചില കൽപ്പിക്കപ്പെട്ട പ്രവൃത്തികൾ തനിയെ ചെയ്യാൻ കഴിയും. കാരണം അതിൽ ഒരു കൃത്രിമ മസ്തിഷ്കം പിടിപ്പിച്ചിരിക്കുന്നു. എന്നാൽ താൻ എന്തിനാണ് ഈ പ്രവൃത്തികൾ ചെയ്യുന്നതെന്നും എന്തു കൊണ്ടാണ് ചെയ്യുന്നതെന്നും ഇതിനാവശ്യമായ ഊർജ്ജം എവിടെ നിന്നു വരുന്നുവെന്നും താൻ എന്തിനാണ് സൃഷ്ടിക്കപ്പെട്ടതെന്നും അതിന്റെ മസ്തിഷ്കത്തിനു കണ്ടെത്താൻ കഴിയില്ല. കാരണം അതിന്റെ മസ്തിഷ്കത്തിന് നിരീക്ഷകനാവാൻ കഴിയില്ല. പക്ഷെ മനുഷ്യനിൽ ആ സാദ്ധ്യത നിലനിൽക്കുന്നതു കൊണ്ട് മനുഷ്യൻ ഒരു നിരീക്ഷകനാവുന്നു. അതിനാൽ തന്നെതന്നെ നിരീക്ഷിക്കാൻ നമുക്കു കഴിയും. എന്നാൽ പഞ്ചേന്ദ്രിയം തന്നിൽ നിന്ന് പുറത്തേക്ക് തുറന്നിരിക്കുന്നതിനാൽ പുറത്തു നിന്നാണ് (പ്രപഞ്ചത്തിൽ നിന്ന്) താൻ വന്നതെന്ന് അത് സങ്കൽപ്പിക്കുന്നു. അതിനാൽ താൻ പ്രപഞ്ചസൃഷ്ടിയാണെന്നും പ്രപഞ്ചം യാഥാർത്ഥ്യമാണെന്നും മനുഷ്യർ **കണ്ടെത്തുന്നു**. അതായത് സ്ഥല-കാലം ഒരു ആപേക്ഷികമായ അനുഭവമാണെന്ന് ശാസ്ത്രം വ്യക്തമായി തെളിയിച്ചിട്ടു പോലും അത് വിശ്വസിക്കുവാനും ഉൾക്കൊള്ളുവാനും മനുഷ്യനു കഴിയാതെ പോകുന്നു. അത് സ്വാഭാവികം തന്നെയാണ്. എന്നാൽ ഈ നിരീക്ഷണ ഗുണം തന്റെ മനസ്സിലേക്ക് തന്നെ തിരിച്ചു പിടിച്ചാൽ താൻ എങ്ങിനെ സൃഷ്ടിക്കപ്പെട്ടെന്ന് കണ്ടെത്താൻ ആർക്കും കഴിയും. അതിന് ശാസ്ത്ര പരിജ്ഞാനം ആവശ്യമില്ല.

ബോധശാസ്ത്രം തിരിച്ചറിവിനെ അഥവാ അവബോധത്തെ തന്നെ ആത്മാവായി അഥവാ ജന്മകാരണമായി സങ്കൽപ്പിക്കുന്നു. ഈ സങ്കൽപ്പത്തിന്റെ ആദ്യ പകുതിയായ തിരിച്ചറിവ് യഥാർത്ഥമല്ലെന്ന് വാദിക്കുവാൻ നമുക്കു കഴിയില്ല. **ബുദ്ധി ബോധത്തെ തിരിച്ചറിവായി ഉപയോഗിച്ച് വസ്തുവായും യുക്തിയായും സങ്കൽപ്പിക്കുവാൻ ശ്രമിക്കുന്നതാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണം**. അതിന് ബുദ്ധിയെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. വസ്തുവും യുക്തിയും അല്ലാത്തതൊന്നും ബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ശാരീരിക വേദനയുടെ യഥാർത്ഥ സ്രോതസ് ബുദ്ധിക്ക് മനസ്സിലാകാതെ പോകുന്നത്. അതിനാൽ വിശപ്പ്, ശാരീരിക മുറിവുകൾ, രോഗങ്ങൾ ഇവയെ ബുദ്ധി ഭയപ്പെടുന്നു. കാരണം ഇവ പച്ചയായ യാഥാർത്ഥ്യങ്ങളാണ്. ഈ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ എല്ലാ തത്വശാസ്ത്രങ്ങളും ആത്മീയ

സിദ്ധാന്തങ്ങളും ശാസ്ത്രങ്ങളും എന്തിന് ഏറെ, ബോധോദയത്തിലൂടെ ലഭിച്ച പരമാനന്ദാവസ്ഥ പോലും പരാജയപ്പെടുന്നു. ഈ പച്ചയായ സത്യത്തെ മറച്ചു പിടിക്കുന്നതിനാണ് മിസ്റ്റിക് അവസ്ഥയിൽ ജനിച്ച മനുഷ്യദൈവങ്ങൾ പോലും ആതുരസേവനം, ദീനാനുകമ്പ, ലോക സമാധാനം,യൂണിവേഴ്സൽ ലവ് എന്നൊക്കെ പറഞ്ഞ് സമൂഹത്തിന്റെ ബുദ്ധിയെ വഞ്ചിക്കുന്നത്. പറയുന്നത് മനുഷ്യദൈവങ്ങളാണെങ്കിൽ അവ സത്യമായിരിക്കുമെന്നും വിശ്വസിക്കുന്നു. സൂത്രക്കാരായ മനുഷ്യർ സ്വന്തം സ്വാർത്ഥതയെ മറച്ചു പിടിക്കാൻ ഈ വിശ്വാസത്തെ ഉപയോഗിക്കുന്നു.

ഭക്ഷണത്തിനും സംരക്ഷണത്തിനും ഇണയ്ക്കും പരാശ്രയവും, രോഗങ്ങൾ വരാതിരിക്കുന്നതിനും അപകടങ്ങളിൽ നിന്ന് രക്ഷനേടുന്നതിനും ആത്മീയ ആശ്രയവും മനുഷ്യൻ നിലനിർത്താൻ നിർബന്ധിതനാകുന്നു. ഇത് ഭയവും ആശങ്കയും സൃഷ്ടിക്കുന്നു. അതിനാൽ **ആത്മാവിന്റെ പരാശ്രയത്വം ഒരു യാഥാർത്ഥ്യമായി ജീവിതത്തിൽ നിലനിൽക്കുന്നു.** അത്തരത്തിലുള്ള ഒരാത്മാവ് തിരിച്ചറിവിലൂടെ രക്ഷപ്പെടണമെന്ന് വന്നാൽ എളുപ്പമല്ല. അതായത് അവബോധമെന്ന തിരിച്ചറിവ് ജീവനല്ല എന്ന് മനസ്സിലാക്കിയാൽ തന്നെ (ബോധോദയം സംഭവിച്ചാൽ) ആത്മാവിന് രക്ഷപ്പെടാൻ അത്ര എളുപ്പമല്ല. കാരണം ബോധോദയം എന്നത് മനസ്സ് ബോധത്തിൽ ഉയർന്നു നിൽക്കുന്ന പരമാനന്ദ അവസ്ഥയാണ്. ഒരാത്മാവുപോലും ഭൂമിയിൽ നിന്ന് രക്ഷപ്പെടരുത് എന്നു മാത്രമല്ല ആത്മാക്കളുടെ എണ്ണം 600 കോടിയിൽ നിന്ന് 1000 കോടിയായി വർദ്ധിക്കണമെന്നാണ് അധമബോധത്തിന്റെ ആഗ്രഹം. അങ്ങിനെ ആത്മീയ ജീവിതം സംഭവിക്കുന്ന ഒരു മിസ്റ്റിക് ബുദ്ധിമാൻ പരമാനന്ദാവസ്ഥയിൽ നിൽക്കുമെങ്കിൽ തന്നെ നാഢീവ്യൂഹത്തിന്റെ സാന്നിദ്ധ്യമുള്ള ശരീരം വേദനകളും ജീവിത പ്രാരബ്ധങ്ങളും കൊണ്ട് ബുദ്ധിമുട്ടുകയും കഷ്ടപ്പെടുകയും ചെയ്യുന്നു. പിന്നീട് രണ്ട് രീതിയിലാണ് അയാൾ മരണംവരെ തന്റെ ജീവിതം മുന്നിലേയ്ക്ക് കൊണ്ടുപോകുന്നത്. അയാളെ സംബന്ധിച്ച് യഥാർത്ഥ ജീവിതത്തിന്റെ വാതിൽ മരണമാണെന്ന് അയാൾ അറിയുന്നു. 1.നെഗറ്റീവ് വികാരങ്ങളുടെ ഹോർമോണുകൾ വിറ്റ്നസിങ്ങിലൂടെ ഇല്ലാതാക്കുക,2. യഥാർത്ഥമായ ശാരീരിക വേദനയെ സന്തോഷത്തോടെ സ്വീകരിക്കുക. ആരോടും പരാതിയില്ലാതെ,വെറുപ്പില്ലാതെ,തന്നെ ഉപദ്രവിക്കുന്നവരുടെ നേരെ നിസ്സംഗനായി നിന്ന് വേദന ഏറ്റുവാങ്ങുന്നത് ഒരുതരം നഷ്ടപരിഹാരം



കൊടുക്കൽ ആണെന്ന് മനസ്സിലാക്കുക. ബോധം ഉയരുന്നതിനും ഉണരുന്നതിനും ഈ നഷ്ടപരിഹാരം കൊടുത്തേ മതിയാകൂ.

അതായത് ആത്മാവിനെ നിത്യജീവനിലേക്ക് അഥവാ നിർവ്വാണയിലേക്ക് എത്തിക്കാൻ തയ്യാറെടുക്കുന്ന ഒരു മനുഷ്യനിൽ രണ്ടു തരം തെരഞ്ഞെടുപ്പുകളാണ് അത്യന്തികമായി നിലനിൽക്കുന്നത്. ഒന്ന്-തന്റെ തന്നെ സ്വാർത്ഥതയുടെ അറിവില്ലായ്മയിൽ ജീവിതം സംഭവിച്ചതിനാൽ അതിന്റെ ശാരീരിക,മാനസിക വേദനകളിൽ ഒരിക്കലും അവസാനിക്കാതെ ജന്മങ്ങൾ പിന്നിടുക. അല്ലെങ്കിൽ ഈ അടിസ്ഥാന ആഗ്രഹമെന്ന സ്വാർത്ഥതയ്ക്ക് നഷ്ടപരിഹാരം കൊടുക്കുക. അതുകൊണ്ടാണ് ബുദ്ധിമാനായ ഒരു മിസ്റ്റിക് പറഞ്ഞത്. **എല്ലാം ഉപേക്ഷിച്ച് ഒരുവൻ തന്റെ ജീവിതമാകുന്ന പ്രാരബ്ധങ്ങൾ തോളിൽ ചുമക്കാതെ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ല എന്ന്.** മേൽപ്പറഞ്ഞ മിസ്റ്റിക് വചനം ഒരു സിദ്ധാന്തമോ തത്വശാസ്ത്രമോ അല്ല. തികച്ചും ഒരു അനുഭവജ്ഞാനമാണ്. അതിനാൽ ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ഇവിടെ പ്രസക്തിയിയില്ല. സാമാന്യ ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാതെ പോകുകയും വേദന എന്ന യാഥാർത്ഥ്യത്തെ അഹം എന്ന മനസ്സ് ഭയപ്പെടുകയും ചെയ്യുന്നതു കൊണ്ട് മനുഷ്യബുദ്ധി ഒരെളുപ്പവഴി കണ്ടുപിടിച്ചു. എല്ലാവരുടെയും ദുഃഖങ്ങൾ ഒരുമിച്ച് ഒരാൾ ഏറ്റെടുക്കുക! അയാൾ വേദനിച്ചു മരിക്കുമ്പോൾ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കാൻ അർഹത നേടുന്നത് ഒരു പ്രത്യേക ജാതിയിലെ ജനസമൂഹം തന്നെയാണെന്ന് അഹം കണ്ടെത്തുക! സ്വതവേ തന്നെ വേദന അനുഭവിക്കാൻ തയ്യാറാകാത്ത കുബുദ്ധികളായ മനുഷ്യർക്ക് അത് വലിയൊരു ആശ്വാസമായിരുന്നു! വിഡ്ഢിത്തത്തിനു മനുഷ്യൻ ഡോക്ടറേറ്റ് എടുക്കുന്നത് ഇത്തരത്തിലുള്ള വിശ്വാസങ്ങളിലൂടെയാണ്.

നിത്യജീവനിലേക്ക് പ്രവേശിക്കുവാൻ അഥവാ മോക്ഷത്തിലേക്ക് ഉണരുവാൻ ആത്മധൈര്യവും യഥാർത്ഥ വിശ്വാസവും അത്യന്താപേക്ഷിതമാണ്. പക്ഷെ അത് ഇത്തരത്തിലുള്ള ഒരു മൂഢ വിശ്വാസമാക്കി മാറ്റിയാൽ രണ്ടായിരമല്ല പതിനായിരം വർഷം കഴിഞ്ഞാലും ദാരിദ്ര്യത്തിന്റെയും ദുഃഖത്തിന്റെയും വേദനകളുടെയും തീവ്രത വർദ്ധിക്കുമെന്ന് മാത്രമല്ല അത് അനുഭവിക്കുന്ന ആളുകളുടെ എണ്ണവും വർദ്ധിക്കും. അതിൽ സംശയം വേണ്ട.

ബുദ്ധിയുടെ യുക്തിയെ ആപേക്ഷിക തലത്തിൽ ഉപേക്ഷിച്ച് ഭയമില്ലാതെ ഒരുവൻ ബോധോദയത്തിൽ എത്തിയാൽ അയാൾ അഭിമൂ

ഖീകരിക്കുന്ന പ്രശ്നമാണ് ഇത്തരം വിഢ്ഢിത്തങ്ങളായും മൂഢവിശ്വാസങ്ങളായും ആചാരങ്ങളായും സമൂഹം മാറ്റി കളയുന്നത്. **നഷ്ടപ്പെടുന്നതോ അനുഭവജ്ഞാനമാ**കുന്ന വലിയൊരു സന്ദേശവും. വളർന്നു വരുന്ന തലമുറ കഥയറിയാതെ ആട്ടം കാണുന്ന അവസ്ഥയും. ബോധോദയത്തിലെത്തുന്ന ഒരു മിസ്റ്റിക് തന്റെ മനസ്സിന്റെ തനിയെയുള്ള എല്ലാ പ്രവർത്തനങ്ങളെയും നെഗറ്റീവ് ഹോർമോണുകളെയും വിറ്റ്നസിങ്ങ് എന്ന ഒരു സൂത്രത്തിലൂടെ അവസാനിപ്പിക്കുന്നു. വിറ്റ്നസിങ്ങിന്റെ ഏറ്റവും വലിയ പ്രത്യേകത അത് മനസ്സിനെ വൈക്യത്തിലേക്കും അമിതമായ ഏർപ്പെടലിലേയ്ക്കും വിടുകയില്ല എന്നതാണ്. ഒരു തരം ന്യൂട്രൽ അവസ്ഥയാണിത്. അതിനാൽ അയാളുടെ മാനസിക തലത്തിലുള്ള ജീവിതം മുഴുവനും ന്യൂട്രൽ ആയി മാറിപ്പോകുന്നു. ഇതിനെയാണ് ന്യൂട്രൽ ലൈഫ് എന്ന് ബോധശാസ്ത്രം വിളിക്കുന്നത്.

നിഷ്കാമ ജീവിതത്തിൽ എത്താൻ തന്റെ നിഷ്കാമ ഊർജ്ജം കൊണ്ട് നിഷ്കാമ കർമ്മത്തിൽ പ്രവർത്തന നിരതനാകുകയും അങ്ങിനെ ജീവിത സത്യങ്ങൾ അനുഭവജ്ഞാനത്തിലൂടെ അയാളുടെ മനസ്സിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു. ഈ സമയം അയാളുടെ മനസ്സ് ചോദ്യങ്ങൾ ചോദിക്കുകയും ശൂന്യതയിൽ നിന്ന് അതിനെ തോൽപ്പിക്കുന്ന ഉത്തരം ഉണ്ടാകുകയും ചെയ്യുന്നു. ഇത് വല്ലാത്തൊരു അനുഭൂതിയും ആവേശവും അയാളിൽ ഉളവാക്കുന്നു. അതായത് പരമാർത്ഥ ജ്ഞാനത്തിന്റെ **മാനസിക തലത്തിലുള്ള ജീവിതം ഉരുകിത്തീരുന്നതാണ് അവിടെ സംഭവിക്കുന്നത്**. ഇയാൾ യഥാർത്ഥത്തിൽ ഒരു ഗുരു തന്നെയായിരിക്കും. അഹത്തിന്റെ ഏത് ചോദ്യവും മറ്റൊരു ചോദ്യം കൊണ്ട് ഉത്തരം കൊണ്ടോ നിശ്ശബ്ധത കൊണ്ടോ നിഷ്പ്രഭമാക്കാൻ അയാൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. കാരണം മറുപടി വരുന്ന സ്രോതസ് ബുദ്ധിയല്ലെന്നുള്ളതാണ് അതിന്റെ പ്രത്യേകത. ബുദ്ധിക്ക് ആ സ്രോതസ്സ് ഒരു ശൂന്യതയായി മാത്രമെ അനുഭവപ്പെടുകയുള്ളു. ബുദ്ധിക്ക് കണ്ടു പിടിക്കാൻ കഴിയാത്തതെന്തും വരുന്നത് ആത്മാവിൽ നിന്നാണെന്ന് മനസ്സിലാക്കുക. ഇത്തരത്തിലുള്ള ജീവിതം അയാളെ ഒരു സന്യാസി ആക്കുകയോ മനുഷ്യദൈവമാക്കുകയോ പ്രശസ്തനാക്കുകയോ സമ്പന്നനാക്കുകയോ ചെയ്തേക്കാം. ഈ അവസ്ഥയിൽ എത്തി എന്നതു കൊണ്ട് നിർവ്വാണയിൽ എത്താൻ കഴിയണമെന്നില്ല. അതുകൊണ്ടാണ് ബോധോദയം എന്നത് ആത്മീയ ജീവിതത്തിന്റെ തുടക്കം മാത്രമാണ് എന്ന് പറയുന്നത്.



ഈ ഘട്ടത്തിൽ മാനസിക തലത്തിൽ അയാൾ പരമാനന്ദം അനുഭവിക്കുകയും യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെ ലഭിക്കുന്ന ന്യൂട്രൽ ഊർജ്ജം കൊണ്ട് അയാൾ സദാസമയവും ബോധത്തിൽ ഉണർന്നിരിക്കുകയും ആനന്ദ ലഹരിയിൽ ധ്യാനനിരതനാകുകയും ചെയ്യുന്നു. അയാളുടെ STR-ന് ശരീരത്തിലുള്ള സ്വാധീനം ഏതാണ്ട് പൂർണ്ണമായി തനിയെ നശിക്കുന്നതായി അനുഭവപ്പെടുന്നു. ഉണർന്നിരുന്ന് ഉറങ്ങുന്ന ഒരവസ്ഥയാണത്. ഉറക്കത്തിൽ നാം മാനസിക വേദനയോ (ഒരു ചെറിയ അളവ് ശാരീരിക വേദനയും) പിരിമുറുക്കങ്ങളോ, ഡിപ്രഷനോ അനുഭവിക്കുന്നില്ല എന്ന് ഓർക്കുക. ആ അർത്ഥത്തിൽ ബോധത്തിൽ നിലനിൽക്കുന്ന ഒരു മനുഷ്യൻ കർമ്മങ്ങൾ ആത്മാർത്ഥതയോടെ ചെയ്തു കൊണ്ടിരിക്കും. എന്നാൽ ഉറങ്ങുകയും ചെയ്യുകയാണ്. പ്രഭാതവും പ്രദോഷവും അയാളിൽ വ്യത്യാസം സൃഷ്ടിക്കുന്നില്ല. ജോലിയുടെ തുടക്കവും ഒടുക്കവും അയാൾ അറിയുന്നില്ല. സ്ഥലബോധം നഷ്ടപ്പെട്ടു പോകുന്നു. ലോകമേ തറവാട് എന്ന അവസ്ഥ വരുന്നു. എവിടെയാണോ അവിടം അയാളുടെ ജീവിതമാകുന്നു. തത്ഹത എന്ന് പറയുന്നത് ഈ അവസ്ഥയെയാണ്. ഒന്നും തിരഞ്ഞെടുക്കാൻ അയാൾക്കു കഴിയില്ല. എല്ലാം ഒരേ സമയം ഇഷ്ടവും അനിഷ്ടവുമാകുന്നു. കഴിക്കുന്ന എല്ലാ ആഹാരവസ്തുക്കളും അയാൾക്ക് പഞ്ചാമൃതമായി അനുഭവപ്പെടുന്നു. അമിതമായി ആഹാരം കഴിക്കാത്തതിനാൽ വിശപ്പ് സദാസമയവും അയാളിൽ നിലനിൽക്കുന്നു. ഇത് ഏത് ആഹാരവസ്തുക്കളുടെയും സ്വാദ് വർദ്ധിപ്പിക്കുന്നു.

ആത്മീയ ജീവിതത്തിന്റെയും എന്നന്നേയ്ക്കുമായ ആത്മാവിന്റെ മോചനത്തിന്റെയും വെറും പകുതി ഭാഗമേ ആകുന്നുള്ളു ഇത്. അതിനാൽ ഇവിടംവരെ അഹം അയാളെ അനുകൂലിച്ചേക്കാം. അതിനാൽ ഇത്തരം മിസ്റ്റിക്കുകളെ പാതി മിസ്റ്റുക്കുകൾ അഥവാ മിസ്റ്റിക് അവസ്ഥ സംഭവിച്ചവർ എന്നാണ് ബോധശാസ്ത്രം വിശേഷിപ്പിക്കുന്നത്. എന്നാൽ രണ്ടാം പകുതിയായ ശാരീരിക വേദനകൾ വരുമ്പോൾ ഭൂരിഭാഗം മിസ്റ്റിക്കുകളും അതീന്ദ്രിയ ശക്തികൾ ഉപയോഗിക്കുകയും വേദനയെ മരവിപ്പിക്കുന്ന ഭൗതിക വസ്തുക്കൾ തേടുകയും ചെയ്യുന്നു. എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളും മരുന്നുകളും മന്ത്രങ്ങളും ഹീലിങ്ങ് ടെക്നിക്കുകളും ഇത്തരം മിസ്റ്റിക്കുകളാണ് ലോകത്തു കൊണ്ടുവന്നത്. മെഡിക്കൽ സയൻസിന്റെ ശാസ്ത്രീയതയും വേദനസംഹാരികളായ രാസവസ്തുക്കളുടെ കണ്ടുപിടുത്തങ്ങളും ശാരീരിക വേദനയെ കുറയ്ക്കു

ന്നതിൽ അതിയായ പങ്കുവഹിക്കുന്നുണ്ട്. സഹന ശക്തിയുടെ ഒരള വുവരെ മേൽപ്പറഞ്ഞ എല്ലാ വേദന നിയന്ത്രണ സൂത്രങ്ങളെയും ബോധശാസ്ത്രം തള്ളിക്കളയുന്നു.

ശാരീരിക വേദനയുടെ ഏറ്റവും വലിയ പ്രത്യേകത അഥവാ പോരായ്മ മാനസിക വേദനയെപ്പോലെ അതിനെ വിറ്റ്നസ് ചെയ്യാൻ കഴിയില്ല എന്നതാണ്. കാരണം അത് യാഥാർത്ഥ്യമാണ്. എന്നാൽ മാന സിക വേദന യാഥാർ ത്ഥ്യമല്ല. വിശപ്പിന്റെയും മുറിവുകളുടെയും, രോഗം മൂലമുള്ള വേദനകളുടെയും മുമ്പിൽ മനുഷ്യബുദ്ധി നിസഹായമാണ്. അതിനാൽ ബോധശാസ്ത്രം മറ്റൊരു രീതി ഉപയോഗിക്കുന്നു. വളരെ അപകടം പിടിച്ചതും മരണ കാരണവുമായേക്കാവുന്ന ഒരു രീതിയാ ണിത്. നിഷ്ക്രിയീകരിക്കൽ അഥവാ passivation എന്നാണ് ഈ രീതി യുടെ പേര്. ഒരുതരം സ്വീകരിക്കലാണിത്. വേദനയെ സന്തോഷത്തോ ടെ,പരാതിയില്ലാതെ,വേദനയ്ക്ക് കാരണമായവരോടും പ്രപഞ്ചശക്തി കളോടും പ്രത്യേകമായ മനോഭാവമില്ലാതെ ന്യൂട്രൽ ആയി നിൽക്കുന്ന അവസ്ഥ. ഞാൻ ശരീരമല്ല,മനസ്സല്ല ഇത് രണ്ടുമല്ലാത്ത ശുദ്ധ ബോധമാണ് എന്ന് തിരിച്ചറിഞ്ഞു കൊണ്ട് നിൽക്കുന്ന, വളരെ ബുദ്ധിമുട്ടേറിയ ഒരു മാർഗ്ഗമാണിത്. ഇത് മനസ്സിനെ കൊണ്ട് സമ്മതി ഷിക്കാൻ ഒരു മിസ്റ്റിക് പരമാവധി ശ്രമിക്കുന്നു. വേദന നിലനിൽക്കുന്നു എന്നാൽ ഞാൻ വേദനിക്കുന്നില്ല എന്ന് രമണ മഹർഷി പറഞ്ഞ അവ സ്ഥയാണിത്. ബോധോദയം സംഭവിക്കാത്ത ഒരാൾക്ക് ഇത് സാദ്ധ്യമ ല്ല. പരാതി മറച്ചുപിടിച്ച് മനുഷ്യർ വേദന സഹിക്കാറുണ്ട് എന്നാൽ അതിനു പിന്നിൽ ഒരു സ്വാർത്ഥ താൽപ്പര്യമുണ്ടാകും.

മരണത്തെ നശ്വരതാബോധം കൊണ്ട് സ്വീകരിക്കുന്ന ഒരു രീതി യാണിത്. എല്ലാ വസ്തുക്കളും, ബന്ധങ്ങളും നിലനിൽക്കാത്തവയാ ണെന്ന് മനസ്സിനെ യുക്തി-യുക്തമായി പഠിപ്പിക്കുന്നതിന്റെ ഫലം അനു ഭവജ്ഞാനത്തിലൂടെ ഒരു മിസ്റ്റിക് അറിയുന്ന സന്ദർഭമാണ് passi-vating-ൽ നടക്കുന്നത്. ഇതും ഒരു തരം വിറ്റ്നസിങ്ങ് തന്നെയാണ്. പക്ഷെ സമീപനരീതിയിൽ വ്യത്യാസം ഉണ്ടെന്നേയുള്ളു. ഒരു ഉദാഹ രണം കൊണ്ടിത് വ്യക്തമാക്കാം. അസഹ്യമായ ചുമപിടിച്ച ഒരാൾ ചുമ യ്ക്കാനുള്ള പ്രേരണ തൊണ്ടയിൽ വരുമ്പോൾ താൻ ചുമയ്ക്കില്ല എന്ന് തീരുമാനിച്ചാൽ എങ്ങിനെയിരിക്കും? അതിനെയാണ് passivating -എന്നു പറയുന്നത്. അൽപ്പം ധൈര്യം ഉള്ള ആർക്കും ഇത് പരീക്ഷിച്ചു


നോക്കാം. പിന്നീട് ചുമ എന്ന രോഗം ശരീരത്തെ ബാധിക്കില്ല. Passi-vation- ചെയ്യുന്നതിനു മുമ്പ് യാതൊരുവിധ മരുന്നുകളും ഉപയോ ഗിക്കാൻ പാടില്ല. ഈ പരീക്ഷണത്തിൽ ബോധശാസ്ത്രത്തിന്റെ കണ്ടെ ത്തലുകൾ ഇങ്ങനെയാണ്. ചുമ വരുമ്പോൾ ചുമയ്ക്കാതിരിക്കാൻ ശ്രമി ക്കുക. അപ്പോൾ ശ്വാസം മുട്ടുന്നതു പോലെയും കണ്ണുകൾ തുറിച്ചു വരുന്നതു പോലെയും അനുഭവപ്പെടും. കണ്ണിൽ നിന്നും മൂക്കിൽ നിന്നും ചിലപ്പോൾ വായിൽ നിന്നും ധാരാളം വെള്ളം ഒഴുകും. ശ്വാസം മുട്ടി മരിക്കേണ്ടി വന്നാലും താൻ ചുമക്കില്ല എന്ന് ആത്മാർത്ഥമായി തീരുമാനിക്കുക. ഒന്നു രണ്ടു പ്രാവശ്യം പരാജയപ്പെട്ടേക്കാം. പക്ഷെ വിജയിക്കും. തീർച്ചയായും അത് സംഭവിക്കും. ചുമ തൊണ്ടയുടെ പിന്നി ലേക്കു നീങ്ങി നീങ്ങി അനന്തതയിലേക്കു പോകുന്ന ഒരു അനുഭൂതി ലഭിക്കും. ആ അനുഭൂതിക്കു ശേഷം ചുമ തിരിച്ചു വരില്ല. വർഷങ്ങ ളോളം പെൻസിലിൻ കുത്തിവയ്പ്പും ആന്റിബയോട്ടിക്കുകളും കഴിച്ചി രുന്ന ഒരു വ്യക്തിയിലാണ് ഇത് സംഭവിച്ചതെന്നത് വാസ്തവമെങ്കിൽ ഈ പരീക്ഷണം നൂറു ശതമാനവും ശരി തന്നെ.

ചില മതങ്ങളിൽ മരുന്നു കഴിക്കാതെ രോഗിക്കുവേണ്ടി പ്രാർത്ഥിച്ച് അസുഖം മാറ്റുന്ന രീതികൾ നിലനിൽക്കുന്നുണ്ട്. അതുമായി ഈ രീതിക്കു യാതൊരു ബന്ധവുമില്ല. കാരണം ഇതിൽ പ്രാർത്ഥനയില്ല,മ ന്ത്രമില്ല,വിശ്വാസമില്ല,മറ്റുള്ളരുടെ ഇടപെടലുകളില്ല. വെറും സ്വീകരിക്കൽ മാത്രമാണ്. **ചുമ ശരീരത്തിൽ ഏൽപ്പിക്കുന്ന വേദന മരണത്തോളം നീണ്ടുപോകട്ടെ എന്ന ഉറച്ച തീരുമാനമാണ് ഇതിന്റെ പിന്നിൽ**. ഇത് ഒരു തരം സ്വീകരിക്കലാണ്. ഇതാണ് നിഷ്ക്രിയീകരിക്കൽ എന്നതിന്റെ പ്രായോഗിക രീതി. ഇത്തരം ഒരു തീരുമാനം എടുക്കുക എന്നത് സാധാ രണ ഒരു മനുഷ്യനു സങ്കൽപ്പിക്കാൻ പോലും സാദ്ധ്യമല്ല. കാരണം ബന്ധങ്ങളും കടമകളും ആഗ്രഹങ്ങളും അഭിലാഷങ്ങളും ലക്ഷ്യങ്ങളും തലയിൽ പേറി നടക്കുന്ന ഒരുവന് ഇത്തരം ഒരു മാനസിക അവസ്ഥ യിൽ എത്താൻ വളരെ ബുദ്ധിമുട്ടാണ്. മേൽപ്പറഞ്ഞ പരീക്ഷണം ആർക്കും പരീക്ഷിച്ചു നോക്കാം. ശരിയായ ധൈര്യം വേണം. സൂത്ര ങ്ങളും അടവുകളും ഇവിടെ വിലപ്പോകില്ല. എന്നാൽ ഫലം ഉറപ്പാണ്. അത് നിങ്ങളെ അത്ഭുതപ്പെടുത്തുകയും ചെയ്യും. **ബോധശാസ്ത്രം ആത്മാവിനെ സത്യമെന്ന് തെളിയിക്കുന്ന പരീക്ഷണമാണിത്**. ഇത് ശരിയാണെന്ന് ബോദ്ധ്യമായാൽ ആർക്കും ധൈര്യമായി ബോധശാ സ്ത്രത്തെ അനുഗമിക്കാം. ഈ പരീക്ഷണം ഒറ്റയ്ക്കു വേണം നടത്താൻ,

സഹായത്തിനാരും ഉണ്ടാകാൻ പാടില്ല. ഇത്തരം ഒരു പരീക്ഷണം നടത്തുവാൻ പോകുന്നുവെന്ന് മറ്റാരും അറിയാനും പാടില്ല. താൻ ശരീരമല്ല,മനസ്സല്ല,ശുദ്ധമായ ബോധം അഥവാ തിരിച്ചറിവ് അഥവാ ആത്മാവാണെന്ന് തിരിച്ചറിയാൻ കഴിയാത്തവർ ഈ പരീക്ഷണം ചെയ്യുന്നത് ഉചിതമല്ല. അങ്ങിനെ ചെയ്യുന്നവർക്ക് എന്തു സംഭവിക്കുമെന്നും അറിയാൻ കഴിഞ്ഞിട്ടില്ല.

മേൽപ്പറഞ്ഞത് ബോധശാസ്ത്രത്തിന്റെ ഒരു ഹീലിങ്ങ് ടെക്നിക്ക് ആണെന്ന് തെറ്റിദ്ധരിക്കരുത്. ശരീരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഹോർമോണുകൾ അഥവാ നെഗറ്റീവ് ശക്തികളാണ് മാനസിക ശാരീരിക തലങ്ങളിൽ നിലനിൽക്കുന്ന രോഗങ്ങളും അതുമൂലമുള്ള വേദനകളും. ഈ വേദനകളെ നിഷ്ക്രിയീകരിക്കലിലൂടെ ബോധത്തെ ഉയർത്താൻ ശ്രമിക്കുന്ന രീതിയാണിത്. ചുമയെ തടഞ്ഞു വയ്ക്കാൻ അവബോധം വേണം. കാരണം ചുമ തടസപ്പെടുമ്പോൾ താൽക്കാലികമായി മരണവേദന അനുഭവിക്കുന്നതായി ശരീരം ചിന്തിക്കുന്നു. അടിസ്ഥാന ആഗ്രഹം,ശരീരം മരിക്കാൻ അനുവദിക്കില്ല. അതിനാൽ മാനസിക തലത്തിൽ നിൽക്കുന്ന ചില രോഗങ്ങൾ മാറിപ്പോകുന്നു എന്നേയുള്ളു. അല്ലാതെ അത്ഭുതമോ,ടെക്നിക്കോ അല്ല ഇത്. മറിച്ച് മരണത്തെ സ്വീകരിക്കുന്നതിലൂടെ മനസ്സിന്റെ ഭയം കുറയുന്ന അവസ്ഥയാണിത്. മനസ്സിന്റെ ചില വൈകല്യങ്ങളെയും സൂത്രങ്ങളെയും പേടിപ്പിക്കുന്ന രീതിയാണിത്. പാരമ്പര്യ രോഗങ്ങളിൽ ഇത് പരീക്ഷിക്കാൻ കഴിഞ്ഞിട്ടില്ല.

യഥാർത്ഥ ബോധത്തിന്റെ അഥവാ ആത്മാവിന്റെ എന്നന്നേയ്ക്കുമായ മോചനത്തിന്റെ രണ്ടാം ഘട്ടമാണ് നിഷ്ക്രിയീകരിക്കൽ. മിക്കവാറും മിസ്റ്റിക് അവസ്ഥ സംഭവിച്ചവർ മനുഷ്യദൈവങ്ങളായി അധഃപതിക്കുന്നത് രണ്ടാം ഘട്ടത്തിലേക്ക് കടക്കാൻ ആത്മീയ അഹത്തിന് കഴിയാത്തതുകൊണ്ടാണ്. ആത്മീയ അഹങ്കാരത്തിൽപ്പെട്ടുപോകുന്ന ആത്മാവിന് തന്റെ ന്യൂട്രലായ തിരിച്ചറിവ് കൊണ്ട് ബുദ്ധിയെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുവാൻ ഈ കാലഘട്ടത്തിൽ കഴിയാതെപോകുന്നു. ഇതും ഒരുതരം ഭയം തന്നെയാണ്. മിസ്റ്റിക് അവസ്ഥ സംഭവിക്കുന്നവർ ബുദ്ധിമാന്മാരായിരിക്കണമെന്നില്ല.

ബോധശാസ്ത്രത്തിൽ ബുദ്ധിയുള്ളവൻ എന്ന് അർത്ഥമാക്കുന്നത് സൂത്രമുള്ളവൻ അഥവാ സൂത്രക്കാരൻ എന്നാണ്. കാരണം യുക്തിയാണ് ബുദ്ധിയുടെ അടിസ്ഥാനം. എന്നാൽ യുക്തി ആപേക്ഷികമാ



ണ്. ആപേക്ഷികതയിൽ സ്ഥായിയായ യാഥാർത്ഥ്യം നിലനിൽക്കുന്നില്ല. **ബുദ്ധിമാൻ തന്റെ യുക്തി കൊണ്ട് യാഥാർത്ഥ്യത്തെ താൽക്കാലികമായി സൃഷ്ടിക്കുന്നു** അഥവാ തോന്നിപ്പിക്കുന്നു. അതുകൊണ്ടാണ് ശാസ്ത്രസത്യങ്ങൾ ഇടയ്ക്കിടെ update-ചെയ്യേണ്ടി വരുന്നത്. ഒരു ഉദാഹരണം ശ്രദ്ധിക്കുക. ടോളമി എന്ന ശാസ്ത്രജ്ഞൻ പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്ന് യുക്തി-യുക്തമായി തെളിയിച്ചു. ഈ യുക്തി രണ്ടായിരം കൊല്ലത്തോളം നിലനിൽക്കുകയും ചെയ്തു. എന്നാൽ കോപ്പർനിക്കസ് എന്ന മറ്റൊരു ശാസ്ത്രജ്ഞൻ അത് തെറ്റെന്ന് തെളിയിച്ചു.എന്നാൽ ടോളമി തെറ്റു പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ യുക്തിയിൽ സൂത്രത്തിന്റെ അംശം വളരെ കുറവായിരുന്നു എന്നു മാത്രം. അദ്ദേഹത്തേക്കാൾ ബുദ്ധിമാനായ (സൂത്രം കൂടിയ ആൾ) കോപ്പർനിക്കസ് തന്റെ ശക്തമായ യുക്തി കൊണ്ട് അത് തെറ്റാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തി. എന്നാൽ ഇന്നോ? സൂര്യൻ വളരെ ചെറിയ ഒരു നക്ഷത്രമാണെന്നും അതിനേക്കാൾ വലിപ്പമുള്ള നക്ഷത്രങ്ങളുണ്ടെന്നും ഒരു കൂട്ടം താരസമൂഹം മറ്റേതോ ഒരു ബിന്ദുവിനെ ആധാരമാക്കി കറങ്ങുന്നു എന്നും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ഈ നക്ഷത്രക്കൂട്ടങ്ങൾ അകന്നകന്ന് പോയിക്കൊണ്ടിരിക്കുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. യുക്തി,ടെക്നോളജിയിൽ പ്രയോഗിക്കുമ്പോൾ യാഥാർത്ഥ്യങ്ങളെന്ന് തോന്നുന്ന ഉത്പന്നങ്ങൾ ഉണ്ടാകുന്നു. യാഥാർത്ഥ്യങ്ങൾ എന്ന് തോന്നിപ്പിക്കുന്ന ഈ ഉത്പ്പന്നങ്ങൾ പോലും ശരിയല്ല എന്ന് യുക്തി തെളിയിക്കുകയും അതിനെ നീക്കം ചെയ്യുകയും ചെയ്യുന്നു. സത്യങ്ങളുടെ ഒരു updating ആണ് ഇവിടെയും നടക്കുന്നത്. ഉദ:-കൽക്കരി ഉപയോഗിച്ച് ഓടിക്കുന്ന വണ്ടി യുക്തിരഹിതമാണെന്ന് ഡീസൽ ഉപയോഗിച്ച് ഓടിക്കുന്ന തീവണ്ടി തെളിയിച്ചു. അതിനാൽ സൂത്രം കുറഞ്ഞ കൽക്കരിവണ്ടി മാറ്റി സൂത്രം കൂടിയ ഡീസൽ വണ്ടിയും അതിലും സൂത്രം കൂടിയ ഇലക്ട്രിക് വണ്ടിയും മനുഷ്യൻ ഉപയോഗിച്ചു തുടങ്ങി.

മേൽപ്പറഞ്ഞതു കൊണ്ട് തെളിയുന്നത്,ഭൗതിക ജീവിതത്തിലെ യുക്തി ആപേക്ഷികമാണെന്നും അത് നിലനിൽക്കാത്തതാണെന്നുമാണ്. ഈ യുക്തി യെ തള്ളിക്കളയാൻ പരമാർത്ഥ ജ്ഞാനിക്ക് തന്റെ അനുഭവജ്ഞാനം കൊണ്ട് കഴിയുന്നു. അങ്ങിനെ **ബുദ്ധി കൊണ്ട്** മിസ്റ്റിക് അവസ്ഥയിൽ എത്തുന്നവരെയാണ് നാം മിസ്റ്റിക് ബുദ്ധിമാന്മാർ എന്നു വിളിക്കുന്നത്. ഇവർ യുക്തി ഉപയോഗിച്ച് യുക്തിയുടെ

തന്നെ തലത്തിൽ നിന്നിരുന്ന മനസ്സിനെ ബോധോദയത്തിലേക്ക് എത്തിക്കുകയും അവിടെ നിന്ന് ആത്മീയ തലത്തിലേക്ക് ജീവിതത്തെ മാറ്റുകയും ചെയ്യുന്നു. ഇവർ ഒരിക്കലും മനുഷ്യദൈവങ്ങളായി സ്വയം പ്രഖ്യാപിക്കില്ല. അത്ഭുതങ്ങളും അതീന്ദ്രിയത്വവും കാണിക്കുകയുമില്ല. അവരുടെ മരണ ശേഷം ആരാധകർ അവരെ മനുഷ്യദൈവങ്ങളാക്കിയേക്കാം. അതിനായി മനുഷ്യർ അത്ഭുതങ്ങളും അതീന്ദ്രിയത്വവും ഇവരുടെ ജീവചരിത്രത്തിലേക്ക് എഴുതി ചേർക്കുന്നു. മുതലെടുപ്പ്,ചൂഷണം,അധികാരമോഹം, ഇവയിൽ നിലനിൽക്കുന്ന അഹമാണ് ഇതെല്ലാം ചെയ്യിക്കുന്നത്. ഇത്തരം മിസ്റ്റിക് ബുദ്ധിമാന്മാർ യുക്തിയുടെ മാനസിക തലം കടന്ന് ആത്മീയ തലത്തിൽ എത്തുമ്പോഴാണ് ശാരീരിക വേദന ഒരു യാഥാർത്ഥ്യമായി മുന്നിലെത്തുന്നത്. ഈ വേദന വീണ്ടും വീണ്ടും മനുഷ്യനെ തിന്മയിലേക്കു തന്നെ നയിക്കും. അതായത് ഭ്രമണപഥത്തിൽ എത്തിക്കാൻ കഴിയാത്ത റോക്കറ്റിനോടൊപ്പം ഉപഗ്രഹങ്ങൾ നശിക്കുന്നതു പോലെയാണിത്. ശാരീരിക വേദനയുടെ യാഥാർത്ഥ്യത്തിൽ മിസ്റ്റിക് അവസ്ഥ സംഭവിച്ച ബുദ്ധിയില്ലാത്ത മിസ്റ്റിക്കുകൾ സ്വയം നശിക്കുകയും അവരെ ആശ്രയിക്കുന്നവരെ നശിപ്പിക്കുകയും കൂടി ചെയ്യുന്നു. യഥാർത്ഥ ആത്മീയതയുടെ ലക്ഷ്യം നശിപ്പിക്കുന്നതിൽ ഇത്തരം മിസ്റ്റിക്കുകൾക്ക് വലിയ പങ്കുണ്ട്. ശാരീരിക വേദനയെന്ന യാഥാർത്ഥ്യത്തെ മറികടന്ന്,ആത്മാവിനെ അടിസ്ഥാന ആഗ്രഹത്തിൽ നിന്ന് രക്ഷിക്കുവാൻ യഥാർത്ഥ മിസ്റ്റിക് ബുദ്ധിമാന്മാർ കണ്ടുപടിച്ച ശക്തമായ രീതിയാണ് നിഷ്ക്രിയീകരിക്കൽ അഥവാ passivation.

### നിഷ്ക്രിയീകരിക്കൽ അഥവാ passivation.

നിഷ്ക്രിയീകരിക്കൽ എന്നത് ഒരുതരം ശാരീരിക പീഢനം തന്നെയാണ്. ലോകചരിത്രത്തിലൂടെ കടന്നുപോയിട്ടുള്ള മിസ്റ്റിക് ബുദ്ധിമാന്മാരെ സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. പരമാനന്ദാവസ്ഥയിൽ അലസമായി നടന്നിരുന്ന ചിലർ കഠിനമായ ശാരീരിക പീഢനങ്ങൾ ഒറ്റയടിക്ക് ഏറ്റുവാങ്ങി മരണം വരിച്ച് ആത്മാവിനെ സ്വതന്ത്രമാക്കി. എന്നാൽ മറ്റു ചിലർ വളരെ നീണ്ട കാലം ഈ വേദന നിഷ്കാമ ശാരീരിക അദ്ധ്വാനമായി വിഘടിപ്പിച്ച് (കുറേശ്ശേയായി) ആത്മാവിനെ സ്വതന്ത്രമാക്കി. ബോധശാസ്ത്രം രണ്ടാമത്തെ മാർഗ്ഗമാണ് സ്വീകരിക്കുന്നത്. കാരണം അത് ഏവർ ക്കും സാദ്ധ്യമായതും സ്വീകാര്യമായതുമാണ്. എന്തായാലും **ആത്മാവിനെ മാനസിക ശാരീരിക ബന്ധനങ്ങളിൽ നിന്ന് വേർപ്പെടുത്തുന്നതിന് അധമബോധത്തിന് നഷ്ടപരിഹാരം കൊടുത്തേ പറ്റു.** അതിൽ നിന്ന് രക്ഷപ്പെടാൻ യാതൊരു സൂത്രവും കണ്ടു പിടിക്കപ്പെട്ടിട്ടില്ല എന്നാണ് യഥാർത്ഥ മിസ്റ്റിക്കുകളുടെ ജീവിതം സൂചിപ്പിക്കുന്നത്. മേൽപ്പറഞ്ഞത് ഒരു സിദ്ധാന്തമോ,കണ്ടെത്തലോ,നിയമമോ അല്ല, ബോധോദയം സംഭവിക്കുന്ന ഒരു മനസ്സിന്റെ തിരിച്ചറിവ് മാത്രമാണ്. അതിനാൽ ബോധോദയം പിന്നിട്ട ഒരു ആത്മീയാന്വേഷകന് പ്രത്യാഹാരയിലും നിഷ്കാമ ഊർജ്ജത്തിലും നിലനിൽക്കുന്നതിനാൽ രണ്ടാം ഭാഗമായ നിഷ്ക്രിയീകരിക്കൽ വളരെ എളുപ്പമാകുന്നു. സമൂഹത്തിലെ ഏത് സ്ഥാനത്തു നിൽക്കുന്നവനായാലും അതെല്ലാം ഉപേക്ഷിച്ച് ശാരീരിക അദ്ധ്വാനം ആവശ്യമായി വരുന്ന താഴ്ന്ന ജോലികൾ ചെയ്യാനും തയ്യാറാകുന്നു. അപ്പോൾ കുറെ പീഢനങ്ങളും കഷ്ടതകളും വേദനകളും തവണകളായി അനുഭവിക്കുവാനുള്ള അവസരം ലഭിക്കുന്നു. അനേക വർഷങ്ങളിലായുള്ള (അതായത് മരണം വരെയും) ഈ വേദനകൾ മൊത്തമായി കൂട്ടുമ്പോൾ ആത്മാവിനെ സ്വതന്ത്രമാക്കാനുള്ള നഷ്ടപരിഹാര **'തുകയ്ക്ക് '**തുല്യമാകും. അതിനാൽ മരണം വളരെ സന്തോഷപ്രദവും വേദനാരഹിതവും ആയിരിക്കും.



ബോധോദയം സംഭവിക്കാത്ത ഒരു സാധാരണ വ്യക്തിക്ക് മേൽപ്പറഞ്ഞതെല്ലാം ഒരു തരം തട്ടിപ്പും കബളിപ്പിക്കലായും അനുഭവപ്പെട്ടേക്കാം. എന്നാൽ ഇത് അനുഭവജ്ഞാനത്തിന്റെ യാഥാർത്ഥ്യങ്ങളാണെന്ന് വിശ്വസിക്കാതെ തരമില്ല. കാരണം ഇത് ശാസ്ത്രീയമാണ്,ആർക്കും പരീക്ഷിച്ചു നോക്കാം. യഥാർത്ഥ **ധൈര്യവും** നിശ്ചയദാർഢ്യവും വേണമെന്നേയുള്ളു. ആഴം കാണാതെ ചാടാൻ കഴിവുണ്ടാകണം.

ഭൗതികശാസ്ത്രം ബുദ്ധിപൂർവ്വമായ **യുക്തിയായും** ആത്മീയ ജ്ഞാനം അന്ധവിശ്വാസത്തെ അടിസ്ഥാനമാക്കിയ **യുക്തിയായും** നിലനിൽക്കുന്ന ഒരു സമൂഹത്തിലെ ജനങ്ങൾ യുക്തി ആപേക്ഷികവും നിലനിൽക്കാത്തതും തന്നിൽ നിന്ന് അന്യവുമാണെന്ന് എന്ന് മനസ്സിലാക്കുന്നുവോ അന്നു മാത്രമെ യഥാർത്ഥ നിത്യജീവനും മോക്ഷവും ആത്മാവിന്റെ സ്വാതന്ത്ര്യവും യാഥാർ ത്ഥ്യമാകുകയുള്ളു. ആപേക്ഷിക സിദ്ധാന്തം തെളിയിക്കപ്പെട്ടിട്ട് അമ്പതു വർഷം പിന്നിട്ടിട്ടും കലാശാലകളിലെ വിദ്യാർത്ഥികൾക്കോ അദ്ധ്യപകർക്കോ പോലും അത് ഉൾക്കൊള്ളാൻ കഴിയാതെ പോകുന്നു എന്നത് ബുദ്ധിയുണ്ടെന്ന് അഭിമാനിക്കുന്ന ഒരു സമൂഹത്തിന് വളരെ നാണക്കേടാണ്. ഇതിനു കാരണം മനുഷ്യന്റെ ജന്മം താഴ്ന്ന ബോധത്തിൽ സംഭവിച്ചതു കൊണ്ടാണ്.

ഭൗതിക ജീവിതത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു കാര്യം വളരെ വ്യക്തമാകും. ആത്മാവിന്റെ സ്വാതന്ത്ര്യം അഥവാ നിത്യജീവൻ അഥവാ സമാധി ഇവയൊഴിച്ച് ബാക്കി ഏതു കാര്യത്തിനും മനസ്സും ശരീരവും അനുകൂലമാണ് എന്നുള്ളതാണ്. മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിന് ഏറ്റവും അടിസ്ഥാനമായ ഒരു പ്രതിഭാസമാണ് ഉച്ഛനീചത്വം. തൊണ്ണൂറു ശതമാനത്തോളം ജനങ്ങൾ കായിക അദ്ധ്വാനത്തിന്റെ കഷ്ടതകളും ദാരിദ്ര്യവും അനുഭവിക്കുന്നു. ഇവരെ ചൂഷണം ചെയ്ത് ബ്യൂറോക്രാറ്റുകളും കൈകര്യം ചെയ്യുന്നവരും ജീവിക്കുന്നു. ഇവരിൽ രണ്ടാമത്തെ കൂട്ടർക്ക് ആത്മാവിനെ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിഞ്ഞേക്കാം. എന്നാൽ അവർക്ക് ഒരിക്കലും ആത്മാവിനെ അനുഭവിക്കുവാനോ സ്വതന്ത്രമാക്കുവാനോ കഴിയില്ല. എന്നാൽ ആദ്യത്തെ കൂട്ടർക്ക്,അതായത് അദ്ധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും തെണ്ടികൾക്കും വേശ്യകൾക്കും ആത്മാവിനെ സ്വതന്ത്രമാക്കാൻ വളരെ എളുപ്പമാണ്. കാരണം passivation അഥവാ നിഷ്ക്രിയീകരിക്കൽ എന്ന അവസ്ഥയിലാണ് അവർ ജീവിക്കുന്നത്. പക്ഷെ അവരുടെ കഷ്ടപ്പാടിനെ നിഷ്കാമത്തിലേക്കു നയിക്കുവാനും അതിലൂടെ ബോധോദയം ലഭിക്കുവാനുമുള്ള ജ്ഞാനം അവർക്ക് ലഭിക്കാതെ വരുന്നു. അവർ എന്നും പോരായ്മകളിൽ വിലപിച്ചു കൊണ്ട് ജീവിക്കുന്നു. അതുകൊണ്ടാണ് ബുദ്ധിമാനായ മിസ്റ്റിക് പറഞ്ഞത്, **അദ്ധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും സ്വർഗ്ഗ രാജ്യം അവകാശമാണെന്ന്.** ജന്മജന്മാന്തരങ്ങളിൽ ധനികൻ ദരിദ്രനായും,ദരിദ്രൻ ധനികനായും വേഷങ്ങൾ മാറി ആത്മാവിനെ എന്നും കാരാഗൃഹത്തിൽ അടച്ച് ലൈംഗിക സുഖം എന്ന മരീചിക യാഥാർത്ഥ്യമാക്കാമെന്ന വ്യാമോഹത്തിൽ ജീവിക്കുന്നു. ദുശ്ശാഠ്യമാകുന്ന അധമബോധം മനുഷ്യജീവിതത്തെ വേദനയുടെ അവസാനിക്കാത്ത ഒരു തുടർക്കഥയായി ഭൂമിയിൽ നിലനിർത്തുന്നു. ബുദ്ധിയുള്ളവൻ തിരിച്ചറിയട്ടെ.

എന്നാൽ മനുഷ്യനിലെ തിന്മ എത്രയ്ക്ക് ശക്തിയുള്ളതാണെന്ന് നോക്കുക. ചെറുപ്പം മുതൽ തന്നെ നാം കുട്ടികളെ പ്രതിരോധിക്കാനാണ് പഠിപ്പിക്കുക. ഇത്തരം പഠിപ്പിക്കലിനെ വിളിക്കുന്ന ഓമനപ്പേരാണ് വ്യക്തിത്വ വികസനം. ഒരുവൻ തന്റെ വ്യക്തിത്വം വളർത്തി ശക്തമാക്കിയാൽ, ആത്മാവ് എന്നന്നേയ്ക്കുമായി നശിപ്പിക്കപ്പെടുമെന്ന യാഥാർത്ഥ്യം കൂടി നാം മനസ്സിലാക്കണം. വ്യക്തിത്വവികസനം ഒരു ജെനറ്റിക് പ്രോഗ്രാമാണ്. അതിന് നമ്മെ പ്രേരിപ്പിക്കുന്നത് ആരാണ്? മനു



ഷ്യജന്മത്തിന്റെ അടിസ്ഥാന ആഗ്രഹമാണത്. ഭൗതിക ലോകത്തിൽ വ്യക്തിത്വ വികസനം നല്ലതായിരിക്കാം. ഒരു ജോലി ലഭിക്കുന്നതിനോ, സമൂഹത്തിൽ മാന്യത നേടാനോ ഒക്കെ അത് ഉപകരിച്ചേക്കാം. എന്നാൽ ഒരുവൻ തന്റെ വ്യക്തിത്വം അഥവാ personality വളർത്തി വലുതാക്കിയാൽ അവനിൽ നിലനിൽക്കുന്ന ഏറ്റവും വലിയ ഗുണമാണ് 1. അഭിമാനം എന്നു മറച്ചു പിടിക്കപ്പെട്ട അഹങ്കാരം. 2. എന്തിനേയും എതിർക്കുക എന്നത്. അതിനാൽ മതങ്ങളും രാഷ്ട്രീയ സംഹിതകളും ഒരുപോലെ പഠിപ്പിക്കുന്നത് നന്മയ്ക്ക് വേണ്ടി പോരാടുക എന്നാണ്. **തിന്മയെ ഏതിർക്കരുത്** എന്ന് മഹാനായ ഒരു മിസ്റ്റിക് ബുദ്ധിമാൻ വ്യക്തമായി എഴുതി വച്ചതിന്റെ അർത്ഥം മനുഷ്യൻ മനസ്സിലാക്കി വന്നപ്പോൾ **നന്മയ്ക്കു വേണ്ടി പോരാടുക** എന്നതായി പോയി. മനുഷ്യ ആത്മാവിന്റെ നിർഭാഗ്യം. **തിന്മയും നന്മയും ഒരമ്മ പെറ്റ ഇരട്ട കുട്ടികളാണെന്നും** അവർ എല്ലാ കാര്യത്തിലും തുല്യരാണെന്നും പരസ്പരം തിരിച്ചറിയാൻ പറ്റാത്തതാണെന്നും കണ്ടുപിടിക്കാൻ ആധുനിക മനുഷ്യന് കഴിയാതെ പോയി. സമൂഹത്തെ നിഷ്കരുണം നശിപ്പിക്കാൻ ശ്രമിക്കുന്ന തീവ്രവാദികളോട് ചോദിക്കുക. അവർ വ്യക്തമായി പറയും തങ്ങൾ നന്മയ്ക്കു വേണ്ടിയാണ് പോരാടുന്നതെന്ന്. ബോധം ഉയർന്ന ഒരു സമൂഹത്തിൽ തിന്മ നിലനിൽക്കില്ല. **തിന്മ നിലനിന്നില്ലെങ്കിൽ നന്മയും നിലനിൽക്കില്ല.** സമൂഹം ഒരു ന്യൂട്രൽ അവസ്ഥ പ്രാപിക്കും. ഇതാണ് യഥാർത്ഥ മനുഷ്യസമൂഹത്തിന്റെ ഘടന. നന്മ എന്ന വാക്കു മാറ്റി തിന്മയ്ക്കു വേണ്ടി പോരാടുക എന്നു പറഞ്ഞാൽ ആരും അംഗീകരിക്കില്ല. ഇതാണ് ഭാഷയുടെയും വികാരങ്ങളുടെയും സൂത്രവും മറിമായവും. നൂറു കൊല്ലം പഴക്കമുള്ള നന്മ തിന്മയാകാനും സ്നേഹം വെറുപ്പാകാനും വെറും നിമിഷങ്ങൾ മതി. അതാണ് മനുഷ്യമനസ്സിന്റെ പ്രത്യേകത,അഥവാ ആപേക്ഷികത. നന്മയ്ക്കു വേണ്ടി പോരാടുന്ന വ്യക്തിത്വത്തിന്റെ വിധിയാണ് ഏറ്റവും രസകരം. ഇരുപത് കൊല്ലം ജീവനു തുല്യം സ്നേഹിച്ച ഭാര്യയോ ഭർത്താവോ ഒരു നിമിഷം യാഥാർത്ഥ്യമായി തോന്നിയ അല്ലെങ്കിൽ യാഥാർത്ഥ്യമായ ഒരു സംശയത്തിന്റെ പേരിൽ മറ്റൊരാളെ കൊന്നുകളയുകയോ സ്വയം ആത്മഹത്യ ചെയ്യുകയോ ചെയ്യുന്നത്. ഇതാണ് ഉയർന്ന വ്യക്തിത്വത്തിന്റെ അന്ത്യം. തിന്മയോടുള്ള പോരാട്ടത്തിന്റെയും വ്യക്തിത്വത്തിന്റെയും ഏറ്റവും വലിയ പ്രത്യേകത തന്റെ വ്യക്തിത്വത്തിന് എതിരായ എല്ലാത്തിനേയും എതിർക്കുമെന്നുള്ളതാണ്. എതിർപ്പ് ഒരുവന്റെ ശക്തി

വർദ്ധിപ്പിക്കുന്നതും നേട്ടങ്ങൾ ഉണ്ടാക്കുമെന്നുള്ളതും വെറുതെ തോന്നൽ മാത്രമാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് സ്വാതന്ത്ര്യ സമരങ്ങളും യുദ്ധങ്ങളും കൊണ്ട് സ്വാതന്ത്ര്യം നേടിയ ഒരു രാജ്യത്തിനും സാമ്പത്തിക അടിമത്വത്തിൽ നിന്നും സാമൂഹ്യ അടിമത്വത്തിൽ നിന്നും രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല എന്ന് ലോകചരിത്രം ചൂണ്ടികാണിക്കുന്നത്. സാമൂഹിക വ്യവസ്ഥിതികളും ശക്തികളും അടിച്ചേൽപ്പിച്ച സംവിധാനങ്ങളും മാറുമെന്നല്ലാതെ അടിമത്തം മാറില്ല. അത് മറ്റുവേഷങ്ങളിൽ പ്രത്യക്ഷപ്പെടുമെന്നേയുള്ളു. ഈ 'ശക്തി' എന്നത് ഉപയോഗിച്ചാൽ ചോർന്നുപോകുന്ന സംഗതിയാണെന്ന് മനുഷ്യർ അറിയുന്നില്ല. പരമാനന്ദത്തിൽ നയിക്കുവാനുള്ള ജീവിതവും അതിനു നൽകപ്പെട്ടിരിക്കുന്ന ഊർജ്ജവും അഥവാ ശക്തിയും എതിർക്കുവാൻ ഉപയോഗിച്ചാൽ ജീവിതത്തിന്റെ ഊർജ്ജം നഷ്ടപ്പെടുമെന്നും അതുമൂലം പരമാനന്ദം നശിച്ച് ജീവിതം നരകയാതനകളും കഷ്ടതകളും ആത്മഹത്യകളും കൊലപാതകങ്ങളും ആകുമെന്നറിയാൻ ഉയർന്ന വിദ്യാഭ്യാസം ആവശ്യമില്ല. നമുക്കു വേണ്ടി പോരാടുന്ന മഹാന്മാരുടെ ജീവിതവും അവരുടെ നേട്ടങ്ങളും യഥാർത്ഥ  ബുദ്ധി കൊണ്ട് വിലയിരുത്തിയാൽ മതി.

വ്യക്തിത്വ വികസനവും നന്മയ്ക്കു വേണ്ടിയുള്ള പോരാട്ടവും തെറ്റാണെന്നല്ല ബോധശാസ്ത്രം സമർത്ഥിക്കുന്നത്,മറിച്ച് അതിലൂടെ വളരുന്ന അഹം നിഷേധാത്മകമായ അറിവില്ലായ്മയിൽ നിലനിൽക്കുന്നതു മൂലമുണ്ടാകുന്ന ഭൗതിക ഊർജ്ജനഷ്ടം നികത്താൻ ആവില്ലെന്നും അതിനാൽ ബോധോദയം എന്ന അവസ്ഥവരെ ബുദ്ധിയെ യുക്തി-യുക്തമായി നയിക്കാൻ കഴിയുകയില്ല എന്നുള്ളതുമാണ് തെളിയിക്കുന്നത്. അതിനാൽ ആത്മാവിന് രക്ഷപ്പെടാനുള്ള എല്ലാ സാദ്ധ്യതകളും നഷ്ടപ്പെടുന്നു. മാത്രവുമല്ല ഉയർന്ന വ്യക്തിത്വത്തിലുള്ള ജീവിതം (ഉയർന്ന അഭിമാനത്തിലുള്ള ജീവിതം) കടുത്ത നിരാശയിലേക്കും മാനസിക വിഭ്രാന്തിയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്നു. വ്യക്തിത്വബോധം താൻ മനസ്സാണെന്നും ശരീരമാണെന്നും സ്വയം സങ്കൽപ്പിക്കുന്നു. അത്തരം ഒരു സങ്കൽപ്പത്തിൽ മാത്രമെ വ്യക്തിത്വ വികസനം സാദ്ധ്യമാകുകയും ചെയ്യുകയുള്ളു. ഇത് ദുശ്ശാഠ്യവും ബോധത്തിന്റെ ഏറ്റവും താഴ്ന്ന അവസ്ഥയുമാണെന്ന് തിരിച്ചറിയുക. "വേശ്യകളും തെരുവു തെണ്ടികളും ദരിദ്രരും നിത്യജീവനിലെത്തിയാലും



പണ്ഢിതന്മാരും ധനികരും എത്തുകയില്ല" എന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥമിതാണ്. വേശ്യക്കും തെരുവു തെണ്ടിക്കും ദരിദ്രനും സമൂഹത്തിൽ വ്യക്തിത്വം ഇല്ല എന്ന് അവർ സ്വയം മനസ്സിലാക്കുമ്പോഴാണ് അവർക്കു രക്ഷപ്പെടാനുള്ള മാർഗ്ഗം എളുപ്പമാകുന്നത്. പണ്ഢിതനും ധനികനും ഉയർന്ന അഭിമാനവും അഹങ്കാരവും വച്ചു പുലർത്തുന്നു. അത് ഉപേക്ഷിക്കുവാനുള്ള മാനസിക അവസ്ഥ അവന് ഒരിക്കലും ഉണ്ടാകുന്നില്ല. കാരണം ഉയർന്ന പദവിയും ധനവും മയക്കു മരുന്നുകളെപ്പോലെയാണ്. അവ ശരീരത്തിൽ ചില രാസവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു. അവ നൽകുന്ന നൈമിഷികമായ ശാരീരിക മാനസിക സുഖങ്ങൾ യാഥാർത്ഥ്യമാണെന്ന് തെറ്റായി ധരിക്കുകയും ചെയ്യുന്നു.

മാനസിക തലത്തിൽ നിൽക്കുന്ന ഒരു അറിവ് അല്ലെങ്കിൽ അനുഭവം തെറ്റാണെന്ന് ബുദ്ധിയുടെ യുക്തിക്ക് തെളിയിക്കാൻ കഴിയില്ല. അതായത് യുക്തി തെറ്റെന്ന് കണ്ടുപിടിച്ചാലും അത് ചെയ്യാതിരിക്കാൻ മനസ്സിനും  ശരീരത്തിനും കഴിയാതെ പോകുന്നു. "**നന്മയാണ് ഞാൻ ആഗ്രഹിക്കുന്നതെങ്കിലും തിന്മയാണല്ലോ ഞാൻ മൊത്തം ചെയ്തുപോകുന്നത്. ആർ നിയോഗിച്ചിട്ടാണ്, പ്രേരിപ്പിച്ചിട്ടാണ് ഈ പുരുഷൻ ഇച്ഛിക്കാതെയും നിയോഗിക്കപ്പെട്ടതുപോലെയും പാപം അനുഷ്ഠിക്കുന്നത്**" എന്ന മിസ്റ്റിക് വചനങ്ങൾ ഈ സത്യങ്ങളെയാണ് സൂചിപ്പിക്കുന്നത്. **ഇത്തരം ഒരു അവസ്ഥയ്ക്ക് കാരണം ശരീരത്തിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന നെഗറ്റീവ് ഹോർമോണുകളാണ്. അപ്പോൾ അത്തരം ഹോർമോണുകളുടെ ഉത്പ്പാദനം നിർത്തുവാൻ കഴിയാത്തിടത്തോളം മനുഷ്യന് ആത്മീയ അനുഭവം സാദ്ധ്യമല്ല**. ജ്ഞാനത്തിലൂടെ മാത്രം ബോധം **ഉയർത്താനും** ആത്മാവിനെ **അറിയാനും** സാദ്ധ്യമല്ല എന്ന് ഈ നെഗറ്റീവ് ഹോർമോണുകളുടെ പ്രവർത്തനം ശരിയായി പഠിച്ചാൽ നമുക്ക് ബോദ്ധ്യമാകും. ആത്മാവിനെ അനുഭവിക്കുകയും അതിന്റെ പരമാനന്ദത്തിൽ ലയിക്കുകയും അതുവഴി അതിനെ സ്വാതന്ത്ര്യത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നത് വളരെ ദുഷ്ക്കരമാണ്. അതായത് വെറും നിസ്സാരമായ ഒരു നൈമിഷിക ചിന്തയ്ക്കോ(പ്രതികാരം,വെറുപ്പ്) ഒരു അശ്ലീല ചിത്രത്തിനോ ഒരു അശ്ലീല ശബ്ധത്തിനോ നമ്മുടെ ശരീരത്തിൽ നെഗറ്റീവ് ഹോർമോണുകൾ സൃഷ്ടിക്കാൻ കഴിയുമെന്നുള്ളത് നാം വളരെ ഗൗരവത്തോടെ കാണേണ്ട ഒരു ജീവിത സത്യമാണ്. അതു കൊണ്ടാണ് അവയെ അനു

കൂലിക്കുന്ന സിനിമ,സാഹിത്യ രചനകൾ ആത്മീയ പുസ്തകങ്ങൾ എന്നു വേണ്ട എല്ലാ ഭൗതിക വസ്തുക്കളെയും മനുഷ്യൻ അന്ധമായി സ്നേഹി ക്കുകയും ഇഷ്ടപ്പെടുകയും ആരാധിക്കുകയും പൂജിക്കുകയും ഓർമ്മ യിൽ എന്നെന്നും നിലനിർത്താൻ ഇഷ്ടപ്പെടുകയും ചെയ്യുന്നത്. ഇപ്പ റഞ്ഞതിൽ നിന്ന് ഇതെല്ലാം തെറ്റെന്ന് അർത്ഥമില്ല. ഭൗതികതയിൽ (ആഗ്രഹങ്ങളിൽ) മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യൻ അവ ബോധം നൽകപ്പെട്ടതിന്റെ സാംഗത്യത്തെ ചോദ്യം ചെയ്യുകയാണിവി ടെ. മനുഷ്യനോട് പ്രകൃതി ചെയ്ത വളരെ വലിയ ക്രൂരതയാണിത് ! ബോധത്തിന്റെ പരമാനന്ദവും ഭൗതിക ജീവിത പ്രാരാബ്ധങ്ങളും പകുതി-പകുതി സാദ്ധ്യതയിൽ എങ്കിലും നിലനിർത്തുവാൻ പ്രകൃതി കനിയേണ്ടതായിരുന്നു. ബോധശാസ്ത്രത്തിന്റെ കണ്ടെത്തലിൽ ഇത് 1:100 എന്ന അനുപാതത്തിൽ പോലും എത്തുന്നില്ല. 50:50 എന്ന അവ സ്ഥയിൽ ഈ അനുപാതം എത്താൻ മനുഷ്യബുദ്ധിക്ക് എത്ര ആയിരം കൊല്ലം ഇനി പരിണാമത്തിന് വിധേയമാകണമെന്ന് അറിയില്ല! പക്ഷെ അതിനു മുമ്പ് തന്നെ പുതിയ സാദ്ധ്യതയ്ക്കുവേണ്ടി മനുഷ്യസമൂഹം ഭൂമിയിൽ നിന്നും തുടച്ചു നീക്കപ്പെടുമെന്ന കാലം എത്ര ദൂരമെന്ന് നമുക്കു കണ്ടുപിടിക്കാൻ കഴിയില്ല. പക്ഷെ ഒരു കാര്യം ഉറപ്പാണ്. ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നത് അത്തരം സാദ്ധ്യതകൾ ഭൂമി യിൽ നിലനിന്നിരുന്നു എന്നാണ്, ഫോസിലുകളുടെ പഠനങ്ങൾ ഇത് വ്യക്തമാക്കുന്നു.

ബുദ്ധി മസ്തിഷ്ക്ക വ്യാപ്തത്തിന് (cranial capacity) ആനു പാതികമാകുന്നുവെങ്കിൽ 1600 cc മസ്തിഷ്ക്ക വ്യാപ്തമുണ്ടായിരുന്ന മനുഷ്യർ ഭൂമിയിൽ ജീവിച്ചിരുന്നതായി തെളിവുകളുണ്ട്. അവർ തങ്ങ ളുടെ ആത്മാവിനെ സ്വതന്ത്രമാക്കാൻ പര്യാപ്തരായിരുന്നോ എന്ന് ശാസ്ത്രത്തിന് തെളിയിക്കാൻ കഴിയില്ലല്ലൊ! നമ്മുടെ മസ്തിഷ്ക്ക വ്യാപ്തം വെറും 1450 cc- യാണെന്ന് ശാസ്ത്രം പറയുന്നു. ഈ വ്യാപ്തം നിത്യജീവനിലേക്കോ,നിർവ്വാണയിലേക്കോ, മോക്ഷത്തിലേക്കോ ഉണരാൻ നമ്മെ നയിക്കുവാൻ പ്രാപ്തമാണോ എന്ന് നമുക്ക് തെളിയി ക്കാൻ കഴിയണം. എന്നാൽ ഇന്നത്തെ ലോകത്തിന്റെ അവസ്ഥ നിരീ ക്ഷിച്ചാൽ വളരെ നിരാശാജനകമാണെന്നു കാണാം. ഉച്ചനീചത്വങ്ങളുടെ ആഴവും ദാരിദ്ര്യവും രോഗങ്ങളുടെ തീവ്രതയും മതമൗലികത എന്ന വിഷവും ഭൗതിക സ്വാതന്ത്ര്യമെന്ന സ്വാർത്ഥതകൾ തമ്മിലുള്ള പോരാ ട്ടങ്ങളും അതിർ ത്തിത്തർക്കങ്ങളും റൗഡിസങ്ങളും മൂലമുള്ള മഹാ



യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും കടക്കെണികളും സൂചിപ്പിക്കുന്ന ത്,മനുഷ്യന്റെ ഈ യുഗത്തിലെ സാദ്ധ്യതകളും പൂർണ്ണമായി നശിപ്പി ക്കപ്പെടും എന്നുതന്നെയാണ്. ഒരു ശതമാനമെങ്കിലും യഥാർത്ഥ നന്മയെ നിലനിർത്തിയില്ലെങ്കിൽ തിന്മയിൽ സൃഷ്ടിക്കപ്പെട്ട ഈ ഭൂമിയിലെ മനു ഷ്യന് നിലനിൽപ്പുണ്ടാകാൻ സാദ്ധ്യതയില്ല. ബോധത്തെ ബുദ്ധി ഉപ യോഗിച്ച് അറിയാൻ കഴിയുന്ന ഒരുവന് ഇതിന്റെ അർത്ഥം വളരെ പെട്ടെന്ന് പിടികിട്ടും. അല്ലാത്തവർ ചോദ്യങ്ങൾ കൊണ്ട് അത് നഷ്ട പ്പെടുത്തും.

പരമാർത്ഥ ജ്ഞാനം തന്നെ മോക്ഷമെന്നും അതിലൂടെ മാത്രമെ ആത്മാവിനെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുവാൻ കഴിയുകയുള്ളു എന്നും മിസ്റ്റിക് ബുദ്ധിമാന്മാരുടെ വചനങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഈ ജ്ഞാനം കൈവരിക്കേണ്ടത് ചോദ്യോത്തരങ്ങളിലൂടെ യാണെന്ന് കലിയുഗ മനുഷ്യൻ തെറ്റിദ്ധരിച്ചിക്കുന്നു. ആത്മാവിന്റെ സാന്നിദ്ധ്യം മറച്ചു പിടിക്കാൻ ഓരോരുത്തരുടെയും ബുദ്ധി ഉപയോ ഗിക്കുന്ന സൂത്രമാണ് ചോദ്യങ്ങൾ എന്ന് ആരും മനസ്സിലാക്കുന്നില്ല. സ്ത്രീകൾ വാതോരാതെ സംസാരിക്കുന്നതും പുരുഷന്മാർ ആത്മാ വിനെ അന്വേഷിക്കാൻ ചോദ്യങ്ങൾ ചോദിക്കുന്നതും ഒരേഒരു കാരണം കൊണ്ടാണ്. മനസ്സിന്റെ ആഴങ്ങളിൽ നിലനിൽക്കുന്ന അസഹനീയമായ ശൂന്യതയെയും ഏകാന്തതയെയും എല്ലാവരും ഭയപ്പെടുന്നു. ഏകാ ന്തത,ശൂന്യത ഇവയാണ് ആധുനിക മനുഷ്യൻ ഏറ്റവും കൂടുതൽ ഭയ പ്പെടുന്നത്. എന്നാൽ ആ ശൂന്യതയ്ക്ക് പിന്നിൽ നിൽക്കുന്ന ആത്മീയ പരമാനന്ദത്തെ എന്നെങ്കിലും തിരിച്ചറിയുകയോ അനുഭവിക്കുകയോ ചെയ്താലോ? എല്ലാ ബന്ധങ്ങളും ബന്ധനങ്ങളും ആഢംബരങ്ങളും സൗകര്യങ്ങളും ഭൗതിക സുഖങ്ങളും വലിച്ചെറിഞ്ഞ് അവർ ഏകാന്ത മായ ഒരു സ്ഥലമന്വേഷിച്ച് പോകുമെന്ന് മിസ്റ്റിക് ബുദ്ധിമാന്മാരുടെ ജീവിതത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയാതെ പോകുന്നത് കഷ്ട മാണ്.

പരമാർത്ഥജ്ഞാനം യുക്തിയല്ല. മനസ്സിനുപോലും കാരണം കണ്ടെത്താൻ കഴിയാത്ത പരമാനന്ദാനുഭവമാണ്. എന്നാൽ ചോദ്യ ങ്ങളും ഉത്തരങ്ങളും പുസ്തകത്തിൽ നിന്നുള്ള അറിവുകളും വെറും യുക്തിയാണ്. യുക്തിക്ക് അനുഭവമാകാൻ കഴിയില്ല. അതിനാൽ ആപേ ക്ഷിക ജ്ഞാനികൾ വിശ്വാസങ്ങളിലൂടെ വികാരങ്ങൾ സൃഷ്ടിച്ച് ആത്മീ

യത മതിഭ്രമ അനുഭവമാക്കി മനുഷ്യരെ കബളിപ്പിക്കുന്നു. എന്നാൽ **ബുദ്ധിക്ക് യുക്തിയല്ലാത്തതൊന്നും മനസ്സിലാകുകയുമില്ല വിശ്വാസമല്ലാത്തതൊന്നും അനഭവമാകുകയുമില്ല.** അതായത് ഒരേസമയം ചോദ്യങ്ങൾ പരമാർത്ഥജ്ഞാനത്തിനു തടസ്സവും ആവശ്യവുമാണ്. വിചിത്രമായ ഒരവസ്ഥയാണിത്. നിഷ്ക്കളങ്കരായ കുട്ടികളെപ്പോലെ ചോദ്യങ്ങൾ ചോദിക്കാൻ മുതിർന്നവർക്കു കഴിഞ്ഞാലെ പരമാർത്ഥ ജ്ഞാനത്തിലേക്കു വളരാൻ കഴിയുകയുള്ളു. കുട്ടികളുടെ ചോദ്യങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. ഉത്തരത്തെക്കുറിച്ച് അവർക്ക് യാതൊരു സൂചനയും മനസ്സിൽ ഉണ്ടാകില്ല. എന്നാൽ മുതിർന്നവരുടെ മനസ്സിൽ ആഗ്രഹങ്ങൾ നിലനിൽക്കുന്നതിനാൽ ഈ ആഗ്രഹങ്ങളെ മറച്ചുപിടിക്കാൻ വ്യക്തമായതോ അവ്യക്തമായതോ ആയ ഉത്തരങ്ങൾ അവർ നേരത്തെ കരുതിയിരിക്കും. ഗുരുവിന്റെ ഉത്തരം തന്റെ ആഗ്രഹങ്ങളെ സംരക്ഷിക്കുന്നതാണെങ്കിൽ ഗുരു ശരിയായവൻ അല്ലെങ്കിൽ തെറ്റായവൻ. അതായത് ഒരുവന്റെ അഹം ഗുരുവിനെ കാണുവാൻ ആഗ്രഹി ക്കുന്നതും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നത് യഥാർത്ഥ ഗുരുവിനെ തള്ളിക്കളയാനും അതിലൂടെ ആത്മാവിനെ രക്ഷപ്പെടുത്താനുള്ള അവസരം നിഷേധിക്കുവാനുമാണ് എന്ന് അവൻ പോലും അറിയുന്നില്ല എന്നതാണ് ഏറെ രസകരമായ വശം. അതിനാൽ യഥാർത്ഥ ഗുരുക്കന്മാർ ആത്മീയ അന്വേഷകരെ വളരെ സൂക്ഷിച്ചേ സ്വീകരിക്കുകയുള്ളു. അല്ലെങ്കിൽ രണ്ടുപേരുടെയും സമയം പാഴായിപ്പോകുന്നു. ഈ സാഹചര്യം മിസ്റ്റിക് അവസ്ഥയിൽ ജനിക്കുന്ന വ്യാജഗുരുക്കന്മാർ നന്നായി ഉപയോഗപ്പെടുത്തുന്നു. അങ്ങിനെ സാദ്ധ്യതയുള്ള ആത്മീയ അന്വേഷകർ പോലും dogmatism-ത്തിലും അന്ധവിശ്വാസങ്ങളിലും പെട്ട് ലോകനന്മയ്ക്കായി ഇറങ്ങി പുറപ്പെടുന്നു. അല്ലെങ്കിൽ മടിയന്മാരായി സമൂഹത്തെ ചൂഷണം ചെയ്ത് ജീവിതം അവസാനിപ്പിക്കുന്നു. വളരെ അപൂർവ്വമായി മാത്രം വരുന്ന യഥാർത്ഥ ഗുരുക്കന്മാരെ ഉപയോഗപ്പെടുത്താതിരിക്കാൻ അധമബോധം എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ദൈവത്തെ അറിയുന്നതിനുവേണ്ടി സംവാദം സംഘടിപ്പിക്കുക,സത്യ ത്തെ അന്വേഷിക്കുക,കണ്ടെത്തുക, പരിശീലിക്കുക, സന്യാസം സ്വീകരിക്കുക എന്നൊക്കെ സമൂഹം പറഞ്ഞു പരത്തുന്നത് ശുദ്ധ നുണകളും അബദ്ധങ്ങളും അറിവില്ലായ്മയുമാണെന്ന് നാം അറിയുന്നില്ല. ദൈവം തന്നെ ദൈവത്തെ അറിയാൻ ശ്രമിക്കുന്നതിന്റെ അബദ്ധങ്ങ



ളാണിവ. നാം തന്നെ ബോധമായിരിക്കെ വീണ്ടും അതിനെ കണ്ടെത്തുക എന്നു പറയുന്നത് ശുദ്ധ ഭോഷത്തമല്ലെ? നാമല്ലാതെ മറ്റൊരു സത്യം ഉണ്ടെങ്കിലല്ലെ അതിനെ കണ്ടെത്തുവാൻ കഴിയുകയുള്ളു. ആത്മാവിൽ ജനിക്കുക എന്നത് പരമാനന്ദ ജീവിതമാണ്. അത്തരം ജീവിതത്തിന്റെ അന്ത്യം തീർച്ചയായും മോക്ഷവും നിത്യജീവനും നിർവ്വാണയും ഒക്കെ ആയിരിക്കും. പിന്നെ അതിനെ അന്വേഷിക്കുക കണ്ടെത്തുക എന്നൊക്കെ പറയുന്നതും പഠിപ്പിക്കുന്നതും കബളിപ്പിക്കലാണ്, സംശയമില്ല. ഭാഷയുടെ അപര്യാപ്തത കൊണ്ടാണ് ബുദ്ധിയുള്ള മിസ്റ്റിക്കുകൾക്ക് പോലും ഇപ്രകാരം ഒക്കെ പറയേണ്ടി വന്നത്.

സത്യം അഥവാ ആത്മാവ് ഒരു സാക്ഷിയാണ്. അങ്ങിനെ മാത്രമെ ബുദ്ധിക്ക് അതിനെ തിരിച്ചറിയുവാൻ കഴിയുകയുള്ളു. അത് നാം തന്നെയാണ്. പക്ഷെ പരമാനന്ദമായ ആ സാക്ഷി മനുഷ്യ ശരീരമെടുത്ത് ഇന്ദ്രിയാനുഭൂതികളാൽ കബളിപ്പിക്കപ്പെട്ട് വേദന അനുഭവിക്കുന്ന ശരീരമായതാണ് നമുക്കറിയാൻ കഴിയാത്ത കാരണം. ശരീരവും ബുദ്ധിയും വളർച്ചയാണെന്ന് നാം സമ്മതിച്ചാലും ജീവിതം സംഭവിച്ചതാണെന്ന് മനസ്സിലാക്കിയാലും നാമൊരു വ്യക്തിയാണെന്നും ഒരു പേരാണെന്നും ഒരു ജാതിയാണെന്നും മേൽവിലാസമുള്ള ആളാണെന്നും അത് യഥാർത്ഥമാണെന്നും നാം തെറ്റിദ്ധരിക്കുന്നു. ഭൗതിക ജീവിതത്തിന്റെ സൗകര്യത്തിനാണ് ഇവയെ നാം അംഗീകരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയാതെ ജീവിതം മുഴുവനും ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന് ഉഴിഞ്ഞു വയ്ക്കുന്നു. ഈ ബുദ്ധിയില്ലായ്മ നൽകുന്ന തീരാവേദനകളിൽ നിന്ന് രക്ഷപ്പെടാൻ രണ്ടു മാർഗ്ഗങ്ങളെ ശേഷിക്കുന്നുള്ളു. 1. സ്വാഭാവിക മരണവും 2. ആത്മഹത്യയും. ആത്മഹത്യയെക്കുറിച്ചോ, ജീവിതം ഒന്ന് അവസാനിച്ചിരുന്നുവെങ്കിൽ.... എന്നോ ആഗ്രഹിക്കാത്ത ഒരു മനുഷ്യനെങ്കിലും ഈ ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടാകാൻ സാദ്ധ്യതയില്ല. അതാണ് മേൽപ്പറഞ്ഞ വക്തിത്വത്തിന്റെ നിരാശയും അന്ത്യവും.

സത്യത്തെ അന്വേഷിക്കുക, എന്ന് സ്വന്തം മനസ്സും സമൂഹവും പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നത് ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ്. സത്യത്തെ അന്വേഷിക്കുന്ന ഒരുവനും തന്റെ ജന്മകാരണമായ അടിസ്ഥാന ആഗ്രഹത്തേയും അതുമായി ബന്ധപ്പെട്ട ആഗ്രഹങ്ങളെയും ഒരു കാരണവശാലും കണ്ടെത്തുകയില്ല! മനുഷ്യനെ പാപത്തിലേക്ക് നയിച്ച സാത്താനെ നശിപ്പിക്കുവാൻ ദൈവം തീരുമാ

നിച്ചപ്പോൾ സാത്താൻ ദൈവത്തോട് ഒരു വരം ചോദിച്ചതായി വേദഗ്രന്ഥത്തിൽ പരാമർശം ഉണ്ട്. തന്നെ നശിപ്പിക്കുന്നതിൽ ദൈവത്തിന്റെ പക്കൽ യുക്തിയില്ലെന്നും ഇനിമേൽ താൻ ബാഹ്യമായ പ്രേരണ കൊണ്ട് മനുഷ്യനെ പാപത്തിലേക്ക് നയിക്കുകയില്ലെന്നും മനുഷ്യ മനസ്സുകളിൽ ഒളിഞ്ഞിരുന്നു കൊണ്ട് സംശയങ്ങളിലൂടെ അവനെ തിന്മയിലേക്ക് നയിക്കുകയുള്ളുവെന്നും സാത്താൻ ദൈവത്തിന് വാക്കു കൊടുത്തു. ദൈവം അതിന് സമ്മതം നൽകുകയും ചെയ്തു. കാരണം മനുഷ്യൻ ആത്മീയ ജീവിയായതിനാൽ ദൈവത്തിന് മനസ്സിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നും അങ്ങിനെ സാത്താന്റെ സൂത്രം മനുഷ്യമനസ്സിൽ വിലപ്പോകില്ലെന്നും പാവം ദൈവം വെറുതെ കണക്കുകൂട്ടി. പക്ഷെ ഇന്നുവരെയുള്ള ലോകചരിത്രം തെളിയിക്കുന്നത് സാത്താൻ 100:1 എന്ന ആനുപാതത്തിൽ പൂർണ്ണമായും ജയിച്ചു,ദൈവം പൂർണ്ണമായും പരാജയപ്പെട്ടു എന്നുമാണ്. ഇവിടെ സാത്താൻ എന്നത് അടിസ്ഥാന ആഗ്രഹത്തിന്റെയും അധമബോധത്തിന്റെയും വ്യക്തിഗത സങ്കൽപ്പമാണ്. ആ ഗ്രന്ഥത്തിലെ സാത്താൻ എന്ന ഭാഷയുടെ പ്രയോഗം പോലും മനസ്സിലാക്കാൻ കഴിയാതെ മനുഷ്യർ സാത്താൻ എന്നത് ഒരു ശക്തിയാണെന്നു സങ്കൽപ്പിക്കുകയും അത് പുറത്തുനിന്നാണ് വരുന്നത് എന്നും അത് തന്റെ ജീവിതത്തെ നശിപ്പിക്കുമെന്നു പോലും വിചാരിച്ച് ഭയപ്പെടുന്നു. ആഗ്രഹങ്ങളെന്ന സാത്താന്റെ ആസാധാരണമായ കഴിവാണിത്. അത് ശക്തിയാണെന്നും വ്യക്തിയാണെന്നും ബുദ്ധിയെക്കൊണ്ട് സമ്മതിപ്പിച്ചിരിക്കുന്നു ! ആഗ്രഹങ്ങളും സ്വാർത്ഥതയും പൈശാചിക ശക്തിക്കു തുല്യമാണെന്നും മനുഷ്യ മനസ്സുകളിലൂടെ മാത്രമെ അത് പ്രവർത്തിക്കുകയുള്ളുവെന്നും ആ പ്രവർത്തനമാണ് കൊലപാതകങ്ങളായും ആത്മഹത്യയായും ഭ്രാന്തായും ഭയമായും മനുഷ്യനിൽ നിലനിൽക്കുന്നതെന്നും കാണാനുള്ള ബുദ്ധി മനുഷ്യന് ഇല്ലാതെപോയി!

കണ്ണിൽ കണ്ണട വച്ച് കണ്ണട അന്വേഷിക്കുന്ന വൃദ്ധനു സമാനമാണ് സത്യമന്വേഷിക്കുന്ന എല്ലാ മനുഷ്യരും. കണ്ണട നൽകുന്ന കാഴ്ചയുടെ വ്യക്തതയാണ് കണ്ണട അന്വേഷിക്കാൻ വൃദ്ധനെ പ്രേരിപ്പിക്കുന്നത്. അതുപൊലെ തന്നെ ആത്മാവ് അനുഭവിക്കുന്ന ദുഃഖവും വേദനയുമാണ് ആത്മാവിനെ തന്നെ അന്വേഷിക്കാൻ സഹായകമാകുന്നത്. എന്നാൽ ആ ആത്മാവ് നമ്മിൽ തന്നെ ഇരിക്കുകയും അതിലൂടെ അന്വേഷണം നടത്തുകയും ചെയ്താൽ വൃദ്ധന് കണ്ണട കണ്ടെത്താൻ കഴിയാത്തതു



പോലെ നമുക്കും ആത്മാവിനെ കണ്ടെത്താൻ കഴിയുകയില്ല. എന്നാൽ വൃദ്ധന്റെ അന്വേഷണം കാണുന്ന മറ്റൊരാൾക്ക് വൃദ്ധന് തന്റെ വിഡ്ഢിത്തം കാണിച്ചു കൊടുക്കണമെങ്കിൽ കണ്ണട ഊരി മാറ്റിയാൽ മതി. അപ്പോൾ വൃദ്ധന് കാഴ്ച നഷ്ടപ്പെടും. തന്നെയും ലോകത്തെയും കണ്ണടയെയും വൃദ്ധന് കാണാൻ സാദ്ധ്യമല്ല. ഇരുട്ടു മാത്രം ബാക്കിയാകും. എന്നാൽ തന്റെ നിലനിൽപ്പ് വൃദ്ധന് നിഷേധിക്കാനും കഴിയില്ല. അതാണയാളുടെ യഥാർത്ഥ ബോധം അഥവാ ആത്മാവ്. കണ്ണട എന്നത് വെറും അവബോധം മാത്രമാണ്. അത് കണ്ണിൽ വയ്ക്കുമ്പോൾ ലോകത്തെയും തന്നെയും തിരിച്ചറിയാൻ സഹായിക്കുക മാത്രമെയുള്ളു. കണ്ണട എന്നത് ബുദ്ധിക്ക് മനസ്സിലാകുന്ന ഒരു യാഥാർത്ഥ്യമായതുകൊണ്ടാണ് ബോധശാസ്ത്രം അവബോധമെന്ന കണ്ണടയെ ആത്മാവായി സങ്കൽപ്പിക്കുന്നത്. കണ്ണട ഊരിയ ആൾ വീണ്ടും കണ്ണട വൃദ്ധനു വച്ചുകൊടുക്കുമ്പോൾ മാത്രമെ തന്റെ ശരീരത്തെയും ലോകത്തെയും അത് നൽകിയ ആളേയും തിരിച്ചറിയുവാൻ കഴിയുകയുള്ളു. കണ്ണട നഷ്ടപ്പെട്ടിട്ടില്ല എന്ന് കണ്ണട എടുക്കുകയും വീണ്ടും വച്ചു കൊടുക്കുകയും ചെയ്യുന്ന അപരന്റെ കർത്തവ്യമാണ് യഥാർത്ഥ ഗുരു ചെയ്യേണ്ടത്.

അടിസ്ഥാന ആഗ്രഹവും അവ നേടാനുള്ള സ്വാർത്ഥതകളുമാണ് മനുഷ്യമനസ്സിൽ ഒളിഞ്ഞിരിക്കുന്നത്. അത് കണ്ടെത്താൻ വളരെയേറെ ബുദ്ധിമുട്ടാണ്. കാരണം അതിലൂടെയാണ് നാം ലോകത്തെയും ജീവിതത്തെയും കാണുകയും അനുഭവിക്കുകയും ചെയ്യുന്നത്. കണ്ണട പോലെ അത് ശരീരത്തിനു പുറത്തെ ഒരു ഭൗതിക വസ്തു ആയിരുന്നുവെങ്കിൽ എല്ലാവർക്കും പരസ്പരം യഥാർത്ഥ ഗുരുക്കന്മാരാകാൻ കഴിയുമായിരുന്നു. അങ്ങിനെ ഭർത്താവിന് ഭാര്യയുടെ സ്വാർത്ഥതയും ഭാര്യയ്ക്ക് ഭർത്താവിന്റെ ആഗ്രഹങ്ങളും നിഷ്പ്രയാസം എടുത്തു മാറ്റി നിത്യജീവനിലേക്കും ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്കും ഒരേ ഒരു ജീവിതം കൊണ്ടു തന്നെ നയിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ആഗ്രഹങ്ങളെന്ന സ്വാർത്ഥത നേടിയ വരം നിസാരമല്ല. ഓരോ മനുഷ്യന്റെയും മനസ്സിൽ ഒളിഞ്ഞിരിക്കുക, അത് തന്നെ ശരീരമായും മനസ്സായും ജന്മമെടുക്കുക! ഒരു അത്ഭുതത്തിനും ഒരു അതീന്ദ്രിയ ശക്തിക്കും ഒരു അതിബുദ്ധിക്കും ഇത് കണ്ടെത്താൻ കഴിയില്ല. വെറുതെ ജീവിതം പാഴാക്കാമെന്നല്ലാതെ ജീവിതം എന്ന പുണ്യത്തിന്റെ ഉദ്ദേശം സഫലീകരിക്കപ്പെടില്ല.

മനുഷ്യബുദ്ധിയുടെ സ്വതസിദ്ധമായ ഏറ്റവും വലിയ പ്രത്യേകത തന്നിൽ നിന്ന് അന്യമായതിനെ മാത്രമെ അന്വേഷിക്കുവാൻ കഴിയുക യുള്ളു എന്നതാണ്. എന്നാൽ നമ്മെ തന്നെ അന്വേഷിക്കാൻ നമുക്കു കഴിയും എന്നുള്ളഒരു സാദ്ധ്യത അവബോധത്തിലൂടെ ബുദ്ധിക്കു ക ഴിയുമെന്നു നാം മനസ്സിലാക്കുന്നില്ല. താൻതന്നെ, തന്റെതന്നെ അധമ വികാരങ്ങൾക്കും അവ ഉത്പാദിപ്പിക്കുന്ന നെഗറ്റീവ് ഹോർമോണു കൾക്കും സാക്ഷിയായി നിൽക്കാൻ അവ-ബോധമുപയോഗിച്ച് ബുദ്ധിയെ പ്രേരിപ്പിച്ചാൽ മാത്രമെ മനസ്സിന്റെ അഗാധതയിൽ ഒളിഞ്ഞു കിടക്കുന്ന ജീവന്റെ അടിസ്ഥാന ആഗ്രഹം ജീവിതത്തെ തീരാ ദുഃഖങ്ങ ളിലും ആവർത്തനത്തിലും നിലനിർത്തുന്ന ജഢവും മനസ്സുമെന്ന് കണ്ടെത്താൻ കഴിയുകയുള്ളു.

നാം തന്നെയാണ് നമ്മുടെ ആഗ്രഹങ്ങളെയും സ്വാർത്ഥതയെയും അന്വേഷിക്കേണ്ടത്. ഈ അന്വേഷണം എങ്ങിനെയെന്നും എന്തെന്നും ബുദ്ധിയുള്ള മിസ്റ്റിക്കുകൾക്ക് പോലും മനുഷ്യനെ പഠിപ്പിക്കുവാൻ കഴി ഞ്ഞില്ല. കാരണം അതൊരു അനുഭവജ്ഞാനമാണ്. ആഗ്രഹങ്ങളും അഭിലാഷങ്ങളും മോഹങ്ങളും ലക്ഷ്യങ്ങളും സ്വാർത്ഥ താൽപര്യങ്ങളും എങ്ങിനെയാണ് അനുഭവജ്ഞാനമായി മാറുന്നത് എന്ന് ബുദ്ധി യുക്തി -യുക്തമായി ആലോചിക്കുന്നു. എന്നാൽ അനുഭവം യുക്തിയല്ല എന്ന് ബുദ്ധിക്കറിയാം. ഉദാഹരണം:- ശാരീരിക വേദന അനുഭവമാണ് അത് യുക്തിയല്ല. അതിനാൽ അതിനെ മാറ്റാൻ യുക്തിക്കു കഴിയില്ല. ഒരു രാസവസ്തുവിനെ ഉപയോഗിച്ച് (മരുന്ന്) താൽക്കാലികമായി അക റ്റാം എന്നേയുള്ളു. എന്നാൽ മാനസിക വേദന ഒരു ചിന്തയാണ്. അതി നാൽ അത് യുക്തി കൊണ്ട് മാറ്റാൻ കഴിയേണ്ടതാണ്. എന്നാൽ അതു പോലും ബുദ്ധിക്ക് കഴിയുന്നില്ല. കാരണം മനുഷ്യരിൽ മാത്രം ചിന്ത കൾ നെഗറ്റീവ് ഹോർമോണുകൾ പുറപ്പെടുവിക്കുന്നു. മൃഗങ്ങൾക്ക് ഈ പ്രശ്നം വരുന്നില്ല. അതായത് വേദനയുടെ കാര്യത്തിൽ മനുഷ്യൻ മൃഗ ത്തെക്കാൾ പിന്നിൽ! മനുഷ്യബുദ്ധിയും അതിന്റെ യുക്തി-യുക്തമായ അറിവും വേദനയുടെ മുന്നിൽ ഒന്നുമല്ല. അതുകൊണ്ടാണ് ബോധ ശാസ്ത്രം അഹത്തിന്റെ **ഞാൻ** എന്ന അഹങ്കാരം വെറും പൊള്ളയാ ണെന്ന് പറയുന്നത്.

ജീവിതം ദുഃഖമാണെന്നും ആഗ്രഹങ്ങളാൽ നിറഞ്ഞതാണെന്നും ശരീരം മരണത്തിന് വിധേയമാകുമെന്നും **എനിക്കു വളരെ നേരത്തെ അറിയാമല്ലോ** എന്ന് അഹം വെറുതെ വീമ്പിളക്കുകയാണ്. അനുഭവ ജ്ഞാനമല്ലാത്ത വെറും വിവരം മാത്രമെ തന്റെ കൈവശം ഉള്ളു എന്ന് പാവം അഹം അറിയുന്നില്ല. ആ അറിവു കൊണ്ട് നൂറു രൂപ പോക്ക റ്റടിച്ചു പോയ വിഷമം പോലും താങ്ങാനാവില്ല എന്ന് അത് മനസ്സിലാ ക്കുന്നില്ല. ഈ അഹം എന്ന അഹങ്കാരമാണ് സ്വജീവൻ പോലും ബലി യായി കൊടുക്കേണ്ട ആത്മീയ അന്വേഷണത്തിന് ഇറങ്ങി പുറപ്പെടു ന്നത് !!!



താൻ സ്വാർത്ഥനാണെന്നും തിന്മയിലാണ് തന്റെ ജീവിതം നില നിൽക്കുന്നതെന്നും താൻ തന്നെയാണ് ആ തിന്മയെന്നും ബുദ്ധി അനു ഭവജ്ഞാനത്തിലൂടെ കണ്ടെത്തുന്നതിനെയാണ് ബോധോദയം അഥവാ enlightenment എന്ന് പറയുന്നത്. അതിനു ശേഷം സ്വാർത്ഥതയെയും അടിസ്ഥാന ആഗ്രഹത്തെയും എന്നന്നേയ്ക്കുമായി മനസ്സിൽ നിന്ന് എടുത്തു കളയുന്നതിനും അതിലൂടെ മനസ്സിനെ ആഗ്രഹ മുക്തമാ ക്കുന്നതിനെയാണ് **മോക്ഷത്തിലേക്ക് ഉണരുക** എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നത്. **അടിസ്ഥാന ആഗ്രഹമായ ലൈംഗിക ആസക്തി യാണ് മനസ്സിന്റെയും ശരീരത്തിന്റെയും നിലനിൽപ്പിന് കാരണ മെന്നും നാം എന്ന് അനുഭവജ്ഞാനത്തിലൂടെ ജീവിതത്തിൽ മന സ്സിലാക്കുന്നുവൊ അന്ന് ബുദ്ധി ഉണരുകയും അതിനുള്ള പരിഹാരം നിർദ്ദേശിക്കുകയും ആത്മാവ് എന്നന്നേയ്ക്കുമായി രക്ഷ നേടുകയും ചെയ്യും.** ബുദ്ധിക്ക് ഉപദേശിക്കാൻ കഴിയുന്ന ഏക പരിഹാരമാണ് നിഷ്ക്രിയീകരിക്കൽ (Passivation) അഥവാ നിസ്സംഗത്വം. യഥാർത്ഥ ആത്മീയ ജീവിതം ഇവിടെ നിന്നാണ് തുടങ്ങുന്നത്. പക്ഷെ ഈ പറ ഞ്ഞത് അത്ര എളുപ്പമല്ല. കാരണം ആത്മാവ് തന്നെ ലൈംഗിക സുഖം കാംഷിക്കുകയും അതേ ആത്മാവ് തന്നെ അതിന്റെ പ്രതിപ്രവർത്തന മായ വേദനകൾ ഏറ്റുവാങ്ങുകയും ചെയ്യുന്നു. അതിനാൽ അതേ ആത്മാവ് എന്നന്നേയ്ക്കുമായി രക്ഷപ്പെടാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നു. ഇതൊരു വല്ലാത്ത വിഷമ വൃത്തമാണ്. **രക്ഷപ്പെടാൻ മാർഗ്ഗ മുണ്ടോ എന്ന് എല്ലാവർക്കും ആലോചിക്കാം. ഇതാണ് ജീവിത സത്യം.** ഇതിൽ നിന്ന് രക്ഷപ്പെടാതിരിക്കുവാനുള്ള ഏറ്റവും വലിയ സൂത്രമാണ് ഇന്നത്തെ അധമ ആത്മീയത, ദീനാനുകമ്പ, നിസ്വാർത്ഥ സേവനം, ആത്മീയ അന്വേഷണം എന്നൊക്കെ നാം കൊട്ടിഘോഷിക്കുന്നത്. സമൂ ഹത്തിന്റെ ഇപ്പോഴത്തെ നിലനിൽപ്പിന് ഇതെല്ലാം അത്യന്താപേക്ഷിത മാണ്. എന്നാൽ ആത്മാവ് നിത്യതയിലേക്കും സ്വാതന്ത്ര്യത്തിലേക്കും

പരമാനന്ദത്തിലേക്കും കടക്കുകയില്ല എന്നു മാത്രമെ ബോധശാസ്ത്രം തെളിയിക്കുന്നുള്ളു.

മേൽപ്പറഞ്ഞ ജീവിതസത്യം മനസ്സിലാക്കിയ ഏത് ശാസ്ത്രജ്ഞനും മതപണ്ഢിതനും മാർഗ്ഗങ്ങൾ ആരായാം. പക്ഷെ വ്യക്തമായിരിക്കണം. വിശ്വാസവും മന്ത്രവും തന്ത്രവും പ്രാർത്ഥനയും കൊണ്ട് സമൂഹത്തെയും വളർന്നു വരുന്ന തലമുറയെയും ബോധം കെടുത്തരുതെന്നും ചൂഷണം ചെയ്യരുതെന്നുമുള്ള ഒരു അപേക്ഷ മാത്രമെ ഉള്ളു. ഒരാഗ്രഹം കൊണ്ട് മറ്റൊരു ആഗ്രഹത്തെ നശിപ്പിക്കുവാനോ മനസ്സിൽ നിന്ന് തള്ളിക്കളയുവാനോ മനസ്സിനും ബുദ്ധിക്കും ജന്മസിദ്ധമായി ഒരു കഴിവും ഇല്ല എന്നാണ് ബോധശാസ്ത്രം സംശയാതീതമായി തെളിയിച്ചത്. അതിനാൽ ആത്മാവിനെ രക്ഷിക്കുക എന്ന വേദന അഹത്തിന് താങ്ങാനാവാത്തതാകാം. പക്ഷെ മറ്റു മാർഗ്ഗങ്ങളില്ല. മനുഷ്യജന്മത്തിന്റെ വിധിയാണിതെന്ന് കണക്കാക്കിയാൽ മതി. മാതാ-പിതാക്കളും അദ്ധ്യാപകരും സമൂഹവും വളർന്നുവരുന്ന തലമുറയെ ഇനിയും കബളിപ്പിക്കാൻ ഇടയാകരുത്. **വേദനയും ദുഃഖങ്ങളും ദാരിദ്ര്യവും പ്രാരബ്ധങ്ങളും ജീവിതത്തിന്റെ ഭാഗമാണെന്നു പഠിപ്പിക്കുന്ന ഏതു സംവിധാനവും കൊടുംവഞ്ചനയാണ് വളർന്ന് വരുന്ന തലമുറയോട് ചെയ്യുന്നത്.** ജീവിതം അടിസ്ഥാന ആഗ്രഹത്താൽ സംഭവിക്കുന്നതാണ്. അത് തിരിച്ചറിയുക! മനുഷ്യൻ ആത്മീയ ജീവിയാണ്, മൃഗമല്ല. അതിനാൽ മാനസിക തലത്തിലുള്ള അവന്റെ ജീവിതം പരമാനന്ദത്തിലായിരിക്കണം. ഒരേഒരു ജീവിതമെ അവന്റെ ആത്മാവിന് ഉണ്ടായിരിക്കുവാൻ പാടുള്ളു! ആ ജീവിതം പരമാനന്ദത്തിൽ ജീവിച്ച്, ജീവിതത്തിനൊടുവിൽ ആഗ്രഹങ്ങളെ ത്യജിച്ച് ആത്മാവിനെ ജഢീയ ബന്ധങ്ങളിൽ നിന്ന് എന്നന്നേയ്ക്കുമായി മോചിപ്പിക്കാൻ അവന് പ്രാപ്തി ഉണ്ടാകണം. ആത്മാവ് വീണ്ടും പൂർത്തീകരിക്കാനാവാത്ത ആഗ്രഹങ്ങൾക്ക് വേണ്ടി തിരിച്ച് ഭൂമിയിലോ മറ്റേതെങ്കിലും ഗ്രഹങ്ങളിലോ ജനിക്കാൻ പാടില്ല! കാരണം ആത്മാവ് ശുദ്ധ ബോധമാണ്,അതിന് നാശമില്ല. അതാണ് യഥാർത്ഥ ബോധം അഥവാ മഹാബോധം. അതിൽ ആഗ്രഹം നിലനിന്നാൽ മാത്രമെ അധമബോധമാകുകയും ശരീരം ബന്ധപ്പെടുകയും ചെയ്യുകയുള്ളു !

ആഗ്രഹങ്ങളെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റിയും സൂത്രങ്ങൾ കൊണ്ട് മറച്ചുപിടിച്ചും ധീരതയുള്ള മഹാത്മാവ് **ചമഞ്ഞും** അനേകായിരം വർഷങ്ങൾ പല ജാതിയിലായി ആത്മാവിനേയും സത്യത്തെയും അന്വേഷിക്കാം. പ്രാർത്ഥനായങ്ങളിലും ആശ്രമങ്ങളിലും അലഞ്ഞു തിരിയാം,ഒന്നും സംഭവിക്കുകയില്ല. കസ്തൂരിമാൻ തന്റെ ഗന്ധം അന്വേഷിക്കുന്നതു പോലെ. തീരാവേദനകളിൽ നിന്ന് മനുഷ്യജന്മം ഒരിക്കലും കരകയറുകയില്ല. ധനികനും ദരിദ്രനും പണ്ഢിതനും പാമരനും ഒക്കെ ആത്മാവ് തന്റെ ജനനകാരണം അന്വേഷിക്കുന്നതിന്റെ വെറും സാദ്ധ്യതകൾ ആണെന്നും അത് മാറിയും മറിഞ്ഞും വരുമെന്നും അറിയുവാനുള്ള സാമാന്യ ബുദ്ധിയെങ്കിലും മനുഷ്യൻ കാണിച്ചാൽ രക്ഷപ്പെടാനുള്ള വാതിലുകൾ തുറന്നു കിട്ടും.

ലൈംഗിക സുഖവും ബന്ധങ്ങളുമാണ് ജീവിതമെന്നു തെറ്റിദ്ധരിക്കുന്നവരും ആത്മീയ അന്വേഷണവും സത്യാന്വേഷണവുമാണ് ശരിയായ ജീവിതമെന്ന് കണ്ടെത്തുന്നവരും ജീവിതമെന്ന ഒരു സുവർണ്ണാവസരം പാഴാക്കുകയാണ്. യഥാർത്ഥ ബ്രഹ്മചര്യത്തിലേക്കുള്ള കർമ്മമാണ് മനുഷ്യജീവിതം. **ബ്രഹ്മചര്യം സംഭവിക്കുന്നവനേ തന്റെ ജീവിതം അടിസ്ഥാന ആഗ്രഹത്തിൽ നിന്നാണെന്നുള്ള അനുഭവജ്ഞാനം ലഭിക്കുകയുള്ളു.** അതാണ് യഥാർത്ഥ ബോധോദയം അഥവാ enlightenment. മനസ്സിന്റെ ഈ പരമാനന്ദത്തിൽ നിന്നാണ് ആത്മീയ അന്വേഷണം ആരംഭിക്കുന്നത്. സ്വന്തം മനസ്സിൽ നിലനിൽക്കുന്ന ലൈംഗിക ആസക്തിയുടെ ഉത്ഭവം അന്വേഷിക്കുമ്പോഴാണ് ഒരുവൻ തന്റെ ജീവിതത്തെ മുഖാമുഖം കാണുന്നത്. അഹം എന്ന തന്റെ തന്നെ വ്യക്തിത്വവും ബുദ്ധിയും ബോധവും ഒന്നല്ല എന്നും അവ പരസ്പരം എതിരാണ് എന്നും ഒരു മനുഷ്യൻ മനസ്സിലാക്കുമ്പോൾ, ജീവിതത്തിൽ ആദ്യമായി താൻ മനസ്സല്ല ശരീരമല്ല ശുദ്ധമായ തിരിച്ചറിവ് എന്ന ബോധമാണ് എന്ന് സ്വയം കണ്ടെത്തുന്നു. അത് ആത്മാവാണെന്നും സത്യമാണെന്നും തിരിച്ചറിയുന്നു. അതായത് അറിവില്ലായ്മയിൽ നിന്ന് തിരിച്ചറിവിലേക്കുള്ള യാത്രയാണ് ജീവിതം. അത് ബുദ്ധിയുടെ നൈസർഗികമല്ലാത്ത പരിണാമമാണ്. ഈ തിരിച്ചറിവ് മനുഷ്യനെ വല്ലാതെ മാനസികമായി വേദനിപ്പിക്കുന്നു. അന്നുവരെ സത്യമെന്ന് അനുഭവിച്ച എല്ലാ മാനസിക വേദനകളും ബന്ധങ്ങളും തന്റെ ആത്മാവിന്റെ മോക്ഷത്തിലേക്കുള്ള ഉണർവ്വിന് തടസമാണ് എന്ന് അയാൾ അന്ന് മനസ്സിലാക്കും. പിന്നീട് അയാൾക്ക് രണ്ട് മാർഗ്ഗങ്ങളെ മുന്നിലുള്ളു. ഒന്നുകിൽ രക്തബന്ധങ്ങളെയും ലൈംഗിക സുഖത്തെയും ചങ്കിൽ നിന്ന് പറിച്ച് എറിയുക. അസഹനീയമായ വേദനയായിരിക്കും അത് നൽകുക.

അല്ലെങ്കിൽ ആത്മീയ അന്വേഷണമെന്നോ പ്രാർത്ഥനയെന്നോ ദീനാനുകമ്പയെന്നോ ഉപവാസമെന്നോ ആചാരങ്ങളെന്നോ ഒക്കെ ജീവിതത്തെ സങ്കൽപ്പിച്ച് ബുദ്ധിയുടെ സൂത്രം ഉപയോഗിച്ച് ആത്മാവിനെ വഞ്ചിച്ച് മരണംവരെ ജീവിതത്തെ തീരാദുഃഖങ്ങളിൽ വലിച്ചിഴയ്ക്കുക. എന്നിട്ട് വീണ്ടും അടുത്ത സാദ്ധ്യതയ്ക്കു വേണ്ടി ജീവിതം സംഭവിക്കുവാൻ കാത്തിരിക്കുക. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഈ സത്യം തന്റെ വചനങ്ങളിൽ കർക്കശമായി പറഞ്ഞ ബുദ്ധിമാനായ മിസ്റ്റിക്കിനെ അന്നത്തെ സ്വാർത്ഥത നിറഞ്ഞ സമൂഹം അവിഹിതമായ കുറ്റം ചുമത്തി വധിക്കുകയാണുണ്ടായത് എന്ന് ചരിത്രം പറയുമ്പോഴാണ് ആത്മീയ അന്വേഷണം (self enquiry) എന്ന രമണ മഹർഷിയുടെ ഒരേ ഒരു സിദ്ധാന്തത്തിന്റെ വില നാം അറിയുന്നത്. മതപരമായ അന്ധവിശ്വാസങ്ങളിലേക്കും ദുരാചാരങ്ങളിലേക്കും പ്രാർത്ഥനകളിലേക്കും നന്മ പ്രവൃത്തികളിലേക്കും അല്ല ഒരുവന്റെ ശ്രദ്ധ തിരിയേണ്ടത്. സ്വന്തം അന്തരംഗത്തിലേക്കാണ്, അതിൽ നിലനിൽക്കുന്ന ആത്മാവിലേക്ക് എത്തുന്ന ഒരുവൻ സ്വയം വഴിയും സത്യവും ജീവനുമായി മാറും. യഥാർത്ഥ നന്മ അയാളിലൂടെ സമൂഹത്തിൽ സംഭവിക്കും. അവ യാഥാർത്ഥ്യമായതിനാൽ സമൂഹം യഥാർത്ഥ നന്മയിലേക്കും ശരിയായി വളരുകയും സമൂഹത്തിന്റെ ബോധം ഉയരുകയും ചെയ്യും.

ലോകത്തിലൂടെ കടന്നുപോയ മഹാന്മാരേയും മഹതികളേയും വിശുദ്ധന്മാരേയും വിശുദ്ധകളേയും ശ്രദ്ധിച്ചു നോക്കുക. പ്രതിമകൾ സ്ഥാപിച്ചും നോബൽ സമ്മാനം നൽകിയും നാം അദരിക്കുന്ന പല മഹാന്മാരും മഹതികളും തങ്ങളുടെ മഹത്വം തെളിയിച്ചത് മറ്റുള്ളവരിലാണ്. തന്നിൽ നിന്ന് അന്യമായ ഒരാളുടെ ദുഃഖവും ദുരിതവും നിസ്വാർത്ഥമായി സ്വീകരിച്ച് അവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചാൽ ആത്മാവ് മോക്ഷം പ്രാപിക്കുമെന്നോ സമാധിയാകുമോന്നോ യോഗയിൽ എത്താമെന്നോ നിർവ്വാണ പ്രാപിക്കാമെന്നോ ഏതെങ്കിലും മത ഗ്രന്ഥങ്ങൾ അവകാശം ഉന്നയിക്കുന്നുണ്ടോ? ഉണ്ടെന്ന് ആർക്കെങ്കിലും തോന്നിയാൽ അത് സ്വന്തം ജീവിതത്തിൽ പ്രയോഗിച്ചു നോക്കുക. അത് ശരിയാണെങ്കിൽ ആത്മാവിനെ അനുഭവിക്കാനും അതിനെ സ്വതന്ത്രമാക്കാനും സാദ്ധ്യമാണെന്ന് തന്റെ അനുഭവം സൂചിപ്പിക്കുന്നുവെന്ന് ധൈര്യമായി സമൂഹത്തോട് പറയുവാനും മറ്റുളളവർക്ക് ആ മാർഗ്ഗം ബുദ്ധിയിലൂടെ സ്വീകരിക്കുവാൻ കഴിയുമെന്നുള്ളതിന്റെ മാർഗ്ഗരേഖകൾ നൽകുകയും ചെയ്യുക. അല്ലാതെ വചനങ്ങളെ ഒരു



മുടന്തൻ യുക്തിയിലൂടെ അവതരിപ്പിച്ച് രക്ഷപ്പെടാൻ പഴുതുകൾ ഇട്ടുവയ്ക്കുന്നത് സ്വാതന്ത്ര്യം ദാഹിക്കുന്ന ആത്മാവിനോട് ചെയ്യുന്ന കടുത്ത പാപവും ക്രൂരതയുമാണ്.

മഹാന്മരുടെ നിസ്വാർത്ഥ സേവനം ഒന്നു വിലയിരുത്തി നോക്കുക. സമൂഹത്തിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചല്ലാതെ ഏതെങ്കിലും വ്യക്തികൾക്ക് മഹാത്മാവാകാൻ കഴിഞ്ഞിട്ടുണ്ടോ? ലോകസമാധാനത്തിന് നോമ്പൽ സമ്മാനം വാങ്ങിയ ഏതെങ്കിലും വ്യക്തി തന്റെ ശാരീരിക പീഢനങ്ങളാകുന്ന കഠിനാദ്ധ്വാനത്തിൽ നിന്നുള്ള സമ്പാദ്യം കൊണ്ട് സേവനം ചെയ്തവരാണോ? അങ്ങിനെയാണെങ്കിൽ തന്നെ അവർ നിഷ്കാമകർമ്മികളായിരുന്നോ? സമൂഹത്തെ കൈകാര്യം ചെയ്യുന്ന ബ്രോക്കർമാരും പണമിടപാടുകാരും കങ്കാണിമാരും മയക്കുമരുന്ന് കച്ചവടക്കാരും അവർക്കു കൂട്ടുനിൽക്കുന്ന ഭരണകർത്താക്കളും മനസാക്ഷിക്കുത്ത് സഹിക്കാനാവാതെ സമൂഹത്തിലേക്ക് വലിച്ചെറിയുന്ന പണവും പട്ടിണിപ്പാവങ്ങളുടെയും സാധാരണക്കാരന്റെയും ഭയമാകുന്ന നേർച്ചകളുമാണ് സേവനമായും ദീനാനുകമ്പയായും സമൂഹത്തിൽ ഉയർന്നു വരുന്നത്. അത് ശേഖരിക്കുവാൻ കഴിവുള്ളവനെയാണ് നാം **മഹാത്മ** എന്നു വിളിക്കുന്നത്. ഈ മഹാത്മാക്കൾ തങ്ങളുടെ ഭൗതിക സ്വാർത്ഥ താൽപ്പര്യങ്ങൾ ഒരിക്കലും സംരക്ഷിക്കാറില്ല എന്നുള്ളത് സത്യം തന്നെയാണ്. എന്നാൽ സ്വന്തം ആത്മാവിനെ ആത്മീയ അഹങ്കാരത്തിലേക്ക് തള്ളിവിടുന്നത് അവർ അറിയുന്നില്ല. ഇത് സ്വന്തം ആത്മാവിനെ വഞ്ചിക്കലാണ്. അവരെ അനുകരിച്ച് വളർന്നു വരുന്ന തലമുറയും ഈ വഞ്ചനയ്ക്ക് ഇരയാകുന്നു. careful-carelessness എന്ന രീതിയിലുള്ള സ്വാർത്ഥതയിലെ നിസ്വാർത്ഥതയെന്ന സുതാര്യമായ സൂത്രമാണ് ഇത്.

**ഒരുവൻ ലോകം മുഴുവനും നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ നേടിയ ലോകം കൊണ്ട് അയാൾക്ക് എന്ത് പ്രയോജനം** എന്ന മിസ്റ്റിക് വചനം ബോധശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ്. ഒരുവൻ തന്റെ ആത്മാവിനെ നേടാൻ പരിശ്രമിക്കുമ്പോൾ, സേവനവും നന്മയും തനിയെ നടക്കും. അത് അവനവന്റെ തന്നെ നിഷ്കാമമായ അദ്ധ്വാനഫലത്തിൽ നിന്നാകുമ്പോൾ നേട്ടം അവനവനും സമൂഹത്തിനുമാണ്. കാരണം സമൂഹം ബോധത്തിൽ ഉയരാൻ തുടങ്ങും. സേവനം ചെയ്യുന്നവന്റെ നിഷ്കാമകർമ്മം കാണുന്ന സേവനം പറ്റുന്നവൻ നിഷ്കാമകർമ്മത്തിലേക്ക് വരുന്നതിന്റെ പുണ്യം

എന്തെന്ന് മനസ്സിലാക്കുകയും രണ്ടു പേരും ആത്മാവിനെ രക്ഷപ്പെടുത്തുകയും സമൂഹം ബോധത്തിൽ ഉയരുകയും ചെയ്യും. എന്നാൽ മറ്റുള്ളവന്റെ ആദ്ധ്വാനം പങ്കുപറ്റി സേവനം ചെയ്യുന്നവൻ തന്റെ ആത്മാവി നെ നഷ്ടപ്പെടുത്തുക മാത്രമല്ല ആ സേവനം അനുഭവിക്കുന്നവർ അലസരും മടിയനുമാകുകയും സേവകരുള്ളതിനാൽ ശേഷിക്കുന്ന സ്വയം പര്യാപ്തരായവർ മടിയന്മാരാകാൻ ആഗ്രഹിക്കുകയും സമൂഹം അധമത്തിലേക്ക് താഴ്ന്നു പോകുകയും ചെയ്യുന്നു.

മറ്റുള്ളവർക്ക് സേവനം ചെയ്താൽ മോക്ഷം കിട്ടുമെന്ന് പഠിപ്പിക്കുന്ന മതങ്ങൾ ഒരു സമൂഹത്തിന് എതിരാണെന്ന് മനസ്സിലാക്കുക. അവർ സമൂഹത്തെ ഉയർത്താനെന്ന വ്യാജേന നശിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വപ്രയത്നത്തിന്റെ ആത്മീയ മൂല്യത്തിന് എതിരായിട്ടുള്ള ഇത്തരം പഠിപ്പിക്കലുകൾ ഏതു നിയമത്തിന്റെ പേരിലായാലും തെറ്റു തന്നെയാണ്. അദ്ധ്വാനിക്കാതെയും ആവശ്യ വസ്തുക്കൾ ഉത്പാദിപ്പിക്കാതെയും കറൻസിയിൽ ഒളിഞ്ഞിരിക്കുന്ന സൂത്രങ്ങൾ കൊണ്ട് ജീവിക്കുന്ന ഒരു സമൂഹവും രാജ്യവും ലോകവും നിലനിൽക്കുകയില്ല എന്നറിയാൻ തിരിച്ചറിവിനെ തിരിച്ചറിയുന്ന അവബോധമുള്ള ഒരു സൂഹത്തിനു കഴിയണം. അടിസ്ഥാന ആഗ്രഹത്തിന്റെ സൂത്രങ്ങളാണ് മേൽപ്പറഞ്ഞ പാഠങ്ങൾ. നാം അന്വേഷിക്കേണ്ടത് നമ്മെ തന്നെയാണ്. നമ്മെ അന്വേഷിക്കുന്നതിന് നാം നമ്മോടു തന്നെയാണ് ചോദ്യങ്ങൾ ചോദിക്കേണ്ടത്. അത്തരം ചോദ്യങ്ങളാണ് ഒരുവനെ ആത്മാവിൽ വളർത്തുന്നത്.

ഏറ്റവും അധമബോധത്തിൽ നിൽക്കുന്ന കൊലപാതകിയും 99.9% മിസ്റ്റിക് അവസ്ഥയിൽ നിലനിൽക്കുന്ന ഒരു സന്യാസിയും തമ്മിൽ വ്യത്യാസമുള്ളതായി ബോധശാസ്ത്രം കണക്കാക്കുന്നില്ല. കാരണം രണ്ടു പേരും വീണ്ടും ജന്മമെടുക്കും. ജനനസാദ്ധ്യതകൾ വ്യത്യാസപ്പെട്ടേക്കാം. കൊലപാതകി വീണ്ടും നിന്ദ്യമായ ജനിതക ശ്രേണി തെരഞ്ഞെടുക്കുമ്പോൾ സന്യാസി നന്മയിലെ ജനിതക ശ്രേണി തിരഞ്ഞെടുത്തേക്കാം. **ഇപ്രകാരം നന്മയിലൂടെ സഞ്ചരിച്ചാണ് മോക്ഷത്തിൽ എത്തുന്നത് എന്ന് അഹം മനുഷ്യനെ തെറ്റായി പഠിപ്പിച്ചു കൊണ്ടിരിക്കുന്നു.** എന്നാൽ ഇത് മനസ്സിന്റെ നന്മ-തിന്മകളുടെ പരിധികളിൽ നിന്നു കൊണ്ടുള്ള ജീവതമാകുന്ന കളി ആണെന്ന് നാം അറിയുന്നില്ല. നന്മയിൽ നിൽക്കുന്ന ജനിതക ശ്രേണി സമ്പന്ന കുടുംബമോ ഉയർന്ന



ജാതിയോ കുലമോ ആകാം. ഏതായാലും സമൂഹത്തിലെ ഉന്നതരെയാണ് ആത്മീയ ശാസ്ത്രങ്ങൾ അർത്ഥമാക്കുന്നതെന്ന് മനസ്സിലാക്കാം. അതുമല്ലെങ്കിൽ മറ്റൊരു സാത്വിക ജീവിത സാഹചര്യമാകാം. മനസ്സിന്റെ അഗാധതയിൽ മൂടിവയ്ക്കപ്പെട്ട അടിസ്ഥാന ആഗ്രഹമാണ് മനുഷ്യജന്മത്തിന് കാരണമെങ്കിൽ തന്റെ ജനിതക ശ്രേണിയെ മറികടക്കാനും തന്റെ ജനന കാരണം തിരിച്ചറിയാനും കഴിയാത്തിടത്തോളം ജനന വ്യത്യാസങ്ങൾ കൊണ്ട് അർത്ഥമില്ല.

യഥാർത്ഥ ബോധം പൂർണ്ണതയാണ്. അതിനെ ജീവിച്ചിരിക്കെ പൂർണ്ണമായി സ്വീകരിക്കാൻ നമുക്ക് കഴിയില്ല. അത് ഭൗതിക ശരീരത്തിന്റെ മരണം കൊണ്ടേ സാദ്ധ്യമാകുകയുള്ളു. ഒരു ശരീരത്തിനും 25% മരണം 50% മരണം 99.9% മരണം എന്ന അവസ്ഥയില്ല. മരണം ഏതുപോലെ പൂർണ്ണമാണോ അതുപോലെ തന്നെ യഥാർത്ഥ ബോധവും പൂർണ്ണമാണ്. തിരിച്ചറിവെന്ന അവബോധത്തിലൂടെ ബുദ്ധി യഥാർത്ഥ ബോധവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ മനസ്സ് ബോധത്തെ പല തട്ടുകളായി തിരിക്കുന്നതായി നാം അനുഭവിക്കുകയാണ്. അത് വെറും തോന്നൽ മാത്രമാണ്. മനസ്സിന്റെ സൂത്രവുമാണ്. അതിനാൽ മനസ്സ് എത്രയ്ക്ക് തിരിച്ചറിവിലേക്ക് വന്നാലും ആത്മാവിന് രക്ഷപ്പെടാൻ കഴിയില്ല. മനസ്സ് എന്നത് അടിസ്ഥാന ആഗ്രഹത്തിന്റെ ഉത്പന്നമാണ്. അത് ഒരു ഏണിക്ക് തുല്യവുമാണ്. ഏണിയുടെ ലക്ഷ്യത്തിന് തൊട്ടുപിന്നിൽ എത്തിയാൽ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം ബാക്കി നിൽക്കുന്നു. ലക്ഷ്യവും (ആത്മാവിന്റെ മോചനവും) ഏണി (ജീവിതം) യുടെ അവസാന പടിയും തമ്മിൽ ഒരു ചെറിയ അകലം (gap) നിലനിൽക്കുന്നു. ലക്ഷ്യത്തിലേക്കു ചാടിയാൽ കുതിപ്പിന്റെ പ്രതിപ്രവർത്തനത്താൽ ഏണി താഴെ പോകും. ലക്ഷ്യത്തിൽ പിടികിട്ടിയില്ലെങ്കിൽ ഓർക്കുവാൻ കൂടി കഴിയാത്ത ശാരീരികമായ വേദയുടെ പതനം. പിടികിട്ടിയാലോ എന്നന്നേയ്ക്കുമായ രക്ഷ. ശാരീരികമായ ഈ വേദന 99.9% ആത്മീയ അവസ്ഥയിൽ നിൽക്കുന്ന മിസ്റ്റിക്കിനെ പോലും അതീന്ദ്രിയ സൂത്രങ്ങൾ പ്രയോഗിക്കാൻ പ്രേരിപ്പിക്കുന്നു. കാരണം ചാടാൻ അറിയില്ല. അതിനുള്ള ധൈര്യവും ബുദ്ധിയും ഇല്ല. എന്നാൽ ബുദ്ധിയിലൂടെ മിസ്റ്റിക് അവസ്ഥയിൽ വളരുന്നവൻ തന്റെ അനുഭവജ്ഞാനം ഇവിടെ ഉപയോഗിക്കാൻ പ്രാപ്തി നേടുന്നു. കാരണം ബോധോദയം മുതൽ മരണംവരെ അയാൾ അതു മാത്രമാണ് പരിശീലിക്കുന്നത്. അതിനാൽ ആശുപത്രികളും അനാഥാലയ

ങ്ങളും സാമൂഹ്യസേവന കേന്ദ്രങ്ങളും സ്ഥാപിക്കുവാനുള്ള മാനസിക അവസ്ഥ അയാൾക്ക് ലഭിക്കില്ല. അത്തരം മിസ്റ്റിക്കുകളെ ചരിത്രത്തിൽ നിന്നും കണ്ടു പിടിക്കുക, അവരെ ചുറ്റിപ്പറ്റി എഴുതിയിരിക്കുന്ന കള്ള ക്കഥകളും അത്ഭുതങ്ങളും ജ്ഞാനം കൊണ്ട് നീക്കം ചെയ്താൽ മാർഗ്ഗം തെളിഞ്ഞു കിട്ടും. അവരുടെ മാർഗ്ഗങ്ങളാണ് ബോധശാസ്ത്രം ആധാ രമാക്കിയിട്ടുള്ളതും. അങ്ങിനെ മരണ സമയത്ത് മനസ്സാകുന്ന ഏണി ചവിട്ടി തള്ളി ബ്രഹ്മചര്യത്തിന്റെ ന്യൂട്രൽ ഊർജ്ജം ഉപയോഗിച്ച് നിത്യ ജീവൻ അഥവാ മോക്ഷം അഥവാ നിർവ്വാണ എന്ന ഉയർന്ന ബോധത്തി ലേക്ക് ഉണരുക, വീഴില്ല. നൂറു ശതമാനം ഉറപ്പാണ്. ഏതു മനുഷ്യനും അത് സാധിക്കും. ജാതിക്കും മതത്തിനും വിദ്യാഭ്യാസത്തിനും സമ്പന്ന തയ്ക്കും ദാരിദ്ര്യത്തിനും ഇവിടെ സ്ഥാനമില്ല. ശരിയായ മനസ്സിലാക്കൽ അഥവാ അനുഭവജ്ഞാനമെന്ന മനസ്സിന്റെ പിറകിലെ അറിവ് മാത്രമെ സഹായിക്കുകയുള്ളു. അത്തരം അറിവാണ് നമുക്കുണ്ടാകേണ്ടത്. സമൂ ഹത്തിൽ പ്രധാനമായും പഠിപ്പിക്കേണ്ടതും അതുതന്നെയാണ്.

മേൽപ്പറഞ്ഞ ഉണർവ്വിന് ആവശ്യമായ ധൈര്യം ഒരു യഥാർത്ഥ മിസ്റ്റിക് സംഭരിക്കുന്നത് നിഷ്ക്രിയീകരിക്കലിലൂടെയാണ് അഥവാ നിസ്സം ഗതയിലൂടെയാണ്. ഏറ്റവും ബുദ്ധിമുട്ടേറിയതും വേദനാജനകവുമാ ണിത്. ബോധശാസ്ത്രം വളരെ ചെറുപ്പം മുതൽ അഭ്യസിപ്പിച്ചെങ്കിൽ മാത്രമെ ജീവിതാന്ത്യത്തിൽ ഇത് ശരിയായി പരിശീലിക്കുവാനും വാർദ്ധ ക്യത്തിൽ ജീവിതം ഒരു ആഘോഷമാക്കി മാറ്റാനും കഴിയുകയുള്ളു. വേദനയേയും ഒറ്റപ്പെടുത്തലിനേയും സന്തോഷത്തോടെയും സമാധാ നത്തോടെയും അനുഭവജ്ഞാനത്തിലൂടെ സ്വീകരിക്കുമ്പോഴുണ്ടാകു ന്ന ആത്മീയ അനുഭൂതി അഥവാ പരമാനന്ദം,അത് അനുഭവിക്കുന്ന മനുഷ്യനു മാത്രമെ അറിയാൻ കഴിയുകയുള്ളു.

തന്റെ അറിവില്ലായ്മയും മറ്റുള്ളവരുടെ അറിവില്ലായ്മ മൂലമുള്ള എല്ലാ ശാരീരിക മാസിക വേദനകളും സ്വീകരിക്കാൻ മാത്രം കുട്ടികളെ പഠിപ്പിക്കുക. അത് അവരിൽ സഹന ശക്തിയും ശരിയായ ധൈര്യവും വളർത്തും. എന്തും സഹിക്കുക എന്നത് അത്ര നിസാരമല്ല. അത് ദൈവീ കമായ ഗുണമാണ്. അതിന് ആവശ്യമായ ന്യൂട്രൽ ഊർജ്ജം എങ്ങിനെ കണ്ടെത്തുമെന്നും അത്തരം ഊർജ്ജം എങ്ങിനെ ശരീരത്തിൽ ഉയർത്താൻ കഴിയുമെന്നും പഠിപ്പിക്കണം. ഈ രീതികളെല്ലാം A Text Book of Awarology-ൽ വ്യക്തമാക്കിയിട്ടുണ്ട്. സഹന ശക്തിയെ



പൊസിറ്റീവായി നിയന്ത്രിക്കുവാൻ പഠിക്കുമ്പോൾ സ്നേഹം, ദയ, കാ രുണ്യം ഇവ ആപേക്ഷിക തലത്തിൽ നിന്നും അബ്സല്യൂട്ട് അവസ്ഥ യിലേക്ക് ഉയരും. തീവ്രവാദികൾ ഈ രീതി തന്നെയാണ് ഉപയോഗി ക്കുന്നത്. സഹന ശക്തിയെ നെഗറ്റീവായി ഉപയോഗിക്കാൻ മനസ്സി നെയും ശരീരത്തേയും അവർ അഭ്യസിപ്പിക്കുന്നു. അതിനുള്ള രീതി കളും അവർക്കുണ്ട്. അതുകൊണ്ടാണ് ആത്മാർത്ഥതയും ധീരതയും നെഗറ്റീവായി അവരിൽ വളരുകയും സമൂഹത്തെ ദുരന്തങ്ങളിൽ നിന്നും ദുരന്തങ്ങളിലേക്ക് നയിക്കാൻ അവർക്കു കഴിയുകയും ചെയ്യു ന്നത്. (ചാവേർ ആക്രമണങ്ങൾക്കുള്ള ആളുകളെ പരിശീലിപ്പിക്കുക.) എന്നാൽ പൊസിറ്റീവായി സഹന ശക്തിയെ വളർത്തിയാൽ ഒരുവൻ നിഷ്കാമനായി (ന്യൂട്രൽ) മാറുമെങ്കിലും ജനിതക വാസനകൾ നില നിൽക്കുന്നതിനാൽ അതിന്റെ പ്രവർത്തനത്തെ തടയാൻ കുട്ടികൾക്ക് പലപ്പോഴും കഴിയാതെ പോയേക്കാം. അതിൽ തെറ്റില്ല. രക്തത്തിളപ്പിന്റെ പ്രായം കഴിഞ്ഞ് ജീവിത യാഥാർത്ഥ്യത്തിലേക്ക് കാലെടുത്തു വയ്ക്കു മ്പോൾ ബോധശാസ്ത്രം അവരിൽ തിരിച്ചുവരും. തീർച്ചയാണ്. കാരണം മറ്റു ശാസ്ത്രങ്ങളെപ്പോലെ ബോധശാസ്ത്രം പുറമേയുള്ള തിനെയല്ല മറിച്ച് അകമേയുള്ളതിനെ അറിയാനാണ് പഠിപ്പിച്ചത്. അതി നാൽ മറവി ഉണ്ടാകുകയില്ല. ജീവിത യാഥാർത്ഥ്യങ്ങൾ അകത്താണ് നിലനിൽക്കുന്നതെന്ന് അന്ന് അവൻ മനസ്സിലാക്കും. കാരണം ജീവിതം കളിയിൽ നിന്ന് കാര്യത്തിലേക്ക് കടന്നിരിക്കുന്നുവെന്നും താൻ ഒരു അഹത്തിന്റെ പിടിയിലാണെന്നും അവൻ തിരിച്ചറിയുന്നു. ഈ ഘട്ട ത്തിൽ ബോധശാസ്ത്ര സൂത്രങ്ങൾ (techniques of Awarology) അവൻ ജീവിതത്തിൽ പ്രയോഗിക്കാൻ പ്രാപ്തി നേടുന്നു.

നിഷ്ക്രിയീകരിക്കൽ എന്നത് വേദനയെ സ്വീകരിക്കലാണ്. ഈ സൂത്രത്തിന് മനസ്സിലുള്ള പ്രതിപ്രവർത്തനം മനസ്സിലാക്കാൻ ശ്രമിക്കു ക. മനസ്സ് ചിന്തകളുടെ കൂട്ടമാണ്. ഈ ചിന്തകളുടെ ഉറവിടം ആഗ്രഹ ങ്ങളുമാണ്. എന്നാൽ ഈ ആഗ്രഹങ്ങൾക്ക് യഥാർത്ഥമായ നിലനിൽപ്പി ല്ല. മരണം എല്ലാറ്റിനേയും തൂത്തുവാരും. മാത്രവുമല്ല ചിന്തകൾ തനിയെ മനസ്സിൽ വരുന്നതായി അനുഭവപ്പെടുന്നു. നമ്മുടെ ബുദ്ധിക്ക് അതിൽ തീരെ സ്വാധീനവുമില്ല. അത്തരം ഒരു ഘടനയുള്ള മനസ്സിൽ അവ ബോധം ബുദ്ധിയുടെ സഹായത്താൽ വേദനയെ ഉപാധികളില്ലാതെ സ്വീകരിച്ചാൽ മനസ്സ് ഒരു നിമിഷം നിന്നു പോകും. കാരണം വേദന മനസ്സിനെ സംബന്ധിച്ച് യാഥാർത്ഥ്യമാണ്. അതിനാൽ മനസ്സ് എത്ര

കണ്ട് ബുദ്ധിയിലേക്കും യുക്തിയിലേക്കും ആത്മീയ അറിവിലേക്കും വളർന്നാലും ഈ വേദന തെറ്റാണെന്നോ നിലനിൽക്കാത്തതാണെന്നോ തെളിയിക്കാനോ കഴിയില്ല. വേദന അബ്സല്യൂട്ട് യാഥാർത്ഥമായ പരമാനന്ദത്തിന്റെ നേരെ എതിരായ അവസ്ഥയാണ്. ബോധം ജാഗ്രത് എന്ന നശ്വരതയുടെ സ്വപ്നാവസ്ഥയിലേക്ക് താഴുമ്പോൾ പരമാനന്ദത്തിനുണ്ടാകുന്ന രൂപമാറ്റമാണത്. അതായത് ശാരീരിക വേദന എന്നത് ബോധത്തിന്റെ ഏറ്റവും ശക്തമായ എതിർ അനുഭവമാണ്. എന്നാൽ മനസ്സ് എന്നത് നിലനിൽക്കാത്ത ആപേക്ഷിക അനുഭവങ്ങളുടെ കൂട്ടമാണ്. അറിവില്ലായ്മകൊണ്ടും ദുരാഗ്രഹങ്ങൾകൊണ്ടും ഉണ്ടാകുന്ന അനുഭവങ്ങളാണ് മനസ്സിന് രൂപം നൽകുന്നത്. അനുഭവങ്ങൾ കൊണ്ടുണ്ടാകുന്ന STRന്റെ വർദ്ധനവാണ് മനസ്സിനെ ശക്തമാക്കുന്നത്. അപ്പോൾ **വേദനയെ ഒരുവൻ സന്തോഷപൂർവ്വം സ്വീകരിച്ചാൽ മനസ്സിനു ഭ്രാന്തുപിടിക്കും. കാരണം വേദന നിലനിൽക്കുന്നില്ലെങ്കിൽ മനസ്സിന് അപേക്ഷിക അനുഭവങ്ങളെ സങ്കൽപ്പിച്ചുണ്ടാക്കി അനുഭവിക്കാൻ കഴികയില്ല. മനസ്സിന്റെ STR പൂജ്യത്തോട് അടുക്കാൻ തുടങ്ങും.** അതായത് മനസ്സ് നശിച്ചുപോകും.

ഒരു ഉദാഹരണം ശ്രദ്ധിക്കുക. തിരക്കുള്ള ഒരു ബസ്സിൽ ഒരാൾ മറ്റൊരാളുടെ കാലിൽ ചവിട്ടുന്നു. വേദന സഹിക്കാനാവാതെ അയാൾ തന്നെ ചവിട്ടി എന്ന് സംശയിക്കുന്ന ഒരാളെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചീത്തവിളിക്കുകയും അപമാനിക്കുകയും ചെയ്യുന്നു എന്ന് സങ്കൽപ്പിക്കുക. ഇതെ ല്ലാം സഹിക്കുന്ന നിരപരാധിയായ മനുഷ്യൻ പറയുന്നു. ഞാൻ താങ്കളുടെ കാലിൽ ചവിട്ടിയിട്ടില്ല. ഇതൊന്നും കേൾക്കാതെ അധമനായ മറ്റെയാൾ വീണ്ടും അയാളെ ഉപദ്രവിക്കുകയും അപമാനിക്കുകയും ചെയ്യുന്നു. അപരൻ സന്തോഷത്തോടെയും പരാതികൂടാതെയും എതിർപ്പില്ലാതെയും സഹിക്കുകയും ചെയ്താൽ സഹിക്കുന്നവന്റെ മനസ്സ് ബോധതലത്തിന്റെ ഉയർന്ന തലത്തിലേക്ക് പോകുന്നു. അതായത് അയാളുടെ മനസ്സ് യുക്തിയിൽ പരാജയപ്പെടുന്നു. മനസ്സ് അയാളെ പ്രതികരിക്കാൻ പല രീതിയിൽ പ്രേരിപ്പിക്കുമെങ്കിലും മനസ്സിനു സാക്ഷിയായി നിന്നു കൊണ്ട് വേദന സഹിക്കുകയും ആ സാഹചര്യം ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അയാൾ മറ്റൊരു മനുഷ്യനായി മാറിപ്പോകുന്നു. എന്നാൽ ഇപ്രകാരം ചെയ്യുമ്പോൾ ആത്മാവിനെ അറിയാനും അനുഭവിക്കാനും കഴിയുമെന്നുള്ള ആഗ്രഹത്താൽ ഈ വേദനയെ സഹിച്ചാൽ അയാൾക്ക് ഒന്നും



സംഭവിക്കുകയില്ല എന്നു മാത്രമല്ല വികാരങ്ങൾ അടിച്ചമർത്തപ്പെട്ട ഒരു അവസ്ഥയിലേക്ക് മനസ്സ് വഴുതി പോകുകയും ചെയ്യുന്നു. ഇത് സാധാരണ മനുഷ്യന്റെ മാനസിക നിലയേക്കാൾ മോശമായ ഒരു മാനസിക അവസ്ഥ അയാളിൽ പിന്നീട് സൃഷ്ടിക്കുന്നു. ബോധശാസ്ത്രത്തിന്റെ പ്രസക്തി ഇവിടെയാണ്.

നിഷ്ക്രിയീകരിക്കൽ (Passivation) അഥവാ നിസ്സംഗത്വം അത്രയ്ക്ക് നിസാരമല്ല എന്നു മനസ്സിലാക്കുക. നൂൽപ്പാലത്തിലൂടെയുള്ള ഒരു യാത്രയാണിത്. അൽപ്പം പാളിയാൽ വൈകൃതം അല്ലെങ്കിൽ അമിതമായ ഏർപ്പെടൽ. ആത്മീയതയുടെ പേരിൽ പോലും ഇത്തരമൊരു പ്രതികരണം കാണാൻ ഇന്ന് സമൂഹത്തിൽ സാദ്ധ്യമല്ല. കാരണം മനുഷ്യമനസ്സിന്റെ യുക്തിയുടെ പുറത്തേക്കുള്ള വളർച്ച തന്നെ ഇതിനു കാരണം. കുറ്റങ്ങൾ ചെയ്തിട്ടും അതു ചെയ്തില്ലെന്നു നടിക്കാനും മറച്ചു പിടിക്കാനും വാദിക്കുവാനും തയ്യാറാകുകയം കുറ്റം ചെയ്യാതെ തന്നെ ശിക്ഷിച്ച അധമ ബോധത്തോട് ന്യായമായ പ്രതികാര നടപടി എടുത്ത് നീതി നടപ്പാക്കാൻ നാമെല്ലാം ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ മേൽപ്പറഞ്ഞ നിഷ്ക്രിയീകരണം എളുപ്പമല്ല. ഭൗതികതലത്തിൽ അത് ശരിയുമാണ്. നിഷ്ക്രിയീകരിക്കലിന് തയ്യാറാകുന്ന മനസ്സിനെ സമൂഹം തിരിച്ചറിഞ്ഞാൽ വളരെ ആപത്താണ്. കാരണം അത്തരം മനസ്സുകളെ കുടുംബത്തിലായാലും സമൂഹത്തിലായാലും നന്നായി ചൂഷണം ചെയ്യുന്നു. അതിനാൽ ബുദ്ധിമാനായ മിസ്റ്റിക് അത്തരം കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ അയാൾ കഠിനമായ പീഢനങ്ങളിൽ പരാജയപ്പെടുകയോ അകാലമരണത്തിന് ഇരയാകുകയുയോ ചെയ്തേക്കാം. ഒരു ദിവസം കൊണ്ടോ,അനേക വർഷങ്ങൾ കൊണ്ടോ ഒരു മനുഷ്യന് നിഷ്ക്രിയീകരിക്കാൻ കഴിയണമെന്നില്ല. ജീവിതാന്ത്യം വരെ ഇത് പരിശീലിക്കേണ്ടതായി വരും. കാരണം മനസ്സ് വളരെ ദുർബലമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മാത്രമല്ല വളരെ സ്ഥൂലവുമാണ്. അതിന്റെ ആഴത്തിലേക്ക് കടന്നു ചെല്ലുക അത്ര എളുപ്പമല്ല. **ഇവിടെ വിധിയും വിധി കർത്താവും ഒന്നു തന്നെയാണ്. അതവന്റെ ആത്മാവും അവബോധമെന്ന തിരിച്ചറിവും തന്നെയാണ്.**

മോക്ഷം, നിർവ്വാണ, ആത്മാവിന്റെ സ്വാതന്ത്ര്യം എന്നെല്ലാം അർത്ഥമാക്കുന്നത് എന്താണെന്ന് വളരെ ലളിതമായും വ്യക്തമായും **വ്യക്തിബോധത്തിൽ നിന്നും മഹാബോധത്തിലേക്ക്** എന്ന പുസ്തക

ത്തിൽ കൊടുത്തിട്ടുണ്ട്. നിത്യജീവൻ, മോക്ഷം, ആത്മാവിന്റെ സ്വാതന്ത്ര്യം എന്നതെല്ലാം മനസ്സിന്റെ സങ്കൽപ്പങ്ങളാണെന്നും ദാനധർമ്മങ്ങളിലൂടെയും നന്മ പ്രവൃത്തികളിലൂടെയും പുണ്യ കർമ്മങ്ങളും പ്രാർത്ഥനയും ധ്യാനവും ഉപവാസവും നോയമ്പും മൂലമുള്ള **സമാധാനവും സന്തോഷവും** ആണ് ജീവിതത്തിന്റെ ശരിയായ അർത്ഥമെന്നും ബുദ്ധി മനുഷ്യരെ സദാസമയവും ബോദ്ധ്യപ്പെടുത്തി കൊണ്ടിരിക്കുന്നു. അതിനാൽ നാം സമ്പാധിക്കുന്ന പണത്തിന്റെ ദശാംശം പിച്ചചട്ടിയിൽ എറിഞ്ഞു കൊടുക്കുമ്പോൾ എല്ലാവരും ഒരു മനസമാധാനം അനുഭവിക്കുന്നതായി കാണപ്പെടുകയും പറയപ്പെടുകയും ചെയ്യുന്നു. എന്തിന് ? അത്തരം പ്രവൃത്തികൾ മൂലം സ്വർഗ്ഗരാജ്യംവരെ എത്താമെന്നുപോലും മതങ്ങൾ പറഞ്ഞു പരത്തുന്നു. അഹത്തിന്റെ അഹങ്കാരവും അറിവില്ലായ്മയും എത്ര വലുതാണെന്ന് ചിന്തിക്കുക. മനുഷ്യരിൽ ദാരിദ്ര്യവും ദുരിതവും സൃഷ്ടിച്ചതിൽ വലി പങ്ക് മനുഷ്യനും ബാക്കി പ്രകൃതിക്കുമാണ്. പ്രകൃതി വിഭവങ്ങളും ഭൂമിയും തന്റേതു മാത്രമാണെന്ന സ്വാർത്ഥതയും അറിവില്ലായ്മയും; പങ്കുവയ്ക്കൽ എന്ന ഉദാത്തമായ നന്മയെന്തെന്ന് തിരിച്ചറിയാത്തവരുമായ തിന്മയുടെ കൂരിരുട്ടിൽ നിൽക്കുന്ന വെറും പത്തോ ഇരുപതോ ശതമാനം വരുന്ന കങ്കാണിമാരും മുതലാളിമാരും അന്ധമായ മത വിശ്വാസങ്ങളുമാണ് ദരിദ്രനെ സൃഷ്ടിച്ചതെന്നു മനസ്സിലാക്കാൻ ഒരു ശാസ്ത്രത്തിലും ഡോക്ടറേറ്റ് ബിരുദം എടുക്കണമെന്നില്ല. വിപ്ലവകരമായ രാഷ്ട്രീയ തത്വശാസ്ത്രങ്ങൾ കാണാപാഠമറിയാവുന്ന ഏതു കാളവണ്ടിക്കാരനും അൽപമൊന്നു മാറി ചിന്തിച്ചാൽ മതിയാകും. ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഒരുവൻ ദരിദ്രനാകുന്നത് അവന്റെ ജന്മം കൊണ്ടാണ്. ദാരിദ്ര്യം നിലനിൽക്കുന്നത് ബുദ്ധിയുടെ ഉയർച്ച-താഴ്ചയും കൊണ്ടാണെന്ന് അറിയുക. 600-കോടി ജനങ്ങളിൽ ഒരാൾപോലും മറ്റൊരാൾക്ക് പൂർണ്ണമായും സാദൃശ്യമില്ലാതെ നടക്കുന്ന സൃഷ്ടി കർമ്മത്തിൽ അവനവന്റെ ജനിതക കണികകളുടെ വ്യതിയാനം അനുസരിച്ച് ബുദ്ധിയും വ്യത്യാസപ്പെട്ടിരിക്കും. ഇത് മനസ്സിലാക്കാൻ ഹൈസ്കൂൾ തലത്തിലെ വിദ്യാഭ്യാസം തന്നെ ധാരാളമാണ്. ആ ബുദ്ധിയിലെ വ്യതിയാനം അവബോധത്തെ ബുദ്ധിയിൽ പ്രയോഗിക്കാനുള്ള കഴിവിനെ ബാധിക്കും. അപ്പോൾ കൂടുതൽ സൂത്രക്കാരും കുറഞ്ഞ സൂത്രക്കാരും പ്രകൃതിയിൽ ഉണ്ടാകുന്നു. അതിൽ കൂടുതൽ സൂത്രക്കാരൻ കുറഞ്ഞ സൂത്രക്കാരന്റെ അവകാശങ്ങൾ പിടിച്ചുപറിക്കും. ദുരാഗ്രഹമെന്ന അറിവില്ലാ



യ്മയാണിതിനു കാരണം. അപ്പോൾ പാർപ്പിടവും വസ്ത്രവും ആഹാരവും നിഷേധിക്കപ്പെട്ട ഒരു ഭൂരിപക്ഷം ഭൂമിയിൽ ഉടലെടുക്കും. അവരിൽ കുറെപ്പേർ മടിയന്മാരും മറ്റുള്ളവർ അദ്ധ്വാനികളും അടിമകളുമായി മാറും. ആവശ്യ സാധനങ്ങൾ പൂഴ്ത്തിവച്ചും അമിത വില ഈടാക്കിയും അധമബോധം കൂടുതൽ കൃത്രിമമായി ദാരിദ്ര്യം സൃഷ്ടിക്കും. ആ ദാരിദ്ര്യത്തിനു നേരെ അനുകമ്പ,ദയ,കാരുണ്യം എന്ന 'ദൈവീകമായ' സൂത്രം പ്രയോഗിക്കും. എന്നിട്ട് സ്വയം മണ്ടനാകുകയും സ്വന്തം ആത്മാവിനെ ജഢീയ ബന്ധങ്ങളുടെ വേദനയാകുന്ന കാരാഗൃഹത്തിൽ അടച്ചിടുകയും ചെയ്യും. പിന്നീട് ജന്മ-ജന്മാന്തരങ്ങളായി ധനികൻ-ദരിദ്രനായും ദരിദ്രൻ ധനികനായും വേഷമിടും. ഈ അർത്ഥത്തിലാണ് ജീവിതം ഒരു നാടകമെന്ന് ചില മതഗ്രന്ഥങ്ങളിൽ പരാമർശം വന്നത്. പക്ഷെ ഈ നാടകത്തിന്റെ സംവിധാനം ഈശ്വരന്റെ തലയിൽ കെട്ടിവയ്ക്കുന്ന അഹത്തിന്റെ ബുദ്ധിക്ക് എന്തു പേരാണോ യോജിക്കുക? മാത്രമല്ല ഇത്തരം നാടകത്തിലൂടെ മനുഷ്യനെ പരീക്ഷിച്ച് ദൈവസ്നേഹിയും ദൈവത്തെ ആരാധിക്കുന്നവനും ആക്കുകയാണ് ഈശ്വരന്റെ ലക്ഷ്യം എന്നുപോലും വാദിച്ച് പുസ്തകങ്ങൾ അടിച്ചിറക്കുകയും അതിനെക്കുറിച്ച് ബോധവത്ക്കരിക്കാൻ സംഘടനകൾ സ്ഥാപിക്കുകയും ചെയ്യുന്നു. മനുഷ്യ ദൈവങ്ങൾ അല്ലാതെ യഥാർത്ഥ ബോധം (ദൈവം) ഈ ഗതികേടിന് കൂട്ടുനിൽക്കില്ല.

ഇത് മാറിയും മറിഞ്ഞും വരും. കാരണം **ജീവിതം തിരഞ്ഞെടുക്കാൻ നമുക്കാവില്ല. അത് സംഭവിക്കുന്നതാണ്. ധനികനും ധരിദ്രനും വേദനിക്കുന്നവനും ഒരുവന്റെ ആത്മാവ് തിരഞ്ഞെടുക്കുന്ന ഓരോ സാദ്ധ്യതകളാണ്**. അത് മനസ്സിലാക്കാൻ ഒരു സമൂഹത്തിനു കഴിഞ്ഞാൽ ധനികൻ ദരിദ്രന്റെ പിച്ച ചട്ടിയിലേക്ക് ദശാംശം വലിച്ചെറിയുന്ന നികൃഷ്ടമായ 'നന്മ' അവസാനിപ്പിക്കും. ഇത് പ്രേരിപ്പിക്കാൻ ജനിക്കുന്ന അധമ മനുഷ്യദൈവങ്ങളായ അവതാരങ്ങളും മഹാത്മാക്കളും സമൂഹത്തിൽ അവതരിക്കില്ല. തിരിച്ചറിവിനെ തിരിച്ചറിയുന്ന വെറും മനുഷ്യർ മാത്രം ഭൂമിയിൽ ബാക്കിയാകും. അവരുടെ ബോധം ഉയർന്നതും അതുമൂലം പങ്കുവയ്ക്കൽ എന്നതിൽ അടിസ്ഥാനമാക്കിയുള്ള നൂതന സാമ്പത്തിക ശാസ്ത്രം സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ഭൂമിയിലെ വിഭവങ്ങളിൽ നിന്ന് ഒരുവന്റെ ശരീരത്തിന്റെ നിലനിൽപ്പിനാവശ്യമായത് മാത്രം സ്വീകരിച്ച് ബാക്കിയുള്ളവ അത് കുറഞ്ഞവനും ഇല്ലാത്തവനും പങ്ക് വയ്ക്കും.

മനസ്സ് തിരിച്ച് ആവശ്യപ്പെടാത്ത പണത്തിന്റെ ക്രയവിക്രയമാണ് പങ്കുവയ്ക്കൽ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ഇത് നിഷ്കാമമായ ഒരു പ്രവൃത്തിയാണ്. താൻ സ്വയം പര്യാപ്തമാണെന്നും തന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും പരിമിതങ്ങളായതിനാൽ ബാക്കി പണം പങ്കുവയ്ക്കാൻ കഴിയുമെന്നും ബോധപൂർവ്വം മനസ്സിലേക്ക് കൊടുക്കുന്ന ഒരു പ്രോഗ്രാമാണിത്. പങ്കുവയ്ക്കൽ എന്ന നൽകലിന്റെ അടിസ്ഥാനം ഇതാണ്. ഇത് ഒരു സാമ്പത്തിക ശാസ്ത്രമായി വളരണമെങ്കിൽ പങ്കുപറ്റുന്നവനും ബോധത്തിൽ ഉയർന്നിരിക്കണം. അല്ലെങ്കിൽ ചൂഷണം എന്ന തിന്മയിലേക്ക് ഇത് വളരും. സ്വന്തം അമ്മയോട് കണക്കു ചോദിക്കുന്ന മക്കളും പത്തുമാസം ചുമന്ന് പ്രസവിച്ചതിന് അവകാശം ആഗ്രഹിക്കുന്ന അമ്മയും നിലനിൽക്കുന്ന ഈ സമൂഹത്തിൽ പങ്കുവയ്ക്കൽ വളരെ ദുഷ്കരമായി മാറുന്നു. **വലതു കൈ കൊണ്ട് കൊടുക്കുമ്പോൾ ഇടതു കൈ അറിയാത്ത അവസ്ഥയാണിത്**. അതായത് മനസ്സ് നിശ്ചലമാകുന്നു എന്ന് തോന്നിപ്പിക്കുന്ന അവസ്ഥ. ഈ നൽകലിൽ അനുകമ്പയോ നന്മബോധമോ ഉദ്ദേശമോ ഇല്ല. പങ്കുപറ്റുന്നയാൾ നിസ്സഹായനും ആവശ്യക്കാരനും ആണെന്ന ഒരേ ഒരു തിരിച്ചറിവാണ് ഇതിന്റെ പിന്നിലെ പ്രേരണ. തുളുമ്പുന്ന പാത്രത്തിൽ നിന്ന് നിലത്തു വീഴുന്ന എണ്ണ ഒരാവശ്യക്കാരൻ ശേഖരിച്ചാൽ പാത്രത്തിന്റെ ഉടമയുടെ മനസ്സിലെ നിർവ്വികാരതയാണ് ഇതിലെ തത്വം. എന്നാൽ നിറയുന്ന പാത്രം മാറ്റി വലിയ പാത്രം വയ്ക്കുന്ന സ്വാർത്ഥത നിലനിൽക്കുന്നതിനാൽ ആരുടെ പാത്രവും നിറയുന്നു എന്ന തോന്നൽ ഉണ്ടാകുകയില്ല. നിഷ്കാമമണ് ഈ ഇടപാടിന്റെ അടിസ്ഥാനം. സ്വന്തം അദ്ധ്വാഫലമായിരിക്കണം പങ്ക് വയ്ക്കേണ്ടത്. **അദ്ധ്വാനമെന്നത് തന്റെയോ മറ്റുള്ളവന്റെയോ ജീവിതത്തെ താങ്ങി നിർത്തുന്നതും വളർത്തുന്നതുമായ ഒരു വസ്തുവിന്റെ ഉത്പാദനത്തേയോ അതുമായി ബന്ധപ്പെട്ട കായികമായ ജോലിയോ ആയിരിക്കണം**. കൈകാര്യം ചെയ്ത് ഉണ്ടാക്കിയ പണമോ സംഭാവനകളോ പങ്കുവയ്ക്കുന്നതിൽ അർത്ഥമില്ല. ആത്മാവിനെ തിരിച്ചറിയുന്നവനും അനുഭവിക്കുന്നവനും മാത്രമെ പങ്കുവയ്ക്കാൻ കഴിയുകയുള്ളു. എല്ലാ സുഖങ്ങളും തനിക്കും തന്റെ ഭാര്യയക്കും കുട്ടികൾക്കും പോരാഞ്ഞ് വരും തലമുറയ്ക്ക് വേണ്ടി പോലും ശേഖരിക്കുന്ന മനസ്സുകളുള്ള ഒരു സമൂഹത്തിൽ തത്വശാസ്ത്രങ്ങളും അറിവുകളും മാത്രമെ പങ്കു വയ്ക്കപ്പെടുകയുള്ളു.

സ്വാർത്ഥത കൊണ്ടും അലസത കൊണ്ടും ദരിദ്രനായവൻ പങ്കു



പറ്റാൻ അർഹനല്ല. കാരണം ഈ രണ്ടു തിന്മയും വർദ്ധിക്കുവാൻ ഇത് ഇടയാക്കും. അതായത് ഒരുവന്റെ സ്വാർത്ഥതക്കുറവ് മറ്റൊരുവനിൽ സ്വാർത്ഥത വർദ്ധനവായി പ്രതിഫലിക്കും. ഊർജ്ജ പിണ്ഢ സംരക്ഷണ നിയമത്തിനു സമാനമായ പ്രതിഭാസമാണിത്. നിലനിൽക്കുന്ന സ്വാർത്ഥതയെ നശിപ്പിക്കുവാനോ പുതിയ ഒരു സ്വാർത്ഥതയെ സൃഷ്ടിക്കുവാനോ കഴിയുകയില്ല. ഇത് ഊർജ്ജത്തെപ്പോലെ തന്നെ പ്രപഞ്ചകാരണമാണ്. ഇവിടെയാണ് ബോധശാസ്ത്രം ജാഗ്രത് എന്ന ഉണർവ്വ് അടിസ്ഥാന ആഗ്രഹത്തിന്റെ സ്വാർത്ഥതയിൽ നിന്നാണെന്ന് തെളിയിക്കുന്നത്. സ്വാർത്ഥത (ആഗ്രഹങ്ങൾ) കുറഞ്ഞ മനസ്സിൽ നിന്ന് സ്വാർത്ഥത കൂടിയ മനസ്സിലേക്ക് ആഗ്രഹങ്ങൾ ഒഴുകുവാൻ ഇടയാകുന്നു. എന്നാൽ സ്വാർത്ഥത കുറഞ്ഞ മനസ്സുകൾ പങ്കുവയ്ക്കുമ്പോൾ സ്വാർത്ഥത കൂടിയ മനസ്സുകൾക്ക് അത് തിരിച്ചറിയാൻ കഴിഞ്ഞാൽ, സ്വാർത്ഥത കൂടിയ വ്യക്തി തന്റെ സ്വാർത്ഥത കുറയ്ക്കാൻ ശ്രമിക്കുകയും അതുമൂലം പങ്കുപറ്റൽ കുറയുകയും സ്വയംപര്യാപ്തതയിലേക്ക് അയാളുടെ മനസ്സ് നീങ്ങുകയും ചെയ്യുന്നു. അങ്ങിനെ തുടർന്നാൽ സ്വാർത്ഥത ഒരു സന്തുലിതാവസ്ഥയിലേക്ക് നീങ്ങുന്നു. അതായത് നിലനിൽപ്പിനാവശ്യമായ സ്വാർത്ഥത മാത്രമുള്ള ഒരു മനുഷ്യസമൂഹം രൂപം കൊള്ളുന്നു. ഇതാണ് ശരിയായ മനുഷ്യസമൂഹം. ബോധത്തിൽ വളരെ ഉയർന്ന ഒരു സമൂഹമായിരിക്കും അത്. ഇതിലെ അംഗങ്ങളെ human being എന്നു വിളിക്കാൻ കഴിയുന്നു. Being ആകുന്ന മനുഷ്യൻ മിനിമം സ്വാർത്ഥതയിൽ നിന്ന് അനൈച്ഛികത്വത്തിലേക്ക് (spontaneity) ജീവിക്കാൻ പഠിക്കുന്നു. സമൂഹത്തിന്റെ ലക്ഷ്യം തന്നെ മാറ്റപ്പെടുന്നു. ആത്മാവിനെ സ്വതന്ത്രമാക്കുന്നതിലേക്ക് മാത്രമായിരിക്കും അത്തരം സമൂഹം വളരുന്നത്. അത്തരം സമൂഹത്തിൽ ദാരിദ്ര്യവും മാനസിക ദുഃഖങ്ങളും ദുരന്തങ്ങളും നിലനിൽക്കില്ല. ശാരീരിക വേദന ഉണ്ടായേക്കാം. രോഗങ്ങൾ കുറവായിരിക്കുന്ന അത്തരം സമൂഹത്തിൽ പാരമ്പര്യ രോഗങ്ങളിലൂടെയുള്ള വേദനകൾക്കേ സ്ഥാനമുണ്ടാകുകയുള്ളു. മരണംവരെ ജീവിതത്തെ നയിക്കുവാൻ വേണ്ട ജീവിത സൗകര്യങ്ങളേ അത്തരം ഒരു ജനതയിൽ ആഗ്രഹമായി നിലനിൽക്കുകയുള്ളു. അതിനാൽ അനാഥകളും മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളും നിലനിൽക്കില്ല. കാരണം ആപേക്ഷിക സ്നേഹമായ നന്മയും-തിന്മയും ഇത്തരം സമൂഹത്തിൽ നിലനിൽക്കില്ല. ഒരുവൻ മറ്റുള്ളവനു വേണ്ടി ജീവിക്കുക എന്ന സ്വാർത്ഥതയുടെ തട്ടിപ്പ് ഇവിടെ വിലപ്പോകി

ല്ല. അതിനാൽ മഹാത്മാക്കളും വിശുദ്ധരും അപ്രത്യക്ഷമാകും. ആത്മാവിനെ തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ഇവർ സ്വർണ്ണാഭരണങ്ങളും പട്ടുവസ്ത്രങ്ങളും വിലപിടിപ്പുള്ള വാഹനങ്ങളും ഉപയോഗിക്കില്ല. കൊട്ടാരങ്ങളും മണിമാളികകളും ഇവർ പണിയില്ല. മേൽപ്പറഞ്ഞവ എല്ലാം തന്നെ ലജ്ജാകരങ്ങളായ കാര്യങ്ങളായി തരം താഴ്ത്തപ്പെടും. സമൂഹത്തിലെ ഒരു വ്യക്തിയെങ്കിലും പട്ടിണി കിടക്കുകയോ ദുരിതം അനുഭവിക്കുകയോ ചെയ്യുന്നത് സമൂഹം തന്റെ അഭിമാനക്ഷതമായി കണക്കാക്കും. കാരണം **ഉയർന്ന ബോധമാണ് അവരുടെ അഭിമാനം,അല്ലാതെ ഉയർന്ന ബുദ്ധിയോ സൂത്രമോ അല്ല എന്ന് മനസ്സിലാക്കുക**. കള്ളപ്പണവും കരിഞ്ചന്തയും പലിശയും ലാഭവിഹിതങ്ങളും ഷെയർ മാർക്കറ്റുകളും നിലനിൽക്കില്ല. കറൻസിയുടെ യഥാർത്ഥ ഉപയോഗം ആ ജനത അറിയും. കള്ളന്മാരും കച്ചവടക്കാരും യുദ്ധക്കൊതിയന്മാരും മയക്കുമരുന്നു കച്ചവടക്കാരും മരുന്നിലും ആഹാരവസ്തുക്കളിലും വിഷം കലർത്തുന്നവരും വേദനയെ ചൂഷണം ചെയ്യുന്ന ആതുരാലയങ്ങളും നിലനിൽക്കില്ല. മനസ്സിന്റെ STR ഏറ്റവും മിനിമത്തിൽ നിൽക്കുന്ന ഉയർന്ന ബോധമുള്ള അത്തരം മനുഷ്യരുടെ മനസ്സ് മാനസിക തലത്തിലുള്ള എല്ലാ രോഗങ്ങളെയും തടയുകയും 24 മണിക്കൂറും പരമാനന്ദത്തിൽ നിലനിൽക്കുകയും ചെയ്യുന്നതിനാൽ അവർ സിനിമയും ടി.വി.യും കാണാത്തവരും മനസ്സിനെ ഇക്കിളിപ്പെടുത്തുകയും ജീവിതത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന സാഹിത്യ രചനകളെ തള്ളിക്കളയുന്നവരുമായിരിക്കും.

Beneath the gruffness there is a kindness,that kindness is the sweetest thing in the world എന്ന് എഴുതിയ സാഹിത്യകാരൻ തുറന്നു കാണിച്ച സ്വാർത്ഥതയുടെ സത്യം ഒളിഞ്ഞിരിക്കുന്ന എല്ലാ നല്ല സാഹിത്യ രചനകളും മനുഷ്യന്റെ അധമവികാരങ്ങളെ ചൂഷണം ചെയ്ത് പണമുണ്ടാക്കുന്നവയാണെന്ന് ആ ജനത തിരിച്ചറിയും. മാത്രവുമല്ല ആപേക്ഷിക അനുകമ്പയും ദയയും സ്നേഹവും നിലനിൽക്കാത്ത ഒരു ജനതയിൽ ഇത്തരം സൂത്രങ്ങൾ വിലപ്പോവുകയുമില്ല. ഈ കാരണം കൊണ്ടു തന്നെ പങ്കു പറ്റുന്നവൻ ഉയർന്ന ബോധാവസ്ഥയിൽ എത്തിയില്ലെങ്കിൽ പോലും പങ്കുവയ്ക്കുന്നവനെ ചൂഷണം ചെയ്യാൻ ബുദ്ധിമുട്ടാണ്. കാരണം അയാൾ സ്വാർത്ഥതയുടെ സൂത്രങ്ങൾ നന്നായി തിരിച്ചറിയുന്നു. പങ്കുവയ്ക്കുന്നതിലൂടെ പങ്കു പറ്റുന്നവന്റെ ബോധത്തെ ഉയർത്താനാണ് അയാളുടെ ശ്രമം. പക്ഷെ ഈ ശ്രമം മിക്കവാറും വിജയിക്കില്ല. തിരിച്ചു ലഭിക്കണമെന്ന ഇച്ഛയില്ലാതെ നൽകുന്ന സഹായം സ്വാർത്ഥതയിൽ നിൽക്കുന്ന മനുഷ്യൻ തെറ്റിദ്ധരിക്കുകയും അതിനെ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നു. കാരണം സ്വാർത്ഥതയിൽ നിൽക്കുന്ന സമൂഹത്തിൽ കാരണമില്ലാത്ത ക്രയവിക്രയങ്ങൾ നടക്കുമെന്നു വിശ്വസിക്കാൻ ആർക്കും കഴിയുകയില്ല. എന്നാൽ താൻ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം ഇച്ഛിക്കാത്തതിനാൽ മറ്റുള്ളവർ വിശ്വസിക്കുമോ അംഗീകരിക്കുമോ അല്ലെങ്കിൽ നന്ദിയുള്ളവരാകുമോ എന്നൊന്നും നിഷ്കാമകർമ്മികളെ സംബന്ധിച്ച് പ്രശ്നമേ ആകുന്നില്ല. ഓരോ മനുഷ്യനും ആത്മീയ ജീവിയാണ്. തന്റെ ശരീരം പോലെ തന്നെ മറ്റുള്ളവരുടെ ശരീരവും പരിശുദ്ധമായ ഒരാത്മാവിനെ വഹിക്കുന്ന ഓരോ ദേവാലയങ്ങളാണെന്നു നാം ഓരോരുത്തരും തിരിച്ചറിയും. അപ്പോൾ പരസ്പരം ബഹുമാനിക്കാതിരിക്കാൻ കഴിയില്ലല്ലോ? പിച്ച ചട്ടിയിലേക്ക് ദാനങ്ങൾ വലിച്ചെറിഞ്ഞ് ആനന്ദിക്കുന്ന പൈശാചിക മനുഷ്യരും പിച്ചച്ചട്ടിയിൽ കൈയിട്ടു വാരുന്ന ചെകുത്താന്മാരായ മനുഷ്യരും മറ്റുള്ളവരുടെ അദ്ധ്വാനഫലം ആത്മീയത പറഞ്ഞുകൊണ്ട് കൈക്കലാക്കുന്നവരും നിലനിൽക്കുകയില്ല. കാരണം അവർ ഇരുട്ടിന്റെ സന്തതികളാണ്. വെളിച്ചത്തിൽ ഇരുട്ട് ഇല്ലാതാകുന്നതുപോലെ വെറും ഒരു തോന്നലായി അവർ ബോധം ഉയർന്ന സമൂഹത്തിൽ മറഞ്ഞുപോകും.

ആത്മാവിന്റെ സ്വാതന്ത്ര്യം അഥവാ നിർവ്വാണ മനുഷ്യജീവിതത്തിന്റെ ഏറ്റവും വലിയ പരമാർത്ഥവും സത്യവുമാണ്. അതിനെ മറച്ചുപിടിക്കുന്നതും അതിലേക്ക് ആത്മാവിനെ നയിക്കുന്നതിൽ നിന്ന് തടയുന്നതും അടിസ്ഥാന ആഗ്രഹത്തിൽ നിലനിൽക്കുന്ന ലൈംഗിക ആസക്തിയും അതിന്റെ തന്നെ വൈകൃതങ്ങളും അമിതമായ ഏർപ്പെടലുകളുമായ അറിവില്ലായ്മകളും ആഗ്രഹങ്ങളും അല്ല എന്ന് തെളിയിക്കാൻ ലോകത്തിലെ ഒരു ശാസ്ത്രത്തിനും യുക്തിക്കും കഴിയില്ല. അന്ധവിശ്വാസങ്ങൾക്കും മൂഢവിശ്വാസങ്ങൾക്കും മാത്രമെ അത്തരം ഒരു സാദ്ധ്യതയുള്ളു. ബുദ്ധിയും തിരിച്ചറിവും ഉണ്ട് എന്ന് അഭിമാനിക്കുന്ന ഒരു സമൂഹത്തിനും അത്തരം അന്ധവിശ്വാസങ്ങൾ ഏറെ നാൾ വച്ചുപുലർത്താൻ കഴിയില്ല. അതിനാൽ ആത്മാവിനെ നിത്യതയിലേക്ക് നയിക്കാൻ ഭൗതികജീവിതം അതിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ വച്ച് ബലി കൊടുത്തേ പറ്റൂ. അതിൽ അനുരഞ്ജനം ഇല്ല. ആയിരക്കണക്കിന് വർഷങ്ങളായി ബുദ്ധി അനേകായിരം അനുരഞ്ജനങ്ങൾ ഭൂമിയിൽ അവതരിപ്പിച്ചു. അതിലെല്ലാം സ്വാർത്ഥനായ മനുഷ്യമനസ്സ് കുടു

ങ്ങുകയും ചെയ്തു. ഇന്ന് കാണുന്ന ആയിരക്കണക്കിന് ദുരാചാരങ്ങളും മന്ത്രങ്ങളും തന്ത്രങ്ങളും ഒക്കെ ഈ അനുരഞ്ജനങ്ങളായിരുന്നു. അതിനെ പിൻതാങ്ങി, അംഗീകരിച്ച്, ആയിരക്കണക്കിന് മനുഷ്യ ദൈവങ്ങളെ മനുഷ്യൻ ഭൂമിയിൽ അവതരിപ്പിച്ചു. മനുഷ്യജീവിതം ദാരിദ്ര്യത്തിൽ നിന്ന് ദാരിദ്ര്യത്തിലേക്ക് നീങ്ങി എന്നല്ലാതെ മറ്റൊരു നേട്ടം ചൂണ്ടിക്കാണിക്കാൻ ആർക്കു കഴിയും? ഒരു വൃക്ഷം അതിന്റെ ഫലം കൊണ്ട് തിരിച്ചറിയപ്പെടുന്നു. യഥാർത്ഥ ബ്രഹ്മചര്യവും അതിലൂടെ ലഭിക്കുന്ന ന്യൂട്രൽ ഊർജ്ജവും ഇല്ലാതെ ആത്മാവിനെ സ്വതന്ത്രമാക്കാമെന്നുള്ളത് വെറും വ്യാമോഹം മാത്രമാണ്. ജീവിത ലക്ഷ്യങ്ങളും ദുഃഖങ്ങളും ദുരിതങ്ങളും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ഷിഫ്റ്റ് ചെയ്യാനും സന്തോഷമെന്നത് ആഗ്രഹങ്ങളുടെ പൂർത്തീകരണമാണെന്നും സങ്കൽപ്പിച്ച് ജീവിതം ആർക്കും ജീവിച്ചു തീർക്കാം. കാരണം ഒരുവന്റെ ജീവിതം അവന്റെ മാത്രം വ്യക്തിപരമായ കാര്യമാണ്. അത് തെറ്റെന്നും ശരിയെന്നും വിധിക്കാൻ മറ്റാർക്കും അധികാരമില്ല. എന്നാൽ **അവബോധം എന്ന തിരിച്ചറിവ് എന്തിന് നൽകപ്പെട്ടു എന്ന് വിശദീകരിക്കാൻ കഴിയില്ല എന്നേയുള്ളു**. നാശത്തിന് വിധേയമല്ലാത്തതും സത്യവും എന്നെന്നും നിലനിൽക്കുന്ന ആത്മാവാണ് അവബോധം എന്നും അതു മാത്രമെ യഥാർത്ഥമായുള്ളുവെന്നും തിരിച്ചറിയുക. അതിനാൽ പ്രത്യുൽപ്പാദനം വലിയൊരു ഉത്തരവാദിത്തമായി കണക്കാക്കുക.

പ്രത്യുൽപ്പാദനം മൂലം ജനിക്കുന്ന മനുഷ്യ കുഞ്ഞിനെ യഥാർത്ഥ ബോധത്തിൽ എത്തിക്കാൻ പ്രാപ്തിയില്ലാത്ത മാതാപിതാക്കൾ പ്രത്യുൽപ്പാദനം നടത്തുന്നത് അവർ ജനിപ്പിക്കുന്ന കുഞ്ഞിനോട് ചെയ്യുന്ന വലിയ ദ്രോഹമാണ്. അതുകൊണ്ടാണ് കുഞ്ഞുങ്ങൾ അപകടമരണങ്ങളിൽ പെടുമ്പോൾ മാതാപിക്കൾക്ക് ആ ദുഃഖം താങ്ങാനാവാത്തത്. കാരണം അവരെ സൃഷ്ടിക്കുന്നതും വളർത്തുന്നതും സ്വാർത്ഥ താൽപ്പര്യങ്ങൾക്കായാണ്. ആ സ്വാർത്ഥതയാണ് അലമുറയിട്ടു കരയുന്നത് എന്ന് മനസ്സിലാക്കുക. എന്നാൽ കുഞ്ഞുങ്ങളെ യഥാർത്ഥ ബോധത്തിൽ വളർത്തുകയും ആത്മാവിനെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്യുന്ന മാതാ-പിതാക്കൾക്ക് ഇത്തരം ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വരില്ല. കാരണം ആത്മാവ് ആത്മാവിൽ തന്നെ സ്വയം പര്യാപ്തമാണ്. ഒരു **പ്രത്യേക പരിധിയിൽ കവിഞ്ഞ് ബോധം ഉയരാൻ സാദ്ധ്യതയുള്ള കുട്ടികളെ**



**അവരുടെ ആത്മാവ് തന്നെ സൂക്ഷിച്ചു കൊള്ളും**. കാരണം അവരിലെ ആത്മാവിനെ സ്വതന്ത്രമാക്കാൻ മാതാ-പിതാക്കളുടെ സഹകരണം ഉണ്ട്. വേദപഠന ക്ലാസിൽ അയച്ചതു കൊണ്ടോ വേദങ്ങൾ മനഃപാഠമാക്കിയതു കൊണ്ടോ പ്രാർത്ഥനകൾ ഉരുവിടാൻ പഠിപ്പിച്ചതു കൊണ്ടോ കുട്ടിയുടെ ബോധം ഉയരില്ല. സഹന ശക്തി എങ്ങിനെയാണ് മനുഷ്യ നന്മയ്ക്കും തന്റെ നന്മയ്ക്കും പൊസിറ്റീവായി ഉപയോഗിക്കേണ്ടതെന്നും യഥാർത്ഥ ബ്രഹ്മചര്യം എന്താണെന്നും ബോധശാസ്ത്രത്തിലൂടെ അവരെ ചെറുപ്പം മുതൽ പഠിപ്പിക്കണം. അല്ലാതെ തങ്ങളുടെ വളർത്തു സ്വത്തുക്കളായി അവരെ സ്നേഹിക്കുകയും തന്റെതാക്കാൻ ശ്രമിക്കുകയും ചെയ്യരുത്. അതിന്റെ ഫലം വാർദ്ധക്യത്തിലെ ഏകാന്തതയും വേദനകളും മാത്രമായിരിക്കും. ഇത് മനസ്സിലാക്കാൻ സമൂഹത്തെയും മുൻതലമുറയേയും ശ്രദ്ധിച്ചാൽ മതി. മറ്റുള്ളവരിൽ എന്തു കണ്ടാലും കേട്ടാലും സംഭവിച്ചാലും അതൊന്നും തനിക്ക് സംഭവിക്കുകയില്ല എന്നുള്ള മനുഷ്യന്റെ ദുശ്ശാഠ്യം നിലനിൽക്കുന്നിടത്തോളം കാലം മാതാ-പിതാക്കൾ അനാഥരാകും മനുഷ്യർ നിരാശരാകും അവശരാകും മാനസിക വിഭ്രാന്തിയിൽ ആകും. സംശയം വേണ്ട. എന്നാൽ ബോധം ഉയർന്ന മക്കൾ മാതാ-പിതാക്കളെ ഒറ്റപ്പെടുത്തുകയും ഉപേക്ഷിക്കുകയും ചെയ്യുകയില്ല. എന്നുമാത്രമല്ല തന്റെ മാതാ-പിതാക്കളുടെ ആത്മാവ് നിത്യതയിലേക്ക് ഉണരുന്നതിന് അവസരം നൽകുകയും അവരുടെ ശരീരത്തിനും മനസ്സിനും താങ്ങാനാവാത്ത ദുഃഖങ്ങൾ നൽകാതെ അവരെ സൂക്ഷിക്കുകയും ചെയ്യും. അവരുടെ മരണം ആഘോഷമായി മാറ്റും. കാരണം തന്റെ മാതാ-പിതാക്കൾ ശാരീരിക വേദന എന്ന തീരാദുഃഖത്തിൽ നിന്നും എന്നന്നേയ്ക്കുമായി രക്ഷപ്പെട്ടിരിക്കുന്നു എന്നവർ തിരിച്ചറിയും. എന്നാൽ ഇന്നു കാണുന്നതോ വളരെ ദയനീയമായ അവസ്ഥയും.

കുട്ടികൾ അകാല മരണമടഞ്ഞാൽ മാതാ-പിതാക്കൾ ഒരിക്കലും തിരിച്ചു പിടിക്കാനാവാത്ത മാനസിക വ്യഥയിൽ ജീവിതത്തെ വലിച്ചിഴയ്ക്കുന്നു. എന്നാൽ കുട്ടികളെ വളർത്തി വലുതാക്കി തങ്ങളുടെ ജീവിത സമ്പാദ്യവും അദ്ധ്വാനം മുഴുവനും നൽകിയാലോ വേലക്കാരേക്കാൾ കഷ്ടമായി മക്കൾ അവരോടു പെരുമാറുകയും പീഢിപ്പിക്കുകയും, കഴിയുമെങ്കിൽ ബാക്കി സ്വത്തുക്കൾ കൂടിയും കൈക്കലാക്കാൻ അവരുടെ മരണം പ്രാർത്ഥനയോടെ കാത്തിരിക്കുകയും ചെയ്യുന്നു. മാതാ-പിതാക്കൾ വളർന്നു വരുന്ന മക്കളുടെ മുമ്പിൽ സ്വാർത്ഥതയിൽ ജീവിക്കു

കയും മക്കൾ നിസ്വാർത്ഥരാകുകയും ചെയ്യണമെന്ന് വിചാരിക്കുന്നത് എന്ത് തത്വശാസ്ത്രവും യുക്തിയുമാണെന്ന് നമുക്ക് കണ്ടുപിടിക്കാൻ കഴിയുന്നില്ല. തങ്ങളുടെ മക്കൾക്ക് നൽകേണ്ട ഏറ്റവും വലിയ സമ്പാദ്യം അവരെ ഉയർന്ന ബോധത്തിൽ എത്തിക്കുക എന്നതാണ്. ബാക്കിയുള്ളവയെല്ലാം തനിയെ നടക്കും. ജീവിതം പരമാനന്ദത്തിൽ ലയിക്കുകയും ചെയ്യും. ബുദ്ധിയുള്ളവർ മനസ്സിലാക്കുക! അല്ലാത്തവർ ജീവിതത്തെ ഭാരമേറിയ ചുമടായി മരണംവരെ വലിച്ചിഴയ്ക്കട്ടെ!

ഇവിടെ ബുദ്ധി രസകരമായ ചില ചോദ്യങ്ങൾ ചോദിക്കും. ഈ ആത്മാവ്(തിരിച്ചറിവ്) എന്നത് ഒരു മനുഷ്യന്റെ മരണത്തോടെ നശിച്ചു പോകില്ലെ? അത് വീണ്ടും ശരീരമെടുക്കുമോ? മനുഷ്യരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആത്മാവിന്റെ എണ്ണം എങ്ങിനെ വർധിക്കുന്നു? പുതിയ-പുതിയ ആത്മാവുകൾ ഉണ്ടാകുമ്പോൾ അവരിൽ കർമ്മ ഫല സിദ്ധാന്തങ്ങൾ എങ്ങിനെ ശരിയാകും? ഒരു സ്ത്രീയുടെയും പുരുഷന്റേയും ആത്മാവിൽ നിന്നാണോ 600 കോടി മനുഷ്യ ആത്മാവും രൂപം പ്രാപിച്ചത് ? സൂപ്പർ കമ്പ്യൂട്ടറിന്റെ യുഗത്തിൽ നിൽക്കുന്ന മനുഷ്യന് ഇതിനെ വിശദീകരിക്കുവാൻ കഴിയില്ല.

ബോധം എന്താണെന്ന് ഉൾക്കൊള്ളാൻ തക്കവണ്ണം നമ്മുടെ വളരെ ചെറിയ ബുദ്ധി വളർന്നിട്ടില്ല. എങ്കിലും ചില നേരിട്ടല്ലാത്ത മാർഗ്ഗങ്ങളിലൂടെ ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കാം. ബോധശാസ്ത്രത്തിന്റെ യുക്തി എത്രമാത്രം ഇതിനെ ശരിയെന്ന് ബോദ്ധ്യപ്പെടുത്തുമെന്ന് നോക്കാം.

ബോധശാസ്ത്ര സത്യങ്ങൾ പ്രകാരം അവബോധം എന്ന തിരിച്ചറിവ് മനുഷ്യബുദ്ധിയുടെ ഒരു ഘടകമല്ല അങ്ങിനെ ആയിരുന്നുവെങ്കിൽ നാം ജനിച്ച പ്രകൃതിയിലെ മറ്റ് അംഗങ്ങളായ ജീവികൾക്കും ഈ അവബോധം ഉണ്ടാകുമായിരുന്നു. അങ്ങിനെ ഒരു അവസ്ഥ ഉണ്ടാകുമായിരുന്നുവെങ്കിൽ തിന്മയിൽ സൃഷ്ടിക്കപ്പെട്ട ഈ ഭൂമിയിൽ ഒരേയൊരു ജീവഗണം മാത്രമെ നിലനിൽക്കുമായിരുന്നുള്ളു. മറ്റുള്ളവയെല്ലാം നശിപ്പിക്കപ്പെടുമായിരുന്നു. കാരണം അവബോധം ഉള്ള ബുദ്ധിയുടെ ഏറ്റവും വലിയ പ്രത്യേകത പരസ്പര ശത്രുതയാണ്. അതാണ് യുദ്ധങ്ങൾക്കും വേർവ്യത്യാസങ്ങൾക്കും ദാരിദ്ര്യത്തിനും കാരണം. അല്ലാതെ ഭക്ഷ്യവസ്തുക്കളുടെ കുറവോ അതിജീവനത്തിന്റെ പ്രശ്നമോ അല്ല. മറ്റു ജീവജാലങ്ങളിൽ നിന്ന് മനുഷ്യന് കാര്യമായ ഭീഷണി ഇല്ല. ഉണ്ടെങ്കിൽ തന്നെ അതിനെ നിഷ്പ്രയാസം അവൻ നേരിടുന്നു. എന്നാൽ മറ്റു ജീവവർഗ്ഗങ്ങളെ നോക്കിയാൽ ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ ആഹാരത്തിനു വേണ്ടി വേട്ടയാടുമെന്നല്ലാതെ സ്വന്തം വർഗ്ഗത്തിലെ ഇണയെ പീഢിപ്പിച്ചു കൊല്ലുകയോ ഉച്ചനീചത്വങ്ങൾ സൃഷ്ടിക്കുകയോ പരസ്പരം യുദ്ധം ചെയ്ത് നശിക്കുകയോ ചെയ്യുന്നില്ല. ഒരു ജീവിയുടെ വർഗ്ഗവും ഇത്തരത്തിൽ ഉന്മൂലനാശത്തിന് വിധേയമായി എന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. അതായത് അവബോധം ബുദ്ധിയിൽ സ്വാർത്ഥ താൽപ്പര്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചാൽ അവബോധമുള്ള ഏതൊരു ജീവിയുടെയും ഗതി ഇതു തന്നെയായിരിക്കും. ഇതിൽ നിന്ന് മനുഷ്യൻ ഒഴിച്ച് മറ്റു ജീവജാലങ്ങൾക്ക് ആത്മാവില്ല എന്ന് നിസ്സംശയം തെളിയിക്കാം.



എല്ലാ അർത്ഥത്തിലും ഒരുപോലെയുള്ള രണ്ടു ജീവ വസ്തുക്കൾ പ്രകൃതിയിൽ കാണപ്പെടുന്നില്ല. സൂക്ഷ്മ തലങ്ങളിൽ രണ്ടു ജീവികൾ തമ്മിൽ വ്യത്യാസങ്ങളുണ്ടാകും. ജനിതക ശാസ്ത്ര തെളിവുകൾ അതാണ് സൂചിപ്പിക്കുന്നത്. എല്ലാ ജീവജാലങ്ങളുടെയും ജിനിതക ശ്രേണി വ്യത്യസ്തമായിരിക്കും. 600-കോടി മനുഷ്യരിൽ എല്ലാ അർത്ഥത്തിലും തുല്യരായ രണ്ട് മനുഷ്യരെ കണ്ടെത്താൻ കഴിയില്ല. പ്രകൃതി അത്തരം ഒരു സാധ്യത അനുവദിക്കുന്നില്ല.രണ്ടു മനുഷ്യർ ചേർന്നു മൂന്നാമതൊരു മനുഷ്യന് ജന്മം നൽകുമ്പോൾ അവരുടെ രണ്ടുപേരുടെയും ബുദ്ധിയിൽ നിന്നും വ്യത്യസ്തമായ ബുദ്ധിയോടുകൂടിയ ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെടുകയാണ്. മനുഷ്യബുദ്ധി വളരാനും വികസിക്കുവാനും ബോധത്തെ ഉപയോഗപ്പെടുത്തണം. മറ്റുജീവികളുടെ ബുദ്ധിയോട് ബോധം ലിങ്ക് ചെയ്യാത്തതിനാൽ അവ ജനിച്ചു വളർന്ന് പ്രത്യുൽപ്പാദനം നടത്തി നശിച്ചു പോകുന്നു. വീണ്ടും ആവർത്തിക്കുന്നു. എന്നാൽ **മനുഷ്യരിൽ ബോധം** ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നതു കൊണ്ടാണ് ബോധം ഒരു വ്യക്തിബോധമായി അഥവാ ആത്മാവായി മാറുന്നത്. ബോധം ആത്മാവായി മാറിയാൽ താൻ ഒരു വ്യക്തിയാണെന്ന് ആത്മാവ് തെറ്റിദ്ധരിക്കും. അതിനാൽ ആത്മാവ് ജീർണ്ണിക്കുന്ന ജീവൻ കളഞ്ഞ് പുതിയ ജീവൻ എടുത്തു കൊണ്ടേയിരിക്കും.

ഒരുവന്റെ ആത്മാവ് തുടർച്ചയായി ജന്മങ്ങൾ എടുക്കുന്നതും ജീവിതം ഒരു തുടർച്ചയായി ഭൂമിയിലോ അതുമല്ലെങ്കിൽ പ്രപഞ്ചത്തിൽ മറ്റെവിടെയെങ്കിലും നിലനിൽക്കുന്നതും ലൈംഗിക സുഖം എന്ന പര

മാനന്ദത്തിനും മീതെയുള്ള ഒരു സുഖം മാംസത്തിൽ ആസ്വദിക്കുന്നതിനുവേണ്ടിയാണ് അതുമൂലമുള്ള ദുഃഖം വേദന കഷ്ടതകൾ ഇവ അനുഭവിക്കുന്നതും ആത്മാവു തന്നെയാണ്. അതിൽ നിന്നെല്ലാം എന്നന്നേയ്ക്കുമായ മോചനം തേടി തന്റെ യഥാർത്ഥ ഉത്ഭവസ്ഥാനമായ മഹാബോധത്തിൽ ലയിക്കുവാനും ആഗ്രഹിക്കുന്നത് ആത്മാവ് തന്നെയാണ്. എന്നാൽ ഒരു ആഗ്രഹത്തെ മറ്റൊരു ആഗ്രഹം കൊണ്ട് പരിഹരിക്കാൻ ആവില്ല എന്നതു കൊണ്ട് എല്ലാ ജന്മങ്ങളിലും ആത്മാവ് പരാജയപ്പെടുന്നു. അതായത് ആത്മാവിന് താൻ ജീവനല്ല എന്ന് മനസ്സിലാക്കാൻ ഒരു കാരണവശാലും കഴിയുന്നില്ല.

അവബോധത്തിലൂടെ ബുദ്ധിയെ എല്ലാ ജന്മങ്ങളിലും ആത്മാവ് തന്റെ സ്വാതന്ത്ര്യത്തിനായി പ്രേരിപ്പിക്കുന്നുണ്ട്. എങ്കിലും പാരമ്പര്യ ഘടകമെന്ന ജീനുകൾ യാഥാർത്ഥ്യങ്ങളായ രാസവസ്തുക്കളും ശരീരത്തിലെ ഹോർമോണുകളും പഞ്ചേന്ദ്രിയങ്ങളുടെ സൂക്ഷ്മനിശ്ചിത ജ്ഞാനവും ലൈംഗിക ആസക്തിക്ക് അനുകൂലമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ ബുദ്ധിക്ക് തന്റെ അറിവില്ലായ്മയെ കണ്ടുപിടിക്കാൻ കഴിയാതെ പോകുന്നു. ബുദ്ധി രാക്ഷസന്മാർ എന്നറിയപ്പെടുന്ന മഹാന്മാരായ എല്ലാ ശാസ്ത്രജ്ഞന്മാരും ജീവിതത്തിൽ നിരാശരും കഷ്ടതകളിലൂടെയും മാനസികമായ പിരിമുറുക്കങ്ങളിലൂടെയും അസ്വസ്ഥരായിരുന്നതും ഇതു കൊണ്ടാണ്. ദുഃഖം കഷ്ടതകൾ രോഗങ്ങൾ ഇവ പുറത്തുനിന്നും മറ്റുള്ളവരിൽ നിന്നും വരുന്നുവെന്ന് ബുദ്ധി സദാസമയവും മനസ്സിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്നു. മാത്രവുമല്ല ജീവൻ പ്രകൃതിയിൽ നിന്നാണെന്നും നാമെല്ലാം തെറ്റായി ധരിക്കുകയും ചെയ്യുന്നു. ബുദ്ധിയുടെ യുക്തിയിൽ അത് ശരിയാണ് താനും.

അടിസ്ഥാന ആഗ്രഹമെന്ന ലൈംഗിക സുഖം നിലനിർത്തുക എന്നതാണ് അധമബോധത്തിന്റെ ലക്ഷ്യമെങ്കിൽ മനുഷ്യൻ ഭൂമിയിൽ പരമാവതി പെരുകണമെന്നത് സാമാന്യ തത്വമാണ്. അതാണ് നാം ഇന്ന് ഭൂമിയിൽ കാണുന്നത്. മനുഷ്യൻ ജീവപരിണാമത്തിന്റെ ഒരു കണ്ണിയാണെന്ന് വിശ്വസിക്കുവാൻ തെളിവുകൾ പര്യാപ്തമല്ല. ഒരു ജോഡി എതിർലിംഗമുള്ള മനുഷ്യരിൽ നിന്നാണ് 600-കോടി ജനങ്ങളും സൃഷ്ടിക്കപ്പെട്ടതെന്ന് വിശ്വസിക്കാനും തെളിവുകളില്ല. അതായത് മനുഷ്യജന്മം ഒരു കൂട്ടം ജീവികളുടെ ബുദ്ധി *പൊടുന്നനെ* അവബോധവുമായി ബന്ധപ്പെട്ടതാണോ അല്ലെങ്കിൽ ബുദ്ധിയുടെ പരിണാമം മൂലം മനുഷ്യർ എന്ന മൃഗങ്ങളുടെ ബുദ്ധി കുറേശ്ശേ അവബോധവുമായി ബന്ധ



പ്പെടാൻ തുടങ്ങിയതാണോ എന്നൊന്നും തെളിയിക്കാൻ മാർഗ്ഗമില്ല. അതിനാൽ ബോധശാസ്ത്രം മേൽപ്പറഞ്ഞ എല്ലാ സാദ്ധ്യതകളും തള്ളിക്കളയുന്നു. കൂടുതൽ സത്യത്തോട് അടുത്തു നിൽക്കുന്ന ഒരു മാർഗ്ഗം സ്വീകരിക്കുന്നു.

ഒരുവൻ താൻ ജീവിച്ചിരിക്കുന്നുവെന്നും തനിക്ക് തിരിച്ചറിവുണ്ട് എന്നും താൻ യഥാർത്ഥത്തിൽ ശാരീരിക മാനസിക വേദനകൾ അനുഭവിക്കുന്നുണ്ട് എന്നും അറിയുന്നു. ഈ അറിവ് അവന് ലഭിക്കുന്നത് അവബോധം എന്ന തിരിച്ചറിവ് ഉപയോഗിച്ച് ശരീരത്തിൽ നിന്നും മനസ്സിൽ നിന്നും മാറി നിന്ന് ഒരു സാക്ഷിയായി, ഒരു കാഴ്ചക്കാരനായി തന്റെ തന്നെ ശരീരത്തെയും മനസ്സിനെയും കാണുവാൻ കഴിയുന്നതു കൊണ്ടാണ്. അതിനാൽ **ആ സാക്ഷി ശരീരമല്ലാത്ത ഒന്നായിരിക്കണം.** ശരീരവും മനസ്സും അതിന്റെ തന്നെ സംപ്രേക്ഷണവും ആയിരിക്കണം. ഈ സാക്ഷി മഹാബോധം തന്നെയാണ്. സാക്ഷി മഹാബോധമാണെങ്കിൽ അതിന് ആത്മാവാകാൻ അഥവാ വ്യക്തിബോധമാകാൻ സാധ്യമല്ല. എന്നാൽ ഒരു മനുഷ്യബുദ്ധി രൂപപ്പെടുമ്പോൾ അതിലെ അടിസ്ഥാന ആഗ്രഹം തന്റെ ആഗ്രഹമാണെന്ന് മഹാബോധം ഭ്രമിക്കുകാണ്. അങ്ങിനെ ഭ്രമിക്കുന്ന മഹാബോധം ആത്മാവായി ചുരുങ്ങിപോകുന്നു. അതായത് ഭൗതികമായി പറഞ്ഞാൽ ബുദ്ധി മഹാബോധത്തിന്റെ ഒരു **ഭാഗത്തെ** വളച്ചു പിടിക്കുന്നു. ഈ വളച്ചുപിടിക്കപ്പെട്ട **(trapped) മഹാബോധഭാഗമാണ്** ആത്മാവ് എന്ന് പറയപ്പെടുന്നത്. ഇത് തുടർച്ചയായി പല ശരീരങ്ങളിൽ ആഗ്രഹപൂർത്തീകരണത്തിനായി ജീവിതം എടുക്കേണ്ടതായി വരുന്നു. ഈ fd-യെ നീക്കം ചെയ്യാതെ ഈ ആത്മാവ് ഒരുകാരണവശാലും സ്വതന്ത്രമാകില്ല. ഓർമ്മയും ബുദ്ധിയും തുടർച്ചയല്ലാത്തതിനാൽ ഒരാത്മാവ് എത്രായിരം വർഷങ്ങളായി ശരീരം എടുക്കുന്നു എന്ന് കണ്ടുപിടിക്കാൻ കഴിയില്ല. അതുകൊണ്ടാണ് പ്രകൃതി തനി പകർപ്പിനെ നിഷേധിക്കുന്നത്. മാത്രവുമല്ല ജീവിത പരിണാമങ്ങൾ വ്യക്തമല്ലാത്തതിനാൽ ആത്മാവ് വരുന്ന വഴിയും കണ്ടുപിടിക്കാനാവില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ്. വേദന നിലനിൽക്കുന്നിടത്തോളം മനുഷ്യരിൽ **പ്രത്യുൽപ്പാദനം വലിയ പാപം തന്നെയാണ്.** ജനിച്ചവരോ വേദന അനുഭവിക്കുന്നു എന്നാൽ ഇനി ജനിക്കാൻ പോകുന്നവരെയെങ്കിലും ബോധമുയർന്ന ഒരു സമൂഹത്തിന് രക്ഷിക്കാൻ കഴിയണം. ഈ അർത്ഥത്തിൽ മനുഷ്യന്റെ സ്വാർത്ഥതയാണ് വേദനയുടെ ശരിയായ കാരണമെന്ന് വരുന്നു. സുഷുപ്തിയിൽ വേദന

ഇല്ലാതെ നിലനിൽക്കുന്ന ആത്മാവിനെ വിളിച്ചുണർത്തി സന്തോഷിപ്പി ക്കുകയായിരുന്നുവെങ്കിൽ പ്രത്യുൽപ്പാദനം പുണ്യമാകുമായിരുന്നു. എന്നാൽ വേദനകളിലും തീരാദുരിതങ്ങളിലും ജനിപ്പിച്ചിട്ട് വേദനയും ദുഃഖവും ജീവിതത്തിന്റെ ഭാഗമാണെന്ന് പഠിപ്പിക്കുന്നത് സംസ്കാര ശൂന്യതയാണ്. ഇത് അനീതിയാണ്. ബോധവും സംസ്കാരവും ഉയർന്ന ഒരു ജനത വളരെ ഗൗരവമായി ചിന്തിക്കേണ്ട പ്രശ്നമാണിത്. മേൽപ്പറഞ്ഞ ചോദ്യങ്ങളെല്ലാം ഈ സംസ്കാര ശൂന്യതയെ മറച്ചുപിടി ക്കാനാണ് ഉപയോഗിക്കുന്നത്.

സിനിമ എന്ന സംപ്രേക്ഷണം യാഥാർത്ഥ്യമല്ല. പ്രകാശത്തിന്റെ വെറും നിഴലുകളാണെന്ന് നമുക്കറിയാം. എന്നാൽ സിനിമ പ്രക്ഷേ പണം ചെയ്യുന്നതിലെ ബുദ്ധി യാഥാർത്ഥ്യമാണെന്നു നാം മനസ്സിലാ ക്കുന്നതുപോലെ തന്നെയാണിതും. അവബോധം ബുദ്ധിയെ ഉപേക്ഷി ക്കുന്ന സമയംവരെ വേദന നിലനിൽക്കുന്നു. അതായത് മനുഷ്യൻ മരി ക്കുന്നതുവരെ. മരണമാണ് മനുഷ്യ ശരീരത്തിന്റെയും മനസ്സിന്റെയും ഏറ്റവും വലിയ വേദനസംഹാരി. സിനിമയുടെ ഫിലിം പ്രിന്റുകൾ എത്ര ആയിരം എടുത്താലും ഫിലിം എന്ന നിർജ്ജീവവസ്തു അതുപോലെ തന്നെ ആവർത്തിക്കപ്പെടുന്നു എന്നേയുള്ളൂ. എന്നാൽ പ്രത്യുൽപ്പാദ നത്തിലൂടെ വരുന്ന മനുഷ്യപ്രിന്റുകൾക്ക് ഒരുപോലെ ആവർത്തിക്കപ്പെ ടാൻ കഴിയില്ലെന്നും അതിന്റെ ബുദ്ധിക്ക് അവബോധവുമായി ബന്ധ പ്പെടാൻ കഴിയുമെന്നുള്ള സാദ്ധ്യതയും ആത്മാവിന്റെ വർദ്ധനവിനെ യാഥാർത്ഥ്യമാക്കുന്നു. ആത്മാവ് ഭൂമിയിൽ വർദ്ധിക്കുന്നത് മൂന്നു തര ത്തിൽ ആപത്താണ്. 1. ആത്മാവിനെ സ്വതന്ത്രമാക്കാൻ എളുപ്പമല്ല. 2. അത് നശിക്കാത്തതാണ്. 3. നാഢീവ്യൂഹത്തിന്റെ സാന്നിദ്ധ്യം വേദനയെ ഒരു യാഥാർത്ഥ്യമാക്കി മാറ്റുന്നു. സാക്ഷി യാഥാർത്ഥ്യമായതിനാൽ ശരീരം നഷ്ടപ്പെട്ടാലും സാക്ഷി (ആത്മാവ്) ആഗ്രഹമായി ബന്ധപ്പെട്ട ഒരു സാദ്ധ്യതയായി നിലനിൽക്കുന്നതിനാൽ ആ ആഗ്രഹം പൂർത്തീക രിക്കാൻ വീണ്ടും ശരീരമെടുത്തേ പറ്റൂ. മാത്രമല്ല ചതുർമാന പ്രപഞ്ച ത്തിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു പരിമാണത്തിൽ ഈ സാദ്ധ്യത നിലനിൽക്കുന്നതിനാൽ ശരീരമെടുക്കുന്നതുവരെ ഒരു potential ആയി ശൂന്യതയിൽ നിലനിൽക്കുന്നുവെന്ന് നമുക്കനുമാനിക്കാം.

മനുഷ്യജീവിതം എന്തു കൊണ്ട് ഒരു സംഭവമാണെന്നു പറയുന്നു എന്ന് ഇത് വിശദീകരിക്കുന്നു. അത്തരം ഒരു potential നിലനിൽക്കു



ന്നില്ലായിരുന്നുവെങ്കിൽ ശരീരം സംഭവിക്കുമായിരുന്നില്ല. അതിനാൽ **ശരീരവും മനസ്സും സാക്ഷിയുടേതല്ല എന്നും സാക്ഷിയുമായി ബന്ധ പ്പെട്ടു നിൽക്കുന്ന പൂർത്തീകരിക്കാത്ത ആഗ്രഹങ്ങളുടേതാണെന്നും ഇത് തെളിയിക്കുന്നു.** അതായത് ശരീരവും മനസ്സും സാക്ഷിയുടെ സങ്കൽപ്പ സൃഷ്ടിയാണ്. നാം സ്വപ്നത്തെ സൃഷ്ടിച്ച് അനുഭവിക്കു ന്നതുപോലെ ബോധം ദേഹത്തെയും പ്രപഞ്ചത്തെയും സങ്കൽപ്പിച്ച് സൃഷ്ടിച്ച് അനുഭവിക്കുന്നു. എന്നാൽ ഇത് ആരുടേയും അനുഭവമല്ല. സങ്കൽപ്പിച്ച് സൃഷ്ടിച്ചതല്ല എന്ന് തെളിയിക്കാനും കഴിയില്ല. കാരണം സൃഷ്ടിക്ക് ഓരോ വ്യക്തിയുടേയും ബോധമണ്ഡലത്തിൽ മാത്രമേ നിലനിൽപ്പുള്ളൂ എന്നത് എല്ലാവരുടേയും അനുഭവമാണ്. അതു കൊണ്ടാണ് നാം എല്ലാം ചോദിക്കുന്നത്, എപ്പോഴാണ് ഞാൻ ജീവൻ ആഗ്രഹിച്ചത്? ജീവിതം ഞാൻ ആവശ്യപ്പെട്ടില്ലല്ലോ? എന്നൊക്കെ ആത്മാവ് ദേഹത്തിന്റെ ജ്ഞാനേന്ദ്രിയങ്ങളിലൂടെ സങ്കൽപ്പത്തെ യാഥാർത്ഥമാക്കി തോന്നിപ്പിച്ച് അനുഭവിക്കുന്നു. അതായത് നാം പ്രൊജക്ടർ ഉപയോഗിച്ച് സിനിമയെ യാഥാർത്ഥമാക്കി അനുഭവിക്കു ന്നതുപോലെ. അതായത് ആത്മാവ് എന്നത് ഒരു potential ആയി നിലനിൽക്കുന്നു എന്നർത്ഥം. യുക്തി ഇവിടെ പ്രായോഗികമല്ല. അതി നാൽ ബോധശാസ്ത്രത്തിലൂടെ ബുദ്ധിയെ അകത്തേക്ക് വികസിപ്പി ക്കുന്ന ആർക്കും ഇത് കണ്ടെത്താം. അവിടെ ചോദ്യവും ഉത്തരവും ചോദിക്കുന്ന ആളും ഒന്നാകുന്നു. ഈ ഒന്നാകലിനെയാണ് സമാധി അഥവാ ആത്മാവിന്റെ സ്വാതന്ത്ര്യം എന്നു പറയുന്നത്. ലൈംഗിക ആസക്തി യാഥാർ ത്ഥ്യമല്ല അത് വെറും ഒരു തോന്നലാണെന്ന അനു ഭവജ്ഞാനം മനസ്സിന് എന്ന് ലഭിക്കുന്നുവോ (യഥാർത്ഥ ബ്രഹ്മചര്യം) അന്ന് സാക്ഷി (ആത്മാവ്) ആഗ്രഹങ്ങളെ വിട്ടുകളയുകയും തന്റെ സ്രോതസ്സിൽ ലയിക്കുകയും ചെയ്യുന്നു. ഗാഢനിദ്രയിൽ ബോധം ഉണർന്നിരിക്കുന്ന അവസ്ഥ. അതായത് നിഷ്കാമവും സ്ഥിരവുമായ അവസ്ഥ (neutral and static state). ഇതാണ് മഹാബോധത്തി ന്റെയും അവസ്ഥ. പറുദീസയും സ്വർഗ്ഗരാജ്യവും ദേവലോകവും വേദന അനുഭവിക്കുന്ന ബുദ്ധിയുടെ സാന്ത്വന സ്വപ്നം മാത്രമാണ്. വിശ ക്കുന്നവൻ സ്വാദിഷ്ടമായ പലഹാരങ്ങൾ സ്വപ്നം കാണുന്നതു പോലെ.

## അദ്ധ്യായം 6

# ബോധശാസ്ത്രത്തിന്റെ കാണാപ്പുറങ്ങൾ

ഈ അദ്ധ്യായത്തിൽ വിവരിക്കുന്ന കാര്യങ്ങൾ യുക്തിയുടെ അടിസ്ഥാനമില്ലാത്ത വെറും തിരിച്ചറിവും അനുഭവവും മാത്രമാണ്. എന്നാൽ ബോധശാസ്ത്രത്തിന്റെ ആഴങ്ങളിലേക്ക് കടന്നു ചെല്ലാൻ പ്രാപ്തമാകുന്ന ഏത് മനസ്സിനും ലഭിക്കുന്ന ആന്തരിക ജ്ഞാനമാണ് ഇത്. ആത്മാവിൽ നിന്ന് അഥവാ യഥാർത്ഥ ബോധത്തിൽ നിന്ന് വരുന്ന അറിവുകൾ യുക്തിഹീനമായിരിക്കും. എന്നാൽ ഇവ പ്രവചനങ്ങളോ ഭാവി ഗണിക്കലോ അല്ല. ഒരു മനസ്സ് ആത്മാവിനോട് അടുക്കുമ്പോൾ മനസ്സിലേക്ക് തനിയെ വരുന്ന അനുഭവജ്ഞാനം മാത്രമാണിത്.

ധനികനേയും ദരിദ്രനേയും വേർവ്യത്യാസം ഇല്ലാതെ വേട്ടയാടുന്ന ദുരന്തങ്ങളും ദുഃഖങ്ങളുമാണ് പ്രകൃതി ക്ഷോഭങ്ങൾ ഭൂമി കുലുക്കം ചുഴലി കൊടുങ്കാറ്റ് സുനാമി പോലുള്ള ഭീകരമായ കടൽ ക്ഷോഭം വെള്ളപ്പൊക്കം പേമാരി അഗ്നിപർവ്വത സ്ഫോടനങ്ങൾ അപകടങ്ങൾ ഇവയെല്ലാം. പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ വളരെ പരിമിതമാണ്. കാരണം പ്രകൃതി ദുരന്തങ്ങളുടെ കാരണങ്ങൾ ശാസ്ത്രം കണ്ടെത്തുന്നുണ്ട്. എങ്കിലും ആ കാരണങ്ങളുടെ കാരണമായ തുടക്കം വിശദീകരിക്കാൻ ശാസ്ത്രത്തിന് കഴിയാതെ പോകുന്നു. എന്തെന്നാൽ ഇന്ദ്രിയങ്ങളെ ആശ്രയിച്ച് പുറമേ തിരയുന്നതു കൊണ്ടാണ് യഥാർത്ഥ കാരണം മറയ്ക്കപ്പെട്ടതായി അനുഭവപ്പെടുന്നത്. എന്നാൽ ഒരുവൻ തന്റെ ബുദ്ധിയെ അവബോധം ഉപയോഗിച്ച് അകത്തേക്ക് വിന്യസിക്കുമ്പോൾ (development of intelligence towards inner using Awareness) കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ച ബോധോദയവും ആത്മീയതയും അനുഭവജ്ഞാനമായി വരും. ഈ അനുഭവജ്ഞാനത്തെ യുക്തിയിലൂടെ സംവേദനം ചെയ്യാൻ കഴിയില്ല എങ്കിലും ചില ബാഹ്യമായ ലക്ഷണങ്ങൾ ചൂണ്ടി കാണിക്കാൻ കഴിയും.

യഥാർത്ഥ ബോധം സ്ഥല-കാലങ്ങൾക്കതീതമാണെന്നും അത് സ്വയം പര്യാപ്തതയുള്ള പ്രവർത്തന **'ഊർജ്ജ'**മാണെന്നും ബോധശാസ്ത്രം തെളിയിക്കുന്നു. എന്നാൽ ബോധത്തിന്റെ അഥവാ ആത്മാവിന്റെ സ്വയം പ്രവർത്തനം സാദ്ധ്യമാകണമെങ്കിൽ മനസ്സ് പ്രത്യാഹാര



അഥവാ നിഷ്കാമ കർമ്മം എന്ന തലത്തിലേക്ക് ഉയരേണ്ടതുണ്ട്. ഈ നിഷ്കാമ കർമ്മത്തിന് ഒരു ബാഹ്യമായ അളവുകോലില്ല. ഇത് തീർത്തും ഒരുവന്റെ ആന്തരീക അനുഭവമാണ്. എന്നാൽ നേരത്തെ പറഞ്ഞതു പോലെ ചില സാഹചര്യങ്ങൾ കൊണ്ട് ബുദ്ധിമാനായ ഒരാൾക്ക് മറ്റൊരാളുടെ നിഷ്കാമത്വം കണ്ടുപിടിക്കാം. ബുദ്ധിമാനായ ഒരാൾക്കെ ഇത് കഴിയുകയുള്ളു എന്ന് പറഞ്ഞതിനുകാരണം സാധാരണ രീതിയിൽ ഒരാളുടെ നിഷ്കാമ കർമ്മം മറ്റുള്ളവർ പൂർണ്ണമായും തെറ്റിദ്ധരിക്കുമെന്നുള്ളതു കൊണ്ടാണ്. 8 മണിക്കൂർ കൽപ്പിത ജോലി എടുക്കേണ്ട ഒരുവൻ പൂർണ്ണ ആത്മാർത്ഥതയോടെ പ്രതിഫലം ഇച്ഛിക്കാതെ 12 മണിക്കൂർ പണി എടുത്താൽ മറ്റുള്ളവർ ഇയാളെ വിഡ്ഢിയായി കണക്കാക്കും. കാരണം സ്വാർത്ഥതയിൽ നിൽക്കുന്ന സാമാന്യ ബുദ്ധിക്ക് ഇത് മനസ്സിലാകില്ല. അതും അല്ലെങ്കിൽ ഇയാളുടെ പ്രവൃത്തിയെ ദുർവ്യാഖ്യാനം ചെയ്യും. അതുമല്ലെങ്കിൽ വർഗ്ഗദോഷിയായി മുദ്ര കുത്തുകയും ചെയ്യും. കൂടാതെ ഇത്തരത്തിലുള്ള ഒരാളെ തിരിച്ചറിഞ്ഞാൽ സമൂഹം ഇയാളെ നന്നായി ചൂഷണം ചെയ്യുകയും ചെയ്യും. ഈ പ്രവണതകൾ സൂചിപ്പിക്കുന്നത് ബോധം ഉയർത്തുന്നതിനെ പ്രകൃതി എതിർക്കുന്നു എന്നാണ്. അതായത് ബോധം ഉയർന്നവൻ പ്രകൃതിയുടേതല്ലാതായി മാറുന്നു. അഥവാ പ്രകൃതിക്ക് അവനിൽ സ്വാധീനം നഷ്ടപ്പെടുന്നതായി കാണുന്നു.

രാജവെമ്പാലയും ചീറ്റപ്പുലികളും കാട്ടാനകളും ഉണ്ടായിരുന്ന കാട്ടിൽ രമണ മഹർഷി അനേക വർഷം വെറും കൗപീനം മാത്രം ധരിച്ചു ജീവിച്ചു. ധ്യാനത്തിലിരുന്ന അദ്ദേഹത്തെ ആക്രമിക്കാനോ നശിപ്പിക്കാനോ തിരിച്ചറിവില്ലാത്ത ഈ ജീവികൾ ശ്രമിച്ചില്ല എന്നു മാത്രമല്ല അവരോട് സ്വന്തം സഹോദരങ്ങളോട് എന്നതു പോലെ അദ്ദേഹം പെരുമാറി എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. ഈ ചരിത്ര സംഭവങ്ങളുടെ സാക്ഷികൾ ഇപ്പോഴും ജീവിച്ചിരിക്കുന്നതിനാൽ ഇവയെ തള്ളിക്കളയാൻ എളുപ്പമല്ല. ഇവ സൂചിപ്പിക്കുന്നത് ജന്മനാ ക്രൂരമായ ജന്തുക്കളിൽ അധമ ബോധമാണ് നിലനിൽക്കുന്നതെങ്കിലും ഉയർന്ന ബോധമുള്ള അദ്ദേഹത്തെ നശിപ്പിക്കാൻ അവയ്ക്കു കഴിയുന്നില്ല എന്നതാണ്. അതായത് ഉയർന്ന ബോധമുള്ള ഒരാത്മീയ ശരീരത്തെ പ്രകൃതി ദുരന്തങ്ങൾക്ക് വേട്ടയാടാൻ കഴിയില്ല എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്.

ഉയർന്ന ബോധമുള്ളവന് അപകടങ്ങൾ സംഭവിക്കില്ല എന്നതിന്റെ യുക്തിയും ഇതു തന്നെയാണ്. ബോധോദയംവരെ എത്തിയ ഒരാൾ

ഒരു വാഹനത്തിൽ യാത്ര ചെയ്യുന്നുവെന്ന് സങ്കൽപ്പിക്കുക. അയാളുടെ വണ്ടി ഓടിക്കുന്ന ഡ്രൈവറിലും എതിരെ വരുന്ന വണ്ടിയുടെ ഡ്രൈവറിലും മാത്രമല്ല ഉയർന്ന ബോധം സ്വാധീനം ചെലുത്തുന്നത്, വണ്ടിയുടെ ഭാഗങ്ങളിൽ പോലും ഈ സ്വാധീനം ഉണ്ടാകും. സ്വാധീനം എന്നു പറയുമ്പോൾ ബാഹ്യമായ എന്തെങ്കിലും ഒരു ഊർജ്ജം ഇയാളിൽ നിന്നൊഴുകുമെന്നോ അല്ലെങ്കിൽ ടെലിപ്പിതി പോലുള്ള സന്ദേശങ്ങൾ ചെല്ലുമെന്നോ അതുമല്ലെങ്കിൽ മനസ്സിന്റെ അതീന്ദ്രിയ ശക്തി പ്രവർത്തിക്കുമെന്നോ അത്ഭുതങ്ങൾ നടക്കുമെന്നോ അല്ല ഇത് അർത്ഥമാക്കുന്നത്. ഉയർന്ന ബോധം സ്ഥലകാലങ്ങൾക്ക് അതീതമാകുന്ന അവസ്ഥയാണിവിടെ ഉണ്ടാകുന്നത്. അതായത് അപകടങ്ങളും ദുരന്തങ്ങളും സ്ഥല-കാലങ്ങളിലാണ് സംഭവിക്കുന്നത്. സ്ഥാല-കാലങ്ങൾക്ക് അതീതനായ ഒരാത്മാവ് അപകടം ഉണ്ടാകേണ്ട ഏതെങ്കിലും ഒരു വാഹനത്തിൽ ഉണ്ടെങ്കിൽ സ്ഥല-കാലങ്ങൾ മാറ്റപ്പെടും. അങ്ങിനെ അപകടം ഒഴിവാകും.

ഈ അർത്ഥത്തിലാണ് ആത്മാവ് സ്വയം പര്യാപ്തവും സ്വയം പ്രവർത്തന നിരതവുമാണെന്ന് പറയുന്നത്. ഇത് വ്യക്തിപരമായ ഒരു കഴിവായി കണക്കാക്കരുത്. കാരണം ഉയർന്ന ബോധത്തിൽ നിൽക്കുന്ന ആത്മാവിന് മോക്ഷത്തിലേക്ക് ഉണരാൻ ഇനിയും സ്ഥല-കാലങ്ങളിൽ സഞ്ചരിക്കേണ്ടതുണ്ട്. അതിന് ശരീരം ആവശ്യമാണ്. ബോധം ഉയർന്ന ഒരാൾ ഒരിക്കലും തന്റെ ജീവൻ നിലനിർത്താൻ പ്രാർത്ഥിക്കുകയില്ല. കാരണം മരണമാണ് അയാളുടെ യഥാർത്ഥ ജീവന്റെ തുടക്കം. ശരീരം ഒരുതരം വ്യാധിയാണ്. ആത്മാവായ ബോധമാണ് ആ വ്യാധിയെ ഉപയോഗപ്പെടുത്തി സന്തോഷിക്കുകയും സുഖിക്കുകയും ചെയ്യുന്നത്. വ്യാധി അതിന്റെ കാലയളവ് പൂർത്തിയാക്കുന്നതുവരെ അതിനെ ഇല്ലാതാക്കാൻ ആത്മാവിനു സാദ്ധ്യവുമല്ല കാരണം ആത്മാവും വ്യാധിയും പരസ്പരം ബന്ധമില്ലാത്തവയാണ്. ആത്മാവ് ആത്മാവിനെ തന്നെ തിരിച്ചറിയുകയും എന്നന്നേയ്ക്കുമായി രക്ഷപ്പെടാൻ കാത്തിരിക്കുകയും ചെയ്യുന്ന അവസ്ഥ. മനസ്സിനും ശരീരത്തിനും ഒരു അവകാശി ഉണ്ടെന്നു പറയാൻ ആളില്ലാത്ത അവസ്ഥ. **ഇതാണ് തത്ഹത,എങ്ങിനെയോ അങ്ങിനെ തന്നെ.** ബോധോദയം സംഭവിക്കുന്ന ഒരു ശരീരത്തിന്റെ നിലനിൽപ്പ് ആത്മാവ് ഏറ്റെടുക്കേണ്ടതായി വരുന്നു. ഇത് ആത്മാവ് തനിയെ തന്നെ ചെയ്യുന്ന പ്രവൃത്തിയാണ്. രക്ഷിക്കപ്പെടേണ്ടത് ആത്മാവാണ്, ഭയപ്പെടുന്നതും ആപത്തുകളിൽ നിന്നും രക്ഷിക്കാൻ പ്രാർത്ഥിക്കുന്നതും അതേ ആത്മാവു തന്നെയാണ്. കാരണം വേദനയാണെന്ന്



തന്റെ ഏറ്റവും വലിയ പ്രശ്നമെന്ന് ആദ്യമായി ആത്മാവ് തിരിച്ചറിയുന്ന അവസ്ഥ.

സ്വാർത്ഥതയിലെ അഹത്തിന്റെ അറിവില്ലായ്മയിൽ താൻ ശരീരമാണ് മനസ്സാണ് എന്ന് ആത്മാവ് വെറുതെ സങ്കൽപ്പിക്കുന്നു. ഈ സങ്കൽപ്പത്തെയാണ് നാം ജീവിതം എന്ന് വിളിക്കുന്നത്. പ്രകൃതി ദുരന്തങ്ങളും ആപത്തുകളും അധമ ബോധത്തിന്റെ ഒരുതരം പ്രതിപ്രവർത്തനങ്ങളാണ്. ദുരന്തങ്ങളിൽ മരിക്കുന്നവരല്ല ദുഃഖിക്കുന്നത്. ശേഷിക്കുന്നവരാണെന്ന് നാം ഓർക്കണം. ബോധശാസ്ത്രത്തിന്റെ നിഗമനങ്ങൾ പ്രകാരം അടിസ്ഥാന ആഗ്രഹമായ ലൈംഗിക ആസക്തിയാണ് മനുഷ്യജന്മത്തിന് കാരണമായത്. അതായത് ഭൂമിയിലെ പ്രായപൂർത്തിയായ ഓരോ സ്ത്രീയും പുരുഷനും ലൈംഗിക സുഖത്തിന്റെ പരമോന്നതിയിൽ എത്തണം. ദുഃഖം അനുഭവിക്കുന്നത് ആത്മാവാണെങ്കിൽ തീർച്ചയായും ഈ സുഖം അനുഭവിക്കുന്നതും അധമത്തിൽ നിലനിൽക്കുന്ന ബോധം (ആത്മാവ്) തന്നെയായിരിക്കണം. എന്നാൽ സന്തോഷവും സുഖവും തന്റേതു മാത്രമായിരിക്കണം എന്ന് ആഗ്രഹിക്കുകയും അതുമൂലം ലൈംഗിക സുഖം അഞ്ചോ പത്തോ ശതമാനത്തിലേക്ക് താഴ്ത്തപ്പെടുകയും ചെയ്യുമ്പോൾ ആ ആഗ്രഹം ആഗ്രഹത്തിനു തന്നെ എതിരാകുന്നു. ഇതിനു കാരണം അവബോധമാണ്. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ ജീവനു തുല്യം സ്നേഹിക്കാനും തന്റേതു മാത്രമെന്ന സ്വാർത്ഥതയോടെ അതിനെ വളർത്തുവാനും തുടങ്ങുമ്പോൾ നഷ്ടപ്പെടുന്നത് ലൈംഗിക സുഖമാണെന്ന് നമുക്കറിയാം. ഇവിടെ പുരുഷൻ നിസഹായനാകുന്നു. ലൈംഗിക സുഖത്തെ നശിപ്പിക്കുന്ന ഈ സ്വാർത്ഥത അധമബോധത്തിന്റെ ലക്ഷ്യമല്ല. പ്രത്യുൽപ്പാദനം ജീവന്റെ സ്വാഭാവികതയാണ്. അല്ലാതെ മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യമല്ല ഇത്. പ്രത്യുൽപ്പാദന പ്രക്രിയയിൽ ഏർപ്പെടുമ്പോൾ അനുഭവിക്കുന്ന സുഖം ബോധമാണ് അനുഭവിക്കുന്നത്. ഈ സുഖമാണ് ബോധത്തെ ജീവനിൽ ആത്മാവായി തളയ്ക്കുന്നത്. അങ്ങിനെ സുഖത്തിനു വേണ്ടി ഒരു സമൂഹത്തിൽ സ്വാർത്ഥതയും ആർത്തിയും അതിന്റെ എല്ലാ പരിധികളും ലംഘിക്കുകയും ലൈംഗിക സുഖം ഒരുതരം ശാരീരിക പ്രവൃത്തിയായി അധഃപതിക്കുകയും ചെയ്യുമ്പോൾ ആ സമൂഹത്തെ നശിപ്പിച്ചു കളയുകയല്ലാതെ മറ്റു പോംവഴികളൊന്നുമില്ല. പ്രകൃതി ദുരന്തം ഒരുതരം കൂട്ടക്കൊലയാണ്. ആത്മഹത്യ എന്നത് ഒരു വ്യക്തി തന്റെ തീവ്രമായ ആഗ്രഹത്തിലോ,ആഗ്രഹം മറച്ചുപിടിക്കുന്ന അഭിമാനത്തിലോ പരാജയപ്പെടുമ്പോൾ അധമബോധം തന്നെ

യാണ് ആത്മഹത്യയ്ക്ക് അയാളെ പ്രേരിപ്പിക്കുന്നത്. അതായത് ആഗ്രഹവും സ്വാർത്ഥതയും ബോധത്തെ അധമമാക്കുന്നു. ആത്മഹത്യ ഒരു ചിന്തയായി ഒരുവന്റെ മനസ്സിൽ പ്രവർത്തിക്കുന്നതുപോലെ തന്നെ ഒരു ചിന്തയായി അധമബോധം പ്രകൃതിയിൽ സ്വാധീനം ചെലുത്തുമ്പോഴായിരിക്കണം പ്രകൃതി ക്ഷോഭിക്കുന്നതും കൂട്ട **'ആത്മഹത്യകൾ'** നടക്കുന്നതും. ആ കൂട്ടത്തിൽ ഒരാത്മാവെങ്കിലും സമാധിയിലേക്ക് നീങ്ങുന്നുവെങ്കിൽ അത്തരം ഒരു സാദ്ധ്യത നീങ്ങിപ്പോകാൻ സാദ്ധ്യതയുണ്ട്. സ്ഥല-കാലങ്ങൾക്ക് അതീതമായി നിൽക്കുന്ന അയാൾക്കുവേണ്ടി മറ്റുള്ളവരെ നിലനിർത്തിയെ പറ്റൂ എന്ന അവസ്ഥ വരുന്നു. **ഒരു നീതിമാനെങ്കിലും ഈ പട്ടണത്തിൽ ഉണ്ടെങ്കിൽ ഞാൻ ഇതിനെ തീ കൊണ്ട് നശിപ്പിക്കില്ല** എന്ന് വളരെ പഴക്കമുള്ള ഒരു മിസ്റ്റിക് വചനത്തിന്റെ പൊരുൾ ഇതായിരിക്കണം. മേൽപ്പറഞ്ഞവ തീർത്തും ഒരു മിസ്റ്റിക് അനുഭവജ്ഞാനമാണ്. അപ്പോൾ പ്രപഞ്ച സൃഷ്ടിക്കുകാരണമായ അധമബോധത്തിന് പ്രകൃതിയെ ഭാഗികമായോ പൂർണ്ണമായോ നശിപ്പിച്ചു കളയേണ്ടതായി വരുന്നു. ഇതായിരിക്കണം പ്രകൃതി ദുരന്തങ്ങളുടെ കാരണം. ഇത് ഒരുതരം പരിണാമപ്രക്രിയ തന്നെയാണ്. സാധാരണ മനുഷ്യബുദ്ധിക്ക് ഇത് വെറും വിഡ്ഢിത്തമായി അനുഭവപ്പെട്ടേക്കാം. എന്നാൽ ബോധം ഉയർത്തി ഇത്തരം ഒരറിവ് ലഭിക്കുമോ എന്ന് ആർക്കും പരീക്ഷിക്കാം.

അവബോധം ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നതിന് രണ്ടാമതൊരു സാദ്ധ്യത കൂടി ഉണ്ടെന്നു നാം മനസ്സിലാക്കണം. ഒരു സമൂഹത്തിൽ ഒരു വ്യക്തിയെങ്കിലും തന്റെ ആത്മാവിനെ തിരിച്ചറിയുകയും ഉയർത്തുകയും ആത്മാവിനെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അയാൾ സ്ഥല-കാലങ്ങൾക്ക് അതീതനാകും. എന്നാൽ ശരീരം ഉണ്ട് താനും. ഈ അവസ്ഥയിൽ അയാൾ നിലനിൽക്കുന്ന ഭൂമിയുടെ ഭാഗം നശിപ്പിക്കാൻ അധമബോധത്തിനു സാദ്ധ്യമല്ല. ഇതൊരുവല്ലാത്ത ഗതികേടാണ്. തന്റെ ലക്ഷ്യപ്രാപ്തിക്കു വേണ്ടി അധമബോധം 99% കാര്യങ്ങളും തനിക്കനുകൂലമായി മനുഷ്യരിൽ സൃഷ്ടിച്ചിട്ടും അവബോധം നിലനിൽക്കുന്നതിനാൽ സ്വാർത്ഥതയും ആർത്തിയും മനുഷ്യമനസ്സിൽ രൂപംകൊള്ളുകയും ലക്ഷ്യത്തെ നശിപ്പിച്ചു കളയുകയും ചെയ്യുന്നു. ഈ അവബോധത്തെ തള്ളിക്കളയാനും കഴിയില്ല. കാരണം അവബോധത്തിലൂടെയാണ് അധമബോധം ഈ സുഖം അനുഭവിക്കുന്നത്. എന്നാൽ ആത്മാവിനു രക്ഷപ്പെടാൻ അതിന്റെ അവബോധമെന്ന ന്യൂട്രൽ അവസ്ഥയും ബുദ്ധിയിൽ 1% അനുകൂല സാഹചര്യവും മാത്രമെയുള്ളു. അതിനാൽ ആത്മാവിന് രക്ഷപ്പെടാനുള്ള സാദ്ധ്യത വളരെ കുറവാകുന്നു. ഈ പ്രതികൂല സാഹചര്യങ്ങളോട് യുദ്ധം ചെയ്ത് ആത്മ സാക്ഷാത്ക്കാരത്തിനു തയ്യാറാകുമ്പോൾ അധമബോധം അയാളെ പീഢനങ്ങൾ കൊണ്ട് ഭയപ്പെടുത്തുമെന്നല്ലാതെ അയാളുടെ ജീവനെ നശിപ്പിക്കാൻ കഴിയാതെ വരുന്നു.



ജീവിതം പലപ്പോഴും ഒരു പരീക്ഷണമാണെന്നു നന്മ ചെയ്യുന്നവർക്കു തോന്നാൻ കാരണം ബോധത്തിന്റെ ഇത്തരം പ്രവർത്തന രീതികൾ കൊണ്ടാണ്. ഒരു പരിധിക്കുമേൽ നന്മയെ അധമബോധം അനുവദിക്കില്ല. കാരണം നന്മ ചെയ്യുന്നവരിൽ ആത്മാവിനെ തിരിച്ചറിയാൻ സാദ്ധ്യത കൂടുതലാണ്. യഥാർത്ഥ ബോധത്തെ അറിയാൻ ശ്രമിക്കുന്നതും സത്യം അനുഷ്ഠിക്കുന്നതും ആത്മാവിനെ സ്വതന്ത്രമാക്കാൻ ശ്രമിക്കുന്നതും വളരെ ബുദ്ധിമുട്ടു പിടിച്ച പ്രവൃത്തിയാണ്. യുക്തിയില്ലാത്തതും നിസ്വാർത്ഥവുമായ ധൈര്യമാണ് അതിന് ആവശ്യം. അത്തരം ധീരത ഒരുതരം കൈവിട്ട കളിയായതു കൊണ്ട് ആരും അത്തരം പരീക്ഷണങ്ങൾക്കു തയ്യാറാവില്ല. ആത്മാവിന് നാം ഏറ്റവും അവസാന പരിഗണനയെ നൽകാറുള്ളു. തന്റെ സ്വാർത്ഥ താൽപ്പര്യങ്ങൾ പൂർത്തീകരിക്കപ്പെട്ടാൽ ദൈവം ഉണ്ടെന്നു വിശ്വസിക്കാമെന്നു കരുതുന്നവരാണ് നാമെല്ലാം. നമുക്കു കഴിയാത്ത കാര്യങ്ങൾ നാം മറ്റുള്ളവരിൽ നിന്ന് ആവശ്യപ്പെടുന്നു. മറ്റുള്ളവരുടെ ബോധമില്ലായ്മയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന നമ്മുടെ ബോധം എവിടെ നിൽക്കുന്നു എന്ന് നാം ചിന്തിക്കുന്നില്ല. ജീവിതത്തിന്റെ വലിയൊരു രഹസ്യമാണിത്. **മറ്റുള്ളവരെ വിധിക്കുന്ന നാം നമ്മെ വിധിക്കുന്നില്ല.** നാം നമ്മെ വിധിക്കാൻ തുടങ്ങുമ്പോഴാണ് ആത്മാവ് 'വളരുന്നത്', മനസ്സിന്റെ STR കുറയുന്നത് . നാം ഒരാളെ വഞ്ചിക്കാൻ ശ്രമിക്കുമ്പോൾ നാം തന്നെയാണ് വഞ്ചിക്കപ്പെടുന്നത് എന്ന് നമ്മുടെ ബുദ്ധിക്ക് കണ്ടെത്താൻ കഴിയാതെ പോകുന്നു. എന്നാൽ കണ്ടെത്തിയാൽ തന്നെ ബുദ്ധിയുടെ സൂത്രങ്ങൾ ഉപയോഗിച്ച് ഈ വഞ്ചനയെ മറച്ചു പിടിക്കാൻ ശ്രമിക്കുന്നു. ഈ ശ്രമം STR-നെ വല്ലാതെ ഉയർത്തുന്നു. അതുകൊണ്ടാണ് ധനികർ കൂടുതൽ അസ്വസ്ഥരാകുന്നത്. അടിസ്ഥാന ആഗ്രഹം മൂലം നഷ്ടപ്പെട്ട ആത്മാവിന്റെ ട്യൂണിങ്ങ് ആ ആഗ്രഹത്തെ നീക്കം ചെയ്ത് രണ്ടാമത് ട്യൂൺ ചെയ്യുക എന്നതാണ് യഥാർത്ഥ ആത്മീയത. ഇതിന് മനസ്സിനെ നാം ഉപയോഗിക്കുമ്പോൾ നമുക്കു ചുറ്റും നമുക്കെതിരായി നിൽക്കുന്ന മനുഷ്യരും തനിയെ ട്യൂണ്ഡാകാൻ ശ്രമിക്കുന്നു. പക്ഷെ വളരെ സാവധാനത്തിൽ മാത്രമായിരിക്കും എന്ന് മാത്രം.

അതുകൊണ്ടാണ് ബോധത്തിന്റെ ഉയർച്ചയെ പ്രകാശത്തോട് പലപ്പോഴും താരതമ്യം ചെയ്യുന്നത്. പ്രകാശം അതിന്റെ ഉത്ഭവസ്ഥാനത്തെ മാത്രമല്ല അതിന് ചുറ്റുമുള്ള വസ്തുക്കളിലേക്കും വെളിച്ചം നൽകുന്നു. പക്ഷെ തീവ്രത കുറച്ചായിരിക്കുമെന്നു മാത്രം. (നമ്മുടെ ബുദ്ധിക്ക് ഇതൊന്നും മനസ്സിലാക്കാനുള്ള യുക്തി അനുഭവജ്ഞാനത്തിലൂടെ ലഭ്യമല്ലാത്തതിനാൽ അത് ഇത്തരം പരീക്ഷണങ്ങൾക്കൊന്നും തയ്യാറാകില്ല. അതിനാൽ ബുദ്ധി യുക്തിയുടെ കാർക്കശ്യ നിയമങ്ങൾ കൊണ്ടും പേശീബലം കൊണ്ടും വാക്സാമർത്ഥ്യം കൊണ്ടും ഉപദേശം കൊണ്ടും മറ്റുള്ളവരെ നേരെയാക്കാൻ ശ്രമിക്കുന്നു. മേൽപ്പറഞ്ഞവയെല്ലാം ആപേക്ഷികമായതിനാൽ അതൊന്നും യഥാർത്ഥത്തിൽ പ്രവർത്തിക്കുകയില്ല. താൽക്കാലികമായി പ്രവർത്തിക്കുന്നു എന്നു തോന്നിയാൽ പോലും.) യഥാർത്ഥത്തിൽ ആത്മാവിന്റെ സ്വാതന്ത്ര്യമെന്നത് നമ്മുടെ മനസ്സ് അതിന്റെ ഉത്ഭവസ്ഥാനത്തിന്റെ ആവൃത്തിയുമായി ട്യൂൺ ചെയ്യുന്ന അവസ്ഥയാണ്. ട്യൂൺ ചെയ്യുന്നതും ട്യൂണിങ്ങിന് തടസമായി നിൽക്കുന്നതും മനസ്സു തന്നെയാണ്. യുക്തിയുടെ ആപേക്ഷികതയാണ് ഇതിനു കാരണം.

യഥാർത്ഥ ബോധത്തിൽ സങ്കൽപ്പങ്ങൾ ചിന്തയായി കടന്നു കൂടിയതാണ് പ്രപഞ്ചസൃഷ്ടിക്കും മനുഷ്യജന്മത്തിനും കാരണമായത് എന്നത് ഒരു സിദ്ധാന്തമോ കണ്ടുപിടുത്തമോ അല്ല. **ഒരുവൻ തന്റെ ആത്മാവിനെ തിരിച്ചറിയാൻ തന്റെ മനസ്സിന്റെ ആന്തരികതയിലേക്ക് ബ്രഹ്മചര്യത്തിലൂടെ ന്യൂട്രൽ ഊർജ്ജം ഉപയോഗിച്ച് ഇറങ്ങി ചെല്ലുമ്പോൾ അനുഭവജ്ഞാനമായി മനസ്സ് തിരിച്ചറിയുന്ന ഒരു യാഥാർത്ഥ്യമാണിത്**. അത് ശരിയാണോ എന്ന് തെളിയിക്കാൻ ഓരോരുത്തരും അവരവരുടെ മനസ്സിലേക്ക് തന്നെ ഇറങ്ങണം. മറ്റുള്ളവരുടെ വേദന ഒരിക്കലും തന്റെ വേദന ആകാത്തിടത്തോളം തന്റെ ഒരനുഭവജ്ഞാനം എങ്ങിനെ മറ്റുള്ളവരുടെ അനുഭവജ്ഞാനമാകും ? യുക്തിയിലൂടെ മാത്രം ബുദ്ധിയെ വികസിപ്പിച്ചു കൊണ്ടുള്ള പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ആവിർഭാവം പൗരസ്ത്യ ഗുരുകുലത്തിന്റെ നാശവുമാണ് ഇത്തരം ഒരു സ്ഥിതിവിശേഷം വരുത്തിവച്ചത്. അതിനാൽ ബോധശാസ്ത്രം ഇവ രണ്ടും കൂട്ടിക്കലർത്തി മൂന്നാമതൊരു വിദ്യാഭ്യാസ രീതിക്കു തുടക്കം കുറിക്കുകയാണ്.

വെറും ഒരു ചിന്ത പ്രപഞ്ചസൃഷ്ടിക്കു കാരണമായെങ്കിൽ അതേ ചിന്ത തന്നെ അതിന്റെ നാശത്തിനും കാരണമാകാം. ചിന്തയുടെ തന്നെ യുക്തിയാണിത്. പിണ്ഡത്തെ ഊർജ്ജമാക്കി മാറ്റാമെന്നത് ഒരു ചിന്ത



യായി മനുഷ്യ മനസ്സിൽ അവതരിച്ചതാണ്. ഇന്ന് ആ ചിന്ത വികസിപ്പിക്കപ്പെട്ട് ലോകം മുഴുവനും നിമിഷങ്ങൾ കൊണ്ട് ചാമ്പലാക്കാമെന്ന അവസ്ഥയിൽ നിൽക്കുന്നു. ഏതായാലും അത്രയ്ക്കും ഭീകരമായ ഒരു പ്രകൃതി ദുരന്തം ലോകത്ത് നാം ദർശിച്ചിട്ടില്ല. അതായത് ഭൂമികുലുക്കം കൊടുങ്കാറ്റ് അഗ്നി പർവ്വത സ്ഫോടനം ഇവയെല്ലാം ചിന്തകളുടെ രൂപത്തിൽ ശൂന്യതയിൽ തനിയെ രൂപം കൊള്ളുന്നതായിരിക്കണം. ഈ ചിന്തകൾ എവിടെ നിന്നു വരുന്നു എന്നും അതിന്റെ കാരണക്കാർ മനുഷ്യർ തന്നെ ആണോ എന്നും നാം തിരിച്ചറിയാൻ ശ്രമിക്കണം. ബോധശാസ്ത്രത്തിലൂടെ അന്വേഷണം തിരിച്ചു വിട്ടാൽ ഇതിനെല്ലാം ഉത്തരം ലഭിച്ചേക്കാം. ഒരു ചിന്തയ്ക്ക് പ്രകൃതിയെ നശിപ്പിക്കുവാനുള്ള ശക്തികളെ കെട്ടഴിച്ചു വിടാൻ കഴിയുമെന്ന് മനുഷ്യരുടെ കാര്യത്തിൽ തെളിയിക്കാമെങ്കിലും പ്രകൃതി ഉണ്ടാക്കുന്ന ശക്തികളുടെ പെട്ടെന്നുള്ള വ്യതിയാനത്തിനു കാരണമായ ചിന്ത എവിടെ നിന്ന് വരുന്നുവെന്ന് കണ്ടെത്തിയാൽ മനുഷ്യ സമൂഹം ബുദ്ധിയുടെ മറ്റൊരു മണ്ഢലത്തിലേക്കു കടക്കും. ഒരു ആന്തരിക ശാസ്ത്രം രൂപം കൊള്ളും. അതിനെ നമുക്ക് ശരിയായ ഒരു മിസ്റ്റിക് സയൻസ് എന്ന് വിളിക്കാൻ കഴിയും. മനുഷ്യന്റെ അഹം,അഹമായി നിലനിൽക്കുന്നിടത്തോളം അത് ഒരു തുടർച്ചായായിരിക്കും. ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും ഒരു തുടർച്ചയാണ്. ഒരു പ്രത്യേക വ്യക്തി എന്നത് മനസ്സിന്റെ സങ്കൽപ്പം മാത്രമാണ്. അതുകൊണ്ടാണ് അഹത്തിന് ചിന്തകളെ തുടർച്ചയായി കൊണ്ടു പോകാൻ കഴിയുന്നത്. ശാസ്ത്ര സത്യങ്ങൾ ആപേക്ഷികമായി നിലനിൽക്കുന്നതിനാൽ തലമുറകൾ പിന്നിടുമ്പോൾ സത്യങ്ങൾ കൂടുതൽ സങ്കീർണ്ണതയിലേക്ക് പോകുന്നതായി കാണുന്നു. അധമബോധമാണ് അഹത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. മനുഷ്യർ വെറും ഡമ്മികൾ മാത്രമാണ്. അഹം ചിന്തകളെ സങ്കീർണ്ണമായി മുന്നിലേക്കു നയിക്കുന്നു. അതിനാൽ ബുദ്ധിയുടെ അളവ് തലമുറകൾ കഴിയുമ്പോൾ വർദ്ധിക്കുന്നതായി നമുക്കു തോന്നുന്നു. ഭൂരിപക്ഷം വരുന്ന മനുഷ്യരെ സംബന്ധിച്ച് ബുദ്ധിയുടെ ഈ സങ്കീർണ്ണത കൂടുതൽ ദുരിതങ്ങൾ സൃഷ്ടിക്കുന്നതായി കാണുന്നു. മാത്രമല്ല ദുരിതത്തെ വർദ്ധിപ്പിക്കുവാനും നിലനിർത്തുവാനും തക്കവണ്ണം ബോധം അബോധത്തിലേക്ക് നീങ്ങുന്നതായും കാണുന്നു. ഇങ്ങനെ സംഭവിക്കാൻ പാടില്ല. ബുദ്ധി വികസിക്കുന്തോറും ദുഃഖങ്ങളും ദുരിതങ്ങളും കുറയേണ്ടതാണ്. അതിനുപകരം അത് വർദ്ധിക്കുന്നു. ഇത് യുക്തിരഹിതമാണ്. അതായത് സ്വാർത്ഥതയും ദുശ്ശാഠ്യവും വർദ്ധിക്കുന്നു. എന്നാൽ ഇത് വിദഗ്ദ്ധമായി

മറച്ചുപിടിക്കാൻ ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ഭൂരി ഭാഗം മനുഷ്യരും കഥയറിയാതെ ആട്ടം കാണുന്ന അവസ്ഥയിൽ ജീവിക്കുന്നു. രാജ്യാന്തര ബന്ധങ്ങൾ ഏതോ നിഗൂഢതയിലേക്ക് നീങ്ങുന്നതായി അനുഭവപ്പെടുന്നു.

എന്നാൽ നാമൊരു തുടർച്ചയാണെന്നു മനസ്സിലാക്കാൻ ആർക്കും കഴിയുന്നുമില്ല. ബോധശാസ്ത്രത്തിന്റെ പ്രസക്തി ഇവിടെയാണ്. ബോധശാസ്ത്ര സൂത്രങ്ങളിലൂടെ ഒരുവൻ തന്റെ ആന്തരിക മനസ്സിലേക്ക് കടക്കുമ്പോഴാണ് താൻ എവിടെ നിൽക്കുന്നു എന്നും ലോകം എങ്ങോട്ടാണ് പോകുന്നതെന്നും തിരിച്ചറിയുന്നത്. വളരെ വേദനാജനകമായ ഒരു അനുഭവമാണിത്. അനേകം ജന്മങ്ങളിലൂടെയുള്ള ഒരേ അഹം തന്നെയാണ് തന്നിൽ ഇപ്പോഴും നിൽക്കുന്നത് എന്ന് കാണുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടാൻ നാം തനിയെ തന്നെ പ്രേരിപ്പിക്കപ്പെടുന്നു. നിലനിൽപ്പില്ലാത്ത അനാവശ്യമാണ് ഈ മനുഷ്യജന്മം എന്ന് അപ്പോഴാണ് അറിയുന്നത്. കടുകുമണിയോളം സന്തോഷവും ഒരു പാട് ദുഃഖങ്ങളും വേദനകളും നൽകുന്ന ഭൗതിക ജീവിതം അഹം എന്ന അറിവില്ലായ്മയാണ് ജന്മജന്മാന്തരങ്ങളായി നീട്ടി കൊണ്ടു പോയതെന്നു നാം അറിയുന്നു. ഏതു തെണ്ടിക്കും ദരിദ്രനും രോഗിക്കും തന്റെ ജന്മം അനാവശ്യമാണെന്നു തോന്നാത്തതാണ് ഏറെ അത്ഭുതം. നരകയാതനയുടെ നടുവിൽ കിടന്നു പുളയുമ്പോഴും ജീവിതം കൈവിടാതിരിക്കാനുള്ള അഹത്തിന്റെ തത്രപ്പാട് കാണുമ്പോൾ അഹത്തെ പിന്തള്ളിയ ഒരു മിസ്റ്റിക്കിന് സഹതാപവും സങ്കടവും നിസ്സഹായതയുമാണ് തോന്നുക. ഇത്തരക്കാർക്ക് എങ്ങിനെ ജീവിത യാഥാർത്ഥ്യം മനസ്സിലാക്കി കൊടുക്കും?

ഒരു ചിന്ത എങ്ങിനെ പ്രപഞ്ച സൃഷ്ടി നടത്തുമെന്നു നോക്കുക. സ്വാർത്ഥതയുടെയോ സുഖത്തിന്റെയോ ഒരു ചിന്ത ബോധത്തിൽ (ആത്മാവിൽ) നിലനിന്നാൽ അത് പ്രാവർത്തികമാക്കാൻ കഴിവുള്ള ജനിതക സ്വഭാവമുള്ള ഒരു ദേഹത്തോട് ബോധം ലിങ്ക് ചെയ്ത് വ്യക്തിബോധമായി മാറുന്നു. ആ വ്യക്തിയുടെ ബോധമണ്ഢലത്തിൽ കാണുന്ന പ്രപഞ്ചവും ജീവനുമാണ് സൃഷ്ടി എന്ന് എല്ലാവരും പറയുന്നത്. അതായത് സൃഷ്ടിക്ക് വ്യക്തിബോധങ്ങളുടെ ബോധമണ്ഢലത്തിൽ മാത്രമെ നിലനിൽപ്പുള്ളു. എന്നാൽ എല്ലാവരുടെയും ബോധമണ്ഢലം ഒരേഒരു പ്രപഞ്ചത്തെയും ജീവജാലങ്ങളെയും അനുഭവിക്കുമ്പോൾ സൃഷ്ടി യാഥാർത്ഥ്യമെന്ന് എല്ലാവർക്കും തോന്നുന്നു. ഭൂമി കുലുക്കം ഉണ്ടായാൽ ബോധമണ്ഢലമുള്ള വ്യക്തികൾക്കേസഭൂമി കുലു



ങ്ങുന്നു എന്ന അനുഭവം ഉണ്ടാകുകയുള്ളു. ബോധമണ്ഢലമില്ലാത്ത ജീവജാലങ്ങൾക്കും മുഴുഭ്രാന്തനും ഭൂമി കുലുങ്ങുന്നു എന്ന് അനുഭവപ്പെടുകയില്ല. അനുഭവങ്ങൾ ഇല്ലെങ്കിൽ വസ്തുബോധവും ഉണ്ടാകുകയില്ല. അതായത് പ്രപഞ്ചവും ജീവജാലങ്ങളും നിലനിൽക്കുന്നു എന്നത് ബോധമണ്ഢലമുള്ള മനുഷ്യരുടെ മാത്രം അനുഭവമാണ്. ഇതിൽ നിന്ന് പ്രപഞ്ചവും ജീവനും ബോധമണ്ഡലത്തിലെ വെറും പ്രക്ഷേപണം മാത്രമാണെന്നർത്ഥം. അതായത് തുരീയം എന്നഉയർന്ന ബോധതലത്തിൽ നിന്ന് സങ്കൽപ്പങ്ങൾ കൊണ്ട് ജാഗ്രത് എന്ന താഴ്ന്ന ബോധത്തിലേക്ക് എത്തുമ്പോൾ ഉണ്ടാകുന്ന ഭ്രമം മാത്രമാണ് പ്രപഞ്ചവും ജീവജാലങ്ങളും എന്നർത്ഥം. ഈ ഭ്രമം നശ്വരമായ വസ്തുക്കളും ഊർജ്ജവും കൊണ്ട് സ്ഥല-കാലങ്ങളിൽ ഉണ്ടാക്കപ്പെട്ടതിനാലാണ് സൃഷ്ടി യാഥാർത്ഥ്യമെന്ന് എല്ലാവരും ഭ്രമിക്കുന്നത്. മറ്റു ജീവജാലങ്ങൾക്ക് ഈ യാഥാർത്ഥ്യ ബോധം ഉണ്ടാകുകയില്ല. ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിൽ നിന്ന് സ്വപ്നം എന്ന അതിനേക്കാൾ താഴ്ന്ന ബോധാവസ്ഥയിലേക്ക് ബോധം താഴുമ്പോൾ അവിടെ ഇല്ലാത്ത വസ്തുക്കളും ഊർജ്ജവും കൊണ്ടൊരു പ്രപഞ്ചവും ജീവനെയും സൃഷ്ടിച്ച് അനുഭവിക്കുന്നു. ഇല്ലാത്തവ കൊണ്ട് സൃഷ്ടിക്കപ്പെട്ടതു കൊണ്ടാണ് നാം സ്വപ്നത്തിൽ നിന്ന് ഉണരുമ്പോൾ തന്നെ സ്വപ്നലോകം അപ്രത്യക്ഷമാകുന്നത്. അതുപോലെ ജാഗ്രത് എന്ന നശ്വരമായ വസ്തുക്കളും ഊർജ്ജവും കൊണ്ട് ഉണ്ടാക്കപ്പെട്ട ലോകത്തു നിന്ന് വീണ്ടും തുരീയത്തിലേക്ക് ഉണരാൻ കഴിഞ്ഞാൽ പിന്നീടൊരിക്കലും ജാഗ്രത്തിലേക്ക് താഴുക (വീണ്ടും ജനിക്കുക) ഇല്ല. ഇതാണ് നിർവ്വാണ അഥവാ മോക്ഷത്തിലേക്കുള്ള ഉണർവ്വ് എന്ന് പറയുന്നത്.

**ജാഗ്രത് എന്ന നശ്വരമായ ലോകം നശ്വരമാണെന്നു അനുഭവപ്പെടുത്താൻ ഒരിക്കലും സാദ്ധ്യമല്ല എന്ന് മനസ്സിലാക്കുമ്പോൾ മൗനം പാലിക്കുകയല്ലാതെ മറ്റു പോംവഴികളില്ല.** മിസ്റ്റിക്കുകളെ കാണാനും ചോദ്യങ്ങൾ ചോദിക്കാനും സാധാരണ മനുഷ്യർ ഏറെയുണ്ടാകും. എന്നാൽ തങ്ങളുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ ചോദ്യങ്ങളിൽ മറച്ചു പിടിക്കാൻ കാണിക്കുന്ന സൂത്രങ്ങൾ പലപ്പോഴും മിസ്റ്റിക്കുകളുടെ ക്ഷമയുടെ നെല്ലിപ്പലക പോലും തകർത്തു കളയും. സ്വാർത്ഥതയും ആഗ്രഹങ്ങളും ദുഃഖങ്ങൾ മാത്രമാണ് സമ്മാനിക്കുന്നതെന്നറിഞ്ഞിട്ടും അതിൽ നിന്ന് പിടിവിടാനുള്ള അഹത്തിന്റെ മടി ജന്മാന്തരങ്ങളോളം തുടർച്ചയായി നിലനിർത്തുന്നത് അവനിൽ നിന്ന് ന്യൂട്രൽ ഊർജ്ജം ലൈംഗിക ആസക്തിയിലൂടെ ചോർന്നു പോകുന്നതു കൊണ്ടാണെന്ന് അറിയുക. അതി

നാൽ ജീവിതം തിരിച്ചറിയാനും അതിന്റെ ഭീകരതയുടെ ആഴം കണ്ടെത്താനും അതിനെ തള്ളിക്കളയാനും ന്യൂട്രൽ ഊർജ്ജം ശേഖരിച്ചേ പറ്റു. അല്ലാതെ മറ്റു പോംവഴികളില്ല. അതിനായി യഥാർത്ഥ ബ്രഹ്മചര്യം ജീവിതത്തിൽ എപ്പോഴെങ്കിലും ഒരു ഘട്ടത്തിൽ പരിശീലിക്കണം. പിന്നീടൊരിക്കലും ഭൂമിയിൽ ഒരു ജീവിതം ചോദിച്ചു വാങ്ങാനുള്ള അറിവില്ലായ്മ മനുഷ്യർ കാണിക്കുകയില്ല.

ഭാവനയിലെ ഒരു സങ്കല്പ സാഹചര്യം കൊണ്ട് ബോധശാസ്ത്രം സത്യങ്ങൾ അന്വേഷിക്കുവാനും ജീവിത യാഥാർത്ഥ്യങ്ങൾ കണ്ടെത്താനും സഹായിക്കും. ഇത്തരം ഭാവനാ പരീക്ഷണങ്ങൾ ബോധശാസ്ത്രത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്.

ഈ ഭൂമിയിൽ ആകെ പത്തു മനുഷ്യർ മാത്രം ഉള്ളുവെന്ന് സങ്കൽപ്പിക്കുക. അതിൽ അഞ്ചു സുന്ദരന്മാരായ പുരുഷന്മാരും അഞ്ചു സുന്ദരികളായ സ്ത്രീകളും; ഈ പത്തുപേരുടെ സമൂഹത്തിൽ ദാരിദ്ര്യം അഥവാ വിശപ്പ് എന്നൊന്ന് നിലനിൽക്കില്ല. കാരണം ഭൂമിയിലെ വിഭവങ്ങൾ അവരുടെ ആവശ്യങ്ങളേക്കാൾ എത്രയോ മടങ്ങാണ്. ദാരിദ്ര്യം പട്ടിണി അനാഥത്വം ഉച്ചനീചത്വം എന്നിവ ഇല്ലാത്തതിനാൽ ഈ തിന്മകളെ എതിർക്കാനും പരിഹരിക്കാനും നന്മയുടേയും നീതിയുടേയും ആവശ്യമില്ല. അതായത് വിശുദ്ധന്മാരും മഹാന്മാരും രാഷ്ട്രീയക്കാരും നിയമപാലകരും അപ്രത്യക്ഷമാകും.

രണ്ടാമത്തെ പ്രശ്നം ലൈംഗിക ആസക്തി എന്ന ജന്മനായുള്ള വാസനയാണ്. ഇവരുടെ സമൂഹത്തിൽ വിവാഹമെന്ന ഏർപ്പാടില്ല എന്നും ഏതു പുരുഷനും ഏതു സ്ത്രീക്കും പരസ്പരം ബന്ധപ്പെടാമെന്നും വന്നാൽ (ഇത്തരം സമൂഹങ്ങൾ ലോകത്തു പല രീതിയിൽ നിലനിൽക്കുന്നുണ്ട്) ലൈംഗികത എന്ന അടിസ്ഥാന ആഗ്രഹത്തിന്റെ സ്വാർത്ഥ താൽപ്പര്യങ്ങൾ ഉണ്ടാവില്ല എന്ന് നാം ചിന്തിച്ചേക്കാം. എന്നാൽ അങ്ങിനെയല്ല,യാതൊരു വിദ്യാഭ്യാസവും സംസ്ക്കാരവും ഇല്ലാത്ത ആദിവാസികളാണെങ്കിൽ പോലും ലൈംഗിക സുഖത്തിന്റെ വ്യതിയാനത്തിൽ തിരഞ്ഞെടുപ്പും എല്ലാം തന്റേതു മാത്രമായിരിക്കണം എന്നുള്ള സ്വാർത്ഥതാപൂർണ്ണമായ നിർബന്ധബുദ്ധിയും നിലനിൽക്കും. അതിനാൽ ലൈംഗിക വൈകൃതവും അമിതമായ ലൈംഗിക ആസക്തിയും അവരിൽ കാണപ്പെടും. അതായത് ആത്മാവിനു രക്ഷപ്പെടാനുള്ള പഴുതുകൾ അടയ്ക്കപ്പെടുന്നു. ഈയൊരു ചെറിയ സമൂഹത്തിൽ പോലും പരമാനന്ദവും സ്വർഗ്ഗീയ സമാധാനവും നിലനിൽക്കില്ല



എന്നു മാത്രമല്ല മറ്റു മൃഗങ്ങളുടെയും സൂക്ഷ്മ ജീവികളുടെയും ആക്രമണവും രോഗ ങ്ങളും ഇവരെയും ശാരീരിക വേദനയിൽ നിലനിർത്തുകയും ചെയ്യും. ചിന്താപരമായ ഈ സാഹചര്യം സൂചിപ്പിക്കുന്നത്, പരമാർത്ഥ ജ്ഞാനത്തിലൂടെയല്ലാതെ മാനസിക സന്തോഷവും ആത്മാവിന്റെ പൂർണ്ണ സ്വാതന്ത്ര്യത്തിലൂടെയല്ലാതെ (സമാധി,നിത്യജീവൻ) ശാരീരിക വേദനയും മനുഷ്യന് ഒരു കാരണവശാലും ഇല്ലാതാക്കാൻ സാദ്ധ്യമല്ല എന്നാണ്. ശാരീരിക വേദന എന്നത് നാഢീകോശങ്ങളും,യാന്ത്രിക പ്രകമ്പനങ്ങളും മാനസിക വേദന എന്നത് ജീനുകളിൽ അടങ്ങിയിരിക്കുന്ന അനേകായിരം വാസനകളുടെ (ആഗ്രഹങ്ങൾ)ആന്തരിക പ്രകമ്പനങ്ങളുമാണ്. എന്നാൽ ശാരീരിക, മാനസിക വേദനകൾ ഇല്ലാതാക്കാൻ നാഢീവ്യൂഹത്തിൽ നിന്ന് വേദന എന്ന ഘടകത്തെ മാറ്റാമെന്നു വച്ചാൽ ആത്മാവെന്ന സാക്ഷിക്ക് അവബോധം ഉപയോഗിച്ച് മസ്തിഷ്ക്കവുമായി ബന്ധപ്പെടാൻ കഴിയാതെയും പോകുന്നു. ഇങ്ങനെ കൃത്രിമമായി ബോധത്തെ മസ്തിഷ്ക്കവുമായി ബന്ധപ്പെടുത്താതിരിക്കാൻ വേണ്ടിയാണ് മനുഷ്യർ മദ്യവും മയക്കുമരുന്നുകളും വേദന സംഹാരികളും കഴിക്കുന്നത്. ഈ രാസവസ്തുക്കൾ അസാധാരണമായ ഒരു സുഖം നൽകുന്നു. അതായത് ജീവനിൽ ബോധം ആത്മാവായി പ്രത്യക്ഷപ്പെട്ടാൽ വേദനയും ദുഃഖവും അല്ലെങ്കിൽ ഗാഢനിദ്രയ്ക്ക് സമാനമായ മറവി, (അതായത് മറ്റ് ജീവജാലങ്ങളുടെ അവസ്ഥ) ഇതാണ് നാം കാണുന്നത്. അതായത് നാഢീകോശങ്ങളുടെ സൂക്ഷ്മ നിശ്ചിത ജ്ഞാനം ഇല്ലാതാകുന്നു. (perceptional ability) ഇതിൽ നിന്ന് മനുഷ്യന്റെ ജന്മം ആത്മാവിനെ സ്വതന്ത്രമാക്കുന്നതിനു വേണ്ടിയുള്ളതാണെന്ന് നിസ്സംശയം തെളിയിക്കാം.

അവബോധവും നാഢീവ്യൂഹവും തമ്മിലുള്ള ബന്ധം എല്ലാ അർത്ഥത്തിലും മനുഷ്യന്റെ ഭൗതികജീവിതത്തിന്റെ ദുഃഖത്തിന് കാരണമാകുന്നു എന്നതിൽ സംശയമില്ല. ദുഃഖകാരണമായ ഒരു ജീവിതമാണ് പ്രകൃതി മനുഷ്യ ജന്മം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വിശ്വസിക്കാൻ സാദ്ധ്യമല്ല. പിന്നെ എന്തുകൊണ്ട് വിദ്യാസമ്പന്നരും ദരിദ്രരും കോടീശ്വരന്മാരും ഈ ജീവിതത്തിന് മറ്റൊരു സാധ്യത ഉണ്ടോ എന്ന് അന്വേഷിക്കാത്തത്? നിരാശയിൽ കഴിയുന്നവർ ആത്മഹത്യയുടെ സമയത്തു മാത്രമാണ് ജീവിതത്തെ ആവശ്യമില്ല എന്ന് വയ്ക്കുന്നത്. ഇവിടെയാണ് പ്രപഞ്ച സൃഷ്ടിയുടെയും അതിന്റെ ഭാഗമായ മനുഷ്യ ജന്മത്തിന്റെയും ഏറ്റവും വലിയ രഹസ്യം ഒളിഞ്ഞിരിക്കുന്നത്. **ജീവിതം 100% ദുഃഖമാണെന്നു യുക്തി കൊണ്ടും അനുഭവം കൊണ്ടും തെളി**

**യിച്ചാൽ പോലും ജീവിതത്തെ കൈവിടാൻ ആരും തയ്യാറല്ല**. മരണത്തെ എല്ലാവരും ഭയപ്പെടുന്നു. മരണം വേദനാജനകമാണ്. ഒരു വലിയ **ശ്വാസം മുട്ടലാണ്** അത്. അതിനാലാണ് മരണത്തെ ഭയപ്പെടുന്നതെന്ന് നമുക്കനുമാനിക്കാം. പക്ഷെ 60-70 വർഷത്തെ ശാരീരിക മാനസികമായ നീണ്ട വേദനയെക്കാൾ എത്രയോ ചെറുതാണ് മരണ വേദന. അപ്പോൾ ആ യുക്തിയും തെറ്റല്ലേ?

ജീവിതം ഒരു യുക്തിയാകാൻ വഴിയില്ല. യുക്തി-യുക്തമായ ചിന്ത ജീവന്റെ നിലനിൽപ്പിനെ മാത്രമേ സാഹായിക്കുകയുള്ളൂ. തനിയെ വരുന്ന സ്വാർത്ഥതയുടെ ചിന്തകൾ ആഗ്രഹങ്ങളിൽ നിന്ന് സംഭവിക്കുന്നതുമാണ്. അപ്പോൾ മനുഷ്യ ശരീരം ജീവന്റെ തുടർച്ചയും ജീവിതം സംഭവവുമാണെന്ന് നിശ്ചയമായും കരുതാം. ഈ സംഭവിക്കുന്ന ജീവിതത്തെ അത് ഏത് അവസ്ഥയിലുള്ളതായാലും നാം അതിനെ ജീവനു തുല്യം സ്നേഹിക്കുന്നു. ഓരോ മനുഷ്യനെ കൊണ്ടും താൻ ഒരു പ്രത്യേക ശരീരമാണെന്നും മനസ്സാണെന്നും ആരോ ചിന്തിപ്പിക്കുന്നുവെന്നല്ലെ ഇതിനർത്ഥം? കണ്ടിട്ടും കാണാത്തതുപോലെയും കേട്ടിട്ടും കേൾക്കാത്തതു പോലെയും അനുഭവിച്ചിട്ടും അനുഭവിക്കാത്തതുപോലെയും നാം ആർക്കോ, എന്തിനോ വേണ്ടി ജീവിക്കുന്നു. അതിന്റെ ഏറ്റവും വലിയ തെളിവാണ് നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ഹോർമോണുകളെയും നമുക്കു നിയന്ത്രിക്കാൻ കഴിയാതെ പോകുന്നത്. **''നന്മയാണ് ഞാൻ ആഗ്രഹിക്കുന്നതെങ്കിലും തിന്മയിലും വേദനയിലും മാത്രമാണ് എനിക്കു ജീവിക്കാൻ കഴിയുന്നത്''.** ഇതൊരു വിഷമ വൃത്തമാണ്. ഇതിനകത്തുപെട്ടുപോയാൽ മോചനമില്ല. ഇതാണ് ജീവിതത്തിന്റെ ഏറ്റവും വലിയ രഹസ്യം. ഈ രഹസ്യം പുറത്തായിരുന്നുവെങ്കിൽ അഥവാ മറ്റുള്ള ശക്തികളിലായിരുന്നുവെങ്കിൽ നമുക്കു കണ്ടുപിടിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഈ രഹസ്യം നാം ഓരോരുത്തരും തന്നെയായാൽ അന്ധന്റെ അവസ്ഥയാകും. പ്രകാശത്തെ കുറിച്ച് സിദ്ധാന്തങ്ങൾ രൂപീകരിക്കാൻ അന്ധനു കഴിഞ്ഞേക്കാം. അത് അനുഭവിക്കാൻ സാധിക്കില്ല. അന്ധന്റെ ലോകത്ത് തടസങ്ങൾ ഇല്ല. മറ അഥവാ തടസം എന്ന വാക്കുകളുടെ അർത്ഥം അന്ധനെ ഒരു കാലത്തും ബോദ്ധ്യപ്പെടുത്താൻ സാദ്ധ്യമല്ല. അതുപോലെ ആഗ്രഹങ്ങളും സ്വാർത്ഥതയുമാണ് ബോധമെന്ന ദൈവത്തെ അനുഭവിക്കുവാനുള്ള തടസമെന്ന് ബോദ്ധ്യപ്പെടുത്തുക എളുപ്പമല്ല അഥവാ താൻ സ്വയം ദൈവമാണെന്ന് അനുഭവിക്കുവാനുള്ള ഏക തടസം. അതിനാൽ ഒരു അന്ധന്റെ കണ്ണു തുറക്കുമ്പോൾ പ്രകാശം ഒരു യുക്തിയാ



യല്ല,അനുഭവമായാണ് അയാൾ മനസ്സിലാക്കുന്നത്. കണ്ണിനു പകരമായി എന്തു നൽകിയാലും അന്ധന് പ്രകാശം അനുഭവമാകില്ല.

അതുപോലെ ആത്മാവിനെ തൊട്ടറിയാനും അനുഭവിക്കാനും ഒരു ഇന്ദ്രിയം തന്നെ വേണം. ആ ഇന്ദ്രിയമാണ് മനുഷ്യനിൽ നിലനിൽക്കുന്ന ലൈംഗിക ആസക്തി അഥവാ ലൈംഗിക സുഖമെന്ന അടിസ്ഥാന ആഗ്രഹം. ഇത് എങ്ങിനെ ഇന്ദ്രിയമാകുമെന്ന് നാം ആലോചിക്കുന്നു. ശരിയാണ്. ഇത് ഒരു ഇന്ദ്രിയമല്ല. പക്ഷെ ഇതൊരു പ്രവർത്തനമാണെന്ന് നമുക്കറിയാം. ഈ ഇന്ദ്രിയ പ്രവർത്തനത്തിന് എതിരായി നാം സഞ്ചരിക്കണം. അതാണ് യഥാർത്ഥ ബ്രഹ്മചര്യം. ബോധശാസ്ത്രത്തിലൂടെയുള്ള ബ്രഹ്മചര്യം. ഈ ബ്രഹ്മചര്യത്തിൽ ആര് എപ്പോൾ ഏത് ജന്മത്തിൽ എത്തുന്നുവോ അന്ന് അവന്റെ മനസ്സ് ഒരു **'ഇന്ദ്രിയ'** തലത്തിലേക്ക് ഉയരും. ഇതിനെയാണ് നാം ബോധോദയം എന്ന് പറയുന്നത്. ആ **'ഇന്ദ്രിയ'** തലത്തിൽ നിന്ന് തിരിഞ്ഞുനോക്കുമ്പോൾ മാത്രമെ ജീവിതത്തിന്റെ സങ്കീർണ്ണമായ രഹസ്യവും വിഷമവൃത്തത്തിന്റെ വലിപ്പവും നാം കാണുകയുള്ളു. അതിൽ നിന്ന് രക്ഷപ്പെടാൻ ആ ഇന്ദ്രിയം നമ്മെ സഹായിക്കും. ഇവിടെയാണ് ജീവിതരഹസ്യത്തിന്റെ അന്ത്യം. നാമെല്ലാം ലൈംഗിക വേഴ്ചയുടെയും സ്വയംഭോഗത്തിലൂടെയും കള്ള ബ്രഹ്മചര്യത്തിലൂടെയും ജീവിതത്തിന്റെ രഹസ്യവും ദുരിതങ്ങളുടെ കാരണവും നിത്യജീവനും സമാധിയും നിർവ്വാണയും സ്വർഗ്ഗരാജ്യവും അന്വേഷിക്കുകയും അതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ഒരു വിപരീത പ്രക്രിയയിലാണ് ജീവിത രഹസ്യം ഒളിപ്പിച്ചുവെച്ചിരിക്കുന്നത്. അതുകൊണ്ടാണ് പതിനായിരക്കണക്കിനു വർഷങ്ങളായി മനുഷ്യബുദ്ധി വികസിക്കുകയും നശിക്കുകയും വീണ്ടും വികസിക്കുകയും ചെയ്തിട്ടും ആത്മാവിനെ കണ്ടെത്താൻ കഴിയാതെ പോയത്. **ജീവന്റെ ഏറ്റവും വലിയ അടിസ്ഥാനത്തിൽ ഈ രഹസ്യം ഒളിപ്പിച്ചത് ആത്മാവ് തന്നെയാണ്. അന്വേഷിക്കുന്നതും ആത്മാവ് തന്നെയാണ്. ഒളിപ്പിച്ച സ്ഥലം ആത്മാവ് മറന്നുപോയി.**

തന്നെ കൊത്താൻ വരുന്നു എന്ന് സങ്കൽപ്പിച്ച്, കുരങ്ങ് പാമ്പിന്റെ കഴുത്തിൽ പിടിച്ച് ശരീരത്തിൽ നിന്ന് അകലേക്കു നീട്ടി പിടിക്കുന്നതു പോലെയാണിത്. പിടിവിട്ടാൽ പാമ്പ് കടിക്കുമെന്ന് കുരങ്ങ് തെറ്റിദ്ധരിക്കുന്നു. തന്നെ ഒന്നു വിട്ടു കിട്ടിയായാൽ എങ്ങിനെയെങ്കിലും ജീവനും കൊണ്ട് ഓടി രക്ഷപ്പെടാമെന്ന് പാമ്പ് വിചാരിക്കുന്നു. കുരങ്ങിന്റെ അറിവില്ലായ്മ നിലനിൽക്കുന്നിടത്തോളം കാലം കുരങ്ങ് ഭയപ്പെട്ടു കൊണ്ടിരിക്കുകയും ദുഃഖിക്കുകയും ചെയ്യും. പാമ്പ് കിടന്ന് പിടയ്ക്കുകയും

ചെയ്യും. അതുപോലെ തന്നെയാണ് ലൈംഗിക സുഖമെന്ന പാമ്പിന്റെ അവസ്ഥയും. മനുഷ്യർ അതിനെ മനസ്സു കൊണ്ട് തള്ളിയാൽ അത് എന്നന്നേയ്ക്കുമായി അപ്രത്യക്ഷമാകും അല്ലെങ്കിൽ അത് ദുഃഖവും വേദനയും നൽകിക്കൊണ്ടിരിക്കും. ഒരുവന്റെ ഭയവും ദുഃഖവും മനസ്സിൽ നിന്ന് എന്നന്നേയ്ക്കുമായി നീങ്ങിയാൽ അവൻ അനുഭവിക്കുന്ന ആത്മാവിന്റെ സന്തോഷം അത് അനുഭവിക്കുന്നവനേ അറിയൂ, അത് ജീവിതത്തിൽ നിലനിൽക്കുന്ന ഒരു സന്തോഷമായും താരതമ്യം ചെയ്യാൻ കഴിയാത്ത അത്രയ്ക്ക് വലുതാണ്. ലൈംഗികത ഭൗതിക ജീവന്റെ അടിസ്ഥാനമാണെങ്കിലും ആത്മാവിന്റെ/ നിത്യജീവന്റെ അഥവാ സമാധിയുടെ ഏറ്റവും വലിയ ശത്രുവാണെന്നു നാം തിരിച്ചറിയണം. കുരങ്ങിന്റെ അറിവില്ലായ്മ നമ്മളിൽ നിലനിൽക്കുന്നതാണ് നമ്മുടെ പ്രശ്നം. ലൈംഗിക ആസക്തി വിട്ടാൽ പിന്നീട് ജീവിതമില്ലെന്നും ജീവിതത്തിന്റെ ഏറ്റവും വലിയ അർത്ഥം അതാണെന്നും കുരങ്ങിനെപ്പോലെ നമ്മളും തെറ്റിദ്ധരിക്കുന്നു. ആസക്തി വിട്ടാൽ ജീവിതം എങ്ങനെയായിരിക്കും എന്ന് ഒരു പരീക്ഷണമായിപ്പോലും നോക്കാൻ നാം തയ്യാറല്ല.

ലൈംഗിക ആസക്തി ഒരു ആഗ്രഹമാണ്. ഇത് യഥാർത്ഥ ബോധത്തിൽ (ആത്മാവിൽ) നിന്ന് മനസ്സിൽ എത്തുമ്പോൾ പൊസിറ്റീവ് നെഗറ്റീവ് എന്നീ രണ്ടു ചിന്തകളായി വിഘടിക്കപ്പെടുന്നു. ഈ ചിന്തകൾ ശരീരത്തിന്റെ നിലനിൽപ്പായും ജീവിതമായും മനുഷ്യൻ തെറ്റിദ്ധരിക്കുന്നു. കാരണം ഇവയ്ക്ക് വികാരങ്ങളുടെയും നെഗറ്റീവ് ഹോർമോണുകളുടെയും ജനിതക കണികകളുടെയും പിൻബലമുണ്ട്. അതിനാൽ ജീവിതവും ശരീരവും യാഥാർത്ഥ്യമല്ല എന്ന് ബുദ്ധിക്ക് തിരിച്ചവ് ഉപയോഗിച്ച് കണ്ടുപിടിക്കാൻ സാദ്ധ്യമല്ലാതാകും. ഉദാഹരണത്തിന് ലൈംഗീക ആസക്തികൊണ്ട് രണ്ട് മക്കൾ ഉണ്ടായാൽ ജീവിതം കെട്ടിപിടിച്ച യാഥാർത്ഥമായി മാറും കാരണം കുട്ടികളെ സംരക്ഷിച്ച് വളർത്തി വലുതാക്കുക എന്നത് ജീവിന്റെ സ്വാഭികതയാണ്. സ്വാഭാവികതയിൽ യാഥാർത്ഥ്യം വന്നാൽ യാഥാർത്ഥ്യം കൂടുതൽ യാഥാർത്ഥ്യമായി മാറും. ആഗ്രഹങ്ങൾ പൊസിറ്റീവ്-നെഗറ്റീവ് ചിന്തകളായി വിഭജിക്കപ്പെടുമ്പോൾ മനസ്സിൽ ആഗ്രഹങ്ങൾ ഒളിപ്പിക്കപ്പെടുന്നു. അതിനാലാണ് ജീവിതം ആഗ്രഹത്താൽ സംഭവിച്ചതാണെന്ന് മനുഷ്യബുദ്ധിക്ക് ഒരു ജീവിതത്തിലും കണ്ടെത്താൻ കഴിയാതെ പോകുന്നത്. എന്നാൽ ഈ ആഗ്രഹം ലൈംഗിക ആസക്തി എന്ന നെഗറ്റീവ് ചിന്തയിലും അനുകമ്പ, നന്മ പ്രവൃത്തികൾ,കരുണ,ദയ,പ്രാർത്ഥന,ഉപവാസം,ധ്യാനം എന്നീ ഉയർന്ന മൂല്യങ്ങളായ പൊസിറ്റീവ് ചിന്തകളിലും ഒളിച്ചിരിക്കുന്നതിനാൽ



യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെയും ശരിയായ അനുഭവജ്ഞാനത്തിലൂടെയും മാത്രമെ fd-യെ കണ്ടെത്താനും തള്ളിക്കളയുവാനും മനുഷ്യനു കഴിയുകയുള്ളു. എന്നാൽ മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പ് സംസ്ക്കാരം ബന്ധങ്ങൾ, ധർമ്മം, കടപ്പാടുകൾ ആചാരങ്ങൾ ഭക്തി എന്നിവ കൊണ്ട് മറച്ചു പിടിച്ചിരുന്നതിനാൽ ഒരു അന്വേഷകനും തന്റെ അന്വേഷണത്തെ ലൈംഗികതയിലേക്കും നന്മയുടെ ആഴങ്ങളിൽ ഒളിച്ചിരിക്കുന്ന സ്വാർത്ഥതയുടെ സൂത്രങ്ങളിലേക്കും തിരിച്ചുവിടാൻ കഴിയാതെ പോകുന്നു. ഇതിനു കാരണം മരണ ഭയമാകുന്നു.

## ആപേക്ഷികമല്ലാത്ത ഒരേഒരു പാപം

താൻ ഒരു വ്യക്തിയാണെന്നും മനസ്സാണെന്നും തെറ്റിദ്ധരിക്കുന്ന മനുഷ്യൻ ലൈംഗികതയിലും മരണഭയത്തിലും ഒളിഞ്ഞിരിക്കുന്ന ലൈംഗിക ആസക്തിയെന്ന ആപേക്ഷികമല്ലാത്ത പാപത്തെ തിരിച്ചറിയുന്നില്ല. സാക്ഷിയാകലിലൂടെ യഥാർത്ഥ ബ്രഹ്മചര്യവും നിഷ്ക്രിയീക്കരിക്കലിലൂടെ മരണഭയത്തെയും അതിജീവിക്കുമ്പോൾ ജീവന്റെ അടിസ്ഥാനത്തിൽ ഒളിഞ്ഞിരിക്കുന്ന ലൈംഗിക ആസക്തി അനുഭവ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ വരികയും നശിച്ചു പോകുകയും ചെയ്യുന്നു. ഇതല്ലാതെ ഈ പാപത്തെ നശിപ്പിക്കാൻ മറ്റു മാർഗ്ഗമില്ല. കാരണം ഇത് ആപേക്ഷികമല്ലാത്ത ഒരു പാപമാകുന്നു. മനുഷ്യജീവിതത്തിലെ എല്ലാ പാപങ്ങളും (വഞ്ചന, നുണ, അസൂയ, പ്രതികാരം, ദേഷ്യം) ആപേക്ഷികങ്ങളായതിനാൽ നന്മയിലൂടെ (കരുണ, ദയ, അനുകമ്പ മുതലായവ) പരിഹാരം കണ്ടെത്താം. എന്നാൽ ലൈംഗിക ഊർജ്ജം നെഗറ്റീവ് അല്ലാത്തതിനാൽ അതിനെതിരായി മറ്റൊരു പൊസറ്റീവ് വികാരത്തെ ഉണ്ടാക്കുക സാധ്യമല്ല. ലൈംഗീക ഊർജ്ജം സുഖം നൽകുകയും ആ സുഖം പിന്നീട് തീരാത്ത ദുഃഖത്തെ സമ്മാനിക്കുകയും ചെയ്യുന്നു. സത്യത്തിൽ സുഖമല്ല ഇവിടെ ദുഃഖമായി മാറിയത് മറിച്ച് സുഖത്തിൽ നിന്നും ഉണ്ടായ ഒരു ഉൽപ്പന്നമാണ് ദുഃഖത്തെ സൃഷ്ടിക്കുന്നത്. അതിനാൽ മനുഷ്യബുദ്ധി തന്ത്രപൂർവ്വം ഇതിനെ മറച്ചു പിടിക്കുന്നു. അതിനെയാണ് നാം ജീവിതമെന്ന് വിളിക്കുന്നത്. ലൈംഗികാസക്തിക്കും പ്രവർത്തിക്കും ഒരു തിരിച്ചറിവ് അഥവാ അവബോധം ആവശ്യമില്ല എന്ന് മനുഷ്യബുദ്ധിക്ക് കണ്ടെത്താൻ കഴിയുന്നില്ല. അതിനാൽ കാമമെന്ന സ്ത്രീ-പുരുഷ ബന്ധത്തിൽ കുടുങ്ങിക്കിടക്കുന്ന ആത്മാവിന് എല്ലാ ജന്മത്തിനും നരകയാതന ഏറ്റുവാങ്ങേണ്ടി വരുന്നു. മാറാവ്യാധികളും പകർച്ചവ്യാധികളും അസ്സഹനീയമായ വേദനകളും മനുഷ്യർ അനുഭവിച്ചിട്ടും അത്തരം ഒരു വേദന മൃഗങ്ങളിൽ നിലനിൽക്കുന്നില്ല എന്നറിഞ്ഞിട്ടും

അതിന്റെ അടിസ്ഥാന കാരണങ്ങൾ അന്വേഷിക്കാതെ സ്വയം വിഡ്ഢിയാകുന്നത് ഏറെ ദയനീയമാണ്. ലൈംഗിക ആസക്തിയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യബുദ്ധി ഇന്ദ്രിയ സൂക്ഷ്മ നിശ്ചിത ജ്ഞാനം ശരിയാണെന്ന് ധരിക്കുന്നു. പുരുഷൻ ജ്ഞാനത്തിൽ മുന്നേറുകയും സ്ത്രീ അനുസരണയോടെ അനുഗമിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥ ബ്രഹ്മചര്യം സംഭവിക്കുകയും ജീവിതം ലൈംഗിക ആസക്തിയുടെ സംഭവമാണെന്നും അതിൽ നിന്നുള്ള ഏക മോചനം ആത്മാവിന്റെ ഉണർവ്വാണെന്നും തിരിച്ചറിയുന്നു. ജീവിതത്തിൽ എപ്പോഴെങ്കിലും ഒരു പരീക്ഷണമായെങ്കിലും യഥാർത്ഥ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവർക്ക് ഇത് കണ്ടെത്താൻ കഴിയും.

ലോകത്തിലെ എല്ലാ ജീവജാലങ്ങളിലും ലൈംഗിക ആസക്തി പ്രത്യുൽപ്പാദനത്തിന്റെ ഉൾപ്രേരണയായി നിലനിൽക്കുമ്പോൾ അവബോധമെന്ന ദൈവീകമായ തിരിച്ചറിവ് ബുദ്ധിയിൽ പ്രകാശിപ്പിക്കപ്പെട്ടപ്പോൾ മനുഷ്യൻ ലൈംഗിക ആസക്തി ഒരു ഉന്മാദമായി തെറ്റിദ്ധരിച്ചെങ്കിൽ അത് ആരുടെയും കുറ്റമല്ല. മറിച്ച് ഒരു ദുശ്ശാഠ്യമാണത്. കണ്ടാലും കേട്ടാലും അനുഭവിച്ചാലും മനസ്സിലാക്കാത്ത അവസ്ഥ. അതായത് അവബോധം ഒരു ലെൻസിന് സമാനമാണ്. അത് മനുഷ്യബുദ്ധിക്കു നേരെ പിടിച്ചപ്പോൾ പ്രത്യുൽപ്പാദനത്തിന്റെ ഉൾപ്രേരണയായി നിലനിൽക്കുന്ന ലൈംഗിക ആസക്തി വലുതായി തോന്നിയെങ്കിൽ അത് വെറും ഒരു തോന്നലാണെന്ന് തിരിച്ചറിയാൻ ഒരുപക്ഷെ മനുഷ്യബുദ്ധി ഇനിയും പരിണാമത്തിലൂടെ വളരേണ്ടതുണ്ടായിരിക്കാം. അല്ലെങ്കിൽ ഇത്രയും വലിയൊരു ജനസമൂഹത്തിന് മുഴുവനും തെറ്റ് പറ്റിയെന്ന് വിശ്വസിക്കാൻ നമുക്കാവില്ല. എന്നാൽ തിരിച്ചറിവ് എന്ന ലെൻസ് ബുദ്ധിക്കു നേരെ പിടിച്ചാൽ പരമാർത്ഥജ്ഞാനത്തിന്റെ വെളിച്ചം ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിച്ച് ബുദ്ധിയിൽ ഒളിഞ്ഞിരിക്കുന്ന അടിസ്ഥാന ആഗ്രഹത്തെ ചാമ്പലാക്കാമെന്ന സാദ്ധ്യത നാം ഉപയോഗിക്കേണ്ടിയിരിക്കുന്നു. അതിന് ലെൻസിന്റെ വലുതാക്കി കാണിക്കുക എന്ന ഗുണം ഉപയോഗിക്കേണ്ടത് ബുദ്ധിയുടെയും ഓർമ്മ ശക്തിയുടെയും പഞ്ചേന്ദ്രിയങ്ങളുടെയും സൂക്ഷ്മ നിശ്ചിത ജ്ഞാനത്തിന്റെയും സൂക്ഷ്മമായ വിശകലനത്തിലാണ്. യഥാർത്ഥ ബ്രഹ്മചര്യം ജീവിത രഹസ്യത്തെ അനുഭവമായി നൽകുകയും,പരമാർത്ഥജ്ഞാനം അഗ്നിയായി ദുശ്ശാഠ്യമെന്ന അടിസ്ഥാന ആഗ്രഹത്തെ എന്നന്നേയ്ക്കുമായി നശിപ്പിച്ച് ആത്മാവിനെ വീണ്ടുമൊരു ജന്മമെടുക്കാതെ നിത്യതയിലേക്ക് നയിക്കുന്നു. എന്നാൽ ബ്രഹ്മചര്യം കൂടാതെ പരമാർത്ഥജ്ഞാനം അനുഭവമാകാൻ



സാധ്യമല്ല എന്ന അറിവ് ലോകത്തിന് എങ്ങിനെ നഷ്ടപ്പെട്ടുവെന്ന് കണ്ടെത്തുവാൻ നമുക്ക് കഴിയും. കാരണം മനുഷ്യർക്ക് ബുദ്ധിയും ബോധവും രണ്ട് വ്യത്യസ്ത ഘടകങ്ങളാണെന്ന് കണ്ടെത്താൻ കഴിയാതെ പോയി. അതിനാൽ ആയിരക്കണക്കിന് ജന്മങ്ങളിലായി മനുഷ്യർ അവബോധത്തെ അറിവായും വിവരങ്ങളായും കണ്ടെത്തലുകളായും തെറ്റിദ്ധരിക്കുകയും ബ്രഹ്മചര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെയും പോയി. ശാസ്ത്രങ്ങളും വേദങ്ങളും മനഃപാഠമാക്കിയ പണ്ഡിതൻ നീന്തൽ വശമില്ലാതിരുന്നത് കൊണ്ട് വഞ്ചി മുങ്ങി മരിച്ച സംഭവം ഇതിന് സമാനമാണ്. എന്നാൽ ഇതൊന്നുമറിയാത്ത വഞ്ചിക്കാരന് തന്റെ ജീവൻ (നിത്യജീവൻ) എളുപ്പത്തിൽ രക്ഷിക്കാൻ കഴിയുന്നതു പോലെയാണിത്. യുക്തിയുടെ വളർച്ച ബുദ്ധിയുടെ വളർച്ചയാണെങ്കിൽ ആ ബുദ്ധി ആത്മാവിന്റെ സ്വാതന്ത്ര്യത്തിന് എതിരാണെന്ന് മിസ്റ്റിക്കുകൾ പറഞ്ഞതിന്റെ അർത്ഥം ഇതാണ്. പരമാർത്ഥജ്ഞാനം നിങ്ങളെ സ്വതന്ത്രമാക്കുമെന്ന മിസ്റ്റിക് വചനത്തിൽ സ്വാതന്ത്ര്യമെന്നത് ഭൗതിക സ്വാതന്ത്ര്യമാണെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചു. എന്നാൽ അത് ആത്മാവിന്റെ എന്നന്നേക്കുമായ സ്വാതന്ത്ര്യമാണെന്ന് മനസ്സിലാക്കുവാൻ ഇനിയും വൈകുന്നത് ആപത്താണ്. കാരണം സംസ്ക്കാരമുണ്ടെന്ന് വീമ്പിളക്കുന്ന നാം ജീവിതം കൊണ്ട് മൃഗങ്ങളേക്കാൾ പിന്നിലാണ്. സ്വയംഭോഗം, സ്വവർഗ്ഗ രതി, ആത്മഹത്യ, ഭ്രാന്ത് ഇവ മൃഗങ്ങളിൽ നിലനിൽക്കുന്നില്ല. അതിനാൽ മൃഗങ്ങളുടെ മുന്നിൽ നാം നാണം കെട്ടവരാണ്. ഭോഗാവസ്ഥയിൽ ജീവിക്കുമ്പോൾ മാത്രമാണ് നാം മൃഗങ്ങൾക്ക് തുല്യരാകുന്നത്. എന്നാൽ ബോധം തിരിച്ചറിവായി നിലനിൽക്കുന്ന മനുഷ്യനിൽ ജീവിതം സംഭവിച്ചത് ഭോഗിക്കാൻ മാത്രമാണെന്ന് ചിന്തിക്കുവാൻ, ബുദ്ധിയുള്ള ഒരു ജനതയ്ക്ക് കഴിയില്ല. അതിനാൽ ഭോഗം ഉപേക്ഷിക്കുന്നതിനുള്ള ബുദ്ധിയും തന്ത്രവും വികസിപ്പിക്കുവാൻ മനുഷ്യബുദ്ധിക്ക് കഴിഞ്ഞാൽ മാത്രമെ നാം മൃഗാവസ്ഥയിൽ നിന്ന് ഉയരുകയുള്ളു. അതാണ് മനുഷ്യ ജന്മത്തിന്റെ ലക്ഷ്യം. അതിലേക്കുള്ള ബുദ്ധിയുടെ പരിണാമമാണ് യഥാർത്ഥ ബോധശാസ്ത്ര ബ്രഹ്മചര്യം.

ഭൗതികതലത്തിൽ സ്ത്രീയും പുരുഷനും ഒരു പോലെയാണെങ്കിലും നെഗറ്റീവ് ഹോർമോണുകളുടെ വ്യതിയാനത്തിൽ, ആത്മീയ തലത്തിൽ അവർ വ്യത്യസ്തരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആപേക്ഷിക സ്നേഹത്തിലൂടെ അഹങ്കാരവും അനുസരണക്കേടും സ്ത്രീ മറച്ചുപിടിക്കുമ്പോൾ അഭിമാനത്തിലൂടെയും ഉത്തരവാദിത്തത്തിലൂടെയും പുരുഷൻ തന്റെ സ്വാർത്ഥതയേയും മറച്ചുപിടിക്കുന്നു. അങ്ങിനെ പര

സ്പര ബഹുമാനത്തെ പ്രകൃതി അട്ടിമറിക്കുന്നു. ഹിംസയിലൂടെയുള്ള ഇക്കോവ്യൂഹത്തിലൂടെ മനുഷ്യബുദ്ധി പരിണമിച്ചതിനാലാണ് ഇത്തരം ഒരു ഗതികേട് മനുഷ്യന് സംഭവിച്ചത്. പുരുഷനിൽ നിന്നാണ് സ്ത്രീ ഉത്ഭവിച്ചതെന്ന് ബോധശാസ്ത്രം തിരിച്ചറിയുന്നു. ജീവപരിണാമത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലുള്ള ജീവികളിൽ സ്ത്രീ-പുരുഷ ലിംഗങ്ങൾ ഒരേ ശരീരത്തിൽ തന്നെ കാണപ്പെടുന്ന അവസ്ഥയുണ്ട്. (മണ്ണിര, ഹൈഡ്ര എന്നീ ജീവികൾ) എന്നാൽ പിന്നീട് അവ രണ്ട് എതിർ ലിംഗങ്ങളുള്ള ജീവികളായി വേർതിരിയുന്നു. അതായത് 'പുരുഷ്' (ബ്രഹ്മം എന്ന അടിസ്ഥാന ആഗ്രഹം തന്നെ) നിൽ നിന്നും സ്ത്രീയും പുരുഷനും വേർപ്പെട്ടു എന്നത് ജ്ഞാനത്തിലൂടെ ആർക്കും കണ്ടെത്താനാകുന്നതാണ്. 'പുരുഷ്' എന്നത് ബ്രഹ്മം തന്നെയെങ്കിൽ ആ ബ്രഹ്മത്തിലാണ് പരമാർത്ഥജ്ഞാനം സ്വീകരിക്കുകയില്ല എന്ന ദുശ്ശാഠ്യം നിലനിൽക്കുന്നത്. അതായത് പരമാർത്ഥജ്ഞാനം പുരുഷനിൽ നിലനിൽക്കുന്നു എന്നത് ഇതിൽ വ്യക്തമാകുന്നു. എന്നാൽ ലൈംഗികതയിൽ പുരുഷൻ സ്ത്രീയെക്കാൾ ദുർബലനായിരിക്കുന്നതിനാൽ പുരുഷനിൽ യഥാർത്ഥ ബ്രഹ്മചര്യം ഏറെ ദുഷ്ക്കരമാണ്. അതായത് സ്ത്രീയിൽ പരമാർത്ഥജ്ഞാനവും പുരുഷനിൽ ബ്രഹ്മചര്യവും മിക്കവാറും അസാധ്യമായി പ്രകൃതി നിലനിർത്തിയിരിക്കുന്നു. അതിനാൽ രണ്ടുപേരുടെയും ആത്മാവിന്റെ രക്ഷപ്പെടൽ അല്ലെങ്കിൽ മോക്ഷത്തിലേക്കുള്ള ഉണർവ്വ് കഠിനമാകുന്നു. എന്നാൽ ഈ സത്യം പരമാർത്ഥജ്ഞാനത്തിലൂടെ തിരിച്ചറിഞ്ഞാൽ രണ്ട് പേർക്കും രക്ഷപ്പെടാൻ എളുപ്പമാണ്. ബ്രഹ്മചര്യം എല്ലാ ബന്ധങ്ങളിൽ നിന്നുമുള്ള പൂർണ്ണ സ്വാതന്ത്ര്യമായതിനാൽ പുരുഷന് പരമാർത്ഥജ്ഞാനം വളരെ വേഗം സംഭവിക്കുന്നു. എന്നാൽ ഒരു സ്ത്രീക്ക് പുരുഷനിൽ (ഗുരുവിൽ) നിന്നും പരമാർത്ഥജ്ഞാനം സ്വീകരിക്കാതെ രക്ഷപ്പെടാൻ സാധ്യമല്ല. ഭൗതിക തലത്തിൽ സ്ത്രീയും പുരുഷനും തുല്യരാണെങ്കിലും ആത്മാവിന്റെ രക്ഷപ്പെടലിൽ അവർ തുല്യരല്ല എന്ന് ഇത് വ്യക്തമാക്കുന്നു. അതായത് എല്ലാ പുരുഷനിലും ദൈവം ഗുരു ചൈതന്യമായി നിലനിൽക്കുന്നു. അത് തിരിച്ചറിഞ്ഞ പുരുഷനെ ആത്മീയ ഗുരുവായി സ്വീകരിക്കുന്ന ഏത് സ്ത്രീക്കും അനുസരണയിലൂടെ തുരീയത്തിലേക്ക് ഉണരാൻ കഴിയുന്നു. അതായത് ബ്രഹ്മചര്യമുള്ള ഒരു സ്ത്രീക്ക് മാത്രമെ യഥാർത്ഥ അനുസരണം വഴങ്ങുകയുള്ളു. പൂർണ്ണമായ ബ്രഹ്മചര്യത്തിൽ എത്തിയ ഏതൊരു പുരുഷനിലും പരമാർത്ഥ ജ്ഞാനം വളരെ വേഗം അനുഭവമാകും. അത്തരത്തിലുള്ളൊരു പുരുഷൻ, സ്ത്രീയെ സംബ



ന്ധിച്ച് ആരായാലും (ഭർത്താവ്, അച്ഛൻ, സഹോദരൻ, സുഹൃത്ത്) അദ്ദേഹത്തെ ഗുരുവായി സ്വീകരിക്കാൻ സ്ത്രീക്ക് കഴിയും.

ഇവിടെ സ്വാഭാവികമായും ഒരു സംശയം വരാം. എന്തുകൊണ്ട് ഒരു സ്ത്രീക്ക് സ്വയം ആത്മാവിനെ രക്ഷപ്പെടുത്താൻ കഴിയുന്നില്ല? അല്ലെങ്കിൽ ഒരു ശിഷ്യന് എന്തുകൊണ്ടാണ് ഗുരുവിനെ കൂടാതെ രക്ഷപ്പെടാൻ സാധ്യമല്ലാത്തത്? ഇതിന്റെ ഉത്തരം വളരെ ലളിതമാണ്. ബോധശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ പ്രകാരം മനുഷ്യ മനസ്സിന്റെ ഏറ്റവും വലിയ അടിമത്തംഓരോ മനുഷ്യനും തന്നിൽ സൂക്ഷിക്കുന്ന ലൈംഗിക കുറ്റകൃത്യങ്ങളുടെ (ഇവ ചിന്തകളോ പ്രവൃത്തികളോ ആകാം) രഹസ്യങ്ങളാണ്. ഇവ മനസ്സിൽ നിന്നും നീക്കം ചെയ്യാതെ ഒരാത്മാവിനും എന്നന്നേയ്ക്കുമായി രക്ഷപ്പെടാനുള്ള ജ്ഞാനം സംഭവിക്കുകയില്ല. അതുകൊണ്ടാണ് മനുഷ്യനിൽ ജനനം മുതൽ മരണംവരെ ഭയം നിലനിൽക്കുന്നത്. ഇവിടെയാണ് യഥാർത്ഥ ബ്രഹ്മചര്യത്തിന്റെ പ്രസക്തി. യഥാർത്ഥ ബ്രഹ്മചര്യം എന്ത് എന്നറിയുന്നതിനും അതിൽ നിന്നുള്ള ന്യൂട്രൽ ഊർജ്ജം ഉപയോഗിച്ച് ഭയത്തെ നീക്കം ചെയ്യുന്നതിനും ഒരു ഗുരുവിന്റെ സാന്നിധ്യം കൂടിയേ തീരൂ.

യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെ ന്യൂട്രൽ ഊർജ്ജം ഉയർത്തുവാൻ സഹായിക്കുന്ന ഗുരു ഒരുവന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു കിടക്കുന്ന എല്ലാ രഹസ്യങ്ങളും പുറംതള്ളുവാൻ സഹായിക്കുന്നു. എന്നാൽ ഇവിടെ വലിയ ഒരു അപകടം പതിയിരിക്കുന്നു. ബന്ധങ്ങളുടെ ബന്ധനത്തിൽ നിലനിൽക്കുന്ന സമൂഹത്തിലെ ഒരു വ്യക്തി തുറന്ന് പറയുന്ന സത്യങ്ങൾ മറ്റുള്ളവരുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ അയാൾ അത് തുറന്ന് പറയുമ്പോൾ ഗുരു യഥാർത്ഥമല്ലെങ്കിൽ ആ വ്യക്തി കുറ്റവാളിയാകുകയോ പീഢിപ്പിക്കപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്തേക്കാം. സ്ത്രീകളുടെ കാര്യത്തിൽ ഇത് പുരുഷന്മാരേക്കാളും പതിന്മടങ്ങ് അപകടം പിടിച്ചതാണ്. യഥാർത്ഥ ഗുരു ഇത്തരം രഹസ്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിന് സ്വന്തം ജീവൻ പോലും ബലി നൽകാൻ തയ്യാറാകുന്നു. ഇവിടെയാണ് എല്ലാ അന്വേഷകരും വഴിമുട്ടുന്നത്. കാരണം യഥാർത്ഥ ഗുരുവിനെ കണ്ടുപിടിക്കുക എളുപ്പമല്ല. **സ്വന്തം അധ്വാനഫലത്തെ ആശ്രയിച്ചു നിൽക്കുന്നതും പരമാർത്ഥജ്ഞാനം അനുഭവമായി പ്രവർത്തിക്കുന്നവനാണ് യഥാർത്ഥ ഗുരു.** ഗുരുവിനെ ആരാധിക്കുന്നവൻ ഭക്തനാണ്. അയാൾക്ക് മോക്ഷത്തിലേക്ക് ഉണരാനോ നിർവ്വാണ പ്രാപിക്കാനോ സാദ്ധ്യമല്ല. ആകാംഷയുള്ള അന്വേഷകനും അന്വേഷണത്തിനായി

എന്തും സഹിക്കാനും ത്യജിക്കാനും കഴിവുള്ളവനാണ് യഥാർത്ഥ ശിഷ്യൻ. അയാൾക്ക് മാത്രമെ മോക്ഷത്തിലേക്ക് ഉണരാൻ കഴിയുകയുള്ളു. ഭക്തൻ ഗുരുവിനെ നശിപ്പിക്കാൻ വരുന്നവനും ശിഷ്യൻ ഗുരുവിനെ മഹത്വപ്പെടുത്താൻ വരുന്നവനുമാണ്. ഓരോ വ്യക്തിയും തന്റെ ജീവിത രഹസ്യങ്ങൾ ഏറ്റവുമടുത്ത ബന്ധുവായ അച്ഛനോടോ അമ്മയോടോ ഭർത്താവിനോടോ സഹോദരനോടോ സഹോദരിയോടോ അതുമല്ലെങ്കിൽ ആത്മമിത്രത്തോടോ തുറന്ന് പറയാൻ ഭയപ്പെടുന്നു. കാരണം ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഇത് തനിക്കെതിരെ തിരിയുമെന്ന് ആ വ്യക്തി ചിന്തിക്കുന്നു. കാരണം സ്വാർത്ഥതയാണ് ജീവിതത്തിന്റെ അടിസ്ഥാനമെന്ന് നമുക്കറിയാം. അതിൽ ബന്ധങ്ങൾക്ക് പ്രസക്തിയൊന്നുമില്ല.

ലൈംഗികാസക്തി പരിഹാരമില്ലാത്ത പാപമാണെന്ന് തിരിച്ചറിയുകയും അത് മൂലമുള്ള ജീവിതമെന്ന തീരാവേദനയിൽ നിന്നും മനുഷ്യരാശി എന്നന്നേയ്ക്കുമായി രക്ഷപ്പെടുകയും ചെയ്തില്ലെങ്കിൽ ദൈവീകമായ തിരിച്ചറിവുള്ള ബുദ്ധിമാനെന്ന് സ്വയം വീമ്പിളക്കുന്ന മനുഷ്യന്റെ പരാജയം വളരെ ദയനീയമായിരിക്കും. സംസ്ക്കാരത്തിന്റെയും ആഭിജാത്യത്തിന്റെയും പേരിൽ നാണമില്ലാതെ, നുണയന്മാരായി ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യനെ സ്വയം- ഭോഗത്തിന്റെയും സ്വവർഗ്ഗരതിയുടെയും മാനഭംഗപ്പെടുത്തലിന്റെയും പേരിൽ ഇവയൊന്നും ചെയ്യാതെ ലോകത്തിൽ നിലനിൽക്കുന്ന മറ്റു ജീവി വർഗ്ഗങ്ങൾ, മനുഷ്യനെ ഒരു നികൃഷ്ട ജീവിയായി കാണുന്നതിന്റെ അപമാനം നാം സഹിക്കേണ്ടി വരും. സ്വയം ഭോഗവും സ്വവർഗ്ഗ രതിയും ബുദ്ധി കൊണ്ട് ഉപേക്ഷിക്കുമ്പോൾ മാത്രമാണ് നാം മൃഗങ്ങൾക്ക് തുല്യരാകുന്നത്. എന്നാൽ ബോധം തിരിച്ചറിവായി ബുദ്ധിയിൽ നിലനിൽക്കുന്ന നമ്മിൽ ജീവിതം സംഭവിച്ചത് ഭോഗിക്കുവാനും അതുമായി ബന്ധപ്പെട്ട ജീവിതം നയിക്കുവാനുമാണെന്ന് ചിന്തിക്കുവാൻ നിർവ്വാഹമില്ല. അതിനാൽ തിരിച്ചറിവ് ബുദ്ധിയിൽ പരമാവതി പ്രയോഗിച്ച് ഭോഗം ഉപേക്ഷിച്ചെങ്കിൽ മാത്രമെ നാം മൃഗങ്ങളേക്കാൾ ഉയരുകയുള്ളു. ഇതാണ് മനുഷ്യജന്മം എന്ന സംഭവത്തിന്റെ ലക്ഷ്യം. ലൈംഗീക ആസ്തിയെ ലൈംഗീക സുഖമായി മാറ്റുവാൻ നമുക്ക് കഴിയണം. കാരണം പരമാനന്ദം എന്ന നിസ്സംഗ സുഖത്തിന്റെ സങ്കൽപ്പ രൂപമാണ് ലൈംഗീക സുഖം. ഈ സുഖം ആസക്തിയായി മാറിയതിനാലാണ് മറ്റ് നാല് ജ്ഞാനേന്ദ്രിയങ്ങളിലും മനുഷ്യർ സുഖം കണ്ടെത്തിയത്. രുചി, ഭംഗി, സുഗന്ധം, സംഗീതം ഇവയെല്ലാം ലൈംഗീക സുഖത്തിന്റെ മറ്റു രൂപങ്ങളാണ്. ഇവ വൈകൃതങ്ങളായപ്പോഴാണ് പലവിധ ജീവിത ശൈലീ രോഗങ്ങളും മാനസിക ശാരീരിക വേദനകളും ഉണ്ടായത്. ഇവയെല്ലാം ജനിത സ്വാഭാവം കൈകൊണ്ടതോടെ നിരപരാധികളായ ജന്മങ്ങൾ അവരുടേതല്ലാത്ത കുറ്റങ്ങൾകൊണ്ട് വേദനയും ദുഃഖവും അനുഭവിക്കേണ്ടതായി വന്നു. ഇത് മാറണം. ഈ ലക്ഷ്യത്തിലേക്കുള്ള ബുദ്ധിയുടെ പരിണാമമാണ് യഥാർത്ഥ ബ്രഹ്മചര്യത്തിലൂടെ നാം നേടുന്നത്. അതിനാൽ ബ്രഹ്മചര്യത്തിന്റെ പൂർണ്ണതയാണ് പരമാർത്ഥ ജ്ഞാനം. ഈ ജ്ഞാനത്തിനു മാത്രമെ മനുഷ്യ ബോധത്തെ എന്നന്നേയ്ക്കുമായി സ്വാതന്ത്ര്യത്തിലേക്കും നിസ്സംഗ പരമാനന്ദത്തിലേക്കും നയിക്കുവാൻ കഴിയുകയുള്ളു. ഇത് ശരീരമില്ലാതെയോ ശരീരത്തോടുകൂടിയോ ആകാം എന്നാണ് ബോധശാസ്ത്രം തെളിയിക്കാൻ ശ്രമിക്കുന്നത്.

യഥാർത്ഥ ധൈര്യവും ചങ്കൂറ്റവും നെഞ്ചുറപ്പും ബുദ്ധിയുമുള്ള ഒരു തലമുറ മുന്നിലേക്ക് വരട്ടെ! എന്തു വില കൊടുത്തും യഥാർത്ഥ ബ്രഹ്മചര്യത്തിലേക്ക് വളരട്ടെ! അവർ ജീവിത രഹസ്യത്തിന് സാക്ഷിയാകട്ടെ! ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. 99.9 % മിസ്റ്റിക്കായും കൊലപാതകിയായും ഒരുവന് സമൂഹത്തിൽ ജീവിക്കാം. ആത്മീയതയിൽ വ്യത്യാസമില്ലെന്നു മാത്രം. സമൂഹത്തിന് കൊലപാതകിയെക്കൊണ്ട് ദോഷവും മിസ്റ്റിക്കിനെ കൊണ്ട് ഗുണവും ഉണ്ടായേക്കാം. അതിൽ കവിഞ്ഞ് മറ്റൊന്നും സംഭവിക്കില്ല. ഇതാണ് മറഞ്ഞിരിക്കുന്ന **ജീവിതത്തിന്റെ യഥാർത്ഥ സത്യം** (The Real Truth of Life).

**Nansen School Of Awarology And Neutral Life** -നെ കുറിച്ച് :-

അർപ്പണബോധമുള്ള ഒരു ആത്മീയ അന്വേഷകന് ബോധോദയത്തിലേക്ക് വളരാൻ ആവശ്യമായ ശാസ്ത്രീയ രീതിയിലുള്ള പരിശീലനങ്ങൾ നൽകുന്നതിന് അട്ടപ്പാടിയിൽ, അഗളി വില്ലേജിൽ, കോട്ടത്തറ എന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ഒരു open school. നിലവിലുള്ള മതസ്ഥാപനങ്ങളോ, വിശ്വാസങ്ങളോ, രീതികളോ ആയി യാതൊരുവിധ ബന്ധവുമില്ലാത്ത സ്വതന്ത്രമായ സമീപനമാണ് ഈ സ്കൂളിന്റെ പ്രത്യേകത.

സ്കൂളിന്റെ അംഗത്വം ലഭിച്ച വ്യക്തികളുടെ ശാരീരിക അദ്ധ്വാനം മൂലമുള്ള വരുമാനത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം. പൂർണ്ണ ബ്രഹ്മചര്യത്തിനും നിസ്വാർത്ഥ സേവനത്തിനും തയ്യാറായിട്ടുള്ളവർക്ക് മാത്രമേ സ്കൂളിന്റെ അംഗത്വം ലഭിക്കുകയുള്ളു.

കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന വിലാസത്തിലോ www.awarology.org എന്ന വെബ്സൈറ്റിലോ അന്വേഷിക്കാവുന്നതാണ്.

നാൻസെൻ സ്കൂളിന്റെ മറ്റു പ്രസിദ്ധീകരണങ്ങൾ

1. ബോധത്തിൽ നിന്നും മഹാബോധത്തിലേക്ക് (മലയാളം) Rs. 80
2. Awarology (Free English Booklet)
3. Intelligence to Great Consciousness (English) Rs. 140
4. വാസനയുടെ ദുരന്തം (Free)
5. ജീവിത വിജയം ബോധശാസ്ത്രത്തിലൂടെ Rs. 80
6. ബോധശാസ്ത്രത്തിന് ഒരു പാഠപുസ്തകം Rs. 320
7. വ്യക്തിബോധത്തിൽ നിന്നും മഹാബോധത്തിലേക്ക് Rs. 190

**Nansen School Of Awarology And Neutral Life**
4/414-A, Vadakottathara, Agali P.O., Palakkad Dist.
KERALA - 678 581
Mob:- 09496 520 103, 09496 520 108.
Email : nansenschoolofawarology@gmail.com
web : www.awarology.org

## PLEASE NOTE

ഇതൊരു വിചിത്രമായ പുസ്തകമാണ്.
ഇത് വായിക്കുന്നതിനു മുമ്പ്
ലൈംഗിക ചിന്തകൾ, പ്രവർത്തികൾ
എന്നിവയിൽ നിന്ന് ഒഴിഞ്ഞ്
ഭാഗികമായ ബ്രഹ്മചര്യം കാത്ത്
സൂക്ഷിക്കുകയാണെങ്കിൽ വായന
കഴിയുമ്പോൾ നിങ്ങളുടെ
മനസ്സ് ഒരു രൂപാന്തരീകരണത്തിന്
വിധേയമായിട്ടുണ്ടാകും.
അത് പിന്നീടുള്ള ജീവിതത്തിൽ
നിങ്ങൾക്ക് തിരിച്ചറിയുവാൻ
കഴിയും.

✦✦✦✦

## ഈ പുസ്തകം എന്തുകൊണ്ട് എഴുതപ്പെട്ടു?

കാലക്ഷേപം കൊണ്ട് യുക്തിയുടെ സ്വാധീനത്താൽ വിസ്മൃതിയിൽ അകപ്പെട്ടു പോയ രണ്ടു പരമാർത്ഥങ്ങളെ ബോധശാസ്ത്രം എന്ന ശാസ്ത്രത്തിലൂടെ സംശയാതീതമായി തെളിയിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യമാണ് ഈ പുസ്തകത്തിന്റെ പിന്നിലുള്ള പ്രേരണ. 1. തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം (The Real Consciousness) അഥവാ ആത്മാവ്, ബോധശാസ്ത്രം എന്ന ശാസ്ത്രത്തിലൂടെ ഓരോ വ്യക്തിക്കും സ്വയം അനുഭവിക്കാൻ കഴിയും എന്നുള്ളതു കൊണ്ട്. 2. ആവർത്തന സ്വഭാവം ഉള്ളതും വ്യത്യസ്ത ജനിതക ശ്രേണിയിൽ (genetic pattern) നിർമ്മിക്കപ്പെട്ടതും യഥാർത്ഥ ബോധത്തിന്റെ സമ്മതം ഇല്ലാതെ അടിച്ചേൽപ്പിക്കപ്പെട്ടതുമായ മനുഷ്യ ശരീരത്തിന്റെ തടവറയിൽ കുടുങ്ങി കിടക്കുന്ന, ഒരിക്കലും നാശത്തിനു വിധേയമാകാത്ത, യഥാർത്ഥ ബോധം അതിന്റെ ഉത്ഭവസ്ഥാനത്ത് എത്തിച്ചേരും വരെ (ആത്മാവിന്റെ സ്വാതന്ത്ര്യം,മോക്ഷം,നിർവ്വാണ, സമാധി, ജീവന്മുക്തി ഇവ അർത്ഥമാക്കുന്നത് ) ജനന മരണ സ്വഭാവമുള്ള മനുഷ്യ ശരീരം എടുത്ത് പുതിയ സാധ്യതകൾ തേടി ദുഃഖത്തിന്റെയും വേദനയുടെയും താഴ്വരയായ ഭൂമിയിൽ ജന്മം എടുത്തു കൊണ്ടിരിക്കും എന്ന തിരിച്ചറിവ് ബോധശാസ്ത്രം എന്ന ശാസ്ത്രത്തിലൂടെ ഓരോ വ്യക്തിക്കും സ്വയം തെളിയിക്കാൻ കഴിയും എന്നുള്ളതു കൊണ്ട്.

The Master

✦✦✦✦